ദിവ്യബോധനം ഗ്രന്ഥാവലി - 25

# പ്രതീക്ഷാസന്ദേശങ്ങൾ

## (ഇസ്രായേൽ ചരിത്രവും വിശ്വാസാചാരങ്ങളും)

*(Malayalam)*

**PRATHEEKSHA SANDESANGAL**
(History and Religion of Israel)
**Dr. Dn. Kallarackal Abraham George** B.Sc. B.D., M.Th., D.Th.

| | | |
|---|---|---|
| Published by | : | **Divyabodhanam Publications** |
| | | Orthodox Seminary, P.B. 98, Kottayam |
| First Published | : | March 1999 |
| Second Edition | : | January 2020 |
Copyright reserved
| | | |
|---|---|---|
| Number of copies | : | 1000 |
| D.T.P. & Printing | : | Sophia Print House, Kottayam |

Price: **Rs. 100/-**

ദിവ്യബോധനം ഗ്രന്ഥാവലി - 25

# പ്രതീക്ഷാസന്ദേശങ്ങൾ

(ഇസ്രായേൽ ചരിത്രവും വിശ്വാസാചാരങ്ങളും)

റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ്

ദിവ്യബോധനം പബ്ലിക്കേഷൻസ്
ഓർത്തഡോക്സ് സെമിനാരി
കോട്ടയം - 686 001

## റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ്ജ്
### (ഡീക്കൻ കെ. എ. ജോർജ്)

ഓർത്തഡോക്സ് തിയോളജിക്കൽ സെമിനാരിയിൽ പഴയനിയമപഠനത്തിന്റെ പ്രൊഫസറായി ദീർഘകാലം സേവനം അനുഷ്ഠിച്ചു. ബാംഗ്ലൂർ യുണൈറ്റഡ് തിയോളജിക്കൽ കോളജിൽ നിന്നും ബി.ഡി., എം.റ്റി.എച്ച്. ബിരുദങ്ങൾ പ്രശസ്തമാംവിധം കരസ്ഥമാക്കിയശേഷം 1965-ൽ കോട്ടയം ഓർത്തഡോക്സ് സെമിനാരിയിൽ അദ്ധ്യാപകനായി പ്രവേശിച്ചു.

1968 മുതൽ 1973 വരെ പശ്ചിമ ജർമ്മനിയിലെ ഹാംബർഗ്ഗ് യൂണിവേഴ്സിറ്റിയിൽ പഴയനിയമത്തിൽ ഗവേഷണപഠനം പൂർത്തിയാക്കി ഡോക്ടറേറ്റ് സമ്പാദിച്ചു. തിരിച്ചെത്തി സെമിനാരിയിൽ സേവനം തുടർന്നു. ബഹുഭാഷാപണ്ഡിതനായ ഇദ്ദേഹം സുറിയാനി, അറമായ, എബ്രായ, അറബി എന്നീ സെമിറ്റിക് ഭാഷകളിലും, ഗ്രീക്ക്, ലത്തീൻ, ജർമ്മൻ എന്നീ ഭാഷകളിലും അവഗാഹം നേടിയിട്ടുണ്ട്. ഒരു ഉത്തമ അദ്ധ്യാപകനും എഴുത്തുകാരനുമാണ്. ഇപ്പോൾ എറണാകുളം വൈറ്റിലയിൽ വിശ്രമജീവിതം നയിക്കുന്നു.

# പ്രസ്താവന

സഭാംഗങ്ങൾക്കുവേണ്ടി ഓർത്തഡോക്സ് വൈദിക സെമിനാരി അവതരിപ്പിക്കുന്ന ഒരു വിശ്വാസ പരിശീലനപദ്ധതിയാണ് ദിവ്യബോധനം. കഴിവും താൽപര്യവുമുള്ള ആർക്കും സ്ത്രീപുരുഷ ഭേദമെന്യേ ഈ പദ്ധതിയിൽ ചേരാം.

സഭയുടെ വിശ്വാസം അറിയുന്നതിനും പുലർത്തുന്നതിനും അടുത്ത തലമുറയ്ക്കു പകർന്നുകൊടുക്കുന്നതിനുമുള്ള ചുമതല വൈദികർക്കു മാത്രമുള്ളതല്ല. സഭ മുഴുവന്റെയും കൂടിയുള്ള ഉത്തരവാദിത്വമാണിത്. ഈ ചുമതല കാര്യക്ഷമമായി നിർവഹിക്കുന്നതിൽ അത്മായക്കാരായ സ്ത്രീകൾക്കും പുരുഷന്മാർക്കും വളരെ വലിയ പങ്കാണുള്ളത്.

യുക്തിചിന്തയുടെ ഈ കാലയളവിൽ സത്യവിശ്വാസം നിലനിർത്തണമെങ്കിൽ, ആരാധനയിലും സത്യത്തിലും സ്നേഹത്തിലും അധിഷ്ഠിതമായ ഓർത്തഡോക്സ് വിശ്വാസത്തെ ബുദ്ധിപരമായിക്കൂടെ സ്വായത്തമാക്കേണ്ട ആവശ്യം സഭാംഗങ്ങൾക്കെല്ലാവർക്കുമുണ്ട്.

സണ്ടേസ്കൂൾ അദ്ധ്യാപകർ, മർത്തമറിയം സമാജ പ്രവർത്തകർ, യുവജനപ്രസ്ഥാനത്തിലും വിദ്യാർത്ഥി പ്രസ്ഥാനത്തിലും നേതൃത്വം നൽകുന്നവർ, മുതലായ നേതൃത്വ നിരയിലുള്ള അത്മായർക്ക് വിശ്വാസപഠനം പ്രത്യേകമായി ആവശ്യമാണ്.

ഭക്തിയോടും വിശ്വാസത്തോടുംകൂടിയുള്ള സത്യാരാധനയും ക്രിസ്തുവിന്റെ മനുഷ്യസ്നേഹത്തിന്റെ പൂർത്തീകരണവുമാണ് സഭയുടെ രണ്ടു പ്രധാന ചുമതലകൾ. ഇവ രണ്ടും ശരിയായി നിർവഹിക്കണമെങ്കിൽ സഭാപാരമ്പര്യത്തിലെ ഗാഢമായ പരിജ്ഞാനത്തിന്റെ താഴ്ന്ന പടികളിലേക്കെങ്കിലും വിശ്വാസികൾ കടന്നുവരാതെ, വിശ്വാസകാര്യങ്ങൾ വൈദികർക്കു മാത്രമായി വിട്ടുകൊടുക്കുന്നതു ഓർത്തഡോക്സ് പാരമ്പര്യത്തിനു നിരക്കാത്തതാണ്. മൂറോനഭിഷേകംമൂലം പരിശുദ്ധാത്മാവിനെ പ്രാപിച്ചിട്ടുള്ള എല്ലാ സത്യവിശ്വാസികൾക്കും, ആരാധനയിലും മനുഷ്യസേവനത്തിലും കൂടിയുള്ള തങ്ങളുടെ ക്രിസ്തീയ ധർമനിർവ്വഹണത്തിന് ഈ പദ്ധതി സഹായകമായിത്തീരട്ടെ. ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മുടെ സ്നേഹം നിറഞ്ഞ ജനങ്ങളെ തന്റെ പ്രത്യേക കരുണയാൽ കടാക്ഷിച്ച് അവർക്കു ദിവ്യബോധനം നൽകാൻ ഈ പദ്ധതി ഉപയോഗിക്കുമാറാകട്ടെ.

**ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ**
(പ്രസിഡന്റ്, ദിവ്യബോധനം)

ജനുവരി 15, 2020
പഴയസെമിനാരി

# അവതാരിക

മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് ഏറ്റവും അഭിമാനകരമായ 'ദിവ്യബോധനം' വിശ്വാസപഠനപദ്ധതി ഡിഗ്രിതലത്തിലേക്ക് ഉയർന്നതിൽ നമുക്ക് ദൈവത്തെ മഹത്വപ്പെടുത്താം. ഇതിനോടകം ആയിരത്തിൽപ്പരം സ്ത്രീപുരുഷന്മാർ സർട്ടിഫിക്കറ്റ്, ഡിപ്ലോമാ കോഴ്സുകൾ പൂർത്തിയാക്കിയിട്ടുണ്ട്.

ഓർത്തഡോക്സ് വൈദികസെമിനാരിയിലെ പ്രഗത്ഭരായ അദ്ധ്യാപകരുടെ കൂട്ടായ ശ്രമത്തിന്റെ ഫലമായി പ്രസിദ്ധീകരിക്കുന്ന ദിവ്യബോധനം പുസ്തകങ്ങൾ മലങ്കരസഭയിലും ഇതര സഭകളിലും വളരെയേറെ ഉപയോഗപ്പെടുന്നു എന്നത് നമുക്ക് അഭിമാനകരമാണ്. വി. വേദപുസ്തകം, സഭയുടെ വിശ്വാസം, ആരാധന, ചരിത്രം, മിഷണറി ദൗത്യം, എക്യുമെനിസം, അജപാലന ശുശ്രൂഷ എന്നിവയെക്കുറിച്ചെല്ലാം ആധികാരികമായും അതേസമയം ലളിതമായും പ്രതിപാദിക്കുന്ന ഈ പുസ്തകങ്ങൾക്ക് ഇനിയും പ്രചാരവും പ്രസക്തിയും ഉണ്ടാകുമെന്നുള്ളതിൽ സംശയമില്ല.

ദിവ്യബോധനം ഗ്രന്ഥാവലിയിലൂടെ നമ്മുടെ ജനങ്ങൾക്ക് ആഴമായ വേദജ്ഞാനവും വിശുദ്ധജീവിതവും ക്രിസ്തീയ ജീവിതത്തിന്റെ ധാർമ്മികവും സാമൂഹികവുമായ വെല്ലുവിളികളെ സ്വീകരിക്കാനുള്ള മനസ്സൊരുക്കവും ലഭിക്കണമെന്ന് ഇതിന്റെ പ്രവർത്തകർ ആഗ്രഹിക്കുന്നു. അയ്മേനികളുടെ വിശിഷ്യ സ്ത്രീകളുടെ വേദശാസ്ത്ര വിദ്യാഭ്യാസത്തിന് എക്യുമെനിക്കൽ തലങ്ങളിൽ പ്രത്യേകം പ്രാധാന്യം നൽകുന്നുണ്ട്. മലങ്കര ഓർത്തഡോക്സ് സഭ ഇക്കാര്യം ഗൗരവമായി പരിഗണിച്ചാണ് ദിവ്യബോധനം പദ്ധതി ആവിഷ്ക്കരിച്ച് നടപ്പാക്കി വരുന്നത്.

ഓർത്തഡോക്സ് സെമിനാരിയിലെ സീനിയർ പ്രൊഫസറും പഴയനിയമ വിഭാഗം മേധാവിയുമായ റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ് സുറിയാനിയിലും, എബ്രായഭാഷയിലും ഒരുപോലെ പാണ്ഡിത്യമാർജ്ജിച്ച വ്യക്തിയാണ്. അതുകൊണ്ട് പഴയനിയമത്തിന്റെ അടിവേരുകൾ കണ്ടറിയാനും ആധുനിക ബൈബിൾ ഗവേഷണങ്ങളുമായി അവയെ ബന്ധപ്പെടുത്തുവാനും അദ്ദേഹത്തിന് കഴിയുന്നു. ഡിഗ്രി തലത്തിൽ അദ്ദേഹത്തിന്റെ പങ്കാളിത്തം നമുക്ക് ഒരു വലിയ മുതൽക്കൂട്ടാണ്.

ഇസ്രായേലിന്റെ ചരിത്രവും വിശ്വാസാചാരങ്ങളും വെറുമൊരു ഗതകാലചരിത്രം എന്ന നിലയ്ക്കല്ല നാം പഠിക്കുന്നത്. അടുത്ത കാലത്ത് ക്രിസ്തീയ വേദശാസ്ത്രരംഗത്ത് ഉയർന്നുവന്ന വിമോചന ദൈവശാസ്ത്രങ്ങൾ (Liberation Theologies) എല്ലാംതന്നെ അവയുടെ

ഉറവകൾ കണ്ടെത്തിയത് ഇസ്രായേലിന്റെ ചരിത്രത്തിലാണ്. ഈജി പ്റ്റിലെ അടിമത്തത്തിൽ നിന്നുള്ള വിമോചനവും പുറപ്പാടും ആധുനിക കാലത്ത് സാമ്പത്തികവും സാമൂഹികവുമായ മർദ്ദനവ്യവസ്ഥകളെ ചോദ്യം ചെയ്യുന്നതിനും നീതിയെക്കുറിച്ചുള്ള വിപ്ലവകരമായ സാമൂഹ്യാ വബോധം സൃഷ്ടിക്കുന്നതിനും സഹായിച്ചു. ലത്തീൻ അമേരിക്കയിലും ഏഷ്യയിലും ആഫ്രിക്കയിലും ഇതിന്റെ അനുരണനങ്ങൾ തുടരുന്നുണ്ട്. “എന്റെ പിതാവ് നാടോടിയായ ഒരു അരാമ്യനായിരുന്നു” എന്ന യഹൂ ദന്റെ തീക്ഷ്ണമായ ബോധം, കുലഹീനമെന്ന് കരുതപ്പെട്ടിരുന്ന ദളിത് വിഭാഗങ്ങളുടെ ഉയിർത്തെഴുന്നേൽപ്പിനും ആത്മബോധത്തിനും പ്രേര കമായി. പൊതുവെ പറഞ്ഞാൽ ഇസ്രായേൽ ചരിത്രത്തിലെ അതുല്യ മായ പ്രവാചകപാരമ്പര്യം ആധുനികലോകത്തിന്റെ നീതിവ്യവസ്ഥ യെയും സാമ്പത്തികക്രമത്തെയും ഇപ്പോഴും വെല്ലുവിളിക്കുന്നു. എ.ഡി. 2000 തികയുമ്പോൾ ആഘോഷിക്കുന്ന ‘ജൂബിലി’ ഇസ്രായേലിന്റെ പ്രശ സ്തമായ ‘യോബേൽ വർഷ’ത്തിന്റെ പുതിയ പകർപ്പാണ്. അതുകൊണ്ട് യഹൂദ-ക്രൈസ്തവ പാരമ്പര്യങ്ങളെ ഒന്നായിട്ടു മാത്രമേ നമുക്ക് കാണാൻ കഴിയുകയുള്ളു. ശ്രേഷ്ഠമായ ആ പാരമ്പര്യത്തിന്റെ ചരിത്ര ബന്ധങ്ങളാണ് ഈ ഗ്രന്ഥത്തിൽ റവ. ഡോ. കല്ലറയ്ക്കൽ അബ്രഹാം ജോർജ് വ്യക്തമാക്കുന്നത്.

ദിവ്യബോധനം പരമ്പരയിലെ മുൻ ഗ്രന്ഥങ്ങളെപ്പോലെ ഈ ഗ്രന്ഥവും നമ്മുടെ ജനങ്ങൾക്കുവേണ്ടി സ്നേഹപൂർവ്വം സമർപ്പിക്കുന്നു.

**ഫാ. ഡോ. കെ. എം. ജോർജ്**
(പ്രസിഡന്റ്, ദിവ്യബോധനം)

കോട്ടയം
1-3-1999

# പ്രസാധകക്കുറിപ്പ്

മാനവചരിത്രത്തിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്ന ഇസ്രായേൽ രാഷ്ട്രത്തിന്റെ ചരിത്രവും യഹൂദമതത്തിന്റെ വിശ്വാസാചാരങ്ങളും ക്രിസ്ത്യാനികൾക്കു മാത്രമല്ല, എല്ലാ മതവിശ്വാസികൾക്കും താൽപര്യമുളവാക്കുന്നവയാണ്. നസ്രായനായ യേശു യഹൂദനായി ജനിച്ച്, ജീവിച്ച്, മോശ നൽകിയ മതജീവിതവീക്ഷണത്തിന് യഥാർത്ഥ അർത്ഥവും ആചരണവും നൽകിക്കൊണ്ട് ഒരു "പുതിയനിയമം" ലോകത്തിന് കാഴ്ച വച്ചു. ന്യായപ്രമാണത്തിന്റെ ലംഘനമല്ല, ശരിയായ ആചരണമാണ് യേശുക്രിസ്തു നിഷ്കർഷിച്ചത്. ദൈവമിഷ്ടപ്പെടാത്ത കേവലം അനുഷ്ഠാനങ്ങളായി അധഃപതിച്ച യഹൂദമതത്തെ, ദൈവേഷ്ടപ്രകാരം ആചരിക്കുവാൻ ആഹ്വാനം ചെയ്ത വാഗ്ദത്ത മശിഹായെ തിരിച്ചറിയാൻ കഴിയാതെ, ഇന്നും യഹൂദന്മാർ വരുവാനിരിക്കുന്ന മശിഹായ്ക്കായി കാത്തിരിക്കുന്നു. ഇസ്രായേൽ രാഷ്ട്രത്തിന്റെ ഭാവിയെ ആശ്രയിച്ചാണ് മാനവരാശിയുടെ തന്നെ ഭാവി സ്ഥിതി ചെയ്യുന്നത് എന്ന് വിശ്വസിക്കുന്ന മതവിശ്വാസികൾ ഇന്ന് ധാരാളമുണ്ട്. ഈ സാഹചര്യത്തിൽ ഈ ഒരു പഠനത്തിന് പ്രസക്തി ഏറെയുണ്ട്.

ഇസ്രായേൽ ചരിത്രവും വിശ്വാസാചാരങ്ങളും ദിവ്യബോധനം വിദ്യാർത്ഥികൾക്ക് പഠിക്കുവാൻ തക്കവിധം 24 പാഠങ്ങളിലായി ഈ ഗ്രന്ഥത്തിൽ അവതരിപ്പിച്ചിരിക്കുന്നു. ആദ്യത്തെ 12 പാഠങ്ങൾ ചരിത്രഭാഗമായും, പിന്നീടുള്ള 12 പാഠങ്ങൾ യഹൂദവിശ്വാസാചാരങ്ങളുമായിട്ടാണ് ക്രമീകരിച്ചിരിക്കുന്നത് (അപ്പോക്രിഫാ ഗ്രന്ഥങ്ങളെപ്പറ്റിയുള്ള പഠനം വളരെ ശ്രദ്ധേയമായിരിക്കുന്നു). കൂടുതൽ വിശദമായ പഠനം ആഗ്രഹിക്കുന്നവർക്ക് പ്രയോജനപ്പെടുത്തുവാൻ തക്കവിധം ഗ്രന്ഥസൂചി കൂടി പ്രത്യേകം നൽകിയിട്ടുണ്ട്. ഈ ഗ്രന്ഥം രചിക്കുന്നതിന് അത്യധികം അദ്ധ്വാനിച്ച ഗ്രന്ഥകാരനെ പ്രത്യേകം അനുമോദിക്കുന്നു.

ദിവ്യബോധനം പ്രവർത്തനങ്ങൾക്കായി നിർലോപമായ അനുഗ്രഹാശിസ്സുകൾ നൽകിക്കൊണ്ടിരിക്കുന്ന ഈ പ്രസ്ഥാനത്തിന്റെ രക്ഷാധികാരി കൂടിയായ പ. മോറാൻ മാർ ബസ്സേലിയോസ് മാർത്തോമാ പൗലോസ് ദ്വിതീയൻ കാതോലിക്കാബാവാ തിരുമേനിയോടുള്ള വിധേയത്വവും ആദരവും വിനയപുരസ്സരം സമർപ്പിക്കുന്നു.

ഈ ഗ്രന്ഥങ്ങൾ പ്രസിദ്ധീകരിക്കുന്നതിന് മേൽനോട്ടം വഹിക്കുന്നത് ദിവ്യബോധനം പ്രസിഡന്റ് അഭി. ഡോ. മാത്യൂസ് മാർ സേവേറിയോസ് മെത്രാപ്പോലീത്താ, സെമിനാരി പ്രിൻസിപ്പൽ റവ. ഡോ. ജോൺസ് ഏബ്രഹാം കോനാട്ട്, ഡയറക്ടർ റവ. ഫാ. റ്റി. ജെ. ജോഷ്വാ, രജിസ്ട്രാർ റവ. ഫാ. കെ. വി. ഏലിയാസ്, സെൻട്രൽ ഓർഗനൈസർ പ്രൊഫ. ഡോ. വർഗ്ഗീസ് മാത്യു എന്നിവരടങ്ങുന്ന ദിവ്യബോധനം കേന്ദ്രകമ്മറ്റിയാണ്.

ഇത് പരിഷ്ക്കരിച്ച പതിപ്പാണ്. പ്രത്യേകിച്ചും ആധുനിക യിസ്രായേൽ (യൂണിറ്റ് 2, പാഠം 6) എന്ന പാഠം സമഗ്രമായി പരിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ യിസ്രായേൽ രാജാക്കന്മാരുടെ ഒരു കാലാനുക്രമണികയും ചേർത്തിട്ടുണ്ട്. അത് നിവർത്തിച്ചത് ദിവ്യബോധനം രജിസ്ട്രാറായ ഫാ. കെ. വി. ഏലിയാസാണ്.

ഈ ഗ്രന്ഥത്തിന്റെ അച്ചടി വളരെ ഭംഗിയായും കൃത്യമായും നിർവഹിച്ച സോഫിയാ പ്രിന്റ് ഹൗസിനു നന്ദി.

സർവോപരി, സകല നന്മകൾക്കും കാരണഭൂതനായ സർവശക്തനായ ദൈവത്തിനു സ്തുതി അർപ്പിച്ചുകൊണ്ട് ഈ ഗ്രന്ഥം അനുവാചക സമക്ഷം സമർപ്പിക്കുന്നു.

ദിവ്യബോധനം കേന്ദ്രകമ്മിറ്റിക്കു വേണ്ടി

**ഫാ. ഡോ. ഫിലിക്സ് യോഹന്നാൻ**

(കോ-ഓർഡിനേറ്റർ)

ജനുവരി 15, 2020

പഴയസെമിനാരി

# മുഖവുര

ഇന്നും എന്നും അനന്യനായ ദൈവത്തിന്റെ അത്ഭുതകരമായ വഴി നടത്തലും ദിവ്യകാരുണ്യവും മനസ്സിലാക്കുവാൻ ഇസ്രായേൽ ചരിത്ര പഠനം വളരെ സഹായകരമാണ്. ചരിത്രസംഭവങ്ങളിൽ കൂടെയാണ് ദൈവം പ്രവർത്തിക്കുന്നത്. പ്രത്യേക ലക്ഷ്യത്തിലേക്ക് തെരഞ്ഞെടുത്ത ജാതിയെ ദൈവം നയിച്ചു. അവരുടെ നേട്ടങ്ങളും കോട്ടങ്ങളും ദൈവ ഹിതത്തിന് അനുയോജ്യമായവിധത്തിൽ വിനിയോഗിച്ചു.

ചുറ്റുപാടും കഴിഞ്ഞിരുന്ന സമൂഹങ്ങൾക്കും ചരിത്രമുണ്ട്. ഈജിപ്റ്റ്, അസ്സീറിയ, ബാബിലോൺ എന്നീ രാജ്യക്കാരുടെ ചരിത്രരേഖകൾ അവരുടെ സംസ്കാരത്തിലേക്കും, മതാചാരങ്ങളിലേക്കും വെളിച്ചം വീശുന്നു. ഇസ്രായേൽക്കാരുമായി താരതമ്യപ്പെടുത്തുമ്പോൾ, യോജിപ്പിന്റെയും, വിയോജിപ്പിന്റെയും ഉദാഹരണങ്ങൾ കാണാം.

മുൻകാലങ്ങളിൽ വി. വേദപുസ്തകം പഠിക്കുവാൻ അതു രൂപം പ്രാപിച്ച ചരിത്രപരവും, ഭൂമിശാസ്ത്രപരവുമായ സാഹചര്യങ്ങളെ മാത്രമേ വേദപണ്ഡിതന്മാർ കണക്കിലെടുത്തിരുന്നുള്ളു. ആധുനിക കാലത്ത് ചില പ്രധാന വിഷയങ്ങൾ കൂടെ വേദപുസ്തക പഠനത്തിന് സഹായകമായി ഉപയോഗിക്കുന്നു. ശേമ്യബന്ധ ഭാഷകളുടെ താരതമ്യ പഠനം, പുരാവസ്തു ഗവേഷണം, സമകാലീന സമൂഹങ്ങളുടെ ചരിത്രം, സാമൂഹ്യശാസ്ത്രം എന്നിവ ഇസ്രായേൽക്കാരുടെ ആചാരങ്ങളുടെ പ്രത്യേകതകൾ ഗ്രഹിക്കുവാൻ സഹായകമാണ്. ചുറ്റുപാടും ജീവിച്ചിരുന്നവരും, ഇസ്രായേൽക്കാരുമായി ബന്ധത്തിലും, സംസർഗ്ഗത്തിലും കഴിഞ്ഞിരുന്നവരും വിവിധ രീതിയിലുള്ള സ്വാധീനം അവരിൽ ചെലുത്തിയിട്ടുണ്ട്.

ഇസ്രായേൽ ദൈവസ്വഭാവത്തിന് നിരക്കുന്ന ധാർമ്മിക നിലവാരത്തിന് വളരെയധികം പ്രാധാന്യം കൊടുത്തു. പരിശുദ്ധനായ ദൈവത്തിന്റെ പരിശുദ്ധിക്ക് നിരക്കുന്ന ജീവിതരീതികളും, പെരുമാറ്റച്ചട്ടങ്ങളും അംഗീകരിച്ചു. അവരുടെ ജീവിതശൈലിയിലും, മൂല്യനിർണ്ണയത്തിലും, നന്മതിന്മകളുടെ വേർതിരിവിലും സമുന്നതമായ മാനദണ്ഡങ്ങൾ കാത്തുരക്ഷിച്ചു.

പുതിയനിയമകാലത്ത് രൂപം പ്രാപിച്ച വേദശാസ്ത്രചിന്തകൾ കാലക്രമത്തിൽ ആണ് ഇന്നു കാണുന്ന രീതിയിൽ രൂപം പ്രാപിച്ചത്. അവയുടെ ഉത്ഭവവും വളർച്ചയും പഴയനിയമ പുതിയനിയമ കാലങ്ങൾക്കിടയിൽ ഇന്നുള്ള ക്രമാനുഗതമായ രൂപാന്തരവും ഗ്രഹിക്കുവാൻ അപ്പോക്രിഫാ, അപ്പോകലുപ്റ്റിക് ഗ്രന്ഥങ്ങളുടെ പഠനം സഹായകമാണ്.

മിശിഹാ, മനുഷ്യപുത്രൻ, മരണാനന്തരാവസ്ഥ, മാലാഖമാർ, പുനരുത്ഥാനം, സഹനത്തിന്റെ പ്രാധാന്യം, ജീവനുള്ളവർക്കും വാങ്ങിപ്പോയവർക്കും വേണ്ടിയുള്ള മദ്ധ്യസ്ഥപ്രാർത്ഥനയുടെ ശക്തി, ദാനധർമ്മങ്ങളുടെ മാഹാത്മ്യം എന്നിവ വിവിധ സംഭവങ്ങളിൽക്കൂടെ ഗ്രഹിക്കുവാൻ സാധിക്കുന്നു.

ദൈവം മുൻകൈ എടുത്ത് തെരഞ്ഞെടുത്ത് ഉടമ്പടി സ്ഥാപിച്ച്, വഴി നടത്തിയ പുതിയ ഇസ്രായേലിനെക്കുറിച്ചുള്ള കരുതലും, രക്ഷാകരമായ പ്രക്രിയകളും ദൈവം ഇന്നും കർമ്മനിരതനാണെന്ന് പഠിപ്പിക്കുന്നു. ദൈവത്തിന്റെ അതുല്യമായ കൃപയെ സ്മരിക്കുന്നതിനും കൃതജ്ഞതയോടെ സ്തുതിക്കുന്നതിനും, രക്ഷാകരമായ വീണ്ടെടുപ്പിന്റെ അനുഭവം അഭംഗുരം നിലനിർത്തി യാഥാർത്ഥ്യമാക്കുന്നതിനും, ഇസ്രായേലിന്റെ വിശ്വാസാചാരങ്ങളും, ആരാധനാപ്രക്രിയകളും, ധാർമ്മിക പ്രവർത്തനങ്ങളും കണക്കിലെടുക്കേണ്ടതുണ്ട്. ആധുനിക ഇസ്രായേലിന്റെ ചരിത്രം, ആചാരങ്ങൾ എന്നിവയും ചരിത്രഭാഗത്തിന്റെ അവസാനത്തെ പാഠത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

വിവാദപരമായ വിഷയങ്ങളിലേക്കും നിരൂപണപഠനത്തിന്റെ നൂലാമാലകളിലേക്കും പ്രവേശിക്കാതെ വി. വേദപുസ്തകത്തിന്റെ അടിസ്ഥാനത്തിലുള്ള ദൈവിക വെളിപ്പാടും നടത്തിപ്പും മനസ്സിലാക്കാനാണ് ശ്രമം. വി. വേദപുസ്തകത്തിലെ വിവരണങ്ങളെക്കൂടാതെ പാലസ്തീൻ ഭൂപടം, ഇസ്രായേൽ രാജാക്കന്മാരുടെയും, സമീപരാജ്യങ്ങളിലെ ഭരണാധികാരികളുടെയും കാലങ്ങൾ എന്നിവ നൽകുന്ന പുസ്തകങ്ങളും ഗഹനമായ പഠനത്തിന് സഹായകമാണ്.

ഈ ഗ്രന്ഥത്തിന്റെ കൈയെഴുത്തുപ്രതി പരിശോധിച്ച ബഹു. ടി. ജെ. ജോഷാച്ചൻ, ഈ ഗ്രന്ഥരചനയ്ക്ക് പ്രചോദനം നൽകിയ ബഹു. സി. സി. ചെറിയാൻ അച്ചൻ എന്നിവരോടുള്ള നന്ദി പ്രത്യേകം രേഖപ്പെടുത്തുന്നു.

ഈ ഹ്രസ്വപഠനം ദൈവസഖിത്വത്തിലും, ആശ്രയത്തിലും, കൂട്ടായ്മയിലും വന്നുചേരാൻ വായനക്കാരന് പ്രേരണയും ഉത്തേജനവും നൽകുകയും യഹോവ നല്ലവനെന്ന് രുചിച്ചറിയാൻ സഹായമാകുവാൻ വഴി തുറക്കുകയും ചെയ്യട്ടെ.

**ഗ്രന്ഥകർത്താവ്**

കോട്ടയം
3–3–1999

# ഉള്ളടക്കം


| | |
|---|---|
| പ്രസ്താവന | 5 |
| അവതാരിക | 6 |
| പ്രസാധകക്കുറിപ്പ് | 8 |
| മുഖവുര | 10 |


## യൂണിറ്റ് 1

### ഇസ്രായേൽ ചരിത്രഭാഗം 1


| | | |
|---|---|---|
| പാഠം 1 | പഴയനിയമ ചരിത്രത്തിന് ഒരാമുഖം | 14 |
| പാഠം 2 | മോശയുടെ കാലവും ആദ്ധ്യാത്മിക ചിന്തകളും | 25 |
| പാഠം 3 | ന്യായാധിപന്മാരും രാജവാഴ്ചയും | 33 |
| പാഠം 4 | ദാവീദിന്റെ രാജവാഴ്ച | 42 |
| പാഠം 5 | ശലോമോൻ | 48 |
| പാഠം 6 | വിഭജിക്കപ്പെട്ട രാജ്യവും, വിവിധ പ്രശ്നങ്ങളും | 54 |


## യൂണിറ്റ് 2

### ഇസ്രായേൽ ചരിത്രം - തുടർച്ച


| | | |
|---|---|---|
| പാഠം 1 | യെഹോശാഫാത്ത് മുതൽ ഹോശേയാ വരെ | 64 |
| പാഠം 2 | യെഹൂദരാജ്യ ചരിത്രം | 72 |
| പാഠം 3 | ബാബിലോണിയൻ പ്രവാസം | 79 |
| പാഠം 4 | പ്രവാസത്തിനുശേഷമുള്ള നൂതന ചിന്തകൾ | 85 |
| പാഠം 5 | മക്കാബികാലവും അനന്തര ചരിത്രവും | 93 |
| പാഠം 6 | ആധുനിക ഇസ്രായേൽ | 103 |

## യൂണിറ്റ് 3

### പഴയനിയമ സാഹിത്യം


| | | |
|---|---|---|
| പാഠം 1 | പദ്യസാഹിത്യവും വെളിപാട് സാഹിത്യവും | 112 |
| പാഠം 2 | ജ്ഞാനസാഹിത്യം | 124 |
| പാഠം 3 | അപ്പോക്രിഫാ - ഒരാമുഖ പഠനം | 133 |
| പാഠം 4 | അപ്പോക്രിഫാ ഗ്രന്ഥങ്ങൾ - 1 | 142 |
| പാഠം 5 | അപ്പോക്രിഫാ ഗ്രന്ഥങ്ങൾ - 2 | 152 |
| പാഠം 6 | അപ്പോക്രിഫാ ഗ്രന്ഥങ്ങൾ - 3 | 163 |


## യൂണിറ്റ് 4

### യഹൂദ വിശ്വാസാചാരങ്ങൾ


| | | |
|---|---|---|
| പാഠം 1 | ആരാധനയും യാഗങ്ങളും സിന്നഗോഗ് ആരാധന | 171 |
| പാഠം 2 | യാഗങ്ങളും പ്രവാചകന്മാരും | 181 |
| പാഠം 3 | യഹൂദന്മാരുടെ പെരുന്നാളുകൾ | 187 |
| പാഠം 4 | ന്യായപ്രമാണം | 193 |
| പാഠം 5 | ധാർമിക പ്രമാണങ്ങൾ | 200 |
| പാഠം 6 | വേദശാസ്ത്രചിന്തകൾ | 204 |

## യൂണിറ്റ് 1

# ഇസ്രായേൽ ചരിത്രം. ഭാഗം – 1

## പാഠം 1

## പഴയനിയമചരിത്രത്തിന് ഒരാമുഖം

ഗതകാല സംഭവങ്ങളുടെ ക്രമാനുഗതമായ വിവരണമാണ് ചരിത്രം. പ്രധാന വ്യക്തികളും അവരുടെ നേട്ടങ്ങളും ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. സംഭവങ്ങളുടെ തെരഞ്ഞെടുപ്പും വിവരണങ്ങളും ചരിത്രകാരന്റെ താൽപര്യത്തെയും വീക്ഷണത്തെയും ആശ്രയിച്ചാണിരിക്കുന്നത്. യഥാതഥമായ വിവരണങ്ങൾ വസ്തുനിഷ്ഠമായി, മുൻവിധിയോ അതിശയോക്തിയോ കൂടാതെ നിരത്തിവെയ്ക്കുവാൻ എഴുത്തുകാർ ശ്രമിക്കുന്നു. ചെറിയതും വലിയതുമായ വിവരണങ്ങൾ നൽകുമ്പോൾ മുൻഗണനയും പ്രാമുഖ്യവും നൽകുന്നത് ചില പ്രത്യേക ലക്ഷ്യത്തോടെയും ഉദ്ദേശ്യത്തോടെയും കൂടിയാണ്. സംഭവങ്ങളുടെ തെരഞ്ഞെടുപ്പിൽ ചില ആപേക്ഷികതാൽപര്യങ്ങളും സ്ഥാനം പിടിക്കുന്നു. അറിഞ്ഞോ അറിയാതെയോ ചില ഘടകങ്ങളും പരാമർശങ്ങളും സൂചനകളും വിവരണങ്ങൾക്കിടയിൽ കയറിപ്പറ്റുന്നു.

ഗ്രീക്കു ചരിത്രകാരന്മാരിൽ പ്രമുഖരാണ് ഹേറോഡോട്ടസും തൂസിഡിഡെസും! യഹൂദചരിത്രകാരനാണ് പട്ടാളമേധാവി ആയിരുന്ന ഫ്ളേവിയസ് ജൊസീഫസ്.

ചരിത്രത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ് ഭൂതകാല സംഭവങ്ങളെ സ്മരിക്കുകയെന്നത്. അതോടൊപ്പം അതിന്റെ വർത്തമാനകാല സാംഗത്യത്തെക്കുറിച്ച് സമകാലീനരെ ബോധവാന്മാരാക്കുകയെന്നതും എഴുത്തുകാരന്റെ കടമയാണ്. ചരിത്രകാരൻ സംഭവങ്ങളെ വിലയിരുത്തി ചില നിഗമനങ്ങളിൽ എത്തുന്നു. കോട്ടങ്ങളും നേട്ടങ്ങളും കണക്കിലെടുത്ത് ചില നിർദ്ദേശങ്ങളും നൽകുന്നു. ഗ്രീക്കുചരിത്രത്തിൽ ദൈവത്തിന്റെ വഴിനടത്തിപ്പ് അനുസരിച്ച് സംഭവങ്ങൾ നടക്കുന്നുവെന്ന കാഴ്ചപ്പാടോ, അവബോധമോ കാണുന്നില്ല. യാദൃശ്ചികസംഭവങ്ങളുടെ ശൃംഖലയാണ് ആ ചരിത്രം.

ചരിത്രാവബോധവും യിസ്രായേലിന്റെ ഒരു പ്രത്യേകതയാണ്. പോയകാലത്തേക്ക് തിരിഞ്ഞുനോക്കി ചരിത്രത്തിൽ വേരുകൾ തേടി ഇന്നത്തെ നിലയിൽ എത്തിച്ചേർന്നതിനെക്കുറിച്ച് നന്ദിപൂർവ്വം സ്മരിക്കുന്നു. അതിന് നിദാനമായ ദൈവത്തിന്റെ സൃഷ്ടി, രക്ഷാകരപ്രവർത്തനം തുടർന്നുള്ള

കരുതലും, വഴിനടത്തലും എന്നിവയെ വിശ്വാസപ്രഖ്യാപനങ്ങൾ നടത്തി സംഗതമാക്കുന്നതിന് ഇസ്രായേൽ വളരെയധികം പ്രാധാന്യം കൊടുത്തു.

ഭാരത ദാർശനിക പാരമ്പര്യത്തിൽ ചരിത്രത്തിന് നിർണ്ണായക പ്രാധാന്യമില്ല. സംസാരസാഗരത്തിൽ നിന്നുള്ള മോചനവും മായാപ്രപഞ്ചത്തെക്കുറിച്ചുള്ള ശൂന്യതാബോധവും ആയിരിക്കാം ചരിത്രത്തിന്റെ പ്രാധാന്യത്തെയും നേട്ടത്തെയും ഗൗരവമായി എടുക്കുന്നതിന് വിഘാതം സൃഷ്ടിക്കുന്നത്.

മതേതര ചരിത്രത്തിൽനിന്നും ഭിന്നമാണ് ഇസ്രായേൽ ചരിത്രം. ഇതിൽ ചരിത്രസംഭവങ്ങളിൽക്കൂടെ ദൈവം വെളിപ്പാടു നടത്തുന്നു. രക്ഷയ്ക്കും ശിക്ഷയ്ക്കുമായി വിവിധ കാലങ്ങളെയും വ്യക്തികളെയും വിനിയോഗിക്കുന്നു. ദൈവമാണ് ചരിത്രത്തിന്റെ ഉടയവനും നായകനും. വിവിധ സംഭവപരമ്പരകൾ വഴി ഒരു പ്രത്യേക ലക്ഷ്യത്തിലേക്ക് തെരഞ്ഞെടുത്ത സമൂഹത്തെ വഴിനടത്തുന്നു. ഇതിന്റെ വെളിച്ചത്തിൽ ഇസ്രായേൽ ചരിത്രത്തെ രക്ഷാചരിത്രമെന്ന് ജർമ്മൻ പഴയനിയമ പണ്ഡിതനായ ഗെർഹാർഡ് വോൺറാഡ് വിശേഷിപ്പിക്കുന്നു. ചരിത്രത്തിന് "ഗെഷിഹ്റ്റേ" എന്നും രക്ഷാചരിത്രത്തിന് "ഹൈൽസ് ഗെഷിഹ്റ്റേ"യെന്നുമുള്ള പേരിൽ വേർതിരിക്കുന്നു.

ഇസ്രായേലിന്റെ ചരിത്രം മാത്രമല്ല, ദൈവനിയന്ത്രണത്തിലുള്ളത്. മെസ്രേൻകാരും, അസ്സീറിയക്കാരും, ബാബിലോൺകാരും, പേർഷ്യാക്കാരും, മീദ്യരും, ഗ്രീക്കുകാരും, റോമാക്കാരും യഹോവയുടെ പദ്ധതിക്ക് വിധേയമായി പ്രവർത്തിക്കുന്നു. ദൈവഹിതത്തിന് എതിരായ ഘട്ടത്തിൽ യിസ്രായേലിനെ ശിക്ഷിക്കുവാനും, നേർവഴി നടത്തുവാനും, പാഠം പഠിപ്പിക്കുവാനും ദൈവം അവരെ ഉപയോഗിക്കുന്നു. പരിധിവിട്ടാൽ നിലയ്ക്ക് നിർത്തുവാനും ദൈവത്തിന് കഴിയും.

മുൻകാലങ്ങളിൽ ഇസ്രായേൽചരിത്രം മാത്രം ഒറ്റപ്പെടുത്തി ദൈവത്തിന്റെ പ്രത്യേകമായ തെരഞ്ഞെടുപ്പിന്റെയും കരുതലിന്റെയും ഉദാഹരണമായി പ്രാധാന്യം കൊടുത്ത് വേദപുസ്തക പണ്ഡിതന്മാർ പഠിപ്പിച്ചിരുന്നു. ആധുനിക പുരാവസ്തു ഗവേഷണം, സമകാലീന സമൂഹങ്ങളുടെ ചരിത്രം, മതങ്ങളുടെ താരതമ്യപഠനം, ശേമ്യഭാഷകളുടെയും ബന്ധഭാഷകളുടെയും പഠനം എന്നിവ നവീനമായ അറിവിലേക്കും, പുതിയ നിഗമനങ്ങളിലേക്കും എത്തുവാൻ സഹായിക്കുന്നു. ഇസ്രായേലിന്റെ തനിമയെന്ന് അവകാശിക്കാവുന്ന പല കാര്യങ്ങൾ ഉണ്ടെങ്കിലും ചിലതിനെല്ലാം സാമ്യമുള്ളതും, പരക്കെ നിലവിലിരുന്നതുമായ സമ്പ്രദായങ്ങളും ആചാരരീതികളും ഉണ്ടായിരുന്നു. പലതിനോടും അയലത്തെ ജനങ്ങളോടും അവരുടെ സംസ്കാരത്തോടും ഇസ്രായേൽ കടപ്പെട്ടി

രുന്നു. നിയമനിർമ്മാണങ്ങളുടെ കാര്യത്തിൽ ബാബിലോണ്യരോടും ഹിത്യരോടും, രാജ്യഭരണകാര്യങ്ങളിൽ ഈജിപ്റ്റുകാരോടും വാസ്തുശില്പകലയിൽ ഫൊയ്നീക്യരോടും ആയുധനിർമ്മാണത്തിൽ ഫെലിസ്ത്യരോടും മതപരമായ പ്രക്രിയകളിൽ കനാന്യരോടും ബന്ധമുണ്ട്. അന്നത്തെ പ്രധാന യാത്രാസംഗമങ്ങളുടെ മദ്ധ്യത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽക്കാർ പലതും ഉൾക്കൊള്ളുകയും, സ്വാംശീകരിക്കുകയും, അനുകരിക്കുകയും, സ്വായത്തമാക്കുകയും ചെയ്തിട്ടുണ്ട്. വേദശാസ്ത്രചിന്തയിലും, ആചാരമര്യാദകളിലും, സാമൂഹ്യപെരുമാറ്റങ്ങളിലും കൊടുക്കൽവാങ്ങലിന്റെ ഉദാഹരണങ്ങൾ കാണാം.

അബ്രഹാമിന്റെ കാലത്തും, യാക്കോബിന്റെയും, യൗസേഫിന്റെയും കാലത്തും ഇസ്രായേൽക്കാർ മിസ്രയീമിൽ താമസിച്ചിരുന്നു. അവരുടെ ഊടാടിസഞ്ചാരം, ഹബീരു എന്ന പേർ എന്നിവയെക്കുറിച്ച് വെളിച്ചം നൽകുന്ന രേഖയാണ് ടെൽ എൽ അമർനാ ഫലകങ്ങൾ. അവർ അഭിമുഖീകരിച്ച അടിമത്തം, പീഡനം എന്നിവയെ കാണിക്കുന്ന ചുമർചിത്രങ്ങൾ കണ്ടെടുത്തിട്ടുണ്ട്. കാര്യവിചാരകൻ വടിയുമായിനിന്ന് അടിമവേല ചെയ്യിക്കുന്ന ചിത്രീകരണങ്ങളുണ്ട്. ഈജിപ്റ്റുകാരുടെ ചരിത്രരേഖകളിൽ ഒരുപറ്റം അടിമകൾ ഒരു പ്രത്യേക സാഹചര്യത്തിൽ സ്ഥലം വിട്ടുപോയിയെന്നല്ലാതെ ദൈവത്തിന്റെ അത്ഭുതകരമായ ഇടപെടലും നടത്തിപ്പും മൂലം ഇസ്രായേൽ മോചനം പ്രാപിച്ചുവെന്ന് കാണുന്നില്ല. അടിമത്തത്തിൽ നിന്നുള്ള മോചനം ഇസ്രായേലിനെ ഒരു ജാതിയാക്കുന്നതിനും ദൈവവുമായി ഉടമ്പടിയിൽ എത്തി പ്രത്യേക ബന്ധത്തിൽ കഴിയുന്നതിനും സഹായിച്ചു. ഫറവോ മെർനെഫ്തായുടെ കാലത്തെ ഒരു ഫലകത്തിൽ ഇസ്രായേലിന്റെ നാശത്തെക്കുറിച്ച് പരാമർശമുണ്ട്.

ആദ്യഘട്ടത്തിൽ ഇസ്രായേൽക്കാർക്കു യഹോവ മാത്രം രാജാവ് എന്ന ചിന്തയാണ് ഉണ്ടായിരുന്നത്. യഹോവയുടെ അഭിഷിക്തന്മാരാണ് അവരെ നയിച്ചിരുന്നത്. വിവിധ ഗോത്രങ്ങളെ പ്രതിസന്ധിഘട്ടങ്ങളിൽ യോജിപ്പിച്ചിരുന്നത് യഹോവയിലുള്ള വിശ്വാസമാണ്. കാലക്രമത്തിൽ അയൽരാജ്യക്കാർക്കുള്ളതുപോലെ യുദ്ധസാമഗ്രികളും, പരിശീലനവും നൽകി നയിക്കുവാൻ ഒരു രാജാവും ആവശ്യമാണെന്നുള്ള ചിന്ത രൂപം പ്രാപിച്ചു. യഥാർത്ഥ രാജാവ് ദൈവമാണ്. ദൈവത്തിലുള്ള വിശ്വാസക്കുറവാണ് ഒരു രാജാവിനെ ആവശ്യപ്പെടാൻ പ്രേരിപ്പിച്ചതെന്ന ചിന്ത പുലർത്തുന്ന യാഥാസ്ഥിതിക സമൂഹവും, കാലത്തിനും, സമയത്തിനും യോജിച്ച രീതിയിൽ പ്രവർത്തിക്കുവാൻ രാജാവ് അത്യാവശ്യമാണെന്ന് വാദിക്കുന്ന പുരോഗമനവിഭാഗവും രംഗത്തു വന്നു. ഈ രണ്ടു വിഭാഗങ്ങൾ തമ്മിലുള്ള അഭിപ്രായസംഘട്ടനം ഇസ്രായേൽ ചരിത്രത്തിൽ കാണാം.

## ചരിത്രവിവരണങ്ങൾ പലവിധം

പ്രധാന സംഭവങ്ങളുടെ വിശദമായ വിവരണം നൽകുന്നവ, വ്യക്തി മുദ്ര പതിപ്പിച്ചിട്ടുള്ള വ്യക്തികളെയും, അവരുടെ ജീവിതത്തിലെ വിവിധ അനുഭവങ്ങളെയും, ദൈവവിശ്വാസം അവർ എങ്ങനെ അഭംഗുരം കാത്തു സംരക്ഷിച്ചു എന്നതും പ്രതിപാദിക്കുന്നവ. അബ്രഹാമിന്റെ ദൗത്യം, സന്ദർശിച്ച പ്രധാന സ്ഥലങ്ങൾ, വിശ്വാസത്തിന്റെ അഗ്നിപരിശോധന, ചുറ്റുപാടുമുള്ള രാജാക്കന്മാരുമായുള്ള യുദ്ധം, ജീവിതത്തിലെ ചില പ്രതിസന്ധികൾ എന്നിവ വിശ്വസനീയമാംവിധം വിവരിക്കുന്നു. വേദപുസ്തക പണ്ഡിതന്മാർ ഭാഷയുടെയും ശൈലിയുടെയും, വേദശാസ്ത്രചിന്തയുടെയും, ചരിത്രപശ്ചാത്തലത്തിന്റെയും അടിസ്ഥാനത്തിൽ നാലു പ്രധാന രേഖകൾ പഞ്ചഗ്രന്ഥത്തിന്റെ പിന്നിൽ ഉള്ളതായിക്കാണുന്നു. അവ രേഖകളായി രൂപംപ്രാപിക്കുന്നതിന് മുമ്പുതന്നെ വാമൊഴിയായി തലമുറതലമുറയായി ആരാധനാകേന്ദ്രങ്ങളിൽ ഉരുവിട്ട് നിശ്ചിതരൂപവും അംഗീകാരവും കൈവരിച്ചിരുന്നു. യാഹ്വെ രേഖ, ഏലോഹീംരേഖ, ആവർത്തന രേഖ, പുരോഹിതരേഖ എന്നിവയാണ് അവ. യാഹ്വെ രേഖയാണ് ചരിത്രപരമായി പുരാതനമായത്. ദൈവം ഇസ്രായേലിനെ നയിക്കുന്ന രക്ഷാചരിത്രത്തിന്റെ രത്നച്ചുരുക്കം അതിൽ കാണാം. മനുഷ്യനെക്കുറിച്ച് വിശാലമായ ദർശനമുള്ള രേഖയാണത്.

രക്ഷാചരിത്രത്തിന്റെ മുഖവുരയായി ലോകസൃഷ്ടി, വൃക്ഷലതാദികൾ, പക്ഷിമൃഗാദികൾ, സൃഷ്ടികളിൽ അത്യുന്നത സൃഷ്ടിയായ മനുഷ്യൻ എന്നിവയെ ഉൾപ്പെടുത്തി. അബ്രഹാമിന്റെ ദൗത്യം, യാക്കോബിന്റെ വിവിധ അനുഭവങ്ങൾ, യൗസേഫിന്റെ സുവർണ്ണകാലം, മെസ്രേമിലെ അടിമത്തം, രക്ഷാകരമായ മോചനം, മരുഭൂമിയിൽക്കൂടിയുള്ള പ്രയാണം, മോശയുടെ ജീവിതവും, അന്ത്യവും എന്നീ ഭാഗങ്ങൾ യാഹ്വെ രേഖയുടെ പ്രത്യേക സംഭാവനയാണ്.

യാഹ്വെ രേഖ പോലെ തന്നെ, പഞ്ച ഗ്രന്ഥങ്ങളിൽ അതിനോടിടകലർന്ന് യിസ്രായേലിന്റെ പൗരോഹിത്യ യാഗാദി കർമ്മങ്ങളെയും ധാർമ്മിക പ്രമാണങ്ങളെയും വർണിക്കുന്നവയാണ് യഥാക്രമം ഏലോഹിം, ആവർത്തനം, പുരോഹിതൻ എന്നീ രേഖകൾ. ഭാഷാശൈലി, വേദശാസ്ത്രം, ദൈവത്തിന്റെ പേര് എന്നിവ ഇവയെ വേർതിരിച്ചറിയുവാനുള്ള ഏതാനും മാർഗ്ഗങ്ങളാണ്.

ആവർത്തനപുസ്തകം പ്രത്യേകമായി ആവർത്തനരേഖയെന്ന സ്രോതസ്സിന്റേതെന്ന് പറയപ്പെടുന്നു. യോശുവ മുതൽ 2 രാജാക്കന്മാർ വരെയുള്ള ഭാഗങ്ങൾ ഈ രേഖയുടെ തുടർച്ചയായി വേണം ഗണിക്കുവാൻ. സമകാലീനരെ ചില പ്രധാന കാര്യങ്ങൾ പഠിപ്പിക്കുവാനും,

ശരിയായ വഴിയിൽ നടത്തുവാനും, അപഥസഞ്ചാരത്തിന്റെ ആപൽക്കരമായ അവസ്ഥ ചൂണ്ടിക്കാണിക്കുവാനുമായി ചില പ്രത്യേക മാനദണ്ഡങ്ങൾ ആർത്തന ചരിത്രകാരൻ ഉപയോഗിച്ചിരുന്നു. യോശുവ, ന്യായാധിപന്മാർ, ശമുവേലിന്റെ പുസ്തകങ്ങൾ, രാജാക്കന്മാരുടെ പുസ്തകങ്ങൾ എന്നിവയെല്ലാം ഈ അടിസ്ഥാനത്തിലാണ് ക്രോഡീകരിച്ചിരിക്കുന്നത്. യഹോവയോട് അവിഭക്തബന്ധം പുലർത്തുമ്പോൾ സമാധാനവും, ശാന്തിയും അഭിവൃദ്ധിയും ഉണ്ടാകുന്നു. മറ്റു ദേവന്മാരെ ആശ്രയിക്കുമ്പോൾ അനർത്ഥവും, ശിക്ഷയും ഉണ്ടാകുന്നു. ശിക്ഷ അനുഭവിക്കുമ്പോൾ ദൈവബോധമുണ്ടായി മോചനത്തിനുവേണ്ടി പ്രാർത്ഥിക്കുന്നു. ദൈവം വിമോചകന്മാരെ അയച്ചു വിടുതൽ നൽകുന്നു. വീണ്ടും കുറെ കഴിയുമ്പോൾ ദൈവത്തെ മറക്കുന്നു. ഇതുപോലെയുള്ള സംഭവപരമ്പരകൾ ആവർത്തിക്കപ്പെടുന്നു. കനാൻ അധിവാസം, രാജവാഴ്ച, ദാവീദിന്റെ കൊട്ടാരചരിത്രം, ഇസ്രായേൽ, യഹൂദാ എന്നിവയുടെ സമാന്തരചരിത്രം, വിവിധ രാജാക്കന്മാരുടെ നേട്ടങ്ങളും കോട്ടങ്ങളും എന്നിവ അടിസ്ഥാനരേഖകളായിട്ട് എഴുത്തുകാരൻ വിനിയോഗിച്ചിരിക്കുന്നു. യെരോബയാമിന്റെ കാലടികളെ പിന്തുടർന്ന് രാജാക്കന്മാർ നിശിതമായി വിമർശിക്കപ്പെടുകയും, രാജ്യത്തിന്റെ നാശത്തിന് അവരുടെ പ്രവർത്തനം കാരണമായി എന്ന് സമർത്ഥിക്കുകയും ചെയ്യുന്നു. ദാവീദ്, യോശിയാവ് എന്നീ രാജാക്കന്മാർ ചരിത്രകാരന്റെ മുക്തകണ്ഠമായ പ്രശംസ പിടിച്ചുപറ്റുന്നു.

നേട്ടങ്ങൾ പ്രകീർത്തിക്കുമ്പോൾ അവരുടെ ജീവിതത്തിലെ ബലഹീനതകൾക്കു മുമ്പിൽ കണ്ണടയ്ക്കുന്നില്ല. ദൈവത്തിന്റെ സ്ഥാനത്തേക്ക് രാജാവിനെ ഉയർത്തുവാനും തുനിയുന്നില്ല. ദാവീദിന്റെ ജീവിതത്തിൽ കളങ്കം വരുത്തിയ ബേത്ത്ശേബാ സംഭവം (2 ശമു. 11, 12), ഹിസ്കീയാ ഭണ്ഡാരപ്പുര തുറന്ന് മെരോദാക്ക് ബാൽദാനെ കാട്ടിയ സംഗതി എന്നിവ യാതൊരു വിധത്തിലും ലഘൂകരിക്കാതെ ശക്തിയായ ഭാഷയിൽ വിമർശിക്കുന്നു (2 രാജാ. 20:12-15).

ദിനവൃത്താന്ത ചരിത്രകാരൻ വേറെ ചില മാനദണ്ഡങ്ങളാണ് ചരിത്രം കുറിക്കുവാൻ വിനിയോഗിക്കുന്നത്. യെരുശലേം ദേവാലയവും, അവിടുത്തെ ആരാധനയും, യാഗസംവിധാനവും പരിരക്ഷിക്കുന്ന യഹോവയുടെ പ്രതിനിധിയായി രാജാവിനെ ചിത്രീകരിക്കുന്നു. യെരുശലേം, രാജ്യത്തിന്റെ സിരാകേന്ദ്രവും യഹോവയുടെ അധിവാസസ്ഥാനവുമാണെന്നും സ്ഥാപിക്കുന്നു. ദേവാലയം പണിയാനുള്ള ദാവീദിന്റെ ആഗ്രഹം ശലോമോന്റെ കാലത്ത് യാഥാർത്ഥ്യമായതും കാണാം. അതിന് പ്രേരണ നൽകിയ പ്രവാചകന്മാരുടെയും ദർശകരുടെയും പങ്കും ചൂണ്ടിക്കാണിക്കുന്നു.

പ്രവാചകന്മാർ ചരിത്രസംഭവങ്ങളെ വീക്ഷിച്ചത് ദൈവത്തിന്റെ പ്രവർത്തനമണ്ഡലങ്ങളായിട്ടാണ്. ദൈവത്തിന്റെ വചനം പ്രഖ്യാപിച്ച പ്രവാചകന്മാർ തൊട്ടടുത്ത ഭാവിയിലോ അനതിവിദൂര ഭാവിയിലോ തങ്ങളുടെ പ്രവചനങ്ങൾ പൂർത്തീകരിക്കപ്പെടുമെന്ന് വിശ്വസിച്ചു. പ്രവാചകരുടെ ചില ചിന്തകൾക്ക് കാലത്തിൽ വ്യതിയാനവും വന്നിട്ടുണ്ട്. അതിന് ഉദാഹരണമാണ് യഹോവയുടെ ദിവസത്തെക്കുറിച്ചുള്ള പ്രതീക്ഷ. ഭക്തർക്കു രക്ഷയും, ശിഷ്ടഭാഗത്തിന് ശിക്ഷയും, യഹോവയുടെ ദിവസത്തിൽ ഉണ്ടാകുമെന്ന പ്രതീക്ഷയ്ക്ക് കാലക്രമത്തിൽ മാറ്റം വന്നു. അക്രമവും, അനീതിയും പെരുകിയപ്പോൾ ശിക്ഷ എല്ലാവർക്കും ഉണ്ടാകുമെന്നും, കൂടുതൽ ആനുകൂല്യങ്ങൾ ലഭിച്ചിട്ടുള്ള തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന് കൂടുതൽ ശിക്ഷയുണ്ടാകുമെന്നും ആമോസ് മുതലായ നീതിയുടെ പ്രവാചകന്മാർ വാദിച്ചു. ഓരോ സമൂഹവും ശിക്ഷ അനുഭവിക്കുമെന്ന് ശക്തിയായ ഭാഷയിൽ ഏശായായും പ്രഖ്യാപിച്ചു. താന്താൻ ചെയ്യുന്ന കർമ്മങ്ങൾക്ക് താന്താൻതന്നെ ഉത്തരവാദിയാണെന്ന് യെരമ്യായും, ഹസ്കിയേലും ഊന്നിപ്പറഞ്ഞു.

പ്രവാചകന്മാർ രണ്ടു രീതിയിലുള്ള പ്രഖ്യാപനങ്ങളാണ് നടത്തിയത്.

**1. ദീർഘദർശനം – Fortelling**. ദൈവവുമായി അഭേദ്യബന്ധം പുലർത്തിയിരുന്ന പ്രവാചകന്മാർ ദൈവിക അരുളപ്പാടിന്റെ വെളിച്ചത്തിൽ ദൈവഹിതത്തെക്കുറിച്ച് മുൻകൂട്ടി പ്രസ്താവിച്ചു. ചില സന്ദർഭങ്ങളിൽ മനുഷ്യർ അനുതപിച്ചപ്പോൾ ശിക്ഷ കുറച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഹിസ്കിയായുടെ രോഗവും ഉടനെ മരിക്കുമെന്നുമുള്ള പ്രഖ്യാപനവും ഹിസ്കിയാ കണ്ണുനീരോടെ പ്രാർത്ഥിച്ചപ്പോൾ മാറ്റിക്കൊടുത്തു.

**2. പ്രവചന വ്യാഖ്യാനങ്ങൾ – Forthtelling**. ദൈവസ്വഭാവത്തിന്റെ വെളിച്ചത്തിൽ ചരിത്രസംഭവങ്ങളെ വ്യാഖ്യാനിച്ച് എന്താണ് ദൈവഹിതമെന്നും ദൈവം ഉദ്ദേശിക്കുന്നതെന്നും അനുവാചകർക്കു വ്യക്തമാക്കിക്കൊടുത്തു. ലോകചരിത്രം മുഴുവൻ ദൈവത്തിന്റെ ആധിപത്യത്തിലും നിയന്ത്രണത്തിലുമാണെന്ന് പ്രവാചകന്മാർ ശക്തിയായി വാദിച്ചു.

## വെളിപ്പാടു സാഹിത്യവും ചരിത്രവും

പീഡനവും, പ്രതികൂല സാഹചര്യങ്ങളും പ്രതീക്ഷകൾ നിറവേറാൻ കാലതാമസം വരുത്തിയപ്പോൾ വെളിപ്പാടു സാഹിത്യവക്താക്കൾ രംഗത്തു വന്നു. പ്രതീകാത്മക വിവരണങ്ങൾ കൊണ്ടും, അക്കങ്ങളും, മൃഗങ്ങളും ചൂണ്ടിക്കാണിച്ചും, യഹോവയുടെ കൈ കുറുതായിട്ടില്ലെന്ന് എഴുതി സൂക്ഷിച്ചു. മുമ്പ് ജീവിച്ചിരുന്ന വിഖ്യാതരായ പിതാക്കന്മാരുടെയും പ്രവാചകന്മാരുടെയും പേരിൽ ദൈവവചന പ്രഖ്യാപനവും

അതിന്റെ വ്യാഖ്യാനവും നൽകി. യഥാർത്ഥ എഴുത്തുകാരുടെ പേരു പറയാതെയിരുന്നത് പ്രതിലോമപരമായ സാഹചര്യം നിലവിലിരുന്നതു കൊണ്ടാണ്.

ദൈവിക പ്രവർത്തനത്തിന് വിലങ്ങുതടിയായി നിൽക്കുന്ന അക്രമത്തിന്റെയും, അനീതിയുടെയും സാഹചര്യത്തിന് സമൂലമാറ്റം ഉണ്ടാകുമെന്നും അവർ തറപ്പിച്ചു പറഞ്ഞു. ദൈവം അത്ഭുതകരമായി എല്ലാം ക്രമീകരിച്ചിരിക്കുന്നുവെന്നും, ദൈവബന്ധത്തിൽ കഴിയുന്ന ദർശകർക്കു മാത്രമേ അവയുടെ പൊരുൾ മനസ്സിലാക്കുവാനും സമകാലീനർക്കു വ്യാഖ്യാനിച്ചു കൊടുക്കുവാനും കഴിയുകയുള്ളുവെന്നും അവർ വിശ്വസിച്ചു. പീഡനത്തിന്റെ മദ്ധ്യത്തിൽ ഞെങ്ങിഞെരുങ്ങി കഴിയുന്നവർക്ക് ആ സന്ദേശം ആശ്വാസം നൽകി.

## ജ്ഞാനസാഹിത്യവും ചരിത്രവും

അന്തർദ്ദേശീയവും, പ്രയോജനപ്രദവുമായ കാര്യങ്ങളിലാണ് ജ്ഞാനസാഹിത്യകാരന്റെ ശ്രദ്ധ. പ്രപഞ്ചത്തിൽ എവിടെ നോക്കിയാലും ഒരു അടുക്കും ചിട്ടയുമുണ്ട്. അതിന്റെ പ്രത്യേകത മനസ്സിലാക്കി ജീവിതമാകുന്ന നൗകയെ ശരിയായി നിയന്ത്രിച്ചാൽ വിജയവും ധൈര്യവും സന്തോഷവും കൈവരിക്കാം. ദൈവഭയത്തിൽ അടിയുറച്ചുള്ള ജീവിതമായിരിക്കണം അതിന്റെ അടിസ്ഥാനം. സ്ഥിരോത്സാഹം, കഠിനാദ്ധ്വാനം, തീക്ഷ്ണബുദ്ധി, ജാഗ്രത എന്നിവയെല്ലാം ജീവിതത്തിൽ വിജയം വരിക്കാൻ സഹായിക്കും. പഴയനിയമത്തിലെ പുസ്തകങ്ങളിൽ കാണുന്ന ചരിത്രപരമായ പ്രതിപാദനങ്ങളിലും അവയിൽ ഊന്നൽ കൊടുക്കുന്ന പ്രമേയങ്ങളായ ഇസ്രായേലിന്റെ തെരഞ്ഞെടുപ്പ്, പിതാക്കന്മാരുടെ ചരിത്രം, സീനായ് ഉടമ്പടി, യാഗങ്ങൾ എന്നിവയും ജ്ഞാനസാഹിത്യകാരന്റെ ശ്രദ്ധാകേന്ദ്രമല്ല. ഇസ്രായേലിന്റെ ചിന്താധാരയിൽ സ്ഥാനം ആർജ്ജിച്ച യവനായ ചിന്തയും, കാര്യകാരണ വിശകലനവും, ജ്ഞാനസാഹിത്യത്തിന്റെ വളർച്ചയ്ക്ക് കാതലായ പങ്കു വഹിച്ചിട്ടുണ്ട്.

ശാസ്ത്രീയവും വസ്തുനിഷ്ഠവും പക്ഷപാതരഹിതവുമായി ഇസ്രായേലിന്റെ ചരിത്രം എഴുതുവാൻ സാധ്യമാണോ? ഇസ്രായേലിന്റെ ജീവൻമരണ മത്സരത്തിലും, സംഘട്ടനത്തിലും, ഉരുത്തിരിഞ്ഞ അനുഭൂതികളുടെ വെളിച്ചത്തിൽ ആധുനിക ചരിത്രകാരന്മാർ എഴുതുന്നതുപോലെയുള്ള ചരിത്രം എഴുതുവാൻ കഴിയുമോ? ആധുനിക ചരിത്രവക്താക്കൾ ദൈവത്തിന്റെയും, അമാനുഷികശക്തികളുടെയും വ്യാപാരത്തെ ഗൗരവമായി എടുക്കുന്നില്ല. ദൈവം അബ്രഹാമിനെ വിളിച്ചു കാണിപ്പാനിരിക്കുന്ന ദേശത്തേക്കു നയിച്ചുവെന്നുള്ളതിന് ചില പ്രത്യേക സാഹചര്യത്തിൽ അബ്രഹാം ഇറങ്ങിത്തിരിച്ചുവെന്ന് തിരുത്തിക്കുറിക്കും. ശമരിയ

യുടെ പണിക്ക് കനത്ത സംഭാവന നൽകിയ ഒമ്രി യഹോവയിൽ പരിപൂർണ്ണമായി ആശ്രയിക്കാത്തതുകൊണ്ട് ഇസ്രായേൽ ചരിത്രകാരൻ ഏതാനും ചില വാക്യങ്ങൾ മാത്രമേ ഒമ്രിക്ക് നൽകുന്നുള്ളു (1 രാജാ. 16:21–28). മതേതര ചരിത്രകാരന്റെ മാനദണ്ഡവും, സംഭവങ്ങളുടെ തരംതിരിവും ഇസ്രായേൽ ചരിത്രകാരനിൽ നിന്ന് ഭിന്നമാണ്. യഹോവയോടുള്ള ബന്ധമാണ് ഇസ്രായേൽ ചരിത്രകാരന്റെ അളവുകോൽ. ഈ യാഥാർത്ഥ്യം കണക്കിലെടുക്കാതെ ഇസ്രായേൽ ചരിത്രത്തിന്റെ പ്രത്യേകതകൾ ഗ്രഹിക്കുവാൻ കഴിയുകയില്ല (1 രാജാ. 16:26).

## ഇസ്രായേൽ ചരിത്രവും ശുഭാപ്തി വിശ്വാസവും

വേദനിപ്പിക്കുന്നതും നിരാശാജനകവുമായ അനുഭവങ്ങളിൽക്കൂടെ കടന്നുപോയപ്പോൾ ഇസ്രായേൽ സമൂഹത്തിന് പ്രത്യാശയും ഉത്തേജനവും നൽകിയത് ഭാസുരമായ ഭാവിയെക്കുറിച്ചുള്ള ശുഭാപ്തി ചിന്തയാണ്. വിളിച്ച് വേർതിരിച്ച്, വാഗ്ദാനം നൽകിയ കർമ്മനിരതനായ ദൈവം ചരിത്രസംഭവങ്ങളെ ഒരു പ്രധാന ലക്ഷ്യത്തിലേക്ക് നയിച്ച് നിയന്ത്രിക്കുന്നത് ദൈവിക പ്രവർത്തനങ്ങളുടെ പ്രത്യേകതയായി കരുതി. ഏതെല്ലാം പ്രതിബന്ധങ്ങൾ ഉണ്ടായാലും ഞെരുക്കുന്ന പ്രതികൂലശക്തികൾ രംഗപ്രവേശം ചെയ്താലും നന്മനിറഞ്ഞവനായ ദൈവം അവയെല്ലാം കീഴടക്കും. തെരഞ്ഞെടുത്ത ജനത്തെ കൈവെടിയാതെ അത്ഭുതകരമായി വഴിനടത്തും. തിന്മയുടെ ശക്തികൾ ജയിക്കുമെന്ന് തോന്നിയാലും അധികകാലം അവരുടെ തേർവാഴ്ച തുടരുകയില്ല. അന്തിമ വിജയം നന്മയ്ക്കും, ദൈവത്തിൽ അടിയുറച്ചു വിശ്വസിക്കുന്ന ജനത്തിനുമായിരിക്കും.

## ഗോത്രപിതാക്കന്മാരുടെ കാലവും മതവും

വിശ്വാസികളുടെ പിതാവായ അബ്രഹാം കൽദയരുടെ ഊരിൽ നിന്ന് പുറപ്പെട്ട് (ഉല്പത്തി 11:31) ഹാരാനിലും, അവിടെനിന്ന് കനാനിലും എത്തിച്ചേർന്നു. ഇസ്രായേൽക്കാരുടെ പൂർവ്വികരെക്കുറിച്ച് അവരുടെ വിശ്വാസപ്രമാണത്തിൽ ചില പരാമർശങ്ങൾ കാണാം. ഊടാടി സഞ്ചരിക്കുന്ന അരാമ്യനായിരുന്നു എന്റെ പിതാവ് (ആവർ. 26:5). “എന്റെ പിതാവ് ദേശാന്തരിയായൊരു അരാമ്യനായിരുന്നു.” ഊടാടി നടക്കുന്ന ഹബീരു അല്ലെങ്കിൽ അപ്പീരു എന്ന സമൂഹത്തെക്കുറിച്ച് ടെൽ എൽ അമാർന രേഖകളിൽ പരാമർശമുണ്ട്. ഒരു ദേശത്തുനിന്ന് മറ്റൊരു ദേശത്തേക്ക് ദേശാടനം നടത്തി അവിടെ കുറെക്കാലം താമസിച്ചതിനുശേഷം പച്ചപ്പുല്ലുള്ളതും, ജലസൗകര്യമുള്ളതുമായ മറ്റു സ്ഥലങ്ങളിലേക്ക് അവർ താവളം മാറ്റിയിരുന്നു. ആടുകളും മാടുകളുമായിരുന്നു അവരുടെ സമ്പാദ്യം. സ്ഥിരമായി ഒരു സ്ഥലത്ത് താമസിക്കാതിരുന്നതുകൊണ്ട് അവർ കൃഷി

ചെയ്തിരുന്നില്ല. ശവസംസ്കാരത്തിനുള്ള ഗുഹ വാങ്ങുന്നതല്ലാതെ സ്ഥലംവാങ്ങി സ്വന്തമാക്കിയില്ല (ഉല്പത്തി 23:13-20). ആദ്യകാലങ്ങളിൽ ഫെലിസ്ത്യരെപ്പോലെ ഒട്ടകം അവർ ഉപയോഗിച്ചില്ല. ആടുകളെയും മാടുകളെയും വളർത്തി ജീവിച്ചു പോന്നു. വെള്ളം കോരുന്ന കാര്യത്തിൽ ബന്ധുമിത്രാദികൾക്കിടയിൽപ്പോലും കലഹമുണ്ടായിട്ടുണ്ട്. അവരുടെ പേരുകളും, പെരുമാറ്റച്ചട്ടങ്ങളും അവർ ജീവിച്ചിരുന്ന കാലഘട്ടത്തെ കണ്ടെത്താൻ സഹായകമാണ്. മാരി, നുസി എന്നീ സ്ഥലങ്ങളിൽനിന്ന് ലഭിച്ചിട്ടുള്ള പുരാതനഫലകങ്ങൾ അവരുടെ പേരുകൾക്കും, ജീവിത രീതിക്കും, സമ്പ്രദായങ്ങൾക്കും സമാനസ്വഭാവമുള്ള വിവരങ്ങൾ നൽകുന്നു.

ഉദാ:- സ്വന്തം ഭാര്യയിൽ മക്കൾ ഇല്ലെങ്കിൽ വംശം നിലനിറുത്തുന്നതിനുവേണ്ടി ഭാര്യയുടെ അനുവാദത്തോടെ ദാസിയെ ഭാര്യയായി സ്വീകരിക്കുന്ന രീതി നിലവിലുള്ള ഒരേർപ്പാടായിരുന്നു (ഉല്പത്തി 16:2-3). ദാസിയിൽ കുഞ്ഞ് ജനിച്ചശേഷം ഭാര്യയിൽ കുഞ്ഞുണ്ടായാൽ ദാസിയുടെ പുത്രന് അവകാശങ്ങൾ ലഭിക്കയില്ല (ഉല്പത്തി 21:11-12). മക്കളില്ലാത്ത ദമ്പതികൾ ദാസനെ പുത്രനായി ദത്തെടുക്കുന്ന രീതിയും ഉണ്ടായിരുന്നു. യജമാനനെയും, യജമാനന്റെ ഭാര്യയെയും സംരക്ഷിച്ചു അവരുടെ മരണാനന്തരകാര്യങ്ങൾ നിർവ്വഹിക്കുന്നത് ദത്തായി വന്നവന്റെ കടമയായിരുന്നു.

ഊടാടി സഞ്ചരിക്കുന്ന സമൂഹം സമാധാനപരമായ ജീവിതമാണ് നയിച്ചിരുന്നത്. അവർ ആക്രമിക്കപ്പെടുമ്പോൾ നിലനില്പിനുവേണ്ടി ചെറുത്തുനിൽക്കാറുമുണ്ടായിരുന്നു.

എബ്രായർ എന്ന പദം അവരെക്കുറിച്ച് ഉപയോഗിച്ചിരുന്നു. 1. എബേരിന്റെ പിൻഗാമികൾ ആയതുകൊണ്ടാവാം (ഉല്പത്തി 11:14, ഉല്പത്തി 14:13). 2. നദിയുടെ അപ്പുറം താമസിച്ചിരുന്നവർ (ഹോശേയാ 12:12, ഉല്പത്തി 24:10). 3. ഹബീരു അല്ലെങ്കിൽ അപ്പീരു എന്ന സമൂഹത്തോട് ബന്ധപ്പെട്ടവൻ എന്ന അർത്ഥത്തിലുമാകാം എബ്രായർ എന്നു നാമം.

കൂടാതെ പിതാക്കന്മാരെക്കുറിച്ച് അരാമ്യൻ എന്ന പദവും ഉപയോഗിച്ചിരുന്നു. അരാമ്യൻ എന്ന പദം 'പദൻ ആരാം' എന്നതിന്റെ ഹ്രസ്വരൂപമായി പണ്ഡിതന്മാർ കരുതുന്നു. അരാം എന്നത് അരാമിലെ (സിറിയാ) വമ്പിച്ച സങ്കരസമൂഹത്തെ കുറിക്കുന്നു. മോവാബ്യ വംശവുമായിട്ടും യിസ്രായേലിന് ബന്ധമുണ്ടായിരുന്നു. മോവാബ്യ സ്ത്രീയായ രൂത്തിന്റെ പിന്തുടർച്ചക്കാരനാണ് ദാവീദ് (രൂത്ത് 4:17-22). കൂടാതെ അമോര്യർ, ഹിത്യർ എന്നീ സമൂഹങ്ങളുമായും ഇസ്രായേൽ ബന്ധപ്പെട്ടിരുന്നു. "നിന്റെ ഉല്പത്തിയും നിന്റെ ജനനവും കനാൻദേശത്താകുന്നു. നിന്റെ

അപ്പൻ അമോര്യനും, അമ്മ ഹിത്യസ്ത്രീയും അത്രേ" (യെഹ. 16:3). ഭിന്നസമൂഹങ്ങളുമായുള്ള ബന്ധം ഭിന്നസംസ്കാരത്തിന്റെ സംയോജനത്തിനും ഇടയാക്കി.

വിശ്വാസികളുടെ പിതാവ് എന്ന പേരിലാണ് അബ്രഹാം അറിയപ്പെടുന്നത്. നിലവിലിരുന്ന വിഗ്രഹാരാധനയെ ഉപേക്ഷിച്ച് ദൈവത്തിൽ ആശ്രയം വച്ച് സ്വന്തം ജാതിയെയും ദേശക്കാരെയും വിട്ട് ദൈവം കാണിപ്പാനിരിക്കുന്ന ദേശത്തേക്ക് ഇറങ്ങിത്തിരിച്ചു. ജീവന് അപകടം വരുത്തുന്ന ഒരു ധീരപ്രവൃത്തിയായിരുന്നു അത്. ശത്രുക്കളുടെ മധ്യത്തിൽ നിന്ന് ഏകനായി പടപൊരുതുവാനുള്ള അവസരം! ചാർച്ചക്കാരും, ബന്ധുമിത്രാദികളും തുണയ്ക്കില്ലാത്ത സാഹചര്യങ്ങളിൽക്കൂടിയാണ് അബ്രഹാം കടന്നുപോയത്. ഫറവോന്റെ പീഡനത്തിനും, അമ്രാഫേൽ സഖ്യത്തിന്റെ ആക്രമണത്തിനും വിധേയനായി.

അബ്രഹാമിന് ശക്തി നൽകിയ ദൈവവിശ്വാസത്തിന്റെ പ്രത്യേകതകൾ എന്തൊക്കെയാണ്? ഉല്പത്തി 12–50 വരെയുള്ള അദ്ധ്യായങ്ങളിൽ പല രീതിയിലുള്ള ദൈവനാമങ്ങൾ കാണുന്നു. സർവ്വശക്തിയുള്ള ദൈവം (ഉല്പത്തി 17:1; 28:3; 35:11; 43:14; 48:3), അബ്രഹാമിന്റെ പരിച (ഉല്പ. 15:1), ഇസ്ഹാക്കിന്റെ ഭയം (ഉല്പത്തി 31:42), യാക്കോബിന്റെ സഹവാസി അല്ലെങ്കിൽ വല്ലഭൻ (ഉല്പത്തി 49:24) എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. ഇവ മൂന്നു ദൈവങ്ങളല്ല, ദൈവത്തിന്റെ പ്രവർത്തനങ്ങളുടെ വെളിച്ചത്തിലുള്ള മൂന്നു നാമങ്ങളാണ്. വിവിധ പേരുകളിൽ പിതാക്കന്മാർക്കു വെളിപ്പെട്ട ദൈവത്തിന്റെ യഹോവ എന്ന പേരും, അതിനോട് ബന്ധപ്പെട്ട ആശയവും മോശയ്ക്കാണ് പിന്നീട് വെളിപ്പാടിൽക്കൂടി വ്യക്തമായത്.

## എന്താണ് പിതാക്കന്മാരുടെ ദൈവവിശ്വാസത്തിന്റെ പ്രത്യേകതകൾ?

സമീപവാസികളെപ്പോലെ ദൈവസാന്നിദ്ധ്യം ഒരു പ്രത്യേക സ്ഥലത്തോട് ബന്ധപ്പെടുത്തി പരിമിതപ്പെടുത്താനുള്ള ശ്രമം ഇസ്രായേൽ നടത്തിയിട്ടില്ല. ദൈവം സർവ്വാധിപനാണ്. പ്രപഞ്ചവും, മനുഷ്യനും ദൈവത്തിന്റെ അധികാരത്തിലും നിയന്ത്രണത്തിലും സ്ഥിതിചെയ്യുന്നു. എല്ലാ ജാതിയും അനുഗ്രഹിക്കപ്പെടുവാനുള്ള മുഖാന്തിരമായി പ്രവർത്തിക്കുവാനാണ് അബ്രഹാമിന് ദൈവം ദൗത്യം നൽകിയത് (ഉല്പത്തി 12:3). സമീപവാസികൾ അവരുടെ ദൈവത്തിന് പ്രത്യേക സ്ഥലമായും, പട്ടണമായും ബന്ധമുള്ളതായി വിശ്വസിച്ചു. അതിനപ്പുറം അവർക്കു അധികാരമില്ല.

ഗോത്രപിതാക്കന്മാരുടെ ബന്ധം സ്ഥലത്തോടായിരുന്നില്ല. പ്രത്യേക

ദൗത്യത്തിനായി വിളിച്ച് വേർതിരിച്ച യഹോവയോടായിരുന്നു ബന്ധം.

യിസ്രായേൽ പിതാക്കന്മാർ പ്രകൃതിശക്തികളിലോ വംശവർദ്ധന നൽകുന്ന പ്രകൃതിയുമായി ബന്ധപ്പെട്ട പ്രക്രിയകളിലോ ആശ്രയംവച്ച് ആരാധന നടത്തിയിട്ടില്ല. മനുഷ്യരുടെ വർദ്ധനവ്, മൃഗങ്ങളുടെ പെരുപ്പം, നല്ല കൃഷി എന്നിവയ്ക്കെല്ലാം സഹായകമായ മതപരമായ ആചാരങ്ങളിൽ കനാന്യരും മറ്റും വ്യാപൃതരായിരുന്നു (ന്യായാ. 2:11–18; ഹോശേ. 2:5, 8). പ്രകൃതിയോടും, പ്രകൃതിശക്തിയോടുമുള്ള ബന്ധമല്ല, ചരിത്രസംഭവങ്ങളിൽക്കൂടെ ഹിതം വെളിപ്പെടുത്തുന്ന ദൈവത്തോടായിരുന്നു അവരുടെ ബന്ധം. ഋതുഭേദം, മഴ, വേനൽ, കൃഷി, വിളവെടുപ്പ് എന്നിവയെല്ലാം ദൈവത്തിന്റെ നിയന്ത്രണത്തിലും, മനുഷ്യനന്മയ്ക്കുംവേണ്ടി ദൈവം ഉപയോഗിക്കുന്നു. ചില പ്രത്യേക ശ്രമങ്ങൾകൊണ്ടും പ്രക്രിയകൾകൊണ്ടും അവയെ നിയന്ത്രിക്കുവാനോ ത്വരിതപ്പെടുത്തുവാനോ സാധിക്കയില്ലെന്നും അവർ വിശ്വസിച്ചു.

ദൈവാരാധനയും, ദൈവം പ്രത്യേകം തെരഞ്ഞെടുത്ത ചരിത്രയാഥാർത്ഥ്യവും തമ്മിൽ അവർ ബന്ധപ്പെടുത്തി. ഇസ്രായേലിന്റെ തെരഞ്ഞെടുപ്പിനെ വ്യക്തമാക്കുന്ന പ്രക്രിയയായിരുന്നു ഉഭയസമ്മതവും, ഉടമ്പടിയും, യാഗവും. ദൈവവും, അബ്രഹാമും തമ്മിലുള്ള ഉടമ്പടിയെ പരാമർശിക്കുന്ന വേദഭാഗമാണ് ഉല്പത്തി 15:1–21. വാഗ്ദാനം നൽകിയ ദൈവം വിശ്വസ്തൻ ആണെന്നും, അത് നിറവേറ്റുന്നതിൽ ശുഷ്കാന്തി കാണിക്കുന്നവനാണെന്നും അവർ വിശ്വസിച്ചു. യാഗമൃഗത്തെ രണ്ടായി പിളർന്നു, ഉടമ്പടിയിൽ പങ്കു ചേരുന്നവർ അതിനിടയിൽക്കൂടി നടന്നു. (ഉല്പത്തി 15:7–21). ആരെങ്കിലും ഒരാൾ കല്പന ലംഘനം നടത്തിയാൽ, അവിശ്വസ്തത കാണിച്ചവൻ യാഗമൃഗത്തെപ്പോലെ ഖണ്ഡിക്കപ്പെടുമെന്ന് അവർ വിശ്വസിച്ചു (യെര. 34:18–19).

യഹോവയിലുള്ള വിശ്വാസത്തിന്റെയും വാഗ്ദാനത്തിന്റെയും അഗ്നിപരീക്ഷണമാണ് ഏകജാതനായ ഇസഹാക്കിനെ ബലി കഴിക്കാൻ യഹോവ ആവശ്യപ്പെട്ടപ്പോൾ സംജാതമായത്. ഭാവിയെക്കുറിച്ചോ, വംശത്തിന്റെ നിലനില്പിനെക്കുറിച്ചോ ലവലേശം സംശയിക്കാതെ വാഗ്ദത്ത പുത്രനായ ഏക മകനെ ദൈവത്തിന് സമർപ്പിക്കുവാൻ അബ്രഹാം സന്നദ്ധനായി. മനംപതറാതെ അടിയുറച്ചുനിന്നതുകൊണ്ട് ദൈവം അബ്രഹാമിനെ രക്ഷിക്കുകയും, വംശപരമ്പരയെ അനുഗ്രഹിക്കുകയും ചെയ്തു.

യാക്കോബും യഹോവയിൽ ആശ്രയവും, സങ്കേതവും വച്ച് ജീവിതയാത്ര തുടർന്നു. ദൈവദൂതനുമായുള്ള മൽപ്പിടുത്തത്തിലൂടെയുള്ള അനുഭവം യാക്കോബിന്റെ വ്യക്തിത്വത്തെയും, ജീവിതത്തെയും രൂപാന്തരപ്പെടുത്തുന്നതായിരുന്നു.

പാഠം 2

# മോശയുടെ കാലവും ആദ്ധ്യാത്മിക ചിന്തകളും

തൂത്ത്മോസ് എന്നു പേരുള്ള ഫറവോന്റെ കാലത്ത് ദൈവനിയോഗത്താൽ യൗസേഫ് മിസ്രേമിൽ എത്തി. അസൂയ നിമിത്തം സഹോദരന്മാർ മിദ്യാന്യർക്കു വിറ്റ യൗസേഫിനെ വൻ കാര്യങ്ങൾ നിർവ്വഹിക്കാൻ ദൈവം ഉപയോഗിച്ചു. ക്ഷാമമുണ്ടായപ്പോൾ ധാന്യം വാങ്ങാൻ സഹോദരന്മാരും യൗസേഫിന്റെ ആഗ്രഹപ്രകാരം അന്ത്യകാലം ചെലവഴിക്കാൻ യാക്കോബും മിസ്രേമിൽ എത്തി. യൗസേഫിന്റെ കാലശേഷം യൗസേഫിനെക്കുറിച്ച് വലിയ പരിഗണനയൊന്നും ഇല്ലാത്ത ഒരു രാജാവ് ഭരണഭാരം ഏറ്റു. ശേതി ഒന്നാമൻ ആയിരിക്കാം ആ രാജാവ്. അനുഭാവപരവും, ആനുകൂല്യങ്ങൾ നൽകുന്നതുമായ സാഹചര്യം പാടേ മാറി. ഇസ്രായേൽ പെറ്റു പെരുകുന്നതു കണ്ടപ്പോൾ ഫറവോന്റെ മനസ്സിന് ചാഞ്ചല്യമുണ്ടായി. വിദേശീയരായ ഇസ്രായേൽക്കാർ യുദ്ധം ഉണ്ടാകുമ്പോൾ ശത്രുപക്ഷം ചേർന്നു രാജ്യം വിട്ടുപോകാൻ സാദ്ധ്യതയുള്ളതുകൊണ്ട് അവരെ പീഡിപ്പിച്ച് ഒതുക്കുവാൻ ഫറവോൻ തീരുമാനിച്ചു. പീഥോം, റാംസേസ് എന്ന പട്ടണങ്ങളിലെ പത്തായപ്പുരകൾ പണിയുവാൻ അവരെ നിയോഗിച്ചു (ബി.സി. 1290-1224). റാംസേസ് ആയിരിക്കാം അന്നത്തെ ഫറവോൻ (പുറ. 1:10). കഠിനമായി ഞെരുക്കിയതുകൊണ്ടു മാത്രം വംശവർദ്ധന തടയുവാൻ കഴിഞ്ഞില്ല. എത്രമാത്രം ഞെരുങ്ങിയോ അത്രമാത്രം വളർച്ചയാണ് അവർക്കുണ്ടായത് (പുറ. 1:12). എബ്രായർക്കു ആൺകുട്ടികൾ ജനിക്കുമ്പോൾ അവരെ കൊന്നുകളയാൻ പൂവാ, ശിപ്രഎന്നീ എബ്രായ സൂതികർമ്മിണികളെ ചുമതലപ്പെടുത്തി (പുറ. 1:15). അവർ ദൈവത്തെ ഭയപ്പെട്ടതുകൊണ്ട് ആൺകുട്ടികളെ ഫറവോന്റെ കല്പനപോലെ വധിച്ചില്ല. എബ്രായ സ്ത്രീകൾ മെസ്രേൻകാരെപ്പോലെയല്ല, സൂതികർമ്മിണികൾ എത്തുമ്പോഴേക്കും പ്രസവം നടന്നിരിക്കുമെന്ന കാരണവും പറഞ്ഞു (പുറ. 1:19). അടുത്ത പടിയായി എബ്രായ ആൺകുട്ടികളെ നദിയിൽ എറിഞ്ഞുകൊല്ലുവാൻ കല്പന കൊടുത്തു. അങ്ങനെയാണ് മോശയെ കൊട്ടയിലാക്കി നദിയിൽ ഒഴുക്കേണ്ട സാഹചര്യം ഉണ്ടായത് (പുറ. 1:22).

ലേവ്യ കുടുംബത്തിൽപ്പെട്ട അമ്രാമിനും, യോഖേബെദിനും (പുറ. 6:20) ജനിച്ച മോശയെ മൂന്നു മാസം വീട്ടിൽ ഒളിപ്പിച്ചു വച്ചു. ഞാങ്ങണ കൊണ്ടുള്ള കൊട്ടയുണ്ടാക്കി വെള്ളം കയറാതിരിപ്പാൻ പശയും കീലും തേച്ചു. അതിൽ കുഞ്ഞിനെ കിടത്തി നദിയുടെ അരികിൽ ഞാങ്ങണയുടെ ഇടയിൽ വച്ചു (പുറ. 2:3). എന്തു സംഭവിക്കുമെന്നറിയാൻ

മോശയുടെ സഹോദരി മാറിനിന്നു. തർമൂത്തിസ് എന്നു പേരുള്ള മെസ്രേൻ രാജകുമാരി കുളിക്കുവാൻ വന്നപ്പോൾ കണ്ട ശിശുവിൽ അനുകമ്പ തോന്നി പരിചരിക്കാൻ കുഞ്ഞിന്റെ അമ്മയെത്തന്നെ ഏർപ്പെടുത്തി (പുറ. 2:9). മക്കളില്ലാതിരുന്ന രാജകുമാരിക്ക് നൈൽ ദേവൻ നൽകിയ സമ്മാനമായി കരുതി കുഞ്ഞിനെ സ്വീകരിച്ചു. രാജതുല്യം കൊട്ടാരത്തിൽ വളർത്തി വിദ്യാഭ്യാസം നൽകി. മോശ പ്രായപൂർത്തി ആയപ്പോൾ അവന്റെ ഹൃദയം കഷ്ടപ്പെടുന്ന സ്വന്തജനത്തോടുകൂടെ ആയിരുന്നു. ഒരു മെസ്രേൻകാരൻ ഇസ്രായേൽക്കാരനെ അടിക്കുന്നതു കണ്ടപ്പോൾ അവന്റെ വൈരാഗ്യം കത്തിജ്വലിച്ചു. മെസ്രേൻകാരനെ അടിച്ചുകൊന്നു കുഴിച്ചുമൂടി (പുറ. 2:12). വേറൊരിക്കൽ രണ്ടു ഇസ്രായേൽക്കാർ മൽപ്പിടുത്തം നടത്തുന്നതു കണ്ടപ്പോൾ അനുരഞ്ജനത്തിനു ചെന്ന മോശയോട്, മെസ്രേൻകാരനെ കൊന്നപോലെ തന്നെയും കൊല്ലുവാനാണോ ആഗ്രഹിക്കുന്നതെന്ന് ചോദിച്ചു (പുറ. 2:14). മെസ്രേൻകാരനെ വധിച്ച രഹസ്യം പുറത്തായിയെന്നറിഞ്ഞ മോശ ഫറവോന്റെ ശിക്ഷ ഭയന്ന് ജീവരക്ഷാർത്ഥം മിദ്യാനിലേക്ക് പലായനം ചെയ്തു (പുറ. 2:15). അവിടെ വച്ച് മിദ്യാൻ പുരോഹിതനായ യിത്രോയുടെ മകളെ വിവാഹം കഴിച്ചു. എരിയുന്ന മുൾപ്പടർപ്പിൽ ഹോറേബിൽ വച്ച് ദൈവം മോശയ്ക്ക് വെളിപ്പെട്ട് ഇസ്രായേൽക്കാരെ അടിമത്തത്തിൽ നിന്ന് മോചിപ്പിക്കേണ്ട ദൗത്യം ഏല്പിച്ചു. വിക്കനും വാഗ്മിയുമല്ലാത്ത തന്നെ ഒഴിവാക്കി മറ്റാരെയെങ്കിലും ഉത്തരവാദിത്വം ഏല്പിക്കണമെന്ന് മോശ അപേക്ഷിച്ചപ്പോൾ തുണയ്ക്കായി മൂത്ത സഹോദരനായ അഹറോനേയും നിയോഗിച്ചു (പുറ. 3:1–4:17).

വിമോചകനായി പ്രവർത്തിക്കാൻ ദൗത്യം നൽകിയത് ആരാണെന്നും, ആ ദൈവത്തിന്റെ പേര് എന്താണെന്നും ഇസ്രായേൽ ചോദിച്ചാൽ എന്ത് മറുപടിയാണ് നൽകേണ്ടതെന്ന് മോശ ചോദിച്ചപ്പോൾ "ഞാൻ ആകുന്നവൻ ഞാൻ ആകുന്നു"വെന്ന് ഉത്തരം നൽകി (പുറ. 3:14).

ഇസ്രായേൽക്കാരുടെ ചിന്താഗതിപ്രകാരം പേരും, സ്വഭാവവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. പേരു സ്വഭാവത്തെ പ്രതിഫലിപ്പിക്കുന്നു. പേരിനോട് യോജിച്ച ദൈവസ്വഭാവം കർമ്മനിരതനായ ദൈവത്തിന്റെ പ്രവർത്തനങ്ങളിൽനിന്നും, വഴിനടപ്പിൽനിന്നും വ്യക്തമാകുമെന്ന് പഠിപ്പിച്ചു.

ഈ വാക്യത്തിന്റെ പൊരുൾ മനസ്സിലാക്കാൻ വേദപുസ്തകം തർജ്ജമ ചെയ്ത ഗ്രീക്കു പരിഭാഷകൻ തന്റെ ചരിത്ര, ദാർശനിക പശ്ചാത്തലത്തിൽക്കൂടെ ഒരു ശ്രമം നടത്തി. "സ്ഥിതിചെയ്യുന്നവനായ ഞാൻ സ്ഥിതി ചെയ്യുന്നവനാകുന്നു" എന്ന തർജ്ജമ നൽകി. ദൈവത്തിന്റെ ആസ്തിക്യത്തിലേക്ക് വിരൽ ചൂണ്ടുന്ന ഒരു പ്രസ്താവനയായി അതു

കാണുന്നു. നിത്യനും, വ്യത്യാസമില്ലാത്തവനുമായ ദൈവം എന്ന ചിന്ത ഗ്രീക്കു തർജ്ജമക്കാരന്റെ വാക്കുകൾ പ്രതിഫലിപ്പിക്കുന്നു. എന്നാൽ, ഇതുപോലെയുള്ള ദാർശനിക ചിന്തയും, വിവരണവും, എബ്രായചിന്തയോടും, വീക്ഷണത്തോടും യോജിക്കുന്നതല്ല. അസ്തിത്വത്തേക്കാൾ ഉപരിയായി ദൈവത്തിന്റെ കർമ്മനിരതയ്ക്കാണ് എബ്രായചിന്തകൾ മുൻതൂക്കം നൽകിയിരുന്നത്.

സുറിയാനി പെഷീത്താ തർജ്ജമക്കാരൻ എബ്രായ മൂലപാഠത്തിന്റെ അർത്ഥം തീരെ നഷ്ടപ്പെടാതെ ആവിഷ്ക്കരിക്കാനുള്ള തീവ്രശ്രമത്തിൽ ചില വാക്കുകളും, പദപ്രയോഗങ്ങളും എബ്രായഭാഷയിൽ നിന്ന് തർജ്ജമ ചെയ്യാതെ അതേപടി സുറിയാനി ലിപികളിൽ എഴുതുകയാണ് ചെയ്തിട്ടുള്ളത്. എഹിയെ അഷെർ എഹിയെ എന്ന എബ്രായ വാക്കുകൾക്ക് ആഹീയാ ആഷാർ ആഹീയാ എന്ന പദപ്രയോഗം സുറിയാനിയിൽ നിലവിൽ വന്നു.

എബ്രായ ധാതുരൂപങ്ങളായ ഹാവാ അല്ലെങ്കിൽ ഹായാ (ഉളവാകുക) എന്നതിനോട് ബന്ധപ്പെടുത്തി അർത്ഥം മനസ്സിലാക്കുവാൻ ഭാഷാപണ്ഡിതന്മാർ ശ്രമിച്ചിട്ടുണ്ട്. ദൈവം സ്രഷ്ടാവാകുന്നുവെന്ന വ്യഖ്യാനം ചില പണ്ഡിതന്മാർ നൽകുന്നു. 'ഞാനാകുന്നവൻ ഞാനാകുന്നു'വെന്ന് പറഞ്ഞാൽ വിവരണങ്ങൾക്കും നിർവ്വചനങ്ങൾക്കും ദൈവം അതീതനാണ്. വാക്കുകൾകൊണ്ട് വർണ്ണിക്കാവുന്നതല്ല ദൈവത്തിന്റെ നാമം. അപരിമിതനായ ദൈവത്തിന്റെ അവർണ്ണനീയസ്വഭാവം വാക്കുകളുടെ പരിമിതമായ ചട്ടക്കൂട്ടിൽ ഒതുക്കി നിർത്താവുന്നതല്ല.

മറ്റൊരു വ്യാഖ്യാനം ദൈവത്തിന്റെ അധീശത്വത്തെയും, പരിപൂർണ്ണ സ്വാതന്ത്ര്യത്തെയും ഈ പദപ്രയോഗം സൂചിപ്പിക്കുന്നു എന്നാണ് (പുറ. 33:19). ദൈവനാമം വെളിപ്പെടുത്തുവാനുള്ള വൈമുഖ്യമല്ല, ദൈവഹിതം ദൈവത്തിന് ഇഷ്ടമുള്ള രീതിയിൽ വ്യക്തമായെന്നും സ്ഥാപിക്കുന്നു. ദൈവത്തിന്റെ മഹത്വപ്രത്യക്ഷതയുടെ മുമ്പിൽ അത്ഭുതവാക്കുകളായി 'ഓ! അതാകുന്നു അവൻ' എന്ന് ചില പണ്ഡിതന്മാർ വ്യാഖ്യാനം നൽകുന്നു.

യെരമ്യ, ഏശായാ എന്ന പേരുകളിൽ (എബ്രായനാമങ്ങൾ, യെരമ്യാഹൂ, യെശയ്യാഹൂ) കാണുന്ന യാഹൂ "ഹ്രസ്വ"രൂപമാണെന്നും, യഹോവ എന്നതാണ് പൂർണ്ണരൂപമെന്നും, മറ്റു ചില പഴയനിയമ പണ്ഡിതർ അഭിപ്രായപ്പെടുന്നു.

പ്രപഞ്ചവും, അതിലുള്ള സകല ശക്തികളും ദൈവം നിയന്ത്രിക്കുന്നു. സമകാലീന സമീപവാസികളായ മറ്റു ദേശക്കാർ പ്രകൃതിശക്തിയിലും, പ്രകൃതിദേവനിലും വിശ്വസിച്ചു, ആരാധന നടത്തി. ഇസ്രായേലിന്റെ

ചിന്താഗതിപ്രകാരം സൃഷ്ടിയും, സകല ചരാചരങ്ങളും ദൈവത്തിന്റെ മേൽക്കോയ്മയ്ക്ക് വിധേയമായി ദൈവമഹത്വത്തിനായി നിലകൊള്ളുന്നു. എല്ലാ സൃഷ്ടികളെയും, ദൈവഹിതപ്രകാരം നടത്തുമെന്ന് ചരിത്രസംഭവങ്ങൾ കാണിക്കുമെന്ന് വ്യക്തമാക്കി.

ജർമ്മൻ വേദപുസ്തക പണ്ഡിതനായ ഗെർഹാർഡ് വോൺറാഡിന്റെ അഭിപ്രായത്തിൽ ദൈവത്തിന്റെ പേരറിയുക ഇസ്രായേൽക്കാരെ സംബന്ധിച്ച് ജീവൽപ്രധാനമായ വിഷയമായിരുന്നു. ഇസ്രായേൽക്കാരുടെ ചുറ്റുപാടും പല സമൂഹങ്ങൾ വസിച്ചിരുന്നു. അവരെല്ലാം പല ദേവന്മാരുടെ അധീനത്തിലും, അധികാരപരിധിയിലുമാണെന്ന് അവർ വിശ്വസിച്ചിരുന്നു. ആപൽഘട്ടത്തിൽ സഹായം അർത്ഥിക്കുവാനും, വ്യക്തിപരമായ ബന്ധം സ്ഥാപിക്കുവാനും ദൈവത്തിന്റെ പേരറിയുകയെന്നത് അത്യാവശ്യമായിരുന്നു. കൂടാതെ മറ്റു ദൈവികശക്തികളുടെ ആക്രമണത്തിൽനിന്നും മോചനം ലഭിക്കുവാനും അത് ആവശ്യമായിരുന്നു. പേരില്ലാത്ത ദൈവത്തിന് അസ്തിത്വവുമില്ല. മറ്റു ദേവന്മാർ ഇതര മതസ്ഥർക്കു സ്വീകാര്യമായി ഉണ്ടായിരുന്നെങ്കിലും അവരുമായി ഇസ്രായേൽക്കാർക്കു ബന്ധമില്ല. യഹോവയോടുള്ള അവിഭക്തബന്ധമാണ് അവരുടെ വിശ്വാസത്തിന്റെ അടിസ്ഥാനം.

മോശയുടെ ദൈവവിശ്വാസവും ദൗത്യവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. വിമോചനദൗത്യം ഏറ്റെടുത്ത മോശ ഇസ്രായേൽക്കാരുടെ കഠിനമായ അടിമത്തജീവിതം കണ്ട് മനംനൊന്ത് അവരെ സ്വതന്ത്രരാക്കുവാൻ ഫറവോനോട് അഭ്യർത്ഥിച്ചു. പട്ടണം പണിയുവാൻ ആവശ്യമായ ഇഷ്ടികകൾ നിർമ്മിക്കുവാൻ ഫറവോ ആവശ്യപ്പെട്ടു. അതിനാവശ്യമായ സാധനസാമഗ്രികളും നൽകി നിർബ്ബന്ധിച്ചു ജോലി ചെയ്യിക്കുവാൻ മേൽനോട്ടക്കാരെയും നിയമിച്ചു. കുറെകഴിഞ്ഞ് പണിക്കാവശ്യമായ സാധനങ്ങൾ അവർതന്നെ പോയി ശേഖരിച്ച് മുമ്പത്തെപ്പോലെ ഇഷ്ടികകളുടെ എണ്ണം തികയ്ക്കുവാൻ നിർദ്ദേശവും കൊടുത്തു. അതികഠിനമായ ജോലിഭാരംകൊണ്ട് ഞെങ്ങിഞെരുങ്ങിയ ഇസ്രായേൽക്കാർ അവരുടെ ജീവിതഭാരം ലഘൂകരിക്കുവാൻ യിസ്രായേൽ മക്കളുടെ പ്രമാണികൾ മുഖേന ഫറവോനോട് അപേക്ഷിച്ചു (പുറ. 5:15).

മൂന്നു ദിവസം യാത്ര ചെയ്തു യാഗം കഴിക്കാൻ ഇസ്രായേൽക്കാരെ മരുഭൂമിയിൽ കൊണ്ടുപോകാൻ അനുവാദം ചോദിച്ചു. യാഗം എന്ന വ്യാജേന രക്ഷപ്പെടാനുള്ള തന്ത്രമായും, അലസതയുടെ ഉദാഹരണമായും ഫറവോൻ അതു വ്യാഖ്യാനിച്ചു. കഠിനമനസ്സുള്ള ഫറവോന്റെ മനസ്സു തിരിക്കാൻ ദൈവം മുൻകൈയെടുത്തു. ശിക്ഷകളാകുന്ന പത്തു പീഡകൾ ഒന്നിനു പുറകെ ഒന്നായി നൽകി. താൽക്കാലികമായ

വ്യതിയാനം വന്നതല്ലാതെ ഇസ്രായേൽക്കാരെ സ്വതന്ത്രരാക്കുവാൻ ഫറവോന് മനസ്സു വന്നില്ല. ചില അത്ഭുതങ്ങൾ പ്രവർത്തിക്കുവാൻ മെസ്രേൻ മന്ത്രവാദികൾക്ക് സാധിച്ചെങ്കിലും ദൈവശക്തിയുടെ മുമ്പിൽ അവർ പതറിപ്പോയി. അവസാനത്തെ പീഡ കടിഞ്ഞൂൽജാതന്റെ മരണമായിരുന്നു. രാജ്യം വിട്ടുപോകാൻ ഫറവോൻ അനുവാദം നൽകിയപ്പോൾ ഇസ്രായേൽക്കാർ പെട്ടെന്ന് ഒരുക്കങ്ങൾ നടത്തി. ധൃതിയുള്ള സന്നാഹങ്ങളെപ്പറ്റി പുറ. 12-ാം അദ്ധ്യായത്തിൽ കാണാം. "കാലിൽ ചെരിപ്പിട്ടും കൈയിൽ വടിപിടിച്ചും, അര കെട്ടിയും, ധൃതിയിൽ തിന്നണം. അത് യഹോവയുടെ പെസഹായാകുന്നു" (പുറ. 12:11).

മോശയെ ഒരു ദൈവമായി ചിത്രീകരിക്കാൻ എഴുത്തുകാരൻ ശ്രമിച്ചിട്ടില്ല. മറ്റു മനുഷ്യരെപ്പോലെ വികാരവിചാരമുള്ളവനായിരുന്നു മോശ. ദേഷ്യം വന്ന് പൊട്ടിത്തെറിക്കുന്നവൻ (പുറ. 2:11-12). ഇസ്രായേൽ കുറ്റപ്പെടുത്തുമ്പോൾ വികാരനിർഭരനാകുന്നവൻ, ധാർമ്മികരോഷം പൂണ്ട് കല്പലകകളെ തകർത്തു പൊടിക്കുന്നവൻ (പുറ. 32:19). ഈ വിവിധ ഭാവപ്രകടനങ്ങൾ മോശയുടെ ജീവിതത്തിലേക്ക് എത്തിനോക്കാൻ സഹായിക്കുന്നു. മോശയെന്ന മനുഷ്യൻ എന്ന പരാമർശം പല ഭാഗങ്ങളിലും കാണാം (സംഖ്യ. 12:3). ഇസ്രായേൽ ചരിത്രത്തിന്റെ പ്രത്യേകത, മഹത്വം എപ്പോഴും ദൈവത്തിനാണ്. ദൈവിക കല്പനകൾ അനുസരിച്ച് ജീവിക്കുന്നവരും, ദൈവത്തോട് പരിപൂർണ്ണ വിധേയത്വം പുലർത്തുന്നവരും, ഇസ്രായേൽ ചരിത്രത്തിൽ സ്ഥാനം പിടിക്കുന്നു. സ്വന്തം പരിമിതികൾ മനസ്സിലാക്കി ദൈവിക പ്രവർത്തനത്തിന് സമർപ്പിച്ചപ്പോൾ മനുഷ്യനായ മോശ ദൈവമനുഷ്യൻ എന്ന പദവിക്ക് അർഹനായി (ആവ. 33:1).

### ദൈവമനുഷ്യനായ മോശ

ദൈവസഖിത്വത്തിലും, സഹവാസത്തിലും കഴിഞ്ഞ മോശ പർവ്വതത്തിൽ നിന്ന് താഴെ ഇറങ്ങിയപ്പോൾ അവന്റെ മുഖം ശോഭിതമായി (പുറ. 34:30). ഇസ്രായേലിന് നേതൃത്വം കൊടുത്ത് ജനത്തിനുവേണ്ടി ദൈവസന്നിധിയിൽ അഭയയാചന നടത്തി. ജനങ്ങൾക്ക് മാർഗ്ഗനിർദ്ദേശം നൽകുന്ന കല്പനകൾ ദൈവത്തിൽനിന്ന് സ്വീകരിച്ച് തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന് നൽകി. ദൈവഹിതത്തിനെതിരായി ജനം പ്രവർത്തിച്ചപ്പോൾ അവരെ നിശിതമായി വിമർശിക്കയും ശാസിക്കുകയും ചെയ്തു. അവർ പാപം ചെയ്തപ്പോൾ അവർക്കുവേണ്ടി ദൈവതിരുമുമ്പാകെ മദ്ധ്യസ്ഥപ്രാർത്ഥന നടത്തി. മോശയെ, ദൈവമായി ആരാധിക്കുവാൻ ഇസ്രായേൽ ജനത്തെ അനുവദിച്ചില്ല. മോശയുടെ പ്രവർത്തനവും, സാക്ഷ്യവും അനുസരണമുള്ള ജീവിതവുമാണ് മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ വഴികാട്ടിയായി അവശേഷിക്കുന്നത്.

## മോശയുടെ കാലത്തെ പ്രധാന സംഭവങ്ങൾ

ദൈവത്തിന്റെ അത്ഭുതകരമായ ശക്തി മൂലം മോശയുടെ നേതൃത്വത്തിൽ ജനം ചെങ്കടൽ കടന്നു. ഫറവോ തന്റെ അബദ്ധം മനസ്സിലാക്കി ഇസ്രായേൽക്കാരെ പിന്തുടർന്നു തിരിച്ചുകൊണ്ടുവരുവാൻ ശ്രമിച്ചു. ദൈവം ഇസ്രായേലിനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് ഫറവോന്റെ ശ്രമം വിജയിച്ചില്ല. രാത്രിയിൽ അഗ്നിസ്തംഭത്തിലും പകൽ മേഘത്തൂണിലും ദൈവം ഇസ്രായേൽക്കാരെ വഴിനടത്തി. അവർ രാംസേസിൽ നിന്ന് പുറപ്പെട്ട് സീനായ് മരുഭൂമിയിലേക്ക് നീങ്ങി. മരുഭൂമിയിൽ പ്രതികൂലസാഹചര്യങ്ങൾ ഉണ്ടായി. പിറുപിറുപ്പും അതൃപ്തിയും മത്സരമുള്ള പ്രതികൂല സാഹചര്യങ്ങളും ഉണ്ടായി (പുറ. 17:7). ഭക്ഷണത്തിനാവശ്യമായ മന്നയും, കാടപ്പക്ഷിയും, വെള്ളവും ദൈവം നൽകി. മന്നാ ഒട്ടുന്നതും മധുരമുള്ളതുമായ വസ്തുവാണ്. അറബികൾ അതിന് മൻ എന്നു വിളിക്കുന്നു. അവ റൊട്ടിയോടൊപ്പം, അറബികൾ ഉപയോഗിക്കുന്നു. പകൽ ഉറുമ്പ് അതു തിന്നു കളയും. രാത്രിയിൽ അവയെ ശേഖരിക്കാം (പുറ. 16:1–31). കാടപ്പക്ഷി വസന്തകാലത്ത് പ്രത്യക്ഷപ്പെടും. അവയെ ഓടിച്ചുപിടിക്കാം (പുറ. 16:13). മരുഭൂമിയിൽക്കൂടെ ചുറ്റിക്കറങ്ങിയുള്ള യാത്ര ഇസ്രായേൽക്കാരുടെ വിശ്വാസം പരിശോധിക്കുന്നതിനും ഉറപ്പിക്കുന്നതിനും ഇടയാക്കി.

## തെരഞ്ഞെടുത്ത വഴി

ഫെലിസ്ത്യരുടെ ശക്തിദുർഗ്ഗമായ പ്രധാന വഴി വിട്ട് ചുറ്റിക്കറങ്ങി അക്കാബായ്ക്കടുത്തുകൂടി അവരെ നയിച്ചു. യാത്രയിൽ കൂടുതൽ സമയം കാദേശിൽ അവർ കഴിച്ചു. സീനായിൽ വച്ച് ഇസ്രായേൽക്കാരുമായി യഹോവ ഒരു ഉടമ്പടി ഉണ്ടാക്കി. അതിന് നേതൃത്വം നൽകിയത് യഹോവ തന്നെ ആയിരുന്നു. രണ്ടു തുല്യശക്തികൾ തമ്മിലുള്ള ഉഭയ ഉടമ്പടിയല്ല, സ്രഷ്ടാവും, സൃഷ്ടിയും തമ്മിലുള്ള സ്നേഹബന്ധത്തിൽ ഉരുത്തിരിഞ്ഞ ഒരു ഉടമ്പടി ആയിരുന്നു അത്. ഇസ്രായേലിനെ ശത്രുക്കളിൽ നിന്ന് സംരക്ഷിക്കാനുള്ള ഉത്തരവാദിത്വം യഹോവ ഏറ്റെടുത്തു. ന്യായപ്രമാണാടിസ്ഥാനത്തിലുള്ള ഉഭയസമ്മതത്തിന്റെ ബന്ധത്തിൽ വിശ്വസ്തത പുലർത്തുന്ന ജീവിതം നയിക്കുവാൻ ഇസ്രായേൽ വാഗ്ദത്തം ചെയ്തു. കല്പനകൾ പരസ്യമായി വായിച്ചു. അതുപ്രകാരം ജീവിക്കാമെന്ന് ഇസ്രായേൽ സമ്മതിച്ചു (പുറ. 19:8). സമകാലീനരായ ഹിത്യർക്കും ഇതിനു സമാനമായ ഉടമ്പടിക്രമങ്ങൾ ഉണ്ടായിരുന്നു. കല്പനകൾ അനുസരിച്ചാൽ അനുഗ്രഹങ്ങളും ലംഘിച്ചാൽ ശിക്ഷയും വാഗ്ദാനം ചെയ്യുന്നവ ആയിരുന്നു അത്.

## ദൈവത്തിന്റെ കല്പനകളുടെ പ്രാധാന്യം

ദൈവം ഇസ്രായേലിനെ രക്ഷിച്ച് വീണ്ടെടുത്തു എന്നുള്ളതിന്റെ അടിസ്ഥാനത്തിലാണ് കല്പനകൾ (പുറ. 20:1–17; ആവ. 5:1–21). "അടിമവീടായ മിസ്രയീം ദേശത്തു നിന്നു നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു." ഒന്നാമത്തെ കല്പന ദൈവത്തോടുള്ള അവിഭക്തമായ വിധേയത്വം പ്രഖ്യാപിക്കുന്നതാണ്. വിശ്വസ്തതയോടെയുള്ള പൂർണ്ണബന്ധമാണ് തെരഞ്ഞെടുത്ത സമൂഹത്തിൽ നിന്ന് ദൈവം പ്രതീക്ഷിക്കുന്നത്. ചെയ്യുക, ചെയ്യരുത് എന്ന് അനുശാസിക്കുന്നവയാണ് അവ. പ്രഖ്യാപിത നിയമങ്ങൾ എന്ന് അവയെ പരാമർശിക്കാം. പ്രഖ്യാപിത നിയമങ്ങൾ ദൈവവും മനുഷ്യനും തമ്മിലുള്ള യഥാർത്ഥ ബന്ധം നിലനിർത്തുവാൻ സഹായകമാണ്. ദൈവവും മനുഷ്യനും തമ്മിലുള്ള ബന്ധത്തെപ്പറ്റി പരാമർശിക്കുന്നവയാണ് 1–4 വരെയുള്ള നിയമങ്ങൾ. 5–10 വരെയുള്ളത് മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ ശരിയായ രീതിയിൽ ഊട്ടിയുറപ്പിച്ചു നിലനിർത്തുവാൻ ഉപകരിക്കുന്നു. ശബ്ബത്തിനെക്കുറിച്ചുള്ളതും മാതാപിതാക്കളെ പരാമർശിച്ചുള്ളതും സ്പഷ്ടമായി നിഷ്കർഷിക്കപ്പെട്ട ഗണത്തിൽപ്പെടുന്നു. അല്ലെങ്കിൽ നിഷേധിക്കപ്പെട്ട മറ്റ് 8 എണ്ണം അരുത് വിഭാഗത്തിൽപ്പെട്ടവയാണ്. പുറ. 24–ാം അദ്ധ്യായത്തിൽ കല്പനകൾ വായിച്ച്, ജനങ്ങളുടെ സമ്മതവും അംഗീകാരവും വാങ്ങിയശേഷം യാഗങ്ങളും അർപ്പിക്കുന്നു (പുറ. 24:31). യാഗരക്തം പാതി എടുത്ത് പാത്രങ്ങളിൽ ഒഴിച്ചു. പാതി യാഗപീഠത്തിന്മേൽ തളിച്ചു. അവൻ നിയമപുസ്തകം എടുത്തു ജനം കേൾക്കെ വായിച്ചു. യഹോവ കല്പിച്ചതൊക്കെയും ഞങ്ങൾ അനുസരിച്ചു നടക്കാമെന്നു അവർ പറഞ്ഞു. അപ്പോൾ മോശ രക്തം എടുത്തു ജനത്തിന്മേൽ തളിച്ചു. "യാഗരക്തത്തിന് രണ്ടു വിഭാഗത്തെയും കൂദാശാപരമായി യോജിപ്പിക്കുവാൻ കഴിവുണ്ട്. മാരി ഫലകങ്ങളിൽ ഉടമ്പടിയുടെ അവസാനം കഴുതയുടെ യാഗത്തോടെയാണ് സമാപിക്കുന്നത്. സമകാലീനസമൂഹങ്ങളുടെ ആചാരങ്ങളിൽ ഇസ്രായേൽക്കാരുടെ ആചാരങ്ങളുമായി പലതിലും സാധർമ്മ്യമുണ്ടെങ്കിലും, യഹോവയുടെ സ്വഭാവത്തിന് നിരക്കുന്ന രീതിയിലുള്ള സവിശേഷതകൾ ഇല്ല.

പുറപ്പാട് പുസ്തകത്തിൽ കാണുന്ന ഉടമ്പടിയുടെ വിഭാഗത്തിൽ സമൂഹത്തിൽ സംഘർഷരഹിതമായ ജീവിതം നയിക്കുവാൻ ആവശ്യമായ നിബന്ധനകളും കാണാം. പല രീതിയിലുള്ള ഭിന്നമായ സാഹചര്യങ്ങളെ മുമ്പിൽ കണ്ടുകൊണ്ടാണ് അവയ്ക്ക് രൂപംകൊടുത്തിരിക്കുന്നത്. ആ നിയമങ്ങൾ ചില വ്യവസ്ഥകളുടെ അടിസ്ഥാനത്തിലുള്ളതാണ്. ലംഘിച്ചാൽ ഉള്ള പ്രായശ്ചിത്തത്തെക്കുറിച്ചും പ്രതിപാദിക്കുന്നു. ഹമ്മുറാബിയുടെ നിയമസംഹിതകളിൽ പലതിനും പഞ്ചഗ്രന്ഥത്തിലെ നിയമങ്ങ

ളോട് സാമ്യമുണ്ട്. കുറ്റം ചെയ്യുന്നവർക്കു കടുത്ത ശിക്ഷയാണ് അതിൽ കാണുന്നത്. പഴയനിയമത്തിലെ വ്യവസ്ഥകൾ മാനുഷിക പരിഗണന കൾക്ക് വളരെ പ്രാധാന്യം നൽകുന്നു. ഇസ്രായേലിന്റെ തനിമ നില നിർത്തുന്ന രീതിയിൽ അവയെ രൂപപ്പെടുത്തി മനുഷ്യന് താങ്ങാവുന്ന വിധം അവയെ ലാഘവപ്പെടുത്തി.

കോവറോസെക്ക്, മെൻഡൻഹോൾ എന്നിവർ ഹിത്യരുടെ ഉടമ്പടി ക്രമങ്ങളുടെ ഘടനയും പ്രത്യേകതകളും സവിസ്തരം അപഗ്രഥിച്ച് പഠി ച്ചിട്ടുണ്ട്. ചരിത്രപരമായ ആമുഖം, അനുശാസനകൾ, അനുഗ്രഹവും, ശാപവും, പരസ്യമായ വായന, ദൈവം സാക്ഷി, ദേവാലയത്തിൽ നിക്ഷേ പിക്കൽ എന്നിവയാണ് അവയുടെ ഉള്ളടക്കം. പ്രധാന നിയമങ്ങൾക്ക് ഈ ചട്ടക്കൂടുകളാണ് കാണുന്നത്.

ഹിത്യരുടെ നിയമങ്ങൾ ഇസ്രായേൽ അതേപടി സ്വീകരിച്ചതാണോ, മദ്ധ്യപൂർവ്വദേശത്തെ സമൂഹങ്ങൾക്കെല്ലാം പൊതുവായുണ്ടായിരുന്ന നിയമസംഹിതകളാണോ എന്നതിനെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ ഐക്യമില്ല.

ഒരു കാര്യം വ്യക്തമാണ്. മാനുഷിക പരിഗണനകൾ കൂടുതലുള്ള നിയമസംഹിതകളാണ് ഇസ്രായേലിനുള്ളത്. പുതിയ സാഹചര്യത്തിന് അനുസരിച്ചും, ദൈവികസ്വഭാവത്തിന് അനുയോജ്യമായും ചില വ്യതി യാനങ്ങൾ വരുത്തി ആധുനികവും സംഗതവുമാക്കിയ നിയമങ്ങൾ ഇസ്രാ യേലിന് ജീവനും ശക്തിയും പ്രദാനം ചെയ്തു.

ഫ്രാൻസിലെ സ്റ്റ്രാസ്ബർഗ്ഗ് സർവ്വകലാശാല പ്രൊഫസറായ എഡ് മണ്ട് ജേക്കബിന്റെ അഭിപ്രായത്തിൽ യഹോവയും ഇസ്രായേലും തമ്മി ലുള്ള ഉടമ്പടി മൂന്നു കാര്യങ്ങൾ വ്യക്തമാക്കുന്നു. 1. ഉടമ്പടി യഹോവ തന്റെ ജനങ്ങൾക്ക് നൽകുന്ന ഒരു ദാനമാണ്. 2. ഉടമ്പടി മൂലം, ദൈവം തന്റെ ജനവുമായി ഒരു പ്രത്യേക ബന്ധത്തിൽ വന്നുചേരുകയും കൂട്ടായ്മ സ്ഥാപിക്കുകയും ചെയ്യുന്നു. 3. ഉടമ്പടി ചില കടപ്പാടുകൾ സൃഷ്ടിക്കു കയും അതു ന്യായപ്രമാണത്തിന്റെ ആചരണം മൂലം ചില യഥാർത്ഥ രൂപങ്ങൾ പ്രാപിക്കുകയും ചെയ്യുന്നു.

തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് സുധീരമായ നേതൃത്വം നൽകിയ മോശയ്ക്ക് വാഗ്ദത്തനാട്ടിലേക്ക് പ്രവേശിക്കാനുള്ള ഭാഗ്യം ലഭിച്ചില്ല. നേബോ പർവ്വതത്തിൽ നിന്ന് മനോഹരമായ ദേശം കണ്ടതിനുശേഷം മോശ ഇഹലോകവാസം വെടിഞ്ഞു (ആവ. 34:1-5).

## പാഠം 3

# ന്യായാധിപന്മാരും രാജവാഴ്ചയും

മോശയുടെ കാലശേഷം ഇസ്രായേൽക്കാർക്ക് നേതൃത്വം കൊടുത്തത് നൂന്റെ മകനായ യോശുവയാണ് (യോശുവ 1:1). യോശുവയുടെ നേതൃത്വത്തിൽ യോർദ്ദാൻ കടന്ന് വാഗ്ദത്തനാട്ടിലേക്ക് യാത്ര തുടർന്ന്, മദ്ധ്യത്തിൽക്കൂടെയും, തെക്കുഭാഗത്തു കൂടെയും, വടക്കുവശത്തും, അവർ ആക്രമിച്ച് മുന്നേറി. കോട്ടകളുള്ള യെരീഹോ പട്ടണത്തെ സമീപിച്ച് 6 ദിവസം കോട്ടയ്ക്ക് ചുറ്റും നടന്നു. 7 പുരോഹിതർ 7 കാഹളം ഊതിക്കൊണ്ട് പെട്ടകത്തിന്റെ മുമ്പിൽ നടന്നു. ആയുധപാണികൾ അവരുടെ മുമ്പിൽ നടന്നു. ശേഷമുള്ളവർ പെട്ടകത്തിന്റെ പിന്നാലെ നടന്നു (യോശുവ 6:12-14). ഏഴാം ദിവസം പട്ടണത്തെ ഏഴു പ്രാവശ്യം ചുറ്റി. ഏഴാം പ്രാവശ്യം കാഹളം ഊതി ആർപ്പിട്ടപ്പോൾ മതിൽ വീണു. പട്ടണത്തിലേക്ക് കടന്നു പട്ടണം പിടിച്ചു (യോശുവ 6:20). യോശുവ അയച്ച ഒറ്റുകാരെ സഹായിച്ച രാഹാബിനെയും, ബന്ധുമിത്രാദികളെയും പുറത്തുകൊണ്ടുവന്നു പാളയത്തിന് പുറത്തു താമസിപ്പിച്ചു (യോശുവ 6:23). അതിനുശേഷം ഹായി പട്ടണം കീഴടക്കുവാൻ ശ്രമിച്ചു. ആഖാൻ അർപ്പിത മുതൽ കവർന്നതുകൊണ്ട് ഇസ്രായേലിന് തോൽവി സംഭവിച്ചു (യോശുവ 7:4-11). കുറ്റക്കാരനെ കണ്ടുപിടിച്ച് അവനെയും, കുടുംബത്തെയും സംഹരിച്ചു (യോശുവ 7:24). അവർ ജൈത്രയാത്ര തുടർന്നു. അകലെയുള്ളവർ എന്ന വ്യാജേന (യോശുവ 9:5) ഉടമ്പടിബന്ധം സ്ഥാപിച്ച ഗിബെയോൻകാരെ നിഹനിക്കാതെ വെള്ളം കോരുവാനും, വിറകു വെട്ടുവാനും നിയോഗിച്ചു (യോശുവ 9:27).

കനാൻ നാട് വിവിധ മേഖലകളിൽ കൂടി ആക്രമിച്ച് കീഴടക്കുന്നതിനെക്കുറിച്ച് ഭിന്നമായ പാരമ്പര്യങ്ങൾ ഉണ്ട്. ആദ്യമായി ഗോത്രങ്ങൾക്ക് രാജ്യം വിഭജിച്ചു കൊടുത്തു. അവിടത്തെ അന്തേവാസികളെ കീഴടക്കിയെങ്കിലും നശിപ്പിക്കാതെ അവിടെത്തന്നെ തങ്ങുവാൻ അനുവദിച്ചു. ഹിത്യർ, അമോര്യർ, കനാന്യർ, പെരിസ്യർ, ഹിവ്യർ, യെബൂസ്യർ എന്നിവർ യോശുവയോടും, യിസ്രായേലിനോടും യുദ്ധം ചെയ്‌വാൻ വന്നു (യോശുവ 9:2).

ശേഖേമിൽ വച്ച് യോശുവാ ജനത്തിന്റെ ഉടമ്പടി പുതുക്കി യഹോവയുമായുള്ള ബന്ധം ഉറപ്പിച്ചു (യോശുവ 24:25). ശത്രുക്കളെ പരിപൂർണ്ണമായി കീഴടക്കാതിരുന്നതുകൊണ്ട് വിവിധ സന്ദർഭങ്ങളിൽ അവർ തലപൊക്കി പ്രശ്നങ്ങൾ ഉണ്ടാക്കി. ഇസ്രായേൽക്കാരെ സംയോജിപ്പിച്ച് നിലനിർത്തിയത് യഹോവയുമായുള്ള ബന്ധവും, പുണ്യസ്ഥലങ്ങളിലുള്ള കൂടിവരവും ആരാധനയുമായിരുന്നു. കനാന്യർക്കോ, ഫെലിസ്ത്യർക്കോ

ഉള്ളതുപോലെയുള്ള യുദ്ധസാമഗ്രികളോ പരിശീലനം ലഭിച്ച ഭടന്മാരോ, സൈന്യസമൂഹമോ ഇസ്രായേൽക്കാർക്ക് ഉണ്ടായിരുന്നില്ല. ഈ സാമൂഹ്യപശ്ചാത്തലത്തിലാണ് ന്യായാധിപന്മാരുടെ രംഗപ്രവേശം. ചുറ്റുപാടുമുള്ളവർക്കുള്ളതുപോലെ ഒരു രാജാവുണ്ടായിരുന്നെങ്കിൽ ഇസ്രായേൽക്കാർക്കും എളുപ്പത്തിൽ യുദ്ധം ചെയ്തു വിജയം വരിക്കാമെന്ന ചിന്ത ഈ സാഹചര്യത്തിലുണ്ടായി.

യോശുവയുടെ കാലശേഷം ജനത്തെ നയിക്കുവാൻ ന്യായാധിപന്മാരെ നിയമിച്ചു. ന്യായാധിപന്മാരുടെ പുസ്തകത്തിൽ കാണുന്ന ഏഹൂദ്, ഗിദെയോൻ, ദെബോറ, സാംസൻ എന്നിവർ ന്യായാധിപന്മാർ എന്നതിനേക്കാൾ ഉപരിയായി വിമോചകദൗത്യം ആണ് നിർവ്വഹിച്ചിരുന്നത്. ഇസ്രായേൽ പലപ്പോഴും യഹോവയെ ആരാധിക്കുന്നതിനെ വിട്ട് ബാലിനെ ആരാധിക്കുവാനും, അഷേരയ്ക്ക് ധൂപം അർപ്പിക്കാനും തുടങ്ങി. അങ്ങനെയുള്ള അവസരങ്ങളിൽ അവരെ മനംതിരിപ്പിക്കാൻ ശത്രുക്കളുടെ ആക്രമണം ഉണ്ടായി. അപ്പോൾ അവർ ദൈവത്തോട് അപേക്ഷിച്ചു. ദൈവം വിമോചകരെ എഴുന്നേല്പിച്ച് (ന്യായ. 2:11-15) അവർക്ക് മോചനം നൽകി. വീണ്ടും കുറെ കഴിഞ്ഞപ്പോൾ അവർ യഹോവയെ വിട്ട് വിഗ്രഹാരാധനയിലേക്ക് തിരിഞ്ഞു. വീണ്ടും ശത്രുസൈന്യങ്ങൾ രംഗപ്രവേശം ചെയ്തു. ഇസ്രായേൽക്കാരെ പീഡിപ്പിച്ചു. ഗിദയോനോട് രാജാവാകുവാൻ ആവശ്യപ്പെട്ടു. ഗിദയോൻ അതു നിരസിച്ചു (ന്യായ. 8:22). അബീമേലെക്ക് രാജാവാകുവാൻ ശ്രമം നടത്തിയെങ്കിലും അതിന് അംഗീകാരം കിട്ടിയില്ല.

**മതപരമായ ആചാരങ്ങൾ**

കനാന്യരുടെ ആചാരങ്ങളെക്കുറിച്ച് ഉഗാറിത്തിലെ റാസ്, ഷാമ്റാ ലിഖിതങ്ങൾ വിവരങ്ങൾ നൽകുന്നു. ബാൽ ദേവനെയും, അഷേരാ ദേവിയെയും അവർ ആരാധിച്ചിരുന്നു. ചില പ്രത്യേക സ്ഥലങ്ങൾ പ്രത്യേക ദേവന്മാരുടെ അധീനത്തിലാണെന്ന് അവർ കരുതി. ദേവന്മാരെ പ്രീണിപ്പിക്കുവാൻ ചില പ്രക്രിയകൾ നടത്തി. പുരുഷൻ ദേവന്റെ സ്ഥാനത്തും സ്ത്രീ ദേവതയുടെ സ്ഥാനത്തും നിന്ന് ലൈംഗികപ്രക്രിയകളിൽ ഏർപ്പെട്ടാൽ നല്ല കൃഷിയുണ്ടാകുമെന്നും കായ്കനികൾ വർദ്ധിപ്പിക്കുവാൻ സഹായിക്കുമെന്നും അവർ വിശ്വസിച്ചു. ധാർമ്മികമായ അധഃപതനത്തിലേക്ക് നയിക്കുന്ന പ്രക്രിയയായിരുന്നു അത്.

യഹോവയുടെ നിയന്ത്രണം കുന്നുകളിൽമാത്രം ഒതുങ്ങുന്നതാണെന്നും താഴ്വരയും, സമതലവും മറ്റു ദേവന്മാരുടെ അധികാരപരിധിയിൽ ആണെന്നും ഇസ്രായേൽ ധരിച്ചു. യഹോവയെയും ബാലിനെയും ഒരുപോലെ ആരാധിച്ചാൽ എന്താണ് കുഴപ്പം? സമാധാനപരമായ സഹവർത്തിത്ത്വം അങ്ങനെ സ്ഥാപിക്കാൻ സാധിക്കയില്ലേ?

രണ്ടു മതപാരമ്പര്യങ്ങളുടെ സംഗമമാണ് അക്കാലത്ത് സംഭവിക്കുന്നത്. ബാലിന്റെ പേര് യഹോവയുടെ നാമത്തിന്റെ പര്യായമായി ഉപയോഗിക്കുവാൻ തുടങ്ങി. ഗിദയോന് യെരുബാൽ എന്ന പേരുമുണ്ടായിരുന്നു. ശൗലിന്റെ പൗത്രൻ മെരിബാലിന്റെ പേര് ചില ശാസ്ത്രിമാർ 'മെഫീബോഷെത്ത്' എന്ന് തിരുത്തിക്കുറിക്കുകയും ചെയ്തു (ബോഷെത്ത് എന്നാൽ ലജ്ജയെന്നർത്ഥം).

ആടുവളർത്തൽ തൊഴിലാക്കിയ ഇസ്രായേൽക്കാർ കനാനിൽ വാസമുറപ്പിച്ചപ്പോൾ അവരുടെ ജീവിതരീതിക്കും വ്യതിയാനമുണ്ടായി. അവർ കൃഷി ചെയ്യാനും കൃഷിയുടെ പ്രത്യേകതകൾ പഠിക്കുവാനും തുടങ്ങി. ആട്ടിടയ ജീവിതത്തിൽനിന്ന് കർഷകജീവിതത്തിലേയ്ക്കുള്ള മാറ്റമാണ് അവിടെ സംഭവിക്കുന്നത്. അതോടൊപ്പമാണ് തദ്ദേശിയരുടെ കൃഷിദേവനായ ബാലിനോട് അടുക്കുവാനുള്ള പ്രലോഭനമുണ്ടായതും.

കനാന്യദേവന്മാരെ ആരാധിച്ചിരുന്ന ദേവാലയങ്ങൾ ഇസ്രായേൽക്കാർ പൂർണ്ണമായി നശിപ്പിച്ചില്ല. ചിലതെല്ലാം യഹോവയെ ആരാധിക്കുവാനുള്ള കേന്ദ്രങ്ങളായി രൂപപ്പെടുത്തി. വിഗ്രഹാരാധനയോട് അടുപ്പമുള്ള ചില ആചാരരീതികൾ അവശേഷിപ്പിക്കുകയും ചെയ്തു. അതിന്റെ ബാക്കിയാണ് മമ്രേയിലെ കരുവേലകം (ഉല്പത്തി 18:5).

ലൈംഗികപ്രക്രിയകളെ ഹീനമെന്നോ മലീമസമെന്നോ ഇസ്രായേൽ കരുതിയിരുന്നില്ല. ഉല്പത്തി പുസ്തകത്തിലെ സൃഷ്ടിയുടെ വിവരണത്തിൽ പെരുകി ഭൂമി നിറയുവാനുള്ള അനുഗ്രഹം യഹോവ മനുഷ്യജാതിക്ക് നൽകിയതായി കാണാം (ഉല്പത്തി 1:28).

ദൈവം യുദ്ധത്തിന്റെ ദൈവമാണെന്നുള്ള ചിന്ത തെറ്റായി വ്യാഖ്യാനിക്കപ്പെടുവാൻ ഇടയുണ്ട്. ഭൂമിയും ചരാചരങ്ങളും ദൈവത്തിന്റെ ശക്തിക്കും, ആധിപത്യത്തിനും വിധേയമായി നിലകൊള്ളുന്നു. ദൈവത്തിന് സമാന്തരമായ ശക്തികളല്ല മറ്റ് ദേവന്മാർ. തെരഞ്ഞെടുക്കപ്പെട്ട ജനമായ ഇസ്രായേലിൽ നിന്ന് പരിപൂർണ്ണമായ വിധേയത്വം ദൈവം ആവശ്യപ്പെടുന്നു. ശത്രുക്കൾ വന്ന് പോരാട്ടം നടത്തുമ്പോൾ അതിനെതിരായി പടനായകനായി നടന്നു പട പൊരുതുന്നത് യഹോവയാണ്. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായ പെട്ടകമെടുത്ത് യഹോവ പട പൊരുതണമെയെന്ന് ആർത്ത് അട്ടഹസിച്ച് യുദ്ധത്തിൽ പങ്കുചേരാൻ കാഹളം മുഴക്കി ജനത്തെ ആഹ്വാനം ചെയ്യുന്നു. യഹോവയിലുള്ള വിശ്വാസത്തിന്റെ പേരിൽ ജനം ഒരുമിച്ചു ചേർന്നു യുദ്ധത്തിൽ പങ്കെടുത്തു വിജയം വരിച്ചു. ദൈവിക കല്പനകളെ ലംഘിച്ചാൽ യുദ്ധത്തിൽ തോൽവിയുണ്ടാകും. വ്രതത്തോടും സമർപ്പണത്തോടും കൂടെ വേണം വിശുദ്ധ യുദ്ധത്തിൽ പങ്കെടുക്കുവാൻ.

യുദ്ധം ദൈവത്തിന്റെ യുദ്ധവും യുദ്ധത്തിലെ വിജയം ദൈവത്തിന്റെ വിജയവുമായിരുന്നു. അതിൽ നിന്നു ലഭിക്കുന്ന കൊള്ളമുതൽ എടുക്കുവാൻ ജനത്തിന് അവകാശമില്ല. ദയയുടെ പേരിൽ ശത്രുരാജാക്കന്മാരെ ശേഷിപ്പിച്ച അവസരത്തിലും ചില പരാജയങ്ങൾ ഉണ്ടായിട്ടുണ്ട്.

### അത്ഭുതങ്ങളും അവയുടെ പ്രാധാന്യങ്ങളും

ദൈവിക പ്രവർത്തനങ്ങൾ മനുഷ്യന്റെ ശക്തിക്കും യുക്തിക്കും അതീതമാണ്. യെരീഹോ കോട്ട പൊളിഞ്ഞത് ഭൂമികുലുക്കം കൊണ്ടാണെന്നും അതു വെറും പ്രകൃതി സംഭവമാണെന്നും വ്യാഖ്യാനിച്ച് അവയുടെ പ്രാധാന്യം കുറച്ചുകാട്ടുവാൻ പണ്ഡിതന്മാർ ശ്രമം നടത്തുന്നുണ്ട്. പ്രാപഞ്ചികശക്തികൾ സ്വാഭാവികമായി പ്രവർത്തിക്കുന്നുവെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഈ ചിന്താഗതികൾ. പ്രപഞ്ചവും അതിലുള്ള സകലവും സ്വയം പ്രവർത്തിക്കുന്നവയല്ല. ദൈവത്തിന്റെ ശക്തിക്ക് വിധേയമായി അവ നിലകൊള്ളുന്നു. ഭൂമികുലുക്കം വിധിനിർണ്ണായകമായ സന്ദർഭത്തിൽ ഉണ്ടായി ഇസ്രായേൽക്കാർക്കു മോചനം നൽകി എന്നതിലാണ് ദൈവത്തിന്റെ ശക്തി കാണേണ്ടത്. വിശ്വാസത്തിൽ കൂടെ മാത്രമേ ദൈവത്തിന്റെ അത്ഭുത പ്രവർത്തികളെ കണ്ടു നമിക്കുവാൻ സാധിക്കുകയുള്ളു.

### രാജവാഴ്ച - ശൗൽ പ്രഥമ രാജാവ്

ന്യായാധിപന്മാരുടെ കാലഘട്ടവും, ഫെലിസ്ത്യരുടെയും കനാന്യരുടെയും യുദ്ധസജ്ജീകരണങ്ങളും ആക്രമണവും രാജാവുണ്ടായിരുന്നുവെങ്കിൽ നേതൃത്വം കൊടുക്കുവാൻ കഴിയുമായിരുന്നുവെന്ന സാഹചര്യവും സ്ഥിരമായ പരിശീലനം ലഭിച്ച സൈന്യത്തിന്റെ ആവശ്യകതയും പുരോഗമനചിന്തയുള്ള ജനങ്ങൾക്ക് ബോധ്യമായി. അവസാനത്തെ ന്യായാധിപനായ ശമുവേലിനെ അവർ വിവരം അറിയിക്കുകയും ചെയ്തു. വിവിധ പാരമ്പര്യങ്ങളിൽ ശമുവേൽ, ന്യായാധിപൻ, നാസീർ, പ്രവാചകൻ, ദർശകൻ, ദൈവപുരുഷൻ എന്നീ പേരുകളിൽ അറിയപ്പെട്ടിരുന്നു. രാജാവുണ്ടായാൽ വന്നുകൂടാൻ സാധ്യതയുള്ള പാരതന്ത്ര്യവും കടഭാരവും ശമുവേൽ ചൂണ്ടിക്കാട്ടി (1 ശമു. 8:10–17). രാജാവിനെ വേണമെന്ന് ജനം ശാഠ്യം പിടിച്ചു (1 ശമു. 8:20). കനാന്യരേക്കാൾ ശക്തിയേറിയ പട്ടാളസന്നാഹങ്ങളാണ് ഫെലിസ്ത്യർക്കുണ്ടായിരുന്നത്. ഇരുമ്പ് ആയുധങ്ങൾ നിർമ്മിക്കാനുള്ള നൈപുണ്യം അവർ നേടിയിരുന്നു. പരിചയും കുന്തവും വാളും അവർ നിർമ്മിച്ചു. ദാവീദിനെ നേരിടാൻ വന്ന ഗോലിയാത്തിന്റെ വേഷസംവിധാനം ഫെലിസ്ത്യരുടെ യുദ്ധസാമഗ്രികളെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കുന്നു (1 ശമു. 17:4–7).

ബെന്യാമിൻ ഗോത്രത്തിൽപ്പെട്ട കീശിന്റെ പുത്രനായ ശൗലിന്റെ തുടക്കം, കാണാതെപോയ കഴുതകളെ അന്വേഷിച്ചുള്ള പുറപ്പാടിലാണ്. അന്വേഷിച്ചിട്ടും കണ്ടെത്താതെ അവിടെ ആഗതനായ ദർശകനായ ശമുവേലിനെ സമീപിച്ച് അന്വേഷണകാര്യം പറയുവാൻ ആഗ്രഹിച്ചു. രാമായിലെത്തിയ ശമുവേൽ ശൗലിനെ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട രാജാവായി അഭിഷേകം ചെയ്തു. യെരുശലേമിൽ നിന്നു 3 മൈൽ വടക്കുള്ള ഗിബെയായിരുന്നു ശൗലിന്റെ വാസസ്ഥലം. വലിയ രാജകൊട്ടാരമോ സുരക്ഷാസന്നാഹങ്ങളോ, ഭരണസംവിധാനമോ അന്നുണ്ടായിരുന്നില്ല. വില്യം ഫോക്സ് വെൽ ഓൾ ബ്രെറ്റ് എന്ന അമേരിക്കൻ പുരാവസ്തു ഗവേഷകൻ നടത്തിയ പുരാവസ്തു ഗവേഷണവും പഠനവും ശൗലിന്റെ ആസ്ഥാനമായ ഗിബെയാ കണ്ടെടുത്തിട്ടുണ്ട്.

പ്രതിസന്ധിഘട്ടം വരുമ്പോൾ ശൗൽ ഇസ്രായേൽക്കാരെ ഒരുമിച്ചുകൂട്ടി യുദ്ധത്തിനു നേതൃത്വം നൽകി. ശൗലും, യോനാഥാനും, ദാവീദും വിവിധ ഗണങ്ങളെ നയിച്ചു. ഇടക്കിടയ്ക്ക് വന്ന് യുദ്ധം ചെയ്ത് അസ്വസ്ഥത സൃഷ്ടിക്കുന്ന സമൂഹമായിരുന്നു ഫെലിസ്ത്യർ. ഫെലിസ്ത്യരുടെ ആക്രമണം തുടരെ തുടരെ ഉണ്ടായപ്പോൾ പരിശീലനം ലഭിച്ച സൈന്യത്തിന്റെ ആവശ്യം നേരിട്ടു (1 ശമു. 13:2). ശൗൽ 3000 പേരെ സൈന്യത്തിൽ ചേർത്തതായി കാണുന്നു. സൈന്യത്തിലെ മുന്തിയ ഗണം ശൗലിന്റെയും, ചെറിയ വിഭാഗം യോനാഥാന്റെയും നേതൃത്വത്തിലായിരുന്നു. ഫെലിസ്ത്യരെ കൂടാതെ മറ്റു ശത്രുക്കൾ കൂടെ രംഗപ്രവേശം ചെയ്തപ്പോൾ ചെറിയ പട്ടാളസമൂഹം മതിയാകാതെ വന്നു. കൂടുതൽ പേരെ സൈന്യത്തിൽ ചേർത്തു. അബ്നേരെ പട്ടാളമേധാവിയാക്കി (1 ശമു. 17:55). സഹസ്രാധിപൻ എന്ന സ്ഥാനം ദാവീദിനും നൽകി (1 ശമു. 18:13). ശൗലിന്റെ ഭരണകൂടത്തെക്കുറിച്ച് അധികം അറിയാൻ പാടില്ല. ഫെലിസ്ത്യരുടെ സമ്മർദ്ദം രാജ്യത്തിന്റെ ഐക്യത്തിനും കെട്ടുറപ്പിനും കളമൊരുക്കി. എഫ്രയീം മലകൾക്ക് വടക്കുഭാഗം നിയന്ത്രണത്തിൽ കൊണ്ടുവരാൻ ശൗലിന് കഴിഞ്ഞില്ല. ജെസ്റീൽ താഴ്വരയ്ക്ക് അഭിമുഖമായുള്ള ഗിൽബോവ്വാ പർവ്വതമായിരുന്നു ശൗലിന്റെ അതിർത്തി. എസ്ഡ്രാലോൻ സമതലവും കോട്ടകളും ഫെലിസ്ത്യരുടെ ആധിപത്യത്തിലുമായിരുന്നു. ശൗലിന്റെ ആധിപത്യകേന്ദ്രം യോർദ്ദാന് കിഴക്കുള്ള യാബേശ്, ഗിലെയാദ്കാരുടെ ഭാഗമായിരുന്നു. തെക്കുഭാഗത്ത്, അമാലേക്യരുമായി ഏറ്റുമുട്ടി, കുറച്ചൊക്കെ സ്വാധീനത്തിൽ വന്നെങ്കിലും, ഇസ്രായേൽ യെരുശലേം കീഴടക്കിയിരുന്നില്ല. രാജ്യത്തിലെ തെക്കുഭാഗത്തുള്ളവർ ദാവീദിനോടാണ് മമത കാണിച്ചിരുന്നത്.

പ്രതിസന്ധിഘട്ടം വരുമ്പോൾ ശൗൽ സൈന്യങ്ങളെ ഒരുമിച്ചുകൂട്ടി യുദ്ധത്തിന് നേതൃത്വം നൽകി. ഇത്തരുണത്തിലാണ് ഫെലിസ്ത്യരുടെ

രൂക്ഷമായ പോരാട്ടം ഉണ്ടായത്. സൈന്യങ്ങൾ ഏറ്റുമുട്ടുന്നതിന് പകരം രണ്ടു വിഭാഗത്തിലെയും തെരഞ്ഞെടുത്ത രണ്ടുപേർ പോരാട്ടം നടത്തി വിജയം ആർക്കാണെന്ന് പരീക്ഷിക്കാനുള്ള അവസരം ഉണ്ടായി. സർവ്വായുധധാരിയായ ഗോലിയാത്തിനെ കല്ലും കവണയുംകൊണ്ട് ദാവീദ് നേരിട്ടു. ഗോലിയാത്തിന്റെ വാൾ ഊരി അവനെ നിഹനിച്ചു. വിജയശ്രീലാളിതനായി വന്നപ്പോൾ ഇസ്രായേൽ സന്തോഷത്താൽ മതിമറന്നു നൃത്തമാടി. "ശൗലോ ആയിരത്തെ കൊന്നു. ദാവീദോ പതിനായിരത്തെ കൊന്നുവെന്ന് പാടി" (1 ശമു. 18:7). അന്നുമുതൽ, ദാവീദ് ശക്തനായ ഒരു പ്രതിയോഗിയാകുമെന്നു മുൻകൂട്ടി കണ്ടുകൊണ്ട് ദാവീദിനെ വകവരുത്തുവാൻ ഇടയ്ക്കിടയ്ക്ക് ശൗൽ ശ്രമിച്ചു.

മാനസിക വിഭ്രമം ഉണ്ടായിരുന്ന ശൗലിനെ കിന്നര സംഗീതം ആലപിച്ച് സാന്ത്വനപ്പെടുത്തുവാൻ ദാവീദിനെ നിയമിച്ചു. കിട്ടിയ തക്കത്തിൽ ദാവീദിനെ കൊല്ലുവാൻ ശൗൽ ശ്രമിച്ചു. ശൗലിന്റെ മകൻ യോനാഥാനും ദാവീദും തമ്മിലുള്ള കൂട്ടുകെട്ടും ഉടമ്പടിയും ദാവീദിന്റെ ജീവനെ രക്ഷിച്ചു. പ്രാണരക്ഷാർത്ഥം രാജ്യത്തിൽനിന്നും മാറി ഗത്തിൽ പോയി. ഫെലിസ്ത്യരുടെ കൂലിപ്പട്ടാളത്തിൽ സേവനം അനുഷ്ഠിച്ചു. പിന്തുടർന്ന ശൗലിനെ നശിപ്പിക്കാൻ ദാവീദിന് അവസരം കിട്ടിയെങ്കിലും ദൈവത്തിന്റെ അഭിഷിക്തന്റെ മേൽ കൈവെക്കുവാൻ ദാവീദ് തുനിഞ്ഞില്ല. ശൗലിന്റെ മൂത്ത മകൾ മേരബിനെ ഭാര്യയായി ദാവീദിന് കൊടുക്കാമെന്ന് ശൗൽ വാഗ്ദാനം ചെയ്തെങ്കിലും വാക്കു പാലിച്ചില്ല. പിന്നീട് മീഖളിനെ, സ്ത്രീധനമായി ഫെലിസ്ത്യരുടെ അഗ്രചർമ്മം സ്വീകരിച്ച് ഭാര്യയായി നൽകി (1 ശമു. 18:17–29).

ഇതിനകം ശൗൽ ശമുവേലിൽ നിന്നും അന്യനായി കഴിഞ്ഞിരുന്നു. അമാലേക്യരെ ആക്രമിച്ചപ്പോൾ രാജാവായ ആഗാഗിനെ രക്ഷിച്ചു. "അമാലേക്യരുടെ രാജാവായ ആഗാഗിനെ ജീവനോടെ പിടിച്ചു. ജനങ്ങളെ ഒക്കെയും വാളിന്റെ വായ്ത്തലയാൽ നിർമ്മൂലമാക്കി. എന്നാൽ ശൗലും ജനവും ആഗാഗിനെയും ആട്, മാട്, തടിച്ച മൃഗം എന്നിവയിൽ മേത്തരമായവയെയും കുഞ്ഞാടുകളെയും ഉത്തമമായവയെ ഒക്കെയും നിർമ്മൂലമാക്കുവാൻ മനസ്സില്ലാതെ ജീവനോടെ സൂക്ഷിച്ചു" (15:9).

യാഗം കഴിക്കുവാനുള്ള ക്രമീകരണങ്ങൾ എല്ലാം നടത്തി ഏഴു ദിവസം ശമുവേലിനെ കാത്തിരുന്നു ശൗൽ. ശമുവേൽ എത്താതിരുന്നപ്പോൾ അക്ഷമനായി യാഗം നടത്തി (1 ശമു. 13:9). അല്പം കഴിഞ്ഞ് സ്ഥലത്തെത്തിയ ശമുവേൽ ശൗലിനെ നിശിതമായി വിമർശിക്കുകയും "നിന്റെ രാജത്വം നിലനിൽക്കയില്ല" എന്നു പറയുകയും ചെയ്തു (1 ശമു. 13:14). ദുരന്തപൂർണ്ണമായ സംഭവവികാസങ്ങളാണ് ശൗലിന് നേരിടേണ്ടി വന്നത്.

ഫെലിസ്ത്യരുടെ തുടരെ തുടരെയുള്ള ആക്രമണം വലിയ ഭീഷണിയായി. ദൈവസാന്നിദ്ധ്യത്തിന്റെ പ്രതീകമായ പെട്ടകം യുദ്ധരംഗത്ത് കൊണ്ടുപോവുക പതിവായിരുന്നു. അഫേക്കിൽവച്ച് ഫെലിസ്ത്യർ അത് പിടിച്ചെടുത്തു. വിജയത്തിനു പകരം വിനാശമാണ് അതുകൊണ്ട് അവർക്കുണ്ടായത്. കാഴ്ചകളുമായി പെട്ടകത്തെ അവർ തിരിച്ചയച്ചു. സംരക്ഷണമൊന്നും കൂടാതെ കിറിയത്ത് യെയാരീമിൽ അതു കുറെക്കാലം കിടന്നു.

യഹോവ ശൗലിനെ തള്ളിയതുകൊണ്ട് ശൗലിന്റെ പിൻതുടർച്ചക്കാരനായ ഒരാളെ തെരഞ്ഞെടുക്കേണ്ട സാഹചര്യം ഉണ്ടായി. ന്യായാധിപനും പ്രവാചകനുമായ ശമുവേൽ ഈ ലക്ഷ്യം നിറവേറ്റാൻ ബേത്ലഹേമിൽ യിശ്ശായുടെ ഭവനത്തിൽ എത്തി. യഹൂദ ഗോത്രത്തിൽപ്പെട്ട യിശ്ശായിക്കു 8 മക്കൾ ഉണ്ടായിരുന്നു. അവരിൽ 3 പേർ ശൗലിന്റെ സൈന്യത്തിൽ യുദ്ധരംഗത്ത് ജോലി ചെയ്തിരുന്നു. യാഗം കഴിക്കാൻ ശമുവേൽ ബേത്ലഹേമിൽ എത്തി. യാഗം കഴിക്കാൻ യിശ്ശായിയെ ക്ഷണിച്ചു. യിശ്ശായിയുടെ മകനായ ഏലിയാബിനെ കണ്ടിട്ടു "യഹോവയുടെ മുമ്പാകെ അവന്റെ അഭിഷിക്തൻ ഇതാ എന്നു പറഞ്ഞു." യഹോവ ശമുവേലിനോടു അവന്റെ മുഖമോ പൊക്കമോ നോക്കരുത് ഞാൻ അവനെ തള്ളിയിരിക്കുന്നു. മനുഷ്യൻ നോക്കുന്നതുപോലെയല്ല. മനുഷ്യൻ കണ്ണിനു കാണുന്നതു നോക്കുന്നു; യഹോവയോ ഹൃദയത്തെ നോക്കുന്നു എന്നു അരുളിച്ചെയ്തു. പിന്നെ അബീനാദാബിനെയും ശമ്മയെയും വരുത്തി. അതിനുശേഷം ഏഴു പുത്രന്മാരിൽ ബാക്കിയുള്ളവരെയും വിളിച്ചു. യഹോവ അവരെ തെരഞ്ഞെടുത്തിട്ടില്ലായെന്നു പറഞ്ഞു. അതിനുശേഷം ആടുമേയ്ക്കാൻ പോയിരുന്ന ദാവീദിനെ വിളിപ്പിച്ചു. ദാവീദ് പവിഴനിറമുള്ളവനും സുനേത്രനും കോമളരൂപിയും ആയിരുന്നു (1 ശമു. 16:12). അപ്പോൾ യഹോവ: എഴുന്നേറ്റു ഇവനെ അഭിഷേകം ചെയ്ക; ഇവൻതന്നെ ആകുന്നു എന്നു കല്പിച്ചു. ശമുവേൽ ദാവീദിനെ അഭിഷേകം ചെയ്തു (1 ശമു. 16:13).

ഫെലിസ്ത്യരുടെ പോരാട്ടം തുടരെതുടരെ നടന്നുകൊണ്ടിരുന്നു. ഗിൽബോവ പർവ്വതത്തിലുള്ള ഏറ്റുമുട്ടലിൽ നിരാശനായ ശൗൽ ആത്മഹത്യ ചെയ്തു (1 ശമു. 31:4). ശൗലിന്റെ മൂന്നു മക്കളും വധിക്കപ്പെട്ടു. ശൗലിന്റെ തലയും ആയുധങ്ങളും ഫെലിസ്ത്യർ കൊണ്ടുപോയി. ഗിലെയാദിലെ യാബേശ് നിവാസികൾ, ബേത്ത്ശാന്റെ ചുവരിൽനിന്ന് ശൗലിന്റെ ശവവും അവന്റെ പുത്രന്മാരുടെ ശവങ്ങളും എടുത്തു യാബേശിൽ കൊണ്ടുവന്നു അവിടെ വച്ച് ദഹിപ്പിച്ചു. ദൂതൻ വന്നു ദാവീദിനെ വിവരം അറിയിച്ചു. ദാവീദ് ശൗലിനെയും, അവന്റെ മകനായ യോനാഥാനെയും കുറിച്ച് വിലാപഗീതം ചൊല്ലി (2 ശമു. 1:17–27).

ദാവീദ് യഹോവയോട് യഹൂദ്യായിൽ പോകണമോയെന്ന് ചോദിച്ചു. യഹൂദ്യായിലെ ഹെബ്രോനിലേക്ക് പോകാൻ അരുളപ്പാടുണ്ടായി (2 ശമു. 2:1–4). ദാവീദും ഭാര്യമാരായ അഹീനോവും, അബീഗയിലും ഹെബ്രോനിൽ എത്തി. യഹൂദാ പുരുഷന്മാർ ദാവീദിനെ അവിടെവച്ച് രാജാവായിട്ട് അഭിഷേകം ചെയ്തു. ശൗലിനോട് ദയ കാണിച്ച യാബേശ് ഗിലെയാദിലെ നിവാസികളുടെ അടുക്കൽ ദൂതന്മാരെ അയച്ചു. അവർ യഹോവയാൽ അനുഗ്രഹിക്കപ്പെട്ടവർ എന്ന് പറഞ്ഞ് ദാവീദ് അവരോട് സ്നേഹമായി പെരുമാറി (2 ശമു. 2:5–7).

ശൗലിന്റെ സേനാധിപതിയായ അബ്നേർ ശൗലിന്റെ മകനായ ഈശ്ബോശേത്തിനെ മഹാനയിമിൽ കൊണ്ടുപോയി അവനെ ഗിലെയാദ്, അശൂരി, യിസ്രായേൽ, എഫ്രയീം, ബെന്യാമീൻ എന്നിങ്ങനെ എല്ലാ യിസ്രായേല്യർക്കും രാജാവാക്കി (2 ശമു. 2:8–9). അപ്പോൾ അവന് 40 വയസ്സായിരുന്നു. യോവാബിന്റെ സഹോദരനായ അസാഹേലിനെ അബ്നേർ തന്ത്രപൂർവ്വം കൊന്നുകളഞ്ഞു.

രിസ്പാ എന്ന വെപ്പാട്ടിയുടെ പേരിൽ അബ്നേരും ഈശ്ബോശെത്തും തമ്മിൽ അഭിപ്രായവ്യത്യാസം ഉണ്ടായി. ഈ പശ്ചാത്തലത്തിൽ അബ്നേർ ദാവീദിനോട് അടുക്കുവാൻ ശ്രമം നടത്തി. യോവാബ് തന്റെ സഹോദരൻ അസാഹേലിനെ അബ്നേർ വധിച്ചതിന്റെ വൈരാഗ്യം തീർക്കുവാൻ സ്വകാര്യം പറവാൻ എന്നുള്ള വ്യാജേന സമീപിച്ച് വധിച്ചു. അബ്നേർ മരിച്ച വാർത്ത കേട്ടപ്പോൾ ഈശ്ബോശേത്തിന്റെ ധൈര്യം നഷ്ടപ്പെട്ടു. പടനായകന്മാരായ ബാനായും, രേഖാബും കൂടി ഈശ്ബോശേത്തിന്റെ വീട്ടിൽ എത്തി. അവൻ ഉച്ചസമയത്ത് വിശ്രമിക്കുമ്പോൾ, കോതമ്പ് എടുക്കുവാൻ വരുന്ന ഭാവത്തിൽ കടന്ന് അവനെ കുത്തിയതിനുശേഷം ഓടി രക്ഷപെട്ടു. ഈശ്ബോശേത്തിന്റെ തല ഹെബ്രോനിൽ ദാവീദിന്റെ അടുക്കൽ കൊണ്ടുവന്നു. ദാവീദിന്റെ പ്രീതി നേടാമെന്ന പ്രതീക്ഷയാണ് അവർക്കുണ്ടായിരുന്നത്. ദാവീദ് രേഖാബിനോടും ബാനയോടും ഇപ്രകാരം പറഞ്ഞു. "യഹോവയാണ, ശൗൽ മരിച്ചുപോയി എന്നു ഒരുത്തൻ എന്നെ അറിയിച്ചു താൻ ശുഭവർത്തമാനം കൊണ്ടുവന്നു എന്ന് വിചാരിക്കുമ്പോൾ ഞാൻ അവനെ പിടിച്ചു സിക്ലാഗിൽ വച്ചു കൊന്നു. ഇതായിരുന്നു ഞാൻ അവന്റെ വർത്തമാനത്തിനുവേണ്ടി അവനു കൊടുത്ത പ്രതിഫലം. എന്നാൽ ദുഷ്ടന്മാർ ഒരു നീതിമാനെ അവന്റെ വീട്ടിൽ മെത്തയിൽ വച്ച് കുല ചെയ്താൽ എത്ര അധികം? ഞാൻ അവന്റെ രക്തം നിങ്ങളോട് ചോദിച്ചു നിങ്ങളെ ഭൂമിയിൽ നിന്നു ഛേദിച്ചു കളയാതിരിക്കുമോ?" പിന്നെ ദാവീദ് തന്റെ ബാല്യക്കാർക്കു കല്പന കൊടുത്തു. അവർ അവരെ കൊന്നു അവരുടെ കൈകാലുകൾ വെട്ടി അവരെ ഹെബ്രോനിലെ കുളത്തിനരികെ തൂക്കിക്ക

ളഞ്ഞു. ഈശ്ബോശെത്തിന്റെ തല അവർ എടുത്തു ഹെബ്രോനിൽ അബ്നേരിന്റെ ശവക്കുഴിയിൽ അടക്കം ചെയ്തു (2 ശമു. 4:10–12).

ഇസ്രായേൽ ഗോത്രങ്ങളൊക്കെയും ഹെബ്രോനിൽ എത്തി മൂപ്പന്മാർ ഹെബ്രോനിൽ വച്ച് യഹോവയുടെ സന്നിധിയിൽ അവനോടു ഉടമ്പടി ചെയ്തു (2 ശമു. 5:3). അപ്പോൾ ദാവീദിന് മുപ്പതു വയസ്സായിരുന്നു. അവൻ 40 സംവത്സരം വാണു. ഹെബ്രോനിൽ യഹൂദർക്ക് ഏഴു സംവത്സരവും ആറു മാസവും, യെരുശലേമിൽ എല്ലാ യിസ്രായേലിനും, യഹൂദർക്കും മുപ്പത്തിമൂന്നു സംവത്സരവും രാജാവായി വാണു (2 ശമു. 5:5).

## ശൗലിന്റെ രാജഭരണം – ഒരു അവലോകനം

രാജാവ് എന്നർത്ഥം വരുന്ന എബ്രായ പദം 'മെലെക്' എന്നാണ്. ബെന്യാമിൻ ഗോത്രത്തിൽപെട്ട ശൗലിനെ 'മെലെക്ക്' എന്നു വിശേഷിപ്പിക്കുന്നില്ല. പകരം പ്രഭു (നാഗീദ്) എന്ന പദമാണ് ശൗലിനെ പരാമർശിച്ച് എഴുത്തുകാരൻ ഉപയോഗിക്കുന്നത് (1 ശമു. 10:1). ശൗലിന്റെ ആരംഭം ശുഭമായിരുന്നു. ആത്മാവ് നൽകി പ്രത്യേക ദൗത്യത്തിനുവേണ്ടി തെരഞ്ഞെടുക്കുന്നത് ദൈവത്തിന്റെ പ്രതിപുരുഷനായ ശമുവേലാണ്. കാലക്രമത്തിൽ ദൈവത്തിന്റെ പാതയിൽ നിന്ന് വിട്ടുമാറിയപ്പോൾ ഒരു ദുരാത്മാവ് അവനെ പിടികൂടിയതായി കാണുന്നു. അതിനുശേഷം ശൗലിന്റെ പിൻഗാമിയായി ഉയർന്നുവരാൻ സാധ്യതയുള്ള ദാവീദിനെ എങ്ങനെയെങ്കിലും വകവരുത്തണമെന്ന ഒറ്റ ലക്ഷ്യം മാത്രമേ ശൗലിനുണ്ടായിരുന്നുള്ളു. പ്രാണരക്ഷാർത്ഥം ഗത്തിലേക്ക് ഓടിപ്പോയ ദാവീദിനെ പിന്തുടർന്നു കൊല്ലാനും ശൗൽ ശ്രമിച്ചു. ശൗലിനെ കൊല്ലാൻ ദാവീദിനു അവസരം കിട്ടിയെങ്കിലും ദാവീദിന്റെ മഹാമനസ്കതയും യഹോവയുടെ അഭിഷിക്തനോടുള്ള ആദരവും അതിനനുവദിച്ചില്ല. അവസാനരംഗത്ത് നിരാശനായി ഭാവി അറിയുവാൻ ആഗ്രഹിച്ച് ശൗൽ യഹോവയോടു ചോദിച്ചപ്പോൾ, യഹോവ അവനോട് സ്വപ്നം കൊണ്ടോ ഊറിം കൊണ്ടോ, പ്രവാചകന്മാരെക്കൊണ്ടോ ഉത്തരം അരുളിയില്ല. അതിനുശേഷം ഒരു വെളിച്ചപ്പാടത്തിയെയും അന്വേഷിച്ചു. ശൗലോ വെളിച്ചപ്പാടന്മാരെയും മന്ത്രവാദികളെയും ദേശത്തുനിന്നു നീക്കിക്കളഞ്ഞിരുന്നു (1 ശമു. 28:3). വളരെ ശ്രമത്തിനുശേഷം വെളിച്ചപ്പാടത്തിയെ കണ്ടുപിടിച്ചു. ശൗൽ വേഷം മാറി രണ്ടാളെയും കൂട്ടി രാത്രിയിൽ സമീപിച്ച് ശമുവേലിനെ വരുത്തി വിവരം ചോദിക്കാൻ ആവശ്യപ്പെട്ടു. ശമുവേൽ പ്രത്യക്ഷപ്പെട്ടപ്പോൾ ശൗൽ സാഷ്ടാംഗം വീണു. "ഞാൻ മഹാ കഷ്ടത്തിലായിരിക്കുന്നു. ഫെലിസ്ത്യർ എന്നോട് യുദ്ധം ചെയ്യുന്നു. ദൈവം എന്നെ വിട്ടുമാറിയിരിക്കുന്നു. പ്രവാചകന്മാരെക്കൊണ്ടാകട്ടെ, സ്വപ്നംകൊണ്ടാകട്ടെ എന്നോടു ഉത്തരമരുളുന്നില്ല. അതുകൊണ്ട് ഞാൻ എന്തു ചെയ്യണമെന്നു എനിക്കു പറഞ്ഞുതരേണ്ടതിന് ഞാൻ നിന്നെ വിളിപ്പിച്ചു എന്നു ഉത്തരം പറഞ്ഞു" (1 ശമു. 28:15).

ശമുവേൽ പറഞ്ഞത്, “ദൈവം നിന്നെ വിട്ട് മാറി നിനക്കു ശത്രുവായിത്തീർന്നിരിക്കെ നീ എന്തിന് എന്നോടു ചോദിക്കുന്നു. യഹോവ എന്നെക്കൊണ്ടു പറയിച്ചതുപോലെ അവൻ നിന്നോട് ചെയ്തിരിക്കുന്നു. രാജത്വം യഹോവ നിന്റെ കൈയിൽനിന്നു പറിച്ചെടുത്തു നിന്റെ കൂട്ടുകാരനായ ദാവീദിന് കൊടുത്തിരിക്കുന്നു” (1 ശമു. 28:6–17).

ശൗൽ നിരാശനായി നിലത്തു വീണു. യഹോവ നിന്നെയും ഇസ്രായേലിനെയും ഫെലിസ്ത്യരുടെ കൈയിൽ ഏല്പിക്കും എന്ന വാക്കുകൾ ശൗലിനെ വളരെ ദുഃഖിപ്പിച്ചു. അപ്രകാരംതന്നെ ഫെലിസ്ത്യർ ഇസ്രായേൽക്കാരുമായി യുദ്ധത്തിന് വന്നു, ശൗലിനെയും അവന്റെ പുത്രന്മാരായ യോനാഥാൻ, അബീനാദാബ്, മെല്കീശുവ എന്നിവരെ കൊന്നു. ശൗൽ നിരാശനായി ആത്മഹത്യ ചെയ്തു (1 ശമു. 31:4). അങ്ങനെ ദാരുണമായ അന്ത്യമാണ് ശൗലിനുണ്ടാകുന്നത്.

**പാഠം 4**

## ദാവീദിന്റെ രാജവാഴ്ച

ശൗലിന്റെ മകൾ മീഖളിനെ വിവാഹം കഴിച്ചതുകൊണ്ട് ശൗലിന്റെ കുടുംബവുമായി ദാവീദിന് ബന്ധമുണ്ടായിരുന്നു. യഹൂദയിലും ഇസ്രായേലിലും പെടാത്ത യെരുശലേമിനെ യെബൂസ്യരിൽ നിന്ന് പിടിച്ചെടുത്തു രാജ്യത്തിന്റെ തലസ്ഥാനമാക്കിയത് രാജ്യത്തിന്റെ ഐക്യത്തിനും, കെട്ടുറപ്പിനും സഹായകമായിരുന്നു. യെരുശലേമിന് ദാവീദിന്റെ നഗരമെന്ന് പേരു കൊടുത്തു (2 ശമു. 5:9). സോറിലെ ഹീരാമുമായി വ്യാപാരബന്ധം പുലർത്തി. ഹീരാം, ദൂതന്മാരെയും, ദേവദാരുക്കളെയും, ആശാരികളെയും, കല്പണിക്കാരെയും അയച്ചു. അവർ ദാവീദിന് അരമന പണിതു. ശൗലിനെ ഭയന്ന്, ഫെലിസ്ത്യരുടെ പട്ടണത്തിൽ സേവനമനുഷ്ഠിച്ച ദാവീദിന് ഫെലിസ്ത്യരുടെ യുദ്ധതന്ത്രങ്ങൾ പഠിക്കുന്നതിനുള്ള അവസരം ഉണ്ടായി. സൈന്യങ്ങളുടെ ദൈവമായ യഹോവ അവനോടുകൂടെ ഉണ്ടായിരുന്നതുകൊണ്ട് ദാവീദ് മേൽക്കുമേൽ പ്രബലനായിരുന്നു (2 ശമു. 5:10). ഓരോ കാര്യവും ചെയ്യുന്നതിനു മുമ്പ് യഹോവയോടു ചോദിക്കുന്ന രീതി ദാവീദ് സ്വീകരിച്ചു (2 ശമു. 2:1, 5:19).

അടുത്ത പ്രധാനമായ സംഗതി യഹോവയുടെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ പെട്ടകം യെരുശലേമിൽ കൊണ്ടുവന്നു സ്ഥാപിക്കുകയായിരുന്നു. ബാലെ-യഹൂദയിലെ അബീനാദാബിന്റെ വീട്ടിൽനിന്ന് മുപ്പതിനായിരം പേരുടെ അകമ്പടിയോടെ പെട്ടകം കൊണ്ടുപോന്നു. നാഖോന്റെ കളത്തിങ്കൽവച്ച് കാള വിരണ്ടപ്പോൾ അബീനാദാബിന്റെ

മകനായ ഉസ്സ കൈനീട്ടി പെട്ടകം പിടിച്ചു. "അവന്റെ അവിവേകം നിമിത്തം ദൈവം അവിടെ വച്ച് അവനെ സംഹരിച്ചു" (2 ശമു. 6:7). ഉസ്സയുടെ മരണത്തിൽ ദുഃഖിതനായ ദാവീദ് വ്യസനമായി ആ സ്ഥലത്തിന് പേരസ്സ്-ഉസ്സ എന്നു പേരു വിളിച്ചു (2 ശമു. 6:8). ദാവീദ് പെട്ടകം തന്റെ നഗരത്തിലേയ്ക്കു കൊണ്ടുവരാതെ ഗിത്യനായ ഒബേദ്-എദോമിന്റെ ഭവനത്തിൽ കൊണ്ടുപോയി വച്ചു. പെട്ടകം മൂന്നു മാസം അവിടെ ഇരുന്നു. ദൈവത്തിന്റെ പെട്ടകം നിമിത്തം യഹോവ ഗിത്യനായ ഓബേദ് ഏദോമിനെയും അവന്റെ കുടുംബത്തെ ഒക്കെയും മക്കളെയും അനുഗ്രഹിച്ചുവെന്നു ദാവീദ് കേട്ടു. അവിടെനിന്ന് ദാവീദ് പെട്ടകം സന്തോഷത്തോടെ നഗരത്തിലേക്ക് കൊണ്ടുപോന്നു (2 ശമു. 6:10–12).

ദാവീദ് രാജാവിന്റെ അടുത്തതായ ആഗ്രഹം യഹോവയുടെ മഹത്വത്തിന് അനുയോജ്യമായ ഒരു ദേവാലയം പണിയുവാനായിരുന്നു. ദാവീദ് നാഥാൻ പ്രവാചകനോട്, "ഇതാ, ഞാൻ ദേവദാരുകൊണ്ടുള്ള അരമനയിൽ വസിക്കുന്നു; ദൈവത്തിന്റെ പെട്ടകമോ തിരശ്ശീലയ്ക്കകത്തു ഇരിക്കുന്നു" എന്നു പറഞ്ഞു. നാഥാൻ മറുപടിയായി രാജാവിനു ഇഷ്ടമുള്ളത് ചെയ്തുകൊള്ളുക എന്നു പറഞ്ഞെങ്കിലും ആ രാത്രിയിൽ ദൈവത്തിൽ നിന്നു കല്പന കിട്ടിയ നാഥാൻ ദേവാലയ നിർമ്മാണം ദാവീദിൽ നിന്ന് ഉണ്ടാകരുത് എന്ന് അറിയിക്കുന്നു. ദാവീദ് ദൈവത്തിന് ഒരു ഭവനം പണിയുകയല്ല; ദൈവം ദാവീദിന് ഒരു ഭവനം ഒരുക്കുന്നുവെന്നാണ് പ്രവാചകനിലൂടെ ദൈവം അറിയിച്ചത് (2 ശമു. 7). കൂടാതെ 'യഹോവ നിനക്കു ഒരു ഗൃഹം ഉണ്ടാക്കുമെന്ന് യഹോവ നിന്നോട് അറിയിക്കുന്നു. നിന്റെ ഉദരത്തിൽനിന്ന് പുറപ്പെടുവാനിരിക്കുന്ന സന്തതിയെ നിന്റെ ആയുഷ്ക്കാലം തികഞ്ഞിട്ട് നിന്റെ പിതാക്കന്മാരോടുകൂടെ നീ നിദ്രകൊള്ളുമ്പോൾ ഞാൻ നിനക്കു പിന്തുടർച്ചയായി സ്ഥിരപ്പെടുത്തുകയും അവന്റെ രാജത്വം ഉറപ്പിക്കുകയും ചെയ്യും' (2 ശമു. 7:12). "അവൻ എന്റെ നാമത്തിന് ഒരു ആലയം പണിയും; ഞാൻ അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കും."

ദാവീദിന്റെ ഭരണകൂടത്തെ എതിർക്കുന്നവർ രാജ്യത്തിൽത്തന്നെ ഉണ്ടായിരുന്നു. ബെന്യാമീന്യനായ ബിക്രിയുടെ മകനായ ശേബയും (2 ശമു. 20) ഷെമയിയും! ശേബ കാഹളം ഊതി "ദാവീദിൽ നമുക്കു ഓഹരി ഇല്ല. യിശ്ശായിയുടെ മകനിൽ അവകാശവും ഇല്ല. ഇസ്രായേലേ, നിങ്ങൾ വീട്ടിലേക്ക് പൊയ്ക്കൊൾവിൻ" എന്നു പറഞ്ഞു. അപ്പോൾ ഇസ്രായേൽ ഒക്കെയും ദാവീദിനെ വിട്ടുമാറി ബിക്രിയുടെ മകനായ ശേബയുടെ പക്ഷം ചേർന്നു. എന്നാൽ യഹൂദക്കാർ യോർദ്ദാൻ തുടങ്ങി യെരുശലേംവരെ ദാവീദിനോടു ചേർന്നു. കൊട്ടാരത്തിൽ എത്തി, രാജാവ് അമാസയോട് മൂന്നു ദിവസത്തിനകം യഹൂദാ പുരുഷന്മാരെ വിളിച്ചുകൊണ്ടു വരുവാൻ

ആജ്ഞാപിച്ചു. അമാസായ്ക്ക് കൊടുത്ത സമയത്ത് ജോലി തീർക്കുവാൻ സാധിച്ചില്ല. യോവാബിന്റെ ആളുകൾ വിപ്ലവം ഉണ്ടാക്കിയ ബിക്രിയെ തേടി പുറപ്പെട്ടു. ബെയോനിൽവച്ച് അമാസയെ യോവാബ് കണ്ടു. യോവാബ് അവനെ ചുംബനം ചെയ്യാൻ എന്ന മട്ടിൽ വലത്തുകൈകൊണ്ട് താടിക്ക് പിടിച്ചു; വാൾ എടുത്തു വയറ്റത്തു കുത്തിക്കൊന്നു.

ഇതിനിടെ ശേബാ, ഇസ്രായേൽ ഗോത്രങ്ങളിൽക്കൂടെ കടന്ന് ബെത്ത് മാഖയിലും എല്ലാ ബേര്യരുടെ അടുക്കലും ചെന്നു. അപ്പോൾ ജ്ഞാനിയായ ഒരു സ്ത്രീ യോവാബിനെ സമീപിച്ചു. എഫ്രയീംകാരൻ ശേബ ദാവീദിനോട് മത്സരിച്ചിരിക്കുന്നുവെന്നു പറഞ്ഞു. അവനെ ഏല്പിച്ചു തന്നാൽ പട്ടണംവിട്ടു പോകാമെന്നു യോവാബ് പറഞ്ഞു. അവൾ ബിക്രിയുടെ മകനായ ശേബയുടെ തല വെട്ടി യോവാബിന്റെ അടുക്കൽ ഇട്ടുകൊടുത്തു. കാഹളം ഊതി എല്ലാവരും പട്ടണംവിട്ടു വീടുകളിലേയ്ക്കും യോവാബ് യെരുശലേമിൽ രാജാവിന്റെ അടുക്കലേക്കും പോയി.

ദാവീദ് ചുറ്റുപാടുമുള്ള രാജാക്കന്മാരുമായി പടപൊരുതി. ഫെലിസ്ത്യർ, കനാന്യർ, ഏദോമ്യർ, മോവാബ്, അമോന്യർ, അരാമ്യർ എന്നിവരുടെമേൽ ആധിപത്യം സ്ഥാപിച്ചു (2 ശമു. 10:14–15). ദാവീദിന്റെ രാജ്യത്തിന്റെ അതിർത്തി ദാൻ മുതൽ ബേർശേബാ വരെ വ്യാപിപ്പിച്ചു.

ദാവീദിന്റെ പടനായകൻ യോവാബായിരുന്നു (2 ശമു. 8:16). യെഹോയാദായുടെ മകനായ ബെനായാവു ക്രേത്യരുടെയും, പ്ലേത്യരുടെയും നായകൻ ആയിരുന്നു. ഇസ്രായേലിൽനിന്നും , യഹൂദയിൽനിന്നും, വിദേശത്തു നിന്നും ഉള്ളവർ സേനയിൽ അംഗങ്ങളായിരുന്നു (2 ശമു. 8:18). അദോരാം, ഊഴിയവേലക്കാർക്കും മേൽവിചാരകനും, അഹീലൂദിന്റെ മകനായ യെഹോശാഫാത്ത് മന്ത്രി, ശെവാ രായസക്കാരൻ, സാദോക്കും, അബാഥ്യരും പുരോഹിതന്മാർ (2 ശമു. 20:25). പ്രവാചകനായി നാഥാനുമുണ്ടായിരുന്നു.

ദാവീദിന്റെ യുദ്ധത്തിൽ വിശുദ്ധയുദ്ധത്തിന്റെ പ്രത്യേകതകൾ കാണാം. ഒന്നാമത്തേതായി യഹോവയോട് അനുവാദം ചോദിക്കുക. “അപ്പോൾ ദാവീദ് യഹോവയോട് ഞാൻ ഫെലിസ്ത്യരുടെനേരെ പുറപ്പെടണമോ? അവരെ എന്റെ കൈയിൽ ഏൽപിച്ചുതരുമോ” എന്നു ചോദിച്ചു. “പുറപ്പെടുക; ഞാൻ ഫെലിസ്ത്യരെ നിന്റെ കൈയിൽ ഏല്പിക്കും” എന്ന് യഹോവ ദാവീദിനോട് അരുളിച്ചെയ്തു.” രണ്ടാമതായി യുദ്ധരംഗത്ത് ദൈവത്തിന്റെ സാന്നിദ്ധ്യത്തിന്റെ പ്രതീകമായ പെട്ടകം കൊണ്ടുപോയിരുന്നു. യുദ്ധത്തിൽ പങ്കെടുക്കുന്നവർ സാധാരണ ചെയ്യുന്ന പ്രവർത്തനങ്ങളിൽനിന്നും പ്രത്യേകിച്ച് ലൈംഗികബന്ധത്തിൽ നിന്നും വിട്ടുനിൽക്കുന്ന രീതിയുമുണ്ടായിരുന്നു.

ദാവീദിന്റെ ദൈവാശ്രയവും, ദീർഘവീക്ഷണവും, രാജ്യതന്ത്രജ്ഞതയും, കർമ്മകുശലതയും, ജനസമ്മതിയും, ദാവീദിനെ ദൈവത്തിന് പ്രസാദകരമായ ജീവിതം നയിച്ച രാജാവെന്ന ബഹുമതിക്ക് യോഗ്യനാക്കി. മോശയും ദാവീദും മാതൃകാപരമായ ജീവിതം നയിച്ച പ്രധാന നേതാക്കന്മാരുടെ ഗണത്തിൽ സ്ഥാനം പിടിക്കുന്നതിനു ഇടയായി. ഹിസ്കിയായുടെ കാലത്തെ ചരിത്രവിവരണത്തിൽ "അവൻ തന്റെ പിതാവായ ദാവീദ് ചെയ്തതുപോലെ ഒക്കെയും യഹോവയ്ക്കു പ്രസാദമായുള്ളതു ചെയ്തു" (2 രാജാ. 18:3) എന്നെഴുതിയിരിക്കുന്നു.

യുദ്ധം നടക്കുന്ന അവസരത്തിൽ കൊട്ടാരത്തിൽ വിശ്രമിച്ചിരുന്ന ദാവീദ്, ഹിത്യനായ ഊരിയായുടെ ഭാര്യ ബേത്ത്ശേബയിൽ അനുരക്തയായി അവളെ കൊട്ടാരത്തിലേക്ക് ക്ഷണിച്ചുവരുത്തി ഗർഭവതിയാക്കി. യുദ്ധരംഗത്തുനിന്നും ഊരിയായെ വിളിച്ചുവരുത്തി ഭവനത്തിലേക്കയച്ച് ബേത്ത്ശേബയോടൊപ്പം കഴിയുവാൻ നിർബന്ധിച്ചെങ്കിലും അവൻ പോയില്ല. തന്ത്രം ഫലിക്കാതെ വന്നപ്പോൾ യോവാബിന് കത്തു കൊടുത്തയച്ച് യുദ്ധത്തിന്റെ മുൻനിരയിൽ നിറുത്തി ഊരിയയെ വധിപ്പിച്ചു. കാര്യങ്ങളെല്ലാം ഭദ്രമായിയെന്ന് വിചാരിച്ച ദാവീദിനെ നാഥാൻ പ്രവാചകൻ സമീപിച്ച് ധനവാന്റെ ഭവനത്തിൽ വന്ന ഒരു അതിഥിയുടെ കഥ പറഞ്ഞു. 'കുറ്റം ചെയ്ത ആ മനുഷ്യൻ നീ തന്നെ' എന്നു പറഞ്ഞ് അനുതാപത്തിലേക്ക് തിരിപ്പിച്ചു (2 ശമു. 12:7). ബേത്ത്ശേബാ പ്രസവിച്ച ശിശു മരിച്ചു. അതിനുശേഷം ജനിച്ച കുട്ടിയാണ് ശലോമോൻ.

ദാവീദിനെ താഴെയിറക്കി ഭരണം കൈയടക്കാൻ അബ്ശാലോം ശ്രമം നടത്തി. കൊട്ടാരത്തിന്റെ മുമ്പിൽ രാജാവിനെക്കണ്ടു സങ്കടം അറിയിക്കുവാൻ വന്ന ഇസ്രായേൽക്കാരെ സമീപിച്ച്, നീതിനിർവ്വഹണത്തിന് ആരുമില്ലായെന്ന് പറഞ്ഞു സാധാരണക്കാരുടെ പ്രീതി നേടി (2 ശമു. 15:3). അധികാരം പിടിച്ചടക്കാൻ അബ്ശാലോം ആഭ്യന്തരയുദ്ധം നടത്തിയപ്പോൾ ദാവീദിന് കൊട്ടാരം വിട്ട് സുരക്ഷാസേനയോടൊപ്പം യോർദ്ദാനപ്പുറം അഭയം തേടേണ്ടി വന്നു. മകന് ദേഹോപദ്രവം ഏല്പിക്കരുതെന്ന് പട്ടാളമേധാവിയായ യോവാബിനോട് പറഞ്ഞിരുന്നു. തലമുടി നീട്ടിയവനായ അബ്ശാലോം കാട്ടിൽകൂടി കോവർ കഴുതപ്പുറത്തു കയറിപ്പോയപ്പോൾ തലമുടി കരുവേലകത്തിൽ ഉടക്കി തൂങ്ങിക്കിടക്കുന്നതായി കണ്ട് യോവാബ് അവനെ കൊന്നുകളഞ്ഞു (2 ശമു. 18:9–15). അബ്ശാലോമിന്റെ മരണത്തിൽ ദുഃഖിതനായ ദാവീദ് വിലാപഗാനം ആലപിച്ചു കരഞ്ഞു. "എന്റെ മകനേ, അബ്ശാലോമേ, എന്റെ മകനേ, അബ്ശാലോമേ, ഞാൻ നിനക്കു പകരം മരിച്ചെങ്കിൽ കൊള്ളാമായിരുന്നു. അബ്ശാലോമേ, എന്റെ മകനേ, എന്റെ മകനേ എന്നിങ്ങനെ പറഞ്ഞു കരഞ്ഞുംകൊണ്ടു നടന്നു" (2 ശമു. 18:33).

മക്കളെ ശരിയായ രീതിയിൽ ശിക്ഷിച്ചു വളർത്തുവാൻ ദാവീദിനു കഴിഞ്ഞില്ല. താമാറിന്റെ ചാരിത്ര്യം നശിപ്പിച്ച അമ്നോനെ, അബ്ശാലോം രോമം കത്രിക്കുന്ന അടിയന്തിരസമയത്തു കൊന്നുകളഞ്ഞു. ശലോമോനും, അദോനിയായും തമ്മിൽ രാജാവാകുവാൻ മത്സരിച്ചു. ബേത്ത് ശേബായുടെ സ്വാധീനംമൂലം ശലോമോനെ രാജാവാക്കാമെന്ന് ദാവീദ് വാഗ്ദത്തം നൽകിയിരുന്നു. അദോനിയായെ പിന്താങ്ങുന്നവർ യോവാബും, അബ്യാഥാർ പുരോഹിതനുമായിരുന്നു. അദോനിയായെ തുണയ്ക്കുന്നവർ സ്നേഹിതരെ വിളിച്ചുകൂട്ടി വിരുന്നു നടത്തിയപ്പോൾ ശലോമോനും കൂട്ടരും രംഗത്തു വന്നു. അദോനിയാവ് ഗത്യന്തരമില്ലാതെ ഓടി രക്ഷപ്പെട്ടു. ശലോമോനെ ബെത്ത്ശേബാ രാജ്ഞി ബെനയാവ്, സാദോക്ക് പുരോഹിതൻ, പ്രവാചകനായ നാഥാൻ എന്നിവർ പിന്താങ്ങി.

## ദാവീദിന്റെ ജീവിതകാലം ഒരു അവലോകനം

യഹൂദാഗോത്രത്തിൽപ്പെട്ട യിശ്ശായിയുടെ പുത്രനായ ദാവീദ് ആട്ടിടയനായി ജീവിതം ആരംഭിച്ചു. കിന്നരം വായിക്കാൻ ശൗലിന്റെ കൊട്ടാരത്തിൽ നിയമിതനായി. ദൈവനിയോഗപ്രകാരം ശമുവേൽ ദാവീദിനെ രാജാവായി അഭിഷേകം ചെയ്തു. ദാവീദിന്റെ ജീവിതത്തിൽ ദൈവിക തിരഞ്ഞെടുപ്പിന്റെയും ജനങ്ങളുടെ അംഗീകാരത്തിന്റെയും സമഞ്ജസമായ സമ്മേളനം കാണാം. യഹൂദയിലുള്ളവരും, ഇസ്രായേലിലുള്ളവരും, ശൗലിന്റെ കാലശേഷം, ദാവീദിന്റെ സന്നിധിയിൽ എത്തി ഉടമ്പടി നടത്തി, രാജാവിനെ അംഗീകരിച്ചു.

ദാവീദ് ചുറ്റുപാടുമുള്ള രാജ്യങ്ങളുമായി സ്നേഹബന്ധം പുലർത്തേണ്ട സ്ഥലത്ത് പുലർത്തിയും, പൊരുതേണ്ട സന്ദർഭങ്ങളിൽ പൊരുതിയും രാജ്യഭാരം നടത്തി. ഗോത്രങ്ങളുടെയും, വിശുദ്ധസ്ഥലങ്ങളുടെയും പ്രാധാന്യം അംഗീകരിച്ചും, പ്രവർത്തകരെ മാനിച്ചും, മാതൃകാപരമായ ഭരണം നടത്തി.

ഊരിയായുടെ ഭാര്യ ബേത്ത്ശേബയെ ഭാര്യയായി സ്വീകരിച്ച് ഗർഭവതിയാക്കിയതിന്റെ രഹസ്യം മറയ്ക്കാൻ ഊരിയായെ വധിച്ചുവെന്ന സംഭവം, പൗരസ്ത്യരാജാക്കന്മാരുടെ അധികാരവുമായി താരതമ്യപ്പെടുത്തി നോക്കുമ്പോൾ വലിയ ഒരു തെറ്റല്ലെന്ന് തോന്നിയേക്കാം. എന്നാൽ നീതിമാനായ ദൈവത്തിന്റെ നീതിയുടെയും, സ്നേഹത്തിന്റെയും വെളിച്ചത്തിൽ അതിനെ വലിയ പാതകമായി പ്രവാചകൻ ചൂണ്ടിക്കാട്ടിയപ്പോൾ അത് അംഗീകരിക്കാനും, അനുതപിക്കാനുമുള്ള മഹാമനസ്കതയും സന്നദ്ധതയും ദാവീദ് പ്രകടിപ്പിച്ചു. ദൈവം, ദാവീദിന്റെ അനുതാപം കണക്കിലെടുത്തു മോചനം നൽകി.

യുദ്ധത്തിൽ വ്യാപൃതനായിരുന്ന ദാവീദിന്റെ ബലഹീനത, മക്കളെ നിയന്ത്രിച്ചു ശിക്ഷിച്ചു വളർത്തുന്നതിൽ ശ്രദ്ധ ചെലുത്തിയില്ലെന്നതാണ്. താമാറിന്റെ ചാരിത്ര്യം നശിപ്പിച്ച അമ്നോനെ അബ്ശാലോം കൊന്നുകളഞ്ഞു. രാജ്യഭാരം കൈയടക്കാൻ ശ്രമിച്ച അദോനിയാവിന് ആദ്യം മോചനം നൽകിയെങ്കിലും ശൂനേംകാരത്തിയുടെ അവകാശത്തിന്റെ പേരിൽ കൊന്നുകളഞ്ഞു. ദാവീദ് മക്കളെ വിളിച്ചു വരുത്തി ശാസിച്ചതായിട്ടു കാണുന്നില്ല.

ശൗലിനെ ഭയന്ന് ഫെലിസ്ത്യരുടെ കൂലിപ്പട്ടാളത്തിൽ സേവനമനുഷ്ഠിക്കുന്ന കാലത്ത്, സമ്മാനങ്ങൾ നൽകുവാൻ വിസമ്മതിച്ച നാബാലിനെ നശിപ്പിക്കാൻ ആദ്യം ആഗ്രഹിച്ചെങ്കിലും, നാബാലിന്റെ ഭാര്യയായ അബീഗയിലിന്റെ തന്ത്രപൂർവ്വമായ ഇടപെടൽ മൂലം നാബാലിന് രക്ഷ നൽകി. നാബാലിന്റെ കാലശേഷമാണ് അബീഗയിലിനെ ദാവീദ് ഭാര്യയായി പരിഗ്രഹിക്കുന്നത്.

ഇസ്രായേൽ ഫെലിസ്ത്യരുമായിട്ട് യുദ്ധം ചെയ്യുമ്പോൾ, ദാവീദിനെയും സൈന്യത്തെയും യുദ്ധത്തിൽ പങ്കുചേരാൻ അനുവദിക്കണമോ വേണ്ടയോയെന്ന പ്രശ്നം ഫെലിസ്ത്യരിൽ ഉയർന്നുവന്നു. ഫെലിസ്ത്യ പ്രഭുക്കന്മാർക്കു ദാവീദിന്റെ വിധേയത്വത്തിൽ സംശയമുണ്ടായിരുന്നു. ഈ എബ്രായർ എന്തിനു എന്നു ചോദിച്ചപ്പോൾ ആഖീശ് ഫെലിസ്ത്യ പ്രഭുക്കന്മാരോട്: ഇവൻ ഇസ്രായേൽ രാജാവായ ശൗലിന്റെ ഭൃത്യനായിരുന്ന ദാവീദല്ലയോ? ഇത്രനാളായി ഇത്ര സംവത്സരമായി അവൻ എന്നോടു കൂടെ പാർക്കുന്നു. അവൻ എന്നെ ആശ്രയിച്ചതുമുതൽ ഇന്നുവരെ ഞാൻ അവനിൽ ഒരു കുറ്റവും കണ്ടിട്ടില്ല എന്നു പറഞ്ഞു. അവനെ പറഞ്ഞയയ്ക്കുക. അവൻ കൂടെ യുദ്ധത്തിനു പോരരുത്. യുദ്ധത്തിൽ അവൻ ദ്രോഹിയായി തീരുമെന്നു പറഞ്ഞു. ആഖീശ്, ദാവീദിനെ വിളിച്ചു അവനോട്: “യഹോവയാണെ, നീ പരമാർത്ഥിയും, പാളയത്തിൽ എന്നോടുകൂടെയുള്ള നിന്റെ ഗമനാഗമനങ്ങൾ എനിക്കു ബോധിച്ചതുമാകുന്നു. നീ എന്റെ അടുക്കൽ വന്ന നാൾമുതൽ ഇന്നുവരെയും ഞാൻ നിന്നിൽ ഒരു ദോഷവും കണ്ടിട്ടില്ല. എന്നാൽ പ്രഭുക്കന്മാർക്കു നിന്നെ ഇഷ്ടമല്ല.” അങ്ങനെ പറഞ്ഞു പ്രഭുക്കന്മാരുടെ അപ്രീതിക്ക് ഇടകൊടുക്കാതിരിപ്പാൻ ദാവീദിനെ കൂട്ടത്തിൽ ചേർക്കാതെ തിരിച്ചയച്ചു (1 ശമു. 29:2-11). അങ്ങനെ ഫെലിസ്ത്യരോടു ചേർന്നു സ്വന്തം ജനത്തോട് പൊരുതേണ്ട ധർമ്മസങ്കടത്തിൽ നിന്ന് ദാവീദ് രക്ഷപ്പെട്ടു.

ഗോത്രങ്ങൾ തമ്മിലുള്ള ഉൾപ്പോരും, സ്വാർത്ഥതാൽപര്യങ്ങളും ഇഷ്ടാനിഷ്ടങ്ങളും ദാവീദ് മനസ്സിലാക്കിയിരുന്നു. ഇസ്രായേലിന്റെ തലസ്ഥാനമായ മഹാനയീമോ, യഹൂദായുടെ തലസ്ഥാനമായ ഹെബ്രോനോ,

രാജ്യത്തിന്റെ കേന്ദ്രമായി തിരഞ്ഞെടുക്കാതെ രണ്ടുകൂട്ടരെയും സംയോജിപ്പിച്ചുകൊണ്ടുപോകാൻ യെബൂസ്യപട്ടണമായ യെരുശലേമിനെ തെരഞ്ഞെടുത്തു. അമ്രാഫേൽ സഖ്യത്തിന്റെ യുദ്ധകാലത്ത് അബ്രഹാമിനെ സമീപിച്ച് ബലിയർപ്പിച്ചവനായ മെൽക്കിസെദെക്കുമായി യെരുശലേമിന് ബന്ധമുണ്ടായിരുന്നു. മതപരവും വികാരപരവുമായ ബന്ധങ്ങൾ കാത്തുസൂക്ഷിക്കുന്നതിൽ ദാവീദ് വളരെയധികം പ്രാധാന്യം കൊടുത്തു.

യെരുശലേമിനെ രാഷ്ട്രീയ തലസ്ഥാനം മാത്രമല്ല ആരാധനയുടെ കേന്ദ്രവും ദൈവത്തിന്റെ പട്ടണവുമായി ദാവീദ് സ്ഥാപിച്ചു. ദൈവമഹത്വത്തിന് യോജിച്ച ഒരാലയം പണിയുവാൻ ദാവീദ് ആഗ്രഹിച്ചു. ദാവീദിന്റെ മകന്റെ കാലത്ത് അവന്റെ ആഗ്രഹം യാഥാർത്ഥ്യമാകുമെന്ന് നാഥാൻ ആശ്വാസവാക്കുകൾ നൽകി സമാധാനിപ്പിച്ചു. ഗായകനായ ദാവീദ് കിന്നരം വായിക്കുന്നതിലും ദേവാലയ ആരാധനയ്ക്ക് അനുയോജ്യമായ സങ്കീർത്തനങ്ങൾ നിർമ്മിക്കുന്നതിലും, ഗായകസംഘം രൂപവൽക്കരിക്കുന്നതിലും മുൻകൈ എടുത്തു. ദാവീദിന്റെ കാലത്ത് വിവിധ പാട്ടുകാരുടെ ഗണം രൂപം പ്രാപിച്ചതായിട്ട് കാണാം.

ദാവീദിന്റെ ദൈവവിശ്വാസവും കർമ്മകുശലതയും രാജ്യതന്ത്രജ്ഞതയും പ്രവർത്തനവും മാതൃകാപരമായ ജീവിതം നയിച്ച രാജാവ് എന്ന പദവിക്ക് അർഹനാക്കി.

### പാഠം 5

## ശലോമോൻ

ശലോമോനും അദോനിയാവും രാജാവാകുവാൻ മത്സരിച്ചു. ശലോമോനെ ബെത്ത്ശേബാ, ബെനയാവ്, സാദോക്ക്, നാഥാൻ എന്നിവർ പിന്താങ്ങി. അദോനിയാവിനെ, യോവാബ്, അബ്യഥാർ എന്നിവരും തുണച്ചു. അദോനിയാവ് എൻ-രോഗേലിന്റെ സമീപത്ത് സോഹേലെത്ത് എന്ന കല്ലിനരികെവച്ച്, ആടുമാടുകളെയും തടിപ്പിച്ച മൃഗങ്ങളെയും അറുത്തു. രാജകുമാരന്മാരായ തന്റെ സകല സഹോദരന്മാരെയും രാജ്യഭൃത്യന്മാരായ യഹൂദാ പുരുഷന്മാരെയും ക്ഷണിച്ചു. നാഥാൻ പ്രവാചകനെയും, ബെനയാവെയും, വീരന്മാരെയും തന്റെ സഹോദരനായ ശലോമോനെയും അവൻ ക്ഷണിച്ചില്ല. ഈ വിവരം അറിഞ്ഞ ശലോമോനും കൂട്ടരും ബെത്ത്ശേബയും, നാഥാൻ പ്രവാചകനും ദാവീദിനെ സമീപിച്ച് നേരത്തെ നൽകിയ ഉറപ്പിനെയും വാഗ്ദാനത്തെയും കുറിച്ച് ഓർമിപ്പിച്ചു. അതിനുത്തരമായി ദാവീദ്, നിങ്ങളുടെ യജമാനന്റെ ഭൃത്യന്മാരെ കൂട്ടിക്കൊണ്ട് എന്റെ മകനായ ശലോമോനെ എന്റെ കോവർ കഴുതപ്പുറത്ത്

കയറ്റി താഴെ ഗീഹോനിലേക്ക് കൊണ്ടുപോകുവിൻ. അവിടെവച്ച് സാദോക്ക് പുരോഹിതനും, നാഥാൻ പ്രവാചകനും, അവനെ യിസ്രായേലിന് രാജാവായിട്ട് അഭിഷേകം ചെയ്യേണം; പിന്നെ കാഹളം ഊതി ശലോമോൻ രാജാവേ, ജയ ജയ എന്നു ഘോഷിച്ചു പറവിൻ" (1 രാജാ. 1:33-34).

അദോനിയാവ് അപകടം മനസ്സിലാക്കി യാഗപീഠത്തിന്റെ കൊമ്പുകളെ പിടിച്ചു അഭയംതേടി. ശലോമോൻ ആളയച്ചു അവനെ ഇറക്കിക്കൊണ്ടു വന്നു. അവൻ ശലോമോന്റെ കാൽക്കൽ വീണു. ശലോമോൻ മാപ്പു കൊടുത്തു രക്ഷപ്പെടുത്തി (1 രാജാ. 1:53). ശൂനേംകാരത്തിയായ അബീശഗിനെ ഭാര്യയായിട്ട് ലഭിക്കുവാൻ അദോനിയാവ് അഭ്യർത്ഥിച്ചതിന്റെ പേരിൽ അദോനിയാവിന് സ്വന്ത ജീവൻ നഷ്ടപ്പെടുത്തേണ്ടി വന്നു (1 രാജാ. 2:12-25).

ശലോമോൻ ഗിബെയോനിൽ എത്തി യാഗം കഴിച്ചു. അവിടെ വച്ച് ദൈവവുമായി സ്വപ്നത്തിൽ സംഭാഷണമുണ്ടായി "ആകയാൽ ഗുണവും ദോഷവും തിരിച്ചറിഞ്ഞ് നിന്റെ ജനത്തിന് ന്യായപാലനം ചെയ്യാൻ വിവേകമുള്ള ഹൃദയം എനിക്കു തരേണമേ." എന്ന യാചനയ്ക്ക് യഹോവ അവനോട് അരുളിചെയ്തത് എന്തെന്നാൽ, "നീ ദീർഘായുസ്സോ സമ്പത്തോ ശത്രുസംഹാരമോ ഒന്നും അപേക്ഷിക്കാതെ ന്യായപാലനത്തിനുള്ള വിവേകം എന്ന ഈ കാര്യം മാത്രം അപേക്ഷിച്ചതുകൊണ്ട് ഞാൻ നിന്റെ അപേക്ഷപ്രകാരം ചെയ്തിരിക്കുന്നു. ജ്ഞാനവും വിവേകവുമുള്ളൊരു ഹൃദയം ഞാൻ നിനക്കു തന്നിരിക്കുന്നു. ഇതിനു പുറമെ, നീ അപേക്ഷിക്കാത്തതായ സമ്പത്തും മഹത്വവും കൂടെ ഞാൻ നിനക്കു തന്നിരിക്കുന്നു" (1 രാജാ. 3:13).

രാജഭരണമേറ്റ ശലോമോൻ യരൂശലേമിൽ ഒരു ദൈവാലയം പണിതു (1 രാജാ. 5-6). ഏഴാണ്ടുകൊണ്ട് അതിന്റെ പണി തീർത്തു. തുടർന്ന് തന്റെ പ്രൗഢിക്ക് യോഗ്യമായ കൊട്ടാരം പണിതു (1 രാജാ 7). ദേവാലയ നിർമ്മാണത്തിനും മറ്റുമായി സോറിലെ ഹീരാമുമായി സഖ്യം ഉണ്ടാക്കി പണിക്കാരെ വരുത്തി. ലെബാനോനിൽ നിന്ന് ദേവദാരു മരം മുറിക്കുവാൻ 30,000 പേരെയും, യെരുശലേമിലെ മടകളിൽനിന്നു കല്ലു വെട്ടുവാൻ 80,000 പേരെയും, മറ്റു ജോലി ചെയ്യുവാൻ 70,000 പേരെയും നിയമിച്ചാക്കി. രാജ്യത്തെ 12 വിഭാഗമായി തിരിച്ച് അതിന് ചുമതല വഹിക്കാൻ ഉദ്യോഗസ്ഥരെ ആക്കി. 30,000 ജോലിക്കാരെ കണ്ടുപിടിച്ച്, ഓരോ മാസവും 10,000 പേർ ജോലി നിർവ്വഹിക്കണമെന്ന നിബന്ധനയും വച്ചു. ഗോത്രങ്ങളെ തരംതിരിച്ചു നിർബന്ധമായി കരം ചുമത്തി അത് പിരിക്കുവാൻ ഉദ്യോഗസ്ഥരെ നിയമിച്ചാക്കി. ശലോമോന്റെ ഗോത്രമായ യഹൂദാഗോത്രത്തിന് കരമൊഴിവ് നൽകി പ്രത്യേക മമത കാണിച്ചു. കൊട്ടാരം

പണിയുവാൻ 13 വർഷം വേണ്ടിവന്നു. രാജ്യാന്തരബന്ധം ഉറപ്പിക്കുവാൻ ചുറ്റുപാടുമുള്ള രാജാക്കന്മാരുമായി പ്രത്യേക കൂട്ടുകെട്ടുണ്ടാക്കി. ഈജിപ്റ്റുമായി സഹകരിച്ച് പ്രവർത്തിക്കുവാൻ ഫറവോ രാജകുമാരിയെ വിവാഹം കഴിച്ചു. ഹെസെർ അവകാശമായി ലഭിച്ചു. ഭാര്യമാർക്കായി കൊട്ടാരങ്ങളും, ആരാധനാലയങ്ങളും സംവിധാനങ്ങളും നിർമ്മിച്ചു കൊടുത്തു.

വാസ്തുശില്പകലയിൽ ചുറ്റുമുള്ള രാജ്യങ്ങളിലുള്ള പല ദേവാലയ നിർമ്മാണങ്ങളുടെയും കൊത്തുപണികളുടെയും മാതൃക സ്വീകരിച്ചു. കനാന്യക്ഷേത്രങ്ങളുടെ ചില സംവിധാനവും, ശലോമോൻ ഉപയോഗിച്ചു. ദേവാലയ സമർപ്പണം യാഗാർപ്പണത്തോടെ നടത്തി (1 രാജാ. 8) രാജ്യാന്തരബന്ധത്തിനും വ്യാപാരത്തിനും ശലോമോൻ വളരെ പ്രാധാന്യം നൽകി. സോറിലെ ജോലിക്കാർ ഓടിക്കുന്ന കപ്പലുകളെ വാങ്ങി വിവിധ തുറമുഖങ്ങളിലേക്കയച്ചു. ഇന്ത്യയുടെ തീരംവരെയും ശലോമോന്റെ കപ്പലുകൾ എത്തി സാധനങ്ങൾ വാങ്ങിക്കൊണ്ടുപോയി. കുതിരവ്യാപാരം ഈജിപ്റ്റുമായി നടത്തി. കുരങ്ങുകൾ, മയിലുകൾ, ആനക്കൊമ്പ്, സ്വർണ്ണം എന്നിവ മറ്റു രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്തു. എസിയോൻ ഗേബെറിൽ ചെമ്പു ഖനിയും മെഗീദ്ദോയിൽ കുതിരലായവും, എത്യോപ്യയിൽ വെള്ളി ഖനിയും ഉണ്ടായിരുന്നു.

ശലോമോന്റെ ജ്ഞാനത്തെക്കുറിച്ച് കേട്ട ശേബാ രാജ്ഞി കടമൊഴികളാൽ അവനെ പരീക്ഷിക്കാൻ വന്നു. അവൾ വലിയ പരിവാരത്തോടും, സുഗന്ധവർഗ്ഗവും, അനവധി പൊന്നും രത്നവും ചുമന്ന ഒട്ടകങ്ങളോടുകൂടെയാണ് കടന്നുവന്നത്. ശേബാ, ശലോമോന്റെ ജ്ഞാനവും, അവന്റെ അരമനയും, മേശയിലെ ഭക്ഷണവും, അവന്റെ ഭൃത്യന്മാരുടെ ഇരിപ്പും, അവന്റെ ശുശ്രൂഷകന്മാരുടെ നിലയും, അവരുടെ ഉടുപ്പും, അവന്റെ പാനപാത്രവാഹകരെയും യഹോവയുടെ ആലയത്തിലേക്കുള്ള അവന്റെ എഴുന്നള്ളത്തും കണ്ടിട്ടു അമ്പരന്നുപോയി. എന്റെ ദേശത്തുവച്ചു കേട്ട വർത്തമാനം സത്യം തന്നെ. ഞാൻ കേട്ട കീർത്തിയേക്കാൾ നിന്റെ ജ്ഞാനവും ധനവും അധികമാകുന്നു. ശേബാ രാജ്ഞി രാജാവിന് 120 താലന്ത് പൊന്നും, അനവധി സുഗന്ധവർഗ്ഗവും, രത്നവും കൊടുത്തു. കൂടാതെ, ശലോമോൻ രാജാവ് സ്വമേധയാ ശേബാ രാജ്ഞിക്ക് രാജൗചിത്യം പോലെ കൊടുത്തയച്ചതു കൂടാതെ അവൾ ആഗ്രഹിച്ചു ചോദിച്ചതെല്ലാം അവൾക്കു കൊടുത്തു. അതിന്റെ അടിസ്ഥാനത്തിൽ എത്യോപ്യയിലെ രാജവംശം ശലോമോന്റെ പിന്തുടർച്ചക്കാരാണെന്ന പാരമ്പര്യവും നിലവിൽ വന്നു (1 രാജാ. 10:1–13).

## ശലോമോന്റെ ധനാഗമമാർഗ്ഗങ്ങൾ

സഞ്ചാരവ്യാപാരികളും, വർത്തകരും, വിവിധ വ്യാപാരികളും ശലോമോന്റെ ഭണ്ഡാഗാരം വർദ്ധിപ്പിക്കാൻ ഇടയാക്കി. പൊന്നിന്റെ വരവു തന്നെ 666 താലന്തായിരുന്നു (1 രാജാ. 10:15). സ്വർണ്ണംകൊണ്ടു പരിചകൾ നിർമ്മിച്ചു. അവ ലെബാനോൻ ഗൃഹത്തിൽ വച്ചു. ലെബാനോൻ ഗൃഹത്തിലെ ഉപകരണങ്ങൾ തങ്കംകൊണ്ടുള്ളവയായിരുന്നു. സമുദ്രത്തിൽ ഹീരാമിന്റെ കപ്പലുകളോടുകൂടെ തർശീശ് കപ്പലുകളും ഉണ്ടായിരുന്നു. കപ്പലുകൾ മൂന്നു സംവത്സരത്തിൽ ഒരിക്കൽ പോയി പൊന്ന്, വെള്ളി, ആനക്കൊമ്പ്, കുരങ്ങ്, മയിൽ എന്നിവ കൊണ്ടുവന്നു. ശലോമോൻ സകല രാജാക്കന്മാരിലുംവച്ച് ധനംകൊണ്ടും, ജ്ഞാനംകൊണ്ടും മികച്ചവനായിരുന്നു. ശലോമോന്റെ ജ്ഞാനം കേൾക്കേണ്ടതിന് വന്നവർ അവന്റെ മുഖദർശനം അന്വേഷിച്ചു. ആണ്ടുതോറും കാഴ്ചകൾ കൊണ്ടുവന്നു. “വെള്ളിപ്പാത്രം, പൊൻപാത്രം, വസ്ത്രം, ആയുധം, സുഗന്ധവർഗ്ഗം, കുതിര, കോവർകഴുത എന്നിവ സമ്മാനമായി കൊണ്ടുവന്നു. ശലോമോന്റെ ശേഖരണത്തിൽ കുതിരകളും രഥങ്ങളും ഉണ്ടായിരുന്നു” (1 രാജാ. 10:25). കുതിരകളെ രാജാവിന്റെ രഥനഗരത്തിൽ പാർപ്പിച്ചു. കുതിരച്ചേവകർക്കും പ്രത്യേകം പട്ടണം പണിതു.

മിസ്രയീമിൽനിന്ന്, രാജാവിന്റെ കച്ചവടക്കാർ കുതിരകളെ കൂട്ടമായിട്ട് വിലയ്ക്കു വാങ്ങി. രഥം ഒന്നിന് അറുനൂറും, കുതിര ഒന്നിന് നാനൂറ്റമ്പതും വെള്ളി ശേക്കൽ കൊടുത്തു വാങ്ങിച്ചു. അവയെ ഹിത്യരുടെയും, അരാമ്യരുടെയും രാജാക്കന്മാർക്കു കൊണ്ടുവന്നു കൊടുത്ത് കച്ചവടം നടത്തി ധനമുണ്ടാക്കി (1 രാജാ. 10:29). അന്തർദ്ദേശീയ വ്യാപാരം നടത്തി വളരെയധികം സമ്പത്ത് വർദ്ധിപ്പിച്ചു. റോഡുകളുടെ സംഗമങ്ങളുടെയും ആധിപത്യം സ്ഥാപിച്ച്, ഗമനാഗമനം നടത്തിയവരിൽ നിന്ന് കരംപിരിച്ചു. വിജ്ഞാനസാഹിത്യരചനകൾക്കും വളരെയധികം പ്രാധാന്യം കൊടുത്തു. സകല മനുഷ്യരെക്കാളും എസ്രാഹ്യനായ, ഏഥാൻ, മാഹോലിന്റെ പുത്രന്മാരായ ഹേമാൻ, കൽക്കോൽ, ദർദ്ദ എന്നിവരെക്കാളും അവൻ ജ്ഞാനിയായിരുന്നു. അവന്റെ ഗീതങ്ങൾ ആയിരത്തഞ്ചു ആയിരുന്നു. അവൻ മൂവായിരം സദൃശ്യവാക്യം പറഞ്ഞു. ലെബാനോനിലെ ദേവദാരു മുതൽ ചുവരിന്മേൽ മുളയ്ക്കുന്ന ഈസോപ്പുവരെയുള്ള വൃക്ഷാദികളെക്കുറിച്ചും, മൃഗം, പക്ഷി, ഇഴജാതി, മത്സ്യം എന്നിവയെക്കുറിച്ചും അവൻ പ്രസ്താവിച്ചു. ശലോമോന്റെ ജ്ഞാനത്തെക്കുറിച്ച് കേട്ട നാനാജാതിക്കാരായ പലരും അവന്റെ ജ്ഞാനം കേൾക്കാൻ വന്നു (1 രാജാ. 4:31-34).

സദൃശ്യവാക്യങ്ങൾ, പഴമൊഴികൾ, കടംകഥകൾ എന്നിവ നിർമ്മിച്ചും,

ശേഖരിച്ചും വിജ്ഞാന ഭണ്ഡാഗാരം വർദ്ധിപ്പിച്ചു. 'ജ്ഞാനികളുടെ ജ്ഞാനിയായ ശലോമോൻ' എന്ന വിശേഷണവും ശലോമോൻ നേടി. ഒരു ശിശുവിന്റെ അവകാശത്തർക്കത്തിൽ ന്യായം നടത്തുവാൻ സമീപിച്ച സ്ത്രീകളിൽ യഥാർത്ഥ മാതാവ് ആരാണെന്നറിയുവാൻ ശലോമോൻ ഉപയോഗിച്ച കൂർമ്മബുദ്ധി ജ്ഞാനത്തിന്റെ ഉത്തമ ഉദാഹരണമാണ് (1 രാജാ. 3:16–28).

സാഹിത്യപരമായ നേട്ടങ്ങൾ കൈവരിച്ചു. ചരിത്രം എഴുതുവാൻ ശാസ്ത്രിമാരെ നിയമിച്ചു. സങ്കീർത്തനങ്ങൾ നിർമ്മിക്കുകയും, വിജ്ഞാനഗണത്തിലുള്ള കൃതികൾ സൃഷ്ടിക്കുകയും ചെയ്തു. സദൃശവാക്യങ്ങൾ, സഭാപ്രസംഗി, ഉത്തമഗീതം എന്നിവ ശലോമോന്റെ പേരിൽ അറിയപ്പെട്ടിരുന്നതുകൊണ്ടാണ് എബ്രായ വേദപുസ്തകസമുച്ചയത്തിൽ അവ സ്ഥാനം കണ്ടെത്തിയത്.

ഇസ്രായേലിന്റെ സാമൂഹ്യഘടനയിലുള്ള മാറ്റം ശ്രദ്ധേയമായിരുന്നു. കനാൻ അധിവാസത്തിനുശേഷം ചെറിയ രീതിയിലുള്ള കൃഷിക്കാരായി അവർ ഗ്രാമങ്ങളിൽ വസിച്ചിരുന്നു. അവരെ ഒറ്റക്കെട്ടായി നിൽക്കാൻ സഹായിച്ചിരുന്നത് യഹോവയിലുള്ള വിശ്വാസവും ആരാധനാ കേന്ദ്രത്തോടുള്ള ബന്ധവുമായിരുന്നു. യഹോവയുമായുള്ള ഉടമ്പടിയിൽ കേന്ദ്രീകരിച്ചുള്ള സ്നേഹബന്ധമാണ് അവരെ സംയോജിപ്പിച്ച്, ശത്രുക്കളെ നേരിടാൻ കരുത്തു നൽകിയത്. ദാവീദ്, ശലോമോൻ എന്നിവരുടെ രാജഭരണം ഗ്രാമവാസികളെ പട്ടണങ്ങളിലേക്ക് കൊണ്ടുവന്നു. വലിയവരും, ചെറിയവരും, സമ്പത്തുള്ളവരും, ദരിദ്രരും തമ്മിലുള്ള വിടവ് വർദ്ധിക്കുകയും ചെയ്തു.

ശലോമോന്റെ ഭരണകാലം സമാധാനത്തിന്റെ കാലമായിരുന്നു. ദാവീദ് വെട്ടിപ്പിടിച്ച രാജ്യങ്ങളിന്മേലുള്ള ആധിപത്യവും, സമ്പൽസമൃദ്ധിയും ശലോമോൻ അനുഭവിച്ചു. ശാന്തിയും, സമാധാനവും, ബാഹ്യമായ ഒരു സ്ഥിതിവിശേഷമായിരുന്നു. ആന്തരികമായി പുകഞ്ഞുകൊണ്ടിരുന്ന ചില ശക്തികൾ ആ ശാന്തിയെ അലട്ടിയിരുന്നു. യൊരോബെയാം എന്ന പട്ടാളമേധാവി വിപ്ലവസമൂഹത്തിന്റെ നേതാക്കളിൽ ഒരാളായി. അദ്ദേഹത്തിന് ഉത്തേജനം നൽകിയത് ശീലോന്യനായ അഹീയാ പ്രവാചകനും! ശലോമോൻ മില്ലോ പണിതു. തന്റെ അപ്പന്റെ നഗരത്തിന്റെ അറ്റകുറ്റം തീർത്തു. യൊരോബെയാമിന്റെ സാമർത്ഥ്യം കണ്ടിട്ട് ശലോമോൻ, യോസഫ് ഗൃഹത്തിന്റെ കാര്യാദികളൊക്കെയും അവനെ ഏല്പിച്ചു.

ആ കാലത്ത് യൊരോബെയാം യെരുശലേമിൽ നിന്ന് വരുമ്പോൾ ശീലോന്യനായ അഹീയാ പ്രവാചകൻ വഴിയിൽവച്ചു അവനെ കണ്ടു. അവൻ ഒരു പുതിയ അങ്കി ധരിച്ചിരുന്നു. രണ്ടുപേരും വയലിൽ തനിച്ചാ

യിരുന്നു. അഹീയാവ് താൻ ധരിച്ചിരുന്ന പുതിയ അങ്കി പിടിച്ചു പന്ത്രണ്ടു ഖണ്ഡമായി കീറി. യൊരോബെയാമിനോട് പറഞ്ഞതെന്തെന്നാൽ, "പത്തു ഖണ്ഡം നീ എടുത്തുകൊൾക. ഇതാ, ഞാൻ രാജത്വം ശലോമോന്റെ കൈയിൽ നിന്നു പറിച്ചുകീറി, പത്തു ഗോത്രം നിനക്കു തരുന്നു" (1 രാജാ. 11:26–32).

യൊരോബെയാമിന് പത്തു ഗോത്രം കൊടുക്കുവാനുള്ള കാരണവും പറയുന്നു. "സീദോന്യനായ അസ്തോരെത്തിനെയും മോവാബ്യദേവനായ കേമോശിനെയും അമ്മോന്യദേവനായ മിൽക്കോമിനെയും നമസ്കരിക്കുകയും അവന്റെ അപ്പനായ ദാവീദ് എന്നപോലെ എനിക്ക് പ്രസാദമായുള്ളതു ചെയ്‌വാനും എന്റെ ചട്ടങ്ങളും വിധികളും പ്രമാണിപ്പാനും അവർ എന്റെ വഴികളിൽ നടക്കാതെ ഇരിക്കയും ചെയ്തതുകൊണ്ടു തന്നെ" (1 രാജാ. 11:33).

"ശലോമോൻ രാജാവ്, ഫറവോന്റെ മകളെ കൂടാതെ മോവാബ്യർ, അമോന്യർ, സീദോന്യർ, ഹിത്യർ എന്നീ അന്യജാതിക്കാരായ അനേകം സ്ത്രീകളെ സ്നേഹിച്ചു (1 രാജാ. 11:1). "അവന്റെ ഭാര്യമാർ അവന്റെ ഹൃദയത്തെ വശീകരിച്ചു കളഞ്ഞു." ശലോമോൻ വയോധികനായപ്പോൾ ഭാര്യമാർ അവന്റെ ഹൃദയത്തെ അന്യദേവന്മാരിലേക്ക് വശീകരിച്ചു കളഞ്ഞു (1 രാജാ. 11:3). അതുകൊണ്ടാണ് യഹോവയുടെ അപ്രീതിക്ക് വശംവദനായി 10 ഗോത്രങ്ങളുടെ അവകാശം നെബാത്തിന്റെ മകൻ യൊരോബെയാമിന് വിട്ടുകൊടുക്കേണ്ടി വന്നത്. ശലോമോൻ യെരോബെയാമിനെ കൊല്ലുവാൻ അന്വേഷിച്ചു. യൊരോബെയാം എഴുന്നേറ്റു മിസ്രയീമിൽ ശീശക് എന്ന രാജാവിന്റെ അടുക്കൽ ഓടിപ്പോയി അഭയം തേടി.

## ശലോമോന്റെ രാജത്വം ഒരവലോകനം

ശൗലിനോ, ദാവീദിനോ ലഭിക്കാത്ത അതുല്യപദവിയാണ് ഇസ്രായേൽ ചരിത്രത്തിൽ ശലോമോന് ലഭിക്കുന്നത്; രാജാവിന്റെ മകൻ രാജാവാകുന്നു. ഗോത്രങ്ങൾ സ്വതന്ത്രമാണെന്നും, യഹോവ വിശ്വാസമാണ് അവരെ സംയോജിപ്പിച്ച ഏക ഘടകമെന്നും വിശ്വസിച്ചിരുന്ന തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന് ശലോമോന്റെ ഏകഛത്രാധിപത്യഭരണം നൂതനമായ ഒരനുഭവമായിരുന്നു. ദൈവവിളി, ജനങ്ങളുടെ ഉടമ്പടി മൂലമുള്ള അംഗീകരണം എന്നീ രണ്ടു പ്രധാന കാര്യങ്ങളും ദാവീദിൽ സമ്മേളിച്ചിരുന്നു. ശലോമോൻ, രാജകീയ അധികാരം ഉപയോഗിച്ചാണ് ദാവീദ് യുദ്ധം ചെയ്തു നേടിയ രാജ്യവും സമ്പത്തും വിനിയോഗിക്കുന്നത്. സ്വന്ത താൽപര്യത്തിനും, വളർച്ചയ്ക്കും വിലങ്ങുതടിയായി നിന്ന വ്യക്തികളെ നിഷ്കരുണം കൊന്നൊടുക്കി. ശക്തി ഉപയോഗിച്ചു ജനങ്ങളെ

ഭരിക്കുകയും, ദേവാലയം, കൊട്ടാരം എന്നിവ പണിതുയർത്തുവാൻ അവരുടെ കഴിവുകളെ ചൂഷണം ചെയ്യുകയും ചെയ്തു. നിർബ്ബന്ധമായ കരം പിരിവ് ജനത്തിന് വലിയ ഭാരമായി.

സ്വമേധയാ സേവനത്തിനും, ഉടമ്പടിയുടെ അടിസ്ഥാനത്തിലുള്ള ബന്ധത്തിനും മുൻതൂക്കം കൊടുത്തിരുന്ന ഇസ്രായേൽക്കാർ നിർബ്ബന്ധ സേവനവും, കരംപിരിവും, കർക്കശ നിയമങ്ങളും വെറുക്കുകയും, എതിർക്കുകയും ചെയ്തെങ്കിലും പ്രത്യക്ഷമായി എതിർക്കുവാൻ പറ്റിയ സാഹചര്യമല്ല നിലവിലിരുന്നത്. ശലോമോന്റെ ഭരണകാലത്തുണ്ടായിരുന്ന എതിർപ്പിന്റെയും, വെറുപ്പിന്റെയും പരിണതഫലം ശലോമോനുശേഷമുള്ള രാജ്യവിഭജനത്തിലാണ് കലാശിക്കുന്നത്. ജ്ഞാനിയായ ശലോമോനേക്കാൾ അധികാരദുർവിനിയോഗം ചെയ്ത ശലോമോനെ എടുത്തുകാട്ടാനാണ് ചരിത്രകാരൻ ശ്രമിക്കുന്നത്.

ശലോമോന്റെ ജീവിതത്തിലെ പാകപ്പിഴകളും കോട്ടങ്ങളും അന്യദേവന്മാരെ ആരാധിച്ചതിന്റെ അനന്തരഫലമായി കാണുകയും, യഹോവയോടുള്ള വിധേയത്വത്തിന്റെ കുറവായി അതിനെ ചിത്രീകരിക്കുകയും ചെയ്തു.

### പാഠം 6

## വിഭജിക്കപ്പെട്ട രാജ്യവും, വിവിധ പ്രശ്നങ്ങളും

**രെഹബെയാം**

ശലോമോന്റെ അന്ത്യത്തിനുശേഷം മകനായ രെഹബെയാം ഭരണം ഏറ്റെടുത്തു. കരഭാരംകൊണ്ടും, നിർബ്ബന്ധിത സേവനംകൊണ്ടും ഞെങ്ങി ഞെരുങ്ങിയ സമൂഹം രെഹബെയാമിനെ സമീപിച്ച് അവരുടെ ജീവിതഭാരം കുറച്ചുകൊടുക്കാൻ നിവേദനം നൽകി (1 രാജാ. 12:4). ആരാധനാകേന്ദ്രവും, യഹോവയോടുള്ള ഉടമ്പടിയുടെ സ്ഥലവുമായ ശേഖേമിൽ ഇസ്രായേൽ ഒരുമിച്ചുകൂടിയതുകൊണ്ട് രെഹബെയാമും അവിടെ എത്തി. ഇസ്രായേൽക്കാർ മിസ്രേമിൽനിന്ന് യൊരോബെയാമിനെയും വിളിച്ചുവരുത്തി. അവർ രെഹബെയാമിനോട് സംസാരിച്ചു. “നിന്റെ അപ്പൻ ഭാരമുള്ള നുകം ഞങ്ങളുടെമേൽ വച്ചു. നിന്റെ അപ്പന്റെ കഠിന വേലയും അവൻ ഞങ്ങളുടെമേൽ വെച്ചിരിക്കുന്ന ഭാരമുള്ള നുകവും നീ ഭാരം കുറച്ചുതരേണം. എന്നാൽ ഞങ്ങൾ നിന്നെ സേവിക്കാം” എന്നു പറഞ്ഞു. അവൻ അവരോട്: “നിങ്ങൾ പോയി മൂന്നു ദിവസം കഴിഞ്ഞിട്ട് വീണ്ടും എന്റെ അടുക്കൽ വരുവിൻ” എന്നു പറഞ്ഞു. രെഹബെയാം

ആദ്യം അവന്റെ സന്നിധിയിൽ നിന്നിരുന്ന വൃദ്ധന്മാരോട് ആലോചിച്ചു. അവരോട് നല്ല വാക്കു പറഞ്ഞു സാന്ത്വനപ്പെടുത്തുവാൻ അവർ ഉപദേശിച്ചു. രെഹബെയാം അതു കൂട്ടാക്കാതെ യൗവ്വനക്കാരോട് അഭിപ്രായം ചോദിച്ചു. "നിന്റെ അപ്പൻ ഭാരമുള്ള നുകം ഞങ്ങളുടെമേൽ വച്ചു. നീ അതു ഞങ്ങൾക്ക് കുറച്ചുതരണമെന്ന് നിന്നോടു പറഞ്ഞ ഈ ജനത്തോട്: എന്റെ ചെറുവിരൽ എന്റെ അപ്പന്റെ അരയെക്കാൾ വണ്ണമുള്ളതായിരിക്കും. എന്റെ അപ്പൻ നിങ്ങളുടെമേൽ ഭാരമുള്ള നുകം വച്ചിരിക്കെ ഞാൻ നിങ്ങളുടെ നുകത്തിനു ഭാരം കൂട്ടും; എന്റെ അപ്പൻ നിങ്ങളെ ചമ്മട്ടികൊണ്ട് ദണ്ഡിപ്പിച്ചു; ഞാനോ തേളുകളെക്കൊണ്ട് നിങ്ങളെ ദണ്ഡിപ്പിക്കും" എന്ന് പറയുവാൻ യൗവ്വനക്കാർ ഉപദേശിച്ചു (1 രാജാ. 12:10–11). മൂന്നാം ദിവസം വരാൻ പറഞ്ഞ ജനം മൂന്നാം ദിവസം വന്നപ്പോൾ മേൽപറഞ്ഞ വാക്കുകൾ ആവർത്തിച്ചു. ജനത്തിന്റെ അപേക്ഷ കേട്ടില്ല. ദാവീദിങ്കൽ ഞങ്ങൾക്ക് എന്തു ഓഹരി ഉള്ളു? യിശ്ശായിയുടെ മകങ്കൽ ഞങ്ങൾക്ക് അവകാശമില്ലല്ലോ? യിസ്രായേലേ, നിങ്ങളുടെ കൂടാരങ്ങളിലേക്ക് പൊയ്ക്കൊൾവിൻ. ദാവീദേ, നിന്റെ ഗൃഹം നോക്കിക്കൊൾക എന്നുത്തരം പറഞ്ഞു." അവർ പിരിഞ്ഞുപോയി. യഹൂദാ നഗരങ്ങളിൽ പാർത്തിരുന്ന ഇസ്രായേല്യർക്കോ രെഹബെയാം രാജാവായിത്തീർന്നു. രെഹബെയാം, ഊഴിയവേലയ്ക്ക് മേൽവിചാരകനായി അദോരാമിനെ അയച്ചു. ഇസ്രായേൽ അവനെ കല്ലെറിഞ്ഞു കൊന്നുകളഞ്ഞു (1 രാജാ. 12:18).

ഇസ്രായേൽ യൊരോബെയാമിനെ സഭയിലേക്ക് വിളിപ്പിച്ചു രാജാവാക്കി. രെഹബെയാം, ഇസ്രായേലിനെ കീഴടക്കുവാൻ യുദ്ധം തുടങ്ങുവാൻ ആഗ്രഹിച്ചു. അതിൽ യെഹൂദാഗൃഹം മുഴുവനും, ബെന്യാമീൻ ഗോത്രത്തിലെ ഒരു ലക്ഷത്തിഎൺപതിനായിരം പേരും ചേർന്നു. ദൈവപുരുഷനായ ശെമയ്യാവ്, "നിങ്ങൾ പുറപ്പെടരുത്; നിങ്ങളുടെ സഹോദരന്മാരായ ഇസ്രായേൽ മക്കളോട് യുദ്ധം ചെയ്കയുമരുത്" എന്ന് ഉപദേശിച്ചു. അവൻ യഹോവയുടെ കല്പന കേട്ടു മടങ്ങിപ്പോയി (1 രാജാ. 12:24). യൊരോബെയാം എഫ്രയീം മലനാട്ടിൽ ശേഖേം പണിതു അവിടെ പാർത്തു (1 രാജാ. 12:25).

യഹൂദാ, ഇസ്രായേൽ എന്നീ രണ്ടു ഭാഗമായി രാജ്യം തിരിഞ്ഞു. ഒരു വിഭാഗം രെഹബെയാമിന്റെ നേതൃത്വത്തിലും, അടുത്ത ഭാഗം യൊരോബെയാമിന്റെ നേതൃത്വത്തിലുമായി. രാജത്വം ദാവീദ് ഗൃഹത്തിനാകും. യൊരോബെയാമിന്റെ രാജ്യം അധികകാലം നീണ്ടുനിൽക്കയില്ല എന്ന ഭയം യൊരോബെയാമിനെ ആദ്യം മുതലേതന്നെ പിടികൂടിയിരുന്നു. ‘‘ഈ ജനം യെരുശലേമിൽ യഹോവയുടെ ആലയത്തിൽ യാഗം കഴിപ്പാൻ ചെന്നാൽ ഈ ജനത്തിന്റെ ഹൃദയം യഹൂദാ

രാജാവായ രെഹബെയാം എന്ന തങ്ങളുടെ യജമാനങ്കലേക്ക് തിരിയുകയും അവർ എന്നെ കൊന്നു, യഹൂദാ രാജാവായ രെഹബെയാമിന്റെ പക്ഷം ചേരുകയും ചെയ്യും എന്നു പറഞ്ഞു (1 രാജാ. 12:26-27). അവൻ ദാനിലും, ബെഥേലിലും പ്രതിഷ്ഠിക്കുവാൻ പൊന്നുകൊണ്ടുള്ള രണ്ടു കാളക്കുട്ടിയെ ഉണ്ടാക്കി. "നിങ്ങൾ യെരുശലേമിൽ പോയതു മതിയെന്നു പറഞ്ഞു. ഇസ്രായേൽക്കാരെ വിലക്കി. കൂടാതെ, ലേവ്യരല്ലാത്തവരെ പുരോഹിതന്മാരായും നിയമിച്ചു (1 രാജാ. 12:31). അവൻ സ്വമേധയായി നിശ്ചയിച്ച എട്ടാം മാസം പതിനഞ്ചാം തീയതി ബെഥേലിൽ ഉണ്ടാക്കിയ യാഗപീഠത്തിൽ ചെന്നു ഇസ്രായേൽ മക്കൾക്കു ഒരു ഉത്സവം നിയമിച്ചു. പീഠത്തിനരികെ ചെന്നു ധൂപം കാട്ടി (1 രാജാ. 12:33).

ദൈവത്തിന് അനിഷ്ടമായ ആരാധന പ്രോത്സാഹിപ്പിച്ച യൊരോബെയാം പിൻതലമുറകൾക്ക് പാപത്തിന്റെയും അവിശ്വാസത്തിന്റെയും അവിശ്വസ്ഥതയുടെയും പ്രതീകമായി.

**യൊരോബെയാം**

യൊരോബെയാം രാജാവാകുന്നത് ദൈവിക നിയോഗത്താലും, ജനങ്ങളുടെ അംഗീകരണത്താലുമാണ് (1 രാജാ. 12:20). ഇസ്രായേൽ രാജാവ് ദൈവത്താൽ വിളിക്കപ്പെട്ട് ജനങ്ങളാൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്. എന്നാൽ രെഹബെയാമിന്റെ രാജത്വം പാരമ്പര്യമനുസരിച്ചും ജനങ്ങളുടെ അംഗീകരണം നിരാകരിച്ചുമാണ്.

രാജ്യം രെഹബെയാമിന്റെയും യൊരോബെയാമിന്റെയും നേതൃത്വത്തിൽ രണ്ടായി പിരിഞ്ഞപ്പോൾ ധനസമ്പാദനമാർഗ്ഗങ്ങളായി ഉപയോഗിച്ചിരുന്ന വഴികൾ അടഞ്ഞു. യൊരോബെയാമിന്റെ ആധിപത്യം തകർത്ത് ഇസ്രായേലിനെ മുഴുവൻ കൈപിടിയിൽ ഒതുക്കാൻ രെഹബെയാമിന് ശക്തിയില്ലായിരുന്നു. ഇസ്രായേലുമായി യുദ്ധം ചെയ്യരുതെന്ന് യഹോവയുടെ അരുളപ്പാടും രെഹബെയാമിനുണ്ടായിരുന്നു (1 രാജാ. 12:24-25).

യൊരോബെയാമിന് അഭയം നൽകിയ മെസ്രേൻ രാജാവ് ശിശക്കിന്റെ ആക്രമണം മുമ്പിൽ കണ്ടു ശലോമോൻ രാജ്യത്തിന്റെ പടിഞ്ഞാറും, തെക്കും കോട്ടകൾ ഉറപ്പിച്ച് ഭദ്രമാക്കിയിരുന്നു. ശിശക്കിന്റെ ആക്രമണത്തിൽ രെഹബെയാം കപ്പം കൊടുത്തു അവനെ പിന്തിരിപ്പിച്ചു. പാലസ്തീനിൽ വലിയ നാശനഷ്ടങ്ങൾ വരുത്തിയതായി കർനാക്കിലെ ശിശക്കിന്റെ ലിഖിതങ്ങൾ സാക്ഷിക്കുന്നു. ഏദോം, എസിയോൻ ഗേബെർ എന്നിവ ആ യുദ്ധത്തിൽ നശിപ്പിക്കപ്പെട്ടു. ശലോമോന്റെ കുതിരാലയമായ മെഗീദ്ദോയും ആക്രമണത്തിൽപ്പെട്ടു. യൊരോബെയാമിന്റെ ശക്തി ക്ഷയിച്ചതുകൊണ്ട് ഇസ്രായേലിനെ ശിശക്ക് ശല്യപ്പെടുത്തിയില്ല.

യൊരോബെയാമിനുശേഷം മകൻ നാദാബ് ഇസ്രായേലിൽ രാജാവായി. അവൻ രണ്ടു സംവത്സരം ഇസ്രായേലിൽ വാണു (1 രാജാ. 14:20, 15:25). അഹീയാവിന്റെ മകൻ ബയെശാ അവനെ കൊന്നു ഭരണമേറ്റു. ബയെശായ്ക്കുശേഷം ഏലാ രാജാവായി. അവനും കുറച്ചു മാസം മാത്രമേ രാജാവായി ഭരിച്ചുള്ളു. സിമ്രി എന്ന പട്ടാളമേധാവി ബയെശയുടെ ഭവനത്തെ മുഴുവൻ നിഗ്രഹിച്ചു (1 രാജാ. 16:13). സിമ്രി ഏഴ് ദിവസം രാജാവായിരുന്നു. ജനം ഒരുമിച്ചു കൂടി ഒമ്രിയെ രാജാവാക്കി. ഉടനെ സിമ്രി രാജധാനിയുടെ ഉൾമുറിയിൽ കടന്നു രാജധാനിക്കു തീ വച്ചു. അതിൽ മരിച്ചു കളഞ്ഞു (1 രാജാ. 16:18). സിമ്രിയെക്കുറിച്ച് ചരിത്രകാരൻ ഇപ്രകാരം പറയുന്നു: “അവൻ യൊരോബെയാമിന്റെ വഴിയിലും ഇസ്രായേലിനെക്കൊണ്ട് ചെയ്യിച്ച പാപത്തിലും നടന്നു യഹോവയ്ക്കു അനിഷ്ടമായുള്ളത് പ്രവർത്തിച്ചു” (1 രാജാ. 16:19).

ഇസ്രായേലിലെ കലാപം നിറഞ്ഞ ഭരണമാറ്റത്തിനുശേഷം ഒമ്രി ഭരണം കൈയേറ്റു (1 രാജാ. 16:22). സമീപരാജ്യക്കാർ ഇസ്രായേലിനെ ഒമ്രിയുടെ രാജ്യമെന്നു പരാമർശിക്കുന്നു. അരാമ്യർ ശക്തി പ്രാപിക്കാൻ തുടങ്ങി (ആലെപ്പോയിൽ നിന്ന് കണ്ടെടുത്ത ഒരു രേഖയിൽ ബെൻഹദദ് സിറിയയുടെ വടക്കേ അറ്റംവരെ ആധിപത്യം വ്യാപിപ്പിച്ചതായിട്ടു കാണാം. ബെയെശായുടെ ബലഹീനതയെ ചൂഷണം ചെയ്തു അതിർത്തിയിലെ ചില പട്ടണങ്ങളെ അവൻ പിടിച്ചു. സ്വാധീനം സ്ഥാപിച്ചു.).

യൊരോബെയാമിന്റെ ഇരുപതാം ആണ്ടിൽ ആസാ യഹൂദയിൽ രാജാവായി (1 രാജാ. 15:10). അവൻ നാൽപത്തൊന്നു സംവത്സരം യെരുശലേമിൽ വാണു. ആസാ ദാവീദിനെപ്പോലെ ദൈവത്തിന് പ്രസാദകരമായ കാര്യങ്ങൾ ചെയ്തു. വിഗ്രഹങ്ങളെ നീക്കി. ആസയും ഇസ്രായേൽ രാജാവായ ബയെശയും തമ്മിൽ ജീവപര്യന്തം യുദ്ധം ഉണ്ടായിരുന്നു. ആസയുടെ അടുക്കൽ ആരെയും കടത്തിവിടാതിരിക്കാൻ രാമയെ പണിതുറപ്പിച്ചു (1 രാജാ. 15:17). ആസാ, യഹോവയുടെ ആലയത്തിലെ വെള്ളിയും പൊന്നും രാജധാനിയിലെ ഭണ്ഡാരവും എടുത്തു. ദമെശെക്കിൽ പാർത്ത് ഹെസ്യോന്റെ മകനായ തബ്രീമ്മോന്റെ മകൻ ബെൻ-ഹദദ് എന്ന അരാം രാജാവിന് അവയെ കൊടുത്തയച്ചു. “എനിക്കും നിനക്കും, എന്റെ അപ്പനും നിന്റെ അപ്പനും തമ്മിൽ സഖ്യത ഉണ്ടല്ലോ; ഇതാ ഞാൻ നിനക്കു സമ്മാനമായി വെള്ളിയും പൊന്നും കൊടുത്തയയ്ക്കുന്നു. ഇസ്രായേൽ രാജാവായ ബയെശാ എന്നെ വിട്ടുപോകേണ്ടതിന് നീ ചെന്നു അവനോടുള്ള നിന്റെ സഖ്യത തൃജിക്കേണം എന്നു പറയിച്ചു” (1 രാജാ. 15:19). ബെൻ ഹദദ് അപേക്ഷ കേട്ടു സേനാപതികളെ ഇസ്രായേൽ പട്ടണങ്ങൾക്കുനേരെ അയച്ചു. ബയെശാ ഈ വിവരം കേട്ടപ്പോൾ രാമാ പണിയുന്നത് നിർത്തി തിർസ്സയിൽതന്നെ ഒതുങ്ങി

ക്കൂടി. ആസാ യഹൂദയെ മുഴുവൻ വിളിച്ചുകൂട്ടി. അവർ ചെന്ന് ബയേശാ പണിതുറപ്പിച്ച രാമയുടെ കല്ലും മരവും എടുത്തു കൊണ്ടുവന്നു. ആസാ അതുപയോഗിച്ച് ശേബയും മിസ്പയും പണിതുറപ്പിച്ചു. ആസായുടെ വാർദ്ധകൃകാലത്ത് അവന്റെ കാലുകൾക്കു ദീനം പിടിച്ചു (1 രാജാ. 15:23). ആസാ, തന്റെ പിതാക്കന്മാരെപ്പോലെ നിദ്രപ്രാപിച്ചു. അവന്റെ മകനായ യെഹോശാഫാത്ത് അവനു പകരം രാജാവായി (1 രാജാ. 15:24).

ഒമ്രി ഇസ്രായേലിൽ 12 കൊല്ലം വാണു. തിർസ്സയിൽ അവൻ ആദ്യ സംവത്സരം വാണു. പിന്നെ അവൻ ശെമേരിനോട് ശമര്യാമല രണ്ടു താലന്തു വെള്ളിക്കു വാങ്ങി ആ മലമുകളിൽ പട്ടണം പണിതു. അതിന് ശമര്യ എന്നു പേരിട്ടു. അവനും യഹോവയ്ക്കു അനിഷ്ടമായുള്ള കാര്യങ്ങൾ ചെയ്തു. അവന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു. അവന്റെ മകനായ ആഹാബ് അവനു പകരം രാജാവായി (1 രാജാ. 16:28).

**ആഹാബ്** (2 രാജാ 18:28– 22:40)

അസ്സീറിയാ, അരാം എന്നീ രണ്ടു ശക്തികൾ ആധിപത്യം ഉറപ്പിക്കുവാൻ ശ്രമം തുടങ്ങി. ദൈവത്തിൽ പരിപൂർണ്ണ ആശ്രയവും, സങ്കേതവും വയ്ക്കുന്നതിനു പകരം ചുറ്റുപാടുമുള്ള രാജാക്കന്മാരുമായി കൂട്ടുകെട്ടുകൾ ഉണ്ടാക്കി ശത്രുക്കളെ നേരിടുവാനുള്ള ശ്രമങ്ങളും തന്ത്രങ്ങളും യിസ്രായേലും യഹൂദായും തുടങ്ങി. ഇതുപോലെയുള്ള സഖ്യങ്ങളെയും, ബാഹ്യമായ സങ്കേതങ്ങളെയും പ്രവാചകർ ശക്തിയായ ഭാഷയിൽ എതിർത്തു.

ഇസ്രായേൽ ചരിത്രത്തിലെ അതിപ്രധാനമായ ചില വഴിത്തിരിവുകൾ ആഹാബ് രാജാവ് സോറിലെ ഇസേബേലിനെ വിവാഹം ചെയ്തപ്പോഴാണ് ഉണ്ടാകുന്നത്. രാഷ്ട്രീയമായി ചില നേട്ടങ്ങൾ കൈവരിക്കാൻ സാധിച്ചെങ്കിലും യഹോവയിലുള്ള അവിഭക്തമായ ബന്ധത്തിനും, ആശ്രയത്തിനും, വിധേയത്വത്തിനും ഉലച്ചിൽ തട്ടി. ബാൽമെർക്കാത്തിന്റെയും, അഷേരയുടെയും ആരാധികയായിരുന്നു ഈസബേൽ. ആഹാബിന്റെ ദൈവമായ യഹോവയെ ആരാധിക്കാതെ, ബാലിനെ ആരാധിക്കുവാനും, ബാൽ പ്രവാചകരെ പിന്തുണയ്ക്കാനും ഈസബേൽ ബദ്ധശ്രദ്ധയായിരുന്നു. സത്യദൈവമായ യഹോവയുടെ പ്രവാചകന്മാരെ വേട്ടയാടി നശിപ്പിക്കുവാനും അവർ അശ്രാന്തം ശ്രമിച്ചു.

ആ ഘട്ടത്തിൽ യഹോവ വിശ്വാസത്തിനുവേണ്ടി പടപൊരുതിയ വീരനായ പ്രവാചകനാണ് ഏലിയ. കർമ്മേൽ പർവ്വതത്തിൽ എത്തി, ആരാണ് സത്യദൈവമെന്ന് തെളിയിക്കാൻ 450 ബാൽ പ്രവാചകന്മാരെ ഏലിയാ വെല്ലുവിളിച്ചു. യാഗം നടത്തി തീ മുകളിൽ നിന്ന് ഇറക്കി.

ദൈവികശക്തി തെളിയിക്കാൻ ബാൽ പ്രവാചകന്മാർ നടത്തിയ ശ്രമം വിഫലമായി. "ബാലേ, ഉത്തരമരുളണമേ എന്നു രാവിലെ തുടങ്ങി ഉച്ച വരെ ബാലിന്റെ നാമത്തെ വിളിച്ചപേക്ഷിച്ചു" (1 രാജാ. 18:26). ഒരു ശബ്ദമോ ഉത്തരമോ ഉണ്ടായില്ല. തങ്ങൾ ഉണ്ടാക്കിയ ബലിപീഠത്തിന് ചുറ്റും അവർ തുള്ളിച്ചാടിക്കൊണ്ടിരുന്നു. ഉച്ചയായപ്പോൾ ഏലിയാവ് അവരെ പരിഹസിച്ചു. "ഉറക്കെ വിളിപ്പീൻ, അവൻ ദേവനല്ലോ; അവൻ ധ്യാനിക്കുകയാകുന്നു; അല്ലെങ്കിൽ വെളിക്കു പോയിരിക്കുകയാകുന്നു; അല്ലെങ്കിൽ യാത്രയിലാകുന്നു; അല്ലെങ്കിൽ പക്ഷേ ഉറങ്ങുകയാകുന്നു; അവനെ ഉണർത്തേണം എന്നു പറഞ്ഞു." അവർ ഉറക്കെ വിളിച്ചു. പതിവുപോലെ രക്തം ഒഴുകുവോളം വാൾകൊണ്ടും കുന്തംകൊണ്ടും തങ്ങളെത്തന്നെ മുറിവേല്പിച്ചു (1 രാജാ. 18:28). യാതൊരു ശബ്ദമോ ഉത്തരമോ, ശ്രദ്ധയോ ഉണ്ടായില്ല.

അതിനുശേഷം ഏലിയാവിന്റെ ഊഴമായി. അവൻ ജനത്തെ വിളിച്ചു കൂട്ടി. ഇടിഞ്ഞുകിടന്ന യാഗപീഠം നന്നാക്കി. ഗോത്രസംഖ്യപ്രകാരം പന്ത്രണ്ട് കല്ല് എടുത്തു യാഗപീഠം പണിതു. ഒരു തോട് ഉണ്ടാക്കി; വിറകു അടുക്കി. കാളയെ ഖണ്ഡം ഖണ്ഡമാക്കി വിറകിൻമീതെ വച്ചു. നാലു തൊട്ടിയിൽ വെള്ളം നിറച്ചു ഹോമയാഗത്തിന്മേലും വിറകിന്മേലും ഒഴിപ്പിച്ചു. മൂന്നു പ്രാവശ്യം അങ്ങനെ ഒഴിപ്പിച്ചു. അതിനുശേഷം ഭോജനയാഗത്തിന്റെ സമയത്ത് 'യഹോവേ, എനിക്കു ഉത്തരമരുളേണം. നീ തന്നെ ദൈവം യഹോവേ; നീ തങ്ങളുടെ ഹൃദയം വീണ്ടും തിരിച്ചു എന്നു ഈ ജനം അറിയേണ്ടതിന് എനിക്കു ഉത്തരമരുളേണമെന്നു പറഞ്ഞു. ഉടനെ യഹോവയുടെ തീ ഇറങ്ങി ഹോമയാഗവും, വിറകും, മണ്ണും ദഹിപ്പിച്ചു. ഏലിയാ ഉടനെ ബാലിന്റെ പ്രവാചകന്മാരെ പിടിപ്പിൻ എന്നു പറഞ്ഞു. അവർ അവരെ കീശോൻ തോട്ടിനരികെ കൊണ്ടുചെന്നു അവിടെ വച്ചു വെട്ടിക്കൊന്നു കളഞ്ഞു.

ബാൽ പ്രവാചകന്മാർ തോറ്റെങ്കിലും, ഈസബേൽ തോൽക്കാൻ കൂട്ടാക്കിയില്ല. ഏലിയാവിന് ജീവഹാനി വരുത്തുവാൻ ശ്രമിക്കുകയും, ഭീഷണിപ്പെടുത്തുകയും ചെയ്തുകൊണ്ടിരുന്നു. ഏലിയാ ജീവരക്ഷാർത്ഥം പലായനം ചെയ്തു.

ഇസ്രായേലിലെ സാമൂഹ്യവ്യവസ്ഥിതിയും രാജാവിന്റെ അധികാരവും വസ്തുക്കളുടെ അവകാശവും ഈസബേലിന്റെ രാജ്യത്തിലെ പരമ്പരാഗത ചിന്തകളും പൊരുത്തപ്പെടുന്നതായിരുന്നില്ല. ഇസ്രായേലിലെ നിയമങ്ങളും പാരമ്പര്യങ്ങളും അംഗീകരിക്കാൻ ഈസബേൽ തയ്യാറുമല്ലായിരുന്നു. ഇതിനിടെ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശപ്പെടുത്തുവാൻ ആഹാബ് ആഗ്രഹിച്ചു. ആഹാബിന്റെ അരമനയുടെ സമീപ

ത്തായിരുന്നു മുന്തിരിത്തോട്ടം. ആഹാബ് നാബോത്തിനോട്: "നിന്റെ മുന്തിരിത്തോട്ടം എനിക്ക് ചീരത്തോട്ടം ആക്കുവാൻ തരണം. അതു എന്റെ അരമനയ്ക്ക് സമീപമല്ലോ. അതിനു പകരം ഞാൻ ഇതിനെക്കാൾ വിശേഷമായൊരു മുന്തിരിത്തോട്ടം നിനക്കു തരാം; അല്ല, നിനക്കു സമ്മതമെങ്കിൽ ഞാൻ അതിന്റെ വില നിനക്കു പണമായിട്ടു തരാം എന്നു പറഞ്ഞു" (1 രാജാ. 21:2). തന്റെ പിതാക്കന്മാരുടെ അവകാശം കൊടുക്കാൻ നാബോത്ത് വിസമ്മതിച്ചു. ആഹാബിന് വളരെ ദുഃഖമായി. ഈസബേൽ അവനെ ആശ്വസിപ്പിച്ചു മുന്തിരിത്തോട്ടം വാങ്ങിച്ചുതരാമെന്നു ഉറപ്പു നൽകി. അവൾ ആഹാബിന്റെ പേർ വെച്ച് എഴുത്തു എഴുതി. അവന്റെ മുദ്ര കൊണ്ടു മുദ്രയിട്ടു (1 രാജാ. 21:8). എഴുത്തു നാബോത്തിന്റെ പട്ടണത്തിൽ താമസിക്കുന്ന മൂപ്പന്മാർക്കും, പ്രധാനികൾക്കും അയച്ചു. നീചന്മാരെ വരുത്തി, നാബോത്ത് ദൈവത്തെയും, രാജാവിനെയും ദുഷിച്ചു എന്നു അവനു വിരോധമായി കള്ളസാക്ഷ്യം പറയുവാൻ നിയോഗിച്ചു. രാജകല്പനപ്രകാരം അവർ നാബോത്തിനെതിരായി സാക്ഷ്യം പറഞ്ഞു. അവർ അവനെ പട്ടണത്തിനു പുറത്തു കൊണ്ടുപോയി കല്ലെറിഞ്ഞു കൊന്നുകളഞ്ഞു (1 രാജാ. 21:13). യഹോവ ഏലിയാവിന് കല്പന കൊടുത്തു. "നീ എഴുന്നേറ്റു ശമര്യയിലെ ഇസ്രായേൽ രാജാവായ ആഹാബിനെ എതിരേൽപാൻ ചെല്ലുക. ഇതാ, അവൻ നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കുവാൻ അവിടേക്ക് പോയിരിക്കുന്നു. നീ കുല ചെയ്കയും, കൈവശമാക്കുകയും ചെയ്തുവോ എന്നു യഹോവ ചോദിക്കുന്നു. നായ്ക്കൾ നാബോത്തിന്റെ രക്തം നക്കിയ സ്ഥലത്തു വച്ചു തന്നെ നിന്റെ രക്തം നക്കിക്കളയും. ഈസബേലിനെക്കുറിച്ച് യഹോവ അരുളിച്ചെയ്തത്, നായ്ക്കൾ ഈസബേലിനെ ഇസ്രായേലിന്റെ മതിലിനരികെവച്ച് തിന്നുകളയും. ആഹാബിന്റെ സന്തതിയിൽ പട്ടണത്തിൽ വച്ചു മരിക്കുന്നവനെ നായ്ക്കൾ തിന്നുകളയും. ആകാശത്തിലെ യഹോവയുടെ ശിക്ഷയെക്കുറിച്ച് കേട്ടപ്പോൾ ആഹാബ് വസ്ത്രം കീറി, തന്റെ ദേഹം പറ്റെ രട്ടുടുത്തുകൊണ്ട് ഉപവസിച്ചു. രട്ടിൽത്തന്നെ കിടക്കുകയും, സാവധാനമായി നടക്കുകയും ചെയ്തു. ആഹാബ് തന്നെത്താനെ വാഴ്ത്തിയതുകൊണ്ട് അവന്റെ ജീവകാലത്തു അനർത്ഥം വരുത്താതെ അവന്റെ മകന്റെ കാലത്ത് അവന്റെ ഗൃഹത്തിന് അനർത്ഥം വരുത്തും എന്നു പറഞ്ഞു (1 രാജാ. 21:22-23).

ഈസബേലുമായുള്ള വിവാഹബന്ധം ഇസ്രായേലിന്റെ സാമ്പത്തിക നേട്ടത്തിനും, രാഷ്ട്രീയ സുസ്ഥിരതയ്ക്കും സഹായകമായിരുന്നു. സമൂഹത്തിൽ ഉള്ളവരും ഇല്ലാത്തവരും തമ്മിലുള്ള അന്തരവും വർദ്ധിച്ചു. ഒമ്രി തുടങ്ങിവച്ച കെട്ടിടങ്ങളുടെയും, ദന്തഗോപുരങ്ങളുടെയും പണി ആഹാബിന്റെ കാലത്താണ് പൂർത്തീകരിക്കുന്നത്. ശമരിയയുടെ നിർണ്ണാ

യകമായ സ്ഥാനം, പ്രകൃതി മനോഹാരിതകൊണ്ടും, തന്ത്രപ്രധാനമായ നില കൊണ്ടും അനുപമമായിരുന്നു. ആക്രമിച്ച് എളുപ്പത്തിൽ കീഴട ക്കാൻ പ്രയാസമുള്ള സ്ഥാനമാണ് ഒമ്രി തെരഞ്ഞെടുത്തത്.

യഹൂദാ രാജാവായ യെഹോശാഫാത്തും, ഇസ്രായേൽ രാജാവായ ആഹാബും കൂടി യോർദ്ദാനപ്പുറം ആരാമ്യരോട് പോരാടാൻ കൂട്ടുചേർന്നു. റാമോത്ത് ഗിലയാദ് വീണ്ടെടുക്കാനുള്ള ശ്രമമായിരുന്നു അത്.

അരാം രാജാവായ ബെൻഹദദ് സൈന്യസന്നാഹങ്ങളോടെ ഇസ്രാ യേലിനെ വെല്ലുവിളിച്ചു. “നിന്റെ വെള്ളിയും പൊന്നും എനിക്കുള്ളത്. നിന്റെ സൗന്ദര്യമേറിയ ഭാര്യമാരും, പുത്രന്മാരും എനിക്കുള്ളവർ, എന്നി ങ്ങനെ ബെൻ–ഹദദ് പറയുന്നു എന്നു പറയിച്ചു.” ഇസ്രായേൽ രാജാവ് അതു സമ്മതിച്ചു. ബെൻ ഹദദിന്റെ ദൂതന്മാർ വീണ്ടും വന്നു, “ഈ നേരത്ത് ഞാൻ എന്റെ ഭൃത്യന്മാരെ നിന്റെ അടുക്കൽ അയയ്ക്കും അവർ നിന്റെ അരമനയും നിന്റെ ഭൃത്യന്മാരുടെ വീടുകളും ശോധന ചെയ്തു നിനക്കു ഇഷ്ടമുള്ളതൊക്കെയും കൈക്കലാക്കി കൊണ്ടുപോരും എന്നു പറഞ്ഞു (1 രാജാ. 20:6). ആഹാബ്, ദേശത്തുള്ള എല്ലാ മൂപ്പന്മാരെയും വരുത്തി. അവരുടെ ആലോചന ചോദിച്ചു. “എല്ലാ മൂപ്പന്മാരും, സകല ജനവും അവനോട് നീ കേൾക്കരുത്. സമ്മതിക്കുകയും അരുത് എന്നു പറഞ്ഞു.” ഈ ഉത്തരം ബെൻ–ഹദദിനെ പ്രകോപിപ്പിച്ചു. ബെൻ–ഹദദ്, ഇസ്രായേലുമായി യുദ്ധത്തിന് ഒരുങ്ങി. ഒരു പ്രവാചകൻ ആഹാബിന്റെ അടുക്കൽ വന്ന്, “ഈ മഹാസംഘത്തെ ഒക്കെയും നീ കണ്ടുവോ? ഞാൻ ഇന്ന് അതിനെ നിന്റെ കൈയിൽ ഏല്പിക്കും. ഞാൻ യഹോവ എന്നു നീ അറിയും എന്നു പറഞ്ഞു.” ബെൻ ഹദദ് കുടിച്ചു മണിപ്പന്തലിൽ മത്തനായി കിടക്കുമ്പോൾ യിസ്രായേൽ സൈന്യം അരാം പാളയത്തി ലേക്ക് പുറപ്പെട്ട് അവർക്കെതിരെ വന്ന അരാമ്യരെ കൊന്നു. അരാമ്യർ ഭയപ്പെട്ടു ഓടി. ഇസ്രായേൽ അവരെ പിന്തുടർന്നു തോല്പിച്ചു. അടു ത്തയാണ്ടിൽ വീണ്ടും അരാം രാജാവ് വരുമെന്ന് പ്രവാചകൻ മുന്നറി യിപ്പു നൽകി (1 രാജാ. 20:22). ആ യുദ്ധത്തിലും അരാമ്യർ തോറ്റു. അരാമ്യരിൽ ഒരു ലക്ഷം കാലാളുകളെ ഒരു ദിവസംതന്നെ കൊന്നു (1 രാജാ. 20:30). ബെൻ–ഹദദും ഓടി രക്ഷപ്പെട്ടു ഉള്ളറയിൽ ഒളിച്ചു. ബെൻ –ഹദദ് ദൂതന്മാർ മുഖാന്തിരം തന്റെ ജീവനെ രക്ഷിക്കാൻ ആഹാബി നോട് അപേക്ഷിച്ചു. ബെൻ–ഹദദിനെ കൂട്ടിക്കൊണ്ടുവരാൻ ആഹാബ് ആജ്ഞാപിച്ചു. ബെൻ–ഹദദ് രഥത്തിൽ കയറിവന്നു. “എന്റെ അപ്പൻ നിന്റെ അപ്പനോട് പിടിച്ചടക്കിയ പട്ടണങ്ങളെ ഞാൻ മടക്കിത്തരാം. എന്റെ അപ്പൻ ശമര്യയിൽ ഉണ്ടാക്കിയതുപോലെ നീ ദമ്മെശേക്കിൽ നിനക്കു തെരുവീഥികളെ ഉണ്ടാക്കിക്കൊൾക എന്നു പറഞ്ഞു. ആഹാബും, ബെൻഹദദുമായി ഉടമ്പടി ചെയ്തു (1 രാജാ. 20:34).

## രാജാക്കന്മാരുടെ ഭരണ കാലാനുക്രമണിക

### ഏകീകൃത യിസ്രായേൽ രാജ്യം

| | | |
|---|---|---|
| ശൗൽ | ക്രി.മു. 1020–1000 | 1 ശമു. 8 – 31. |
| ദാവീദ് | ക്രി.മു. 1000–961 | 2 ശമു. 1–1 രാജാ. 1. |
| ശലോമോൻ | ക്രി.മു. 961–922 | 1 രാജാ. 2–11. |

### വിഭജിതരാജ്യം

| **യഹൂദ രാജ്യം (തെക്ക്)**<br>(യഹൂദ-ബന്യാമിൻ ഗോത്രങ്ങൾ) | **യിസ്രായേൽ രാജ്യം (വടക്ക്)**<br>(10 ഗോത്രങ്ങൾ) |
|---|---|
| രെഹബെയാം 922–915 | യൊരോബെയാം I 922–901 |
| അബീയാം 915–913 | |
| ആസാ 913–873 | |
| | നാദാബ് 901–900 |
| | ബയെശാ 900–877 |
| | ഏലാ 877–876 |
| | സിമ്രി 876–876 |
| യഹോശാഫാത്ത് 873–849 | ഒമ്രി 876–869 |
| | ആഹാബ് 869–850 |
| | അഹസ്യാവ് 850–849 |
| യഹോരാം 849–842 | യഹോരാം 849–842<br>(യോരാം) |
| അഹസ്യാവ് 842–842 | യേഹൂ 842–815 |
| അഥല്യ 842–837 | |
| യോവാശ്<br>(യെഹോവാശ്) 837–800 | |
| | യഹോവാഹാസ് 815–801 |
| അമസ്യാവ് 800–783 | യോവാശ് 801–786 |
| | യൊരോബയാം II 786–746 |
| അസര്യാവ്<br>(ഉസ്സീയാവ്) 783–742 | |
| | സെഖര്യാവ് 746–745 |
| | ശല്ലൂം 745–745 |
| യോഥാം 742–735 | മെനഹേം 745–738 |
| | പേക്കഹ്യാവ് 738–737 |
| ആഹാസ് 735–715 | പേക്കഹ് 737–732 |

ഹോശേയ 732–721
അശ്ശൂർ രാജാവ് ക്രി.മു. 721–ൽ വടക്കേ രാജ്യമായ യിസ്രായേൽ അധീനപ്പെടുത്തി.
ഈ ചരിത്രം 1 രാജാ. 12 മുതൽ 2 രാജാ. 17 വരെ വായിക്കാം.

ഹിസ്കിയാവ് 715–687
മനശ്ശെ 687–642
ആമോൻ 642–640
യോശീയാവ് 640–609
യെഹോവാഹാസ് 609–609
എല്യാക്കീം
(യെഹോയാക്കീം) 609–598
യെഹോയാഖീൻ 598–597
മത്ഥന്യാവ് (സിദെക്കീയാവ്) 597–587.

ബാബേൽ രാജാവായ നെബൂഖദ്നേസർ വന്ന് ക്രി.മു. 587–ൽ യഹൂദാ രാജ്യം പിടിച്ചടക്കി. ജനത്തെ ബാബേലിലേക്കു കൊണ്ടുപോയി. അങ്ങനെ ബാബേൽ പ്രവാസം തുടങ്ങി. ഈ ചരിത്രം 1 രാജാ. 12 മുതൽ 2 രാജാ. 25 വരെ അദ്ധ്യായങ്ങളിൽ വായിക്കാം.

(1, 2 രാജാക്കന്മാരുടെ പുസ്തകങ്ങൾ വായിച്ച് ഈ രാജാക്കന്മാരെ കുറിച്ചു പറയുന്ന വേദഭാഗങ്ങൾ കണ്ടെത്തുക)

വടക്കേ രാജ്യമായ യിസ്രായേലിന്റെ തലസ്ഥാനം ആദ്യം ശേഖേം ആയിരുന്നു (1 രാജാ. 12:25). പിന്നീട് തിർസ്സ (1 രാജാ. 16:23). ഒമ്രി രാജാവ് ശേമെരിനോട് ശമര്യാമല വാങ്ങി അവിടെ ശമര്യാ നഗരം പണിത് അതിനെ രാജ്യതലസ്ഥാനമാക്കി (1 രാജാ. 16:24). ആശ്ശൂർ വന്ന് യിസ്രായേലിനെ നശിപ്പിക്കും നാൾവരെ ശമര്യ തന്നെ രാജ്യ തലസ്ഥാനമായി തുടർന്നു.

യഹൂദാ രാജ്യത്തിന്റെ തലസ്ഥാനം അതിന്റെ നാശം വരെ യറുശലേം തന്നെ ആയിരുന്നു. ദാവീദ് രാജാവാണ് യറുശലേം നഗരത്തെ രാജ്യ തലസ്ഥാനമാക്കിയത് (2 ശമു. 5:5–10).

# യൂണിറ്റ് 2

# ഇസ്രായേൽ ചരിത്രം – തുടർച്ച

## പാഠം 1

## യഹോശാഫാത്ത് മുതൽ ഹോശേയാ വരെ

ഇസ്രായേൽ രാജാവായ ആഹാബും, യഹൂദ രാജാവായ യെഹോശാഫാത്തും കൂടി ഗിലെയാദിലെ രാമോത്തിലേക്ക് പോയി. ആഹാബ് രാജാവ് വസ്ത്രം മാറി സൈന്യത്തിന്റെ ഇടയിൽ കടന്നു. യഹോശാഫാത്ത് രാജവസ്ത്രം ധരിച്ചും നിന്നു. അരാം രാജാവ് 32 രഥനായകന്മാരോട് ഇസ്രായേൽ രാജാവിനോടു മാത്രം യുദ്ധം ചെയ്യുവാൻ ആജ്ഞാപിച്ചു. രാജവസ്ത്രത്തിൽ യഹോശാഫാത്തിനെ കണ്ട് അവൻ ഇസ്രായേൽ രാജാവാണെന്ന് തെറ്റായി ധരിച്ചു. അവനോടു യുദ്ധം ചെയ്യുവാൻ തിരിഞ്ഞു. യെഹോശാഫാത്ത് നിലവിളിച്ചു. രഥനായകന്മാർ യാഥാർത്ഥ്യം മനസ്സിലാക്കി അവനെ വിട്ടുമാറി. ഒരാൾ യദൃശ്ചയാ ഇസ്രായേൽ രാജാവിനെ അമ്പ് എയ്തു. ആഹാബ് മാരകമായി മുറിവേറ്റു മരിച്ചു. അവർ അവനെ ശമര്യയിലേക്ക് കൊണ്ടുപോന്നു. രഥം ശമര്യയിലെ കുളത്തിൽ കഴുകി. യഹോവ കല്പിച്ചിരുന്നപ്രകാരം നായ്ക്കൾ അവന്റെ രക്തം നക്കി. അങ്ങനെ ആഹാബ് രാജാവ് മരിച്ചു. അവന്റെ മകനായ അഹസ്യാവ് രാജാവായി (1 രാജാ. 22:40).

യഹൂദാ രാജാവായ യെഹോശാഫാത്തിനെക്കുറിച്ച് ചരിത്രകാരൻ നല്ല അഭിപ്രായമാണ് രേഖപ്പെടുത്തിയിരിക്കുന്നത്. അവന് 35 വയസ്സായപ്പോൾ ഭരണം തുടങ്ങി. അവൻ ഇരുപത്തഞ്ചു സംവത്സരം യെരുശലേമിൽ വാണു. അവൻ തന്റെ അപ്പനായ ആസയുടെ എല്ലാ വഴികളിലും നടന്നു. അതു വിട്ടുമാറാതെ യഹോവയ്ക്ക് പ്രസാദമായതു ചെയ്തു (1 രാജാ. 22:43). അവന്റെ മകനായ യെഹോരാം അവനു പകരം രാജാവായി. (1 രാജാ 22:50)

ഏലിയാ പ്രവാചകന്റെ ശിഷ്യനായ ഏലീശാ പ്രവാചകൻ തന്റെ യജമാനന്റെ ശുശ്രൂഷ തുടർന്നു. ഏലീശാ ഒരു പ്രവാചക ശിഷ്യനെ വിളിച്ചു അവനോട് പറഞ്ഞത്. നീ ഗിലെയാദിലെ രാമോത്തിലേക്കു പോകൂ. അവിടെ എത്തിയശേഷം നിംശിയുടെ മകനായ യെഹോശാഫാത്തിന്റെ മകൻ യേഹൂ എവിടെ ഇരിക്കുന്നു എന്നു നോക്കി അവനെ രാജാവായി അഭിഷേകം ചെയ്യുക (2 രാജാ. 9:2). അവൻ പോയി അപ്രകാരം ചെയ്തു. തുടർന്നു യേഹൂവിനൊപ്പമുണ്ടായിരുന്ന പടനായകന്മാർ യേഹൂ രാജാവായിയെന്ന് കാഹളം ഊതി അറിയിച്ചു (2 രാജാ. 9:13). അരാമുമായ

യുദ്ധത്തിൽ മുറിവുപറ്റിയ യോരാം രാജാവ് തിരിച്ചെത്തി സുഖം പ്രാപിക്കാൻ ചികിത്സ നടത്തിക്കൊണ്ടിരുന്നു. യോരാമിനെ കാണാൻ യഹൂദാ രാജാവായ അഹസ്യാവ് വന്നിരുന്നു (2 രാജാ. 9:16). യേഹൂ യോരാമിനെയും, അഹസ്യാവിനെയും ആഹാബിന്റെ മക്കളായ രാജകുമാരന്മാർ എല്ലാവരെയും കൊന്നു. ഷണ്ഡന്മാരെ വിട്ടു. ഈസെബേലിനെ കൊന്നു. തിശ്ബ്യനായ ഏലിയാവിന്റെ വചനംപോലെ "ഇസ്രായേൽ പ്രദേശത്തു വച്ചു നായ്ക്കൾ ഈസെബേലിന്റെ മാംസം തിന്നുകളയും" എന്ന പ്രവചനം യാഥാർത്ഥ്യമായി (2 രാജാ. 9:36). യേഹൂ ബാലിന്റെ പ്രവാചകന്മാരെയെല്ലാം ബാലിന്റെ ക്ഷേത്രത്തിൽ വിളിച്ചുകൂട്ടി. യഹോവയുടെ പ്രവാചകന്മാരോട് അവിടെ ഇരിക്കേണ്ടയെന്നും നിഷ്കർഷിച്ചു. ബാലിന്റെ പ്രവാചകർ ഹനനയാഗങ്ങളും ഹോമയാഗങ്ങളും കഴിപ്പാൻ വന്നു. യാഗത്തിന് ശേഷം അവരെയെല്ലാം യേഹൂ വാളിന്റെ വായ്ത്തലയാൽ കൊന്നു. കൂടാതെ ദാനിലും, ബഥേലിലുമുള്ള പൊൻകാളക്കുട്ടികളെക്കൊണ്ടു ഇസ്രായേലിനെ പാപം ചെയ്യുമാറാക്കിയ യെരോബെയാമിന്റെ പാപങ്ങളെ യേഹു വിട്ടുമാറിയില്ല. യഹോവ യേഹുവിനോട് "എനിക്കു ഇഷ്ടമുള്ളതു നീ നല്ലവണ്ണം അനുഷ്ഠിച്ചതുകൊണ്ടും, എന്റെ ഹിതപ്രകാരം ഒക്കെയും ആഹാബ് ഗൃഹത്തോടു ചെയ്തതു കൊണ്ടും നിന്റെ പുത്രന്മാർ ഇസ്രായേലിന്റെ രാജാസനത്തിൽ നാലാം തലമുറ വരെ ഇരിക്കും എന്നു അരുളിചെയ്തു" (2 രാജാ. 10:30). "എങ്കിലും യഹോവയുടെ ന്യായപ്രമാണപ്രകാരം പൂർണ്ണമനസ്സോടെ നടക്കുന്നതിന് ജാഗ്രത കാണിച്ചില്ല" (2 രാജാ. 10:31). യേഹു ശമര്യയിൽ വച്ചു മരിച്ചു. അവന്റെ മകനായ യെഹോവാഹാസ് അവനു പകരം രാജാവായി.

അഹസ്യാവിന്റെ അമ്മ അഥല്യ തന്റെ മകൻ മരിച്ചുപോയിയെന്ന് കണ്ടപ്പോൾ രാജസന്തതികളെയെല്ലാം നശിപ്പിച്ചു. യോരാം രാജാവിന്റെ മകളും അഹസ്യവിന്റെ സഹോദരിയുമായ യെഹോശേബ രാജകുമാരന്മാരുടെ ഇടയിൽ നിന്ന് അഹസ്യാവിന്റെ മകനായ യോവാശിനെ എടുത്തു അവനെയും, ധാത്രിയെയും അഥല്യ കാണാതെ ഒരു ശയനഗൃഹത്തിൽ കൊണ്ടുപോയി ഒളിപ്പിച്ചു. അവന്റെ ജീവനെ രക്ഷിച്ചു (2 രാജാ. 11:3). ആറു വർഷം ഒളിപ്പിച്ചു വച്ചു. അഥല്യാ രാജ്യം ഭരിച്ചുകൊണ്ടിരുന്നു (2 രാജാ. 11:3). ഏഴാം ആണ്ടിൽ യെഹോയാദാ പുരോഹിതൻ ശതാധിപന്മാരെ വിളിപ്പിച്ചു. യഹോവയുടെ ആലയത്തിൽ കൊണ്ടുവന്നു സത്യം ചെയ്തു രാജകുമാരനെ കാണിച്ചു. രാജാവിനെ വാഴിക്കുവാനും അഥല്യായെ വധിക്കുവാനും ക്രമീകരണങ്ങൾ ചെയ്തു (2 രാജാ. 11:5-11). യെഹോയാദാ പുരോഹിതൻ ദേവാലയത്തിൽ ഉണ്ടായിരുന്ന കുന്തങ്ങളും, പരിചകളും ശതാധിപന്മാർക്കു കൊടുത്തു. അവൻ രാജകുമാരനെ കിരീടം ധരിപ്പിച്ചു. സാക്ഷ്യപുസ്തകവും അവനു

കൊടുത്തു. അവനെ രാജാവാക്കി അഭിഷേകം ചെയ്തു. രാജാവേ, ജയ ജയ എന്ന് ജനം ആർത്തു (2 രാജാ. 1:12). അഥല്യാ ആരവം കേട്ട് ദേവാലയത്തിൽ വന്നു. ജനം സന്തോഷിക്കുന്നതും, കാഹളം ഊതുന്നതും കണ്ടു അഥല്യാ വസ്ത്രം കീറി: "ദ്രോഹം, ദ്രോഹം എന്നു പറഞ്ഞു." അഥല്യായെ അണികളിൽകൂടി പുറത്തു കൊണ്ടുവരാൻ യെഹോയാദാ പുരോഹിതൻ ശതാധിപന്മാർക്ക് കല്പന കൊടുത്തു. യഹോവയുടെ ആലയത്തിൽ വച്ച് അവളെ കൊല്ലരുതെന്നും ശട്ടംകെട്ടി. ജനം ബാൽ ക്ഷേത്രത്തിൽ പ്രവേശിച്ച് അത് ഇടിച്ചു. ബലിപീഠങ്ങളും, വിഗ്രഹങ്ങളും നശിപ്പിച്ചു. യോവാശിനെ രാജധാനിയിലേക്ക് കൊണ്ടുപോയി. അവൻ രാജാസനം പ്രാപിച്ചു. ജനം വളരെ സന്തോഷിച്ചു. അഥല്യായെ വാൾകൊണ്ടു കൊന്നുകളഞ്ഞു (2 രാജാ. 11:20). ഭരണം ഏറ്റപ്പോൾ യോവാശിന് ഏഴു വയസ്സായിരുന്നു. യോവാശിന് യെഹോവാശ് എന്നും ഒരു പേരുണ്ട് (2 രാജാ 11:21). യെഹോയാദാ പുരോഹിതനാണ് അവനെ ഉപദേശിച്ചിരുന്നത് (2 രാജാ. 12:2). അക്കാലത്തെല്ലാം അവൻ യഹോവയ്ക്ക് പ്രസാദമായ കാര്യങ്ങൾ ചെയ്തു. എങ്കിലും പൂജാഗിരികൾ മുഴുവൻ നീക്കിയില്ല. ജനം പൂജാഗിരികളിൽ യാഗം കഴിച്ചും ധൂപം കാട്ടിയും പോന്നു (2 രാജാ. 12:3).

യെഹോവാശ്, യെഹോയാദാ പുരോഹിതനെയും പുരോഹിതന്മാരെയും വരുത്തി. ആലയത്തിന്റെ അറ്റകുറ്റം തീർക്കാൻ പറഞ്ഞു. യെഹോയാദാ പുരോഹിതൻ ഒരു പെട്ടകം എടുത്തു അതിന്റെ മൂടിയിൽ ഒരു ദ്വാരം ഉണ്ടാക്കി യാഗപീഠത്തിനരികെ ആലയത്തിലേക്കുള്ള പ്രവേശനത്തിന്റെ വലത്തുഭാഗത്ത് വച്ചു. പുരോഹിതൻ ദ്രവ്യം അതിൽ ഇട്ടു. ദ്രവ്യം വളരെയായി എന്നു കാണുമ്പോൾ രാജാവിന്റെ രായസക്കാരനും മഹാപുരോഹിതനും കൂടെ ചെന്നു യഹോവയുടെ ആലയത്തിൽ കണ്ട ദ്രവ്യം എണ്ണി സഞ്ചികളിൽ കെട്ടും. ദ്രവ്യം ആലയത്തിന്റെ പണിക്കായിട്ടു പണി നടത്തുന്ന വിചാരകന്മാരുടെ പക്കൽ കൊടുക്കും. ആലയത്തിന്റെ അറ്റകുറ്റം തീർപ്പാൻ വേണ്ട ചിലവിന് അത് കൊടുക്കും (2 രാജാ. 12:12).

അരാം രാജാവായ ഹസായേൽ യുദ്ധത്തിന് യെരുശലേമിന്റെ നേരെ ദൃഷ്ടി വച്ചു. യഹോവയുടെ ആലയത്തിലെ ഭണ്ഡാരത്തിലും, രാജധാനിയിലും ഉള്ള പൊന്നൊക്കെയും യെഹോവാശ് എടുത്തു അരാം രാജാവായ ഹസായേലിന് കൊടുത്തു. അങ്ങനെ അവനെ പിന്തിരിപ്പിച്ചു (2 രാജാ. 12:18). യോഹവാശിന്റെ ഭൃത്യന്മാർ മത്സരിച്ചു കൂട്ടുകെട്ടുണ്ടാക്കി സില്ലായിലേയ്ക്കു പോകുന്ന വഴിക്കലുള്ള മില്ലോ ഗൃഹത്തിൽ വച്ചു അവനെ കൊന്നു. അവന്റെ മകനായ അമസ്യാവ് അവനു പകരം രാജാവായി (2 രാജാ. 12:21).

യെഹോവാശിന്റെ കാലത്ത് അരാംകാരിൽനിന്നു ചില പട്ടണങ്ങൾ വീണ്ടെടുത്തു. യഹൂദാ രാജാവായ അമസ്യാവ് യേഹുവിന്റെ മകനായ യെഹോവാഹാസീന്റെ മകൻ യെഹോവാശ് രാജാവിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു: "വരിക, നാം തമ്മിൽ ഒന്നു നോക്കുക" എന്നു പറഞ്ഞു കൊണ്ട് വെല്ലുവിളിച്ചു (2 രാജാ. 14:8). അതിന് യെഹോവാശ് മറുപടി പറഞ്ഞത്: ലെബാനോനിലെ മുൾപ്പടർപ്പ് ലെബാനോനിലെ ദേവദാരുവോട് നിന്റെ മകളെ എന്റെ മകനു ഭാര്യയായി തരിക എന്നു ആളയച്ചു പറയിച്ചു; എന്നാൽ ലെബാനോനിലെ ഒരു കാട്ടുമൃഗം കടന്നുപോകയിൽ മുൾപ്പടർപ്പിനെ ചവിട്ടിക്കളഞ്ഞു. ഏദോമ്യരെ തോൽപിച്ചതുകൊണ്ട് നീ നിഗളിച്ചിരിക്കുന്നു; പ്രശംസിച്ചുകൊണ്ട് നിന്റെ വീട്ടിൽ ഇരുന്നുകൊൾക; നീയും നിന്നോടു കൂടെ യഹൂദയും വീഴുവാൻ തക്കവണ്ണം അനർത്ഥത്തിൽ ചെന്നു ചാടുന്നതും എന്തിന്?" അമസ്യ അത് കേൾക്കാതെ യെഹോവാശിനെ നേരിട്ടു. അതിൽ ഇസ്രായേലിനോട് തോറ്റു, യെഹോവാശ് സെത്ത്-ശെമെശിൽ വച്ച് പിടിച്ചിട്ടു. യെരുശലേമിലേക്ക് വന്നു. യെരുശലേമിന്റെ മതിൽ എഫ്രയീം പടിവാതിൽ മുതൽ കോൺപടിവാതിൽ വരെ നാനൂറു മുഴം ഇടിച്ചു കളഞ്ഞു (2 രാജാ. 14:13). അവൻ ആലയത്തിലും രാജധാനിയിലും കണ്ട പൊന്നും, വെള്ളിയും സകല ഉപകരണങ്ങളും ശമര്യയിലേക്ക് കൊണ്ടുപോയി.

### യൊരോബെയാം രണ്ടാമൻ

യെഹോവാശ് തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു. അവനെ ശമര്യയിൽ അടക്കം ചെയ്തു. അവന്റെ മകനായ യൊരോബെയാം രണ്ടാമൻ അവനു പകരം രാജാവായി (2 രാജാ. 14:16). അവൻ ശമര്യയിൽ 41 സംവത്സരം വാണു. സാമ്പത്തികമായി വളരെയധികം നേട്ടം വരിച്ച കാലഘട്ടമായിരുന്നു അത്. അവനും യൊരോബെയാമിന്റെ (ഒന്നാമൻ) കാലടികളെ പിന്തുടർന്നു. "അവൻ യഹോവയ്ക്കു അനിഷ്ടമായുള്ളതു ചെയ്തു. ഇസ്രായേലിനെക്കൊണ്ടു പാപം ചെയ്യിച്ച നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളൊന്നും വിട്ടുമാറിയില്ല" (2 രാജാ. 14:24). അവൻ ഹമാത്തിന്റെ അതിർ മുതൽ ആരാബാ വരെ രാജ്യത്തെ അവകാശമാക്കി. യൊരോബെയാമിന്റെ കാലത്ത് 27-ാം ആണ്ടിൽ യഹൂദയിൽ വാണത് അമസ്യാവിന്റെ മകൻ അസര്യാവ് ആയിരുന്നു. അവൻ യഹോവയ്ക്കു പ്രസാദമായ കാര്യങ്ങൾ ചെയ്തു. അവൻ ജീവപര്യന്തം കുഷ്ഠരോഗിയായി ഒരു പ്രത്യേക സ്ഥലത്ത് വസിച്ചിരുന്നു. യൊരോബെയാമിന്റെയും അസര്യാ (ഉസീയാ) വിന്റെയും കാലത്ത് ശലോമോന്റെ കാലത്തുണ്ടായിരുന്ന സാമ്രാജ്യം മിക്കവാറും വീണ്ടെടുത്തു. യൊരോബെയാമിന്റെ കാലത്ത് സമ്പൽസമൃദ്ധിയെക്കുറിച്ചും ധനവാന്മാരും ദരിദ്രരും തമ്മിലുള്ള അന്തരത്തെക്കുറിച്ചും നീതിനിഷേധം, വഞ്ചന, മദ്യ

പാനം, ദുർന്നടപ്പ് എന്നീ അധർമ്മങ്ങളെക്കുറിച്ചും ആമോസ്, ഹോശേയാ എന്ന പ്രവാചകന്മാർ ശക്തിയായ ഭാഷയിൽ വിവരിക്കുന്നു. "നിങ്ങൾ ആനക്കൊമ്പു കൊണ്ടുള്ള കട്ടിലുകളിന്മേൽ ചാരിയിരിക്കയും നിങ്ങളുടെ ശയ്യകളിന്മേൽ നിവർന്നു കിടക്കയും ആട്ടിൻകൂട്ടത്തിൽ നിന്ന് കുഞ്ഞാടുകളെയും തൊഴുത്തിൽനിന്ന് പശുക്കിടാക്കളെയും തിന്നുകയും ചെയ്യുന്നു. നിങ്ങൾ വീണാനാദത്തോടെ വ്യർത്ഥസംഗീതം ചെയ്ത് ദാവീദ് എന്നപോലെ വാദിത്രങ്ങളെ ഉണ്ടാക്കുന്നു. നിങ്ങൾ കലശങ്ങളിൽ വീഞ്ഞു കുടിക്കുകയും വിശേഷതൈലം പൂശുകയും ചെയ്യുന്നു" (ആമോസ് 6:4–6). "എളിയവരെ പീഡിപ്പിക്കയും ദരിദ്രന്മാരെ തകർക്കുകയും തങ്ങളുടെ ഭർത്താക്കന്മാരോടു കൊണ്ടുവരുവിൻ ഞങ്ങൾ കുടിക്കട്ടെ എന്നു പറയുകയും ചെയ്യുന്ന ശമര്യാ പർവ്വതത്തിലെ ബാശാന്യ പശുക്കളേ, ഈ വചനം കേൾപ്പിൻ." മെഗീദ്ദോ, ശമരിയാ എന്നീ സ്ഥലങ്ങളിലെ പുരാവസ്തു ഗവേഷണവും, അന്നു നിലവിലിരുന്ന കോട്ടകൾ, വ്യാപാരസ്ഥലങ്ങൾ എന്നിവയെക്കുറിച്ച് മനസ്സിലാക്കുവാൻ സഹായിക്കും.

സാമൂഹ്യവും സാമ്പത്തികവുമായ നേട്ടങ്ങൾ, ഫൊയ്നീക്യക്കാരുമായുള്ള വ്യാപാരബന്ധം എന്നിവയും യോർദ്ദാൻ അപ്പുറമുള്ള ലൊദെബാർ, കാർനയീം എന്നിവയുടെമേലുള്ള ആധിപത്യവും, സിറിയാ മുതൽ ഉള്ള വ്യാപാര വഴികളിന്മേലുള്ള ധനാഗമ മാർഗ്ഗങ്ങളും ചില പ്രധാന നേട്ടങ്ങൾ ഇസ്രായേലിനുണ്ടാക്കി. ശമരിയാ സമ്പത്തിന്റെയും, ധൂർത്തിന്റെയും കേന്ദ്രമായി മാറി. ഈ മാറ്റങ്ങൾ സമൂഹത്തിൽ ചില വ്യതിയാനങ്ങൾ വരുത്തി. സാമ്പത്തികമായി നേട്ടം വരിച്ച വ്യാപാരികളും, രാജകൊട്ടാരത്തോട് ബന്ധപ്പെട്ട ധനവാന്മാരായ ഉദ്യോഗസ്ഥന്മാരും തലപ്പത്തുള്ള ഒരു മേൽത്തട്ട് നിലവിൽ വന്നു. ദാരിദ്ര്യം മൂലം ഞെങ്ങിഞെരുങ്ങി ഉപജീവനത്തിനുവേണ്ടി നട്ടംതിരിയുന്ന താഴെക്കിടയിലുള്ള സാധാരണക്കാരുടെ ഗണവും ഉത്ഭവിച്ചു. സമൂഹത്തിൽ സംജാതമായ ഉച്ചനീചത്വത്തിന്റെയും, അധികാര ദുർവിനിയോഗത്തിന്റെയും ഉദാഹരണങ്ങൾ നീതിയുടെ പ്രവാചകനായ ആമോസ് എടുത്തു കാട്ടുന്നു. "യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. ഇസ്രായേലിന്റെ മൂന്നോ നാലോ അതിക്രമം നിമിത്തം, അവർ നീതിമാനെ പണത്തിനും ദരിദ്രനെ ഒരു കൂട്ടു ചെരിപ്പിനും വിറ്റു കളഞ്ഞിരിക്കയാൽ തന്നേ, ഞാൻ ശിക്ഷ മടക്കിക്കളയുകയില്ല" (ആമോസ് 2:6). "ദരിദ്രരെ വിഴുങ്ങുവാനും, ദേശത്തിലെ സാധുക്കളെ ഇല്ലാതാക്കുവാനും പോകുന്നവരേ ഇതു കേൾപ്പിൻ" (ആമോസ് 8:6). ന്യായത്തിനും നീതിക്കും മുൻതൂക്കം നൽകിയ പ്രവാചകൻ ഉച്ചൈസ്തരം ഉദ്ഘോഷിച്ചു. "എന്നാൽ ന്യായം വെള്ളം പോലെയും, നീതി വറ്റാത്ത തോടുപോലെയും കവിഞ്ഞൊഴുകട്ടെ" (ആമോസ് 5:24).

ബാൽ സേവ കൊണ്ടാണ് കാർഷികരംഗത്ത് നേട്ടം വരിച്ചതെന്ന് ഇസ്രായേൽ തെറ്റിദ്ധരിച്ചിരുന്നു. ബാൽ ആരാധനയും, അതോടു ബന്ധപ്പെട്ട വിശ്വാസാചാരങ്ങളും അഭികാമ്യമായി കരുതിയിരുന്ന സമൂഹത്തെ ഹോശേയാ നിശിതമായി വിമർശിക്കുന്നു (ഹോശേയ 2:2–13). ആരാധനാലയങ്ങളിലുള്ള വ്യഭിചാരത്തെയും, ആചാരങ്ങളായി മാത്രം തീർന്ന യാഗങ്ങളെയും, കാളയുടെ രൂപത്തിലുള്ള വിഗ്രഹങ്ങളുടെ ആരാധനയെയും ചൂണ്ടിക്കാണിച്ചു ഇസ്രായേൽക്കാരെ അനുതാപത്തിലേക്ക് നയിക്കുന്നു. യാഗങ്ങൾ എത്രയായാലും, അർപ്പിക്കുന്നവൻ, യഥാർത്ഥ ആത്മതപനത്തോടും വിനയത്തോടും, ഒരുക്കത്തോടും വേണം അവ അർപ്പിക്കാൻ. അനേകം യാഗങ്ങൾ അർപ്പിച്ച് ദൈവപ്രസാദം നേടിയെടുക്കാമെന്ന് തെറ്റിദ്ധരിക്കരുത്. ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിൽ നിന്നും ഭക്തിയിൽനിന്നും ഉരുത്തിരിഞ്ഞത് ആയിരിക്കണം അർപ്പണങ്ങളും പൂജകളും പ്രതിഷ്ഠകളും!

പ്രവാചകർ ചൂണ്ടിക്കാണിച്ചത് പുതിയ ഒരു കാര്യമല്ല. യഹോവയിലുള്ള പരിപൂർണ്ണവിശ്വാസം നഷ്ടപ്പെട്ട സമൂഹത്തെ തിരിച്ചുകൊണ്ടുവരാനുള്ള ശ്രമമാണ് ലേവ്യരും, പുരോഹിതന്മാരും, പ്രവാചകരും നിരന്തരം നടത്തിക്കൊണ്ടിരുന്നത്. യൊരോബെയാമിന്റെ മരണശേഷം, അശൂരിൽ തിഗ്ലത്ത് പിലേസർ മൂന്നാമൻ അധികാരം പിടിച്ചടക്കി. ഈജിപ്തിൽ അവൻ സ്വാധീനം സ്ഥാപിച്ചു. ബാബിലോൺ പിടിച്ചടക്കി, മദ്ധ്യധരണി ഭാഗത്തേക്ക് തിരിച്ചു. സിറിയയിലും, പലസ്തീനിലും ഭയം സൃഷ്ടിച്ചു.

അശൂരിന്റെ യുദ്ധതന്ത്രം മറ്റുള്ളവരിൽ നിന്ന് ഭിന്നമാണ്. പിടിച്ചടക്കിയ പ്രദേശങ്ങളിലുള്ള വാസികളെ പിടിച്ചുകൊണ്ടുപോയി യുദ്ധം ചെയ്ത് കീഴടക്കിയ അധിനിവേശസ്ഥലത്ത് കുടിയിരുത്തി. യുദ്ധം ചെയ്ത് ആധിപത്യം സ്ഥാപിച്ച മറ്റു സ്ഥലങ്ങളിലുള്ളവരെ കൊണ്ടുവന്ന് കൈവശപ്പെടുത്തിയ ഇടങ്ങളിൽ പാർപ്പിച്ചു. തദ്ദേശവാസികൾ ജനിച്ചു വളർന്ന ദേശവുമായിട്ടുള്ള ബന്ധം വിച്ഛേദിപ്പിച്ചു കളഞ്ഞു.

യെഹൂദാ രാജാവായ അസര്യാവിന്റെ മുപ്പത്തെട്ടാം ആണ്ടിൽ യൊരോബെയാമിന്റെ മകൻ സെഖര്യാവ് ഇസ്രായേലിൽ രാജാവായി. അവൻ ശമര്യയിൽ ആറു മാസം വാണു (2 രാജാ. 15:8). അവൻ നെബാത്തിന്റെ മകനായ യൊരോബെയാമിന്റെ പാപങ്ങളെ വിട്ടുമാറിയില്ല. യാബേശിന്റെ മകനായ ശല്ലൂം അവന്റെ നേരെ കൂട്ടുണ്ടാക്കി ജനത്തിന്റെ മുമ്പിൽവച്ച് അവനെ വെട്ടിക്കൊന്ന് അവനു പകരം രാജാവായി. യഹോവ യേഹുവോട്: "നിന്റെ പുത്രന്മാർ നാലാം തലമുറ വരെ ഇസ്രായേലിന്റെ സിംഹാസനത്തിൽ ഇരിക്കും എന്നു അരുളിച്ചെയ്ത വചനം ഇതാകുന്നു.

അങ്ങനെ തന്നെ സംഭവിച്ചു" (2 രാജാ. 15:12). ശല്ലും ഒരു മാസം വാണു. യാബേശിന്റെ മകനായ ശല്ലൂമിനെ, ഗാദിയുടെ മകനായ മെനഹേം തിർസ്സയിൽ നിന്നു പുറപ്പെട്ട് ശമര്യയിൽ വന്നു വെട്ടിക്കൊന്ന് രാജാവായി. ഇസ്രായേൽ രാജാക്കന്മാരുടെ വൃത്താന്തപുസ്തകത്തിൽ അവനെക്കുറിച്ച് വിവരണങ്ങൾ കാണുന്നു. മെനഹേം പത്തു വർഷം ഭരിച്ചു. അവന് പട്ടണവാസികൾ വാതിൽ തുറന്നു കൊടുക്കാത്തതുകൊണ്ട് അവൻ അതിനെ ശൂന്യമാക്കുകയും അതിലെ ഗർഭിണികളെയൊക്കെയും പിളർന്നു കളയുകയും ചെയ്തു (2 രാജാ. 15:16). അശൂർ രാജാവായ പൂൽ ആക്രമിച്ചപ്പോൾ അവനെ പ്രീതിപ്പെടുത്തുവാനും രാജ്യത്തിന്റെ നിലനില്പിനുംവേണ്ടി മെനഹേം അവന് ആയിരം താലന്തു വെള്ളി കൊടുത്തു. ആ വെള്ളി ഇസ്രായേലിലെ ധനവാന്മാരോട് അമ്പതു ശേക്കെൽ വെള്ളി വീതം പിരിച്ചുണ്ടാക്കിയതാണ് (2 രാജാ. 15:19–20).

യെഹൂദാ രാജാവായ അസര്യാവിന്റെ (ഉസ്സീയാവ്) അമ്പതാം ആണ്ടിൽ മെനഹേമിന്റെ മകനായ പെക്കഹ്യാവ് ഇസ്രായേലിന് രാജാവായി ശെമര്യായിൽ രണ്ടു സംവത്സരം വാണു. അവനും യെരോബെയാമിന്റെ വഴി തന്നെ പിന്തുടർന്നു (2 രാജാ. 15:24). അവന്റെ അകമ്പടി നായകനായ പെക്കഹ് അവനെതിരായി കൂട്ടുകെട്ടുണ്ടാക്കി. അവൻ ഗിലെയാദ്യരിൽ അമ്പതുപേരെ കൂട്ടി ശമരിയാ രാജധാനിയുടെ കോട്ടയിൽ വച്ച് പെക്കഹ്യാവിനെ വെട്ടിക്കൊന്ന് അവനു പകരം രാജാവായി. അവൻ ഇരുപതു വർഷം ഭരിച്ചു (2 രാജാ. 15:27).

അക്കാലത്ത് അശൂർ രാജാവായ തിഗ്ലത്ത് പിലേസർ വന്ന് രാജ്യത്തിന്റെ വളരെയധികം ഭാഗങ്ങൾ പിടിച്ചു. "ഈയോനും, ആബേൽ ബേത്ത് മയഖയും, യാനോവഹും, കേദെശും, ഹാസോരും, ഗിലെയാദും, ഗെലീലയും, നപ്താലിദേശം മുഴുവനും പിടിച്ചു നിവാസികളെ ബദ്ധരാക്കി അശൂരിലേക്ക് കൊണ്ടുപോയി (2 രാജാ. 15:29). ഏലാവിന്റെ മകനായ ഹോശേയാ, രെമല്യാമിന്റെ മകൻ പേക്കഹിന്റെ നേരെ കൂട്ടുകെട്ടുണ്ടാക്കി, അവനെ വെട്ടിക്കൊന്നു പകരം രാജാവായി (2 രാജാ. 15:30).

തിഗ്ലത്ത് പിലേസർ മരിച്ചപ്പോൾ അശൂരിനെതിരായി വിപ്ലവം സംഘടിപ്പിക്കാൻ അതൊരു അവസരമായി ഹോശേയാ കരുതി. പുതിയ രാജാവിന് ശക്തിയില്ലയെന്നു കരുതി ഹോശേയാ ഈജിപ്തിൽ ആശ്രയം വെച്ചു. അശൂരിന് കപ്പം കൊടുക്കുന്നത് നിർത്തി. അശൂരിലെ ശൽ മനേസർ രാജാവ് ശമരിയയെ ആക്രമിച്ചു (2 രാജാ. 17:4). ശൽമനേസറിന് ശേഷം സാർഗോൻ യുദ്ധം തുടർന്നു. സാർഗോന്റെ ചരിത്രരേഖപ്രകാരം 27,290 പേരെ നാടുകടത്തി. അവരെ ഹലഹിലും ഗോസാൻ നദീതീരത്തിലെ ഹാബോരിലും മേദ്യരുടെ പട്ടണങ്ങളിലും പാർപ്പിച്ചു (2 രാജാ.

17:6). ഹോശേയായെ ബന്ധിച്ചു കാരാഗൃഹത്തിൽ ആക്കി. എന്തു കൊണ്ടാണ് ഇസ്രായേലിന് നാശം സംഭവിച്ചതെന്ന് ചരിത്രകാരൻ രേഖപ്പെടുത്തുന്നു. "യഹോവ ഇസ്രായേൽ മക്കളുടെ മുമ്പിൽ നിന്ന് നീക്കിയ ചട്ടങ്ങളെയും അവിടെ നടപ്പാക്കിയ ഇസ്രായേൽ രാജാക്കന്മാരുടെ ചട്ടങ്ങളെയും അനുസരിച്ച് നടക്കുകയും ചെയ്തതുകൊണ്ട് ഇങ്ങനെ സംഭവിച്ചു." കൂടാതെ പൂജാഗിരികൾ പണിതു അവർ ഉയർന്ന കുന്നിന്മേലൊക്കെയും പച്ചവൃക്ഷത്തിൻകീഴിലൊക്കെയും വിഗ്രഹസ്തംഭങ്ങളും അശേരാ പ്രതിഷ്ഠകളും സ്ഥാപിച്ചു (2 രാജാ. 17:10). "അവർ തങ്ങളുടെ പുത്രന്മാരെയും, പുത്രിമാരെയും അഗ്നിപ്രവേശം ചെയ്യിച്ചു. പ്രശ്നവും, ആഭിചാരവും പ്രയോഗിച്ചു യഹോവയെ കോപിപ്പിക്കേണ്ടതിന് അവനു അനിഷ്ടമായുള്ളതു ചെയ്യാൻ തങ്ങളെത്തന്നെ വിറ്റുകളഞ്ഞു. അതു നിമിത്തം തന്റെ സന്നിധിയിൽ നിന്നു നീക്കിക്കളഞ്ഞു; യെഹൂദാ ഗോത്രം മാത്രമല്ലാതെ ആരും ശേഷിച്ചില്ല" (2 രാജാ. 17:19).

ഇസ്രായേലിന്റെ അവസാനത്തെ രാജാവായ ഹോശേയാ തടവിൽ വച്ചു മരിച്ചു.

## വടക്കേ രാജ്യമായ ഇസ്രായേൽ - ഒരു അവലോകനം

യൊരോബെയാമായിരുന്നു ഇസ്രായേലിന്റെ ആദ്യത്തെ രാജാവ്. ഹോശേയാ അവസാനത്തെ രാജാവും! വി. വേദപുസ്തകത്തിൽ കാണുന്ന ചരിത്രവിവരണങ്ങൾ യെഹൂദാ രാജ്യത്തോട് കൂടുതൽ മമതയും താൽപര്യവുമുള്ള എഴുത്തുകാരന്റെ വിവരണമായിട്ടാണ് കാണുന്നത്. ഇസ്രായേലിന്റെ വീഴ്ചകളെ യൊരോബെയാമിന്റെ കാലടികളെ പിന്തുടർന്നു യാഗപീഠങ്ങൾ പണിത് യഹോവയ്ക്ക് അനിഷ്ഠമായുള്ളതു ചെയ്തതുകൊണ്ടാണ് സംഭവിച്ചതെന്ന് ചൂണ്ടിക്കാണിക്കുന്നു. ഒരു പ്രത്യേക വിവരണരീതി ചരിത്രകാരൻ സ്വീകരിച്ചിരിക്കുന്നു. രാജാവായപ്പോൾ ഉള്ള പ്രായം, എത്രകാലം ഭരിച്ചു, യഹോവയ്ക്ക് അനിഷ്ടമായതോ പ്രസാദമായതോ ചെയ്തുവെന്ന വിലയിരുത്തലും കാണാം. പിന്തുടർന്ന രാജാവിന്റെ പേരും നൽകുന്നു. രാജാവിന്റെ അമ്മയുടെ പേര് സമകാലീനനായ യെഹൂദാ രാജാവിന്റെ പേര് എന്നിവയും പരാമർശിക്കുന്നു. യുദ്ധങ്ങൾ നടത്തി രാജ്യത്തിന്റെ വിസ്തീർണ്ണം വർദ്ധിപ്പിച്ചതോ, രമ്യഹർമ്മങ്ങൾ പണിത് തലസ്ഥാനനഗരത്തിന്റെ മോടി വർദ്ധിപ്പിച്ചതോ, ചരിത്രകാരന്റെ പ്രശംസയും അംഗീകാരവും പിടിച്ചുപറ്റുന്നില്ല. യഹോവയോടുള്ള അവിഭക്തബന്ധം അഭംഗുരം നിലനിർത്തിയോയെന്ന ഏകമാനദണ്ഡമാണ് രാജാവിനെ അളക്കുന്ന അളവുകോൽ. യെരുശലേമിലേക്ക് ജനങ്ങൾ പോകാതിരിപ്പാനാണ് ദാൻ, ബെഥേൽ എന്ന ആരാധനാലയങ്ങൾ യൊരോബയാം നിർമ്മിച്ചത് (1 രാജാ. 12:19).

ഇസ്രായേലിന്റെ ചരിത്രം മുഴുവൻ ആ തെറ്റിന്റെ പരിണതഫലമായിട്ടു കണ്ട് നിശിതമായി വിമർശിക്കുന്നു. ആഹാബ് രാജാവിന്റെ കാലത്ത് പല നേട്ടങ്ങളും രാജ്യത്തിനു കൈവന്നെങ്കിലും ഇസെബേലിനെ പ്രീതിപ്പെടുത്താൻ ആഹാബ് അനുവദിച്ച ആരാധനാലയങ്ങൾ രാജ്യത്തിന്റെ നാശത്തിന് വഴി തെളിയിച്ചതായി ചൂണ്ടിക്കാണിക്കുന്നു. യഹോവ വിശ്വാസം സംരക്ഷിക്കാൻ യേഹു പടപൊരുതി. ബാൽ പ്രവാചകരെ കൊന്നൊടുക്കിയെങ്കിലും യഹോവയെ പൂർണ്ണമായി പ്രസാദിപ്പിക്കാത്ത രാജാവായിട്ട് യേഹുവിനെ ചിത്രീകരിക്കുന്നു. യൊരോബെയാം രണ്ടാമന്റെ കാലത്ത്, സാമ്പത്തികമായി വലിയ നേട്ടങ്ങൾ രാജ്യം കൈവരിച്ചു. അതോടൊപ്പം തന്നെ അനീതിയും, നീതി നിഷേധവും അധാർമ്മികതയും പെരുകിയതായി വിവരിക്കുന്നു. വിവിധ രീതിയിലുള്ള നേട്ടങ്ങൾ നേട്ടങ്ങളായി കാണുകയോ, അംഗീകാരം നൽകുകയോ ചെയ്യുന്നില്ല.

സമീപ രാജാക്കന്മാരോട് കൂട്ടുകൂടി രാജ്യം രക്ഷിക്കാനുള്ള വ്യഗ്രതയെ ചരിത്രകാരൻ നഖശിഖാന്തം എതിർക്കുന്നു. ദൈവത്തിലുള്ള വിശ്വാസത്തിന്റെയും വിശ്വസ്തതയോടുള്ള പെരുമാറ്റത്തിന്റെയും കുറവായിട്ടാണ് ആ സാഹചര്യം എഴുത്തുകാരൻ കാണുന്നത്.

കൂടാതെ, വിഗ്രഹങ്ങളെ ആരാധിക്കുന്ന അയൽവാസികളായ രാജാക്കന്മാരുമായുള്ള ബന്ധവും, സംസർഗ്ഗവും യഹോവ വിശ്വാസത്തിന്റെ നിർമ്മലതയ്ക്ക് ഹാനി വരുത്തുമെന്നും എഴുത്തുകാരൻ കണ്ടു. ശലോമോന്റെ കാലത്തുണ്ടായ ഭവിഷ്യത്തുകളുടെ ആവർത്തനമാണ്, ആഹാബിന്റെ കാലത്ത് സംഭവിക്കുന്നത്.

യൊരോബയാമിന്റെയും, യേഹുവിന്റെയും, ആഹാബിന്റെയും, ഹോശേയായുടെയും കാലത്ത് സമൂഹത്തിൽ കടന്നു കൂടിയ വിനാശകരമായ പ്രവണതകളും മതപരമായ പാകപ്പിഴകളും ചൂണ്ടിക്കാണിച്ച്, സമകാലികരായ വായനക്കാർക്കു മാർഗ്ഗനിർദ്ദേശം നൽകി, ചരിത്രത്തിന്റെ നേട്ടങ്ങളും കോട്ടങ്ങളും വിലയിരുത്തി അവ പഠിതാക്കൾക്ക് ഗുണപാഠമായും, വഴികാട്ടികളായും അവതരിപ്പിക്കുന്നു.

**പാഠം 2**

## യെഹൂദരാജ്യ ചരിത്രം

ഇസ്രായേലിലെ പെക്കഹും അരാമിലെ രെസീനും കൂടെ സഖ്യം ചേർന്നു യെരുശലേമിനെ തകർക്കാൻ ശ്രമിച്ചു (2 രാജാ. 16:5). യെഹൂദയിലെ ആഹാസിനോട് ആശ്ശൂരിനെതിരെ കൂട്ടുകെട്ടിൽ ചേരാൻ നിർബ്ബ

ന്ധിച്ചപ്പോൾ അതിന് വഴങ്ങാതിരുന്നതിനാലാണ് ആഹാസിന്റെ നേരെ അവർ തിരിഞ്ഞത്. ആഹാസിനെ സ്ഥാനഭ്രഷ്ടനാക്കി; തബീലിനെ പ്രതിഷ്ഠിക്കുവാൻ അവർ ഒരു ശ്രമം നടത്തി. ഈ സംഭവം യെരുശലേമിൽ വലിയ കോളിളക്കം സൃഷ്ടിച്ചു. ഈ ഘട്ടത്തിലാണ് ഏശായാ ആഹാസിനെ സമീപിച്ച് യഹോവയിൽ പരിപൂർണ്ണ ആശ്രയം വയ്ക്കുവാൻ പറഞ്ഞത് (ഏശായാ 7:9). ഉടനെ അശ്ശൂരിലെ തിഗ്ലത്ത് പിലേസർ പടിഞ്ഞാറോട്ട് വന്നു. 100 വർഷം ശ്രമിച്ചിട്ടും തന്റെ മുൻഗാമികൾക്ക് കീഴടക്കാൻ സാധിക്കാതിരുന്ന ദമ്മെശെക്കിനെ ആധിപത്യത്തിലാക്കി. ഗലീലയിൽ നിന്ന് വളരെപേരെ അശൂരിലേക്ക് ബന്ധനസ്ഥരാക്കി കൊണ്ടുപോയി.

യഹൂദയിലെ ആഹാസ് രാജാവിന് അശൂരിന്റെ അധീശത്വം സ്വീകരിക്കേണ്ടി വന്നു. ആഹാസ് അശ്ശൂർ രാജാവായ തിഗ്ലത്ത് പിലേസരിന്റെ അടുക്കൽ ദൂതന്മാരെ അയച്ചു. "ഞാൻ നിന്റെ ദാസനും നിന്റെ പുത്രനും ആകുന്നു. നീ വന്ന് എന്നോടു എതിർത്തിരിക്കുന്ന അരാം രാജാവിന്റെ കൈയിൽ നിന്നും എന്നെ രക്ഷിക്കേണമേയെന്നു പറയിച്ചു" (2 രാജാ. 16:7). അവൻ ദേവാലയത്തിൽനിന്നും രാജധാനിയിലെ ഭണ്ഡാരത്തിൽ നിന്നും വെള്ളിയും, പൊന്നും, എടുത്തു. അശ്ശൂർ രാജാവിന് സമ്മാനമായി കൊടുത്തു. ദമ്മെശെക്കിൽ ചെന്നു അതിനെ പിടിച്ചു നിവാസികളെ ബന്ധനസ്ഥരായി കൊണ്ടുപോയി രെസീമിനെ വധിച്ചു. ദമ്മെശെക്കിൽ ആഹാസ് പോയി. തിഗ്ലത്ത് പിലേസറിനെ എതിരേറ്റു. അവിടെ കണ്ട ബലിപീഠത്തിന്റെ ഒരു പ്രതിമ നിർമ്മിക്കാൻ ഊരിയാ പുരോഹിതനെ നിയോഗിച്ചു. ആഹാസ് രാജാവ് ദമ്മെശേക്കിൽ നിന്ന് തിരിച്ചെത്തിയപ്പോൾ യാഗപീഠത്തിന്റെ പണി പൂർത്തിയായിരുന്നു. അവിടെ ഹോമയാഗവും, ഭോജനയാഗവും, പാനീയയാഗവും, സമാധാനയാഗവും അർപ്പിച്ചു. ആഹാസ് രാജാവ് തന്റെ പിതാക്കന്മാരെപ്പോലെ നിദ്ര പ്രാപിച്ചു. അവന്റെ മകൻ ഹിസ്ക്കിയാവ് അവനു പകരം രാജാവായി (2 രാജാ. 16:20). അവൻ വാഴ്ച തുടങ്ങിയപ്പോൾ അവന് 25 വയസ്സായിരുന്നു. അവൻ യെരുശലേമിൽ 29 സംവത്സരം വാണു. ഹിസ്ക്കിയാവ് ദാവീദ് ചെയ്തതുപോലെ യഹോവയ്ക്കു പ്രസാദമായുള്ളതു ചെയ്തു. അവൻ പൂജാഗിരികളെ നീക്കി, വിഗ്രഹസ്തംഭങ്ങളെ തകർത്തു. അശേരാപ്രതിഷ്ഠയെ വെട്ടി മുറിച്ചു. മോശ ഉണ്ടാക്കിവച്ചിരുന്ന താമ്രസർപ്പമായ നെഹുഷ്ഠാനെയും നീക്കിക്കളഞ്ഞു (2 രാജാ. 18:3-4). അവന്റെ ഏറ്റവും വലിയ സംഭാവന ശീലോം തുരങ്കത്തിന്റെ പണിയാണ്. പട്ടണത്തിനു പുറത്തുള്ള ഗിഹോനിൽ തുടങ്ങി കുന്നിന് താഴെ കൂടെ 1750 അടി നീളമുള്ള ഒരു തുരങ്കം പണിതു ജലം യെരുശലേമിൽ എത്തിച്ചു. എ.ഡി. 1880-ൽ കണ്ടെടുത്ത ശീലോം ലിഖിതങ്ങൾ എന്നറിയപ്പെടുന്ന ഒരു ഫലകം ശീലോമിന്റെ പണിയെക്കുറിച്ച് പരാമർശിക്കുന്നു.

ബി.സി. 701-ൽ ഹിസ്ക്കീയാ ബാബിലോണിലെ മെറോദക്ക് ബലദാന്റെയും, ഈജിപ്തിന്റെയും പിന്തുണയോടെ ഫെലിസ്ത്യ പട്ടണങ്ങൾക്കെതിരായി സംഘടിച്ചു. പാഡി എന്ന എക്രോൻ രാജാവിനെ ചങ്ങലയിട്ട് യെരുശലേമിലേക്ക് കൊണ്ടുപോന്നു. സെന്നക്കരീബ്, ഫൊയ്നിക്യൻ പട്ടണങ്ങൾ തകർത്ത് ഈജിപ്തിനെ തോല്പിച്ചു. യഹൂദയുടെ പല പട്ടണങ്ങളും കീഴടക്കി. ലാഖീശ് പിടിച്ചടക്കി യെരുശലേമിനെ പിടിച്ചടക്കാൻ അത് സെന്നക്കരീബിന്റെ കോട്ടയാക്കി. ലാഖീശിലെ പുരാവസ്തുഗവേഷണങ്ങളിൽ നിന്ന് 1500 പേരെ സംസ്കരിച്ച ഗുഹ കണ്ടെടുത്തിട്ടുണ്ട്. ഹിസ്ക്കീയാ സെന്നക്കരീബിന് കീഴടങ്ങി. വലിയ കപ്പം സെന്നക്കരീബിനു കൊടുത്തു. "അപ്പോൾ യഹൂദാ രാജാവായ ഹിസ്ക്കീയ, ലാഖീശിൽ അശ്ശൂർ രാജാവിന്റെ അടുക്കൽ ആളയച്ചു: ഞാൻ കുറ്റം ചെയ്തു. എന്നെ വിട്ടു മടങ്ങിപ്പോകണം. നീ എനിക്കു കല്പിക്കുന്ന പിഴ ഞാൻ അടച്ചുകൊള്ളാം എന്നു പറയിച്ചു. ഹിസ്ക്കീയാവിനു മുന്നൂറു താലന്ത് വെള്ളിയും മുപ്പത് താലന്ത് പൊന്നും പിഴ കല്പിച്ചു. അശ്ശൂർ രാജാവ് അതുകൊണ്ട് തൃപ്തിപ്പെട്ടില്ല. ലാഖീശ്കാരൻ റബ്ശാക്കെയുടെ നേതൃത്വത്തിൽ ഒരു വലിയ സൈന്യത്തെ യെരുശലേമിന്റെ നേരെ അയച്ചു ഹിസ്ക്കീയാവിനെ ഭീഷണിപ്പെടുത്തിയും, ഭയപ്പെടുത്തിയും കീഴടങ്ങുവാൻ പ്രേരിപ്പിച്ചു. യഹോവ തന്നെയാണ് അശ്ശൂർ രാജാവിനെ യുദ്ധം ചെയ്യുവാൻ അയച്ചിരിക്കുന്നതെന്ന അവകാശവും ഉന്നയിച്ചു. "ഞാൻ ഇപ്പോൾ ഈ സ്ഥലം നശിപ്പിപ്പാൻ യഹോവയെ കൂടാതെയോ അതിന്റെ നേരെ പുറപ്പെട്ടു വന്നിരിക്കുന്നത്? യഹോവ എന്നോട് ഈ ദേശത്തിന്റെ നേരെ പുറപ്പെട്ടു ചെന്നു അതിനെ നശിപ്പിക്കൂ എന്നു കൽപിച്ചിരിക്കുന്നു" (2 രാജാ. 18:25). മിസ്രയീമിൽ ആശ്രയിച്ച ഹിസ്ക്കീയാവോട് പരിഹാസസ്വരത്തിൽ പറഞ്ഞു. "ചതഞ്ഞ ഓടക്കോലായ ഈ മിസ്രയീമിലല്ലോ നീ ആശ്രയിക്കുന്നത്. അതിന്മേൽ ഒരുത്തൻ ഊന്നിയാൽ അത് അവന്റെ ഉള്ളംകൈയിൽ തറച്ചുകൊള്ളും. മിസ്രയീം രാജാവായ ഫറവോൻ തന്നിൽ ആശ്രയിക്കുന്ന ഏവർക്കും അങ്ങനെ തന്നെയെന്നു പറഞ്ഞു" (2 രാജാ. 18:21). രണ്ടു രീതിയിലുള്ള തെറ്റായ ഉറപ്പാണ് റബ്-ശാക്കേയ്ക്കുള്ളത്. യുദ്ധത്തിൽ ജയിക്കാമെന്നുള്ള തന്ത്രവും സൈനികശക്തിയും! "അശൂരിനെ നേരിടുവാനുള്ള ആലോചനയും ബലവും ഹിസ്ക്കീയാവിനുണ്ടോ." ആകട്ടെ എന്റെ യജമാനനായ അശൂർ രാജാവുമായി വാതുകെട്ടുക; നിനക്കു കുതിരച്ചേവകരെ കയറ്റുവാൻ കഴിയുമെങ്കിൽ ഞാൻ നിനക്കു രണ്ടായിരം കുതിരകളെ തരാം. നീ പിന്നെ എങ്ങനെ എന്റെ യജമാനന്റെ എളിയ ദാസന്മാരിൽ ഒരു പടനായകനെയെങ്കിലും മടക്കും?" (2 രാജാ. 18:23-24). വേറൊരു രീതിയിൽ ജനങ്ങളെ വശത്താക്കാൻ ആഭ്യന്തരയുദ്ധം സംഘടിപ്പിക്കാൻ ഒരു ശ്രമവും റബ്ശാക്കെ മൂലം നടത്തി. "ഹിസ്ക്കീയാവ് നിങ്ങളെ

ചതിക്കരുത്. നിങ്ങളെ എന്റെ കൈയിൽ നിന്നു വിടുവിപ്പാൻ അവനു കഴിയുകയില്ല. യഹോവ നമ്മെ നിശ്ചയമായി വിടുവിക്കും; ഈ നഗരം അശൂർ രാജാവിന്റെ കൈയിൽ ഏൽപിക്കയില്ല എന്നു പറഞ്ഞു. ഹിസ്ക്കീയാവ് നിങ്ങളെ യഹോവയിൽ ആശ്രയിക്കുമാറാക്കുകയും അരുത്, ഹിസ്ക്കീയാവിനു നിങ്ങൾ ചെവികൊടുക്കരുത്; നിങ്ങൾ എന്നോട് സന്ധി ചെയ്തു എന്റെ അടുക്കൽ പുറത്തു വരുവിൻ; നിങ്ങൾ ഓരോരുത്തൻ താന്താന്റെ മുന്തിരിവള്ളിയുടെയും അത്തിവൃക്ഷത്തിന്റെയും ഫലം തിന്നുകയും താന്താന്റെ കിണറ്റിലെ വെള്ളം കുടിക്കുകയും ചെയ്തുകൊൾവിൻ. പിന്നെ ഞാൻ വന്നു നിങ്ങളുടെ ദേശത്തിന് തുല്യമായി ധാന്യവും വീഞ്ഞും അപ്പവും മുന്തിരിത്തോട്ടങ്ങളും ഒലിവെണ്ണയും തേനുമുള്ള ദേശത്തേക്കു നിങ്ങളെ കൊണ്ടുപോകും. യഹോവ നമ്മെ വിടുവിക്കും എന്നു പറഞ്ഞു നിങ്ങളെ ചതിക്കുന്ന ഹിസ്ക്കീയാവിന് ചെവി കൊടുക്കരുത്" (2 രാജാ. 18:30–32). ആഭ്യന്തരയുദ്ധം സംഘടിപ്പിക്കാനുള്ള റബ്ശാക്കെയുടെ ശ്രമവും ഫലിച്ചില്ല. ഹിസ്ക്കീയാവ് വിവരം കേട്ടു വസ്ത്രം കീറി രട്ടുടുത്തു യഹോവയുടെ ആലയത്തിൽ ചെന്നു. അവൻ രാജധാനി വിചാരകനായ എല്യാക്കീമിനെയും രായസക്കാരനായ ശെബ്നയെയും പുരോഹിതന്മാരുടെ മൂപ്പന്മാരെയും വരുത്തി പ്രവാചകനായ യെശയ്യാവിന്റെ അടുക്കൽ അയച്ചു വിവരം അറിയിച്ചു. യെശയ്യാവ് അവരോടു പറഞ്ഞത് "അശ്ശൂർ രാജാവിന്റെ ഭൃത്യന്മാർ എന്നെ നിന്ദിച്ചതായി നീ കേട്ടിരിക്കുന്ന വാക്കുകൾ നിമിത്തം ഭയപ്പെടേണ്ട. ഞാൻ അവന് ഒരു മനോവിഭ്രമം വരുത്തും, അവന് ഒരു ശ്രുതി കേട്ടിട്ടു സ്വദേശത്തേക്കു മടങ്ങിപ്പോകും" (2 രാജാ. 19:6–7). ഒരു വലിയ പകർച്ചവ്യാധി ഉണ്ടായി. എലികൾ അശ്ശൂർ ഭടന്മാരുടെ വില്ലിന്റെ ഞാണുകൾ കടിച്ചുകളഞ്ഞു. ഭടന്മാർ യുദ്ധം ചെയ്യാൻ നിർവ്വാഹമില്ലാതെ തിരിച്ചു പോയിയെന്ന് ചരിത്രകാരനായ ഹെരോഡോട്ടസും രേഖപ്പെടുത്തിയിരിക്കുന്നു. യഹോവയുടെ ദൂതൻ പുറപ്പെട്ട് അശ്ശൂർ പാളയത്തിൽ ഒരു ലക്ഷത്തി എൺപത്തയ്യായിരം പേരെ കൊന്നു (2 രാജാ. 19:35). അശ്ശൂർ രാജാവായ സൻഹെരീബ് യാത്ര പുറപ്പെട്ടു മടങ്ങിപ്പോയി.

ഹിസ്ക്കീയാവിന്റെ മരണശേഷം അവന്റെ മകൻ മനശ്ശെ രാജാവായി (2 രാജാ. 20:21). മനശ്ശെ രാജ്യഭാരം തുടങ്ങിയപ്പോൾ അവനു പന്ത്രണ്ടു വയസ്സായിരുന്നു. അവൻ അമ്പത്തഞ്ചു സംവത്സരം യെരുശലേമിൽ വാണു. ഹിസ്ക്കീയാവ് നശിപ്പിച്ച പൂജാഗിരികളെ അവൻ വീണ്ടും പണിതു ബാലിന് ബലിപീഠങ്ങൾ ഉണ്ടാക്കി. അശേരാ പ്രതിമ പ്രതിഷ്ഠിച്ചു. മോശ കല്പിച്ച ന്യായപ്രമാണം അവൻ അനുസരിച്ചില്ല. മനശ്ശെ യഹോവയ്ക്ക് അനിഷ്ടമായുള്ളത് ചെയ്തു (2 രാജാ. 21:15). മനശ്ശെയുടെ മരണശേഷം മകനായ ആമോൻ യഹൂദ രാജാവായി. ആമോന്റെ ഭൃത്യന്മാർ അവനെ കൊന്നു കളഞ്ഞു (2 രാജാ. 21:23).

**യോശിയാ**

യോശിയാവ് ആമോനു പകരം രാജാവായി ഭരണമേറ്റപ്പോൾ അവന് എട്ടു വയസ്സായിരുന്നു. മുപ്പത്തൊന്നു സംവത്സരം യെരുശലേമിൽ വാണു. അവൻ യഹോവയ്ക്കു പ്രസാദമായ കാര്യങ്ങൾ ചെയ്തു. അശൂർ ബാനിപാൽ ആയിരുന്നു അന്നത്തെ ശക്തനായ ബാബിലോൺ രാജാവ്. യോശീയാവ് യെരുശലേം ദേവാലയത്തിന്റെ പുതുക്കിപ്പണികൾക്ക് നേതൃത്വം നൽകി. ആ അവസരത്തിൽ മഹാപുരോഹിതനായ ഹില്ക്കീയാവ് യഹോവയുടെ ആലയത്തിൽ ന്യായപ്രമാണപുസ്തകം കണ്ടെത്തി (2 രാജാ. 22:8). രായസക്കാരനായ ശാഫാൻ രാജാവിന്റെ അടുക്കൽ ചെന്ന് അത് വായിച്ചു കേൾപ്പിച്ചു. രാജാവ് അതു കേട്ടിട്ട് വസ്ത്രം കീറി (2 രാജാ. 22:11). രാജാവ് യഹൂദയിലും, യെരുശലേമിലുമുള്ള സകല നിവാസികളെയും കൂട്ടി. പുരോഹിതന്മാരും, പ്രവാചകരും ആബാലവൃദ്ധം ജനമൊക്കെയും ഒരുമിച്ചുകൂടി. ന്യായപ്രമാണം വായിച്ചുകേട്ടു. പൂജാഗിരികളെയും ബാൽ യാഗപീഠങ്ങളെയും നീക്കി. നിയമപുസ്തകത്തിൽ എഴുതിയിരിക്കുന്നപ്രകാരം പെരുന്നാളുകൾ ആചരിച്ചു. "അവനെപ്പോലെ പൂർണ്ണഹൃദയത്തോടും പൂർണ്ണ മനസ്സോടും പൂർണ്ണ ശക്തിയോടും കൂടെ മോശയുടെ ന്യായപ്രമാണപ്രകാരമൊക്കെയും യഹോവയിങ്കലേക്ക് തിരിഞ്ഞ ഒരു രാജാവ് മുമ്പുണ്ടായിട്ടില്ല. പിമ്പ് ഒരുത്തൻ എഴുന്നേറ്റിട്ടുമില്ല" (2 രാജാ. 23:25).

മിസ്രയീം രാജാവായ ഫറവോ-നെഖോ അശൂർ രാജാവിനെ നേരിടുവാൻ വന്നു. യോശിയാവ് മെഗീദ്ദോയിൽ വച്ച് അവനുമായി ഏറ്റുമുട്ടി. അതിൽ യോശീയാവ് മരിച്ചു (2 രാജാ. 23:29–30). യോശീയാവിന്റെ മകനായ യഹോവാഹാസ് അവനെ പിന്തുടർന്നു. അവൻ മൂന്നു മാസം യെരുശലേമിൽ വാണു. യഹോവയ്ക്ക് അനിഷ്ടമായുള്ള കാര്യങ്ങൾ ചെയ്തു. നെഖോ അവനെ ഹമാത്തിലെ റിബ്ലയിൽ വച്ച് ബന്ധിച്ചു. ഈജിപ്തിലേക്കയച്ചു. യോശിയാവിന്റെ മകനായ ഏല്യാക്കീമിനെ രാജാവാക്കി. അവന്റെ പേർ യെഹോയാക്കീം എന്നു മാറ്റി (2 രാജാ. 23:34). അവൻ ഭരണം തുടങ്ങിയപ്പോൾ അവനു ഇരുപത്തഞ്ചു വയസ്സായിരുന്നു. അവൻ യഹോവയ്ക്കു അനിഷ്ടമായ കാര്യങ്ങൾ ചെയ്തു. യെഹോയാക്കീം മരിച്ചപ്പോൾ അവന്റെ പുത്രൻ യെഹോയാക്കിൻ അവനു പകരം രാജാവായി. അവനും യഹോവയ്ക്ക് അനിഷ്ടമായ കാര്യങ്ങൾ ചെയ്തു (2 രാജാ. 24:9).

അക്കാലത്ത് ബാബേൽ രാജാവായ നെബൂഖദ്നേസർ യെരുശലേം ആക്രമിക്കാൻ വന്നു. അവൻ രാജാവിനെയും പിടിച്ചു. പ്രഭുക്കന്മാരെയും, നേതാക്കളെയും, ആശാരിമാർ, കൊല്ലന്മാർ ഇങ്ങനെ 10,000 പേരെ

ബന്ധനസ്ഥരാക്കി കൊണ്ടുപോയി. ദേശത്ത് താഴെകിടയിലുള്ളവർ മാത്രമാണ് അവശേഷിച്ചത് (2 രാജാ. 24:14). രാജാവിന്റെ മാതാവിനെയും, ഭാര്യമാരെയും, ഷണ്ഡന്മാരെയും, പ്രധാനികളെയും, യുദ്ധപ്രാപ്തരായവരെയും നാടുകടത്തി. രാജാവിന്റെ ചിറ്റപ്പനായ മത്ഥന്യാവെ രാജാവാക്കി (2 രാജാ. 24:17). അവന്റെ പേരു സിദെക്കിയാവ് എന്നു മാറ്റി. സിദെക്കിയാ ബാബിലോൺ രാജാവിന് വിധേയനായി രാജ്യഭാരം നടത്തി. ഈജിപ്തിനെ പിന്താങ്ങുന്നവർ ഒരു വിപ്ലവം ഉണ്ടാക്കി. ബി. സി. 589-ൽ നെബൂഖദ്നേസർ രാജാവ് യഹൂദയിലെ പട്ടണങ്ങൾ ആക്രമിച്ചു. നഗരത്തിൽ വലിയ ക്ഷാമമുണ്ടായി. ജനത്തിന് ആഹാരം ഇല്ലാതായി (2 രാജാ. 25:3). സിദെക്കിയാ അരാബയിലേക്ക് ഓടി സൈന്യം രാജാവിനെ വിട്ടോടി. എന്നാൽ കൽദയ സൈന്യം പിന്തുടർന്ന് സിദെക്കിയാവിനെ പിടിച്ച് റിബ്ലയിൽ കൊണ്ടുവന്നു പുത്രന്മാരെ അവന്റെ മുമ്പിൽവച്ചു കൊന്നു. അവന്റെ കണ്ണു കുത്തിപ്പൊട്ടിച്ചു. ചങ്ങലകൊണ്ടു ബന്ധിച്ചു ബാബിലോണിലേക്ക് കൊണ്ടുപോയി (2 രാജാ. 25:7).

നെബുക്കദ്നേസർ രാജാവിന്റെ 19-ാം ആണ്ടിൽ രാജാവിന്റെ അകമ്പടിനായകനായ നെബൂസരദാൻ യെരുശലേമിൽ വന്നു. യഹോവയുടെ ആലയവും രാജധാനിയും ചുട്ടുകളഞ്ഞു. ശേഷിച്ചിരുന്നവരെ ബാബിലോണിലേക്ക് കൊണ്ടുപോയി. ബാക്കിയുള്ള ജനത്തിനുമേൽ ശാഫോന്റെ മകനായ അഹിക്കാമിന്റെ മകനായ ഗെദല്യാവിനെ അധിപതിയാക്കി. ഗെദല്യാവ് ബാബിലോൺ രാജാവിന് വിധേയനായി ഭരണം നടത്തി. ഗെദല്യാവ് രാജാവായെന്ന് കേട്ടപ്പോൾ സകല സേനാപതികളും ആളുകളും മിസ്പെയിൽ അവന്റെ അടുക്കൽ വന്നു. ഗെദല്യാവ് അവരോട് "നിങ്ങൾ കൽദയരുടെ ദാസന്മാർ നിമിത്തം ഭയപ്പെടരുത്. ദേശത്തു പാർത്തു ബാബേൽ രാജാവിനെ സേവിപ്പിൻ. അതു നിങ്ങൾക്കു നന്മയായിരിക്കും" എന്നു പറഞ്ഞു. രാജവംശക്കാരായ യിശ്മായേൽ പത്തു പേരുമായി വന്നു. ഗെദല്യാവിനെയും, കൂടെയുള്ളവരെയും വെട്ടിക്കൊന്നു. അപ്പോൾ ആബാലവൃദ്ധം ജനങ്ങളും സേനാധിപതിമാരും കൽദയരെ ഭയപ്പെട്ടു മിസ്രയിമിലേക്ക് പോയി (2 രാജാ. 25:26).

എവീൽ മെരോദാക്ക് എന്ന ബാബിലോൺ രാജാവ് യെഹോയാക്കീമിനോട് കരുണ കാണിച്ചു. കാരാഗൃഹത്തിൽ നിന്നു സ്വതന്ത്രനാക്കി, അവന്റെ കാരാഗൃഹവസ്ത്രം മാറ്റി അവന്റെ കൂടെ ഭക്ഷണം കഴിക്കാൻ അനുവദിച്ചു. നിത്യവൃത്തിക്ക് ദിവസേന സഹായം ചെയ്തുകൊടുത്തു.

ശമരിയയുടെ വീഴ്ചയും യഹൂദരുടെ ബാബിലോൺ പ്രവാസവും ഇസ്രായേൽക്കാരുടെ പാപംകൊണ്ടും കല്പന ലംഘനം കൊണ്ടുമാണെന്ന് പ്രവാചകന്മാർ ശക്തിയായ ഭാഷയിൽ ചൂണ്ടിക്കാണിച്ചിരുന്നു.

## തെക്കെ രാജ്യമായ യഹൂദയുടെ ചരിത്രം - ഒരവലോകനം

രെഹബെയാമാണ് യഹൂദയുടെ ആദ്യത്തെ രാജാവ്. സിദെക്കിയാ അവസാനത്തെ രാജാവും. രെഹബെയാമിനെ യഹോവയ്ക്ക് പ്രസാദകരമായ കാര്യങ്ങൾ ചെയ്ത രാജാവായി ചരിത്രകാരൻ പ്രകീർത്തിക്കുന്നില്ല. അധികാരം പിടിച്ചുനിർത്താൻ വിട്ടുവീഴ്ചകൾക്ക് തയ്യാറാകാതെ യുവാക്കളായ ഉപദേശകരെ ചെവിക്കൊണ്ട് ജനപ്രീതി നഷ്ടപ്പെടുത്തിയ രാജാവായിട്ട് രെഹബെയാമിന്റെ കാലത്തെ വിവരിക്കുന്നു. ശലോമോന്റെ കാലത്ത് നടന്നിട്ടുള്ള അധികചെലവിന്റെയും ധൂർത്തിന്റെയും അധികാരദുർവിനിയോഗത്തിന്റെയും കെടുതികളാണ് രെഹബെയാമും, രാജ്യവും അനുഭവിക്കുന്നത്.

ആസയെക്കുറിച്ച് നല്ല അഭിപ്രായമാണ് ചരിത്രകാരൻ നൽകുന്നത്. രാജ്യഭാരം ഏറ്റപ്പോൾ ഉള്ള രാജാവിന്റെ പ്രായവും, ഭരിച്ച കാലവും, സമകാലീനരായ ഇസ്രായേൽ രാജാക്കന്മാരുടെ പേരുകളും പ്രവർത്തനങ്ങളും സരളമായി വിവരിക്കുന്നു. അശ്ശൂർ, അരാം, ഈജിപ്ത്, ബാബിലോൺ എന്നീ ശക്തികൾ പോരാട്ടം നടത്തിയപ്പോൾ അവരുമായിട്ട് പോരാടിയോ വിധേയത്വം അംഗീകരിച്ചോ നിലകൊണ്ടു. വിദേശശക്തികളുമായി ബന്ധം പുലർത്തിയപ്പോൾ അവരുടെ ദേവന്മാരോട് ബന്ധമുള്ള ആരാധനാരീതികളും പ്രതിഷ്ഠകളും സ്വീകരിക്കേണ്ട സന്ദർഭത്തിൽ പ്രവാചകന്മാരാൽ നിശിതമായി വിമർശനത്തിനും വിധേയമായിട്ടുണ്ട്. വിദേശമേധാവികളെ പ്രീണിപ്പിക്കുവാനും, പിന്തിരിപ്പിക്കുവാനും ദേവാലയ ഭണ്ഡാഗാരത്തിൽ നിന്ന് പണം എടുത്തു ചിലവഴിച്ചിട്ടുണ്ട്.

യഹോവയുടെ ശക്തിയിലുള്ള വിശ്വാസക്കുറവായി വിദേശമേധാവികളുമായി കൂട്ടുചേർന്നു സൈനികസഖ്യം ഉണ്ടാക്കുന്നതിനെ ചരിത്രകാരൻ കാണുന്നു. ആരാമുമായും ഇസ്രായേലുമായും സഖ്യം ചേർന്നു അശൂരിനെ നേരിടുവാനുള്ള സാഹചര്യം സിറിയ എഫ്രയീം യുദ്ധത്തിൽ ഉണ്ടായി. ആഹാസ് രാജാവ്, സഖ്യത്തിൽ ചേരാതെ, അശ്ശൂർ രാജാവിന് കപ്പം കൊടുത്തു പിന്തിരിപ്പിക്കുന്നു. ഫറവോ നെഖോയെ നേരിടുന്നു. യഹോവഭക്തനായ യോശിയാവിന് മെഗീദോയിൽ വച്ച് ജീവൻ ബലികഴിക്കേണ്ടി വന്നു. അശൂർ രാജാവിനെ പിന്തിരിപ്പിക്കാൻ ഹിസ്ക്കീയാ രാജാവ്, ദേവാലയത്തിൽനിന്ന് ദ്രവ്യം എടുത്തു കൊടുത്തു പിന്തിരിപ്പിച്ചു. ഇതുപോലെയുള്ള ബാഹ്യമാർഗ്ഗങ്ങളെയും, സഖ്യങ്ങളെയും, തന്ത്രങ്ങളെയും സങ്കേതങ്ങളെയും പ്രവാചകന്മാർ ശക്തിയായി എതിർത്തു (ഏശായാ 30:1-5).

അവരെ തെരഞ്ഞെടുത്ത്, വഴിനടത്തി ശത്രുക്കളിൽ നിന്ന് സംരക്ഷണം നൽകിയ ജീവനുള്ള ദൈവത്തിന്റെ ശക്തിയിൽ ശരണപ്പെടാതെ

മറ്റുള്ള സൈനികശക്തികളെ ആശ്രയിച്ചപ്പോൾ അവർ വിവിധ രീതിയിലുള്ള ദുരന്തത്തിന് വിധേയരായി. ശത്രുക്കൾ അവരെ കീഴ്പെടുത്തിയെങ്കിലും നിത്യമായ ദണ്ഡനത്തിനും പീഡനത്തിനും ദൈവം അനുവദിക്കുകയില്ല. താൽക്കാലികമായ അനർത്ഥങ്ങളും പ്രവാസത്തിലെ ദുരിതങ്ങളും വിശ്വാസം പരീക്ഷിക്കുന്നതിനു സാഹചര്യമൊരുക്കി ലോകത്തിന് പ്രകാശം നൽകുന്ന മുഖാന്തിരമായി തെരഞ്ഞെടുക്കപ്പെട്ട സമൂഹം പ്രവർത്തിക്കുമെന്നും ഏശായ ആശ്വാസവാക്കുകൾ നൽകി ധൈര്യപ്പെടുത്തി.

### പാഠം 3

## ബാബിലോണിയൻ പ്രവാസം

നെബുക്കദ്നേസറിനുശേഷം അവന്റെ മകനും പിൻഗാമിയുമായ എവീൽ മെറോദാക്ക് യെഹോയാക്കീമിനെ തടവിൽനിന്നു മോചിപ്പിച്ചു. ആദ്യഘട്ടത്തിൽ കോരെശുമായി സഹകരിച്ചു പ്രവർത്തിച്ചു. ലിദിയയിലെ ക്രോസസുകമായും കുറെ കഴിഞ്ഞു ഈജിപ്തിലെ അമാസിസുമായും കൂട്ടുചേർന്നു കോരെശിന് എതിരായി നിന്നു. കോരെശ് ബാബിലോൺ കീഴടക്കി. വിദേശീയരായ പ്രവാസികൾക്ക് സ്വാതന്ത്ര്യം നൽകി.

കോരെശിനെക്കുറിച്ച് കോരെശ് സിലിണ്ടർ എന്ന രേഖ വിവരണം നൽകുന്നു. കോരെശ് പ്രവാസികളായ ഇസ്രായേൽക്കാരോട് അനുഭാവപൂർവ്വം പെരുമാറി. യെരുശലേമിലേക്ക് പോകേണ്ടവർക്കു തിരിച്ചു പോകുവാനും അനുവാദം നൽകി. പൊളിഞ്ഞു നാശമായ യെരുശലേം ദേവാലയം പുതുക്കിപ്പണിയുവാൻ അനുവാദവും കൊടുത്തു. അവർക്കു നേതൃത്വം നൽകിയത് ശേശ്ബസർ എന്ന ഗവർണ്ണറായിരുന്നു. പതിനെട്ടു വർഷം ഭരിച്ചെങ്കിലും കാര്യമായി ഒന്നുംതന്നെ നേടിയെടുക്കാൻ ശേശ്ബസറിന് കഴിഞ്ഞില്ല. യെഹൂദാ ഗോത്രത്തിൽപ്പെട്ട സെരുബ്ബാബേൽ വരുവാനിരിക്കുന്ന മിശിഹായാണെന്ന് ഇസ്രായേൽ വിശ്വസിച്ചു. “സെരുബ്ബാബേലിനോടുള്ള യഹോവയുടെ അരുളപ്പാടാവിതു: സൈന്യത്താലല്ല, ശക്തിയാലുമല്ല, എന്റെ ആത്മാവിനാലത്രേ എന്നു സൈന്യങ്ങളുടെ യഹോവ അരുളിച്ചെയ്യുന്നു” (സെഖ. 4:6).

ബാബിലോണിൽ വ്യാപാരം നടത്തുവാനും, വീടുകൾ പണിയുവാനും, സ്വൈരവിഹാരത്തിനും അവർക്കു അനുവാദമുണ്ടായിരുന്നു. യഹോവയെ കേന്ദ്രീകരിച്ചുള്ള കൂടിവരവും, പ്രാർത്ഥനയും, ന്യായപ്രമാണത്തിന്റെ ധ്യാനപഠനവും ശബ്ബത്താചാരം, ചേലാകർമ്മം എന്നിവയും അവരെ ശിഥിലമാക്കാതെ സംയോജിപ്പിച്ചു നിർത്തി. സ്വാതന്ത്ര്യം നേടി സ്വന്ത

രാജ്യത്ത് തിരിച്ചെത്തി യെരുശലേം ദേവാലയം പുതുക്കിപ്പണിത് യാഗങ്ങൾ നടത്തി ദൈവത്തെ സ്തുതിക്കാൻ അവർ ആകാംക്ഷയോടെ കാത്തിരുന്നു.

### അനന്തരഫലങ്ങൾ

1. യെരുശലേം അതിന്റെ സ്വാതന്ത്ര്യം നഷ്ടപ്പെട്ട് ബാബിലോണിന്റെ ഒരു പ്രവിശ്യയായി.

2. അസ്തിത്വത്തിന്റെ കേന്ദ്രവും ആരാധനാകേന്ദ്രവുമായ ദേവാലയം കൊള്ള ചെയ്യപ്പെട്ട് അഗ്നിക്കിരയായി.

3. രാജ്യത്തിന്റെ അഭിമാനകേന്ദ്രമായ യെരുശലേം പട്ടണവും കൊട്ടാരങ്ങളും നശിപ്പിക്കപ്പെട്ടു.

4. ദാവീദിന്റെ താവഴിയിൽപ്പെട്ട രാജകുടുംബഭരണത്തിന്റെ അന്ത്യം സംഭവിച്ചു.

സാഹിത്യപരമായ പല രചനകൾ നടന്ന കാലഘട്ടമാണ് പ്രവാസകാലം. ഇസ്രായേലിന്റെ വിവിധ അനുഭവങ്ങളുടെ വെളിച്ചത്തിൽ വേദശാസ്ത്രപരമായ നൂതനചിന്തകൾ രൂപം പ്രാപിച്ചു. ഭക്തരായ ഇസ്രായേൽക്കാരുടെ ചിന്താമണ്ഡലത്തിൽ പല ചോദ്യങ്ങളും ഉയർന്നു വന്നു. ദൈവത്തിന്റെ ശക്തിയുടെ പരാജയമാണോ പ്രവാസം? തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് എന്തുകൊണ്ട് നാശം സംഭവിച്ചു? ദൈവത്തിന്റെ പാദപീഠമായ സീയോൻ ബാബിലോൺ ആക്രമണത്തെ നേരിട്ട് തരിപ്പണമാകാൻ ദൈവം അനുവദിച്ചതെന്ത്? ദൈവത്തിന്റെ ശക്തിയുടെ കുറവല്ല, ഇസ്രായേലിന്റെ പാപത്തിന്റെ പരിണതഫലമാണ് പ്രവാസമെന്ന് യിരെമ്യാവ് മുതലായ പ്രവാചകന്മാർ ശക്തിയുക്തം പ്രഖ്യാപിച്ചു.

രണ്ടാം ഏശയ്യായുടെ പ്രവചനങ്ങൾ (ഏശയ്യാ 40–55) നടക്കുന്നത് ഈ കാലഘട്ടത്തിലാണ്. ഉടമ്പടി ബന്ധം മൂലം ദൈവജനമായിത്തീർന്ന ഇസ്രായേലിന് ഒരു പ്രത്യേക ദൗത്യമുണ്ട്, ജാതികൾക്ക് പ്രകാശം നൽകാൻ ഇസ്രായേൽ വിളിക്കപ്പെട്ടിരിക്കുന്നു (യെശ. 42:7). യഹോവയായ ദൈവം സത്യേക ദൈവമാണ്. ആദിയും അന്ത്യവുമാണ്. മറ്റുള്ള ദേവന്മാർക്ക് അസ്തിത്വമോ ശക്തിയോ ഇല്ല. അവർ എല്ലാം മനുഷ്യനിർമ്മിതങ്ങളാണ്. ആരാധകർ അവരെ വഹിച്ചുകൊണ്ടു പോകണം. യഹോവ ഇസ്രായേൽക്കാരുടെ പ്രയാസങ്ങളുടെയും, പ്രതിസന്ധികളുടെയും മദ്ധ്യത്തിൽ താങ്ങും തണലുമായി നിൽക്കുന്നു. പക്ഷേ അതിന് അവർക്കു കെൽപ്പില്ല. സ്രഷ്ടാവായ ദൈവം ആദ്യ സൃഷ്ടി കഴിഞ്ഞു വിശ്രമിച്ചു. സ്വസ്ഥനായി മാറി ഇരിക്കുകയല്ല, വീണ്ടെടുപ്പിൽ കൂടെയും, വഴിനടത്തിൽകൂടെയും സൃഷ്ടി തുടർന്നുകൊണ്ടിരിക്കുന്നു. മിസ്രയീമിൽ നിന്ന്

ഇസ്രായേലിനെ മോചിപ്പിച്ചവനായ ദൈവം, മരുഭൂമിയിൽ കൂടെ രണ്ടാമത്തെ പുറപ്പാട് നിർവ്വഹിക്കുന്നു. സമൂഹത്തിനുവേണ്ടി യാതനയും, വേദനയും അനുഭവിക്കുന്ന കഷ്ടപ്പെടുന്ന ദാസൻ (യെശ. 53:2-5) വ്യക്തി ആയാലും, ഇസ്രായേൽ സമൂഹമായാലും ദൈവത്തിന്റെ അംഗീകാരവും, പ്രശംസയും പിടിച്ചുപറ്റും. മഹത്വീകരണം പ്രാപിക്കുകയും ചെയ്യും (യെശ. 53:12).

ബാബിലോണിൽ നിന്ന് തിരിച്ചു വന്നവരുടെ എണ്ണം കുറവായിരുന്നു. ശമരിയാ മുതലായ സമീപരാജ്യങ്ങളിൽ നിന്ന് വന്നുകൂടിയിരുന്നവർ ഇസ്രായേലിന്റെ വംശനിർമ്മലത കാത്തുസൂക്ഷിച്ചില്ല. നിരാശാജനകമായ സാഹചര്യമാണ് യെരുശലേമിൽ ഉണ്ടായിരുന്നത്. മാലാഖിയുടെ പ്രവചനവും, ഏശായാ 56-66 അദ്ധ്യായങ്ങളും ആ പ്രത്യേക സാഹചര്യം പ്രതിഫലിപ്പിക്കുന്നു.

### നെഹെമ്യ

ആദ്യഘട്ടത്തിൽ യഹൂദാ ശമരിയ ഗവർണ്ണറുടെ ഭരണാധികാരത്തിൽപ്പെട്ട ഭാഗമായിരുന്നു. ബാബിലോൺകാരുടെ യെരുശലേം ആക്രമണത്തിനും അധിനിവാസത്തിനും ശേഷം, മറ്റു വിഭാഗങ്ങളും യെരുശലേമിൽ വന്നു പാർത്തു. അവരുമായുള്ള വിവാഹബന്ധം മൂലം ഒരു സമ്മിശ്ര സമൂഹം നിലവിൽ വന്നു. ഈ സാഹചര്യത്തിലാണ് അർത്ഥഹ്ശഷ്ടാ രാജാവിന്റെ പാനപാത്രവാഹകനായ നെഹെമിയ ഗവർണ്ണറായി വരുന്നത്. നെഹെമ്യായുടെ ഓർമ്മക്കുറിപ്പുകൾ ഈ കാലത്തെക്കുറിച്ച് വിവരണം നൽകുന്നു. സന്ദർശനം നടത്തിയ സഹോദരൻ വിവരം അറിയിച്ചത് നെഹെമ്യാവിനെ വളരെയധികം ദുഃഖിപ്പിച്ചു (നെഹ. 1:4). അർത്ഥഹ്ശഷ്ടാ രാജാവിന്റെ ഇരുപതാം ആണ്ടിലാണ് യഹൂദാ ഗവർണ്ണറായി നെഹെമ്യാ നിയമിതനാവുന്നത്. യെഹൂദാ സ്വതന്ത്രമായ ഒരു ഭരണസംവിധാനത്തിന്റെ തുടക്കം കുറിച്ചു. ആരംഭത്തിൽതന്നെ യഹൂദാ ഭരിച്ചിരുന്ന ശമരിയ ഗവർണ്ണറായ ഹോരോന്യനായ സൻബല്ലത്തിന്റെയും അമ്മോന്യനായ തോബിയയുടെയും (നെഹ. 6:1) നീരസത്തിന് പാത്രീഭൂതനായി. പ്രതിസന്ധിയിൽ നെഹമ്യ പ്രാർത്ഥിച്ചു പരിഹാരം കാണാൻ ശ്രമിച്ചു.

ബി.സി. 444-ാമാണ്ടിൽ യെരുശലേമിൽ എത്തി തകർന്നു കിടക്കുന്ന മതിലും, പ്രവേശനകവാടവും കണ്ടു. അവിടത്തെ താമസക്കാർ ദാരിദ്ര്യത്തിലും കടഭാരത്തിലും മുങ്ങിയിരുന്നു (നെഹ. 5:2-25). മതിലുകളുടെ കേടുപോക്കലിലാണ് നെഹെമ്യ ആദ്യം ശ്രദ്ധിച്ചത് (നെഹ. 5:16). സൻബലത്തും, തോബിയയും, ഗേശേമും പണിക്കു തടസമുണ്ടാക്കുമെന്ന് മുൻകൂട്ടി കണ്ട നെഹെമ്യാ അതിനെ നേരിടാൻ പണിക്കാരെ തന്നെ

തയ്യാറാക്കി നിർത്തിയിരുന്നു. പണിക്കാർ കുന്തവും, പരിചയും, വില്ലും, കവചവും ധരിച്ചുനിന്നു. പണിക്കാരുടെ പുറകിൽ പ്രഭുക്കന്മാർ നിന്നു. ചുമട്ടുകാർ ഒരു കൈകൊണ്ട് വേല ചെയ്യുകയും, മറ്റേ കൈ കൊണ്ട് ആയുധം പിടിക്കുകയും ചെയ്തു. കുളിക്കുന്ന സമയത്തുപോലും ആയുധം പിടിച്ചുകൊണ്ടു നിന്നു (നെഹ. 4:16-17).

തകർന്നു തരിപ്പണമായ യെരുശലേം പട്ടണത്തിലെ മേലേക്കിടയിലുള്ള വാസികളെ നെബുഖദ്നേസർ പ്രവാസികളായിട്ട് നാടുകടത്തിയിരുന്നു. താഴെക്കിടയിലുള്ളവർ കുടിയേറിപ്പാർത്ത വാസികളുമായി വിവാഹബന്ധം പുലർത്തി. മതപരമായ ജീവിതത്തിനും ന്യായപ്രമാണാനുഷ്ഠാനത്തിനും കോട്ടം സംഭവിച്ചു. ശാബത് ആചരിക്കുന്നതിൽ ഉദാസീനരായി. ആരാധനാകാര്യങ്ങളിൽ പുരോഹിതരുടെ ശുഷ്കാന്തി കുറഞ്ഞു. ലേവ്യർക്കു ദേവാലയത്തിൽ നിന്ന് ഓഹരി കിട്ടാതെ വന്നപ്പോൾ ഉപജീവനത്തിന് കൃഷി മുതലായ മറ്റു മാർഗ്ഗങ്ങൾ ആശ്രയിക്കേണ്ടി വന്നു. ശാബതു ദിവസവും വ്യാപാരങ്ങൾ നടത്താൻ മടിച്ചില്ല (നെഹ. 13:10).

സാമ്പത്തികരംഗത്തും ശോചനീയമായ അവസ്ഥയുണ്ടായി. യുദ്ധത്തിനും പ്രവാസത്തിനും ശേഷം ഉണ്ടായ മോശമായ വിളവെടുപ്പ് പട്ടിണി മരണത്തിനും ദാരിദ്ര്യത്തിനും ഇടയാക്കി. കടഭാരം മൂലം ചെറിയ കൃഷിക്കാർക്കു അവരുടെ കൃഷിയിടങ്ങൾ പണയപ്പെടുത്തേണ്ടി വന്നു. കടം വീട്ടാൻ മക്കളെ അടിമവേലയ്ക്കായി വിട്ടുകൊടുക്കേണ്ട സാഹചര്യവും ഉണ്ടായി.

കടം വീട്ടാൻ നിവൃത്തിയില്ലാതെ കൃഷിയിടം കൈ ഒഴിയേണ്ടി വന്നപ്പോൾ ദരിദ്രരായ കൃഷിക്കാരെ സഹായിക്കാൻ നെഹെമ്യ പല മാർഗ്ഗങ്ങളും ഉപയോഗിച്ചു. ഉയർന്ന സാമ്പത്തിക നിലയുള്ള ധനികസമൂഹത്തെ സമീപിച്ചു കടം ഇളച്ചുകൊടുക്കാനും കടംകൊണ്ട് അടിമകളായവരെ മോചിപ്പിക്കാനും മുൻകൈ എടുത്തു. നെഹെമ്യ കടം കൊടുത്തു പലരെയും സഹായിച്ചു (നെഹ. 5:10). കൊടുത്ത മുതലിന് പലിശ വാങ്ങിച്ചിരുന്നില്ല. ശമ്പളം മുഴുവൻ വാങ്ങാതെയുള്ള ജോലിയാണ് നെഹെമ്യാ നിർവ്വഹിച്ചിരുന്നത്. 12 വർഷത്തെ പ്രവർത്തനത്തിനുശേഷം നെഹെമ്യ തിരിച്ചു പോയി.

വീണ്ടും ബി.സി. 432-ൽ തിരിച്ചെത്തി. സാഹചര്യത്തിന് വലിയ മാറ്റമൊന്നും ഉണ്ടായില്ല. ദേവാലയം ദയനീയമായ സ്ഥിതിയിൽ കിടന്നിരുന്നു. വിദേശിയർ പലതും കൈയടക്കിയിരുന്നു. പ്രധാനാചാര്യനായ ഏലിയാഷീബിന്റെ പുത്രൻ ശമരിയാ ഗവർണ്ണർ സൻബല്ലത്തിന്റെ മകളെ വിവാഹം കഴിച്ചിരുന്നു (13:28). ആ ബന്ധവും സൗഹൃദവും ഉപയോ

ഗിച്ച് സൻബല്ലത്തിന്റെ ദാസനായ തോബീയാവ് (2:10) യെരുശലേമിൽ ദേവാലയത്തിൽ കുടിപാർത്തിരുന്നു (13:7). വിദേശീയ സ്ത്രീകളെ വിവാഹം കഴിച്ചിരുന്ന ഇസ്രായേൽക്കാരുടെ മക്കൾ എബ്രായ ഭാഷ പഠിക്കുകയോ സംസാരിക്കുകയോ ചെയ്തില്ല (നെഹ. 13:24). ഈ സാഹചര്യത്തിന് മാറ്റം വരുത്താൻ നെഹെമ്യ ശ്രമിച്ചു. ഒരു പരിധിവരെ വിജയിക്കുകയും ചെയ്തു.

യെരുശലേം ദേവാലയത്തിന് കൊടുക്കേണ്ട നികുതി കൃത്യമായി അടയ്ക്കാനും, ശബ്ബത്ത് ആചരിക്കാനും വിദേശീയരുമായി വിവാഹബന്ധം ഉപേക്ഷിക്കുവാനും കല്പന പുറപ്പെടുവിച്ചു. ശാബത് നിർബ്ബന്ധമായി ആചരിക്കാൻവേണ്ടി, പട്ടണവാതിൽ ശാബതിൽ അടയ്ക്കാൻ ആജ്ഞാപിച്ചു (നെഹ. 13:19). പ്രധാനാചാര്യനായ ഏലിയാശീബ് ദേവാലയത്തിന്റെ അറയിൽ പാർപ്പിച്ചിരുന്ന തോബിയാവിനേയും കുടുംബത്തെയും ദേവാലയത്തിന്റെ മുറിയിൽ നിന്ന് പുറത്തിറക്കി (നെഹ. 13:28).

**എസ്രാ**

നെഹെമ്യ തുടങ്ങിവച്ച പല നല്ല കാര്യങ്ങളും ശുദ്ധീകരണ പ്രക്രിയകളും പൂർണ്ണമായി വിജയിച്ചില്ല. ബി.സി. 398-ൽ എസ്രാ ശാസ്ത്രി യെരുശലേമിൽ എത്തി. നെഹെമ്യ കണ്ടെത്തിയ പല പാകപ്പിഴകളും സമൂഹത്തിൽ കണ്ടു എസ്രാ നെഹെമ്യാവിനെപ്പോലെ രാഷ്ട്രീയ സ്വാധീനവും അധികാരവുമുള്ളവനായിരുന്നില്ല. എസ്രായുടെ ശ്രദ്ധ പ്രധാനമായും ആരാധന മുതലായ ആത്മിക കാര്യങ്ങളിലായിരുന്നു. എസ്രാ ദൈവമായ യഹോവ നൽകിയ മോശയുടെ ന്യായപ്രമാണത്തിൽ വിദഗ്ദ്ധനായ ശാസ്ത്രി ആയിരുന്നു (എസ്രാ 7:6). എസ്രാ കൊണ്ടുവന്ന ന്യായപ്രമാണം ഉയർന്ന പീഠത്തിൽ നിന്നുകൊണ്ട് വായിച്ചു (നെഹ. 8:14). ലേവ്യർ അത് ജനത്തിന് വ്യാഖ്യാനിച്ചു കൊടുത്തു (നെഹ. 8:7). ന്യായപ്രമാണം അനുസരിച്ചുള്ള ജീവിതത്തിന്റെ പ്രാധാന്യം ഇസ്രായേൽക്കാരെ ബോധ്യപ്പെടുത്തി. ഉടമ്പടി പുതുക്കി. പതാരം കൊടുക്കുന്ന രീതി വീണ്ടെടുത്തു. മിശ്രവിവാഹം നിർത്തി. ഇസ്രായേൽ സമൂഹത്തിന്റെ നൈർമല്യം നശിപ്പിച്ചിരുന്ന വിദേശീയരായ ഭാര്യമാരെ നിർദ്ദയം പിരിച്ചയയ്ക്കുവാൻ ആജ്ഞാപിച്ചു (എസ്രാ 10:10-11).

മിശ്രവിവാഹങ്ങൾ വരുത്തിവച്ച വിന രാഷ്ട്രീയ സുസ്ഥിരതയെയും കെട്ടുറപ്പിനെയും ബാധിക്കുന്ന പ്രശ്നമായിട്ടാണ് നെഹെമ്യാ കണ്ടത്. ശമരിയാക്കാരുടെ സ്വാധീനം ഉണ്ടാകുന്നതും തന്മൂലമുള്ള ഭാവി ഭവിഷ്യത്തുകളും നെഹെമ്യാ ഗൗരവമായി കണക്കിലെടുത്തു. ഈ സാഹചര്യം ഒരു രാഷ്ട്രീയ പ്രശ്നത്തേക്കാൾ കൂടുതലായി ഇസ്രായേൽ വംശത്തിന്റെ നൈർമ്മല്യത്തെ ബാധിക്കുമെന്നും അപകടകരമായ സ്വാധീനം ചെലുത്തുമെന്നും എസ്രാ മനസ്സിലാക്കി. ഇസ്രായേലിന്റെ ആത്മീയ

പാരമ്പര്യത്തെയും പവിത്രതയെയും അത് തച്ചുടക്കുമെന്നും എസ്രാ വിശ്വസിച്ചു (9:2-4).

എസ്രായുടെയും നെഹെമ്യാവിന്റെയും പ്രവർത്തനം, യഹൂദരുടെ വംശം നിലനിറുത്തുന്നതിനും കലർപ്പില്ലാതെ സംരക്ഷിക്കുന്നതിനും വളരെയധികം സഹായിച്ചു. പല മതങ്ങളും മറ്റുള്ള മതങ്ങളുമായി സമ്പർക്കത്തിൽ വരുമ്പോൾ തനിമ നഷ്ടപ്പെടുന്നതായിട്ടാണ് കണ്ടുവരുന്നത്. എന്നാൽ കൊള്ളേണ്ടത് ഉൾക്കൊണ്ടും തള്ളേണ്ടതു തള്ളിയും നൈർമ്മല്യവും തനിമയും കാത്തുസംരക്ഷിക്കാൻ എസ്രാ, നെഹെമ്യാ എന്നിവരുടെ പ്രവർത്തനം വിധിനിർണ്ണായകമായ ഘട്ടത്തിൽ പ്രധാനമായ പങ്കു വഹിച്ചു.

## പേർഷ്യൻ കാലം

ദാര്യാവേശ് രാജാവ് ഇരുപതു കൊല്ലം ഭരിച്ചു (ബി.സി. 425-405). ഈജിപ്ത് ഉൾപ്പെടെ പല സ്ഥലത്തും വിപ്ലവം പൊട്ടിപുറപ്പെട്ടു. ബി.സി. 410-ൽ എലിഫെന്റൈനിലുള്ള യഹൂദരുടെ ദേവാലയം ഈജിപ്തിലെ പുരോഹിതന്മാർ നശിപ്പിച്ചു. ബി.സി. 404-ൽ രാജാവായ അർത്ഥഹ്ശഷ്ടാ രാജാവ് ബി.സി. 358 വരെ പേർഷ്യൻ രാജാവായി വാണു. അർത്ഥഹ്ശഷ്ടാ മൂന്നാമൻ (ഓക്കസ്) അവനെ പിന്തുടർന്ന് രാജഭരണത്തിന് അവകാശികളായ മറ്റുള്ളവരെ ക്രൂരമായി കൊന്നു. വളരെ ക്രൂരമായ രീതികളാണ് അദ്ദേഹം സ്വീകരിച്ചത്. സിറിയാ, ഏഷ്യാമൈനർ, കുപ്രോസ്, സീദോൻ എന്നിവിടങ്ങളിൽ വിപ്ലവം പൊട്ടിപുറപ്പെട്ടു. ബി.സി. 345-ൽ സീദോൻ ആക്രമിച്ചു. സീദോൻ നിവാസികളായ 40,000 പേർ പട്ടണത്തിന് തീ കൊളുത്തി ആത്മഹത്യ നടത്തി.

എലിഫെന്റൈൻ പാപ്പിറസ് എന്ന ലിഖിതം അതെക്കുറിച്ച് വിവരണം നൽകുന്നു. ദേവാലയം പുതുക്കിപ്പണിയാൻ സഹായം അഭ്യർത്ഥിച്ചുകൊണ്ട് ശമരിയ ഗവർണ്ണർക്കും യെരുശലേമിലെ പ്രധാനാചാര്യനും ഈജിപ്തിലെ യഹൂദന്മാർ കത്തുകൾ അയച്ചു. അവിടത്തെ ആരാധന ശരിയായ ആരാധനയാണെന്ന് അംഗീകാരം കിട്ടാനായിരുന്നു ശ്രമം. എന്നാൽ യെരുശലേംകാർ അതുപോലെയുള്ള സമാന്തരദേവാലയങ്ങൾക്ക് അനുമതി കൊടുത്തില്ല.

അതിന് മൂന്നു പ്രധാന കാരണങ്ങൾ പണ്ഡിതന്മാർ ചൂണ്ടിക്കാണിക്കുന്നു.

1. യെരുശലേമിന് പുറത്ത് യാഗങ്ങൾ നടത്തുന്നതിനോട് യെരുശലേം പുരോഹിതന്മാർ യോജിച്ചിരുന്നില്ല.

2. യഹോവയോട് ചേർന്നു മറ്റു ദേവന്മാരെ ആരാധിക്കുന്നത്

(ആനാത്ത് യാഹു മുതാലയവ) യെരുശലേം പ്രധാനാചാര്യനും ആചാര്യവൃന്ദവും അനുവദിച്ചിരുന്നില്ല.

3. ഈജിപ്തിലുള്ളവരെ യഥാർത്ഥ ഇസ്രായേൽക്കാരായി യെരുശലേംകാർ പരിഗണിച്ചില്ല.

രണ്ടു വർഷത്തിനുശേഷം വീണ്ടും കത്തുകൾ അയച്ചു. ഇത്തവണ പ്രധാനാചാര്യന് കത്തയച്ചില്ല. യഹൂദാ ഗവർണ്ണറായ ബഹോഹിക്ക് മാത്രമാണ് കത്തയച്ചത്. കൂടാതെ സാൻബലത്തിന്റെ മക്കളായ ദെലിയിയാക്കും ശെമയ്യാക്കും അപേക്ഷകൾ അയച്ചു. അവരുടെ ദേവാലയം പണിക്ക് അംഗീകാരം നൽകിക്കൊണ്ടും രക്താർപ്പിതമല്ലാത്ത ധാന്യയാഗങ്ങളും, ധൂപവും നടത്തുവാൻ അനുവാദം നൽകിക്കൊണ്ടും ബി.സി. 419-ൽ പ്രധാനാചാര്യന്റെ ഒരു സന്ദേശം ലഭിച്ചതായി പാപ്പിറസ് രേഖയിൽ പരാമർശമുണ്ട്. പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ നടത്തുവാൻ അനുവാദം നൽകിക്കൊണ്ടാണ് പ്രധാനാചാര്യൻ കത്തയച്ചത്.

ഓക്കസ് ബി.സി. 342-ൽ ഈജിപ്തിലേക്ക് പോയി ആക്രമിച്ചു കീഴടക്കി. മെംഫീസിലുണ്ടായിരുന്ന വിശുദ്ധ മൃഗമായ കാളയെ കൊന്നു ഒരു വിരുന്ന് നടത്തി. യൂദന്മാരെ അടിമകളാക്കി കാസ്പിയൻ കടലിനടുത്തുള്ള ഹിർദാനിയയിലേക്ക് കൊണ്ടുപോയി. ബാഗോസ് എന്ന ഗവർണ്ണർ ഓക്കസ് തന്നെ സ്ഥാനഭ്രഷ്ടനാക്കുമെന്ന് മനസ്സിലാക്കി ഓക്കസിനെ കൊന്നു. ആർസസ് എന്ന പുത്രനൊഴികെ, രാജകൊട്ടാരത്തിലെ എല്ലാവരെയും കൊന്നൊടുക്കി. തന്റെ ചൊൽപടിക്ക് ആർസസ് നിൽക്കുകയില്ലെന്ന് മനസ്സിലാക്കി അവനെയും കൊന്നു. ബി.സി. 336-ൽ കൊഡോമാനസിനെ ദാര്യാവേശ് മൂന്നാമൻ എന്ന പേരിൽ രാജാവാക്കി. മാസിഡോണിയൻ രാജാവായ മഹാനായ അലക്സാണ്ടർ ദാര്യാവേശിനെ തോല്പിച്ചു.

### പാഠം 4

## പ്രവാസത്തിനുശേഷമുള്ള നൂതന ചിന്തകൾ

പ്രവാസത്തിനുശേഷമുള്ള യഹൂദ സമൂഹത്തിന്റെ കെട്ടുറപ്പിനും വേദശാസ്ത്ര ചിന്തയ്ക്കും ജീവിതവീക്ഷണത്തിനും എസ്രായുടെയും, നെഹമ്യായുടെയും പ്രവർത്തനം നിർണ്ണായകമായ പങ്കുവഹിച്ചിട്ടുണ്ട്. പ്രവാസത്തിന് മുമ്പുള്ള ചിന്താഗതികൾക്കും, ആരാധനാരീതികൾക്കും കാതലായ മാറ്റം സംഭവിച്ചു. ഒരു സമൂഹം എന്ന നിലയ്ക്ക് തനിമ കാത്തുരക്ഷിച്ച് ജീവിക്കുവാനുള്ള ഒരു അഗ്നിപരീക്ഷണം തന്നെ നേരിടേണ്ടി

വന്നു. ആദ്യകാലത്ത് ഇസ്രായേൽ ഗോത്രങ്ങളെ സംയോജിപ്പിച്ചിരുന്നത് യഹോവയിലുള്ള വിശ്വാസവും ആരാധനാകേന്ദ്രങ്ങളിലുള്ള കൂടിവരവും, മോശയുടെ ന്യായപ്രമാണപ്രകാരമുള്ള യാഗങ്ങളും, പാരമ്പര്യങ്ങളും, വിശ്വാസാചാരങ്ങളുമായിരുന്നു. അതിനുശേഷം ഇസ്രായേൽ ഒരു രാഷ്ട്ര മായി. ഇസ്രായേൽക്കാരൻ എന്നാൽ യഹൂദയിലോ ഇസ്രായേലിലോ അംഗത്വമുള്ള വ്യക്തി. ബി.സി. 721-ൽ അസ്സീരിയാ ആക്രമണത്തോടെ ഇസ്രായേലിന്റെ അന്ത്യം വന്നപ്പോൾ യഹൂദയെ കേന്ദ്രീകരിച്ചാണ് ആരാ ധന, പാരമ്പര്യം എന്നിവ നിലനിന്നത്. യെരുശലേം വിശ്വാസത്തിന്റെയും, ഭരണകൂടത്തിന്റെയും കേന്ദ്രമായി.

നെബുഖദ്നേസറിന്റെ ആക്രമണം മൂലമുള്ള യെരുശലേമിന്റെ പത നത്തിനുശേഷം ചില പ്രധാന വ്യത്യാസങ്ങൾ അവരുടെ ആരാധനയിലും ജീവിതരീതിയിലും ഉണ്ടായി. ചിതറിപ്പാർത്ത യഹൂദസമൂഹത്തെ സംയോ ജിപ്പിച്ചിരുന്നത് യരുശലേം ദേവാലയമല്ല യഹോവയിലുള്ള വിശ്വാസവും, ആരാധന പാരമ്പര്യവുമാണ്. ഒരു കാലത്ത് സ്വന്തം നാട്ടിൽ തിരിച്ചെത്തി ഇസ്രായേലിന്റെ തനിമ കാത്തുസൂക്ഷിക്കുന്ന സാഹചര്യം ഉണ്ടാകുമെന്ന പ്രതീക്ഷയിൽ കഴിഞ്ഞുകൂടി. കോരെശിന്റെ വിളംബരത്തോടെ യെരു ശലേമിൽ തിരിച്ചെത്തിയ സമൂഹത്തിന്റെ പ്രതീക്ഷകൾ ഒരു പരിധിവരെ യാഥാർത്ഥ്യമായി. പ്രവാസത്തിൽ നിന്ന് തിരിച്ചു വന്നവർ ഇസ്രായേൽ എന്ന സമൂഹത്തിലെ യഥാർത്ഥ അവകാശികൾ ആണെന്ന ബോധം അവർക്ക് ആശയും ആവേശവും പകർന്നു. എന്നാൽ അവർ പ്രതീക്ഷിച്ച രീതിയിലുള്ള വീണ്ടെടുപ്പ് ഉടനെതന്നെ സംഭവിച്ചില്ല. സെരുബാബേ ലിന്റെ നേതൃത്വത്തിൽ തിരിച്ചെത്തിയ സമൂഹം പ്രവാചകന്മാരുടെ അരു ളപ്പാടുകൾക്കു വിധേയമായി മഹത്വത്തിൽ ജീവിക്കുമെന്നുള്ള പ്രതീക്ഷ നിറവേറിയില്ല.

ദേവാലയം പുതുക്കിപ്പണിത് ആരാധന പുനഃസ്ഥാപിച്ചപ്പോൾ ചില പ്രതീക്ഷകൾ അവർക്ക് വീണ്ടും ഉണ്ടായി. എന്നാൽ ഇസ്രായേൽ എന്ന സമൂഹത്തിലെ അംഗം, യെരുശലേമിലെ ആരാധനയിൽ മുടക്കംവരാതെ ഭാഗഭാക്കാകണമെന്ന നിബന്ധന പ്രായോഗികമാക്കാൻ പ്രയാസമായി രുന്നു.

ഇസ്രായേലിനെ ഒരുമിച്ചു കൂട്ടിയ ഘടകങ്ങൾ എന്താണ്? ന്യായപ്രമാ ണത്തിന്റെ അടിസ്ഥാനത്തിലുള്ള പുനഃസംവിധാനമാണ് അവരെ സംയോ ജിപ്പിച്ചത്. ന്യായപ്രമാണ കല്പനകൾ കൃത്യമായി ആചരിക്കുന്നതിന് അവർ വളരെയധികം പ്രാധാന്യം നൽകി. ആദ്യഘട്ടങ്ങളിൽ യഹോവ യുമായുള്ള ഉടമ്പടിയായിരുന്നു അവരെ സംയോജിപ്പിച്ചിരുന്നത്. സീനായ് മലയിലെ ഉടമ്പടിക്കുശേഷം യോശുവയുടെ കാലത്ത് ശേഖേമിൽ വച്ചും ഉടമ്പടി പുതുക്കി. ആദ്യം യഹോവയിലുള്ള വിശ്വാസമാണ് ഗോത്രങ്ങളെ

ഒറ്റക്കെട്ടായി നിന്ന് പോരാടുവാൻ ഉത്തേജിപ്പിച്ചിരുന്നത്. സീനായ് ഉടമ്പടിക്കുശേഷം, അതിന്റെ അടിസ്ഥാനത്തിലായിരുന്നു ന്യായപ്രമാണ കല്പനകളുടെ ആചരണം. യോശീയാവിന്റെ കാലത്ത് ദേവാലയത്തിൽ നിന്ന് കണ്ടെടുത്ത ന്യായപ്രമാണ പുസ്തകം കാലക്രമത്തിൽ ശിഥിലമായ ബന്ധത്തിന് പുനരുജ്ജീവനം നൽകി. ഉടമ്പടി ലംഘിച്ച തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തെ നീതിയിലേക്കും, സത്യത്തിലേക്കും തിരികെ വരുത്തുവാനാണ് പ്രവാചകന്മാർ പടപൊരുതിയത്. യാഗങ്ങൾ നടത്തിയാൽ മാത്രം പോര, യാഗം അർപ്പിക്കുന്നവനും, യഹോവയും തമ്മിലുള്ള ആന്തരീകബന്ധം ശരിയാകണമെന്നും വിവിധരീതിയിൽ പ്രവാചകന്മാർ വാദിച്ചു. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തിന്റെ പ്രത്യക്ഷമായ പ്രതിഫലനമാണ് യാഗങ്ങൾ എന്നും അവ അർപ്പിക്കുന്നവൻ യഥാർത്ഥ അനുതാപത്തോടും ഒരുക്കത്തോടും, ആത്മതപനത്തോടുംകൂടി അർപ്പിച്ചാൽ മാത്രമേ ദൈവം അത് അംഗീകരിക്കുകയുള്ളുവെന്നും പ്രവാചകന്മാർ പ്രഖ്യാപിച്ചു. പല ഘട്ടങ്ങളിൽ പ്രവാചകന്മാർ രംഗപ്രവേശം ചെയ്തു. ആനുകൂല്യങ്ങൾ അനുഭവിക്കുന്നവർ ഉത്തരവാദിത്തത്തെക്കുറിച്ച് ബോധവാന്മാരാകണമെന്നു തറപ്പിച്ചു പറഞ്ഞു. പ്രവാചകന്മാർ പുതിയ ഉപദേശമല്ല, ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലും വെളിച്ചത്തിലും ഓരോ ഘട്ടത്തിനും അനുയോജ്യമായ രീതിയിൽ ഇസ്രായേലിന്റെ തെറ്റുകുറ്റങ്ങളെ ചൂണ്ടിക്കാണിച്ചു നേർവഴിയിലേക്ക് നടത്താനാണ് ശ്രമിച്ചത്.

യാഗങ്ങളും, രാഷ്ട്രവും നാമാവശേഷമായപ്പോൾ അവരെ പിടിച്ചു നിർത്തുന്നതും, സംയോജിപ്പിക്കുന്നതുമായ പ്രക്രിയകൾക്കുവേണ്ടി അവർ അന്വേഷണം ആരംഭിച്ചു. ശബ്ബത്ത് ആചരണം, ചേലാകർമ്മം, വിശുദ്ധനായ ദൈവത്തോട് ബന്ധപ്പെട്ട് കഴിയുവാൻ സഹായകരമായ ധാർമ്മിക പ്രമാണങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന ജീവിത വിശുദ്ധി, സിനഗോഗിലെ കൂടിവരവും, ആരാധനയും എന്നിവയ്ക്കെല്ലാം ജീവിതത്തിൽ പ്രാധാന്യം കൊടുത്തു. യെഹെസ്കീയേൽ മുതൽ നെഹമ്യാവരെ ശബ്ബത്താചരണം, പതാരം, ദേവാലയവും, യാഗങ്ങളും എന്നിവ മുറപോലെ നടത്തേണ്ടതിന്റെ ആവശ്യകത ചൂണ്ടിക്കാണിച്ചു. ഹഗ്ഗായി, സക്കറിയാ എന്നീ പ്രവാചകന്മാർ ദേവാലയം പുനരുദ്ധരിച്ച് പ്രതിഷ്ഠിക്കുവാൻ പ്രചോദനം നൽകി. പ്രവാസത്തിൽ നിന്ന് തിരിച്ചുവന്ന പുരോഹിതർ ഉൾപ്പെടെ ആരാധനാപരമായ കാര്യങ്ങൾ അവഗണിക്കുവാൻ തുടങ്ങി. നെഹമ്യായുടെ പ്രവർത്തനങ്ങൾക്ക് നീണ്ടുനിൽക്കുന്ന ഫലമൊന്നുമുണ്ടായില്ല. എസ്രാ ശാസ്ത്രി ബാബിലോണിൽ നിന്ന് കൊണ്ടുവന്ന ന്യായപ്രമാണത്തിന്റെ വായനയും, ഉടമ്പടി പുതുക്കലും ഒരു പുതിയ തുടക്കത്തിന്റെ അടിത്തറ ഭദ്രമാക്കി.

ആരാണ് ഇസ്രായേലിലെ അംഗം എന്നൊരു ചോദ്യമുയർന്നു വന്നു? ഒരു പ്രത്യേക ദേശീയ വിഭാഗമാണോ? പന്ത്രണ്ടു ഗോത്രങ്ങളിൽപെട്ട വർ ആണോ? യഹോവയെ ദൈവമായി ആരാധിച്ചു യാഗങ്ങൾ അർപ്പി ക്കുന്നവരാണോ? യഹൂദയിൽ താമസിച്ച് ന്യായപ്രമാണം ആചരിക്കു ന്നവൻ എന്ന ഉത്തരം അംഗീകാരയോഗ്യമായി. ഈ പുതിയ ഗണത്തിൽ എഴുതപ്പെട്ട ന്യായപ്രമാണത്തിന്റെ പ്രാധാന്യം വളരെയധികം വർദ്ധിച്ചു. ഓരോ സാഹചര്യങ്ങളിലും അനുവർത്തിക്കേണ്ട രീതികളെക്കുറിച്ച് വഴി കാട്ടിയും മാർഗ്ഗദർശിയുമായി നിയമങ്ങൾ നിലകൊണ്ടു. പ്രവാചകന്മാരും പ്രവചനങ്ങളും നിന്നുപോയപ്പോൾ എഴുതപ്പെട്ട ന്യായപ്രമാണത്തിന്റെ സ്ഥാനവും പ്രാധാന്യവും വർദ്ധിച്ചു. യാഗങ്ങൾ, പെരുന്നാളുകൾ, ഓരോ സന്ദർഭത്തിനും യോജിച്ച ജീവിതരീതികൾ എന്നിവയ്ക്കെല്ലാം ന്യായ പ്രമാണം എന്ത് സാക്ഷിക്കുന്നു എന്ന് പരിശോധിച്ചു തുടങ്ങി. ന്യായ പ്രമാണത്തിന് കടകവിരുദ്ധമായതും യോജിക്കാത്തതുമായ കാര്യങ്ങൾ സ്ഥിരീകരിക്കാൻ ഭക്തരായ ഇസ്രായേൽ സമൂഹം തയ്യാറായില്ല.

ന്യായപ്രമാണത്തിന്റെ സ്ഥാനം വർദ്ധിച്ചപ്പോൾ ആരാധനയ്ക്കോ അതിന്റെ പ്രാധാന്യത്തിനോ യാതൊരു കോട്ടവും സംഭവിച്ചില്ല. പുതിയ സാഹചര്യവും പുതിയ വീക്ഷണവും ചില കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുന്ന രീതിയിലായി. രാജാവിന്റെ കാലത്ത് രാജാവ് മുൻകൈ എടുത്തു ആരാധന നടത്തിക്കൊണ്ടിരുന്ന ദേവാലയം പഴയ രീതിയി ലുള്ള ഈ രാഷ്ട്രത്തിന്റെ കേന്ദ്രമായ ദേവാലയം എന്ന പദവി ഏറെ ക്കാലം കാത്തുസൂക്ഷിച്ചില്ല. പ്രധാന സന്ദർഭങ്ങളിൽ ഇസ്രായേൽ ഒരു മിച്ചു കൂടിയിരുന്നെങ്കിലും പതിവായ രീതിയിലുള്ള കൂട്ടമൊന്നും നട ന്നില്ല. പ്രവാസത്തിൽനിന്ന് തിരിച്ചുവന്നവർ ഒരുമിച്ചുകൂടി ആരാധന നട ത്തിയിട്ടുണ്ടെങ്കിലും ഇസ്രായേൽ സമൂഹത്തിന് മുഴുവൻ കേന്ദ്രീയ ആരാധനയെന്ന പ്രാധാന്യം നഷ്ടപ്പെട്ടു. ചില പെരുന്നാളുകൾക്ക് കൂടു തൽ ആക്കം ലഭിച്ചു. അതിലൊന്നാണ് പാപമോചനപ്പെരുന്നാൾ (ലേവ്യ 23:27-32). കൂടാരപെരുനാളിന് അഞ്ചു ദിവസം മുമ്പായിരുന്നു പാപപരി ഹാരപെരുന്നാൾ. പാപത്തെക്കുറിച്ചുള്ള അഗാധമായ ബോധം അതിന്റെ പ്രത്യേകതയായിരുന്നു. പ്രവാസവും ദുരന്തങ്ങളും അന്നത്തെ ദുരിത പൂരിതമായ കാലവുമായിരിക്കാം അങ്ങനെയുള്ള ചിന്താഗതിയിലേക്ക് അവരെ നയിച്ചത്.

പാപപരിഹാരദിവസത്തെ ആരാധനയ്ക്ക് നേതൃത്വം നൽകിയത് പ്രധാ നാചാര്യനാണ്. സാദോക്ക് കുടുംബക്കാരുടെ താവഴിക്കാർക്കാണ് ആ പദവി ലഭിച്ചത്. അഹറോന്റെ പിന്തുടർച്ചക്കാരായിരിക്കണമെന്ന നിബ ന്ധനയും വച്ചു. മറ്റു പുരോഹിതന്മാർ ലേവ്യവംശത്തിൽപ്പെട്ടവരായിരി ക്കണം. കൂടാതെ പാട്ടുകാരും ആരാധനയുടെ മഹിമ വർദ്ധിപ്പിച്ചു.

ദുരിതപൂർണ്ണമായ അനുഭവങ്ങളുടെ മദ്ധ്യത്തിൽ അവരെ പിടിച്ചു നിർത്തിയത്, ന്യായപ്രമാണ വായനയും, പഠനവും, സ്തുതിഗീതങ്ങളും, പ്രാർത്ഥനകളും, ഒരുമിച്ചുള്ള കൂടിവരവുമാണ്. മ്ലാനഗതിക്കും, ആശാഭംഗത്തിനും മാറ്റം സംഭവിക്കുന്നത് കോരെശിന്റെ വരവോടു കൂടിയാണ്. കോരെശിനെ, യെശയ്യാ പ്രാവചകൻ അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന് വിശേഷിപ്പിക്കുന്നു. പ്രവാസികൾക്ക് തിരിച്ചുവരാൻ അനുമതി നൽകിയപ്പോൾ പ്രതീക്ഷകൾ പലതും യാഥാർത്ഥ്യമായിയെന്നും, ദൈവം വിശ്വസ്തനാണെന്നും അവർ മനസ്സിലാക്കി. യെരുശലേമിലേക്കുള്ള തിരിച്ചുവരവ്, ദൈവത്തിന്റെ കാരുണ്യം മൂലമാണ് സംഭവിച്ചതെന്നും, കോരെശ് അത് ഗ്രഹിച്ചില്ലെങ്കിലും, കോരെശിനെ ദൈവം വിനിയോഗിച്ചുവെന്നും ഭക്തരായ ഇസ്രായേൽക്കാർ വിശ്വസിച്ചു. ജാതികൾ പ്രകാശത്തിലേക്കും, രാജാക്കന്മാർ നിന്റെ ഉദയശോഭയിലേക്കും വരും (ഏശാ. 60:3). പൊന്നും വെള്ളിയുമായി വന്നു ദൈവത്തെ മഹത്വപ്പെടുത്തുവാൻ അവർ കാത്തിരിക്കുന്നു (ഏശാ. 60:9).

## ബാബിലോൺ പ്രവാസം – അവലോകനം

നെബൂക്കദ്നേസർ രാജാവിന്റെ കാലത്തുണ്ടായ യെരുശലേം ആക്രമണവും, ദേവാലയത്തിന്റെ നശീകരണവും, ബാബിലോണിലേക്കുള്ള പ്രവാസവും, ഭക്തരായ യിസ്രായേൽ സമൂഹത്തെ ഭഗ്നാശയരാക്കി. ദൈവത്തിന്റെ പട്ടണവും തെരഞ്ഞെടുക്കപ്പെട്ട സമൂഹവും എന്നാളും നിലനിൽക്കുമെന്ന പ്രതീക്ഷകൾക്ക് കനത്ത തകർച്ചയാണ് വേദനാജനകമായ സംഭവങ്ങൾ ഇടവരുത്തിയത്. ദാവീദിന്റെ സന്തതിയെ അവന്റെ ആയുഷ്കാലം കഴിഞ്ഞിട്ട് പിന്തുടർച്ചയായി സ്ഥിരപ്പെടുമെന്നും, രാജത്വം ഉറപ്പാക്കുമെന്നും, അവന്റെ രാജത്വത്തിന്റെ സിംഹാസനം എന്നേക്കും സ്ഥിരമാക്കുമെന്നും നാഥാൻ പ്രവാചകൻ മൂലം കൊടുത്ത ഉറപ്പിന് എന്തു സംഭവിച്ചുവെന്ന് ഭക്തരായ ജനം ചോദിക്കുവാൻ പ്രേരിപ്പിക്കപ്പെട്ടു (2 ശമു. 7:12–13). തെരഞ്ഞെടുക്കപ്പെട്ട ജനത്തെ നിത്യമായി തള്ളിക്കളയുകയല്ല, ശുദ്ധീകരണത്തിനും, രൂപാന്തരത്തിനുംവേണ്ടി തൽക്കാലം മാറ്റിനിർത്തുക മാത്രമാണ് സ്രഷ്ടാവും വീണ്ടെടുപ്പുകാരനുമായ യഹോവ ചെയ്തതെന്ന് പ്രവാചകനായ ഏശായാ ആശ്വാസവചനം നൽകി ബോധിപ്പിച്ചു.

ചരിത്രപരമായ സാഹചര്യങ്ങളും, വേദനാജനകമായ അനുഭവങ്ങളുമാണ് ദൈവത്തോടുള്ള ബന്ധത്തെ അരക്കിട്ടുറപ്പിക്കുന്നത്. പിതാക്കന്മാരായ അബ്രഹാം, ഇസഹാക്ക്, യാക്കോബ് എന്നിവരുടെ കാലത്ത് യഹോവയായ ദൈവത്തിന്റെ ഇഷ്ടജനമാണ് ഇസ്രായേൽ എന്നും, പ്രത്യേക പരിഗണനയും, സ്നേഹവും, കരുതലും അവരോട് ഉണ്ടെന്നും,

വിവിധ അനുഭവങ്ങളുടെ വെളിച്ചത്തിൽ അവർ മനസ്സിലാക്കി. ഇതര സമൂഹത്തിന് അവരുടെ ദേവന്മാർ ഉണ്ടെന്നും, പ്രതിസന്ധികളിൽ അവർക്കു തുണയ്ക്കെത്തുമെന്നുമുള്ള യാഥാർത്ഥ്യം അവഗണിച്ചിരുന്നില്ല. ഏലിയായുടെ കാലത്ത്, യഹോവ ശക്തനായ ദൈവമാണെന്നും, ബാലിന് അത്രമാത്രം ശക്തിയില്ലെന്നും കർമ്മേൽ യാഗത്തിൽ നിന്ന് തെളിഞ്ഞു. ബാബിലോൺ പ്രവാസകാലത്ത് ഉരുത്തിരിഞ്ഞ വളരെ പ്രധാനമായ ഒരാശയം, യഹോവ മാത്രമാണ് ദൈവം, ബാബിലോൺ ദേവന്മാരായ ബേലും, നേബോയും, ശക്തിയില്ലാത്ത വിഗ്രഹങ്ങൾ മാത്രമാണ് (ഏശാ. 46:1–2) എന്നതാണ്. ഏകദൈവ വിശ്വാസവും ദൈവത്തോടുള്ള അവിഭക്തമായ വിധേയത്വവും, പ്രതിബദ്ധതയും ദൈവവിശ്വാസത്തിന്റെ അടിത്തറ ഭദ്രമാക്കുന്നതിന് സഹായിച്ചു.

സ്രഷ്ടാവായ ദൈവം, വീണ്ടെടുത്തു രക്ഷിക്കുന്നതിലും, വഴി നടത്തുന്നതിലും അതീവ ജാഗ്രതയുള്ളവനാണ്. ഈജിപ്തിന്റെ അടിമത്തത്തിൽ നിന്ന് മോചനം നൽകിയ ദൈവം, ബാബിലോണിൽ നിന്ന് രണ്ടാമതൊരു മോചനം നൽകുമെന്നും ദൃഢമായി അവർ വിശ്വസിച്ചു. മരുഭൂമിയിൽ കൂടെ വഴി നടത്തി വാഗ്ദത്തനാട്ടിൽ എത്തിച്ച ദൈവം, വീണ്ടും ആഘോഷത്തോടെയും, പ്രതാപത്തോടെയും, വേറൊരു തിരിച്ചുവരവ്, യെരുശലേമിലേക്ക് നടത്താൻ നേതൃത്വം നൽകും.

രക്ഷ, ഇസ്രായേലിനു മാത്രമുള്ളത് എന്ന ഇടുങ്ങിയ ചിന്താഗതിക്ക് പൊടുന്നനെ ഒരു മാറ്റം സംഭവിക്കുന്നു. പ്രകാശം ലോകത്തിന് നൽകുന്ന മുഖാന്തിരങ്ങളായി പ്രവർത്തിക്കാൻ ഇസ്രായേൽ വിളിക്കപ്പെട്ടിരിക്കുന്നു. ഈ പ്രക്രിയയിൽ യാതനയും, വേദനയും അനുഭവിക്കേണ്ടിവരും. ദൈനംദിനം ആവശ്യമായ ശക്തിയും, പ്രചോദനവും, യഹോവ കൂടെയിരുന്നു പ്രദാനം ചെയ്യും. കഷ്ടത അനുഭവിക്കുന്ന ദാസന്റെ ശുശ്രൂഷ ദൈവം അംഗീകരിക്കുകയും, അവനെ മഹത്വത്തിലേക്ക് ആനയിക്കുകയും ചെയ്തു. തെരഞ്ഞെടുക്കപ്പെട്ട ദാസന്റെ വിളിയും, വഴിനടത്തലും, അനുഭവിക്കേണ്ട വിവിധ കഷ്ടപ്പാടുകളും, മഹത്വീകരിക്കപ്പെട്ടു പുനരുത്ഥാനത്തിൽ സമാപ്തിയിൽ എത്തുന്നു. ദാസന്റെ പ്രവർത്തനത്തിൽ അസുഖകരമായ അനുഭവങ്ങളും, എതിർപ്പും, പ്രതിബന്ധങ്ങളും പീഡനവും, പരിഹാസവും നേരിട്ടു. ദൈവം ആത്മാവ് പകർന്ന് ശക്തിപ്പെടുത്തുന്നതുകൊണ്ട് എല്ലാം നേരിടുവാനും, വിജയം വരിക്കാനും സാധിക്കും.

എല്ലാ ഇസ്രായേൽക്കാരും അതിക്രമം കാട്ടിയിട്ടില്ല. പാപം മൂലവും, മറുതലിപ്പ് മുഖാന്തിരവും അന്യമായ തെരഞ്ഞെടുത്ത സമൂഹത്തിലെ ഒരു ഭാഗമെങ്കിലും, വിശ്വസ്തത പുലർത്തുകയും, ദൈവത്തോട് അഭേദ്യബന്ധം നിലനിർത്തുകയും ചെയ്യും. വിശ്വസ്തതയോടുകൂടിയ ശേഷം

ഭാഗത്തെ ദൈവികപ്രവർത്തനത്തിനും, രക്ഷയുടെ പ്രകാശം പരത്തുവാനും പാത്രങ്ങളായി വിനിയോഗിക്കും.

### ഗ്രീക്കു കാലം

മഹാനായ അലക്സാണ്ടർ ഗ്രീക്കു ദാർശനികനായ അരിസ്റ്റോട്ടിലിന്റെ കീഴിൽ അഭ്യസിച്ചയാളാണ്. ഗ്രീക്കുഭാഷയും, സംസ്കാരവും ഏറ്റവും മികച്ചതാണെന്നും, അത് ലോകം മുഴുവൻ പ്രചരിപ്പിക്കുന്നത് ജീവിത ദൗത്യമാണെന്നും അലക്സാണ്ടർ കരുതി. പിതാവായ ഫിലിപ്പിന്റെ വധത്തിനുശേഷം 20-ാം വയസ്സിൽ ഭരണഭാരം ഏറ്റു. രാജ്യങ്ങൾ ഓരോന്നായി വെട്ടിപ്പിടിച്ച് വിജയക്കൊടി പാറിച്ചുകൊണ്ട് ഇന്ത്യ വരെ ജൈത്രയാത്ര തുടർന്നു. യവനായ രീതിയിലുള്ള പട്ടണങ്ങൾ സ്ഥാപിച്ചു. ഗ്രീക്കുകാരെ വിവാഹം കഴിക്കാൻ തദ്ദേശീയരെ പ്രേരിപ്പിച്ചു. സംസ്കാരസമ്പന്നർ, ഗ്രീക്കുഭാഷ സംസാരിക്കുവാനും, സാഹിത്യരചനകൾ വായിക്കാനും തുടങ്ങി. ഗ്രീക്കു ദേവന്മാരോട് ബന്ധമുള്ള പേരുകൾ, പലരും മക്കൾക്ക് നൽകി.

കലാകാരന്മാർ, ശാസ്ത്രജ്ഞന്മാർ, ചരിത്രകാരന്മാർ എന്നിവരെ അലക്സാണ്ടർ കൂടെ കൊണ്ടുപോന്നു. കീഴടക്കിയ രാജ്യങ്ങളിൽ ഗ്രീക്കു സംസ്കാരം പ്രചരിപ്പിക്കാൻ അലക്സാണ്ടർ ബദ്ധശ്രദ്ധനായിരുന്നു. കാഴ്ചബംഗ്ലാവ്, വായനശാല, നാടകവേദികൾ, ഗ്രീക്ക് ശില്പകലയനുസരിച്ചുള്ള കെട്ടിടങ്ങൾ, ഗ്രീക്കുമാതൃകയിൽ പട്ടണം, പൊതുഭക്ഷണശാലകൾ, കായിക മത്സരട്രാക്കുകൾ എന്നിവ പണിതു. ഭരണസംവിധാനം ഏർപ്പെടുത്തി. പുതിയ രീതികളിൽ ആകൃഷ്ടരായ യഹൂദന്മാർ ഗ്രീക്കുപേരുകൾ സ്വീകരിക്കുകയും, ഗ്രീക്കു വസ്ത്രധാരണം അംഗീകരിക്കുകയും ചെയ്തു. ചേലാകർമ്മം അനുഷ്ഠിച്ച യഹൂദന്മാർ, നഗ്നശരീരത്തോടെ കായികമത്സരങ്ങളിൽ പങ്കെടുക്കാൻ, ശസ്ത്രക്രിയ മൂലം, ശരീരരൂപം വീണ്ടെടുത്തു. ഗ്രീക്കുനാടകങ്ങൾ കാണുവാനും, ആചാരമര്യാദകൾ അഭികാമ്യമായി കണ്ട് അംഗീകരിക്കാനും ആരംഭിച്ചു. ദാർശനിക ചിന്തകളും യഹൂദന്മാരെ സ്വാധീനിച്ചു. സ്റ്റോയിക്ക്, എപ്പികൂരിയൻ ദർശനങ്ങൾ സംസ്കാരസമ്പന്നരായ യഹൂദന്മാർ മാനിക്കുവാൻ തുടങ്ങി.

അലക്സാണ്ടറിനുശേഷം പിൻഗാമികളായ പ്ടോളമിയും, സെല്യൂക്കസും പാലസ്തീനുവേണ്ടി പടപൊരുതി ഈജിപ്തിന്റെ ഭരണം പട്ടാള മേധാവിയായ പ്ടോളമിയെയും, സിറിയ, മെസപ്പൊട്ടോമിയ എന്നിവ സെല്യൂക്കസിനെയും ഭരിക്കുവാൻ ഏല്പിച്ചിരുന്നു. പ്ടോളമിമാർ, കലാ-സാംസ്കാരിക കാര്യങ്ങളിൽ വളരെ താൽപര്യമുള്ളവരായിരുന്നു. പുരോഗമനവാദികളായ യഹൂദന്മാർ, യവനായ പാരമ്പര്യങ്ങളുടെ നല്ല വശം ഉൾക്കൊള്ളാൻ ശ്രമിച്ചു.

യഹൂദന്മാരുടെ മതഗ്രന്ഥമായ, തോറയെക്കുറിച്ചു കേട്ടിട്ട് അതിന്റെ ഗ്രീക്ക് തർജ്ജമ നടത്തി, വായനശാലയിൽ വയ്ക്കുവാൻ മുൻകൈ എടുത്തു. അരിസ്റ്റിയാസിന്റെ കത്ത്, സെപ്റ്റുവജിന്റെ ഉത്ഭവത്തെക്കുറിച്ച് വിവരം നൽകുന്നു. പ്ടോളമി രണ്ടാമൻ ഫിലാദെൽഫസ് ആണ് അതിന് നേതൃത്വം നൽകിയത്. 72 പേർ 72 ദിവസംകൊണ്ട് അലക്സാന്ത്രിയയ്ക്കടുത്തുള്ള ഫാറോസ് ദ്വീപിൽ വച്ചാണ് വിവർത്തനം നിർവ്വഹിച്ചത്. ഏറ്റവും കൂടുതൽ യവനായ സ്വാധീനത്തിൽ വന്നത് ഈജിപ്തിലെ അലക്സാന്ത്രിയയെന്ന പട്ടണത്തിൽ കുടിയേറിപ്പാർത്ത യഹൂദരാണ്. എബ്രായഭാഷ ക്രമേണ മറന്ന് ഗ്രീക്ക് ഭാഷ മാത്രം വശമുള്ള പുത്തൻ തലമുറക്കാർക്കു ന്യായപ്രമാണത്തിന്റെ ഗ്രീക്ക് വിവർത്തനം ആവശ്യമായിരുന്നു.

വി. വേദപുസ്തകത്തിൽ ഉടനീളം മുൻതൂക്കം കൊടുത്ത് പ്രസ്താവിക്കുന്ന, ദൈവത്തിലുള്ള അടിയുറച്ച വിശ്വാസവും, ശ്രേഷ്ഠമായ ധാർമ്മികപ്രമാണങ്ങളും മൂല്യങ്ങളും യഹൂദരല്ലാത്തവരെയും സിനഗോഗിലേക്ക് ആകർഷിച്ചു.

ഭാഷയും, ആചാരങ്ങളും, സംസ്കാരപാരമ്പര്യങ്ങളും മാത്രമല്ല, ഇസ്രായേൽക്കാരിൽ സ്വാധീനം ചെലുത്തിയത്. ഗ്രീക്ക് ചിന്താഗതിയും സ്വാധീനിച്ചു. ജ്ഞാനം തേടുകയെന്നത് ഗ്രീക്കുകാരുടെ ഒരു പ്രത്യേകതയാണ്. വിജ്ഞാനം സ്നേഹിക്കുന്നവരെ അവർ മാനിക്കുകയും, ആദരിക്കുകയും ചെയ്തു. വിജ്ഞാനത്തിനുള്ള അഭിനിവേശം ഒളിച്ചുവച്ചിരിക്കുന്ന നിധി കണ്ടെത്തുന്നതിനുള്ള ഉദ്യമം പോലെയാണ്. യഹൂദചിന്താഗതിപ്രകാരം ജ്ഞാനം ലഭിക്കുന്നത് ദൈവത്തിന്റെ വെളിപ്പാടിൽ നിന്നാണ്. വിജ്ഞാനം കൈമുതലാകുന്നത് ദൈവിക കല്പനകളെ അനുസരിച്ച് ജീവിക്കുമ്പോഴാണ്. ഗ്രീക്ക് ദാർശനിക ചിന്തകന്മാർ ജ്ഞാനം കണ്ടുപിടിക്കാനുള്ള ബൗദ്ധികപ്രയത്നം നടത്തി. ഇസ്രായേൽ പ്രവാചകന്മാർ ദൈവവചനം കേൾക്കുന്നതിന് ചെവിയോർത്തു. ബൗദ്ധികമായ പ്രക്രിയകൾക്ക് ഗ്രീക്ക് ദാർശനികർ മുൻതൂക്കം നൽകിയപ്പോൾ, ഇസ്രായേൽക്കാർ ദൈവസ്വഭാവത്തിന് അനുയോജ്യമായ ധാർമ്മികമൂല്യങ്ങൾക്കും, ജീവിതചര്യകൾക്കും പ്രാധാന്യം നൽകി.

### ഗ്രീക്കുകാലം - ഒരവലോകനം

അലക്സാണ്ടറിന്റെ ആഗമനത്തിനുശേഷം സംസ്കാരപരവും, മതപരവുമായ സ്വാധീനം പലസ്തീനിലും ചിതറിപ്പാർത്ത പ്രദേശങ്ങളിലുമുള്ള ഇസ്രായേൽക്കാരിൽ ഉണ്ടായി. ഗ്രീക്കുരീതിയിലുള്ള പട്ടണങ്ങളും, ജനായത്ത ഭരണത്തിന് പ്രാധാന്യം കൊടുക്കുന്ന ജനപ്രതിനിധികൾ അടങ്ങുന്ന നഗരസമിതികളും നിലവിൽ വന്നു. ഗ്രീക്കു ഭാഷാപഠനവും,

ഗ്രീക്കുകാരോടുള്ള സമ്പർക്കവും, പുതിയ ഒരു ലോകത്തിലേക്കുള്ള വാതിൽ തുറന്നു. ലോകത്തെയും സൗന്ദര്യത്തെയും കുറിച്ചുള്ള കാഴ്ചപ്പാടും, ധാരണയും തന്നെ മാറി. കാര്യകാരണഗ്രഹണത്തിനും, വിശകലനത്തിനും, അപഗ്രഥനത്തിനും മുൻതൂക്കം കൊടുക്കുന്ന ഗ്രീക്കുചിന്താഗതിയും, വിജ്ഞാനതൃഷ്ണയും, പുതിയ ജീവിതവീക്ഷണത്തിനും, മൂല്യനിർണ്ണയങ്ങൾക്കും, സന്മാർഗ്ഗികബോധത്തിനും വഴിയൊരുക്കി. പ്രായോഗികമായ കാര്യങ്ങളേക്കാൾ ബൗദ്ധികമായ പ്രക്രിയകൾക്ക് മുൻതൂക്കം കൊടുക്കുന്ന പുസ്തകങ്ങൾ വായിക്കുവാനും, ജ്ഞാനപുസ്തകങ്ങൾ രചിക്കുവാനും അവർക്കു പ്രചോദനം നൽകി. വിജ്ഞാനസാഹിത്യത്തിന്റെ പ്രാധാന്യവും, അതിനോടുള്ള പ്രതിപത്തിയും ഗ്രീക്കുകാലത്തിന്റെ പ്രത്യേക സംഭാവനയായിരുന്നു.

ഗ്രീക്കുസംസ്കാരത്തോടും ആചാരമര്യാദകളോടും താൽപര്യമുള്ള പുരോഗമനവിഭാഗവും, ഇസ്രായേൽ പാരമ്പര്യം കറപറ്റാതെ കാത്തുസൂക്ഷിക്കുവാൻ ശപഥം ചെയ്ത യാഥാസ്ഥിതിക സമൂഹവും രംഗപ്രവേശം ചെയ്തു.

യഹൂദവിഭാഗത്തിന്റെ കേന്ദ്രമായ ആരാധനയെ അവഗണിച്ച്, കായികമത്സരങ്ങളിലും, മല്ലന്മാരുടെ മൽപിടുത്തങ്ങളിലും പങ്കെടുക്കുവാനും, വീക്ഷിക്കുവാനും പുരോഗമനവിഭാഗം സന്നദ്ധരായി. പരമ്പരാഗതവും പരിപാവനമായി കാത്തുസൂക്ഷിച്ചതുമായ നിർമ്മലവിശ്വാസത്തിന്റെ അടിത്തറ പൊളിക്കുന്ന സാഹചര്യമാണ് തന്മൂലം സംജാതമായത്.

### പാഠം 5

## മക്കാബി കാലവും അനന്തര ചരിത്രവും

മക്കാബി കാലത്തിന്റെ ചരിത്രപരവും മതപരവുമായ പ്രാധാന്യം ഗ്രഹിക്കാൻ അതിന്റെ പിന്നിലെ സാഹചര്യവും, അതിന് കളമൊരുക്കിയ ഘടകങ്ങളും കണക്കിലെടുക്കണം. മഹാനായ അലക്സാണ്ടറിനുശേഷം ഈജിപ്റ്റ് പ്ടോളമിമാരുടെയും, സിറിയാ, ഏഷ്യാമൈനർ, ബാബിലോണിയ എന്നീ രാജ്യങ്ങൾ സെലൂക്യരുടെയും അധീനതയിൽ വന്നു. അന്തിയോക്കസ് മൂന്നാമൻ എന്ന സിറിയൻ രാജാവ് ഈജിപ്റ്റ് ആക്രമിക്കാൻ സൈന്യങ്ങളുമായി മുന്നേറി. ബി.സി. 198-ൽ യോർദ്ദാന്റെ ഉത്ഭവസ്ഥാനത്തുള്ള പാനിയോനിലെ വിധിനിർണ്ണായകമായ യുദ്ധത്തിൽ വിജയം വരിച്ചു. ഒരു നൂറ്റാണ്ട് പ്ടോളമികളുടെ അധീനത്തിലായിരുന്ന പലസ്തീൻ, സെലൂക്യർ കൈവശമാക്കി. കൂടുതൽ ഏറ്റുമുട്ടലുകൾ ഒഴിവാക്കാൻ രണ്ടു വംശങ്ങളും തമ്മിൽ വിവാഹബന്ധം തന്നെ സ്ഥാപിച്ചു.

ബി.സി. 192-ൽ പ്ടോളമി അഞ്ചാമൻ അന്തിയോക്കസിന്റെ മകൾ ക്ലിയോ പാട്രയെ വിവാഹം കഴിച്ചു. കാലക്രമേണ യഹൂദ്യയിൽ പ്രധാനാചാര്യ കുടുംബങ്ങൾ സെലൂക്യരെ പിന്തുണയ്ക്കുന്നവരും, പ്ടോളമികളുടെ ഭാഗം ചേരുന്നവരുമായിട്ട് തിരിഞ്ഞു. പ്രധാനാചാര്യനായ, നീതിമാനായ ശിമോൻ, സെലൂക്യരെ പിന്താങ്ങിയപ്പോൾ, പിന്നീടു വന്ന ഒനിയാസ് മൂന്നാമൻ പ്ടോളമി പക്ഷക്കാരനായി. യവനായ പാരമ്പര്യങ്ങളോടും, ആചാരമര്യാദകളോടും, പരിപൂർണ്ണമായി യോജിക്കുന്നവരും, വിയോജിക്കുന്നവരുമായ പ്രധാനാചാര്യന്മാർ രംഗത്ത് വന്നു. ശിമോനും, സഹോദരന്മാരും, യവനായ പാരമ്പര്യത്തോട് കൂടുതൽ മമതയും, താൽപര്യവും കാട്ടി. ഒനിയാസ് മൂന്നാമൻ, ഈജിപ്റ്റുമായുള്ള സഖ്യമാണ് കരണീയമായിട്ട് കണ്ടത്. മതപരമായ താൽപര്യങ്ങൾ മാത്രമല്ല, സാമൂഹ്യവും സാമ്പത്തികവുമായ ഘടകങ്ങളും ഭിന്നതയുടെ തീവ്രത വർദ്ധിപ്പിച്ചു. പ്രധാനാചാര്യനായ ഒനിയാസ് മൂന്നാമന്റെ ബന്ധുവായ ശീമോൻ ചില പ്രശ്നങ്ങൾ സൃഷ്ടിച്ചു. യെരുശലേമിലെ തെരുവിലെ വ്യാപാരവരുമാനത്തിന്റെ നികുതി കൈയടക്കാൻ ശീമോൻ ശ്രമിച്ചു. ഒനിയാസിന്റെ ആധിപത്യം ജനങ്ങൾ പിന്താങ്ങി. സെലൂക്കസ് രാജാവിനെ കണ്ട് സഹായം അഭ്യർത്ഥിക്കാൻ ശിമോൻ അന്ത്യോക്യയിലേക്ക് പുറപ്പെട്ടു.

ശിമോൻ എത്തിയ ഉടനെ സെലൂക്കസ് വധിക്കപ്പെട്ടു. ആഥൻസിലായിരുന്ന അന്തിയോക്കസ് നാലാമൻ ഉടൻ സിറിയയിൽ എത്തി രാജാവായി. അന്തിയോക്കസിനെക്കുറിച്ച് ചരിത്രകാരനായ പോളീബിയസ് 'എപ്പിമാനസ്' ഭ്രാന്തൻ എന്ന് വിശേഷിപ്പിക്കുന്നു. അന്തിയോക്കസ് കുറെക്കാലം റോമിൽ താമസിച്ചിരുന്നു. റോമാ ഭരണസംവിധാനത്തെക്കുറിച്ചും റോമാക്കാരുടെ വിദേശനയത്തെക്കുറിച്ചും അപ്പോൾ അറിയുവാനും, പഠിക്കുവാനും കഴിഞ്ഞു. അതോടൊപ്പംതന്നെ സൂക്ഷിച്ചില്ലെങ്കിൽ റോമാക്കാർ മദ്ധ്യപൗരസ്ത്യദേശം മുഴുവൻ കീഴടക്കുവാൻ സാധ്യതയുണ്ടെന്നും അന്തിയോക്കസ് മുൻകൂട്ടി കണ്ടു. അതിന് പ്രതിവിധിയായി സിറിയയും, ഈജിപ്റ്റും സംയോജിപ്പിച്ച് ഭരണനിയന്ത്രണത്തിൽ കൊണ്ടുവരാൻ തീരുമാനിച്ചു. ഈ ലക്ഷ്യം നടപ്പിൽ വന്നാൽ ഭിന്നവർഗ്ഗക്കാരെയും, ഭാഷക്കാരെയും യവനായ സംസ്കാരത്തിന്റെ കുടക്കീഴിൽ കൊണ്ടുവരാമെന്ന് കരുതി. ഈ പ്രക്രിയ രാജ്യത്തിന്റെ കെട്ടുറപ്പിനും, പ്രജകളുടെ പ്രയോജനത്തിനും സഹായകമാകുമെന്നും വിശ്വസിച്ചു. ഇതിന് പ്രതികൂലമായി നിൽക്കുന്ന ഘടകം യഹൂദന്മാരുടെ വിട്ടുവീഴ്ചയില്ലാത്ത നിലപാടും, മതപരവുമായ കെട്ടുറപ്പുമാണെന്നും അദ്ദേഹം മനസ്സിലാക്കി. അതിനെ തച്ചുടയ്ക്കാൻ ഉദ്ദേശിച്ച് സീയൂസ് ദേവന്റെ ഭൂമിയിലുള്ള പ്രത്യക്ഷീകരണമാണ് താനെന്ന് അന്തിയോക്കസ് എപ്പിഫാനസ് വിശ്വസിക്കുകയും പ്രഖ്യാപിക്കുകയും ചെയ്തു. തേയോസ് എപ്പി

ഫാനസ് (പ്രത്യക്ഷനായ ദൈവം) എന്നതിന്റെ ഹ്രസ്വരൂപമാണ് 'എപ്പി ഫാനസ്.'

സെലൂക്കസ് രാജവംശജരെ പിന്താങ്ങിയ പ്രധാനാചാര്യന്മാരോട് അന്തിയോക്കസ് എപ്പിഫാനസ് കൂടുതൽ പ്രതിപത്തി കാണിച്ചു. അന്തി യോക്കസ് രാജാവ് തനിക്കെതിരാണെന്ന് കണ്ട ഒനിയാസ് മൂന്നാമൻ ഈജിപ്തിലേക്ക് പലായനം ചെയ്ത് ലിയോന്റോ പോലീസിൽ ഒരു ദേവാ ലയം പണിത് ആരാധന നടത്തി. അടുത്ത അവകാശിയായി ഒനിയാ സിന്റെ മകൻ യെരുശലേമിൽ ഉണ്ടായിരുന്നെങ്കിലും, ഒനിയാസിന്റെ സഹോദരൻ ജേസൻ പ്രധാനാചാര്യസ്ഥാനം കൈക്കലാക്കാൻ കരുക്കൾ നീക്കി. 480 താലന്ത് പ്രതിഫലമായിട്ട് അന്തിയോക്കസിനു നൽകാമെന്ന് വാഗ്ദാനം ചെയ്തു. കൂടാതെ ഒരു ജിംനേഷ്യം പണിയാൻ അനുവദി ച്ചാൽ 150 താലന്ത് കൂടി കൊടുക്കാമെന്നു പറഞ്ഞു. ജേസൻ ബി.സി. 175-174 വരെ പ്രധാനാചാര്യനായി തുടർന്നു.

ഗ്രീക്കുകാർ, ശരീരപോഷണത്തിനും കായികാഭ്യാസത്തിനും വളരെ പ്രാധാന്യം നൽകിയിരുന്നു. ആ സാഹചര്യത്തിൽ യഹൂദപാരമ്പര്യത്തിന് വിരുദ്ധമായി, ഗ്രീക്കുകാരുടെ സമ്പ്രദായമനുസരിച്ച് നഗ്നരായി യഹൂദർ കായികമത്സരങ്ങളിൽ പങ്കെടുക്കുവാൻ തുടങ്ങി. ഭക്തരായ യഹൂദന്മാർ അതിനെ വെറുക്കുകയും, മനസ്സാൽ എതിർക്കുകയും ചെയ്തു. എന്നാൽ സമ്പന്നരായ മേൽത്തട്ടുകാരും പുരോഹിതന്മാരും അന്തിയോക്കസിന്റെ പ്രവർത്തനങ്ങളെ അംഗീകരിച്ചു.

ഗ്രീക്കുകാരുടെ കായികമത്സരങ്ങളും അവയുടെ മതപരമായ ബന്ധവും കാലക്രമത്തിൽ വ്യക്തമാകുവാൻ തുടങ്ങി. അങ്ങനെയാണ് ദിവന്നാസ്യോസിന്റെ ബഹുമാനാർത്ഥം ദീപയഷ്ടികൾ പിടിച്ചുകൊ ണ്ടുള്ള ഘോഷയാത്രയും, ഹെർക്കുലീസിന്റെ ബഹുമാനാർത്ഥമുള്ള ആചാരങ്ങളും പ്രചാരത്തിൽ വരുന്നത്. കൂടാതെ പുരോഗമന ചിന്താഗ തിയുള്ള പട്ടണവാസികൾ, പരമ്പരാഗത രീതിയിലുള്ള പഴയവീടുകൾ വിട്ട്, യവനായ വാസ്തുശിൽപമാതൃകയിലുള്ള വീടുകൾ പണിത് താമസം മാറ്റി.

കാലക്രമത്തിൽ സെലൂക്യരും, പ്ടോളമിമാരും ഉണ്ടാക്കിയ സമാധാന ഉടമ്പടിക്ക് ക്ഷതം സംഭവിച്ചു. അന്തിയോക്കസിന്റെ മകളായ ക്ലിയോ പാട്ര ബി.സി. 173-ൽ മരണമടഞ്ഞു. മഹാപുരോഹിതനായി സ്ഥാനമേറ്റ ജേസനെ തോബിയാസ് കുടുംബക്കാർ ആദ്യം തുണച്ചെങ്കിലും, അവ സരം കിട്ടുമ്പോൾ അവനെ മാറ്റി പ്രധാനാചാര്യസ്ഥാനം കൈക്കലാക്കാൻ ആഗ്രഹിച്ചു. പാരമ്പര്യമായി ലഭിക്കുന്ന പ്രധാനാചാര്യസ്ഥാനം അവ ഗണിച്ച്, രാജാവ് പ്രധാനാചാര്യനെ നിയമിക്കുന്ന രീതി ബഹുഭൂരിപക്ഷം

യഹൂദന്മാരും എതിർത്തു. കൂടാതെ പ്രധാനാചാര്യന്റെ കുടുംബത്തിൽപ്പെടാത്ത ആളെ പ്രധാനാചാര്യനാക്കുന്ന നവീനരീതിയും പ്രതിഷേധത്തിന് ഇടയാക്കി.

ഇതിനിടയിൽ അന്തിയോക്കസിന് വാഗ്ദാനം നൽകിയ തുകയുമായി, ബന്ധുവായ മെനലോസിനെ, പ്രധാനാചാര്യനായ ജേസൻ, അന്ത്യോക്യയിലേക്ക് അയച്ചു. മെനലോസ്, രാജാവിനെ പ്രശംസിക്കുകയും, രാജാവിന്റെ നയം നടപ്പിലാക്കാൻ ജേസനെക്കാൾ കൂടുതൽ തുക നൽകാമെന്ന് പറയുകയും ചെയ്തു. 480 താലന്താണ് ജേസൻ സമ്മതിച്ചിരുന്നത്. മെനലോസ് 300 താലന്ത് കൂടി കൊടുക്കാമെന്ന് വാഗ്ദാനം ചെയ്തു. അതിൽ സന്തുഷ്ടനായ അന്തിയോക്കസ് ജേസനെ മാറ്റി മെനലോസിനെ പ്രധാനാചാര്യനായി നിയമിച്ചു. ഇതേത്തുടർന്ന് രണ്ടുപേരുടെയും പിൻഗാമികൾ തമ്മിൽ രൂക്ഷമായ പോരാട്ടം തുടങ്ങി. മെനലോസ് യെരുശലേം വിടേണ്ട സാഹചര്യം സംജാതമായി. ജേസൻ യോർദ്ദാനപ്പുറത്തേക്ക് ഓടി രക്ഷപ്പെട്ടു. മെനലോസ് പ്രധാനാചാര്യസ്ഥാനത്ത് തുടർന്നെങ്കിലും ചില പ്രശ്നങ്ങളെ നേരിട്ടു. ജനങ്ങൾ അദ്ദേഹത്തിന്റെ പ്രധാനാചാര്യസ്ഥാനം എതിർത്തു. രാജാവിന് കൊടുക്കാമെന്നു സമ്മതിച്ച തുക ഉണ്ടാക്കാൻ മെനലോസിന് സാധിച്ചില്ല. ഉടനെ രാജാവിന്റെ അടുക്കൽ എത്തി സമാധാനം ബോധിപ്പിക്കാൻ മെനലോസിന് കല്പന കിട്ടി.

ഈജിപ്റ്റ് കീഴടക്കാനുള്ള മോഹത്തോടെ അന്തിയോക്കസ് പുറപ്പെട്ടു. പല സ്ഥലത്തും വിജയം വരിച്ചെങ്കിലും റോമാക്കാർ ഇടപെട്ട് അന്തിയോക്കസിനെ പിന്തിരിപ്പിച്ചു. റോമാപ്രതിനിധി പോപ്പിലിയസ് ലേനസ് അന്തിയോക്കസിനു ചുറ്റും ഒരു വൃത്തം വരച്ച് തീരുമാനം അറിയിക്കാതെ പുറത്തുകടക്കാൻ അനുവദിക്കുകയില്ലെന്ന അന്ത്യശാസനം നൽകി. ഗത്യന്തരമില്ലാതെ അടിയറ വച്ച്, ഉദ്യമത്തിൽ നിന്ന് പിന്തിരിയേണ്ടി വന്നു. സ്വപ്നം, യാഥാർത്ഥ്യമാക്കാതെ കടുത്ത നിരാശയോടെ, അന്തിയോക്കസ് തിരിച്ചുപോന്നു.

അന്തിയോക്കസ് ഈജിപ്റ്റിൽ ആയിരുന്നപ്പോൾ മരിച്ചുവെന്ന വാർത്ത പരന്നു. പുറത്തുപോയ ജേസൻ, 1000 പേരുമായി യെരുശലേമിൽ തിരിച്ചെത്തി യുദ്ധം തുടങ്ങി. ഇതുകേട്ട അന്തിയോക്കസ് അത് തനിക്കെതിരായ യുദ്ധമാണെന്ന് കരുതി യെരുശലേമിൽ എത്തി. ജേസൻ യോർദ്ദാനപ്പുറത്തേക്ക് ഓടി രക്ഷപെട്ടു. ഈ യുദ്ധത്തിൽ അനേകം യഹൂദർ വധിക്കപ്പെട്ടു. ദേവാലയം കൊള്ളയ്ക്ക് വിധേയമായി.

യവനസംസ്കാരവും, ആചാരരീതികളും ഉടനടി നടപ്പിലാക്കാൻ ധൃതി കാട്ടിയ അന്തിയോക്കസിന്റെ അനുഭാവികൾ ഈ അവസരം ശരിക്കും

ചൂഷണം ചെയ്തു. ക്രുദ്ധനായ അന്തിയോക്കസ് യെരുശലേം ദേവാലയത്തെ സീയൂസിന്റെ ക്ഷേത്രമായി പ്രഖ്യാപിച്ചു. ബി.സി. 168-ൽ കിസ്ലേവ് മാസം 25-ന് ആണ് ഈ വിളംബരം പുറപ്പെടുവിച്ചത്. പ്രഖ്യാപനത്തെത്തുടർന്ന് യഹൂദന്മാർക്കു നിഷിദ്ധമായ പന്നി മാംസം ബലിയായി ദേവാലയത്തിൽ അർപ്പിക്കപ്പെട്ടു. കൂടാതെ യഹൂദരീതിയിൽ ആരാധിക്കുന്നവരെ അധികാരികൾ തേടിപ്പിടിച്ചു വധിക്കുകയും ചെയ്തു. ശാബതാചാരം, ചേലാകർമ്മം എന്നിവയ്ക്ക് വധശിക്ഷ കല്പിച്ചു. ന്യായപ്രമാണത്തിന്റെ ചുരുൾ സൂക്ഷിക്കുന്നത് ശിക്ഷാർഹമാക്കി. ന്യായപ്രമാണ ചുരുളുകൾ കണ്ടുകെട്ടി നശിപ്പിച്ചു. സ്ത്രീകളും കുട്ടികളും ഉൾപ്പെടെ അനേകം യഹൂദന്മാരെ അടിമകളാക്കി. യെരുശലേം നിവാസികളുടെ ഗമനാഗമനം നിയന്ത്രിക്കാൻ കോട്ടകൾ കെട്ടി. കോട്ടകൾ പണിത്, സിറിയൻ സൈന്യങ്ങളെ യെരുശലേമിൽ പാർപ്പിച്ചു. രാജകല്പനയെ എതിർത്തവരെ രാജദ്രോഹികളായിട്ട് മുദ്രകുത്തി. രാജദ്രോഹികളായ, പ്രതിയോഗികളെ വകവരുത്തിയാൽ, യഹൂദ്യയിൽ സെലൂക്കൻ ഭരണം ഉറപ്പിക്കാമെന്ന് അന്തിയോക്കസ് കരുതി.

ഇതിൽ ഭയചകിതരായ യഹൂദന്മാർ വിവിധ രീതിയിലാണ് പ്രതികരിച്ചത്. രാജശിക്ഷയെ ഭയപ്പെട്ട് പിതാക്കന്മാരുടെ വിശ്വാസം ഉപേക്ഷിച്ച് രാജാവിന്റെ കല്പനപ്രകാരം പ്രവർത്തിക്കാൻ ഒരു കൂട്ടർ സന്നദ്ധരായി. മറ്റു ചിലർ വനാന്തരങ്ങളിലേക്ക് വലിഞ്ഞ് മോശയുടെ ന്യായപ്രമാണം രഹസ്യമായി അനുസരിക്കാനും, മരണം വരിക്കാൻ തന്നെയും തയ്യാറായി. ഹസീദേയർ എന്ന പേരിൽ അറിയപ്പെട്ട ഭക്തസമൂഹം, എന്തു വന്നാലും കുഞ്ഞുങ്ങളെ ചേലാകർമ്മം നടത്താൻതന്നെ തീരുമാനിച്ചു. ശാബതിൽ യുദ്ധം ചെയ്യുന്നതിന് പകരം, ജീവനോടെ വെന്തെരിഞ്ഞു രക്തസാക്ഷികളാകാൻ മുമ്പോട്ടു വന്നു. മറ്റൊരു വിഭാഗം ഗ്രാമങ്ങളിലും, വനാന്തരങ്ങളിലും എത്തി വിശ്വാസത്തിനുവേണ്ടി പടപൊരുതാൻ പരിശീലനം നേടി.

## ഹാസ്മോണിയൻ വിപ്ലവവും ഭരണവും

മോദിനിലെ ആചാര്യനായ മറ്റാത്തിയാസ് ആദ്യം വിപ്ലവത്തിന് നേതൃത്വം നൽകി. രാജകല്പനപ്രകാരം വിജാതീയ ദേവന് ബലികഴിക്കാൻ വന്ന ഉദ്യോഗസ്ഥനെയും യഹൂദനെയും മറ്റാത്തിയാസ് വധിച്ചു. അതിനുശേഷം വനാന്തരങ്ങളിലേക്ക് വലിഞ്ഞു യുദ്ധത്തിന് തയ്യാറെടുത്തു. മറ്റാത്തിയാസിന്റെ മരണത്തിനുശേഷം, മക്കളായ ജോൺ, യൂദാ, ഏലിയാസർ, യോനാഥാൻ, ശീമോൻ എന്നിവർ യുദ്ധം തുടർന്നു. ഒളിപ്പോരിൽ സമർത്ഥനായ യൂദാ 'ചുറ്റിക' എന്നർത്ഥത്തിൽ 'മക്കാബി' എന്ന് വിശേഷിപ്പിക്കപ്പെട്ടു. ശക്തമായ പ്രഹരം ഏല്പിക്കുവാൻ കഴിയുന്നവൻ എന്ന അർത്ഥത്തിലാകാം ആ പദപ്രയോഗം വന്നത്.

വിശ്വാസം പരിത്യജിച്ച യഹൂദന്മാരെയും വിജാതികളെയും തേടിപ്പിടിച്ചു യൂദാ മക്കാബി ആക്രമിച്ചു. അവരുടെ യാഗപീഠങ്ങളെ തകർത്തു. രാജാവിന്റെ വിലക്കു അവഗണിച്ചുകൊണ്ട് കുഞ്ഞുങ്ങളെ പരിച്ഛേദന കഴിപ്പിച്ചു. മോശയുടെ ന്യായപ്രമാണം ആചരിച്ചു.

മതപരവും, ഭരണപരവുമായ കേന്ദ്രമായ യെരുശലേമും, ദേവാലയവും സ്വതന്ത്രമാക്കാൻ അവർ പോരാട്ടം ആരംഭിച്ചു. ചുറ്റുപാടും അധീനപ്പെടുത്തി ഒരു സുരക്ഷിത വലയംതന്നെ അവർ നിർമ്മിച്ചു. പട്ടാളകേന്ദ്രമായ 'അക്രാ' കീഴ്പ്പെടുത്തുവാൻ അവർ ഉന്നംവച്ചു. അന്തിയോക്കസിന്റെ സൈന്യം, യൂദാ മക്കാബിയുടെ സുരക്ഷിതവലയം ഭേദിക്കുവാൻ നാലു പ്രാവശ്യം ശ്രമിച്ചിട്ടും വിജയിച്ചില്ല. അതിന്റെ പ്രധാനമായ കാരണം, അന്തിയോക്കസ് യൂദയുടെയും കൂട്ടരുടെയും ശക്തി വേണ്ടരീതിയിൽ മനസ്സിലാക്കിയില്ല എന്നതാണ്. കൂടാതെ, ഒളിപ്പോരിൽ പ്രാവീണ്യം നേടിയ യൂദയും കൂട്ടരും കുന്നുകളിൽ ഒരു വലിയ ശക്തിദുർഗ്ഗം തന്നെ സൃഷ്ടിച്ചിരുന്നു. അവസാനം ബി.സി. 165-ൽ യഹൂദന്മാരോട് സമാധാനം സ്ഥാപിക്കാൻ അന്തിയോക്കസ് സമ്മതിച്ചു. യഹൂദന്മാരുടെ മതപരമായ കാര്യങ്ങളിൽ സിറിയക്കാർ ഇടപെടരുതെന്നായിരുന്നു വ്യവസ്ഥ. യെരുശലേം ദേവാലയം ശുദ്ധീകരിച്ച് കിസ്ലേവ് 25-ാംനു ഹനൂക്കാ എന്ന പ്രതിഷ്ഠാപെരുന്നാൾ ആഘോഷിച്ചു ദൈവത്തെ മഹത്വപ്പെടുത്തി.

ബി.സി. 164-ൽ അന്തിയോക്കസ് മരിച്ചു. മതപരമായ സ്വാതന്ത്ര്യം നേടിക്കഴിഞ്ഞപ്പോൾ ഹസീദേയർ യുദ്ധത്തിന് വിരാമം ഇട്ടു. എന്നാൽ മക്കാബികൾ അതുകൊണ്ടുമാത്രം തൃപ്തരായില്ല. യഹൂദ്യ മുഴുവൻ മോചിപ്പിക്കുവാനും അക്രയിൽ തമ്പടിച്ചിരുന്ന വിദേശീയ പട്ടാളത്തെ തുരത്തുവാനും അവർ ആഗ്രഹിച്ചു. അവസാനഘട്ടത്തിൽ യൂദാ മക്കാബിയുടെ കൂടെ വെറും 800 പേർ മാത്രമാണുണ്ടായിരുന്നത്. ബി.സി. 161-ൽ എലിസായിലെ യുദ്ധത്തിൽ യൂദാ മക്കാബി വധിക്കപ്പെട്ടു. തുടർന്ന് യോനാഥാൻ ഭരണമേറ്റു.

യുദായ്ക്കുശേഷം വിപ്ലവകാരികൾ യോനാഥാനോടൊപ്പം യുദ്ധം ചെയ്യാൻ മരുഭൂമിയിൽ ഒരുമിച്ചുകൂടി. സിറിയൻ രാജാവിന്റെ പ്രതിനിധിയായ ബക്കിദെസ്, യെരുശലേമിനെ കോട്ടയുള്ള തലസ്ഥാനമാക്കുക മാത്രമല്ല, കിഴക്ക് യെരീഹോയിൽ നിന്നും, തെക്കുകിഴക്കു തെക്കോവ വഴിയും, വടക്കു ബെത്തസൂർ, തെക്കുപടിഞ്ഞാറ് താമാ, പടിഞ്ഞാറ് ഗെസെർ, വടക്ക് ബെഥേൽ, വടക്കുകിഴക്ക് ഫെറെറ്റായി എന്നിവ വഴിയുള്ള ആക്രമണം ചെറുത്തുനിൽക്കാൻ കോട്ടകെട്ടി ഭദ്രമാക്കി കാവൽ സേനയെ നിർത്തി. കൂടാതെ, ദേവാലയാങ്കണത്തിന്റെ ഭിത്തികൾ ഇടിച്ചു തകർക്കാൻ അൽകിമൂസ് കല്പന നൽകി (1 മക്കാ. 9:54). ബി.സി. 143-ൽ

ഒരു സിറിയൻ വിഭാഗത്തിന്റെ നേതാവായ ട്രിഫോ, കൂടിയാലോചന യെന്ന വ്യാജേന യോനാഥാനെ വിളിച്ചുവരുത്തി, പ്ടോളമായിസിൽ വച്ച് കൊന്നുകളഞ്ഞു.

മഹാപുരോഹിതൻ, ഗവർണർ, സേനാധിപതി എന്നീ മൂന്നു പ്രധാന സ്ഥാനങ്ങൾ വഹിച്ച വ്യക്തിയാണ് യോനാഥാൻ. സെലൂക്യ ഭരണാധി കാരികൾ തമ്മിൽ അധികാരത്തിനുവേണ്ടി മത്സരം നടത്തിയ അവസര മായിരുന്നു അത്. അലക്സാണ്ടർ ബാലാസ് രാജാവായപ്പോൾ യോനാ ഥാൻ അദ്ദേഹത്തെ പിന്താങ്ങി. ദെമീത്രയോസ് രാജാവായപ്പോൾ അദ്ദേ ഹത്തെയും തുണച്ചു. രണ്ടു രാജാക്കന്മാരിൽനിന്നും, ആനുകൂല്യങ്ങൾ നേടിയെടുക്കുന്നതിൽ നയതന്ത്രജ്ഞനായിരുന്നു യോനാഥാൻ. പല വസ്തുക്കളിന്മേലുള്ള നികുതിക്കുറവ് യഹൂദന്മാർക്കു ലഭിച്ചു. കൂടാതെ, യഹൂദന്മാർക്കു സ്വന്തമായ പട്ടാളം നിലനിറുത്തുവാനും അനുവാദം ലഭിച്ചു.

അതിനുശേഷം, ശീമോൻ നേതൃത്വം ഏറ്റെടുത്തു. മതപരവും മതേ തരവുമായ കാര്യങ്ങൾക്ക് നേതൃത്വം നൽകി. അദ്ദേഹത്തിന്റെ കാലത്ത് ശാന്തിയും, സമാധാനവും, സുരക്ഷിതത്വവും ഉണ്ടായി. യോപ്പായെ തുറ മുഖമാക്കി. ദ്വീപുകളിലേക്ക് മാർഗ്ഗം തുറക്കുകയും ചെയ്തു. ഗസറായും, ബെത്സൂറും കോട്ടയും അവന്റെ ഭരണത്തിൻകീഴിൽ കൊണ്ടുവന്നു (1 മക്കാ. 14:7). യഹൂദന്മാർ അവരുടെ സ്വന്തം നാണയം തന്നെ അടിപ്പിച്ചു. ബി.സി. 135-ൽ ശിമോൻ, തന്റെ മകളുടെ ഭർത്താവ് പ്ടോളമിയുടെ കൈയാൽ വധിക്കപ്പെട്ടു. ശിമോന്റെ മകൻ ഹിർക്കാനസ് രംഗത്തുവന്ന് അധികാരം പിടിച്ചെടുത്തു. അന്തിയോക്കസ് സിഡെറ്റസ് അവന്റെ ആധി പത്യം ഉറപ്പിക്കാൻ വന്നു. ബി.സി. 134-ൽ യഹൂദന്മാർക്കു വലിയ തുക കപ്പമായും, കരമായും സിറിയൻ രാജാവിന് കൊടുക്കേണ്ടി വന്നു. ബി.സി. 129-ൽ സിഡെറ്റസിന്റെ മരണത്തിനുശേഷം, യഹൂദന്മാർക്കു വീണ്ടും സമാധാനം ലഭിച്ചു. 65 വർഷം യഹൂദന്മാർ പരിപൂർണ്ണമായ സ്വാതന്ത്ര്യം അനുഭവിച്ചു.

ശിമോന്റെ പുത്രനായ ഹിർക്കാനസ് ഒന്നാമൻ ബി.സി. 135-ൽ അധി കാരത്തിൽ വന്നു. അദ്ദേഹത്തിന്റെ ഭരണകാലത്ത് യഹൂദന്മാരുടെ രാജ്യം അധികാരത്തിന്റെ പാരമ്യത്തിൽ എത്തി. പിതാവായ ശിമോനെ വധിച്ച പ്ടോളമി, ഹിർക്കാനസിന്റെ കോപാഗ്നിയിൽനിന്നും പ്രതികാരനടപടി യിൽ നിന്നും ഓടി രക്ഷപെട്ടു. അക്കാലത്ത്, യഹൂദന്മാർ ശക്തമായ പട്ടാളശക്തിയായി. കിഴക്കും, വടക്കും, തെക്കും യുദ്ധം ചെയ്തു രാജ്യ ത്തിന്റെ അതിരുകൾ വിപുലമാക്കി. ശേഖേം പിടിച്ചടക്കി. ശമരിയയിലേക്ക് തിരിഞ്ഞു. ഗെരിസീം പർവ്വതത്തിലെ ശമരിയ ദേവാലയം നശിപ്പിച്ചു.

ഏദോംകാരെ കീഴടക്കി. നിർബ്ബന്ധിച്ച് ചേലാകർമ്മം ചെയ്യിച്ച് യഹൂദ സമൂഹത്തിന്റെ ഭാഗമാക്കി. ഹിർക്കാനസിന്റെ കാലത്താണ് പരീശർ, സദൂക്യർ എന്നീ രണ്ടു വിഭാഗങ്ങൾ വ്യക്തമായി രൂപം പ്രാപിക്കുന്നത്. സമാധാനത്തിന്റെ ആ കാലത്ത് യെരുശലേമിന് സാമ്പത്തികമായ അഭിവൃദ്ധിയുണ്ടായി. ചിതറിപ്പാർത്ത യഹൂദന്മാർ, ആദ്യകാലങ്ങളിൽ സൈനികരായും, പിന്നീട് കൃഷിക്കാരുമായിട്ടാണ് എത്തിയത്. അടുത്ത ഘട്ടത്തിൽ, അലക്സാന്ത്രിയാ, ഏഷ്യാമൈനർ മുതലായ രാജ്യങ്ങളിലേക്ക് വ്യാപാരത്തിനായിട്ട് പോയി. യെരുശലേം നഗരം സാമ്പത്തികമായ നേട്ടത്തിന്റെ കേന്ദ്രമായി. പുറംരാജ്യങ്ങളിലേക്കുമുള്ള വ്യാപാരങ്ങൾ തുറമുഖമായ ജാഫയിൽ കൂടെയും നടന്നു. സാമ്പത്തികമായ അഭിവൃദ്ധിയുടെ പശ്ചാത്തലത്തിൽ, യെരുശലേമിൽ തെരുവുകൾ നിർമ്മിക്കുകയും, റോഡുകൾ നന്നാക്കി സൂക്ഷിക്കുകയും ചെയ്തു. തീർത്ഥാടകരുടെ ആഗമനം യെരുശലേമിലെ വ്യാപാരം വർദ്ധിപ്പിക്കുന്നതിനും ഇടയാക്കി. ഹിർക്കാനസ് ബി.സി. 104 വരെ ഭരിച്ചു.

ഹിർക്കാനസിനുശേഷം മകൻ അരിസ്റ്റോബൂലസ് അധികാരത്തിൽ വന്നു. രാജകീയ പദവിയും പേരും കരസ്ഥമാക്കി. മഹാപുരോഹിതൻ എന്ന സ്ഥാനവും വഹിച്ചു. ഹ്രസ്വമായ ഒരു വർഷം മാത്രമാണ് അദ്ദേഹം അധികാരത്തിൽ ഇരുന്നത്.

### അലക്സാണ്ടർ ജാനസ് (ബി.സി. 103-76)

അരിസ്റ്റോബൂലസിന്റെ ഹ്രസ്വമായ ഭരണത്തിനുശേഷം അലക്സാണ്ടർ ജാനസ് രാജാവായി. വിജാതികളുടെ ശക്തി തകർത്ത് രാജ്യം വിസ്തൃതമാക്കാൻ പ്രതിജ്ഞാബദ്ധനായിരുന്നു. അദ്ദേഹം പ്ടോളമായ്സ് ആക്രമിച്ചുവെങ്കിലും പരാജിതനായി. യോർദ്ദാനപ്പുറമുള്ള ഭാഗങ്ങളും, ഫെലിസ്ത്യ സമതലവും യുദ്ധം ചെയ്തു കീഴടക്കി. നബാത്യൻ രാജാവായ ഒബദാസുമായുള്ള ഏറ്റുമുട്ടലിൽ ജാനസിന്റെ സൈന്യങ്ങൾക്ക് കനത്ത പരാജയമുണ്ടായി. യുദ്ധത്തിൽ അതീവ താൽപര്യം കാണിച്ച അലക്സാണ്ടറിന്റെ രീതികളും, പ്രവർത്തനങ്ങളും ഭക്തരായ യഹൂദന്മാർക്കു പിടിച്ചില്ല. പരീശവിഭാഗം ദെമിത്രയോസ് മൂന്നാമനെ വിളിച്ചു വരുത്തി, അദ്ദേഹത്തെ നിഷ്കാസനം ചെയ്യാൻ ശ്രമിച്ചു. ബി.സി. 88-ൽ വിധിനിർണ്ണായകമായ യുദ്ധത്തിൽ അലക്സാണ്ടർ ജാനസ് തോറ്റു. വനാന്തരങ്ങളിൽ നിസ്സഹായനായി അലഞ്ഞുതിരിയുന്ന രാജാവിനെ കണ്ടു മനസ്സലിഞ്ഞ യഹൂദന്മാർ സംഘടിച്ച് സഹായിക്കാൻ വന്നു. ആ ഗണത്തിൽ ഏകദേശം 6000 പേരുണ്ടായിരുന്നു. അധികാരം വീണ്ടെടുത്ത രാജാവ്; എതിരാളികളും വിപ്ലവകാരികളുമായ യഹൂദന്മാരെ കൊന്നൊടുക്കി വൈരാഗ്യം തീർത്തു. ജോസീഫസിന്റെ ആന്റിക്കുറ്റീസ് എന്ന

ഗ്രന്ഥത്തിൽ അലക്സാണ്ടർ ജാനസിന്റെ ക്രൂരമായ പ്രവർത്തനങ്ങളെക്കുറിച്ച് ഇപ്രകാരം കാണാം. "അവൻ വെപ്പാട്ടികളുമായി വിരുന്നു നടത്തുമ്പോൾ പട്ടണത്തിൻ എല്ലാവരുടെയും മുമ്പിൽവച്ചുതന്നെ 800 പേരെ ക്രൂശിച്ചു. അവർ ജീവനോടെ കിടക്കുമ്പോൾ തന്നെ അവരുടെ ഭാര്യമാരുടെയും മക്കളുടെയും കഴുത്തു കണ്ടിക്കാൻ കല്പന കൊടുത്തു." അരെറ്റസ് എന്ന നബാത്യൻ രാജാവ് യഹൂദ്യ ആക്രമിച്ച് അലക്സാണ്ടറിനെ തോല്പിച്ചു. സമാധാന ഉടമ്പടിക്ക് നിർബ്ബന്ധിച്ചു. തോൽവിയിൽ നിരാശനാകാതെ യോർദ്ദാനപ്പുറം യുദ്ധം തുടർന്നു. പല പട്ടണങ്ങളും പിടിച്ചടക്കി. അവസാനത്തെ മൂന്നു വർഷം നിരന്തര യുദ്ധത്തിൽ ഏർപ്പെട്ടു.

## ശലോമി – അലക്സാന്ദ്രാ (ബി.സി. 76–69)

അലക്സാണ്ടർ ജാനസിനുശേഷം, ഭാര്യയായ ശലോമി അലക്സാന്ദ്ര രാജ്യഭാരമേറ്റ് 9 വർഷം ഭരിച്ചു. സമാധാനയുഗമായിരുന്നു അത്. മകനായ ഹിർക്കാനസ് രണ്ടാമനെ പ്രധാനാചാര്യന്റെ ചുമതല ഏല്പിച്ചു. പ്രാപ്തനായ മകൻ അരിസ്റ്റോബുലസ് രണ്ടാമനെ അധികാരരംഗത്ത് അടുപ്പിച്ചില്ല. ശലോമി, പ്രസിദ്ധനായ ശിമയോൻ ബെൻഷേത്താ എന്ന പരീശപ്രമാണിയുടെ സഹോദരി ആയിരുന്നു. ഇദംപ്രഥമമായിട്ട്, പരീശന്മാരെ രാജകീയ ഭരണസമിതിയിൽ ഉൾപ്പെടുത്തി ഭരണകാര്യങ്ങൾ ആലോചിച്ച് തീരുമാനം എടുക്കുവാൻ ഭാഗഭാക്കുകളാക്കി. സൈന്യങ്ങളെ ശക്തിപ്പെടുത്തി. നിർണ്ണായക ഭാഗങ്ങളിൽ കോട്ട കെട്ടിയുറപ്പിച്ച് ശത്രുക്കളുടെ ആക്രമണം ചെറുത്തു. 73–ാം വയസ്സിൽ ശലോമി ചരമം പ്രാപിക്കുമ്പോൾ ഹാസ്മോണിയൻ ഭരണകൂടത്തിന്റെ ശക്തിയും, സ്വാതന്ത്ര്യവും അവസാനിക്കുന്ന നിലയായി.

## ഹിർക്കാനസ് രണ്ടാമൻ

അലക്സാണ്ടർ ജാനസിന്റെയും, ശലോമി അലക്സാന്ത്രയുടെയും മകനായ ഹിർക്കാനസ് രണ്ടാമൻ ബി.സി. 76–ൽ രാജപദവിയും ആചാര്യസ്ഥാനവും ഏറ്റെടുത്തു. അവ രണ്ടും ഒഴിയുവാൻ സഹോദരനായ അരിസ്റ്റോബുലസ് രണ്ടാമൻ സമ്മർദ്ദം ചെലുത്തി. അന്തിപ്പാത്തർ എന്ന ഏദോം ഗവർണ്ണറും, അരേറ്റസ് എന്ന നബാത്യൻ രാജാവും അധികാരത്തിൽ തുടരാൻ പിന്തുണയും സഹായവും നൽകി. അരേറ്റസ്, അരിസ്റ്റോബുലസിനെ തോല്പിച്ചു. അദ്ദേഹം യെരുശലേമിൽ ഒതുങ്ങി കഴിഞ്ഞുകൂടി. പരീശന്മാരുടെയും സദൂക്യരുടെയും പോരാട്ടം രൂക്ഷമായി. രാജാക്കന്മാർ അധികാരം പിടിച്ചു നിർത്താൻ സമരം നടത്തിയപ്പോൾ, നിരാശരായ യഹൂദർ, രാജവാഴ്ച തന്നെ വേണ്ടെന്ന് തീരുമാനിച്ചു. റോമാക്കാരോട് ഇടപെട്ട് പ്രശ്നം പരിഹരിക്കാൻ നിവേദനം അർപ്പിച്ചു. കാര്യങ്ങൾ പഠിച്ച് പോംവഴി കാണാൻ ഒരു ജനറലിനെ ചക്രവർത്തിയായ

പോംപെ അയച്ചു. കാര്യം ഗുരുതരമാണെന്ന് മനസ്സിലാക്കി പോംപെ തന്നെ യെരുശലേമിലേക്കു വന്നു. അരിസ്റ്റോബുലസ് വാതിലടച്ച് എതിർക്കാൻ ശ്രമിച്ചെങ്കിലും പിന്നീട് കീഴ്പ്പെടേണ്ടി വന്നു. പോംപെയും, പട്ടാള മേധാവികളും കൂടി യെരുശലേമിലേക്ക് വന്നു. യെരുശലേം ദേവാലയത്തിലെ മഹാശുദ്ധസ്ഥലം വരെ പ്രവേശിച്ച് അതിനെ അശുദ്ധമാക്കി. യഹൂദന്മാരുടെ ആധിപത്യം പരിമിതപ്പെടുത്തി. യഹൂദ്യ, പെറെയാ എന്നിവ ഹിർക്കാനസിനും, ഗലീലാ അന്തിപ്പേറിനും ഭരിക്കാൻ വിട്ടുകൊടുത്തു.

**റോമാഭരണം**

പോംപെയ്ക്കുശേഷം ജൂലിയസ് സീസർ റോമാചക്രവർത്തിയായി ഭരണമേറ്റു. യഹൂദന്മാരോട് അനുഭാവമുള്ള നയമാണ് സീസർ സ്വീകരിച്ചത്. ആധിപത്യം ഉറപ്പിക്കാൻ ഈജിപ്തിലേക്ക് വന്നപ്പോൾ ഹിർക്കാനസും, അന്തിപ്പാത്തറും അദ്ദേഹത്തെ സന്തോഷത്തോടെ വരവേറ്റു. അതിൽ സന്തുഷ്ടനായ സീസർ ഹിർക്കാനസിന്റെ പ്രധാനാചാര്യസ്ഥാനം അംഗീകരിക്കുകയും തലമുറയായി കൈമാറുവാൻ അനുവദിക്കുകയും ചെയ്തു. അന്തിപ്പാത്തറിന് റോമാപൗരത്വം നൽകി യഹൂദ്യായുടെ പ്രോകുറേറ്റർ ആയി നിയമിച്ചു. സീസർ വധിക്കപ്പെട്ട് ആന്റണി ഭരണമേറ്റപ്പോൾ അദ്ദേഹത്തെയും യഹൂദന്മാർ തുണച്ചു വിധേയത്വം നൽകി. മക്കളായ ഹേറോദിനെയും ഫസായേലിനെയും അന്തിപ്പാത്തർ തന്റെ കീഴിൽ ഗവർണ്ണർമാരാക്കി. ഫസായേലിനെ യഹൂദ്യ പെറെയാ എന്നിവയും, ഹേറോദിനെ ഗലീലയും ഏല്പിച്ചു. പാർത്തിയർ പാലസ്തീനെ ആക്രമിച്ച് ഫസായേലിനെയും, ഹിർക്കാനാസിനെയും അടിമകളാക്കി. ബി.സി. 40-ൽ റോമാക്കാർ പാർത്തിയരെ നേരിട്ട് തോല്പിച്ച് ഹേരോദിനെ, യഹൂദന്മാരുടെ രാജാവാക്കി. ബി.സി. 4 വരെ ഹേരോദ് യഹൂദന്മാരുടെ രാജാവായിരുന്നു.

ഹേരോദിന്റെ കാലത്ത് രാജ്യത്തിൽ സമാധാനവും ശാന്തിയും ഉണ്ടായി. കുടുംബത്തിലും, ചാർച്ചയിലുംപെട്ട പലരോടും ഹേരോദ് ക്രൂരമായി പെരുമാറി. റോമാക്കാരോടുള്ള അതിരുകടന്ന വിധേയത്വം യഹൂദന്മാർക്കിടയിൽ അദ്ദേഹത്തെ അനഭിമതനാക്കി. ഏദോംകാരനായ ഹേരോദ് യഹൂദനല്ലായിരുന്നു. യെരുശലേം ദേവാലയം കേടുപോക്കി പുതുക്കിപ്പണിയാൻ മുൻകൈ എടുത്തെങ്കിലും യഹൂദന്മാരുടെ പ്രീതി നേടാനോ, ഹൃദയം കവരുവാനോ ഹേരോദിന് കഴിഞ്ഞില്ല.

ചക്രവർത്തി യഹൂദന്മാരെ പീഡിപ്പിക്കുകയും, അവർക്കനുവദിച്ചു കിട്ടിയ അവകാശങ്ങൾ തിരിച്ചെടുക്കുകയും ചെയ്തു. കൈസറിയയിൽ എത്തി യഹൂദന്മാരുടെ പ്രവർത്തനങ്ങൾ നിരീക്ഷിച്ചുകൊണ്ടിരുന്നു.

അതിനിടയ്ക്ക് നീറോ ചക്രവർത്തി മരിച്ചുവെന്ന വാർത്ത കാട്ടി, വെസ്പേഷ്യൻ റോമിലേക്ക് തിരിച്ചു. സമരം തുടരാൻ മകൻ തീത്തോസിനെ ഏല്പിച്ചു. തീത്തോസ് യെരുശലേം ദേവാലയത്തിലെ യാഗങ്ങൾ നിർത്തുകയും, ദേവാലയം നശിപ്പിക്കുകയും, വിവിധരീതിയിൽ യഹൂദന്മാരെ പീഡിപ്പിക്കുകയും ചെയ്തു. ദേവാലയം കൊള്ളയടിച്ചു, കാഴ്ചയപ്പത്തിന്റെ മേശയും, സ്വർണ്ണംകൊണ്ടുള്ള തിരിക്കാലുകളും ന്യായപ്രമാണപുസ്തകവും കൊള്ളവസ്തുക്കളായി റോമിലേക്ക് കൊണ്ടുപോയി. പുതിയനിയമ കാലത്ത് സംഭവിപ്പാനിരിക്കുന്ന മൂന്നു കാര്യങ്ങളെ സൂചിപ്പിക്കുന്നതായിട്ട് എച്ച്. എച്ച്. റോളി എന്ന വേദപുസ്തക പണ്ഡിതൻ അതെപ്പറ്റി അഭിപ്രായപ്പെട്ടു. കാഴ്ചയപ്പത്തിന്റെ മേശ, തിരുവത്താഴത്തിന്റെ മുൻകുറിയും, തിരിക്കാലുകൾ, സത്യപ്രകാശമായ കർത്താവിന്റെ പ്രതീകവും, ന്യായപ്രമാണം, പുതിയ ഉടമ്പടിയുടെ അടിസ്ഥാനവുമാണ്.

സത്യേക ദൈവവിശ്വാസത്തിന്റെയും, ഉത്തുംഗമായ പ്രവാചകസന്ദേശത്തിന്റെയും, അനുപമമായ ധാർമ്മികമൂല്യത്തിന്റെയും ശക്തികേന്ദ്രവും സാക്ഷ്യവുമായ ദേവാലയം നശിപ്പിക്കപ്പെട്ടു. യെരുശലേമിന്റെ പടിഞ്ഞാറുഭാഗത്തുള്ള മതിലിനടുത്തു നിന്നുകൊണ്ട് യഹൂദന്മാർ ഇന്നും പ്രാർത്ഥനകൾ ഉരുവിട്ട് മിശിഹായുടെ നിത്യരാജ്യത്തിനുവേണ്ടി കണ്ണുനീരോടെ പ്രാർത്ഥിക്കുന്നു.

### പാഠം 6

## ആധുനിക ഇസ്രായേൽ

പഴയനിയമത്തിലെ അബ്രാഹാമിന്റെ വാഗ്ദത്ത പുത്രനായ യിസ്ഹാക്കിലൂടെ, യിസ്ഹാക്കിന്റെ ഇരട്ടമക്കളിൽ ഇളയവനായ യാക്കോബിന്റെ പിന്മുറക്കാരെന്ന പാരമ്പര്യം അവകാശപ്പെടുന്ന സമൂഹമാണ് യിസ്രായേൽ. യാക്കോബിന് ദൈവവുമായി മൽപിടുത്തം നടത്തി ജയിച്ചപ്പോൾ നൽകപ്പെട്ട പേരാണിത്. അബ്രഹാമിന് ദൈവം വാഗ്ദാനം ചെയ്ത അവകാശ ദേശത്തിന് പിൽക്കാലത്ത് ലഭിക്കുന്ന പേരാണ് യിസ്രായേൽ ദേശം. പഴയനിയമത്തിൽ കനാൻദേശം എന്നും പാലസ്തീന എന്നും ഈ ദേശം അറിയപ്പെട്ടു. ഈ പൈതൃകവും പാരമ്പര്യവും അവകാശപ്പെടുന്ന ഒരു ജനതയും ദേശരാഷ്ട്രവുമാണ് ഇന്നത്തെ യിസ്രായേൽ. 1948 മേയ് 14-ന് ആധുനിക യിസ്രായേൽ രാജ്യം നിലവിൽ വന്നു. ഏകദേശം നാലു സഹസ്രാബ്ദത്തെ ചരിത്രവും പാരമ്പര്യവും ഈ ജനത അവകാശപ്പെടുന്നു.

ആധുനിക രാഷ്ട്രത്തിന്റെ രൂപീകരണത്തിനു പിന്നിലെ പാരമ്പര്യം വേദപുസ്തക പ്രചോദിതമാണ്. അബ്രഹാമിനു വാഗ്ദാനം ചെയ്യപ്പെട്ട ദേശം, അവർക്ക് നഷ്ടമായെങ്കിലും, മോശയുടെ നേതൃത്വത്തിൽ മിസ്രയിമിലെ അടിമ നുകം അഴിച്ച് ആ ജനം വാഗ്ദത്ത നാട്ടിലേയ്ക്കു പുറപ്പെട്ടു. ദൈവം അവരെ നയിച്ചു എന്ന ബോധ്യമാണ് മോശയിലൂടെ അവർക്കു ലഭിച്ചത്. കനാൻ നാട്ടിൽ പാർക്കുന്ന വീണ്ടെടുക്കപ്പെട്ട ജാതി ദാവീദ് എന്ന ഇടയബാലന്റെ നേതൃത്വത്തിൽ ശക്തമായ ദേശ രാഷ്ട്രമായി. യിസ്രായേൽ എന്ന അഭിധാനം രാഷ്ട്രത്തിന് ഉണ്ടായി. ഇത് ഈ ജനതയുടെ ചരിത്രത്തിലെ ആദ്യ നാഴികക്കല്ല്. ക്രി.മു. ഒന്നാം സഹസ്രാബ്ദത്തിന്റെ തുടക്കമാണ് ഇക്കാലം.

ഈ ദേശരാഷ്ട്ര സംവിധാനം ഏകദേശം നാലു നൂറ്റാണ്ടു കാലം നിലനിന്നു. പിന്നീട് ഒരു നാടുകടത്തലും ചിതറിപ്പോകലുമാണ് സംഭവിച്ചത്. അക്കാലത്തെ പ്രബല ശക്തിയായ ബാബേൽ യിസ്രായേലിനെയും അവരുടെ ആരാധനയേയും തകർത്തുകളഞ്ഞു (ക്രി.മു. 586). ഏകദേശം ഒരു നൂറ്റാണ്ടാകുമ്പോഴേയ്ക്ക് പുതിയൊരു വെളിച്ചം അവർക്കുദിച്ചു. പൂർണ്ണ സ്വാതന്ത്ര്യമില്ലെങ്കിലും, സാമന്ത ജനതയായി, ആരാധനാസ്വാതന്ത്ര്യത്തോടെ ഈ ജനത അവകാശ ദേശത്ത് മടങ്ങിയെത്തി. പാർസി രാജാക്കന്മാരുടെയും മേദ്യരുടെയും സഹിഷ്ണുതാ ഭാവമാണ് ഇതിനു മുഖാന്തിരമായത് (ക്രി.മു. 540–330). ഈ സ്വാതന്ത്ര്യത്തിനു ദീർഘായുസുണ്ടായില്ല. യവനാധിനിവേശം ഈ ജനതയുടെ സ്വാതന്ത്ര്യത്തേയും സംസ്കാരത്തേയും തകർക്കുവാൻ ശ്രമിച്ചു. ചെറുത്തുനില്പുണ്ടായി. ചുരുങ്ങിയകാലം മക്കാബിയരുടെ നേതൃത്വത്തിൽ സ്വാതന്ത്ര്യത്തോടെ നിലനിന്നുവെങ്കിലും യവനർക്കു പിന്നാലെ വന്ന റോമാ ഭരണകൂടം ഈ സമൂഹത്തെ ലോകമെങ്ങും ചിതറിച്ചു (ക്രി.വ. 130). ഇങ്ങനെ യിസ്രായേൽ എന്ന പഴയനിയമ ജനതയും ദേശവും ശൂന്യമാക്കപ്പെട്ടു.

മത-രാഷ്ട്രീയ-സാംസ്കാരിക തലങ്ങളിൽ ആക്രമിക്കപ്പെട്ട് അന്യവൽക്കരിക്കപ്പെട്ട ഈ സമൂഹം അന്നു മുതൽ ഒരു പുനരേകീകരണം സ്വപ്നം കണ്ട് അതിനായി പ്രാർത്ഥിച്ചു പ്രവർത്തിച്ചു. ദാവീദിന്റെ ഭരണകാലത്ത് യബൂസ്യരിൽ നിന്ന് സ്വന്തമാക്കി രാജ്യതലസ്ഥാനവും മതകേന്ദ്രവുമാക്കിയ യരുശലേമിനെ 'സീയോൻ' എന്ന് വിശേഷിപ്പിച്ചിരുന്നു. അതിന്റെ പുനരുദ്ധാരണത്തിനുള്ള നീക്കത്തെ അതുകൊണ്ടുതന്നെ ഈ ജനത 'സീയോനിസം' എന്ന് പേരു വിളിച്ചു. സീയോനിസത്തിന് ഒരു ലക്ഷ്യമുണ്ടായിരുന്നു. 'യഹൂദന്മാർക്ക് അവരുടെ അവകാശ ദേശമായ പാലസ്തീനിൽ നിയമാനുസൃതം സ്ഥാപിതമാകുന്ന ഒരു ഭവനം - ദേശ രാഷ്ട്രം രൂപീകരിക്കണം.'

യഹൂദന്മാർ എന്ന പേര്, യിസ്രായേലിന്റെ (യാക്കോബിന്റെ) പന്ത്രണ്ടു മക്കളിൽ ഒരുവനായ 'യഹൂദ'യുടെ പിൻതലമുറയെന്നതിൽ നിന്ന് വന്നതാണ്. ദാവീദ് ഈ യഹൂദ ഗോത്രക്കാരനായിരുന്നു. ശലോമോനു ശേഷം വിഭജിതമായ രാജ്യത്തിൽ ദാവീദിന്റെ പിൻതലമുറയ്ക്ക് കിട്ടിയ രാജ്യത്തിന്റെ പേര് യഹൂദ എന്നായിരുന്നു. ഇവരാണ് ബാബേൽ പ്രവാസത്തെ അതിജീവിച്ച് യിസ്രായേലിന്റെ സംസ്ക്കാര-ഗോത്ര ശുദ്ധി നിലനിർത്തിയവർ. അതുകൊണ്ട് 'യഹൂദൻ' എന്ന പേര് പ്രവാസത്തിൽ നിന്ന് മടങ്ങിയവർക്ക് ലഭിച്ചു. ക്രി.വ. 132-ലെ യുദ്ധാനന്തരം ചിതറിപ്പോയ യഹൂദർ ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ജീവിച്ചു. അവരുടെ ദേശമായ കനാൻ/പാലസ്തീൻ പിൽക്കാലത്ത് അറബികളുടെ നാടായി. 16-ാം നൂറ്റാണ്ടിന്റെ തുടക്കത്തിൽ (1517) ഈ ദേശം 'ഓട്ടോമാൻ' സാമ്രാജ്യത്തിന്റെ ഭാഗമായി. ഒന്നാം ലോകമഹായുദ്ധം കഴിഞ്ഞപ്പോൾ ബ്രിട്ടീഷ് രാജ്യത്തിന്റെ അധീനതയിലായി ഈ പ്രദേശം (1917). തുടർന്നുള്ള നാളുകളിൽ ഓട്ടോമാൻ ഭരണകാലത്തു ആരംഭിച്ച സീയോനിസം ശക്തി പ്രാപിച്ചു. ജർമ്മനിയിലെ ഹിറ്റ്ലറുടെ നാസിസം യഹൂദന്മാരെ കൂട്ടമായി കൊന്നപ്പോൾ അനേകം യഹൂദന്മാർ അവരുടെ പിതൃദേശത്തേയ്ക്കു മടങ്ങുവാൻ തുടങ്ങി. സീയോനിസത്തിന്റെ ബലപ്പെടൽ ഈ യാത്രയ്ക്കു പ്രേരകമായി. അങ്ങനെ 1948 മെയ് 14-ാം തീയതി ആധുനിക ലോകത്തെ ഏക യഹൂദ രാജ്യമായ 'യിസ്രായേൽ' നിലവിൽ വന്നു. തുടർന്ന് റഷ്യ, പോളണ്ട്, ജർമ്മനി, എത്യോപ്യ, അമേരിക്ക, ഇന്ത്യ എന്നീ രാജ്യങ്ങളിൽ നിന്ന് തിരിച്ചെത്തിയ യഹൂദ സമൂഹം രാഷ്ട്ര പുനർ നിർമ്മാണത്തിന് പദ്ധതികൾ ആവിഷ്ക്കരിച്ചു നടപ്പാക്കി.

ആധുനിക യിസ്രായേൽ രാജ്യത്തിന്റെ രൂപീകരണത്തിന് ഊർജം പകർന്നത് 1917-ൽ ബ്രിട്ടീഷുകാർ പാസ്സാക്കിയ ബാൾഫർ പ്രഖ്യാപനമാണ്. 'യഹൂദജനതയ്ക്ക് ഒരു രാഷ്ട്ര ഭവനം പാലസ്തീനയിൽ സ്ഥാപിക്കും' എന്നായിരുന്നു ആ പ്രഖ്യാപനം. ബ്രിട്ടീഷുകാർ തുടർന്ന് പ്രധാനമായും രണ്ടു തീരുമാനങ്ങൾ ചേർത്തു. 1. പുതുതായി രൂപീകരിക്കുന്ന യഹൂദ രാഷ്ട്രത്തിന്റെ ഔദ്യോഗിക ഭാഷ എബ്രായ ഭാഷയാകണം. കൂടെ ഇംഗ്ലീഷും അറബിയും ഉൾപ്പെടുത്തും. 2. രണ്ടാമത്തേത് രാഷ്ട്രത്തിന് എബ്രായ ഭാഷയിൽ നൽകേണ്ട പേരു സംബന്ധിച്ചാണ്. പാലസ്തീൻ എന്നോ യിസ്രായേൽ ദേശമെന്നോ ആകാമെന്ന് ചർച്ചയുണ്ടായെങ്കിലും അറബികളുടെ സമീപനം പേരിന്റെ കാര്യം തീരുമാനിക്കുന്നതിന് വിഘാതമായി. 1920-ലെ സ്റ്റാമ്പിൽ എബ്രായ ഭാഷയിൽ 'പാലസ്തീന' എന്നെഴുതിയിട്ട് യിസ്രായേൽ ദേശം എന്നതിന്റെ എബ്രായ മൂലത്തിലെ ആദ്യ രണ്ടക്ഷരങ്ങൾ ചേർത്തുള്ള പേര് കാണുന്നുണ്ട്. അതായത്, രണ്ടു പേരും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു സമീ

പനം. നാണയങ്ങളിലും ഈ മുദ്ര പതിപ്പിച്ച് കാണുന്നുണ്ട്.

1947 നവംബർ 29-ന് ഐക്യരാഷ്ട്രസമിതി പാലസ്തീനെ മൂന്നു ഭാഗമായി (രാഷ്ട്രീയ വിഭജനം) തിരിച്ച്, ഏക സാമ്പത്തിക ഘടകമാക്കി നിലനിർത്തുവാൻ തീരുമാനിച്ചു. (റസലൂഷൻ 181-ii). ഇതുപ്രകാരം സ്വതന്ത്രമായ ഒരു യഹൂദരാജ്യവും ഒരു അറബിരാജ്യവും രൂപീകൃതമാകണം. യരുശലേമിന്റെ നിയന്ത്രണം ഒരു അന്തർദേശീയ സമിതിക്കു കീഴിലാകണം എന്ന് പാലസ്തീന്റെ നിയന്ത്രണാധികാരമുള്ള ബ്രിട്ടീഷ് സർക്കാരിനോട് നിർദ്ദേശിച്ചു. അതനുസരിച്ചാണ് 1948 മെയ് 14-ന് യിസ്രായേൽ എന്ന യഹൂദ രാജ്യം നിലവിൽ വന്നത്.

രാഷ്ട്രം നിലവിൽ വന്ന് ആദ്യത്തെ മൂന്നു പതിറ്റാണ്ട് ഭരണം നിർവഹിച്ച യിസ്രായേലീ ലേബർ പാർട്ടി നേതൃത്വം പ്രായോഗികമായി ഐക്യരാഷ്ട്ര സമിതിയുടെ തീരുമാനപ്രകാരം മുന്നോട്ടു പോയി. സ്വതന്ത്ര യിസ്രായേലിനെ അവർ യിസ്രായേൽ ദേശം (Land of Israel എറെട്സ് യിസ്രായേൽ) എന്നു വിളിച്ചു. 1977-ൽ ഭരണം 'Likud' പാർട്ടിയിലേയ്ക്കു വന്നപ്പോൾ ഈ ധാരണ പാലിക്കാതെ യോർദ്ദാന്റെ കൈവശമായിരുന്ന വെസ്റ്റ് ബാങ്കും (യോർദ്ദാൻ നദിയുടെ പടിഞ്ഞാറുഭാഗം) സിറിയയുടെ അധീനതയിലായിരുന്ന ഗസ്സായും യിസ്രായേലിന്റേതെന്ന വാദമുയർത്തി. അവിടെല്ലാം യഹൂദന്മാരെ പാർപ്പിക്കുവാനാരംഭിച്ചു. 1967-ലെ ആറു ദിവസത്തെ യുദ്ധത്തിൽ യിസ്രായേൽ ഈ ദേശങ്ങൾ കൈവശപ്പെടുത്തിയിരുന്നു.

യരുശലേം പട്ടണം, യഹൂദർ, ഇസ്ലാംമത വിശ്വാസികൾ, ക്രിസ്ത്യാനികൾ എന്നീ മൂന്നു വിഭാഗക്കാർക്കും ഒരു പുണ്യനഗരമാണ്. യഹൂദരാജ്യത്തിന് (പഴയ യിസ്രായേലിന്) അടിസ്ഥാനമിട്ട ദാവീദ് സ്ഥാപിച്ച നഗരമാണ് യരുശലേം. അവിടെയാണ് യഹൂദന്റെ ആരാധനാകേന്ദ്രമായ ദേവാലയം ശലോമോൻ പണിതത്. ദാവീദിന്റെ നഗരമെന്നും സീയോൻ എന്നും അറിയപ്പെടുന്ന യരുശലേം യഹൂദന്റെ സംസ്ക്കാരത്തിന്റെ, മതത്തിന്റെ, വിശ്വാസത്തിന്റെ രാഷ്ട്രത്തിന്റെ കേന്ദ്രമാണ്. ഇസ്ലാം മതവിശ്വാസികൾക്ക് മെക്കയും മദീനയും കഴിഞ്ഞാൽ മൂന്നാമത്തെ പുണ്യനഗരമാണിത്. ക്രിസ്ത്യാനികൾക്ക് കർത്താവായ യേശുക്രിസ്തുവിന്റെ രക്ഷാകരമായ പ്രവർത്തങ്ങളുമായി ബന്ധപ്പെട്ട വിശുദ്ധ നഗരമാണിത്. അതുകൊണ്ടാണ് ഐക്യരാഷ്ട്രസഭ ഇതിന്റെ നിയന്ത്രണം അന്താരാഷ്ട്ര സമിതിക്കാകണമെന്ന് നിർദ്ദേശിച്ചത്.

### യിസ്രായേലിന്റെ അതിർത്തികൾ

ആധുനിക യിസ്രായേലിന്റെ വടക്ക് ലെബാനോൻ സ്ഥിതിചെയ്യുന്നു.

വടക്കു കിഴക്കായി സിറിയയും ഗോലാൻ കുന്നുകളും. 1967-ൽ യിസ്രായേൽ ഗോലാൻ കുന്നുകൾ കൈവശമാക്കും വരെ, ഈ ദേശം സിറിയായുടെ അധീനതയിലായിരുന്നു. കിഴക്കുഭാഗത്താണ് ജോർദ്ദാൻ (Jordan) രാജ്യം. യോർദ്ദാൻ നദിയുടെ പടിഞ്ഞാറുഭാഗം 'West bank' എന്ന് പറയപ്പെടുന്ന ദേശവും യിസ്രായേൽ രാജ്യത്തിനു കിഴക്കാണ്. ഇതും 1967-ൽ യിസ്രായേൽ അധീനതയിലാക്കി. തെക്കു പടിഞ്ഞാറായി ഈജിപ്തും ഗാസാ ദേശങ്ങളും. ഈജിപ്തിന്റെ നിയന്ത്രണത്തിലായിരുന്ന ഗാസ്സായും ആറുദിവസ യുദ്ധത്തിൽ (1967) യിസ്രായേൽ പിടിച്ചെടുത്തു. ഇങ്ങനെ പിടിച്ചെടുത്ത ദേശങ്ങളിലെല്ലാം യിസ്രായേൽ സൈന്യത്തെ വിന്യസിക്കുകയും ചെയ്തു. പടിഞ്ഞാറെ അതിർത്തി മദ്ധ്യധരണ്യാഴിയാണ്.

1979-ൽ യിസ്രായേലും ഈജിപ്തും തമ്മിലുള്ള ഉടമ്പടിയിൽ ഈജിപ്ത് ഗാസായുടെ മേലുള്ള അവകാശവാദം അവസാനിപ്പിച്ച് അത് യിസ്രായേലിനു വിട്ടുകൊടുത്തു. 1988-ൽ ജോർദ്ദാൻ west bank ന്മേലുള്ള താല്പര്യം ഉപേക്ഷിച്ച് യിസ്രായേലുമായി ധാരണയിലെത്തി. ഗോലാൻ കുന്നിന്മേലുള്ള സിറിയയുടെ അവകാശം പരിഹൃതമാകാതെ നിൽക്കുന്നു. ഈവിധ ക്രമീകരണങ്ങൾക്കൊടുവിൽ യിസ്രായേലിന്റെ അതിർത്തി ഇങ്ങനെ നിർവചിക്കാം. വടക്ക് ലബാനോൻ, പടിഞ്ഞാറ് മദ്ധ്യധരണ്യാഴി, തെക്ക് ഈജിപ്ത്, കിഴക്ക് ജോർദ്ദാൻ, വടക്കു കിഴക്കായി സിറിയയും ഗോലാൻകുന്നുകളും.

1988 നവംബർ 15-ന് പാലസ്തീനിലെ അറബികൾ പാലസ്തീനെ ഒരു സ്വതന്ത്ര രാഷ്ട്രമായി പ്രഖ്യാപിച്ചു. കിഴക്കൻ യരുശലേമിലെ രാമല്ലാ എന്ന നഗരമാണ് തലസ്ഥാനം. എന്നാൽ ലോക രാഷ്ട്രങ്ങളുടെയോ ഐക്യരാഷ്ട്ര സഭയുടേയോ പൊതുഅംഗീകാരം ഈ രാജ്യത്തിന് നേടാനായില്ല. ഇപ്പോഴും അതിന്റെ സ്വതന്ത്രാധികാരം സംബന്ധിച്ച് യിസ്രായേൽ തർക്കം ഉന്നയിച്ചുകൊണ്ടിരിക്കുന്നു. യിസ്രായേലിന്റെ ഭാഗമാണ് ഈ ദേശവും എന്നാണ് അവരുടെ വാദം. 2011 സെപ്തംബർ 23-ന് പാലസ്തീൻ പ്രസിഡണ്ട് മൊഹമ്മദ് അബ്ബാസ് പാലസ്തീന് ഐക്യരാഷ്ട്രസഭയിൽ അംഗത്വം നൽകണമെന്നാവശ്യപ്പെട്ട് അപേക്ഷ നൽകി. 2012 നവംബർ 29-ലെ ഐക്യരാഷ്ട്രസഭായോഗം സ്ഥിരാംഗത്വം നൽകാതെ നിരീക്ഷകാംഗത്വം നൽകി (Resolution 67/19). ഇത് പാലസ്തീന് ലഭിച്ച അംഗീകാരമാണ്. ഐക്യരാഷ്ട്രസഭയിലെ അംഗങ്ങളായ 135 രാജ്യങ്ങൾ പാലസ്തീനെ സ്വതന്ത്ര രാഷ്ട്രമായി അംഗീകരിച്ചു. എന്നാൽ യിസ്രായേലും അമേരിക്കയും വ്യത്യസ്ത നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. പാലസ്തീന്റെ നിയന്ത്രണം രണ്ടു തരത്തിലാണ്. 39% വെസ്റ്റ് ബാങ്കിന്റെ നിയന്ത്രണം പാലസ്തീനും ശേഷിക്കുന്ന 61% ഭാഗത്തിന്റെ നിയന്ത്രണം യിസ്രായേൽ സൈന്യത്തിനുമാണ്. യിസ്രായേലും

പാലസ്തീനും തമ്മിലുള്ള തർക്കം ഇന്നും തുടരുന്നു. അതിന്റെ ഭാഗമായാണ് 1980-ൽ കിഴക്കൻ യരുശലേം യിസ്രായേൽ ഏകപക്ഷീയമായി കൈയ്യേറി സ്വന്തമാക്കിയത്. യിസ്രായേലിന്റെ ഈ നീക്കത്തിൽ അമേരിക്കയുടെ പിന്തുണയുണ്ട്. യിസ്രായേലിനോടുള്ള പ്രതിഷേധ സൂചകമായി പല രാജ്യങ്ങളും തങ്ങളുടെ നയതന്ത്ര കാര്യാലയങ്ങൾ യരുശലേമിൽ നിന്ന് മാറ്റിയപ്പോൾ 2017 ഡിസംബർ 6-ന് അമേരിക്കൻ പ്രസിഡണ്ട് ഡൊണാൾഡ് ട്രംപ് യരുശലേമിനെ യിസ്രായേലിന്റെ തലസ്ഥാനമായി അംഗീകരിച്ചു.

### ഭരണക്രമീകരണം

യിസ്രായേലിന്റെ ഔദ്യോഗിക ഭാഷ എബ്രായ ഭാഷയാണ് (ഹീബ്രു). ആധുനിക എബ്രായ ഭാഷ പുരാതന ഭാഷയിൽ നിന്ന് അല്പം വ്യത്യസ്തമാണ്. അറബി, ഇംഗ്ലീഷ് എന്നിവയാണ് മറ്റു പ്രധാന ഭാഷകൾ. റഷ്യൻ ഭാഷ സംസാരിക്കുന്നവരും വളരെയുണ്ട്. യിസ്രായേലിലെ പകുതിയോളം പേരുടെ (49%) ഭാഷ എബ്രായ ഭാഷയാണ്. 18% അറബിയും 15% റഷ്യനും, 2% ഇംഗ്ലീഷും സംസാരിക്കുന്നു. രാജ്യത്തെ പ്രധാനമായും ആറ് ജില്ലകളായി തിരിച്ചിട്ടുണ്ട്. യരുശലേം, വടക്കൻ ജില്ല, ഹായ്ഫ, മധ്യജില്ല, ടെൽ-അവീവ്, തെക്കൻ ജില്ല എന്നിവയാണ് ഇവ. ഇത് കൂടാതെ 'യഹൂദ ശമര്യ ദേശങ്ങൾ' എന്നൊരു ഭാഗവുമുണ്ട്. ഇതിനെ ജില്ലകളുടെ സംഖ്യയിൽ ഉൾപ്പെടുത്തിയിട്ടില്ല. 'മെഹ്സോത്ത്' എന്നാണ് ജില്ലകളെ എബ്രായ ഭാഷയിൽ പറയുന്നത്. ഈ ആറു ജില്ലകളെ 'നാഫോത്' എന്ന പേരിൽ പതിനഞ്ച് ഉപ ജില്ലകളായും തിരിച്ചിട്ടുണ്ട്. യരുശലേമാണ് ഇപ്പോൾ തലസ്ഥാന നഗരമായി പരിഗണിക്കുന്നത് (ഇതുവരെ ടെൽ-അവീവ് ആയിരുന്നു തലസ്ഥാനം). പ്രസിഡന്റ്, പ്രധാനമന്ത്രി, പാർലമെന്റ്, തെരഞ്ഞെടുപ്പ് എല്ലാമുണ്ട്. സീയോൻ മൂവ്മെന്റുമായി ബന്ധപ്പെട്ട് രൂപീകൃതമായ രാഷ്ട്രീയ പ്രസ്ഥാനങ്ങളാണ് തെരഞ്ഞെടുപ്പിൽ മത്സരിക്കുന്നത്. ഇപ്പോഴത്തെ പ്രധാനമന്ത്രി (2020 ജനുവരി) ബഞ്ചമിൻ നെതന്യാഹു ആണ്. രാഷ്ട്രത്തിന്റെ നാണയം ശേക്കൽ.

### കാലാവസ്ഥ കൃഷി, വ്യവസായം

മെഡിറ്ററേനിയൻ കാലാവസ്ഥയാണ് യിസ്രായേലിന്റേത്. മെയ് മാസം മുതൽ സെപ്റ്റംബർ വരെ ചൂടുകാലാവസ്ഥ ആയിരിക്കും. ജലസേചനത്തിന് യോർദ്ദാൻ നദി മാത്രമാണ് ആശ്രയം. 1948-ൽ സ്വതന്ത്ര രാഷ്ട്രമായ ശേഷം 'കിബുട്സ്' എന്ന പേരിൽ ഒരു സംഘം കൂലിയില്ലാതെ അദ്ധ്വാനിക്കുവാൻ തയ്യാറായത് കൃഷിയുടെ വളർച്ചയ്ക്ക് സഹായമായി. രാജ്യത്തിന്റെ അഞ്ചിലൊന്ന് ഭാഗം കൃഷിക്കനുയോജ്യമാക്കി. മൂന്നിലൊന്ന് ഭാഗം കന്നുകാലികൾക്ക് മേയാൻ ഉപയോഗിക്കുന്നു. ഗോതമ്പും

യവവും പ്രധാന കൃഷിയാണ്. പഴങ്ങളും പച്ചക്കറികളും ധാരാളമായി കൃഷി ചെയ്യുന്നുണ്ട്. മുന്തിരി, ഓറഞ്ച്, മാങ്ങ എന്നിവ മദ്ധ്യധരണ്യാഴി തീരങ്ങളിൽ വിളയിക്കുന്നു. ഓറഞ്ചും മറ്റും മറ്റു ലോകരാജ്യങ്ങളിലേയ്ക്കു കയറ്റി അയയ്ക്കുന്നുമുണ്ട്. ഉരുളക്കിഴങ്ങ്, ക്യാരറ്റ്, കുരുമുളക് എന്നിവയുടെ കൃഷിയും ധാരാളമുണ്ട്. പ്രധാന വ്യവസായം നാലു മേഖലകളിലാണ്. വിനോദമേഖല (Toursium), ഖനനം, നിർമ്മാണം (manufacturing), ഗതാഗതം (transportation). യിസ്രായേലിലെ വജ്രവ്യവസായം വളരെ വലുതാണ്. ഉയർന്ന സാങ്കേതികവിദ്യയുടെ വിപണനം മറ്റൊരു പ്രധാന വ്യവസായമാണ്. വജ്ര കയറ്റുമതിയിൽ യിസ്രായേലിന്റെ ഓഹരി 28% ആണ്. കൃഷി, വ്യാപാരം എന്നിവയിലൂടെ ആർജിച്ച ഉയർന്ന ജീവിത നിലവാരം ആ പ്രദേശത്തെ ഉയർന്ന നിലവാരമുള്ള ജനതയാക്കി യിസ്രായേലിനെ വളർത്തി. മനുഷ്യ വളർച്ചയുടെ സൂചികയിൽ ലോകത്ത് 19-ാം സ്ഥാനമാണ് യിസ്രായേലിന്.

### മതജീവിതം

യരുശലേമിലെ പഴയ ദേവാലയത്തിന്റെ ഏക അവശിഷ്ടമാണ് ഇന്ന് 'വിലാപമതിൽ' എന്നറിയപ്പെടുന്ന പടിഞ്ഞാറെ ചുമര്. അതിന്മേൽ തല തട്ടി കരഞ്ഞു പ്രാർത്ഥിക്കുന്ന യഹൂദന്മാരെ ഇന്നും കാണാം. യഹൂദന്മാരുടെ ലോകത്തെ ഏക പുണ്യസ്ഥലമാണിത്. ശനിയാഴ്ച ശാബതായി ആചരിക്കുന്നു. അന്ന് യിസ്രായേലിൽ പൊതു അവധിയാണ്. പുറപ്പാടു പുസ്തകത്തിൽ പരാമർശിക്കുന്ന പെരുന്നാളുകൾ (പുറ. 20:9-10) ഇന്നും അവർ ആചരിക്കുന്നു. യഹൂദ സമൂഹത്തിൽ യാഥാസ്ഥിതികരും പുരോഗമന ചിന്താഗതിക്കാരും ഉണ്ട്. ഇരു കൂട്ടർക്കും വേറെ പള്ളികളാണുള്ളത്. ന്യായപ്രമാണം പഠിക്കുവാനും അതിന്റെ സാംഗത്യം ജീവിതത്തിൽ കണ്ടെത്താനും ഭക്തരായ യഹൂദന്മാർ പ്രത്യേകം ശ്രദ്ധിക്കുന്നു.

ശാബതാചരണം ഇന്നും പ്രാധാന്യത്തോടെ നിലനിൽക്കുന്നു. ആറാം ദിവസം (വെള്ളിയാഴ്ച) സൂര്യാസ്തമയം മുതൽ ഏഴാം നാൾ സൂര്യാസ്തമയം വരെ (ഏകദേശം 25 മണിക്കൂർ) ആണ് ശാബത്. വെള്ളിയാഴ്ച ഉച്ചയോടെ ശാബതിനുള്ള ഒരുക്കങ്ങൾ തുടങ്ങും. ശാബത് ദിവസത്തേയ്ക്കുള്ള ഭക്ഷണം വെള്ളിയാഴ്ച ഉച്ചയ്ക്കു മുമ്പേ തയ്യാറാക്കി വയ്ക്കും. തുടർന്ന് വീടു വൃത്തിയാക്കി, സൂര്യാസ്തമയത്തിനു 18 മിനിറ്റുകൾക്കുള്ളിൽ രണ്ടു തിരി കത്തിച്ചുകൊണ്ട് ശാബത് ആരംഭിക്കും. തുടർന്ന് പള്ളിയിൽ (സിനഗോഗ്) പ്രാർത്ഥന. മടങ്ങി വന്നാൽ കുടുംബാംഗങ്ങളെല്ലാം ചേർന്ന് ആഘോഷമായ ഭക്ഷണം. അതു കഴിഞ്ഞ് തോറാ പഠനം. ശാബതു നാളിൽ രാവിലെ 9-ന് പള്ളിയിൽ പ്രാർത്ഥന തുടങ്ങും. പിന്നെ ആഘോഷമായി തന്നെ ഭക്ഷണം. തുടർന്ന് ന്യായ

പ്രമാണ പഠനം. സൂര്യാസ്തമയം കഴിഞ്ഞ് 45 മിനിറ്റ് കഴിയുമ്പോൾ നടത്തുന്ന പ്രാർത്ഥനയോടെ ശാബത് അവസാനിക്കും. പെസഹായും കൂടാരപ്പെരുന്നാളും പെന്തിക്കോസ്തിയും തീർത്ഥാടന പെരുന്നാളുക ളായിരുന്നു. ഇതു കൂടാതെ പുതുവർഷാഘോഷം (റോഷ് ഹഷാന), പാപപരിഹാരദിനം (യോം കിപ്പൂർ), പൂരീം, ഹനൂക്കാ എന്നീ പെരുന്നാ ളുകളും ഇന്ന് ആഘോഷിക്കുന്നുണ്ട്. ആധുനിക യിസ്രായേൽ പ്രത്യേ കമായി കരുതുന്ന ചില പ്രധാന ദിനങ്ങളുണ്ട്.

1. യരുശലേമിലെ ഒന്നാമത്തേയും രണ്ടാമത്തേയും ദേവാലയങ്ങൾ തകർക്കപ്പെട്ടതിനെ അനുസ്മരിക്കുന്ന ദിനം. ഇത് വിലാപദിനമാണ്. എബ്രായ കലണ്ടറിലെ 'ആവ്' മാസം ഒമ്പതാം തീയതിയാണിത്. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ജൂലൈ 29/30.

2. യിസ്രായേലിന്റെ സ്വാതന്ത്ര്യദിനമാണ് അടുത്തത്. മെയ് 14-ാം തീയതി അവർ സ്വാതന്ത്ര്യദിനമായി ആഘോഷിക്കുന്നു (യോംഹ അത് സ്മൗത്ത്).

3. രണ്ടാം ലോമഹായുദ്ധകാലത്ത് യഹൂദന്മാർക്കെതിരെ നടന്ന ആക്ര മണങ്ങളുടെ ഓർമ്മദിനം യഹൂദ കലണ്ടറിലെ നീസ്സാൻ മാസം 27-ാം തീയതി ആചരിക്കുന്നു. ഗ്രിഗോറിയൻ കലണ്ടർ പ്രകാരം ഏപ്രിൽ 20/21. കൂട്ടക്കൊലയിൽ മരിച്ചവരെ സ്മരിച്ച് മഞ്ഞ മെഴുകുതിരികൾ കത്തി ക്കുന്നു. ഈ ദിവസം 'യോം ഹാഷോവ' എന്നാണറിയപ്പെടുന്നത്.

4. വർഷം മുഴുവൻ നീളുന്ന ന്യായപ്രമാണ (തോറാ) വായന സമാ പിക്കുന്ന ദിവസം സിംഹാ തോറാ (ന്യായപ്രമാണത്തിൽ ആഹ്ലാദിക്കുക) എന്നാണറിയപ്പെടുന്നത്. കൂടാരപ്പെരുന്നാളിന്റെ അവസാന ദിവസമാണിത് ആചരിക്കുന്നത്.

യിസ്രായേലിന്റെ ദേശീയ അടയാളമായി (emblem) സ്വീകരിച്ചിരിക്കു ന്നത് 'മെനോറ' എന്നറിയപ്പെടുന്ന ഏഴു ശിഖരങ്ങളുള്ള തിരിക്കാലാണ്. സമാഗമന കൂടാരത്തിലും പിന്നെ യരുശലേം ദേവാലയത്തിലും ഉപയോ ഗിച്ചിരുന്ന ഈ തിരിക്കാലിന്റെ നിർമ്മാണം സംബന്ധിച്ച നിർദ്ദേശം പുറ. 25:31-40 ഭാഗത്തു വായിക്കാം. 'ജാതികളുടെ പ്രകാശമാകുക' (യെശ. 42:7) എന്ന വചനം അനുസ്മരിച്ചുകൊണ്ടാണ് 'മെനോറ' യിസ്രായേൽ ഔദ്യോഗിക ചിഹ്നമായി സ്വീകരിച്ചത്.

യിസ്രായേൽ രാജ്യം ഇന്ന് ലോകരാഷ്ട്രങ്ങളുടെ ശ്രദ്ധയർഹിക്കുന്ന ഒന്നാണ്. ലോക യഹൂദ ജനതയുടെ ഇന്നത്തെ സംഖ്യ 14.6 കോടിയാണ്. എന്നാലതിൽ പകുതിയിലധികം ഇന്നും യിസ്രായേലിൽ തിരിച്ചെത്തി യിട്ടില്ല. ഭൂരിഭാഗവും അമേരിക്കയിലും മറ്റു രാജ്യങ്ങളിലുമാണ്. അമേരി

ക്കയിലെ അതിശക്തമായ യഹൂദ സാന്നിധ്യമാകണം (51% ) ഒരു പക്ഷേ, അമേരിക്ക യിസ്രായേലിനു നൽകുന്ന പിന്തുണയ്ക്ക് അടിസ്ഥാനം. യിസ്രായേലിലുള്ള ജനതയുടെ 74% യഹൂദരാണ്. 21% അറബികളും. ബാക്കി 5% മറ്റു വിഭാഗങ്ങളുമാണ്. യിസ്രായേൽ രാഷ്ട്രം രൂപീകൃത മായ 1948-ൽ ഉണ്ടായിരുന്നതിന്റെ പത്ത് മടങ്ങിലധികമുണ്ട് ഇന്നത്തെ ജനസംഖ്യ. മടങ്ങി വന്നവരിൽ അധികവും യൂറോപ്പിൽ നിന്നും ഉള്ളവ രാണ് (36%). ആഫ്രിക്കയിൽ നിന്നും ഏഷ്യയിൽ നിന്നും മടങ്ങിയവർ യഥാക്രമം 15% ഉം 11% ഉണ്ട്. സ്ത്രീ-പുരുഷ അനുപാതം 982:1000. ഇപ്പോഴും ലോകത്ത് 111 രാജ്യങ്ങളിലായി യഹൂദന്മാർ ചിതറിപ്പാർക്കു ന്നുണ്ട്. യിസ്രായേൽ രാജ്യം പൗരാണികതയുടെ പ്രാമാണിത്തം അവ കാശപ്പെടുന്നത് ആ പ്രദേശത്ത് അശാന്തികൾക്ക് കാരണമാകുന്നുണ്ട്. ലോകരാഷ്ട്രങ്ങളുടെ പ്രത്യേകിച്ച് അറബ് രാഷ്ട്രനേതാക്കളുടെയും ഐക്യരാഷ്ട്ര സഭയുടെയും ഇടപെടലുകൾ സമാധാനപരമായ ഭാവിക്ക് സഹായമാകും എന്ന് പ്രതീക്ഷിക്കാം. അമേരിക്കയും യിസ്രായേലും പാല സ്തീനും സമാധാന ചർച്ചകൾക്കു വിധേയപ്പെടുമെന്ന് പ്രത്യാശിക്കാം. അങ്ങനെ വിഭാഗീയ ഭിന്നതകൾ മറന്ന് സമാധാനത്തിന്റെയും ശാന്തി യുടെയും യുഗം പിറക്കട്ടെയെന്ന ശുഭപ്രതീക്ഷയോടെ നമുക്ക് കാത്തി രിക്കാം.

# യൂണിറ്റ് 3

# പഴയ നിയമ സാഹിത്യം

## പാഠം 1

## പദ്യസാഹിത്യവും വെളിപാട് സാഹിത്യവും

### (1) പദ്യസാഹിത്യം

പ്രവാചക പുസ്തകങ്ങളിൽ മുഖ്യഭാഗം പദ്യമാണ്. കൂടാതെ എഴുത്തുകളുടെ (കെത്തൂബീം) ഗണത്തിൽ, സങ്കീർത്തനങ്ങൾ, സദൃശവാക്യങ്ങൾ, ഇയ്യോബ്, ഉത്തമഗീതം, വിലാപങ്ങൾ എന്നിവയും പദ്യവിഭാഗമാണ്. ഉല്പത്തി മുതൽ 2 രാജാക്കന്മാർ വരെയുള്ള ഭാഗങ്ങളിൽ പദ്യശകലങ്ങൾ കാണാം.

1) ലാമേക്കിന്റെ ഗാനം (ഉല്പ. 4:23), കിണറിനെക്കുറിച്ചുള്ള പാട്ട് (സംഖ്യ 21:27-30).
2) അനുഗ്രഹങ്ങളുടെയും ശാപങ്ങളുടെയും ഗീതകങ്ങൾ.
i) നോഹയുടെ അനുഗ്രഹവും ശാപവും (ഉല്പ. 9:25, 26).
ii) മൽക്കിസദെക്ക് അബ്രഹാമിനെ അനുഗ്രഹിക്കുന്നത് (ഉല്പ. 14:19-20).
iii) റിബേക്കയുടെ അനുഗ്രഹം (ഉല്പ. 24:60).
iv) ഇസഹാക്ക് യാക്കോബിനെ അനുഗ്രഹിക്കുന്നത് (ഉല്പ. 27:39).
v) ഇസഹാക്ക് ഏശാവിനെ ശപിക്കുന്നത് (ഉല്പ. 27:39-40).
vi) യാക്കോബ് യൗസേഫിനെ അനുഗ്രഹിക്കുന്നത് (ഉല്പ. 48:15).
vii) യാക്കോബിന്റെ അനുഗ്രഹം (ഉല്പ. 49:2-27).
viii) പുരോഹിത വാഴ്വ് (സംഖ്യ 6:24-26).
x) ബാലാമിന്റെ പാട്ട് (സംഖ്യ 23:7-10).
xi) അമാലേക്കിനെക്കുറിച്ചുള്ള അനുഗ്രഹം (സംഖ്യ 24:20).
xii) കേന്യരെക്കുറിച്ചുള്ളത് (സംഖ്യ 24:21).
xvi) മോശയുടെ അനുഗ്രഹം (ആവ. 33).

യോഥാമിന്റെ ഉപമ (ന്യായാ. 9:8-15).

ആഗാഗിന്റെ നാശം (1 ശമു. 15:33).

സ്ത്രീകളുടെ ഗാനം, ശൗലിനെയും, ദാവീദിനെയും പരാമർശിച്ച് (1 ശമു. 18:7)

നാഥാന്റെ ഉപമ (1 ശമു. 12:1-4).

മോശയുടെ ഗാനം (പുറ. 15:21).

ദെബോറയുടെ ഗാനം (ന്യായാ. 5).

ഹന്നായുടെ ഗാനം (1 ശമു. 2:1–10).
അബ്നേറിനെ കുറിച്ചുള്ളത് (2 ശമു. 3:33).
ദാവീദിന്റെ അന്ത്യശാസനകൾ (2 ശമു. 23:1–7).
ഏശായായുടെ പ്രഖ്യാപനം (2 രാജാ. 19:21–28).

## പദ്യസാഹിത്യത്തിന്റെ പ്രത്യേകതകൾ

പദ്യം ആലപിക്കുവാൻ ഉദ്ദേശിച്ചുള്ളതാണ്. ഗദ്യത്തിൽ നിന്ന് ഭിന്നമായി വേറെ വേറെ നിൽക്കുന്ന കൊച്ചു ശീലുകളായി അവ എഴുതപ്പെടുന്നു. ഒറ്റ ശ്വാസത്തിൽ ഒരു വരിയുടെ ഒരു ഭാഗം ചൊല്ലുന്ന രീതിയാണ് നിലവിലിരുന്നത്. പ്രവാസത്തിന് ശേഷം പുതുക്കിപ്പണിത രണ്ടാം ദേവാലയത്തിലെ ആലാപനത്തിനുള്ള കീർത്തനങ്ങളായി സങ്കീർത്തനങ്ങൾ രൂപംപ്രാപിച്ചു. സംഗീത ഉപകരണങ്ങളുടെ സഹായത്തോടെയാണ് കീർത്തനങ്ങൾ പാടിയിരുന്നത്. സംഗീത ഉപകരണങ്ങളിൽ ചിലത് മീട്ടാൻ കമ്പികളുള്ളതും മറ്റു ചിലത് ഊതി മനോഹരമായ താളനിബദ്ധമായ നാദം ഉണ്ടാക്കുന്നവയുമാണ്. ആലാപനത്തിന്റെ വിവിധ രീതികളെക്കുറിച്ച് വിവരം നൽകുന്ന പദപ്രയോഗങ്ങൾ ഉണ്ട്. അതിൽ ഒന്നാണ് 'സേലാ.' അതിന്റെ ശരിയായ അർത്ഥം എന്താണെന്ന് വ്യക്തമല്ല. വേദപണ്ഡിതന്മാർ പല അനുമാനങ്ങളും അതേക്കുറിച്ച് നടത്തുന്നു. ഗായകസംഘത്തിന്റെ ശബ്ദം ഉയർത്തുവാനോ താഴ്ത്തുവാനോ ഉപകരണങ്ങൾ മാത്രം ഉപയോഗിക്കുന്നതിനോ ഉപയോഗിക്കാതിരിക്കാനോ ഉള്ള നിർദ്ദേശമായിരിക്കാം അത്. ചരണം ആലപിക്കാനുള്ള നിർദ്ദേശമായും ചിലർ കരുതുന്നു. സങ്കീർത്തനങ്ങളിൽ 71 പ്രാവശ്യം 'സേലാ' കാണുന്നുണ്ട്.

A. എബ്രായ പദ്യത്തിന്റെ പ്രത്യേകതകളിൽ ഒന്നാണ്, 'പാരലലിസം' (സമാന്തരത്വം) എന്നറിയപ്പെടുന്ന സവിശേഷത. ഇത് പ്രാസ പ്രയോഗമല്ല, സമാന്തരമായിട്ടുള്ളത് ഒരേ രീതിയിൽ ശബ്ദമുണ്ടാക്കുന്ന വാക്കുകളല്ല ആശയങ്ങളാണ്. ആദ്യത്തെ അടിയിൽ കാണുന്ന ആശയങ്ങൾ രണ്ടാമത്തേതിൽ, പര്യായമായോ താരതമ്യമായോ, വിപരീതമായോ ഭിന്നപദങ്ങളുടെ സഹായത്തോടെയോ ആവർത്തനമായോ പൂരകമായോ (കോണിപ്പടി കയറുന്നതുപോലെ ആരോഹണമായോ ഇറങ്ങുന്നതുപോലെ ആരോഹണാവരോഹണമായോ) അവതരിപ്പിക്കുന്നു.

1753-ൽ ഓക്സ്ഫോർഡിലെ റിച്ചാർഡ് ലോത്ത് എന്ന ബിഷപ്പ് എബ്രായരുടെ പദ്യത്തെക്കുറിച്ചുള്ള പ്രസംഗങ്ങൾ പ്രസിദ്ധീകരിച്ചു. മാറ്ററിനേക്കാൾ കൂടുതലായി ഉപയോഗിച്ച ആശയങ്ങളുടെ സമതുല്യതക്കാണ് എബ്രായ പദ്യത്തിൽ മുൻഗണനന. ബിഷപ്പ് ലോത്ത് ഉപയോഗിച്ച പദപ്രയോഗമാണ് 'പാരലലിസം.' എബ്രായ പദ്യത്തിന്റെ സവിശേ

ഷതകളിൽ ഏറ്റവും ശ്രേഷ്ഠമായത് അതാണ്.

1) വാക്കുകൾക്കും, പദപ്രയോഗങ്ങൾക്കും സമാന്തരമായി ഭിന്നമായ പദങ്ങളും പദപ്രയോഗങ്ങളും ഉപയോഗിക്കുന്ന രീതി പ്രചാരത്തിൽ വന്നു.

"ഭൂമിയും അതിന്റെ പൂർണ്ണതയും
ഭൂതലവും അതിന്റെ നിവാസികളും യഹോവയ്ക്കുള്ളതാകുന്നു.
സമുദ്രങ്ങളുടെമേൽ അവൻ അതിനെ സ്ഥാപിച്ചു.
നദികളുടെമേൽ അവൻ അതിനെ ഉറപ്പിച്ചു.
യഹോവയുടെ പർവ്വതത്തിൽ ആർ കയറും?
അവന്റെ വിശുദ്ധസ്ഥലത്ത് ആർ നിൽക്കും?" (സങ്കീ. 24:1–3).

2, 4, 6 എന്നീ വരികളിൽ പുതുതായി ആശയങ്ങളൊന്നും നൽകാതെ 1, 3, 5 എന്നിവയിലെ ആശയങ്ങൾ അതേപടി ഭിന്നമായ പദങ്ങളുടെ സഹായത്തോടെ ആവിഷ്ക്കരിക്കുകയാണ് ചെയ്തിരിക്കുന്നത്. 1, 2 എന്നീ ലൈനുകളിൽ ദൈവം ലോകത്തിന്റെ അധിപനാണെന്നും 3, 4 എന്നീ വാക്യങ്ങളിൽ ദൈവിക ആധിപത്യം സമുദ്രങ്ങളുടെ മേലും, നദികളുടെമേലും ഉണ്ടെന്നും 5, 6 എന്നീ വാക്യങ്ങളിൽ ദൈവത്തിന്റെ ദേവാലയത്തിലേക്കുള്ള പ്രവേശനത്തിന്റെ വ്യവസ്ഥകൾ എന്താണെന്നും ചൂണ്ടിക്കാണിക്കുന്നു.

രണ്ടാമത്തെ അടി, ആദ്യ അടിയുടെ ആവർത്തനമാണ്. ഭൂമിയും, ലോകവും സമാന്തരമായിട്ട് ചിത്രീകരിക്കുന്നു. നദികളും, കടലും, തമ്മിലുള്ള സാദൃശ്യവും, കുന്നും വിശുദ്ധസ്ഥലവും തമ്മിലുള്ള താരതമ്യവും ശ്രദ്ധേയമാണ്.

19–ാം സങ്കീർത്തനം വേറൊരു ഉദാഹരണമാണ്.

"ആകാശം ദൈവത്തിന്റെ മഹത്വത്തെ വർണ്ണിക്കുന്നു.
ആകാശവിതാനം അവന്റെ കൈവേലയെ പ്രസിദ്ധമാക്കുന്നു.
പകൽ പകലിനും വാക്കു പൊഴിക്കുന്നു.
രാത്രി രാത്രിക്കു അറിവു കൊടുക്കുന്നു."

8–ാം സങ്കീർത്തനം 3–ാം വാക്യം. ആകാശത്തെയും, അതിനോട് ചേർന്നു ചന്ദ്രനെയും, നക്ഷത്രങ്ങളെയും വിവരിക്കുന്നു. ആദ്യത്തെ അടിയിൽ വിരലുകളുടെ പണിയെന്നും, രണ്ടാമത്തേതിൽ അതിന്റെ പര്യായമായി നീ ഉണ്ടാക്കിയതെന്നും പരാമർശിക്കുന്നു.

ഒരു വിഷയത്തെക്കുറിച്ച് ഭിന്നമായ പദങ്ങളുടെ സഹായത്തോടെ രണ്ടു രീതിയിൽ വിവരണം നൽകുന്നു. രണ്ടാമത്തെ അടിയിൽ ആദ്യത്തേതിനേക്കാൾ കൂടുതലായി ചില കാര്യങ്ങൾ കൂടെ കാണാം. ആദ്യത്തേ

തിൽ ആകാശവും, രണ്ടാമത്തേതിൽ, ആകാശത്തിൽ ഉള്ള ചന്ദ്രനും, നക്ഷത്രങ്ങളും എഴുത്തുകാരന്റെ ശ്രദ്ധ പിടിച്ചു പറ്റുന്നു. രാത്രിയിൽ, ആകാശത്തിൽ എന്താണ് കാണപ്പെടുന്നതെന്ന് രേഖപ്പെടുത്തുന്നു.

2) രണ്ടാമത്തെ വിഭാഗത്തിൽ, സമീകരണം സാധിക്കുന്നത് വിപരീത പദങ്ങൾ ഉപയോഗിച്ചോ, നിഷേധാർത്ഥം വരുന്ന ഉപമകളോ, പദങ്ങളോ സഹായത്തിനെടുത്തോ ആണ്. മിക്ക സന്ദർഭങ്ങളിലും, ആദ്യത്തെ അടിയോട് ഭിന്നമായതോ, കടകവിരുദ്ധമായതോ പദപ്രയോഗങ്ങൾ കാണാം.

സങ്കീ. 1:6

"യഹോവ നീതിമാന്മാരുടെ വഴി അറിയുന്നു.
ദുഷ്ടന്മാരുടെ വഴിയോ നാശകരം ആകുന്നു."

ആദ്യത്തെ ലൈനിൽ നീതിമാന്മാരും, അവരോട് താരതമ്യപ്പെടുത്തി രണ്ടാമത്തേതിൽ ദുഷ്ടന്മാരെയും പരാമർശിക്കുന്നു.

സങ്കീ. 20:7

"ചിലർ രഥങ്ങളിലും ചിലർ കുതിരകളിലും ആശ്രയിക്കുന്നു.
ഞങ്ങളോ ഞങ്ങളുടെ ദൈവമായ യഹോവയുടെ നാമത്തെ കീർത്തിക്കും."

രഥങ്ങളിലും കുതിരകളിലും ആശ്രയിക്കുന്നവരെ ദൈവമായ യഹോവയിൽ ആശ്രയിക്കുന്നവരോട് താരതമ്യപ്പെടുത്തി, ശ്രേഷ്ഠത ചൂണ്ടിക്കാണിക്കുന്നു.

സങ്കീ. 34:10

"ബാലസിംഹങ്ങളും ഇര കിട്ടാതെ വിശന്നിരിക്കുന്നു.
യഹോവയെ അന്വേഷിക്കുന്നവർക്കോ ഒരു നന്മയ്ക്കും കുറവില്ല."

സദൃ. 25:2

"കാര്യം മറെച്ചുവയ്ക്കുന്നത് ദൈവത്തിന്റെ മഹത്വം. കാര്യം ആരായുന്നതോ രാജാക്കന്മാരുടെ മഹത്വം."

മറച്ചുവെയ്ക്കുന്നത്, ആരായുന്നതിനോട് താരതമ്യപ്പെടുത്തുന്നു.

സദൃ. 14:20

"ദരിദ്രനെ കൂട്ടുകാരൻപോലും പകയ്ക്കുന്നു.
ധനവാനോ വളരെ സ്നേഹിതന്മാർ ഉണ്ട്."

ദരിദ്രന്റെയും, ധനവാന്റെയും സ്ഥിതി താരതമ്യം നടത്തുന്നു.

3) രണ്ടാമത്തെ ലൈൻ ആദ്യത്തെ ലൈനിന്റെ ആശയം വിപുലപ്പെടുത്തുകയോ, പൂർത്തീകരിക്കുകയോ ആവാം.

സങ്കീ. 2:6

"എന്റെ വിശുദ്ധ പർവ്വതമായ സീയോനിൻ
ഞാൻ എന്റെ രാജാവിനെ വാഴിച്ചിരിക്കുന്നു."

വിശുദ്ധ പർവ്വതമായ സീയോനിൽ, രാജാവിനെ വാഴിച്ചിരിക്കുന്ന സംഭവം കൂട്ടിച്ചേർക്കുന്നു. ഈ ഗണത്തിൽ ആരോഹണമായോ, അവരോഹണമായോ വിവരണം കാണാം.

സങ്കീ. 1:3

"അവൻ, ആറ്ററികത്ത് നട്ടിരിക്കുന്നതും
തക്കകാലത്തു ഫലം കായ്ക്കുന്നതും
ഇലവാടാത്തതുമായ വൃക്ഷംപോലെ ഇരിക്കും
അവൻ ചെയ്യുന്നതൊക്കെയും സാധിക്കും."

ആറ്ററികത്തെ വൃക്ഷത്തെക്കുറിച്ച് ആദ്യം പ്രതിപാദിച്ചിരിക്കുന്നു. രണ്ടാമത്തെ ലൈനിൽ തക്കസമയത്ത് ഫലം കായ്ക്കുന്നതിനെക്കുറിച്ചു പറയുന്നു. മൂന്നാമത്തെ ലൈനിൽ ഇലവാടാത്ത വൃക്ഷത്തെ ഉപമിക്കുന്നു. ക്രമാനുഗതമായി കൂടുതൽ കൂടുതൽ വിവരങ്ങൾ നൽകി ആശയത്തിന്റെ ഗാംഭീര്യവും, വിപുലതയും കൂട്ടുന്നു.

4) എബ്രായ അക്ഷരങ്ങൾ ഓരോന്നായി, ഓരോ ലൈനിൽ ആരംഭിക്കുന്ന വാക്കുകൾ കാണുന്നു.

സങ്കീർത്തനം 9, 10, 25, 34, 37, 111, 112, 119, 145 ഉദാഹരണങ്ങളാണ്. എബ്രായലിപിയിലെ 22 അക്ഷരങ്ങളും ഉള്ള വാക്കുകൾ ലിപിയുടെ ക്രമമനുസരിച്ച് 111, 112, 119 സങ്കീർത്തനങ്ങളിൽ കാണാം. 119-ാം സങ്കീർത്തനത്തിൽ, 8 വാക്യങ്ങളുള്ള 22 ഗ്രൂപ്പുകൾ ഉണ്ട്. ആദ്യത്തേതിൽ ആലഫ് എന്നും, രണ്ടാമത്തേതിൽ ബേത് എന്നും ആരംഭിക്കുന്ന വാക്കുകൾ ഓരോ ലൈനിന്റെയും ആരംഭത്തിൽ ഉണ്ട്. അവസാനത്തെ ഗ്രൂപ്പ് എബ്രായ ലിപിയിലെ അവസാനത്തെ അക്ഷരമായ താവിൽ കാണാം. 145-ാം സങ്കീർത്തനത്തിൽ, ആലെഫ് മുതൽ താവ് വരെയുള്ള വാക്കുകൾ ഓരോ ലൈനിന്റെയും ആരംഭത്തിൽ കാണാം. വിലാപങ്ങൾ വേറൊരു ഉദാഹരണമാണ്.

B. എബ്രായ പദ്യസാഹിത്യത്തിന്റെ വേറൊരു പ്രത്യേകത അലങ്കാര പ്രയോഗമാണ്. ദൈവത്തെ ആട്ടിടയനായിട്ട് ചിത്രീകരിച്ചിട്ടുണ്ട്. ഇടയനും ആടുകളും തമ്മിലുള്ള ബന്ധം ശരിയായി അറിയുന്ന ഇസ്രായേൽക്കാ

ർക്ക് വളരെ ആകർഷണീയമായ ഒരുത്തമ ഉദാഹരണമായിരുന്നു അത് (സങ്കീ. 23).

ആവർത്തിക്കപ്പെടുന്ന ചരണം, ദൈവത്തിന്റെ സ്നേഹവും, കൃപയും കേന്ദ്രീകരിച്ചുള്ളതാണ് (സങ്കീ. 107, 8, 15, 21, 31).

അസാധാരണ വാക്കുകൾ പദ്യഭാഗത്ത് കാണുന്നു. ലെവിയാഥാനെ തിന്മയുടെയും, അരാജകത്വത്തിന്റെയും മൂർത്തീകരണമായി പരാമർശിക്കുന്നു (സങ്കീ. 74:14).

അന്നത്തെ സാഹചര്യത്തിൽ നിന്ന് അടർത്തിയെടുത്ത ഉപമകളും, വാക്യങ്ങളും കവി ഉപയോഗിച്ചിരിക്കുന്നു. സംഗീതജ്ഞൻ വീണയും, കിന്നരവും കീർത്തനത്തിന് ഉപയോഗിക്കുന്നത് (സങ്കീ. 57:8), മണവാളൻ മണവറയിൽ നിന്നു പുറപ്പെടുന്നത് (സങ്കീ. 19:5), ഭടന്മാർ വിജയശ്രീലാളിതരായി കൊടി ഉയർത്തുന്നത് (സങ്കീ. 20:5), യുദ്ധത്തിൽ രഥങ്ങളും കുതിരകളും ഉപയോഗിക്കുന്നത് (സങ്കീ. 20:17), ആഘോഷത്തോടെയുള്ള രാജാവിന്റെ വരവേല്പ് (സങ്കീ. 24:7-10), ദീപനാളത്തെ തെളിയിക്കുന്നത് (സങ്കീ. 18:28), അമ്മ കുഞ്ഞിനെ പോറ്റുന്നത് (സങ്കീ. 8:2), വെള്ളം തൂകിപ്പോകുന്നത് (സങ്കീ. 22:14), കുശവന്റെ പാത്രം വീണ്ടും തകരുന്നത് (സങ്കീ. 2:9), ദുഷ്ടന്മാർ ഇരുട്ടത്ത് വിഹരിക്കുന്നത് (സങ്കീ. 11:2) തുടങ്ങിയവ എല്ലാംതന്നെ ഇസ്രായേൽക്കാരുടെ ജീവിതത്തെയും ജീവിത സാഹചര്യത്തെയും യഥാർത്ഥമായി പ്രതിഫലിപ്പിക്കുന്നതാണ്.

ദൈവത്തെക്കുറിച്ച് പരാമർശിക്കുന്ന ഭാഗങ്ങളിൽ അലങ്കാരഭാഷ കൂടുതലായി കാണാവുന്നതാണ്.

സങ്കീ. 2:4-5.

"സ്വർഗ്ഗത്തിൽ വസിക്കുന്നവർ ചിരിക്കുന്നു.
കർത്താവ് അവരെ പരിഹസിക്കുന്നു.
അന്ന് അവൻ കോപത്തോടെ അവരോട് അരുളിച്ചെയ്യും.
ക്രോധത്തോടെ അവരെ ഭ്രമിപ്പിക്കും."

നീതിമാന്മാർ ഉണ്ടോയെന്ന് അറിയുവാൻ ദൈവം സ്വർഗ്ഗത്തിൽ നിന്ന് നോക്കുന്നു.

സങ്കീ. 14:2.

"ദൈവത്തെ അന്വേഷിക്കുന്ന ബുദ്ധിമാനുണ്ടോ എന്നു കാണ്മാൻ
യഹോവ സ്വർഗ്ഗത്തിൽനിന്നു മനുഷ്യപുത്രന്മാരെ നോക്കുന്നു."

സങ്കീ. 3:7-8.

"നീ എന്റെ ശത്രുക്കളെ ഒക്കെയും ചെകിട്ടത്തടിച്ചു.
നീ ദുഷ്ടന്മാരുടെ പല്ലു തകർത്തു കളഞ്ഞു."

സങ്കീ. 11:6.

ദൈവം മനുഷ്യനെ പരിശോധിച്ചു. ദുഷ്ടനെ ശിക്ഷിക്കുന്ന രീതി, ആലങ്കാരികമായി വിവരിക്കുന്നു.

"യഹോവ നീതിമാനെ ശോധന ചെയ്യുന്നു...
ദുഷ്ടന്മാരുടെമേൽ അവൻ കണികളെ വർഷിപ്പിക്കും.
തീയും, ഗന്ധകവും ഉഷ്ണക്കാറ്റും അവരുടെ
പാനപാത്രത്തിലെ ഓഹരിയാക്കും."

ദൈവം കോപിക്കുമ്പോൾ ഉള്ള ഭാവപ്രകടനങ്ങൾ വിവിധ രീതിയിൽ അവതരിപ്പിക്കുന്നു.

സങ്കീ. 18:7–8.

"ഭൂമി ഞെട്ടി വിറച്ചു, മലകളുടെ അടിസ്ഥാനങ്ങൾ ഇളകി.
അവൻ കോപിക്കയാൽ അവ കുലുങ്ങിപ്പോയി.
അവന്റെ മൂക്കിൽനിന്ന് പുക പൊങ്ങി
അവന്റെ വായിൽ നിന്നു തീ പുറപ്പെട്ടു ദഹിപ്പിച്ചു."

പദ്യസാഹിത്യത്തിൽ വളരെയധികം ഉപമകളും, രൂപകാലങ്കാരങ്ങളും ഉണ്ട്. ഉദാഹരണമായി ഒരു അലങ്കാര പ്രയോഗമാണ്, കോട്ട, പാറ എന്നുള്ളത്.

സങ്കീ. 18:2.

"യഹോവ എന്റെ ശൈലവും എന്റെ കോട്ടയും എന്റെ രക്ഷകനും
എന്റെ ദൈവവും ഞാൻ ശരണമാക്കുന്ന എന്റെ പാറയും
എന്റെ പരിചയും എന്റെ രക്ഷയായ കൊമ്പും എന്റെ ഗോപുരവും ആകുന്നു."

ആവ. 32:11

"കഴുകൻ തന്റെ കൂട് അനക്കി
കുഞ്ഞുങ്ങൾക്കു മീതെ പറക്കുമ്പോലെ
താൻ ചിറകു വിരിച്ചു അവനെ എടുത്തു
തന്റെ ചിറകിന്മേൽ അവനെ വഹിച്ചു."

ഇതുപോലെയുള്ള അലങ്കാരപ്രയോഗങ്ങൾ ആക്ഷരികമായി വ്യാഖ്യാനിച്ചാൽ, എഴുത്തുകാരൻ വിവക്ഷിക്കുന്ന ആശയം ഗ്രഹിക്കുവാൻ സാധിക്കുകയില്ല. ചുറ്റുപാടുള്ള കാര്യങ്ങളെ നിരീക്ഷിച്ചു ദൈവത്തിന്റെ കരു

ണയും, കൃപയും ജീവിതത്തിൽ അനുഭവിച്ചറിഞ്ഞതിന്റെ വെളിച്ചത്തി ലാണ് പ്രതിപാദനങ്ങൾ.

C) എബ്രായ പദ്യസാഹിത്യത്തിന്റെ വേറൊരു പ്രത്യേകത ഊന്നൽ കൊടുത്തു ഉച്ചരിക്കേണ്ട സ്വരങ്ങളാണ്. ഒരു ലൈനിൽ ഒരെണ്ണം തറ പ്പിച്ചും മറ്റൊന്നു അല്ലാതെയുമുള്ള ഗണങ്ങൾ കാണാം. ചുറ്റുപാടും കഴി ഞ്ഞിരുന്ന സമൂഹങ്ങൾക്കും പദ്യ സാഹിത്യമുണ്ടായിരുന്നു. ഉഗാറിത്തിലെ പദ്യങ്ങളുടെ ചില പ്രത്യേകതകൾ കണക്കിലെടുക്കുന്നത് എബ്രായ പദ്യ സാഹിത്യത്തിന്റെ സവിശേഷതകളെ ഗ്രഹിക്കുവാനും, ആന്തരീകമായ അർത്ഥം മനസ്സിലാക്കുവാനും സാധിക്കും.

ഗദ്യത്തിൽ നിന്നു ഭിന്നമായി പല കാര്യങ്ങളും പദ്യത്തിൽ കാണാം. കവിയുടെ ലോകം വിശാലമാണ്, വിസ്തൃതമാണ്. അതിൽ ഭാവനയ്ക്ക് സുപ്രധാനമായ സ്ഥാനമുണ്ട്. കാല്പനികത, വിശാലമായ ഒരു വീക്ഷ ണത്തിലേക്ക് കവിയെ ആനയിക്കുന്നു. വികാര തരളിതനാക്കുകയും, വിവിധ രീതിയിലുള്ള ചിന്താധാരകൾക്ക് ഉത്തേജനം നൽകുകയും ചെയ്യുന്നു. വികാരം, വിചാരത്തിലേയ്ക്കും വിചാരം, മനനം ചെയ്യുവാനും പ്രേരിപ്പിക്കുന്നു. വിവിധ അനുഭവങ്ങൾ, സ്ഥലകാലത്തിന് അതീതമായ ചില സന്ദേശങ്ങൾ നൽകുന്നു. സ്ഥലത്തിനും, കാലത്തിനും നിബദ്ധമാ യതും, അതീതമായതുമായ കാര്യങ്ങൾ കവി കൈകാര്യം ചെയ്യുന്നു. കവിയുടെ ജീവിത വീക്ഷണവും, ദൈവത്തെക്കുറിച്ചുള്ള ചിന്തയും കണ ക്കിലെടുത്താൽ മാത്രമേ എഴുത്തുകാരന്റെ വൈകാരികമായ ചടുലതയും കാഴ്ചപ്പാടും മനസ്സിലാക്കുവാൻ സാധിക്കുകയുള്ളു.

കവിയുടെ സ്വാനുഭവങ്ങൾ, മറ്റുള്ളവർക്കു ഉൾക്കരുത്തും, ഉത്തേജ നവും നൽകുവാൻ, പതറുന്ന മനസ്സിന് ശക്തി നൽകുവാൻ സഹായക മാണ്. ചില അനുഭവങ്ങൾ വിവരിക്കുമ്പോൾ കവിയുടെ, തുടിപ്പും, കിതപ്പും അതേ രീതിയിൽ ഹൃദയസ്പർശിയായി ഉൾക്കൊള്ളുവാൻ വായ നക്കാർക്കു സാധിക്കും. നൂറ്റാണ്ടുകളുടെ വരമ്പുകൾ അതിജീവിച്ച കവി യുടെ ചിന്താലോകത്തിലേയ്ക്ക് പ്രവേശിച്ച്, കവി കണ്ടതും കേട്ടതും അനുഭവിച്ചതുമായ അനുഭൂതികൾ ജീവിതത്തിൽ യാഥാർത്ഥ്യമാക്കു വാൻ ഗദ്യത്തേക്കാൾ പദ്യത്തിന് സാധ്യതയുണ്ട്. യാതനകളും വേദന കളും അനുഭവിക്കുമ്പോൾ ചില മാർഗ്ഗദർശനങ്ങൾ നൽകി ആശ്വാസം നൽകുവാൻ അവയുടെ ധ്യാനവും പഠനവും ആലാപനവും സഹായി ക്കുന്നു.

### വെളിപ്പാട് - സാഹിത്യം

രഹസ്യമായ കാര്യങ്ങൾ വെളിവാക്കുക, ഗൂഢമായി സൂക്ഷിച്ചിരുന്ന വസ്തുതകൾ വ്യക്തമാക്കുക, മറയ്ക്കപ്പെട്ടിരുന്നതിനെ അനാച്ഛാദനം

ചെയ്ത് പരസ്യമാക്കുക എന്നീ ആശയങ്ങൾ വെളിപ്പാടിനോട് ബന്ധപ്പെട്ടവയാണ്. പ്രവചനത്തിന്റെ ശിശുവായി വെളിപ്പാടിനെ ചില വേദപണ്ഡിതന്മാർ കരുതുന്നു. പഴയനിയമ പ്രവചനം മലാഖിയോടെ അവസാനിച്ചപ്പോൾ വെളിപ്പാട് സാഹിത്യ വക്താക്കൾ രംഗപ്രവേശനം നടത്തി.

## ചരിത്രപരമായ സാഹചര്യം

ദൈവിക വെളിപ്പാടും ചരിത്രവും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. നിർണ്ണായകഘട്ടങ്ങളിൽ, വെളിപ്പാടു പുസ്തകങ്ങൾ ദൈവിക സന്ദേശം ദർശകർക്കു ലഭിച്ചതിനെ വിശദമായി വിവരിക്കുന്നു. ചരിത്രപരമായ സംഭവങ്ങളോട് ബന്ധപ്പെട്ടതാണ് പ്രവചനവും വെളിപ്പാടും. ദൈവഹിതം എങ്ങനെ മനസ്സിലാക്കാമെന്ന് രണ്ടു കൂട്ടരും രണ്ടു രീതിയിൽ പഠിപ്പിക്കുന്നു.

വിദൂര ഭാവിയിലോ, അനതിവിദൂര ഭാവിയിലോ സംഭവിക്കാനിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് പ്രവാചകർ മുൻകൂട്ടി പ്രഖ്യാപനങ്ങൾ നടത്തി. അതോടൊപ്പം തന്നെ സമകാലീന സംഭവങ്ങളുടെ പ്രധാന്യത്തെക്കുറിച്ചും, ദൈവഹിതം എന്താണെന്നും അനുവാചകരെ ബോധ്യപ്പെടുത്തി. ദൈവിക ബന്ധത്തിലേക്കും, കൂട്ടായ്മയിലേക്കും തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തെ കൊണ്ടുവരേണ്ടതിന്റെ പ്രാധാന്യം ഉൾക്കൊണ്ട് അവർ പ്രതീകാത്മ പ്രവൃത്തികൾ മൂലവും, നിലവിലിരുന്ന വിവിധ സാഹിത്യ മാധ്യമങ്ങൾ ഉപയോഗിച്ചും അവരുടെ ദൗത്യം നിർവ്വഹിച്ചു. അവർ പ്രവർത്തിച്ചിരുന്ന ചരിത്രപരമായ സാഹചര്യങ്ങളോട് ബന്ധപ്പെടുത്തി പ്രഖ്യാപനങ്ങൾ നടത്തി. ചില അരുളപ്പാടുകൾ ന്യായവിധിയുടെയും മറ്റു ചിലത്, ആശ്വാസത്തിന്റെയും സന്ദേശങ്ങൾ ആയിരുന്നു. സന്ദേശങ്ങൾക്ക് കാലികവും അനന്തവുമായ സാംഗത്യമുണ്ട്.

പ്രവാചകന്മാരും വെളിപ്പാടു വക്താക്കളും ദൈവഹിതം വ്യക്തമാക്കാനും, മാനസാന്തരത്തിന് സഹായകമായ ദൂത് നൽകുവാനും ശ്രമിച്ചു.

പ്രവാചകന്മാരിൽ നിന്ന് ഭിന്നമായ ചില രീതികളും പ്രതിപാദന വൈവിധ്യവും ദർശകരുടെ വിവരണങ്ങളിൽ കാണാം. പ്രതിലോമപരമായ പ്രതികൂല സാഹചര്യത്തിൽ സമകാലീനരെ ധൈര്യപ്പെടുത്തുവാനും വിശ്വാസത്തിൽ തളരാതെ പിടിച്ചു നിർത്തുവാനും അവരുടെ എഴുത്തുകൾ സഹായകമായിരുന്നു. അന്തിയോക്കസ് എപ്പിഫാനസ് രാജാവിന്റെ പീഡനവും, വിനാശകരമായ പ്രതികൂല നിലപാടും യഹൂദന്മാരുടെ വിശ്വാസത്തിന് കടുത്ത അഗ്നിപരിശോധനയായി. നൂറ്റാണ്ടുകളായി രക്തം ചിന്തി, കാത്ത് സംരക്ഷിച്ച് മുറുകെപിടിച്ചിരുന്ന യഹോവ വിശ്വാസം നിലനിർത്തണോ, അന്തിയോക്കസ് എപ്പിഫാനസിന്റെ ഭീഷ

ണിക്കു വിധേയമായി ഒളിംപ്യൻ സീയൂസ് ദേവന്റെ വിഗ്രഹാരാധന സ്വീകരിക്കണോയെന്ന വെല്ലുവിളി ഉയർന്നു. ഇത്തരുണത്തിലാണ് സമകാലീനരെ ഉറപ്പിക്കാൻ ദാനിയേൽ മുതലായ പുസ്തകങ്ങൾ രൂപം പ്രാപിച്ചത്.

## വെളിപ്പാടു പുസ്തകങ്ങളുടെ സവിശേഷതകൾ

യഥാർത്ഥ ഗ്രന്ഥകർത്താവിന്റെ പേരു പറയാതെ യഹൂദ ചരിത്രത്തിലും, പാരമ്പര്യത്തിലും സമുന്നത സ്ഥാനവും അംഗീകാരവും നേടിയ മഹാരഥന്മാരുടെയും, പിതാക്കന്മാരുടെയും പേരുകളുമായി ബന്ധപ്പെടുത്തി അവ എഴുതി സൂക്ഷിച്ചു. പ്രവാചകന്മാർ, ദൈവത്തിന്റെ അരുളപ്പാട് പ്രഖ്യാപിക്കുന്നതിലാണ് മുൻഗണന നൽകിയത്. ചില പ്രത്യേക സന്ദർഭങ്ങളിൽ എഴുതി സൂക്ഷിച്ചതായും കാണാം. എന്നാൽ വെളിപ്പാടു വക്താക്കൾ ദൈവവചനം പ്രഖ്യാപിക്കുന്നതിനേക്കാൾ ഉപരിയായി അവർക്കു ലഭിച്ച വിവരങ്ങൾ എഴുതി രഹസ്യമായി സൂക്ഷിച്ചു. ദൈവവുമായി പ്രത്യേക ബന്ധമുള്ള ദർശകർക്കാണ് മാലാഖമാർ മുഖാന്തിരം അത് വെളിപ്പെടുത്തി കൊടുത്തത്. എന്തുകൊണ്ടാണ് യഥാർത്ഥ പേരു പറയാതിരുന്നത്? ഭിന്നമായ ന്യായീകരണങ്ങൾ പഴയനിയമ പണ്ഡിതന്മാർ അതിൽ നൽകുന്നു. 1. എബ്രായ വേദപുസ്തകത്തിന്റെ രണ്ടാം ഭാഗമായ പ്രവചനഗണം കാലക്രമത്തിൽ അംഗീകരിക്കപ്പെട്ട് അതിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളുടെ എണ്ണം നിജപ്പെടുത്തിക്കഴിഞ്ഞിരുന്നു. വേദപുസ്തകഗണത്തിൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിന് പേരും, പ്രശസ്തിയുമുള്ള അബ്രഹാം, മോശ, ഹാനോക്ക്, ദാനിയേൽ എന്നീ കഥാപാത്രങ്ങളോട് ബന്ധപ്പെടുത്തി അവ എഴുതി സൂക്ഷിച്ചു. അതുകൊണ്ടാണ് ദാനിയേലിനെ പ്രവാചകഗണത്തിൽ ഉൾപ്പെടുത്താതെ എഴുത്തുകളുടെ വിഭാഗത്തിൽപ്പെടുത്തിയത്.

ii) യഹൂദ സമൂഹത്തിന് അന്തിയോക്കസ് മുതലായ രാജാക്കന്മാരിൽ നിന്ന് പോരാട്ടവും, പീഡനവും നേരിട്ടിരുന്നതുകൊണ്ട് അപകടകരമായ സാഹചര്യം നിലവിലിരുന്നു. അതുകൊണ്ട് യഥാർത്ഥ എഴുത്തുകാരന്റെ പേരു പറയാതെ വിഖ്യാതി നേടിയ പ്രവാചകന്മാരുടെയോ പിതാക്കന്മാരുടെയോ പേരിൽ അവ അവതരിപ്പിച്ചു.

ചരിത്രത്തെക്കുറിച്ചുള്ള വീക്ഷണത്തിൽ പ്രവാചകന്മാരും, വെളിപ്പാട് സാഹിത്യവക്താക്കളും തമ്മിൽ അന്തരം കാണാം. ദൈവിക പ്രവർത്തനത്തിന്റെ മണ്ഡലമായി ചരിത്രത്തെ രണ്ടു കൂട്ടരും കാണുന്നു. ആനുകാലിക ജീവിതത്തിൽ ദൈവം നേരിട്ട് ഇടപെട്ട് വിവിധ സംഭവങ്ങളെ ദൈവഹിതത്തിന് വിധേയമായി നിയന്ത്രിക്കുമെന്നും പ്രധാന ലക്ഷ്യത്തിലേക്ക് നയിക്കുമെന്നും പ്രവാചകന്മാർ പഠിപ്പിച്ചു. ആദ്യകാല പ്രവാചക

രിൽ സമീപകാലത്തുള്ള ഭാവികാര്യങ്ങൾക്കായിരുന്നു മുൻതൂക്കം. കാല ക്രമേണ അതിവിദൂര ഭാവിയിലുണ്ടാകുന്ന കാര്യങ്ങളെക്കുറിച്ചുള്ള പ്രവചനങ്ങൾക്ക് ആക്കം വർദ്ധിച്ചു. വെളിപ്പാടു വക്താക്കളും അവരുടെ സമകാലീന പ്രശ്നങ്ങളെ ദൈവം നയിച്ച് നിയന്ത്രിക്കുന്നുവെന്നു വിശ്വ സിച്ചു. അവർക്കു മുമ്പു ജീവിച്ചിരുന്നവരും അംഗീകാരം നേടിയവരു മായ മഹാരഥന്മാരുടെ പേരിൽ കഴിഞ്ഞകാല ചരിത്രത്തിന്റെ അടിസ്ഥാ നത്തിൽ വ്യാഖ്യാനം നൽകി. ഭാവി പ്രവചനമായിട്ട് ചിത്രീകരിച്ചു. ചരി ത്രത്തെ വിവിധ കാലങ്ങളായി തരംതിരിച്ചു അവതരിപ്പിച്ചു.

പ്രവാചകന്മാരുടെ പ്രവചനങ്ങളിൽ കാണുന്ന വീക്ഷണം ചുറ്റുപാടു മുള്ള സമൂഹങ്ങളെ കേന്ദ്രീകരിച്ചുള്ളതാണ്. അസ്സീറിയ, ഈജിപ്ത്, ബാബിലോൺ, പേർഷ്യ എന്നീ രാജാക്കന്മാരെക്കുറിച്ചും, രാജാക്കന്മാരെ ആസ്പദമാക്കിയും പരാമർശങ്ങൾ കാണാം. എന്നാൽ വെളിപ്പാട് വക്താ ക്കൾക്ക് അതിൽ നിന്നും ഒരു പടി കൂടി മുമ്പോട്ടു കടന്നു വ്യാപകമായ വീക്ഷണം ഉണ്ട്. പ്രത്യേക സംഭവങ്ങളെ മാത്രം ചൂണ്ടിക്കാണിക്കാതെ ചരിത്രത്തെ വിവിധ യുഗങ്ങളായി തരംതിരിച്ചു അവതരിപ്പിച്ചു. സമീപ വാസികളായ സോറൊസ്റ്ററിയൻ ചിന്താഗതിക്കാരുടെ യുഗാന്ത്യചിന്ത യുടെ സ്വാധീനവും ദർശിക്കാം. ദൈവത്തിന്റെ നിയന്ത്രണത്തെക്കുറിച്ച് പ്രതിപാദിക്കുന്നതിലും അവർ ശ്രദ്ധയും, താൽപര്യവും കാട്ടി.

വെളിപ്പാട് വക്താക്കൾക്ക് ദർശനത്തിൽ കൂടെയാണ് ദൈവത്തിന്റെ ഹിതം വെളിവാകുന്നത്. അർത്ഥം ഗ്രഹിക്കാൻ വൈഷമ്യമുള്ള കാര്യ ങ്ങൾക്ക് പൊരുൾ തിരിക്കാൻ അതോടൊപ്പം തന്നെ പ്രാവീണ്യമുള്ള ഒരു വ്യാഖ്യാതാവ് രംഗപ്രവേശം ചെയ്തു. ദർശനത്തിന്റെ അർത്ഥം അനു വാചകർക്കു വ്യക്തമാക്കിക്കൊടുത്തു. വേറൊരു രീതിയിൽ പറഞ്ഞാൽ, ദൈവം മുൻകൂട്ടി നിയമിച്ച ചരിത്രത്തിന്റെ ചുരുൾ അഴിക്കലാണ് വെളി പ്പാട് പുസ്തകങ്ങളിൽ കാണുന്നത്. ദാനിയേലിന്റെ പുസ്തകത്തിൽ കാല ത്തിന്റെ അന്ത്യത്തെക്കുറിച്ച് പ്രസ്താവനയുണ്ട്. ഈ യുഗത്തിന് അവ സാനം വരും. പുതിയൊരു യുഗം ഉടൻതന്നെ ഉദ്ഘാടനം ചെയ്യപ്പെടും. സമകാലീന യുഗം, യാതൊരു പ്രതീക്ഷയുമില്ലാത്തവിധം അധഃപതിച്ചി രിക്കുന്നു. പുതുതായി ആരംഭിക്കുന്ന യുഗം പ്രത്യാശ നൽകുന്ന രക്ഷ യുടെ യുഗമായിരിക്കും. നന്മയും, തിന്മയും തമ്മിൽ പോരാട്ടമുണ്ടാകും. ദീർഘനാളത്തെ യുദ്ധത്തിന് ശേഷം, ദൈവത്തിന്റെ അത്ഭുതകരമായ ശക്തിയാൽ, നേരിട്ടുള്ള ഇടപെടൽ മൂലം നന്മ വിജയം വരിക്കും.

പ്രവാചകന്മാർ ദൈവിക അരുളപ്പാടിന്റെ പ്രഖ്യാപകന്മാർ മാത്രമല്ല; എല്ലാ പ്രവർത്തനങ്ങളിലും അവർ സജീവമായി പങ്കെടുത്തു. രാഷ്ട്രീയ രംഗത്ത് ദൈവത്തിന്റെ അഭിഷിക്തന്മാരെ ഉപദേശിക്കുകയും, ശാസിക്കു

കയും, ന്യായവിധി അവരുടെമേൽ ഉണ്ടാകുമെന്ന് താക്കീത് നൽകി ദൈവിക വഴിയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. ദാവീദിന്റെ താവഴിയിൽപ്പെട്ടവർക്കു വാഗ്ദത്തമനുസരിച്ച് രാജഭരണം നടത്താൻ കഴിയുമെന്ന് പറഞ്ഞ് ആശ്വസിപ്പിക്കുകയും, സത്യത്തിന്റെ സാക്ഷികളായി ദൈവദാസന്മാരായി പ്രവർത്തിക്കാൻ ഉപദേശിക്കുകയും ചെയ്തു. മക്കാബിമാരുടെ കാലമായപ്പോഴേക്കും വെളിപ്പാട് വക്താക്കൾ രംഗപ്രവേശം ചെയ്തു. അഭിഷിക്തന്മാരല്ല ഭരിക്കുന്നത്, യഹോവ തന്നെ നേരിട്ട് രാജഭരണം നടത്തുമെന്നും, നേരിട്ട് ഇടപെട്ട് പുതിയ യുഗം സൃഷ്ടിക്കുമെന്നും എഴുതി. ഭക്തരായവർക്കു മേന്മയേറിയ ജീവിതം നൽകുമെന്നും ഉറപ്പിച്ചു പറഞ്ഞു.

ചരിത്രത്തിന്റെ ഗതിവിഗതികളെ കുറിച്ച് ദൈവം തന്നെ മുൻകൂട്ടി തീരുമാനിച്ചിരിക്കുന്നു. അതിനെ മാറ്റുവാൻ മനുഷ്യന് സാധ്യമല്ല. ദൈവത്തിന്റെ ഹിതമറിഞ്ഞ് അതിന് വിധേയമായി നീതിനിഷ്ഠമായ ജീവിതം നയിച്ചാൽ ദൈവിക അംഗീകാരത്തിന്റെ പരിണതഫലമായ പുനരുത്ഥാനം ലഭിക്കും. അതിനെ പാടെ അവഗണിച്ച് പിൻതിരിഞ്ഞു പ്രവർത്തിച്ചാൽ നാശത്തിൽ നിപതിക്കും. ദുഷ്ടന്മാരുടെയും, നീതിമാന്മാരുടെയും മരണാനന്തരാവസ്ഥയെക്കുറിച്ച് ദാനിയേലിന്റെ പുസ്തകത്തിൽ കാണാം.

രണ്ടു യുഗങ്ങളെക്കുറിച്ചുള്ള പ്രസ്താവനകളാണ് മറ്റൊരു പ്രത്യേക ചിന്താഗതി. ഈ കാലം ദുഷ്ടത നിറഞ്ഞതാണ്. തിന്മ കൊടികുത്തി വാഴുന്നു. ഒരു പുതിയ യുഗം അനതിവിദൂര ഭാവിയിൽ സംജാതമാകും. ഭാവിയിലെ സുവർണ്ണയുഗത്തെപ്പറ്റി ശുഭാപ്തിവിശ്വാസത്തോടെ പ്രവാചകർ കാത്തിരുന്നു. വെളിപ്പാട് വക്താക്കൾ അതിൽനിന്ന് ഭിന്നമായി ഭാവിയിലെ സുവർണ്ണയുഗം വിദൂരത്തിലല്ല, വർത്തമാനകാലത്തു തന്നെ ദൈവികമായ നേരിട്ട് ഇടപെടൽകൊണ്ട് ഉദ്ഘാടനം ചെയ്യപ്പെടും. തിന്മയുടെ ആധിപത്യത്തെ തകർത്തു നശിപ്പിക്കും. ആ യുഗത്തിന്റെ നടത്തിപ്പിന് വിശ്വസ്തരായ ഭക്തസമൂഹം ഹാർദ്ദമായി സഹകരിക്കണം.

പ്രതീകപരമായ പരാമർശങ്ങൾക്ക് പ്രവാചകന്മാർ പ്രാധാന്യം നൽകിയെങ്കിലും ഗൂഢാർത്ഥ പ്രയോഗങ്ങളും, വ്യാഖ്യാനിച്ചാലല്ലാതെ മനസ്സിലാക്കാൻ ദുർഗ്രഹമായ എണ്ണങ്ങൾ, നിറം, മൃഗങ്ങൾ എന്നിവ പ്രവാചകന്മാരുടെ പ്രഖ്യാപനങ്ങളിൽ അധികം ഇല്ല. എന്നാൽ, പല ഗണങ്ങളിൽപെടുന്ന പ്രതീകങ്ങൾ വെളിപ്പാട് പുസ്തകങ്ങളിൽ കാണാം. ശരീരത്തിന്റെ അവയവങ്ങൾ വിവിധ കാര്യങ്ങളെ സൂചിപ്പിക്കുന്നു.

കണ്ണ് ജ്ഞാനത്തെയും, കൈ ശക്തിയെയും, കാലുകൾ സുസ്ഥിരതയെയും, വെളുത്ത തലമുടി പുരാതനത്വത്തെയും, വായ് ദൈവികമായ

അരുളപ്പാടിനെയും പ്രതിനിധീകരിക്കുന്നു. മൃഗങ്ങൾ പല രീതിയിൽ പ്രതിനിധാനം ചെയ്യുന്നു. സിംഹം രാജകീയതയെയും, കാള ശക്തിയെയും, കഴുകൻ വേഗതയെയും, കടൽ, രാക്ഷസൻ ദുഷ്ടതയെയും, പക്ഷിയുടെ ചിറകുകൾ ചലനത്തെയും സൂചിപ്പിക്കുന്നു. വസ്ത്രത്തിനുമുണ്ട് പ്രത്യേകതകൾ. നീണ്ട വസ്ത്രം പൗരോഹിത്യത്തെയും, കിരീടം, മോതിരം എന്നിവ രാജകീയ പദവിയെയും ചൂണ്ടിക്കാണിക്കുന്നു. നിറത്തിനുമുണ്ട് പ്രാധാന്യം. വെള്ളനിറം സന്തോഷം, വിജയം എന്നിവയും, രക്തനിറം രക്തസാക്ഷിത്വത്തെയും കുറിക്കുന്നു. അക്കങ്ങൾക്കുമുണ്ട് അർത്ഥം. 7, 40 എന്നിവ പൂർത്തിയേയും, 12 പുതിയ ഇസ്രായേലിനെയും, 1000 വലിയ സമൂഹത്തെയും കാണിക്കുന്നു.

പ്രവാചകന്മാരുടെ പ്രഖ്യാപനങ്ങളിൽ യഹോവയുടെ ദിവസത്തിന് വലിയ പ്രാധാന്യമുണ്ടായിരുന്നു. നീതിമാന്മാർക്ക് വിജയവും, ദുഷ്ടന്മാർക്ക് ഇരുട്ടും, തെരഞ്ഞെടുക്കപ്പെടുന്നവർക്കു മഹത്വവും കുറിക്കുന്നതായിരുന്നു. പ്രവാചകന്മാരേക്കാൾ ശക്തിയായ ഭാഷയിൽ നീതിമാന്മാരുടെയും ദുഷ്ടരുടെയും അന്ത്യം വെളിപ്പാടു വക്താക്കൾ ചിത്രീകരിച്ചു. പ്രവാചകരുടെ വീക്ഷണത്തിൽ നന്മയും തിന്മയും തമ്മിലുള്ള സംഘട്ടനം ഇസ്രായേൽക്കാരിൽ മാത്രം ഒതുങ്ങിനിന്നു. വെളിപ്പാടു വക്താക്കൾ, അതിന്റെ പ്രതലം, എല്ലാ സമൂഹങ്ങളും ഉൾക്കൊള്ളുന്ന ലോകചരിത്രമായിട്ടു കണ്ടു.

### പാഠം 2

## ജ്ഞാനസാഹിത്യം

ജ്ഞാനസാഹിത്യ വിഭാഗത്തിൽപ്പെടുന്ന പുസ്തകങ്ങളാണ് ഈയ്യോബ്, സഭാപ്രസംഗി, സദൃശവാക്യങ്ങൾ, ബാറാസിറ, മഹാജ്ഞാനം എന്നിവ. ജ്ഞാനം എന്ന വിഷയത്തെ രണ്ടു രീതിയിൽ ഈ പുസ്തകങ്ങളിൽ പ്രതിപാദിക്കുന്നു. ആദ്യത്തെ ഗണത്തിൽ (ഈയ്യോബ്, സഭാപ്രസംഗി) ജ്ഞാനത്തിന്റെ ബൗദ്ധികമായ വശത്തിനാണ് മുൻതൂക്കം. രണ്ടാമത്തെ ഗണം (സദൃശവാക്യങ്ങൾ, ബാറാസീറ) പ്രായോഗിക രംഗത്ത് ഉപയോഗിക്കേണ്ട, അറിവ്, വിവേകം, കൂർമ്മബുദ്ധി, ജാഗ്രത, സ്ഥിരോത്സാഹം എന്നിവയ്ക്കാണ് പ്രാധാന്യം നൽകുന്നത്. നല്ല പെരുമാറ്റത്തിനും, വിവേകപൂർവ്വമായ നടപടികൾക്കും ജ്ഞാനികൾ മുൻഗണന നൽകി. ഹൊക്ക്മാ എന്ന എബ്രായപദത്തിന് ജ്ഞാനം, തിരിച്ചറിവ്, വിവേകം, കൂർമ്മബുദ്ധി എന്നീ പരിഭാഷകൾ നൽകാം.

'ഹൊക്ക്മാ' വിപുലമായ അർത്ഥത്തിൽ പഴയനിയമത്തിൽ പല ഭാഗത്തും ഉപയോഗിച്ചിരിക്കുന്നു.

ഭരണ നൈപുണ്യം എന്നയർത്ഥത്തിൽ യൗസേഫിന്റെ രാജ്യതന്ത്ര ജ്ഞതയെ (ഹാക്കാം) പരാമർശിച്ചു ഉപയോഗിച്ചിരിക്കുന്നു. ആകയാൽ ഫറവോൻ വിവേകവും ജ്ഞാനവുമുള്ള ഒരുത്തനെ അന്വേഷിച്ചു മിസ്രയീം ദേശത്തിന് മേലധികാരി ആക്കിവെക്കേണം (ഉല്പത്തി 41:33).

ഭാരവും, ചുമടും, വ്യവഹാരവും വഹിച്ച് മോശയെ സഹായിക്കാൻ ഗോത്രത്തിലെ ജ്ഞാനവും, വിവേകവുമുള്ള പുരുഷന്മാരെ തെരഞ്ഞെടുത്തു (ആവ. 1:13). യോവാബിന്റെ പ്രത്യേക ജ്ഞാനത്തെ പരാമർശിച്ചു 2 ശമു. 14:20–ൽ കാണാം.

അഹറോന്റെ വസ്ത്രം നിർമ്മിക്കാനുള്ള തയ്യൽക്കാരുടെ പ്രത്യേക പാടവത്തെക്കുറിച്ച് ജ്ഞാനം എന്നു കാണാം (പുറ. 28:3). വിഗ്രഹങ്ങൾ രൂപപ്പെടുത്താനുള്ള കരകൗശല നൈപുണ്യത്തെ പരാമർശിച്ച് ഏശായാ പറയുന്നു (ഏശായാ 40:20). സമാഗമനകൂടാരപ്പണിയെക്കുറിച്ചുള്ള പ്രത്യേക അറിവിനെപ്പറ്റി പുറപ്പാടിൽ ജ്ഞാനം എന്ന് കാണുന്നു (പുറ. 31:6–7). യോനാദാബിന്റെ ഉപായത്തെക്കുറിച്ച് ജ്ഞാനം എന്ന പരാമർശമുണ്ട് (2 ശമു. 13:3). ജ്ഞാനികളുടെ കൗശലത്തെക്കുറിച്ച് ഇയ്യോബിന്റെ പുസ്തകത്തിലും വിവരിക്കുന്നു (ഇയ്യോബ് 5:13). യുദ്ധരംഗത്തെ പ്രത്യേക സാമർത്ഥ്യത്തെക്കുറിച്ച് ഏശയാ പ്രഖ്യാപിക്കുന്നു (ഏശാ. 10:13).

തൽസമയത്ത് ഉപയോഗിക്കേണ്ട വാക്കുകളെക്കുറിച്ചുള്ള ജ്ഞാനിയുടെ അറിവിനെക്കുറിച്ചു പരാമർശമുണ്ട് (സദൃ. 23:15). ചെറിയ ജീവികളുടെ ബുദ്ധിസാമർത്ഥ്യത്തെക്കുറിച്ച് ഉറുമ്പിന്റെ അറിവിനെ ജ്ഞാനഗണത്തിൽ പെടുത്തുന്നു (സദൃ. 30:25). ജ്ഞാനസാഹിത്യ വിഭാഗം, സംസ്കാരപരമായ പെരുമാറ്റത്തിന് മാത്രമല്ല, പ്രകൃതിയിലും, സൃഷ്ടിയിലുമുള്ള പ്രത്യേകതകൾക്കും പ്രാധാന്യം നൽകുന്നു. ദിവ്യജ്ഞാനം ഒരു വ്യക്തിയെന്ന നിലയിൽ ചില ഭാഗങ്ങളിൽ ചിത്രീകരിക്കുന്നു (സദൃശ 8:22, ഇയ്യോബ് 28:12, ജ്ഞാനം 7:22–30).

യെരമ്യാ പ്രവാചകൻ പുരോഹിതന്മാരെയും, പ്രവാചകന്മാരെയും, ജ്ഞാനികളെയും പരാമർശിക്കുന്നു (യെര. 18:18). അതിൽ പുരോഹിതൻ ഉപദേശവും, ജ്ഞാനി ആലോചനയും, പ്രവാചകൻ അരുളപ്പാടും നൽകുന്നതായിട്ട് പ്രതിപാദിക്കുന്നു. ജ്ഞാനിയുടെ ഉപദേശത്തിന്റെ അടിസ്ഥാനം ദൈവഭക്തിയാണ്.

ജ്ഞാന സാഹിത്യശാഖ ഇസ്രായേൽക്കാർക്ക് മാത്രമുള്ള ഒരു പ്രത്യേക വിഭാഗമല്ല. ചുറ്റുപാടുമുള്ള അയൽക്കാർക്കും ജ്ഞാനസമൂഹങ്ങൾ ഉണ്ടായിരുന്നു. ഈജിപ്തിൽ ജ്ഞാനികൾ പ്രവർത്തിച്ചിരുന്നു (ഉല്പ. 41:8, പുറ. 7:11, 1 രാജാ. 4:30, ഏശാ. 19:11). ബാബിലോണിലും

ജ്ഞാനികൾ ഉണ്ടായിരുന്നു.

ഏശാ. 44:25: "ഞാൻ ജല്പകന്മാരുടെ ശകുനങ്ങളെ വ്യർത്ഥമാക്കുകയും, പ്രശ്നക്കാരെ ഭ്രാന്തന്മാരാക്കുകയും, ജ്ഞാനികളെ മടക്കി അവരുടെ ജ്ഞാനത്തെ ഭോഷത്വമാക്കുകയും ചെയ്യുന്നു." യെര. 50:35: ദൈവത്തിന്റെ ശിക്ഷ എല്ലാവരുടെമേലും വരുന്നു. കൽദയരുടെ മേലും, ബാബേൽ നിവാസികളുടെ മേലും വാൾ വരുന്നുവെന്നും യഹോവയുടെ അരുളപ്പാട്." യെരമ്യാ 51:57: ഏദോമ്യരും ജ്ഞാനത്തിന് വളരെ പ്രാമുഖ്യം നൽകി. യെര. 49:7: "ഏദോമിനെക്കുറിച്ചുള്ള അരുളപ്പാട്, സൈന്യങ്ങളുടെ യഹോവ ഇപ്രകാരം അരുളിച്ചെയ്യുന്നു. തേമാനിൽ ഇനി ജ്ഞാനമില്ലയോ? ആലോചന വിവേകികളെ വിട്ടു നശിച്ചു പോയോ? അവരുടെ ജ്ഞാനം ക്ഷയിച്ചു പോയോ? ഞാൻ ഏദോമിൽ നിന്ന് ജ്ഞാനികളെയും, ഏശാവിന്റെ പർവ്വതത്തിൽനിന്ന് വിവേകത്തെയും, നശിപ്പിക്കുമെന്ന് യഹോവയുടെ അരുളപ്പാട്." ഒബദായ 8, ഇയ്യോബ് 2:11.

ഇസ്രായേൽക്കാരുടെ ജ്ഞാന സാഹിത്യഗണവും, അയലത്തുകാരുടെ ജ്ഞാന സമ്പത്തും താരതമ്യ പഠനത്തിന് വിധേയമായിട്ടുണ്ട്. റാസ് ഷാമറാ ഗ്രന്ഥങ്ങൾക്ക് പഴയനിയമ ജ്ഞാനസാഹിത്യ വിഭാഗവുമായി ഭാഷാപരമായി സാദൃശ്യം കാണുന്നുണ്ട്. ജ്ഞാനത്തിന്റെ സംരക്ഷകനായ ശലോമോൻ മറ്റുള്ളവരുമായി സമ്പർക്കത്തിലും ആശയവിനിമയത്തിലും ബദ്ധശ്രദ്ധനായിരുന്നു. ജ്ഞാന സാഹിത്യരംഗത്ത് കാതലായ സംഭാവനകൾ നൽകി ധന്യമാക്കിയിട്ടുണ്ട്. പഴഞ്ചൊല്ലുകൾ നിർമ്മിച്ചും കടംകഥകൾ ശേഖരിച്ചും അനുഭവജ്ഞാനത്തിന്റെയും വെളിച്ചത്തിൽ നിരീക്ഷണ നിഗമനങ്ങൾ നടത്തിയും ജ്ഞാനഭണ്ഡാഗാരത്തെ സമ്പുഷ്ടമാക്കി. ശലോമോന്റെ ഭരണകാലത്തെ ജ്ഞാനത്തെക്കുറിച്ച് ഇപ്രകാരം കാണുന്നു.

"സകല പൂർവ്വദിഗ്വാസികളുടെയും ജ്ഞാനത്തെക്കാളും മിസ്രയീമ്യരുടെ സകല ജ്ഞാനത്തെക്കാളും, ശലോമോന്റെ ജ്ഞാനം ശ്രേഷ്ഠമായിരുന്നു" (1 രാജാ. 4:30).

ജ്ഞാനസാഹിത്യം സമീപ രാജ്യക്കാർക്കുമുണ്ടായിരുന്നു. അത്ഭുതങ്ങൾ പ്രവർത്തിക്കാൻ ഈജിപ്തിലെ മന്ത്രവാദികൾക്കും കഴിഞ്ഞിരുന്നു. ഇസ്രായേലിന്റെ ദൈവമായ യഹോവയുടെ പ്രവാചകനായ മോശ അവരേക്കാൾ മേന്മയേറിയ കാര്യങ്ങൾ ചെയ്തു. ഈജിപ്തിലെ മന്ത്രവാദികളും വടി നിലത്തിട്ട്, പാമ്പുകളാക്കി, അഹറോന്റെ വടി അവയെ തിന്നുകളഞ്ഞുവെന്നും കാണുന്നു (പുറ. 7:12). ഈജിപ്തിലെ 'സെബായിത്ത് ബോധനം' എന്ന പ്രസ്ഥാനത്തിന് ഏതാണ്ട് 2500 കൊല്ലത്തെ പഴക്കമുണ്ട്. ഒരു ഗുരുനാഥനോ ഉന്നത ഉദ്യോഗസ്ഥനോ പെരുമാറ്റച്ചട്ടം അടുത്ത

തലമുറയ്ക്ക് കൈമാറുന്ന പാരമ്പര്യം ഉണ്ടായിരുന്നു. പരിശീലനം കൊട്ടാരത്തിൽ നൽകുന്ന രീതിയുമുണ്ടായിരുന്നു. നിയമങ്ങൾ വിവിധ തലങ്ങളെ ഉൾക്കൊള്ളിച്ചതാണ്. സന്ദർഭോചിതമായ സംസാരം, ഔദാര്യം മിതത്വം, നല്ല പെരുമാറ്റം എന്നിവ അതിന്റെ പ്രധാന തത്വങ്ങളാണ്. കേൾക്കുക, അനുസരിക്കുക എന്നീ ഉദ്ബോധനങ്ങൾ കൂടെക്കൂടെ നൽകിയിരുന്നു. അഹങ്കാരത്തിനെതിരായ ഉപദേശങ്ങൾ നൽകിയിരുന്നു. അച്ചടക്കരാഹിത്യത്തെ നിശിതമായി വിമർശിച്ചിരുന്നു. മാതൃകായോഗ്യനായ പുരുഷൻ മൗനം പാലിക്കുന്നവനാണ്. ആത്മനിയന്ത്രണത്തിന്റെ ഉത്തമ ഉദാഹരണമാണ് മൗനം. ഈജിപ്തുകാർ വളരെ കാര്യമായി കരുതിയിരുന്ന ഒരു കാര്യമാണ് 'മഅത്ത്' എന്ന വാക്കിൽ കൂടെ അവതരിപ്പിച്ചിരുന്നത്. 'മഅത്ത്' എന്നാൽ സത്യം, നീതി, അച്ചടക്കം, ദൈവികമായ താളക്രമം എന്നീ വിവിധ അർത്ഥങ്ങൾ അതിനുണ്ട്. ലോകത്തിൽ ദിവ്യമായ അച്ചടക്കം പാലിക്കാൻ ഒരാൾ സഹചാരിയുമായി സമഞ്ജസമായിട്ട് ഒത്തുചേരണം. തന്മൂലം അഭിവൃദ്ധിയും, ഐശ്വര്യവും ഒരാൾ നേടിയെടുക്കുന്നു. തോൽവിയെന്നാൽ അരാജകത്വത്തിന്റെ ഫലമാണ്. ജീവിതത്തിൽ വിജയം വരിക്കാൻ ഒരാൾ പ്രകൃതിയിലെ താളക്രമമായിട്ട് അനുരൂപപ്പെടണം. സദൃശവാക്യങ്ങളിൽ കാണുന്ന, ഭാഷാപരമായ പല പ്രത്യേകതകളും 'സെബായിത്തിലും' ദർശിക്കാം. 'എങ്കിൽ' എന്നു തുടങ്ങുന്ന നിയമങ്ങൾ 'ചെയ്യുക', 'ചെയ്യരുത്' എന്നീ ഉദ്ബോധനങ്ങളും പാരലലിസം എന്ന പദ്യസാഹിത്യത്തിന്റെ പ്രത്യേകതകളും അതിൽ കാണാം. പ്താഹോതേയ്യിന്റെയും, മെരിക്കാറിന്റെയും അമെൻഎംഹെത്ത്, അനി അമെൻഎം ഓഫ് എന്നിവരുടെ എഴുത്തുകളും, ഒങ്ക്ഷെഫോൻകിന്റെ ഉദ്ബോധനങ്ങളും ഈജിപ്തുകാരുടെ ജ്ഞാന സാഹിത്യത്തിന്റെ പ്രത്യേക ഗണത്തിൽപ്പെടുന്നു.

അമെൻഎം ഓഫ് എന്ന കൃതിയോട് സാമ്യമുള്ളതാണ് സദൃ. 22:12 മുതലുള്ള ഭാഗങ്ങൾ.

**മെസപ്പോത്തോമിയാ**

സഹസ്രാബ്ദ കാലം പഴക്കമുള്ള സാഹിത്യ സമുച്ചയമാണ് മെസപ്പോത്തോമിയരുടെ വിജ്ഞാനസാഹിത്യത്തിൽ കാണുന്നത്. സദൃശവാക്യങ്ങളിൽ കാണുന്ന ഉപദേശങ്ങളോട് സാമ്യമുള്ള നിർദ്ദേശങ്ങൾ "സുദുപ്പാക്കിന്റെ" നീതിസാര വാക്യങ്ങളിൽ കാണാം.

'ലുഡുൾ ബെൽ നെമെക്കി' വേറൊരു ഉദാഹരണമാണ്. അശുഭാപ്തിയോടുള്ള സംവാദം എന്ന കൃതി, ഇയ്യോബിന്റെ കഷ്ടപ്പാട്, വ്യാകുലത എന്നിവയ്ക്ക് സാദൃശ്യമുള്ളതാണ്.

യജമാനനും, ദാസനും കൂടി പല വിഷയങ്ങളെകുറിച്ചും സംസാരി

ക്കുന്നു. യജമാനൻ ഒരു വിഷയത്തെക്കുറിച്ച് അഭിപ്രായം പറയുന്നു. ദാസൻ അതിനോട് യോജിക്കുന്നു. അതിന് ശേഷം യജമാനൻ കടക വിരുദ്ധമായ അഭിപ്രായം പറയുന്നു. ദാസൻ അതിന് അനുയോജ്യമായ ന്യായങ്ങൾ പറയുന്നു. 'ബാബിലോൺ ഇയ്യോബ്' എന്ന ഗ്രന്ഥത്തിൽ, മനുഷ്യന്റെ യാതനയുടെ വിവിധ വശങ്ങളെക്കുറിച്ച് സംവാദം കാണാം. നീതിക്കും നന്മയ്ക്കും പ്രതിഫലം ഉണ്ട്. മനുഷ്യരുടെ തിന്മയ്ക്കും ദൈവം തന്നെ ഉത്തരവാദിയെന്നും കാണാം.

### അഹിക്കാറിന്റെ വിജ്ഞാന ഗ്രന്ഥം

ക്രിസ്തുവിന് മുമ്പ് 5–ാം നൂറ്റാണ്ടിൽ അരാമയ ഭാഷയിൽ എഴുതപ്പെട്ടതാണ് അഹിക്കാർ. 1911–ലാണ് അത് ആദ്യമായി പ്രസിദ്ധീകരിച്ചത്. സദൃ. 23:13–14–ൽ അതിനോട് സദൃശമായ ഉപദേശങ്ങൾ നൽകുന്നു.

### എബ്രായ ജ്ഞാനസാഹിത്യത്തിന്റെ സവിശേഷതകൾ

ഇസ്രായേലിന്റെ ചരിത്രത്തിലെ പ്രധാന നാഴികക്കല്ലുകളായ പിതാക്കന്മാരുടെ തെരഞ്ഞെടുപ്പ്, ഉഭയസമ്മതം, മിസ്രേമിൽ നിന്നുള്ള പുറപ്പാട്, രക്ഷാകരമായ ചരിത്രം എന്നിവയെക്കുറിച്ചുള്ള പരാമർശങ്ങൾ ജ്ഞാനസാഹിത്യ ഗണങ്ങളിൽ കാണുന്നില്ല. ചരിത്രാവബോധമുള്ള ഇസ്രായേൽ സമൂഹം അവരുടെ തനിമയെ നിലനിർത്തുന്ന പ്രധാന പ്രമേയങ്ങളെ സ്പർശിക്കാതെ പ്രായോഗികരംഗത്ത് പ്രാവർത്തികമാക്കാവുന്ന, സാരോപദേശങ്ങൾ ഉൾക്കൊള്ളുന്ന സാഹിത്യ സമുച്ചയം സൃഷ്ടിച്ചതിന്റെ കാര്യകാരണങ്ങൾ വേദപണ്ഡിതന്മാർ വിശകലനം ചെയ്യുന്നു. ഗ്രീക്ക് സ്വാധീനവും ചിന്താഗതികളും ഇസ്രായേലിന്റെ ചിന്താധാരയിൽ അസാമാന്യമായ സ്വാധീനം ചെലുത്തി. കാര്യകാരണങ്ങളുടെ അപഗ്രഥനത്തിനും, വിശകലനത്തിനും മുൻതൂക്കം കൊടുക്കുന്ന സാഹിത്യ സൃഷ്ടികൾക്കു രൂപംകൊടുക്കാൻ കളമൊരുക്കി. സാഹചര്യവും, പ്രശ്നങ്ങളുമാണല്ലോ മനുഷ്യനെ ചിന്തിപ്പിക്കുകയും നൂതനങ്ങളായ ചിന്തകൾക്കും, നിഗമനങ്ങൾക്കും വഴിയൊരുക്കുകയും ചെയ്യുന്നത്.

അന്തർദ്ദേശീയ പ്രാധാന്യമുള്ളതും, പ്രായോഗിക രംഗത്ത്, ജീവിതത്തിൽ മേന്മയും, അഭിവൃദ്ധിയും ലഭിക്കുവാൻ സഹായകവുമായ പ്രമേയങ്ങളിലായിരുന്നു വിജ്ഞാനസാഹിത്യകാരന്മാരുടെ ശ്രദ്ധ. മനുഷ്യരും ദൈവവും തമ്മിലുള്ള ബന്ധം (സദൃ. 1:7) പുരുഷനും, ഭാര്യയും തമ്മിലുള്ള അടുപ്പം (സദൃ. 31:10), മാതാപിതാക്കളും, മക്കളും തമ്മിൽ കാത്തുസൂക്ഷിക്കേണ്ട പെരുമാറ്റച്ചട്ടങ്ങൾ (സദൃ. 4:1, 6:20), ധനവാനും ദരിദ്രനും തമ്മിൽ അനുവർത്തിക്കേണ്ട ചില കാര്യങ്ങൾ, പരസ്ത്രീകളുടെ കെണിയിൽ പെടാതിരിക്കാനുള്ള മുൻകരുതലുകൾ (സദൃ. 5:3, 22:14) സ്ഥിരോത്സാഹത്തിന്റെയും, നിരന്തര പരിശ്രമത്തിന്റെയും മേന്മ (സദൃ. 6:6–10)

അലസതയുടെയും, മടിയുടെയും അപകടസാധ്യതകൾ (സദൃ. 10:4, 24:33, 22:13) എന്നീ വിവിധ ഉപദേശങ്ങൾ അതിൽ കാണാം.

### നിരീക്ഷണവും, നിഗമനവും, അനുഭവജ്ഞാനവും

വിശാലമായ ലോകവും, നിഗൂഢതകൾ നിറഞ്ഞ പ്രകൃതിയും, ചിന്താശീലവും, നിരീക്ഷണരീതിയും ഉള്ളവർക്കു പല കാര്യങ്ങൾ ദർശിക്കുന്നതിനും പഠിക്കുന്നതിനും സഹായകമാകുന്നു. ശലോമോൻ പ്രകൃതിയെ നിരീക്ഷിച്ചു. വൃക്ഷലതാദികളുടെയും, പക്ഷിമൃഗാദികളുടെയും പ്രത്യേകതകൾ കണ്ടു മനസ്സിലാക്കി. അവയുടെ പ്രത്യേകതകൾ നിരീക്ഷിച്ച് ജ്ഞാനസൂക്തങ്ങൾ എഴുതി. തർക്കമുള്ള വിഷയങ്ങളിൽ വിവേകബുദ്ധി ഉപയോഗിച്ചു തീർപ്പു കൽപിച്ചു. ശലോമോന്റെ ജ്ഞാനത്തെക്കുറിച്ചു കേട്ട ശേബാരാജ്ഞി ജ്ഞാനം പരിശോധിച്ചറിയാൻ എത്തി.

ഇവയിൽ ചില ഗണങ്ങൾ അനുഭവത്തിന്റെ സത്തയായി തലമുറകൾ കൈമാറിയ സത്യങ്ങളാണ്. മറ്റു ചിലത് ജ്ഞാനിയുടെ സ്വന്തം അനുഭവത്തിന്റെ മൂശയിൽ ഉരുത്തിരിഞ്ഞതും, വാർത്തെടുത്തതുമായ സത്യങ്ങൾ ആണ്. അവയ്ക്ക് കാലവും അതിർത്തികളും അതിജീവിച്ചുള്ള സാംഗത്യവും, പ്രാധാന്യവുമുണ്ട്.

### പ്രവൃത്തിയും പ്രതിഫലവും

താന്താൻ ചെയ്യുന്ന പ്രവൃത്തിക്ക് താന്താൻ തന്നെ ഉത്തരവാദിയാണെന്നും ഫലം അനുഭവിക്കേണ്ടി വരുമെന്നും ജ്ഞാനികൾ മനസ്സിലാക്കി. അങ്ങനെയെങ്കിൽ ദൈവത്തിന്റെ സ്ഥാനമെന്തെന്നും, എന്ത് പങ്കാണ് ദൈവം നിർവ്വഹിക്കുന്നതെന്നുമുള്ള ചോദ്യങ്ങൾ ഉയർന്നു വന്നു. നീതിമാനായ ദൈവം നന്മ ചെയ്യുന്നവന് അനുഗ്രഹവും, തിന്മ ചെയ്യുന്നവന് ശിക്ഷയും നൽകുമെന്നതായിരുന്നു പരമ്പരാഗതമായ വിശ്വാസം. ജ്ഞാനികൾ ഒരു പടി കൂടി കടന്നു നന്മയുടെ വഴിയും, തിന്മയുടെ വഴിയും മനുഷ്യന്റെ മുമ്പിൽ ദൈവം വച്ചിരിക്കുന്നു, ബുദ്ധിമാൻ ശരിയായതിനെ തിരഞ്ഞെടുത്ത് ഐശ്വര്യവും അഭിവൃദ്ധിയും പ്രാപിക്കുന്നു. ബുദ്ധിശൂന്യൻ അലസതകൊണ്ടും, മടികൊണ്ടും കാണേണ്ടതു കാണാതെ നാശത്തിന്റെ വഴിയിൽ ചെന്നു ചാടും.

### ചരിത്രപരമായ കാര്യങ്ങളിലും, സംഭവങ്ങളിലും താൽപര്യക്കുറവ്

മറ്റു പഴയ നിയമഗ്രന്ഥങ്ങളിൽ പിതാക്കന്മാരുടെ ചരിത്രം, മെസ്രേനിൽ നിന്നുള്ള വിമോചനം, സീനായ് ഉടമ്പടി, കനാനിലെ വാസം എന്നിവ പ്രത്യക്ഷമായോ, പരോക്ഷമായോ പ്രതിപാദിക്കപ്പെടുകയോ,

പരാമർശിക്കപ്പെടുകയോ ചെയ്യുന്നു. എന്നാൽ ജ്ഞാനസാഹിത്യഗണത്തിൽ അങ്ങനെയുള്ള പ്രതിപാദനങ്ങളോ സൂചനകളോ കാണുന്നില്ല. ചരിത്രത്തോടുള്ള അവഗണനയാണോ? ചരിത്രകാര്യങ്ങൾ മനസ്സിൽ വെച്ചുകൊണ്ട്, ധാർമ്മിക പ്രമാണങ്ങൾക്ക് പ്രാമുഖ്യം നൽകിക്കൊണ്ടുള്ള ആവിഷ്ക്കരണ രീതിയാണോ?

ഈ രീതിയിലുള്ള പ്രതിപാദനരംഗത്ത് ജ്ഞാനികൾ ഏകാന്തപഥികരായി നിലകൊള്ളുന്നു. അവർ മുൻതൂക്കം കൊടുക്കുന്നതും, ഊന്നൽ കൊടുത്തു പ്രസ്താവിക്കുന്നതുമായ കാര്യങ്ങൾ ജീവിതത്തിന്റെ വേറൊരു വശം എന്നു കണക്കാക്കാം.

## വ്യക്തികളും സമൂഹവും

ഇസ്രായേൽ ദൈവത്തിന്റെ തെരഞ്ഞെടുക്കപ്പെട്ട ജാതിയും, വിശുദ്ധജനവുമായിരുന്നു. ദൈവത്തിൽ അധിഷ്ഠിതമായ കെട്ടുറപ്പുള്ള സമൂഹം എന്ന രീതിയിലാണ് അവരുടെ വിവിധ പ്രശ്നങ്ങൾ എഴുത്തുകാർ കൈകാര്യം ചെയ്യുന്നത്. ഒരു വ്യക്തി കുറ്റം ചെയ്താൽ സമൂഹത്തിന് മുഴുവൻ അതിന്റെ കടബാദ്ധ്യതയുണ്ടാകും. സമൂഹത്തിന്റെ നന്മയുടെ ഓഹരിക്ക് വ്യക്തികളും പങ്കുചേരും. സമൂഹവും വ്യക്തിയും തമ്മിലുള്ള പരസ്പര ബന്ധത്തിനും കൂട്ടായ്മയ്ക്കും പ്രാധാന്യം നൽകുന്ന പ്രതിപാദനങ്ങളാണ് പഴയനിയമത്തിലെ മുഖ്യമായ പുസ്തകങ്ങളിൽ കാണുന്നത്. ഇതിൽനിന്ന് ഭിന്നമായി വ്യക്തിയുടെ ജീവിതത്തിന് ആക്കം വർദ്ധിപ്പിക്കുന്ന രീതിയും, പ്രതിപാദനവും, ജ്ഞാനി, 'പിതാവ്, മകന്' നൽകുന്ന ഉപദേശങ്ങളിൽ കാണാം.

## വിപ്ലവാത്മകമായ നിലപാടും, സന്ദേശവും

നിലവിലിരുന്ന പരമ്പരാഗതമായ ചിന്താഗതികളെയും, അംഗീകരിക്കപ്പെട്ട തത്വങ്ങളെയും തകിടം മറിച്ചുള്ള യുക്തിവാദങ്ങളും, പൊടുന്നനെ വിമർശിച്ചുകൊണ്ടുള്ള വിപ്ലവകര ചിന്തകളും അതിന്റെ മുൻപന്തിയിൽ കാണാം. നന്മ ചെയ്യുന്നവൻ അഭിവൃദ്ധി പ്രാപിക്കുമെന്നും, തിന്മ ചെയ്യുന്നവൻ ശിക്ഷിക്കപ്പെടുമെന്നുമായിരുന്നു പരമ്പരാഗതമായ ചിന്ത. കഷ്ടതയനുഭവിക്കുന്നവൻ ചെയ്ത കുറ്റങ്ങൾക്ക് അനുസരണമായി മാത്രമാണ് പീഡനത്തിനും യാതനകൾക്കും വിധേയമായിത്തീരുന്നത്. എന്നാൽ ചെയ്യാത്ത കുറ്റങ്ങൾക്ക് കൂടി ശിക്ഷിക്കപ്പെടുന്ന ഘട്ടത്തിൽ ദൈവത്തിന്റെ നീതിനിർവ്വഹണത്തിന്റെ അപാകതകൾ ചൂണ്ടിക്കാണിക്കാൻ ജ്ഞാനികൾ പ്രേരിപ്പിക്കപ്പെട്ടു. ഇയ്യോബിന്റെ പുസ്തകത്തിലെ പദ്യവിഭാഗത്തിലെ സംവാദത്തിൽ ഈ പ്രശ്നം തന്നെയാണ് കൈകാര്യം ചെയ്യുന്നത്.

## അശുഭാപ്തി വിശ്വാസം, ഇരുളടഞ്ഞ ഭാവി

ചരിത്രം, ദൈവിക പ്രവർത്തനത്തിന്റെ മണ്ഡലമാണ്. വിവിധ സംഭവങ്ങളിൽ കൂടെ ദൈവം സംസാരിക്കുന്നു. എല്ലാംതന്നെ ദൈവം പ്രത്യേക ഉദ്ദേശ്യത്തിലേക്ക് വഴി നടത്തുന്നു. ജീവിതത്തിലെ പരുപരുത്ത യാഥാർത്ഥ്യങ്ങളുമായിട്ട് ഏറ്റുമുട്ടുമ്പോൾ, നിരാശനായി ജീവിതം അർത്ഥശൂന്യമെന്ന നിഗമനത്തിൽ എത്തിച്ചേരുന്ന സഭാപ്രസംഗിയെപ്പോലെയുള്ള ചിന്താഗതിക്കാർ ജീവിതത്തിലെ ഇരുളടഞ്ഞ ഭാവിയെ കാണുന്നവരാണ്. വേദപുസ്തകത്തിലെ മറ്റു പുസ്തകങ്ങൾ ശുഭോദർക്കമായ ശോഭനമായ ഭാവിയെ ചൂണ്ടിക്കാണിക്കുന്നതാണ്.

## മാനുഷിക വ്യാപാരത്തിന് മുൻതൂക്കം

ഉല്പത്തി മുതൽ ഉള്ള പുസ്തകങ്ങൾ ദൈവത്തിന്റെ പ്രവർത്തനത്തിനാണ് പ്രാധാന്യം നൽകുന്നത്. ദൈവികമായ ബന്ധത്തിൽ, സൃഷ്ടികളിൽ ശ്രേഷ്ഠമായ സൃഷ്ടിയായി മനുഷ്യൻ കഴിയുവാനാണ് ദൈവം പ്രതീക്ഷിക്കുന്നത്. വിജ്ഞാന സാഹിത്യകൃതികളിൽ ഇതിൽ നിന്ന് അല്പം ഭിന്നമായി മനുഷ്യന് മേന്മയും, അഭിവൃദ്ധിയും, ഐശ്വര്യവും നേടിയെടുക്കാവുന്ന ഉപദേശങ്ങളും സൂക്തങ്ങളും കാണാം. വിജ്ഞാന സാഹിത്യത്തിൽ മുഖ്യ കഥാപാത്രം ദൈവമല്ല, മനുഷ്യനാണ്. ഏതെല്ലാം രീതിയിൽ അഭിവൃദ്ധി പ്രാപിക്കാം, ജീവിതത്തിൽ ഉയരാം എന്ന വിഷയം കൈകാര്യം ചെയ്യുന്നു. പ്രകൃതിയിൽ ഒരു താളക്രമമുണ്ട്, അടുക്കും, ചിട്ടയുമുണ്ട്. ബുദ്ധിമാനായ മനുഷ്യൻ, പ്രകൃതിയും, ചുറ്റുപാടുമുള്ള സൃഷ്ടികളിലും നിരീക്ഷണം നടത്തി പ്രകൃതി നിയമങ്ങൾക്കനുസരണമായി ജീവിതത്തെ സമന്വയിപ്പിക്കണം. വിഡ്ഢി അതെല്ലാം അവഗണിച്ച് ആപത്തിൽ ചെന്നുചാടുന്നു. ജാഗ്രതയോടും, സൂക്ഷ്മതയോടും, സ്ഥിരോത്സാഹത്തോടും, വീണ്ടുവിചാരത്തോടുംകൂടി കൈകാര്യം ചെയ്താൽ അഭിവൃദ്ധി നേടാമെന്ന് ഉദ്ബോധനം നൽകുന്നു.

## പ്രയോജനകരമായ കാര്യങ്ങളിലുള്ള ഊന്നൽ

എന്തു ലഭിക്കും, എന്തു മേന്മ കിട്ടും എന്നിവയ്ക്കാണ് ജ്ഞാനവക്താക്കൾ ആക്കം കൊടുത്ത് ചൂണ്ടിക്കാണിച്ചത്. പഴയനിയമഗ്രന്ഥങ്ങളിലെ മറ്റു പുസ്തകങ്ങളിൽ യഹോവയുമായുള്ള ഉടമ്പടി ബന്ധത്തിന്റെ അടിസ്ഥാനത്തിൽ ഇസ്രായേൽ ന്യായപ്രമാണ കല്പനകൾ ആചരിച്ചും, പ്രവാചകന്മാരുടെ ശബ്ദം കേട്ടും പ്രതികരിച്ചു. ആനുകൂല്യങ്ങൾ അനുഭവിക്കുന്നതോടൊപ്പം തന്നെ ഉത്തരവാദിത്വ നിർവ്വഹണത്തിനും അവർ ജീവിതത്തിൽ സ്ഥാനം കൊടുത്തു. പ്രതിഫലം കിട്ടുന്ന പ്രവൃത്തിയെന്ന മുഖ്യ ചിന്തയല്ല പഴയനിയമത്തിലെ മറ്റു പുസ്തകങ്ങളിൽ കാണുന്നത്.

പ്രതിഫലത്തെക്കാൾ 'കർത്തവ്യനിർവ്വഹണം' എന്ന ഉത്തരവാദിത്വത്തിനാണ് അവർ ജീവിതത്തിലും ദൗത്യത്തിലും മുഖ്യസ്ഥാനം നൽകിയത്.

### ജ്ഞാനത്തിന്റെ ഉത്ഭവവും, വളർച്ചയും

ഘടനാപരമായും, ഉള്ളടക്കത്തിന്റെ വെളിച്ചത്തിലും ജ്ഞാന സാഹിത്യം പരിശോധിക്കുമ്പോൾ ചില വസ്തുതകൾ പ്രധാനമായും കാണാം. ഈജിപ്തുകാരുടെ ഗണത്തിൽ കൊട്ടാര ഭരണസംവിധാനത്തിന് പ്രത്യേക വൈദഗ്ദ്ധ്യം ലഭിക്കാനുള്ള പരിശീലനം ചില തെരഞ്ഞെടുത്ത വ്യക്തികൾക്ക് നൽകിയിരുന്നു. രാജാവ് മകനോ, ഗുരു ശിഷ്യനോ, അച്ഛൻ മക്കൾക്കോ നൽകുന്ന ഉപദേശങ്ങളുടെ ഘടനയും, സംബോധനാരീതിയും അതിൽ ദർശിക്കാം. ഈ പശ്ചാത്തലത്തിൽ ഇസ്രായേൽക്കാരുടെ ജ്ഞാനസാഹിത്യത്തിന്റെ വളർച്ച പഠനവിഷയമായി. ശലോമോൻ തന്റെ ഈജിപ്തുമായുള്ള ബന്ധം മൂലം കൊട്ടാരത്തിൽ ജ്ഞാന പരിശീലനക്കളരി തുടങ്ങി. അനുയോജ്യരായ വ്യക്തികളെ തെരഞ്ഞെടുത്ത് അവരെ ഉപയോഗയോഗ്യരാക്കിയെന്ന് ചിന്തിക്കുന്നവരുണ്ട്. അതിന് സാധ്യതകളും കാണാം. ശലോമോന്റെ ഭരണസംവിധാനത്തിൽ വിവിധ ജോലികൾക്ക് വിവിധ ഉദ്യോഗസ്ഥന്മാർ ഉണ്ടായിരുന്നു.

### ഭവനം ജ്ഞാനത്തിന്റെ ഉറവിടം

പിതാവ് അനുഭവ വെളിച്ചത്തിൽ തനിക്കു ലഭിച്ച സമ്പത്ത് തലമുറകൾക്ക് കൈമാറി. പിതാവ്, മകന് നൽകുന്ന ബോധന രീതിയും, താക്കീതുകളും അതിൽ കാണാം. മാതാപിതാക്കന്മാരെ അനുസരിച്ച് ജീവിച്ചാൽ അനുഗ്രഹവും, നിഷേധഭാവം പുലർത്തിയാൽ നാശനഷ്ടങ്ങളും ഉണ്ടാകും. ഇതും കുടുംബങ്ങളിലും കുലങ്ങളിലും നടത്തിയിരുന്നതായി കാണാം. ശേമ്യ പാരമ്പര്യത്തിൽ കുടുംബ തലവന്മാർക്കു സുപ്രധാന സ്ഥാനമുണ്ടായിരുന്നു. അവർ അനുഭവത്തിന്റെ വെളിച്ചത്തിൽ അറിഞ്ഞതും, തലമുറകളായി കൈമാറിയതുമായ പാരമ്പര്യങ്ങളുടെ അടിസ്ഥാനത്തിലുള്ള സത്യങ്ങളും സൂക്ഷിച്ചു.

ജ്ഞാനസങ്കല്പത്തിന് കാലക്രമത്തിൽ മാറ്റമുണ്ടായിട്ടുണ്ട്. ആദ്യഘട്ടത്തിൽ ദൈവം ജ്ഞാനത്തെ സൃഷ്ടിയുടെ മുഖാന്തിരമായി വിനിയോഗിച്ചിട്ടുള്ളതായി ജ്ഞാനികൾ കണ്ടെത്തി. അടുത്ത ഘട്ടത്തിൽ ജ്ഞാനത്തിന്റെ അപ്രാപ്യത പണ്ഡിതന്മാർ ചൂണ്ടിക്കാട്ടി. ജ്ഞാനം, മനുഷ്യന് ലഭിക്കുന്നത് ദൈവത്തിന്റെ വെളിപ്പാടു മൂലമാണ്. മൂന്നാമത്തെ ഘട്ടത്തിൽ ന്യായപ്രമാണവും, ജ്ഞാനവും തമ്മിലുള്ള അഭേദ്യ ബന്ധം ജ്ഞാനികൾ മനസ്സിലാക്കി.

## പാഠം 3

# അപ്പോക്രിഫാ: ഒരാമുഖ പഠനം

അപ്പോക്രിഫാ എന്ന പദം 'ഒളിക്കപ്പെട്ട', 'മറയ്ക്കപ്പെട്ട', എന്ന ഗ്രീക്കു പദത്തോട് ബന്ധപ്പെട്ടതാണ് (2 എസ്. 12:37-38, 14:45-46). അത് എബ്രായ വേദപുസ്തക കാനോനിക ഗണത്തിൽപെടാത്ത പുസ്തകങ്ങൾക്ക് ഉപയോഗിച്ചിരുന്നു. ഉപനയനം പ്രാപിച്ചവർക്കു മാത്രം അറിയേണ്ട കാര്യങ്ങൾ അടങ്ങിയതും, സാധാരണക്കാരുടെ ഇടയിൽ നിന്ന് മാറ്റി സൂക്ഷിക്കേണ്ടതുമായ ഗണങ്ങൾക്ക് അപ്പോക്രിഫൽ എന്ന പദപ്രയോഗം പ്രചാരത്തിൽ വന്നു. റോമൻ കത്തോലിക്കാ സഭയും, ഓർത്തഡോക്സ് സഭകളും അവയെ കാനോനിക ഗണത്തിൽപ്പെടുത്തി വിശ്വാസത്തിന് ആധാരമായ പുസ്തകങ്ങളായി കണക്കാക്കി. നവീകരണ സഭാവിഭാഗങ്ങൾ എബ്രായ വേദപുസ്തകത്തിൽ കാണുന്ന പുസ്തകങ്ങൾ മാത്രമേ വിശ്വാസത്തിനാധാരമായിട്ട് ഉപയോഗിക്കുന്നുള്ളു. ആത്മീയ പോഷണത്തിന് കൊള്ളാവുന്ന പുസ്തകങ്ങളായി ആംഗ്ലിക്കൻ സഭ അവയെ ആദരവോടെ കണക്കാക്കുന്നു.

എബ്രായ വേദപുസ്തകത്തിൽ ഏറ്റവും അവസാനം, അംഗീകരിച്ച പുസ്തകവും, പുതിയനിയമത്തിൽ ആദ്യമായി സ്ഥാനം പിടിച്ച പുസ്തകവും തമ്മിൽ ഏതാണ്ട് രണ്ടു നൂറ്റാണ്ടുകളുടെ ഇടവേളയുണ്ട്. ഈ കാലഘട്ടത്തിലുണ്ടായ വേദശാസ്ത്ര ചിന്താഗതികൾ, പ്രലോഭനങ്ങൾ, ചരിത്ര സംഭവങ്ങൾ, സാമൂഹ്യ പ്രശ്നങ്ങൾ എന്നിവ ഗ്രഹിക്കുന്നതിന് അവയുടെ പഠനം സഹായകമാണ്.

ബി.സി. 331-ൽ പേർഷ്യൻ ഭരണത്തിന്റെ അന്ത്യം സംഭവിച്ചു. യവനായ ചക്രവർത്തിയായ അലക്സാണ്ടർ ലോകസാമ്രാജ്യം സ്ഥാപിക്കാനുള്ള മോഹത്തോടെ ഗ്രീക്കുഭാഷ, ഗ്രീക്ക് ആചാരങ്ങൾ, ഗ്രീക്കുകല, ദർശനം, സംസ്കാരം, ഗ്രീക്കുരീതിയിലുള്ള ഭരണസംവിധാനം, വിദ്യാഭ്യാസം, ചരിത്ര വിവരങ്ങൾ എന്നിവ ലോകം മുഴുവൻ പ്രചരിപ്പിക്കാനുള്ള വിശ്വവീക്ഷണവുമായി മുന്നേറി. ദാര്യാവേശ് രാജാവിനെ തോല്പിച്ച് മദ്ധ്യപൗരസ്ത്യ ലോകത്ത് വെന്നിക്കൊടി നാട്ടി. അലക്സാണ്ടറിന് ശേഷം, പ്ടോളമി, സെലൂക്കസ് എന്നീ പട്ടാള മേധാവികൾ അധികാരം പങ്കുവച്ചു. ഈജിപ്ത് പ്ടോളമികളുടെയും, സിറിയ, പാലസ്തീൻ മുതലായവ സെലൂക്കസിന്റെയും അധികാര പരിധിയിലായി. അക്കാലത്ത് വളരെയധികം യൂദന്മാർ പാലസ്തീന് പുറത്ത് വ്യാപാരത്തിനും, ജോലിക്കും, യാത്രകൾക്കുമായി എത്തിച്ചേർന്നു. അലക്സാന്ത്രിയയിൽ ഒരു യൂദസമൂഹം തന്നെ പാർത്തിരുന്നു. പുത്തൻ തലമുറക്കാർ എബ്രായഭാഷ മറന്നുതുടങ്ങി. സംസാരിക്കുവാനും, എഴുതുവാനും, ആശയവിനി

മയത്തിനും, ഗ്രീക്കുഭാഷ ഉപയോഗിച്ച ഘട്ടത്തിലാണ് പഴയനിയമ പുസ്തകങ്ങളുടെ ആദ്യ തർജ്ജമയായ സെപ്റ്റുവജിന്റ് രൂപം പ്രാപിക്കുന്നത്.

ഗ്രീക്കു ചിന്താഗതിയായ ദാർശനികത, കാര്യകാരണം, അപഗ്രഥനം, വിശകലന രീതി, വിജ്ഞാനതൃഷ്ണ, നന്മയെയും സൗന്ദര്യത്തെയും ആദരിക്കുന്ന മനോഭാവം എന്നിവ പ്രചുരപ്രചാരം നേടി. വെളിപ്പാടു ഗണത്തിലും, വിജ്ഞാന മാതൃകയിലുമുള്ള പുസ്തകങ്ങൾ രൂപം പ്രാപിക്കാൻ തുടങ്ങി. എബ്രായ വേദപുസ്തകത്തിൽ അംഗീകരിച്ച ഗണമായി, തോറാ, പ്രവാചക ഗ്രന്ഥങ്ങൾ എന്നിവ ആധികാരികതയും, പ്രാമുഖ്യവും കൈവരിച്ചു. മൂന്നാമത്തെ ഗണമായ, 'എഴുത്തുകളിൽ' ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളെക്കുറിച്ച് ചിന്തിക്കുവാനും തുടങ്ങി. സഭാപ്രസംഗി, ഉത്തമഗീതം, എസ്ഥേർ എന്നിവയൊഴിച്ച് 'എഴുത്തു ഗണത്തി'ലെ മറ്റു പുസ്തകങ്ങൾ ഉപയോഗംകൊണ്ടും, ഉള്ളടക്കം കൊണ്ടും സംശയമെന്യേ അംഗീകാരം നേടിയിരുന്നു. കാനോനിക ഗണത്തിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങൾ മൂന്നു പ്രധാന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പരിശോധനയ്ക്കു വിധേയമായി.

i) മോശയുടെ അഞ്ചുപുസ്തകങ്ങളായ തോറയോട് യോജിക്കുന്ന കാര്യങ്ങൾ അടങ്ങുന്നവ.

ii) എബ്രായഭാഷയിൽ മാത്രം എഴുതപ്പെട്ടത്.

iii) മോശ മുതൽ അർത്ഥഹ്ശഷ്ടാ വരെയുള്ള കാലങ്ങളിൽ രൂപം പ്രാപിച്ച പുസ്തകങ്ങൾ.

എസ്ഥേറിന്റെ പുസ്തകത്തിൽ പരാമർശിക്കുന്ന പുരീം പെരുന്നാളിനെക്കുറിച്ച് പഞ്ചഗ്രന്ഥത്തിൽ പരാമർശമില്ലാത്തത് പ്രശ്നം സൃഷ്ടിച്ചു. പുരീം പെരുന്നാൾ സത്യവിശ്വാസം സംരക്ഷിച്ചതിനെ ഓർത്തു ദൈവത്തെ സ്തുതിക്കുന്നതായി കണക്കാക്കുന്നതുകൊണ്ട് അംഗീകാരം നേടി. ഉത്തമഗീതത്തിന്, ശലോമോന്റെ ഗ്രന്ഥകർത്തൃത്വവും, ഇസ്രായേലും യഹോവയും തമ്മിലുള്ള ബന്ധവും അന്യാപദേശരീതിയിൽ ഉള്ള വ്യാഖ്യാനവും കാനോനിക ഗണത്തിൽ ഉൾപ്പെടുത്താൻ സഹായകമായി.

ജീവിതത്തിന്റെ അർത്ഥശൂന്യതയെക്കുറിച്ച് പ്രസ്താവിക്കുന്ന പുസ്തകമാണെങ്കിലും അവസാന ഭാഗം യഹോവയോടുള്ള ബന്ധത്തെ എടുത്തു കാണിക്കുന്നതുകൊണ്ട് ശലോമോനോട് ബന്ധപ്പെടുത്തി സഭാപ്രസംഗിയും ആധികാരികത നേടി.

ജ്ഞാനസാഹിത്യ ഗണത്തിൽപ്പെട്ട പുസ്തകങ്ങൾ പലരെയും

ആകർഷിച്ചു. വെളിപ്പാട് സാഹിത്യ വിഭാഗത്തിൽപ്പെട്ട പുസ്തകങ്ങൾ പലതും, സെപ്റ്റുവജന്റിൽ ഉൾപ്പെടുത്തി. ക്രിസ്ത്യാനികൾ, എബ്രായ വേദപുസ്തകത്തിൽ ഉൾപ്പെടുത്തിയ പുസ്തകത്തേക്കാൾ കൂടുതലായി സെപ്റ്റുവജന്റിലെ പുസ്തകങ്ങൾ കൂടി വായിക്കുവാനും (തോബിത് – മക്കാബിഗണം) നസറായനായ യേശുവിൽ, മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾ നിറവേറിയതായി, വിശുദ്ധ ഗ്രന്ഥത്തിന്റെ അടിസ്ഥാന ത്തിൽ പ്രസംഗിച്ച്, സ്ഥാപിക്കുവാനും തുടങ്ങി. ഈ ഘട്ടത്തിലാണ് ജാംമ്നിയ കൗൺസിൽ (എ.ഡി. 90) കൂടി എബ്രായ കാനോനിക ഗ്രന്ഥ ത്തിൽ ഉൾപ്പെടുത്തേണ്ട പുസ്തകങ്ങളെക്കുറിച്ച് നിർണ്ണായകമായ വാദ പ്രതിവാദങ്ങൾ നടത്തി തീർപ്പു കല്പിക്കേണ്ടി വന്നത്. യഹൂദന്മാർ എബ്രായ കാനോനിൽ ഉൾപ്പെട്ട പുസ്തകങ്ങൾ മാത്രം വിശ്വാസത്തിനും ആചാരത്തിനും അടിസ്ഥാനമായി സ്വീകരിച്ചപ്പോൾ, ക്രിസ്ത്യാനികൾ സെപ്റ്റുവജന്റിൽ കണ്ട പുസ്തകങ്ങൾ കൂടി അംഗീകരിച്ച് വിശ്വാസം സ്ഥിരീകരിക്കുവാൻ ശ്രമിച്ചു.

### അപ്പോക്രിഫാ പുസ്തകങ്ങളിലെ പ്രധാന ചിന്തകൾ

പഴയനിയമ, പുതിയനിയമ ഇടവേളയിൽ രൂപംപ്രാപിച്ച വേദശാസ്ത്ര പരവും, സാമൂഹ്യപരവും, യുഗാന്ത്യത്തെ സംബന്ധിച്ചുള്ളതുമായ വിവിധ ചിന്താഗതികളെയും യഹൂദസമൂഹത്തിൽ രൂപംപ്രാപിച്ച ചേരി തിരിവുകളെയും ഭിന്നമായ ജീവിത വീക്ഷണത്തെയും മനസ്സിലാക്കാൻ അപ്പോക്രിഫൽ പുസ്തകങ്ങളുടെ പഠനം സഹായകരമാണ്. പരമ്പരാ ഗതവും, ന്യായപ്രമാണത്തോട് യോജിക്കുന്നതുമായ ചിന്താഗതികൾക്ക പ്പുറം ചിലപ്പോൾ ഭിന്നവും ആയ ചിന്തകൾ അതിൽ കാണാം.

### ദൈവത്തെക്കുറിച്ചുള്ള ചിന്ത

ദൈവം വിശുദ്ധനും, നീതിമാനും, വാഗ്ദത്തം നിറവേറ്റുന്നതിൽ വിശ്വ സ്ഥനും, ഉടമ്പടി ബന്ധം സ്ഥാപിച്ച ഇസ്രായേൽ സമൂഹത്തെ കരുതു ന്നവനും, പ്രതിലോമ സാഹചര്യത്തിൽ കൈവിടാതെ വഴി നടത്തുന്ന വനുമാണെന്ന് വിവിധ സംഭവങ്ങൾ മുഖേന അവർ മനസ്സിലാക്കി. അവർ ഇങ്ങനെ പ്രാർത്ഥിച്ചു: “സകലത്തിന്റെയും സ്രഷ്ടാവും, ദൈവവുമായ കർത്താവേ, ഏക രാജാവും, ദയാലുവുമായ അങ്ങ് ഭീതികരനും, ബല വാനും, നീതിമാനും, കാരുണ്യവാനുമാണ്” (2 മക്കാ. 1:24–25). അവർക്കു വന്നു കൂടിയ വിവിധ കഷ്ടനഷ്ടങ്ങൾ പ്രവാസത്തിലെ ദുരിതങ്ങൾ, ശത്രുരാജാക്കന്മാരുടെ പീഡനം എന്നിവ ദൈവം കൈവെടിഞ്ഞതു കൊണ്ടല്ല ശക്തിക്കുറവു കൊണ്ടുമല്ല ഇസ്രായേലിന്റെ പാപത്തിന്റെ അന ന്തര ഫലമാണെന്നുള്ള നിഗമനവും, പാപത്തെക്കുറിച്ചുള്ള അഗാധമായ ബോധവും അവരുടെ ജീവിതവീക്ഷണത്തിൽ കാതലായ മാറ്റം

ഉണ്ടാക്കി. അതോടൊപ്പം തന്നെ ദൈവം വിദൂരത്തിലാണെന്നും ദൈവത്തിന്റെ പേര് പരാമർശിക്കുന്നതിനു പകരം 'സ്വർഗ്ഗം', 'അവൻ' എന്നിങ്ങനെ വിവരിക്കുവാനും തുടങ്ങി (1 മക്കാ. 3:18, 50, 4:10, 7:37). ദൈവിക പ്രവർത്തനത്തെക്കുറിച്ച് അറിയിപ്പ് മാലാഖ മുഖേന നടത്തിയതായും പ്രതിപാദിക്കുന്നു. തോബിതിന്റെ പുസ്തകത്തിൽ തോബിയാസിന്റെ സഹചരനായ റഫായേലും, ബേലിന്റെ പുസ്തകത്തിൽ മാലാഖയെന്നും കാണാം. ദാനിയേലിന്റെ പുസ്തകത്തിൽ മിഖായേൽ ദൈവിക ശുശ്രൂഷ അനുഷ്ഠിക്കുന്നു.

അശുദ്ധാത്മാക്കൾ ശക്തി വ്യാപരിപ്പിച്ച് മനുഷ്യജീവിതം ദുസ്സഹമാക്കി. കല്യാണം കഴിഞ്ഞാൽ ഉടനെ വരനെ കൊല്ലുന്ന അസ്മദേവൂസ് എന്ന പിശാചിന്റെ പ്രവർത്തനത്തെക്കുറിച്ചും കാണാം.

വിദൂരസ്ഥൻ എന്നു കരുതുന്ന ദൈവം മനുഷ്യനിൽ നിന്ന് അകന്നുമാറി നിസംഗതനായി നിൽക്കുകയല്ല, തെരഞ്ഞെടുക്കപ്പെട്ട സമൂഹത്തിന്റെ തുണയ്ക്ക് എത്തുകയും ചെയ്യുന്നു (1 മക്കാ. 3:50-53). പ്രതിസന്ധി ഘട്ടത്തിൽ ആപത്തുകൾ നേരിടുമ്പോൾ, ശത്രുക്കൾ ആക്രമിക്കുമ്പോൾ, കുറ്റമില്ലാത്തവർ, കുറ്റക്കാരായി ആരോപിക്കപ്പെടുമ്പോൾ സഹായത്തിന് എത്തുന്നു. യൂദിത്ത് ദൈവബന്ധത്തിൽ കഴിയുവാൻ പ്രാർത്ഥനകളും, വ്രതാനുഷ്ഠാനങ്ങളും, നോമ്പും, നിഷ്ഠകളും ഉപയോഗിച്ചു. ലോകരീതിയിൽ അസാധ്യമെന്ന് തോന്നുന്ന നിരാശാജനകമായ അവസരത്തിൽ, വിജയം വരിക്കാൻ ദൈവാശ്രയം സഹായിച്ചു. മക്കാബിമാരുടെ കാലത്തെ യുദ്ധങ്ങൾ, യൂദിത്തിന്റെയും, സൂസന്നയുടെയും, എസ്ഥേറിന്റെയും ജീവിതാനുഭവങ്ങൾ എന്നിവ ഇതിന് തെളിവുകളാണ്.

## സഹനത്തിന്റെ പ്രാധാന്യവും, പുനരുത്ഥാനവും

പഴയനിയമത്തിൽ ഉടനീളം കാണുന്ന ചോദ്യമാണ് കുറ്റം ചെയ്യാത്തവൻ എന്തുകൊണ്ട് കഷ്ടമനുഭവിക്കുന്നുവെന്നത്. ഈ ലോകജീവിതത്തിൽ തന്നെ എല്ലാം അനുഭവിച്ചു തീരുന്നുണ്ടോ? അതോ അതിനപ്പുറം ഒരു ജീവിതം കൂടിയുണ്ടോയെന്ന പ്രശ്നം ഉയർന്നുവന്നു. മക്കാബിമാരുടെ കാലത്ത് വിശ്വാസത്തിനുവേണ്ടി ജീവൻ ബലി അർപ്പിച്ച മാർത്തശ്മൂനിയെന്ന ഭക്തയായ സ്ത്രീയുടെയും മക്കളുടെയും ജീവിതാനുഭവം മരണാനന്തരം പുനരുത്ഥാനമുണ്ടെന്ന പ്രത്യാശയിലായിരുന്നു. ശുഭാപ്തിവിശ്വാസത്തോടെ ജീവൻ ബലി അർപ്പിക്കാൻ അവർക്കു അത് പ്രചോദനം നൽകി. ബഹുമാന്യനായ റാസിസ് അനുഭവിച്ച പീഡനവും, പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രത്യാശയാണ് പിടിച്ചു നിൽക്കാൻ കരുത്ത് നൽകിയത് (മക്കാ. 7:9, 23, 14:46).

യെരുശലേം ദേവാലയത്തിൽ നടക്കുന്ന യാഗങ്ങളോടൊപ്പം ദാന ധർമ്മങ്ങളും ജീവകാരുണ്യ പ്രവർത്തനങ്ങളും, ന്യയപ്രമാണമനുസരിച്ചുള്ള ഭക്തജീവിതവും ആത്മീയ ജീവനുപകരിക്കാമെന്ന പുതിയ ചിന്ത രൂപംപ്രാപിച്ചു. ആത്മീയതയെക്കുറിച്ചുള്ള ഉന്നതമായ ഒരു വീക്ഷണമാണ് കാലക്രമത്തിൽ രൂപംപ്രാപിച്ചത്. ന്യായപ്രമാണമനുസരിച്ച് അവർ ശബത് ആചരിച്ചു കരുത്തു പ്രാപിച്ചു (1 മക്കാ. 8:27, 15:1–4). ദരിദ്രരോടുള്ള അനുകമ്പ, വ്യഥ അനുഭവിക്കുന്നവരെക്കുറിച്ചുള്ള കരുതൽ, സഹാനുഭൂതി, സഹായഹസ്തം എന്നിവ പുതിയ മാനം ആർജ്ജിച്ചു. മരിച്ചവരെ സംസ്ക്കരിക്കുകയെന്നത് പരിപാവനമായ ധർമ്മമായി കരുതി. ദശാംശം, നേർച്ചകൾ എന്നിവ ജീവകാരുണ്യ പ്രവർത്തികളായി അംഗീകരിച്ചു.

ന്യായപ്രമാണത്തിന്റെ അടിസ്ഥാനത്തിലുള്ള ഏകദൈവ വിശ്വാസം, കരുത്തും, ശക്തിയും ആർജ്ജിച്ചു. സമീപവാസികളുടെ വിഗ്രഹാരാധനയും, ആചാരാനുഷ്ഠാനങ്ങളും അവരുടെ വിശ്വാസത്തിന് വലിയ വെല്ലുവിളിയായി. രാജാവ് ആരാധിക്കുന്ന ദൈവത്തെ ആരാധിച്ചില്ലെങ്കിൽ ജീവൻ ത്യജിക്കേണ്ടി വരുമെന്ന് ഭീഷണിപ്പെടുത്തിയിട്ടും അവർ അടിപതറാതെ നിന്നു. ഹനൂക്കാ പെരുന്നാളും, പുനഃപ്രതിഷ്ഠയും അവരുടെ വിശ്വാസത്തിനും, നിലനില്പിനും കരുത്തും ഊർജ്ജവും നൽകി.

യവനായ ആക്രമണത്തിനും അധിനിവേശത്തിനും ശേഷം ഭിന്നരീതിയിൽ യൂദന്മാർ പ്രതികരിക്കാൻ തുടങ്ങി. യവനായകല, സംസ്കാരം, വിദ്യാഭ്യാസം, ദർശനം, വേഷസംവിധാനം, നാമകരണം, ആരാധനാ രീതികൾ, കായികമത്സരക്കളരി, മല്ലന്മാരുടെ മൽപ്പിടുത്തം എന്നിവയും ആകർഷണീയമായി. യവനായ ഭാഷയും, തത്വചിന്തയും, വിജ്ഞാന തൃഷ്ണയും, സൗന്ദര്യബോധവും പ്രചരിപ്പിക്കാൻ ബദ്ധശ്രദ്ധരായ ഭരണകർത്താക്കളെ ജീവൻ ബലികൊടുത്തും എതിർക്കുവാൻ തന്നെ ഭക്തരായ യാഥാസ്ഥിതിക സമൂഹം, അരയും തലയും മുറുക്കി മുമ്പോട്ടു വന്നു.

ദൈവത്തിന്റെ ശക്തിയിലും, കരുണയിലും സങ്കേതപ്പെട്ട് അവർ പ്രാർത്ഥനാപൂർവ്വം പടപൊരുതി. അങ്ങനെ ഭക്തരായ 'ഹസിദീം' എന്ന വിഭാഗം രൂപംപ്രാപിച്ചു. അവരുടെ പിൻഗാമികളാണ്, അൽമായക്കാരുടെയും സാധാരണക്കാരുടെയും പ്രതിനിധികളായ 'വേർതിരിക്കപ്പെട്ടവർ' എന്നർത്ഥമുള്ള പരീശന്മാർ. ഇതര മതസ്ഥരോടും, വിശ്വാസാചാരങ്ങളോടും പുറംതിരിഞ്ഞു നിന്ന സാധാരണക്കാരുടെ സമൂഹമായിരുന്നു പരീശന്മാർ. എഴുതപ്പെട്ട ന്യായപ്രമാണത്തിനും പരമ്പരാഗതമായി, വായ്മൊഴിയായി തലമുറകൾ കൈമാറി ലഭിച്ച 'പാരമ്പര്യനിയമ'ങ്ങൾക്കും

അവർ പ്രാധാന്യം കൊടുത്തു. അനുദിന ജീവിതത്തിലെ നടപടികൾക്ക്, ന്യായപ്രമാണം എന്തു പറയുന്നുവെന്ന് പരിശോധിച്ചതിന് ശേഷം കാലികമായ വ്യാഖ്യാനം നൽകി ന്യായപ്രമാണം അവർ സംഗതമാക്കി. നിലവിലിരുന്ന ഭരണകൂടത്തിനെതിരായി കർശന നിലപാട് അവർ എടുത്തതുകൊണ്ട് പീഡനത്തിനും ദണ്ഡനത്തിനും അവർ വിധേയരായി.

കുറച്ചൊക്കെ വിട്ടുവീഴ്ചകൾക്ക് സന്നദ്ധമായി, ഭരണകൂടത്തോടൊപ്പം നിലകൊണ്ട് അധികാരത്തിന്റെ തലപ്പത്തിരുന്നവരാണ് സാദോക്കിന്റെ പിൻഗാമികളായ സമ്പന്നരായ സദൂക്യർ. പ്രധാനാചാര്യന്മാരോടൊത്തു അവർ ഭരണം നടത്തി. വിശ്വാസത്തിനടിസ്ഥാനമായി ന്യായപ്രമാണം മാത്രമേ അവർ അംഗീകരിച്ചുള്ളു. പുനരുത്ഥാനം, മാലാഖമാർ മുതലായവ അവർ നിരാകരിച്ചു. പുരോഗമനവാദികളുടെ പിൻതലമുറക്കാരാണ് സദൂക്യർ.

രാജ്യത്തിന്റെ വിമോചനത്തിനുവേണ്ടിയും, അധികാരത്തിനു വേണ്ടിയും രക്തം ചിന്തുവാൻപോലും തയ്യാറായ എരിവുകാർ കാലക്രമത്തിൽ രൂപംപ്രാപിച്ചു. വിട്ടുവീഴ്ചയില്ലാത്ത വിപ്ലവത്തിന്റെ മാർഗ്ഗമാണ് അവർ കരണീയമായി കണ്ടത്.

കിടമത്സരത്തിന്റെ കേന്ദ്രമായ യെരുശലേം ദേവാലയവും പണം കൊടുത്ത് അധികാരം കൈവശമാക്കാൻ സന്നദ്ധമായ മഹാപുരോഹിതഗണവും ഭക്തരായ സമൂഹത്തെ വനാന്തരങ്ങളിലേക്കും, മരുഭൂമിയിലേക്കും വലിഞ്ഞു, പ്രാർത്ഥനയിലും വി. ഗ്രന്ഥപഠനത്തിലും ശാരീരികാദ്ധ്വാനത്തിലും മുഴുകി കൂട്ടായ്മ ജീവിതം നയിക്കാൻ പ്രേരിപ്പിച്ചു. എസ്സിൻകാർ എന്ന് പിൽക്കാലത്ത് അറിയപ്പെട്ട ഭക്തസമൂഹത്തിന്റെ താവഴിക്കാരാണ് അവർ.

## മരിച്ചവർക്കു വേണ്ടിയുള്ള പ്രാർത്ഥന

പുനരുത്ഥാനത്തെക്കുറിച്ചുള്ള പ്രത്യാശയാണ് മരിച്ചവർക്കുവേണ്ടി പ്രാർത്ഥിക്കുവാനും, യാഗം അർപ്പിക്കുവാനും പ്രേരണ നൽകിയത്. മരണത്തോടടുത്തപ്പോൾ ശ്മൂനിയുടെ നാലാമത്തെ മകൻ പറഞ്ഞു. "പുനരുത്ഥാനത്തെക്കുറിച്ച് ദൈവം നൽകുന്ന പ്രത്യാശ പുലർത്തിക്കൊണ്ട് മനുഷ്യകരങ്ങളിൽ നിന്ന് മരണം വരിക്കുന്നത് ഉത്തമമാണ്. എന്നാൽ നിങ്ങൾക്ക് പുനരുത്ഥാനമില്ല. പുതിയ ജീവനുമില്ല (2 മക്കാ. 7:14). "മരിച്ചവർ ഉയിർക്കുമെന്നു പ്രതീക്ഷയില്ലായിരുന്നെങ്കിൽ അവർക്കു വേണ്ടി പ്രാർത്ഥിക്കുന്നത് നിഷ്പ്രയോജനവും ഭോഷത്തവുമാകുമായിരുന്നു" (2 മക്കാ. 12:44-45). പാപപരിഹാരത്തിനായി ദേവാലയത്തിലേക്ക് പണംകൊടുക്കുന്ന പതിവും നിലവിൽ വന്നു (2 മക്കാ. 12:45).

യഹൂദ ജനതയ്ക്കുവേണ്ടി ഒനിയാസ് പുരോഹിതൻ പ്രാർത്ഥിച്ചു (2 മക്കാ. 15:12). ബാറൂക്കിന്റെ പുസ്തകത്തിൽ, ബാബിലോൺ രാജാവായ നെബുക്കദ്നേസറിനും, പുത്രൻ ബാൽശസറിനും വേണ്ടി പ്രാർത്ഥിക്കുവാൻ പറയുന്നു (ബാറൂക്ക് 1:11). ദേവാലയത്തിലെ പണം എടുക്കുവാൻ നിയോഗിച്ച ഹെലിയോദോറസ് അന്ത്യശ്വാസം വലിച്ചപ്പോൾ അവന്റെ ജീവനുവേണ്ടി പ്രാർത്ഥിക്കാൻ അവന്റെ മിത്രങ്ങളിൽ ചിലർ ഒനിയാസിനോട് അഭ്യർത്ഥിച്ചു (2 മക്കാ. 3:31).

## പ്രാർത്ഥനയുടെ പ്രാധാന്യവും, ശക്തിയും

പ്രതിസന്ധിഘട്ടങ്ങളിൽ ലൗകികമായ രീതിയിലുള്ള ആശ്രയവും, സങ്കേതവും തുണക്കെത്താത്ത അവസരങ്ങളിൽ ദൈവിക സഖ്യത്തിലും, കൂട്ടായ്മയിലും സങ്കേതപ്പെടുവാൻ അവർ പ്രേരിപ്പിക്കപ്പെട്ടു. നിക്കാനോറിന്റെ പോരാട്ട സമയം, പിടിച്ചുനിൽക്കാൻ ശക്തി നൽകിയത് പ്രാർത്ഥനയുടെ ഊർജ്ജമാണ് (യൂദീത് 9:1, 16:2). പന്നിമാംസം തിന്നുവാൻ പ്രചോദിക്കപ്പെട്ട ഏലിയാസാറും, വിശ്വാസത്തിനുവേണ്ടി ജീവൻ ബലികഴിക്കേണ്ടി വന്ന റാസീസും പ്രാർത്ഥനയുടെ ശക്തികൊണ്ടാണ് പിടിച്ചുനിന്ന് വിജയം വരിച്ചത്. യൂദാ മക്കാബി സ്വർഗ്ഗത്തിലേക്ക് കൈകളുയർത്തി വീര്യപ്രവർത്തികളും, അത്ഭുതങ്ങളും ചെയ്യുന്ന ദൈവത്തോട് കരഞ്ഞു പ്രാർത്ഥിച്ചു (2 മക്കാ. 8:2). പ്രഭാഷകന്റെ പുസ്തകത്തിലും പ്രാർത്ഥനയുടെ ശക്തിയെക്കുറിച്ച് പരാമർശമുണ്ട്. “മകനേ രോഗം വരുമ്പോൾ ഉദാസീനനാകാതെ കർത്താവിനോട് പ്രാർത്ഥിക്കുക” (പ്രഭാ, 38:9. കൂടാതെ, 39:5, 51:10, 11, 13 കാണുക). ശലോമോന് ജ്ഞാനം ലഭിച്ചത് പ്രാർത്ഥിച്ചപ്പോഴാണ്. ഹാമാന്റെ തന്ത്രത്തിൽ നിന്ന് രക്ഷപെട്ട എസ്ഥേറും ദുഷ്ടരായ ന്യായാധിപന്മാരുടെ കെണിയിൽ നിന്ന് മോചനം പ്രാപിച്ച സൂസന്നയും ദൈവത്തെ മഹത്വപ്പെടുത്തി പ്രാർത്ഥിച്ചു. ദൈവിക അത്ഭുതം നടക്കുമ്പോൾ ജനം പ്രാർത്ഥിച്ചു. “ബലിവസ്തു ദഹിക്കുമ്പോൾ പുരോഹിതന്മാരും, ജനങ്ങളും പ്രാർത്ഥിച്ചുകൊണ്ടിരുന്നു” (2 മക്കാ. 1:23). പ്രതിസന്ധിയിലും അവർ പ്രാർത്ഥിച്ചു. വിശുദ്ധ മന്ദിരം അവഹേളിക്കപ്പെടുവാൻ പോകുന്നുവെന്നറിഞ്ഞു ജനം തങ്ങളുടെ വീടുവിട്ടിറങ്ങി, കൂട്ടമായി പ്രാർത്ഥനയ്ക്കു വന്നു (2 മക്കാ. 3:18).

## അപ്പോക്രിഫൽ പുസ്തകങ്ങൾ

എബ്രായ വേദപുസ്തകത്തിൽ ഉൾപ്പെടുത്താത്ത പുസ്തകങ്ങൾ സെപ്റ്റുവജിന്റിൽ ഉണ്ട്. അവ താഴെ വിവരിക്കുന്നു.

എസ്ഡ്രാസ് 1, എസ്ഡ്രാസ് 2, യൂദിത്ത്, തോബിത്, മക്കാബി 1, മക്കാബി 2, മക്കാബി 3, മക്കാബി 4, ശലോമോന്റെ ജ്ഞാനം, പ്രഭാഷകൻ, ശലോമോന്റെ സങ്കീർത്തനങ്ങൾ, ബാറൂക്ക്, യെരമ്യായുടെ ലേഖനം,

സൂസന്ന, ദാനിയേലിൽ - മൂന്നു യുവാക്കളുടെ ഗീതം, ബേലും പെരു മ്പാമ്പും, എസ്ഥേറിന്റെ, ഒരു അനുബന്ധം.

## കോഡക്സ് അംബ്രോസിയാനസ്

പെഷീത്തായുടെ ഒരു നല്ല കൈയെഴുത്തുപ്രതിയാണ് മിലാൻ ലൈബ്രറിയിൽ സൂക്ഷിച്ചിരിക്കുന്ന കോഡക്സ് അംബ്രോസിയാനസ്. ക്രിസ്താബ്ദം ആറോ ഏഴോ നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണ്. ഹോള ണ്ടിലെ ലൈഡൻ പെഷീത്താ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് പ്രസിദ്ധീകരിച്ച പെഷീത്താ ബൈബിൾ, കോഡക്സ് അംബ്രോസിയാനസിനെയാണ് മുഖ്യ അടിസ്ഥാന രേഖയായിട്ട് ഉപയോഗിച്ചിരിക്കുന്നത്. എബ്രായ ബൈബിളിൽ ഉൾപ്പെടുത്താത്ത താഴെ വിവരിക്കുന്ന പുസ്തകങ്ങൾ കൂടി അതിൽ കാണാം:-

ശലോമോന്റെ ജ്ഞാനം, യെരമ്യായുടെ ലേഖനം, ബാറൂക്കിന്റെ ലേഖനം 1, ബാറൂക്കിന്റെ ലേഖനം 2, ദാനിയേൽ - യുവാക്കളുടെ ഗീതം അടങ്ങുന്നത്, ബേലും പെരുമ്പാമ്പും, സൂസന്ന, യൂദിത്, സിറാ, എസ്ഡ്രാ, മക്കാബി 1, മക്കാബി 2, മക്കാബി 3, മക്കാബി 4.

ബാറൂക്കിന്റെ രണ്ടു ലേഖനങ്ങൾ ഉണ്ട്.

## ബുക്കാനൻ ബൈബിൾ

12-ാം നൂറ്റാണ്ടിൽ എഴുതപ്പെട്ടതാണിത്. ക്ലോഡിയസ് ബുക്കാനൻ കേരളത്തിൽ നിന്ന് കേംബ്രിഡ്ജിൽ എത്തിച്ച ഈ ബൈബിളിൽ മേൽ പ്രസ്താവിച്ച പുസ്തകങ്ങളിൽ, തോബിത് ഒഴികെ എല്ലാംതന്നെ കാണാം. കേരളത്തിലെ പ്രത്യേക കാലാവസ്ഥ കൊണ്ട് പൊടിഞ്ഞു പോയതിനാൽ ചില ഭാഗം വായിക്കുവാൻ വിഷമമാണ്.

ലണ്ടനിലെ ട്രിനിറ്റേറിയൻ ബൈബിൾ സൊസൈറ്റി 1913-ൽ പ്രസി ദ്ധീകരിച്ച പെഷീത്താ ബൈബിളിൽ തോബിത്-മക്കാബി പുസ്തകങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല.

1950-ൽ ഇറാക്കിലെ മോസലിൽ നിന്ന് കൽദായ സുറിയാനിയിൽ പ്രസിദ്ധപ്പെടുത്തിയ പെഷീത്താ ബൈബിളിൽ ബാറൂക്കിന്റെ രണ്ടു ലേഖ നങ്ങൾ ഉൾപ്പെടെ മിക്ക പുസ്തകങ്ങളും കാണാം. 1, 2 മക്കാബി മാത്രമേ, മക്കാബിമാരുടെ പുസ്തകത്തിൽ നിന്ന് എടുത്തിട്ടുള്ളു.

1981-ൽ റോമൻ കത്തോലിക്കാ സഭ മലയാളത്തിൽ തർജ്ജമ ചെയ്ത് പ്രസിദ്ധീകരിച്ച സമ്പൂർണ്ണ ബൈബിളിൽ കാണുന്ന പുസ്തകങ്ങൾ:-

തോബിത്, യൂദിത്ത്, 1 മക്കബായർ, 2 മക്കബായർ, 3 മക്കബായർ,

പ്രഭാഷകൻ, ബാറൂക്ക് എന്നീ പുസ്തകഗണങ്ങൾ ഉണ്ട്. ദാനിയേലിൽ 3:24 മുതൽ 3 യുവാക്കളുടെ ഗീതവും 13–ാം അദ്ധ്യായമായിട്ട് സൂസന്നയും, 14–ാം അദ്ധ്യായമായി ബേലും, വ്യാളിയും ചേർത്തിരിക്കുന്നു. എസ്തേറിൽ സെപ്റ്റുവജിന്റിലുള്ളതുപോലെ അനുബന്ധവുമുണ്ട്.

1994–ൽ കണിയാമ്പറമ്പിൽ കുര്യൻ കോർഎപ്പിസ്കോപ്പാ തർജ്ജമ ചെയ്ത് മലയാളത്തിൽ പ്രസിദ്ധീകരിച്ച പെഷീത്താ ബൈബിളിൽ

തൂബീദ്, യഹൂദിത്ത്, മഹാജ്ഞാനം, യേശുബാർ ആസീറെ, എറമിയായുടെ ലേഖനം, ബാറൂക്കിന്റെ 1–ാം ലേഖനം, ബാറൂക്കിന്റെ 2–ാം ലേഖനം, ദാനിയേൽ (ശൂശാൻ), 1 മക്കാബ്യർ, 2 മക്കാബ്യർ എന്നീ പുസ്തകങ്ങൾ ഉണ്ട്.

ദാനിയേലിന്റെ 13–ാം അദ്ധ്യായമായി ശൂശാനും, 14–ാം അദ്ധ്യായമായി ബേലും പെരുമ്പാമ്പും കാണുന്നു.

ഇവയെല്ലാം പരിശോധിച്ചാൽ അപ്പോക്രിഫൽ പുസ്തകങ്ങളെ വി. ഗ്രന്ഥത്തിൽ ഉൾപ്പെടുത്തുന്ന രീതിയിൽ വൈവിധ്യം കാണുന്നുണ്ട്. ഹൂദായ കാനോനിൽ വിവരിക്കുന്ന പുസ്തകങ്ങൾ (13–ാം നൂറ്റാണ്ട്) പഴയ നിയമത്തിലെ പുസ്തകങ്ങൾ ഇവയാകുന്നു: മൂശയുടെ അഞ്ചു പുസ്തകങ്ങൾ, യേശു ബർന്നൂന്റെ ഒന്ന്, ന്യായാധിപന്മാരുടെ ഒന്ന്, രൂഥിന്റെ ഒന്ന്, യീഹൂദിത്തിന്റെ ഒന്ന്, രാജാക്കന്മാരുടെ നാല്, ബർയോമീൻ രണ്ട്, എസ്രാ രണ്ട്, എസ്തേർ ഒന്ന്, തൂബിത് ഒന്ന്, മക്കുബായർ മൂന്ന്, ഇയ്യോബ് ഒന്ന്, ദാവീദ് ഒന്ന്, നൂറ്റിയമ്പത് മസ്മുറാകൾ, ശ്ലേമൂന്റെ അഞ്ച്, ദീർഘദർശിമാർ പതിനാറ്, കുട്ടികളുടെ പഠനത്തിനുവേണ്ടി ഇതിലുൾപ്പെടാത്തതായി ബാറാസീറായുടെ പുസ്തകം.

അപ്പോക്രിഫായിലെ പുസ്തകങ്ങൾ എല്ലാംതന്നെ താഴെ വിവരിക്കുന്ന ഗണത്തിൽ പെടുത്തിയിട്ടില്ല. പ്രധാന പുസ്തകങ്ങളെക്കുറിച്ച് മാത്രം പരാമർശിക്കുന്നു.

(1) യെരമ്യായുടെ ലേഖനം, (2) ബാറൂക്ക്, (3) മൂന്നു യുവാക്കളുടെ ഗീതം, (4) സൂസന്ന, (5) ബേലും പെരുമ്പാമ്പും, (6) തോബീത്, (7) യൂദിത്, (8) ജ്ഞാനം, (9) പ്രഭാഷകൻ, (10) 1 മക്കാബി, (11) 2 മക്കാബി.

## പാഠം 4

# അപ്പോക്രിഫ ഗ്രന്ഥങ്ങൾ - 1

### യെരമ്യായുടെ ലേഖനം

ബാബിലോണിലേക്ക് പ്രവാസികളായി നയിക്കപ്പെടുന്നവർക്കു യെരമ്യ എഴുതുന്ന ലേഖനമാണ്. വിഗ്രഹാരാധനയുടെ നിഷ്പ്രയോജനമാണ് പ്രതിപാദ്യവിഷയം (യെര. ലേ. 21–22). അതിന്റെ അപകടങ്ങളെക്കുറിച്ച് താക്കീത് നൽകുന്നു. യെരമ്യാ പ്രവാചകന്റെ പ്രവചനത്തിൽ കാണുന്ന ചിന്തകളാണ് എഴുത്തിലും കാണുന്നത്.

"നീ അവരോട് ഇപ്രകാരം പറയുക; ആകാശവും ഭൂമിയും നിർമ്മിച്ചിട്ടില്ലാത്ത ദൈവങ്ങൾ, ഭൂമിയിൽ നിന്നും നശിച്ചു പോകും. അവ ആകാശത്തിൻ കീഴിൽനിന്ന് സമൂലം ഇല്ലാതാകും." എബ്രായ ഭാഷയിൽ എഴുതപ്പെട്ടതാണെങ്കിലും, ഗ്രീക്ക് തർജ്ജമ മാത്രമേ അവശേഷിക്കുന്നുള്ളു. ബാബിലോണിലെ മതപരമായ പശ്ചാത്തലവും, ആരാധനാരീതികളും ശരിയായി അറിഞ്ഞിരുന്ന എഴുത്തുകാരൻ ബാബിലോണിൽ വച്ച് അത് എഴുതിയതായി പണ്ഡിതന്മാർ കരുതുന്നു. ക്രിസ്തുവിനു മുമ്പ് ആറാം നൂറ്റാണ്ടിലാകാം എഴുത്ത്. "പ്രവാസികൾ അവിടെ ഏതാണ്ട് 7 തലമുറ താമസിക്കേണ്ടി വരും. അതിനുശേഷം തിരികെ പോരും" (യിരെ. ലേ. 3). "ദൈവത്തിന്റെ മാലാഖ കൂടെയുണ്ട്. അവൻ നിങ്ങളുടെ ആത്മാക്കൾക്ക് വേണ്ടതു ചെയ്തുകൊള്ളും" (യെര. ലേ. 7). ബാബിലോൺ ദേവന്മാർ പൊന്നും വെള്ളിയും തടിയുമാണ്. "ഈ ദേവന്മാരോട് ആരെങ്കിലും, ഗുണമോ, ദോഷമോ ചെയ്താലും തിരിച്ച് ഒന്നും ചെയ്യുവാൻ അവർക്കു കഴിവില്ല. കൂടാതെ മനുഷ്യനെ മരണത്തിൽനിന്നു രക്ഷിക്കാനും ബലഹീനനെ ശക്തനിൽ നിന്ന് ത്രാണനം ചെയ്യാനും, അന്ധനു കാഴ്ചകൊടുപ്പാനും അഗതികളുടെ ദുർഗതിയിൽ എന്തെങ്കിലും കൊടുത്തു സഹായിക്കാനും അവർക്കു പ്രാപ്തിയില്ല. വിധവമാരോട് കരുണയില്ല. അശുദ്ധരെ ഉത്തമരാക്കുന്നില്ല. ദരിദ്രനെ സംരക്ഷിക്കുന്നുമില്ല. തടിയും പൊന്നും വെള്ളിയും കൊണ്ടുള്ള ദേവന്മാർ മലകളിലെ വെറും ശിലകൾക്കു തുല്യമാണ് (യെര. 35–38). നീതിപാലനം ചെയ്വാനോ, മനുഷ്യർക്കു നന്മയോ, ദോഷമോ ചെയ്യാനോ അവയ്ക്കു കഴിവില്ല തന്നെ. ആകയാൽ അവ ദേവന്മാരെ അല്ല എന്നു നിങ്ങൾ അറിഞ്ഞുകൊള്ളണം. അവയെ സേവിക്കയുമരുത് (യെര. 64).

പ്രധാന ചിന്താഗതി ബാബിലോൺ ദേവന്മാരെ കേന്ദ്രീകരിച്ചാണെങ്കിലും ഇസ്രായേലിന്റെ സത്യദൈവത്തിന്റെ ശക്തിയും, പ്രാപ്തിയും കരുതലും വഴിനടത്തിപ്പും ചരിത്രത്തെ നിയന്ത്രിക്കുന്നതും അടിവരയിട്ട്

പ്രഖ്യാപിക്കുവാനാണ് എഴുത്തുകാരൻ ശ്രമിക്കുന്നത്. അന്ന് നിലവിലിരുന്നതും ജനസമ്മതി നേടിയതുമായ കാരുണ്യ പ്രവർത്തനങ്ങളിലേയ്ക്ക് ആ ലേഖനം വെളിച്ചം നൽകുന്നു.

## ബാറൂക്ക്

എഴുത്തുകാരനായ ബാറൂക്ക് യെരമിയ പ്രവാചകന്റെ ഗുമസ്തൻ ആയിരുന്നു (യെര. 36:4). ബാറൂക്കിന്റെ പുസ്തകം ബാബിലോണിൽ വെച്ച് എബ്രായ ഭാഷയിൽ എഴുതപ്പെട്ടു. ആദ്യഭാഗത്തെ വിവരണം (1:1–14) ബാബിലോൺ പ്രവാസത്തെ പരാമർശിച്ചുള്ളതാണ്. സൃഷ്ടിക്കുകയും സ്നേഹിക്കുകയും ചെയ്യുന്ന ദൈവത്തെ സദാ സ്മരിച്ചിരിക്കണം. ജനങ്ങൾ അനുഭവിക്കുന്ന കഷ്ടതകൾ നന്മയ്ക്കാണെന്ന് കരുതി സഹിക്കുവാൻ ആഹ്വാനം ചെയ്യുന്നു (ബാറൂ. 1:6). മോശയുടെ ന്യായപ്രമാണം ആചരിച്ചാൽ സുരക്ഷിതരാകും. യെരുശലേമിലെ ബാൽഷസറിനും യാഗങ്ങൾക്കാവശ്യമായ പണം അയയ്ക്കുന്നുവെന്നും (1:10) നെബൂഖദ്നേസറിനും മകൻ ബേത്ത്ശസറിനും പ്രവാസികൾക്കും വേണ്ടി പ്രാർത്ഥിക്കണമെന്നും (1:11) പുസ്തകം പ്രധാന ദിവസങ്ങളിൽ ആരാധനാ സമയത്ത് വായിക്കണമെന്നും നിഷ്കർഷിക്കുന്നു (1:14). ഇസ്രായേലിന്റെ വീഴ്ചയ്ക്കും തോൽവിക്കും കാരണം ന്യായപ്രമാണലംഘനമാണ്. ഞങ്ങൾ പാപം ചെയ്തിരിക്കുന്നു, ഞങ്ങൾ അധർമ്മികളായിരുന്നു. ദൈവമായ കർത്താവെ, നിന്റെ അനുശാസനകൾക്കെല്ലാം എതിരായി ഞങ്ങൾ തെറ്റു ചെയ്തിരിക്കുന്നു. ഞങ്ങളിൽ നിന്ന് നിന്റെ കോപം അകറ്റേണമേ (ബാറൂ. 1:13). ജ്ഞാനത്തെ കേന്ദ്രീകരിച്ചുള്ള ഒരു ഗീതവും കാണാം (ബാറൂ. 3:9). "ഇസ്രായേലേ ജീവന്റെ കല്പനകൾ കേട്ടാലും! ശ്രവിച്ച് ജ്ഞാനം അഭ്യസിക്കുക." ന്യായപ്രമാണവും ജ്ഞാനവും തമ്മിലുള്ള താദാത്മ്യം കാണാം. കൂടാതെ ജ്ഞാനത്തെ ഒരു വ്യക്തിയെന്ന നിലയിൽ വിശേഷിപ്പിച്ചിരിക്കുന്നു. "അവനാണ് നമ്മുടെ ദൈവം. അവനു സദൃശനായി ആരുമില്ല. അവൻ അറിവിലേക്കുള്ള വഴി മുഴുവൻ കണ്ടെത്തി, തന്റെ ദാസനായ യാക്കോബിനും താൻ സ്നേഹിച്ച ഇസ്രായേലിനും അതു നൽകി" (ബാറൂ. 3:35, 36).

ആശ്വാസത്തിന്റെ സങ്കീർത്തനം ബാറൂക്കിന്റെ എഴുത്തിന്റെ അവസാന അദ്ധ്യായത്തിൽ കാണാം. ‘‘മക്കളേ, ധൈര്യമായിരിക്കൂ. ദൈവത്തോട് നിലവിളിക്കൂ. ശത്രുവിന്റെ കൈയിൽ നിന്നും നിങ്ങളെ അവൻ മോചിപ്പിക്കും" (ബാറൂ. 4:21, 27, 30). ‘നീതിയുടെ സമാധാനമേ, ഭക്തിയുടെ മഹത്വമേ, എന്നു ദൈവം എന്നെന്നും നിന്നെ വിളിക്കും" (5:4). "തന്റെ മഹത്വത്തിന്റെ പ്രകാശത്തിൽ, തന്നിൽ നിന്നു പുറപ്പെടുന്ന കാരുണ്യത്തോടും നീതിയോടും കൂടെ, ദൈവം ഇസ്രായേലിനെ ആനന്ദപൂർവ്വം ആനയിക്കും'' (ബാറൂ. 5:9).

## അസര്യാവിന്റെ പ്രാർത്ഥനയും, മൂന്നു പൈതങ്ങളുടെ ഗീതവും

ദാനിയേലിന്റെ പുസ്തകത്തിൽ 3-ാം അദ്ധ്യായം 23-ഉം 24-ഉം വാക്യങ്ങളുടെ ഇടയിലാണ് ഈ പ്രാർത്ഥന സെപ്റ്റുവജിന്റിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. അസര്യാവ് അഗ്നിമദ്ധ്യത്തിൽ നിന്നുകൊണ്ട് ദൈവത്തെ മഹത്വപ്പെടുത്തുന്നു. പ്രകൃതിയും, മാലാഖമാരും, സ്ത്രീകളുമെല്ലാം ദൈവത്തെ പാടിപുകഴ്ത്തുന്നതായിട്ട് വിവരിക്കുന്നു. ഓരോന്നിന്റെയും പേരു പറഞ്ഞു വാഴ്ത്തപ്പെട്ടവനാകുന്നു, പാടിപുകഴ്ത്തുക എന്ന് ആവർത്തിച്ചാവർത്തിച്ചു പറയുന്നു. “ഹനന്യായേ, അസര്യയായേ, മീശായേലെ, കർത്താവിനെ വാഴ്ത്തുക” എന്നും പാടുന്നു (13:66). 148-ാം സങ്കീർത്തനം പോലെയുള്ള വിവരണരീതികളാണ് സ്തുതിഗീതത്തിലും കാണുന്നത്. എബ്രായ വേദപുസ്തകത്തിൽ ഈ ഭാഗം കാണുന്നില്ലെങ്കിലും സെപ്റ്റുവജിന്റിലും തിയോഡോഷ്യന്റെ ഗ്രീക്ക് തർജ്ജമയിലും പെഷീത്തായിലും കാണുന്നു. 1-22 സ്തുതിഗീതവും 28-68 വരെയുള്ളത്, മൂന്നു യുവാക്കളുടെ ഗാനവുമാണ്. മക്കാബിയരുടെ കാലത്തെ സാഹചര്യം പീഡനം എന്നിവ പ്രസ്തുത ഗാനങ്ങൾ വെളിവാക്കുന്നു.

### സൂസന്നാ

ദാനിയേലിന്റെ പുസ്തകം 12-ാം അദ്ധ്യായത്തിന് ശേഷം സെപ്റ്റുവജിന്റിലും, ദാനിയേലിന്റെ പുസ്തകത്തിന്റെ ആരംഭത്തിൽ തിയോഡോഷ്യൻ ഗ്രീക്ക് തർജ്ജമയിലും സൂസന്നാ കാണപ്പെടുന്നു. രണ്ടു ന്യായാധിപന്മാർ അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടരായി. ഏകയായി അവളെ കണ്ടുകിട്ടുവാൻ നോക്കിപ്പാർത്തിരുന്നു. തോട്ടത്തിൽ കുളിക്കുവാൻ വന്ന സൂസന്നയെ ഒളികണ്ണിട്ട് നോക്കി. അവരോടൊപ്പം ശയിക്കാൻ പ്രലോഭിപ്പിച്ചു. അതിന് വശംവദയായില്ലെങ്കിൽ ഒരു ചെറുപ്പക്കാരനുമായി അവൾ സല്ലപിക്കുന്നതായി കണ്ടുവെന്നു പറഞ്ഞു, വ്യഭിചാരകുറ്റം ആരോപിച്ചു ശിക്ഷിക്കുമെന്ന് ഭീഷണിപ്പെടുത്തി. സൂസന്ന അവർക്കു വിധേയയായില്ല. അവളെ കുറ്റപ്പെടുത്തി വിസ്തരിച്ചു, മരണശിക്ഷയ്ക്കു വിധിച്ചു. പ്രതിസന്ധിയിൽ സൂസന്ന ദൈവത്തോടപേക്ഷിച്ചു (സൂസ. 13:42). പ്രാർത്ഥന കേട്ട ദൈവം യുവാവായ ദാനിയേലിനെ സൂസന്നായുടെ സഹായത്തിന് അയച്ചു. ന്യായാധിപന്മാരെ രണ്ടുപേരെയും വെവ്വേറെ ദാനിയേൽ വിസ്തരിച്ചു. അവരുടെ വിവരണത്തിൽ, സൂസന്ന സഹശയനം നടത്തിയെന്നു ആരോപിക്കപ്പെട്ട വർണ്ണനയിൽ പൊരുത്തക്കേടു കണ്ടു. അത് കെട്ടിച്ചമച്ച കഥയാണെന്ന് വെളിച്ചത്ത് കൊണ്ടുവന്നു. ഒരുത്തൻ കരയാമ്പൂ മരത്തിന്റെയെന്നും, മറ്റവൻ കരുവേലക വൃക്ഷത്തിന്റെ കീഴിൽ എന്നും പറഞ്ഞു. മോശയുടെ കല്പനപ്രകാരം കള്ളവിധി നടത്തിയ ന്യായാധിപന്മാരെ കൊന്നുകളഞ്ഞു.

ന്യായപ്രമാണം ആചരിക്കുന്നതിന്റെ പ്രാധാന്യവും, വിശ്വാസം സംരക്ഷിക്കുന്നതിൽ നേരിടുന്ന പീഡനത്തിന്റെ കാഠിന്യവും, പ്രതിസന്ധിയിൽ ദൈവം ഇടപെട്ട് കൈക്കുപിടിച്ച് വഴി നടത്തുമെന്ന യാഥാർത്ഥ്യവും പഠിപ്പിക്കുന്നു. പ്രാർത്ഥനയ്ക്ക് ദൈവം ഉത്തരമരുളുമെന്നും, അത്ഭുതകരമായ രീതിയിൽ മോചനം നൽകുമെന്നും പഠിപ്പിച്ചു. അന്നത്തെ നീതിന്യായത്തിന്റെ പാകപ്പിഴ, തെറ്റായ ന്യായവിധി എന്നിവ ചൂണ്ടിക്കാണിച്ചു. നിലവിലിരുന്ന ന്യായവിസ്താര രീതിയുടെ ശരിയായ ന്യായാധിപൻ ദൈവം തന്നെയാണെന്ന് സ്ഥാപിക്കുന്നു.

### ബേലും പെരുമ്പാമ്പും

ദാനിയേലിന്റെ പുസ്തകത്തോടൊപ്പം ഗ്രീക്കു വിവർത്തനത്തിൽ കാണുന്ന പുസ്തകമാണ് ബേൽ. ഇതര ഗ്രീക്കു പരിഭാഷയായ തിയോഡോഷ്യനിലും സുറിയാനി പെഷീത്തായിലും കാണുന്നു. എബ്രായ ഭാഷയിൽ എഴുതി വിവർത്തനം ചെയ്യപ്പെട്ടതാണ്. വിഗ്രഹാരാധനയുടെ നിഷ്പ്രയോജനം ചൂണ്ടിക്കാണിക്കാനാണ് വിവരണം. രാജസന്നിധിയിൽ സേവനം അനുഷ്ഠിച്ചിരുന്ന ദാനിയേൽ വളരെ ആദരണീയനായിരുന്നു. രാജാവ് ബേലിനെ എല്ലാ ദിവസവും ആരാധിക്കുകയും, ദാനിയേൽ ബേലിനെ വണങ്ങാത്തതിന്റെ കാരണം ചോദിക്കുകയും ചെയ്തു. കൊടുക്കുന്ന ഭക്ഷണം ബേൽ കഴിക്കുന്നതുകൊണ്ട്, ബേൽ ജീവനുള്ള ദൈവമാണെന്ന് രാജാവ് വിശ്വസിച്ചിരുന്നു. അതിന് മറുപടിയായി, "മനുഷ്യനിർമ്മിതമായ വിഗ്രഹങ്ങളെ ഞാൻ വണങ്ങുകയില്ല. ആകാശവും ഭൂമിയും സൃഷ്ടിച്ചവനും സമസ്ത ജീവജാലങ്ങളുടെയും മേൽ ആധിപത്യമുള്ളവനുമായ ജീവനുള്ള ദൈവത്തെയാണ് ഞാൻ ആരാധിക്കുന്നത്" (1:5) എന്ന് ദാനിയേൽ അറിയിച്ചു.

ബേലിന്റെ എഴുപതു പുരോഹിതന്മാരും, അവരുടെ ഭാര്യമാരും, രഹസ്യവാതിലിൽ കൂടി പ്രവേശിച്ചാണ് ബേലിനുള്ള ഭക്ഷണവും, വീഞ്ഞും അകത്താക്കിയിരുന്നത്. രാജാവിന് ആ രഹസ്യം അറിഞ്ഞുകൂടായിരുന്നു. രാജകല്പനപ്രകാരം ഭക്ഷണം ബേലിന്റെ ക്ഷേത്രത്തിൽ കൊണ്ടുവന്നു. പുരോഹിതൻ പുറത്തുപോയി ക്ഷേത്രത്തിന്റെ വാതിൽ അടച്ചു, രാജകീയ മോതിരം കൊണ്ടു മുദ്ര വച്ചു. ദാനിയേലിന്റെ ആജ്ഞപ്രകാരം പരിചാരകർ ചാരം കൊണ്ടുവന്നു. ക്ഷേത്രത്തിന് ചുറ്റും വിതറി. രാത്രിയിൽ പതിവ് അനുസരിച്ച് പുരോഹിതർ ഭാര്യമാരോടും കുട്ടികളോടുംകൂടെ വന്നു. ഭക്ഷണം മുഴുവൻ തിന്നുതീർത്തു. ദാനിയേൽ പുരുഷന്മാരുടെയും സ്ത്രീകളുടെയും കുട്ടികളുടെയും കാൽപാടുകൾ രാജാവിനെ കാണിച്ചു. കൂടാതെ രഹസ്യ കവാടത്തെയും കാണിച്ചു. പുരോഹിതന്മാരുടെ തന്ത്രം പുറത്തുകൊണ്ടുവന്നു. ദാനിയേൽ, ക്ഷേത്രവും വിഗ്രഹവും നശിപ്പിച്ചു.

### പെരുമ്പാമ്പ്

ബാബിലോൺകാർ ദിവ്യമായി കരുതിയിരുന്ന പാമ്പിനെ ആരാധിക്കുവാൻ രാജാവ് ദാനിയേലിനോട് പറഞ്ഞു. "എന്റെ ദൈവമായ കർത്താവിനെ ഞാൻ ആരാധിക്കും; അവനാണ് ജീവനുള്ള ദൈവം. അങ്ങ് അനുവദിച്ചാൽ വാളോ ഗദയോ കൂടാതെ ഞാൻ ഈ സർപ്പത്തെ കൊല്ലാം." രാജാവ് അനുവാദം നൽകി. ദാനിയേൽ താറും കൊഴുപ്പും രോമങ്ങളും എടുത്ത് ഒന്നിച്ചുചേർത്ത് തിളപ്പിച്ച് ഉരുളകളാക്കി സർപ്പത്തിന് കൊടുത്തു. സർപ്പം അത് തിന്നു പൊട്ടിപ്പിളർന്നു. ബാബിലോൺകാർ ക്രൂദ്ധരായി രാജാവിനെതിരെ ഗൂഢാലോചന നടത്തി. രാജാവ് യഹൂദനായി തീർന്നിരിക്കുന്നുവെന്ന ആരോപണം ഉന്നയിച്ചു. രാജാവ് അവരുടെ സമ്മർദ്ദം മൂലം അവർക്കു ദാനിയേലിനെ വിട്ടുകൊടുത്തു. അവർ ദാനിയേലിനെ സിംഹക്കുഴിയിൽ എറിഞ്ഞു. അവിടെ ഏഴു സിംഹങ്ങൾ ഉണ്ടായിരുന്നു. രണ്ടു മനുഷ്യരെയും രണ്ട് ആടുകളെയും ദിവസേന ഇട്ടുകൊടുക്കുന്ന പതിവുണ്ടായിരുന്നു. ഹബകൂക്ക് പ്രവാചകന് മാലാഖ പ്രത്യക്ഷനായി, ബാബിലോണിൽ സിംഹക്കുഴിയിൽ കിടക്കുന്ന ദാനിയേലിന് ഭക്ഷണം കൊടുക്കാൻ ആജ്ഞാപിച്ചു. മാലാഖ പ്രവാചകനെ പൊക്കിയെടുത്ത് ബാബിലോണിലെ സിംഹക്കുഴിക്കു മുകളിൽ കൊണ്ടു ചെന്നു നിർത്തി. ദാനിയേൽ എഴുന്നേറ്റു ഭക്ഷണം കഴിച്ചു. മാലാഖ ഹബകൂക്കിനെ യൂദായിൽ തിരിച്ചെത്തിച്ചു.

രാജാവ് ദാനിയേലിനെ കുറിച്ച് വിലപിക്കാൻ ഏഴാം ദിവസം എത്തിച്ചേർന്നു. ദാനിയേൽ സൗഖ്യമായി ഇരിക്കുന്നതു കണ്ടു. ഉറക്കെ വിളിച്ചു. "ദാനിയേലിന്റെ കർത്താവായ ദൈവമേ, നീ തന്നെ വലിയവൻ, നീയല്ലാതെ മറ്റൊരു ദൈവം ഇല്ല." ദാനിയേലിനെ ഗുഹയിൽ നിന്ന് കയറ്റി അവനെ നശിപ്പിക്കാൻ ശ്രമിച്ചവരെ ഗുഹയിലേക്ക് എറിഞ്ഞുകൊടുത്തു. സിംഹങ്ങൾ ക്ഷണനേരത്തിൽ അവരെ തിന്നു.

ദൈവം ജാഗരൂകനും, കർമ്മനിരതനും തന്നിൽ ആശ്രയം വയ്ക്കുന്നവരെ രക്ഷിക്കുന്നവനും ആകുന്നുവെന്ന് ദാനിയേലിന്റെ അനുഭവം പഠിപ്പിക്കുന്നു.

### തോബീത്

വടക്കേ രാജ്യമായ ഇസ്രായേൽ അസ്സീറിയക്കാരാൽ തോല്പിക്കപ്പെട്ട് ഇസ്രായേൽക്കാരെ നാടുകടത്തിയ സാഹചര്യമാണ് തോബീതിന്റെ പുസ്തകം പ്രതിഫലിപ്പിക്കുന്നത്. ഇസ്രായേൽക്കാരുടെ ചിന്താഗതിയും, സമീപവാസികളുടെ ചിന്താഗതികളും അത് വെളിവാക്കുന്നു. കുടുംബജീവിതത്തെക്കുറിച്ചും ദാമ്പത്യ വിശുദ്ധിയെക്കുറിച്ചുമുള്ള ധാർമ്മിക

ഉപദേശങ്ങൾ അത് നൽകുന്നു. കുംറാൻ കൈയെഴുത്തു ശേഖരത്തിൽ എബ്രായ ഭാഷയിലും, അറമായ ഭാഷയിലും എഴുതപ്പെട്ട തോബീതിന്റെ പുസ്തകം കാണുന്നുണ്ട്. എബ്രായഭാഷയിലാകാം മൂല കൃതി.

ന്യായപ്രമാണം ആചരിക്കുന്നതിന്റെ പ്രാധാന്യം എടുത്തു കാട്ടുന്നു. ജീവകാരുണ്യ പ്രവൃത്തികൾ ചെയ്യുക, വിശക്കുന്നവർക്കു ഭക്ഷണം കൊടുക്കുക, നഗ്നർക്കു വസ്ത്രം നൽകുക, പെരുന്നാളുകൾ ആചരിക്കുക, ആദ്യഫലം കാഴ്ചയായി അർപ്പിക്കുക, പുരോഹിതർക്കു ഓഹരി കൊടുക്കുക, ദശാംശം നൽകുക എന്നിവ അനുകരണീയമായ സുകൃതങ്ങളാണ്. വിധവകൾ, അനാഥർ എന്നിവർ പ്രത്യേക സംരക്ഷണം അർഹിക്കുന്നു. മറ്റ് അപ്പോക്രിഫോ പുസ്തകങ്ങളിൽ കാണാത്ത ചില വിവരണങ്ങളും കാണാം. (1) വിശ്വസ്തനായ സഹയാത്രികൻ (തോബീ 5:3). (2) വാങ്ങിപ്പോയവരോടുള്ള ബഹുമാനസൂചകമായി ശവസംസ്കാരം നടത്തേണ്ടതിന്റെ ആവശ്യം (തോബീ 1:17). (3) ദുരാത്മാവിന്റെ മേലുള്ള വിജയം (3:8, 17, 6:7, 8:3). കൂടാതെ പ്രാർത്ഥന, ഉപവാസം എന്നിവയുടെ പ്രാധാന്യവും ചൂണ്ടിക്കാണിക്കുന്നു (തോബീ. 12:8).

അസ്സീറിയ ആക്രമണത്തിൽ യഹോവയായ ദൈവം ഇസ്രായേലിനെ കൈവെടിഞ്ഞോയെന്ന് സംശയിക്കുന്ന ഘട്ടത്തിൽ ഉണ്ടായ ചിന്താഗതികൾ വിവരിച്ച് വിശ്വാസം ഉറപ്പിക്കുവാനും, ഭഗ്നാശരായ വിശ്വാസികൾക്ക് ഉത്തേജനം നൽകുവാനുമാണ് തോബീതിന്റെ ജീവിതാനുഭവത്തിലുള്ള ഈ ചിത്രീകരണം. ഭക്തരെ സഹായിക്കുന്ന റഫായേലും (5:4) ദുഷ്ടാത്മാക്കളുടെ ആക്രമണത്തെ പ്രതിനിധീകരിക്കുന്ന ആസ്മദേവൂസും (3:8) വിവരണത്തിൽ സ്ഥാനം പിടിക്കുന്നു. അഹിക്കാർ എന്ന പരാമർശം (1:21, 22, 2:10, 14:10) അന്ന് സുപ്രസിദ്ധ ജ്ഞാന ഗ്രന്ഥമായിരുന്ന അഹിക്കാറിന്റെ ജ്ഞാന ഗ്രന്ഥത്തിന്റെ രചയിതാവാകാം.

തോബീതിന്റെ പുസ്തകം ആരംഭിക്കുന്നത് അസ്സീറിയ രാജാവായ ശൽമനേസറിന്റെ V (ബി.സി. 726-722) ആക്രമണത്തെ പരാമർശിച്ചുകൊണ്ടാണ്. തോബീത് നഫ്താലി ഗോത്രക്കാരനായിരുന്നു. നിനുവയിലെ പ്രവാസത്തിൽ, യാഗങ്ങൾ അർപ്പിക്കുക, ദശാംശം കൊടുക്കുക, ദേവാലയത്തിലെ ആരാധനയ്ക്കു പോകുക എന്നിവ ജീവിതത്തിൽ പരമപ്രധാനമായി കരുതി. അതിനെ അവഗണിച്ച് ബാൽദേവനെ ആരാധിക്കുന്നവരെ നിശിതമായി വിമർശിച്ചു.

വിശ്വസ്തനും, യഹോവാ ഭക്തനുമായ തോബീത്, മരിച്ചവരെ സംസ്ക്കരിക്കുന്നതിൽ ജാഗരൂകനായിരുന്നു. ഒരു കുരുവിയുടെ കാഷ്ഠം കണ്ണിൽ വീണ് കാഴ്ച നഷ്ടപ്പെട്ടു. തോബീതിന്റെ ഭാര്യ അന്ന ജോലി ചെയ്ത് ഭർത്താവിനെ പോറ്റിയിരുന്നു. ഒരിക്കൽ ദൈനംദിന വേതനത്തോ

ടൊപ്പം ഒരു ആട്ടിൻകുട്ടിയെ സമ്മാനമായി അന്നയ്ക്കു കിട്ടി. അത്, അവൾ മോഷ്ടിച്ചതാണെന്നു കരുതിയ തോബീത് അതിനെ തിരിച്ചു നൽകാൻ ആവശ്യപ്പെട്ടപ്പോൾ ഹൃദയം നൊന്ത് ദൈവതിരുസന്നിധിയിൽ അന്ന കരഞ്ഞു പ്രാർത്ഥിച്ചു (തോബീ. 3:1). തുടർന്ന് ഭർത്താക്കന്മാർ ഒന്നിനു പുറകെ ഒന്നായി മരിച്ച്, വിരഹ ദുഃഖം അനുഭവിക്കുന്ന സാറാ യുടെ ചരിത്രം വിവരിക്കുന്നു. മേദ്യയിലെ എക്ബത്നായിൽ റെഗുവേ ലിന്റെ പുത്രി സാറായെ അവളുടെ പിതാവിന്റെ ദാസിമാർ അധിക്ഷേപി ക്കുന്നതായിട്ട് കാണാം (3:7). കാരണം, അവളെ ഏഴു പേർക്ക് വിവാഹം ചെയ്തു കൊടുത്തെങ്കിലും ആ ഓരോ ഭർത്താവിനെയും അവളുമായി സംഗമിക്കും മുമ്പുതന്നെ അസ്മദേവൂസ് എന്ന ദുഷ്ടഭൂതം വധിച്ചിരു ന്നതായി വിവരിക്കുന്നു.

മേദ്യയിലെ റാഗേസിൽ വച്ച് ഗബായേലിന്റെ പക്കൽ ഏല്പിച്ചിരുന്ന പണത്തെക്കുറിച്ച് ഓർത്ത്, അതു വാങ്ങിക്കൊണ്ടു വരാൻ മകൻ തോബി യാസിനെ, തോബീത് അയച്ചു. അവൻ ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് ഉപദേശം നൽകി. "എന്റെ മകനെ നിന്റെ ജീവിതകാലം മുഴുവൻ നമ്മുടെ ദൈവമായ കർത്താവിനെ സ്മരിക്കുക. പാപം ചെയ്കയോ, അവന്റെ കല്പനകൾ ലംഘിക്കയോ ചെയ്യരുത്. നിന്റെ ആയുഷ്ക്കാലമത്രയും പരമാർത്ഥതയോടെ ജീവിക്കുക, ദുഷ്കൃതങ്ങളുടെ പാതയിൽ സഞ്ചരി ക്കരുത് (തോബീ. 4:5-6). "പരമാർത്ഥതയോടെ ജീവിക്കുന്നവർക്കെല്ലാം നിന്റെ സ്വത്തിൽനിന്ന് ദാനം ചെയ്യുക. ദാനം ചെയ്യുന്നതിൽ നിനക്ക് ഈർഷ്യ ഉണ്ടാകരുത്" (തോബീ. 4:7). ദാനധർമ്മത്തെക്കുറിച്ച് ഇപ്ര കാരം കാണുന്നു. "ദാനധർമ്മം ചെയ്യുന്നവർക്കെല്ലാം അത്യുന്നതന്റെ സന്നിധിയിൽ ഉത്തമ വഴിപാടായിരിക്കും അത്" (തോബീ. 4:11). തോബി യാസ് തോബിതിനോട് പറഞ്ഞു. ഞാൻ പോകാം. പണം ഏല്പിച്ചിരി ക്കുന്ന ആളുടെ പേര് അറിയുകയില്ലല്ലോ. അതിന് തോബിത് പണ ത്തിന്റെ രസീത് ഏല്പിച്ചു. കൂടെ പോകാൻ ഒരാളെ കണ്ടുപിടിക്കാൻ പറഞ്ഞു. കൂട്ടുകാരന് കൂലികൊടുക്കാമെന്നും ഏറ്റു. ഒരു സഹായിയെ കണ്ടു. അത് റഫായേൽ മാലാഖയാണെന്ന് തോബിയാസ് അറിഞ്ഞില്ല (തോബി. 5:5). തോബീതിന്റെ അനുവാദത്തോടെ അവർ യാത്ര പുറ പ്പെട്ടു.

അവർ ടൈഗ്രീസ് നദീതീരത്തെത്തി. യുവാവ് കുളിക്കാൻ ഇറങ്ങി. അവനെ വിഴുങ്ങാൻ ഒരു മത്സ്യം ഒരുങ്ങി. മാലാഖയുടെ നിർദ്ദേശപ്രകാരം അതിനെ പിടിച്ച് പിളർന്ന് അതിന്റെ ചങ്കും, കരളും, പിത്തഗ്രന്ഥിയും എടുത്തു. ചങ്കും, കരളും, പിത്തഗ്രന്ഥിയും എന്തിനാണെന്ന് ചോദിച്ചു. പിശാചോ, ദുർഭൂതമോ ആരെയെങ്കിലും ഉപദ്രവിച്ചാൽ, ചങ്കും, കരളും പുകച്ചാൽ രക്ഷപെടാമെന്ന് പറഞ്ഞു. പടലമുള്ള മനുഷ്യന്റെ കണ്ണിൽ ഈ പിത്തരസം പുരട്ടിയാൽ കാഴ്ച വീണ്ടുകിട്ടുമെന്നും പറഞ്ഞു.

അതിനുശേഷം റെഗുവേലിന്റെ വീട്ടിൽ എത്തി, മകൾ സാറയെ വിവാഹം കഴിച്ചു. മാലാഖ പറഞ്ഞതുപോലെ മത്സ്യത്തിന്റെ ചങ്കും കരളും പുകച്ചു ഭൂതത്തെ ഓടിച്ചു. അതിനുശേഷം മേദ്യയിലെ റാഗേസിൽ ഗബായേലിന്റെ അടുക്കൽ ദൂതനെ വിട്ട് പണം വാങ്ങി. തോബീതും, ഭാര്യ അന്നയും, തോബിയാസ് വരാൻ വൈകിയപ്പോൾ അവൻ മരിച്ചു പോയതായിരിക്കുമെന്ന് കരുതി. കുറെ കഴിഞ്ഞു തോബിയാസും, റഫായേലും, സാറയും കൂടി സസുഖം നിനുവെയിൽ എത്തി. മാലാഖയുടെ നിർദ്ദേശപ്രകാരം മത്സ്യത്തിന്റെ പിത്തരസം തോബീതിന്റെ കണ്ണിൽ പുരട്ടി. അവന് കാഴ്ച ലഭിച്ചു. റഫായേൽ ചില ഉപദേശങ്ങൾ അവർക്കു നൽകി. "രാജാവിന്റെ രഹസ്യം സൂക്ഷിക്കുന്നത് നന്നാണ്. എന്നാൽ ദൈവത്തിന്റെ പ്രവൃത്തികൾ മഹത്വപൂർണ്ണമായി ഉദ്ഘോഷിക്കപ്പെടണം. നന്മ ചെയ്യുക, നിനക്കു തിന്മ ഭവിക്കുകയില്ല; ഉപവാസം, ദാനധർമ്മം, നീതി എന്നിവയോട് ചേരുമ്പോൾ പ്രാർത്ഥന സമുചിതമാണ് (തോബി. 12:7-8).

അതിനുശേഷം റഫായേൽ ആരാണെന്ന് വെളിപ്പെടുത്തുന്നു. "വിശുദ്ധന്മാരുടെ പ്രാർത്ഥനകൾ ദൈവതിരുമുമ്പാകെ എത്തിക്കുകയും, പരിശുദ്ധനായവന്റെ മഹനീയ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യുന്നവരായ ഏഴു വിശുദ്ധ മാലാഖമാരിൽ ഒരുവൻ" (തോബീ. 12:15). അതിനുശേഷം റഫായേൽ അപ്രത്യക്ഷനായി.

തോബീത് ആഹ്ലാദത്തോടെ പ്രാർത്ഥിച്ചു ദൈവത്തെ മഹത്വപ്പെടുത്തി. തോബിയാസും, കുടുംബവും ഏക്ബത്താനയിൽ പോയി. തോബിയാസ് 117-ാമത്തെ വയസ്സിൽ മരിച്ചു (തോബി. 14:14).

പഴയനിയമ, പുതിയനിയമ ഇടവേളയിൽ രൂപംപ്രാപിച്ച പല ചിന്താഗതികളും തോബീതിന്റെ പുസ്തകത്തിൽ കാണാം. അതിന് ഉദാഹരണമാണ് ന്യായപ്രമാണം, ദാനധർമ്മം, പ്രാർത്ഥന, മാലാഖമാർ എന്നിവയെക്കുറിച്ചുള്ള ചിന്താഗതികൾ.

**യൂദിത്ത്**

ഗ്രീക്കുഭാഷയിലുള്ള വിവർത്തനമായിട്ട് മാത്രം യൂദിത്തിന്റെ പുസ്തകം അവശേഷിക്കുന്നു. അത് എബ്രായ ഭാഷയിൽ എഴുതപ്പെട്ടതാണ്. ഹനൂക്കാ പെരുന്നാളിനോടനുബന്ധിച്ച് യൂദിത്ത് വായിച്ചിരുന്നു. മക്കാബിമാരുടെ കാലത്ത് അത് രൂപംപ്രാപിച്ചു. ഗവർണ്ണറായ നിക്കാനോറിനെ യൂദ മക്കാബി പരാജയപ്പെടുത്തിയ സാഹചര്യം അത് പ്രതിഫലിപ്പിക്കുന്നു. യൂദിത്ത് എന്ന പദത്തിന്റെ അർത്ഥം യഹൂദസ്ത്രീ എന്നാണ്. പരീശന്മാർ രംഗപ്രവേശം ചെയ്യുന്നതിന് മുമ്പ് വിശ്വാസം

സംരക്ഷിച്ച ഹസീദീമിന്റെ പോരാട്ടത്തെ പരാമർശിക്കുന്ന ചരിത്രവിവരണമാണ് ഉള്ളടക്കം. ക്രിസ്തുവിന് മുമ്പ് മക്കാബിമാരുടെ പോരാട്ടകാലത്ത് ഭക്തനായ ഒരു യഹൂദൻ പാലസ്തീനിൽ വച്ച് അത് എഴുതി. എഴുത്തുകാരന്റെ ചരിത്ര പശ്ചാത്തലവും, യവനായ ആചാരങ്ങളോടുള്ള പരിചയവും സാഹചര്യം മനസ്സിലാക്കാൻ സഹായകമാണ്. ഹോളോഫർ നസിനെ ഹാരമണിയിച്ചും വാദ്യഘോഷത്തോടെ നൃത്തംചെയ്തും സ്വീകരിച്ചു (യൂദി. 3:7). “ഇസ്രായേൽ പുരുഷന്മാരെല്ലാം ആയുധധാരികളായി തലയിൽ കിരീടങ്ങളും, വായിൽ സ്തുതിഗീതങ്ങളുമായി വന്നു” (യൂദി. 15:13).

ആദ്യഭാഗത്ത് (1:1–7:32) യഹൂദന്മാർ നെബൂക്കദ്നേസറിൽ നിന്ന് നേരിട്ട പോരാട്ടത്തെയും അർഫക്സാദ് രാജാവിനെ തോല്പിക്കാൻ പാശ്ചാത്യ ശക്തിയായ നെബൂക്കദ്നേസർ വട്ടംകൂട്ടിയപ്പോൾ എല്ലാവരും കീഴടങ്ങുവാൻ തയ്യാറായ സാഹചര്യവും വിവരിക്കുന്നു. യഹൂദന്മാർ മാത്രം വിസമ്മതിച്ച് ദൈവത്തോട് സഹായം അപേക്ഷിച്ചു (യൂദി. 4:15). യുദ്ധത്തിന് നേതൃത്വം നൽകാൻ നെബൂക്കദ്നേസർ ഹോളോഫർനസിനെ നിയോഗിച്ചു. അമ്മോന്യനായ അക്കിയോർ ഇസ്രായേൽക്കാരുടെ രക്ഷാചരിത്രം വിവരിച്ച് അവരെ ശല്യപ്പെടുത്താതിരിക്കാൻ അഭ്യർത്ഥിച്ചപ്പോൾ ഹോളോഫർനസും കൂട്ടുകാരും അതിൽ അമർഷം പൂണ്ടു. നെബൂക്കദ്നേസർ ഹോളോഫർനസിനെയും, അമ്മോന്യരെയും ശാസിച്ചു. അക്കിയോറിനെ പിടിച്ചുകെട്ടി ബെത്തൂല്യയിലേക്ക് കൊണ്ടുപോയി. ഹോളോഫർനസ്, ബെത്തൂല്യ കീഴടക്കാനുള്ള ശ്രമം ആരംഭിച്ചു. അക്കിയോർ, ഇസ്രായേൽക്കാരെ മുഴുവൻ, ഹോളോഫർനസിന്റെ തന്ത്രങ്ങളും യുദ്ധപുറപ്പാടും, സന്നാഹങ്ങളും അറിയിച്ചു. അപ്പോൾ ജനം കവിണ്ണുവീണ് ദൈവത്തെ നമസ്കരിച്ചുകൊണ്ട് നിലവിളിച്ചു പറഞ്ഞു. “സ്വർഗ്ഗത്തിലെ ദൈവമായ കർത്താവെ, അവരുടെ അഹങ്കാരം ശ്രദ്ധിക്കേണമെ, ഞങ്ങളുടെ ജനത്തിന്റെ താഴ്ചയിൽ ഞങ്ങളോടു കരുണ തോന്നണമേ” (യൂദി. 6:18–19).

ഹോളോഫർനസ് തന്ത്രപ്രധാനമായ സ്ഥാനങ്ങളിലുള്ള നീർച്ചാലുകൾ സന്ദർശിച്ചു. അവ കീഴ്പ്പെടുത്തി (യൂദി. 7:7). ഏദോമ്യരും മോവാബ്യരും നീർച്ചാലുകൾ കൈവശമാക്കിയപ്പോൾ ജലദൗർലഭ്യം വന്ന് ജനം ബുദ്ധിമുട്ടി. അസ്സീറിയക്കാർക്ക് കീഴ്പ്പെടുന്നതാണ് നല്ലതെന്ന് ജനങ്ങൾ ഓർത്തു. പ്രതിസന്ധിയിൽ ഊസിയാ എന്ന നേതാവ് അവരെ ധൈര്യപ്പെടുത്തി. അഞ്ചു ദിവസം കൂടി പിടിച്ചുനിൽക്കുവാൻ അഭ്യർത്ഥിച്ചു. യൂദിത്ത് ഈ വിവരം അറിഞ്ഞു. ഭർത്താവ് മരിച്ചു വിധവയായിത്തീർന്ന അവൾ വീടിന്റെ മട്ടുപ്പാവിൽ മുറിയുണ്ടാക്കി. വിലാപവസ്ത്രം ധരിച്ച് ഉപവസിച്ചു പ്രാർത്ഥിച്ചു (8:14). അവൾ ബെതുല്യയിലെ ന്യായാധിപ

ന്മാരെ വിളിച്ചു. ദൈവത്തെ പരീക്ഷിക്കുന്നത് ശരിയല്ലെന്ന് പറഞ്ഞു (യൂദി. 8:14). അതുകൊണ്ട് കാത്തിരുന്ന് ദൈവത്തോട് അപേക്ഷിക്കാൻ പ്രേരിപ്പിച്ചു (യൂദി. 8:17). ദൈവം പരിശോധനയ്ക്കാണ് വിവിധ രീതിയിലുള്ള കഷ്ടനഷ്ടങ്ങൾ നൽകുന്നത്. “നമ്മുടെ പിതാക്കന്മാരെ പരിശോധന ചെയ്തതുപോലെ നമ്മെയും ശോധന ചെയ്യുകയായിരുന്നു” (8:25). കൂടാതെ, കർത്താവ് തന്റെ ആരാധകരെ അടിക്കുന്നത് ശിക്ഷണത്തിന് വേണ്ടിയാണ് (യൂദി. 8:27). നിരാശരായ ജനങ്ങളെ ആശ്വസിപ്പിക്കാൻ മഴ പെയ്യിച്ച് ജലക്ഷാമം പരിഹരിക്കാൻ പ്രാർത്ഥിക്കാൻ പറഞ്ഞു (8:31). യൂദിത്, ദാസിയോടൊപ്പം പുറത്തുപോകുന്ന കാര്യം പറഞ്ഞു. “എന്റെ പദ്ധതി കണ്ടുപിടിക്കാൻ നിങ്ങൾ ശ്രമിക്കരുത്, അതു നിറവേറ്റുന്നതുവരെ ഞാൻ എന്താണ് ചെയ്യാൻ പോകുന്നതെന്ന് നിങ്ങളോട് പറയുകയില്ല” (യൂദി. 8:34). അവൾ ദാസിയോടു കൂടെ പുറത്തുപോയി. അവൾ വിലാപത്തിന്റെ ചിഹ്നമായ ചാരം വിതറിയ ചാക്കുശീല മാറ്റി വസ്ത്രം ധരിച്ചു. അവൾ ദൈവത്തോട്, “എന്റെ ദൈവമേ, ഈ വിധവയുടെ പ്രാർത്ഥന കേൾക്കേണമേ എന്നു പ്രാർത്ഥിച്ചു” (8.9:4). മോടിയായ വസ്ത്രം ധരിച്ച് ഹോളോഫർനസിന്റെ പാളയത്തിൽ എത്തി അഭയം നേടി. ഹോളോഫർനസ് അവളുടെ സൗന്ദര്യത്തിൽ ആകൃഷ്ടനായി. മൂന്നു രാത്രി, ദാസിയോടുകൂടി പ്രാർത്ഥിക്കുവാൻ യൂദിത്ത് പുറത്തു പോയി.

നാലാം ദിവസം ഹോളോഫർണസ് ഒരു വലിയ വിരുന്നൊരുക്കി കുടിച്ചു മത്തനായി. അപ്പോൾ യൂദിത്ത് എല്ലാവരെയും പുറത്തു വിട്ടതിനുശേഷം ഹോളോഫർണസിനെ കൊന്നു. തലവെട്ടിയെടുത്ത് ബത്തിലിയായിലേക്കു വന്നു. അക്കിയോർ ആ തല കണ്ടു വിശ്വാസിയാകുന്നു. ഇസ്രായേലിന്റെ ദൈവം ചെയ്തതെല്ലാം അക്കിയോർ ഗ്രഹിച്ചപ്പോൾ അയാൾ ദൈവത്തിൽ വിശ്വസിച്ചു. പരിച്ഛേദനയേറ്റു ഇസ്രായേൽ ഗൃഹത്തോടു ചേർന്നു (യൂദി. 14). അസ്സീറിയക്കാർ വിവരം അറിഞ്ഞു ഓടി രക്ഷപെടുവാൻ ശ്രമിച്ചപ്പോൾ, ഇസ്രായേൽക്കാർ അവരെ നേരിട്ട് വെട്ടിക്കൊന്നു (യൂദി. 15:5). വിജയത്തിൽ സന്തോഷിച്ച് കിരീടം ചൂടി, ദൈവത്തെ സ്തുതിച്ചു. യൂദിത്ത് സ്തോത്രഗാനം പാടി (16:1). “എന്റെ ദൈവത്തിന് ഞാൻ പുതിയ സ്തുതിഗീതം പാടും. ബലവാനായ ദൈവമേ നീ വലിയവനും, മഹത്വമുള്ളവനുമാകുന്നു. നീ ശക്തിയിൽ പരാക്രമശാലിയും അജയ്യനുമാകുന്നു. സകലജാതികളും നിന്നെ സേവിക്കട്ടെ.”

യൂദിത്തിന്റെ പുസ്തകം പ്രതിസന്ധിഘട്ടത്തിൽ വിശ്വാസം തകരാതെ പിടിച്ചുനിർത്തുവാൻ പ്രേരണയും ഉത്തേജനവും നൽകുന്നതായിരുന്നു. ഹോളോഫർനസും കൂട്ടരും ഭീഷണിപ്പെടുത്തിയപ്പോൾ, ജാഗരണത്തിലും ആശ്രയം വച്ചു. യെരുശലേം ദേവാലയത്തിന് അർപ്പിക്കേണ്ട യാഗങ്ങളും, കാഴ്ചകളും, നേർച്ചകളും അർപ്പിക്കുന്നതിൽ അവർ ശ്രദ്ധ

പതിപ്പിച്ചു. ദൈവം പ്രാർത്ഥന കേട്ടപ്പോൾ അവർ യെരുശലേമിൽ വിശുദ്ധ സ്ഥലത്തിനു മുമ്പാകെ ഒരു മാസക്കാലം ആഹ്ലാദിച്ചു (യൂദി. 16:20).

പാഠം 5

## അപ്പോക്രിഫാ ഗ്രന്ഥങ്ങൾ - 2 (തുടർച്ച)

### ശലോമോന്റെ ജ്ഞാനം

രണ്ടു വിഭാഗമായിട്ട് പണ്ഡിതന്മാർ അതിന്റെ ഉള്ളടക്കം തിരിക്കുന്നു: 1–9, 10–19. ആദ്യഭാഗം, ജ്ഞാനത്തിന്റെ പൊതുസ്വഭാവത്തെക്കുറിച്ച് ചില വിവരണങ്ങൾ നൽകുന്നു. രണ്ടാമത്തെ വിഭാഗം ചരിത്രപരമായ വിശദീകരണത്തിന് മുൻതൂക്കം നൽകുന്നു. ഗായസ് കലിഗുളയുടെ കാലത്ത് ഈജിപ്തിൽ ജീവിച്ചിരുന്ന യഹൂദന്മാർക്കു പീഡനം ഉണ്ടായ സാഹചര്യം പുസ്തകം പ്രതിഫലിപ്പിക്കുന്നു.

ആദ്യഭാഗം, ജ്ഞാനത്തിന്റെ മഹിമയെ പ്രകീർത്തിക്കുന്നു. നീതി, അനീതി, ഉപദേശം, ശകാരം എന്നിവയും കാണാം. ദൈവിക പ്രവർത്തനത്തിനെതിരായി പിറുപിറുക്കുന്നതുപോലും ശിക്ഷിക്കപ്പെടും. മരണം പാപം മൂലം ഉണ്ടാകുന്നു (1:13). അത് മനുഷ്യൻ തന്നെ സ്വതന്ത്രമായി തെരഞ്ഞെടുക്കുന്നതാണ്. സഭാപ്രസംഗിയുടെ പുസ്തകം ഉളവാക്കാൻ സാധ്യതയുള്ള തെറ്റായ ഉപദേശത്തെ ചെറുത്തു തോല്പിക്കാനുള്ള ശ്രമവും നടത്തുന്നു (2:20). ഗ്രീക്ക് തത്വചിന്ത ഗ്രാഹ്യമുള്ള ആളാണ് ഗ്രന്ഥകർത്താവ്.

കർത്താവിന്റെ ആത്മാവ് ലോകമെങ്ങും നിറഞ്ഞിരിക്കുന്നു. ദൈവത്തിന്റെ പരിശോധനയുടെ പ്രത്യേകത വിവരിക്കുന്നു. “എന്തെന്നാൽ ദൈവം അവനെ പരിശോധിച്ചു. അവർ തനിക്കു കൊള്ളാവുന്നവർ എന്ന് താൻ കണ്ടെത്തി” (3:5). “ഉത്തമമായ പ്രയത്നത്തിന് വിശിഷ്ടമായ പ്രതിഫലം ഉണ്ട്” (3:14). മക്കളില്ലെങ്കിലും നന്മയോടെ ജീവിക്കുന്നതത്രേ നല്ലത്” (4:1). “ദുഷ്ടന്മാരുടെ സന്താനസമൃദ്ധി കൊണ്ട് പ്രയോജനമില്ല” (4:3).

ജ്ഞാനിയും, ദുഷ്ടനുമായുള്ള താരതമ്യം ശ്രദ്ധേയമാണ്. “അപ്പോൾ നീതിമാൻ തന്നെ ദ്രോഹിക്കുകയും തന്റെ പ്രയത്നങ്ങളെ നിസ്സാരമാക്കുകയും ചെയ്തവരുടെ മുമ്പിൽ തികഞ്ഞ ആത്മധൈര്യത്തോടെ നില കൊള്ളും” (5:1). ദുഷ്ടന്മാരെക്കുറിച്ചു ഇങ്ങനെ കാണുന്നു. “നമ്മുടെ ദുഷ്ടത നമ്മെ വിഴുങ്ങിക്കളഞ്ഞു” (5:13). നീതിമാന്റെ ഭാഗധേയം ഇപ്രകാരമാണ്.” എന്നാൽ നീതിമാന്മാർ എന്നെന്നും ജീവിക്കും” (5:15).

ജ്ഞാനം തേടുവാൻ ആഹ്വാനം ചെയ്യുന്നു. "ജ്ഞാനം പ്രഭാപൂർണ്ണവും മങ്ങലേശാത്തതുമാണ്. സ്നേഹിക്കുന്നവർ അവളെ അനായാസം തിരിച്ചറിയും. അന്വേഷിക്കുന്നവർ അവളെ കണ്ടെത്തും" (6:12). അതുകൊണ്ട് രാജാക്കന്മാർ ഭരണം നടത്തുവാൻ ജ്ഞാനം ആർജ്ജിക്കണം (6:21). എന്താണ് ജ്ഞാനം. അത് എങ്ങനെ ഉത്ഭവിച്ചുവെന്ന് വിശദീകരണം നൽകുന്നു. ശിക്ഷണം മൂലമാണ് ജ്ഞാനം ലഭിക്കുന്നത്. "അതുകൊണ്ട് എന്റെ വചനങ്ങളാൽ ശിക്ഷണം നേടുക. അത് നിങ്ങൾക്ക് ഉപകരിക്കും" (6:25).

ശലോമോന്റെ പ്രത്യേകതകളും, സമാനസ്വഭാവവും എന്താണ്? "എല്ലാ മനുഷ്യരെയുംപോലെ ഞാനും നശ്വരനാണ്" (7:1). എങ്ങനെയാണ് ശലോമോന് ജ്ഞാനം ലഭിച്ചത്. "ഞാൻ പ്രാർത്ഥിച്ചു. എനിക്ക് വിവേകം ലഭിച്ചു" (7:7). എല്ലാവിധ ജ്ഞാനവും ദൈവത്തിൽ നിന്നാണ് ഉത്ഭവിക്കുന്നത്. "അസ്തിത്വമുള്ളവയെക്കുറിച്ചുള്ള യഥാർത്ഥമായ അറിവ് അവൻ എനിക്ക് പ്രദാനം ചെയ്തിരിക്കുന്നു" (7:17). സകലതും രൂപപ്പെടുത്തുന്ന ജ്ഞാനം തന്നെയാണ് എന്നെ പഠിപ്പിച്ചത് (7:22). ശലോമോനും, ജ്ഞാനവും തമ്മിലുള്ള ബന്ധം വിവരിക്കുന്നു. ശലോമോൻ ജ്ഞാനത്തിന് വേണ്ടി പ്രാർത്ഥിച്ചു (9:1). ജ്ഞാനമാണ് പിതാക്കന്മാരെ ശരിയായി വഴിനടത്തിയത്. ആദാം, കായേൻ, നോഹ (10:1–4), അബ്രഹാം (10:5), ലോത്ത് (10:6–9), യാക്കോബ് (10:10–12), യൗസേഫ് (10:13–14) മോശ, ഇസ്രായേൽ ജനം (1:15, 11:1) എന്നീ പിതാക്കന്മാരുടെ പേരു പറയാതെ തന്നെ ചരിത്രത്തിൽ അവരെ എങ്ങനെ നയിച്ചുവെന്നും വിവരിക്കുന്നു. മുമ്പ് പറഞ്ഞ 9:18 ഭാഗത്തിന്റെ വിപുലീകരണമാണ് പ്രസ്തുത വാക്യങ്ങളിൽ കൂടി നിർവ്വഹിക്കുന്നത്. സ്വർഗ്ഗരാജ്യം എന്ന പദം ജ്ഞാനത്തിൽ കാണാം (10:10). രണ്ടാം ഭാഗത്തിൽ ദൈവത്തിന്റെ വിശ്വസ്തതയെക്കുറിച്ച് വിവരിക്കുന്നു. ശത്രുക്കൾക്ക് ശിക്ഷയും, തെരഞ്ഞെടുക്കപ്പെട്ട ജനത്തിന് രക്ഷയും ലഭിച്ചു. "അവരുടെ ശത്രുക്കളെ ശിക്ഷിക്കാൻ ഉപയോഗിച്ച അതേ വസ്തുക്കൾ തന്നെ അവരുടെ ആവശ്യത്തിൽ അവർക്ക് ഉപകരിച്ചു" (11:5). തെറ്റായ രീതിയിലുള്ള ആരാധനയെക്കുറിച്ചും സ്പർശിക്കുന്നു. "തങ്ങളുടെ ശത്രുക്കൾപോലും നിന്ദിച്ചിരുന്ന ജന്തുക്കളെ ദേവന്മാരായി സ്വീകരിച്ച് അവർ തെറ്റായ മാർഗ്ഗത്തിൽ ഏറെ ദൂരം സഞ്ചരിച്ചു" (12:24). ഏശായാ പരാമർശിക്കുന്നതുപോലെ വിഗ്രഹാരാധനയെ ഹാസ്യഭാവത്തിൽ വർണ്ണിക്കുന്നു. "സ്വയം രക്ഷിക്കാൻ അതിനു കഴിവില്ല എന്ന് അറിയാവുന്നതുകൊണ്ട് അതു വീണു പോകാതിരിക്കാൻ ശ്രദ്ധിക്കുന്നു. വെറും ഒരു പ്രതിമയായതുകൊണ്ട് അതിന് പരസഹായം ആവശ്യമാണല്ലോ'' (13:16). അവർ ചെയ്ത തെറ്റുകൾ രണ്ടാണ്. "എന്നാൽ, രണ്ടു കാര്യത്തിന് അവർ ന്യായമായ ശിക്ഷാവിധി അനു

ഭവിക്കും. വിഗ്രഹങ്ങൾക്ക് തങ്ങളെത്തന്നെ സമർപ്പിച്ച് അവർ ദൈവത്തെപ്പറ്റി ഹീനമായ ധാരണ പുലർത്തി, പരിശുദ്ധിയെ പുച്ഛിച്ച് നീതിരഹിതമായും, വഞ്ചനാപരമായും അവർ കള്ളസത്യം ചെയ്തു" (14:30). കളിമണ്ണിൽ നിന്ന് ദേവനേയും, പാത്രത്തെയും സൃഷ്ടിക്കുന്നത് വിവരിക്കുന്നു (15:7). "അതേ കള്ളിമണ്ണിൽ നിന്ന് ഒരു വ്യർത്ഥദേവനു രൂപം നൽകുന്നു (15:8). മരുഭൂമിയിലെ പ്രയാണത്തിൽ മിസ്രേംകാർ നേരിട്ടത് ശിക്ഷകളും, ഇസ്രായേലിന് ലഭിച്ചത് ദൈവത്തിന്റെ അനുഗ്രഹങ്ങളും (16:5–15, 16:16). തിന്നാൻ കാടപ്പക്ഷിയെ അവർക്കു നൽകി (16:3). "ജീവൻ രക്ഷിക്കാൻ ഒരു പോംവഴിയുമില്ലാതെ, അവർ വെട്ടുക്കിളികളുടെയും ഈച്ചകളുടെയും ആക്രമണത്തിൽ കൊല്ലപ്പെട്ടു" (16:9). അന്ധകാരം ശത്രുക്കൾക്കും (17:2), പ്രകാശം ഇസ്രായേലിനും ലഭിച്ചു (17:20–21, 18:3). പത്താമത്തെ പീഡയായ കടിഞ്ഞൂൽ പുത്രന്റെ മരണം ഈജിപ്തുകാർക്കുണ്ടായി (18:10). എന്തു സംഭവിക്കുമെന്ന് ഇസ്രായേലിന് ദൈവം വെളിപ്പെടുത്തിക്കൊടുത്തിരുന്നു (18:6). അത്ഭുതകരമായ രീതിയിൽ ഇസ്രായേൽ ചെങ്കടൽ കടന്നു (19:7). ശത്രുക്കൾക്കുണ്ടായ ശിക്ഷയും, ഇസ്രായേലിനുണ്ടായ രക്ഷയും താരതമ്യം നടത്തുന്നു (19:9–12). ജനത്തെ രക്ഷിച്ചു, ഉയർത്തിയതിനെ പ്രകീർത്തിച്ചു ദൈവത്തെ മഹത്വപ്പെടുത്തുന്നു (19:22).

### ബാറാസീറാ പ്രഭാഷകൻ

ബാറാസീറാ - എബ്രായ ഭാഷയിൽ യെരുശലേമിൽ വച്ച് ഏതാണ്ട് ബി.സി. 180–ൽ എഴുതിയ ബോധനങ്ങൾ അടങ്ങുന്ന വിജ്ഞാന പുസ്തകമാണ്. ബി.സി. 132–ൽ അദ്ദേഹത്തിന്റെ പൗത്രൻ അത് ഈജിപ്തിൽ വെച്ച് ഗ്രീക്കിലേക്ക് തർജ്ജമ ചെയ്തു. വിവർത്തനത്തിന്റെ പരിമിതികളെക്കുറിച്ച് തർജ്ജമക്കാരൻ പുസ്തകത്തിന്റെ മുഖവുരയിൽ വിനയത്തോടെ വിവരിക്കുന്നു. തന്റെ പിതാമഹൻ തോറാ, പ്രവാചകന്മാർ, മറ്റു പുസ്തകങ്ങൾ എന്നിവയുടെ പണിപ്പുരയിൽ ബദ്ധശ്രദ്ധനായിരുന്നുവെന്നും പരാമർശിക്കുന്നു. ബാറാസീറാ, നയതന്ത്രകാര്യങ്ങൾക്കായി മറ്റു രാജ്യങ്ങൾ സന്ദർശനം നടത്തി. അനുഭവജ്ഞാനത്തിന്റെ വെളിച്ചത്തിൽ പല കാര്യങ്ങളും ശേഖരിച്ചു എഴുതിവച്ചു. വിദ്യാർത്ഥികളെ പഠിപ്പിക്കുന്ന ഒരു പാഠശാല അദ്ദേഹം യെരുശലേമിൽ നടത്തിയിരുന്നു (51:23). ജ്ഞാനം ആർജ്ജിക്കുക മാത്രമല്ല മറ്റുള്ളവരെ സഹായിക്കാനും ജ്ഞാനികൾക്ക് കഴിയണം. നല്ല അദ്ധ്യാപകനെപ്പോലെ വളരെ സമയം പഠനത്തിന് വിനിയോഗിച്ചു (39:1–11). പുസ്തകത്തിന്റെ ആരംഭത്തിൽ ജ്ഞാനത്തിന്റെ ആഴവും പരപ്പും ചൂണ്ടിക്കാണിക്കുന്നു (1:2). സമുദ്രത്തിലെ മണൽത്തരികളും, മഴത്തുള്ളികളും, നിത്യതയുടെ ദിനവും, ആകാശത്തിന്റെ ഉയരവും, ഭൂമിയുടെ വീതിയും, പാതാളത്തിന്റെ ആഴവും പോലെ വിജ്ഞാനം വർണ്ണനകൾക്കതീതമാണ്. അതിന്റെ ഉത്ഭവം

ദൈവത്തിൽ നിന്നാണ്. അതിന്റെ സ്രഷ്ടാവ് ദൈവം തന്നെ. തന്നെ സ്നേഹിക്കുന്നവർക്ക് അവൻ അതിനെ ധാരാളമായി നൽകി (1:10). സദൃശ്യവാക്യങ്ങളിൽ പറയുന്നതുപോലെ 'യഹോവാ ഭക്തിയാണ് ജ്ഞാനത്തിന്റെ ആരംഭം' (1:14). ജ്ഞാനം, സന്തുഷ്ടിയും, ആനന്ദവും, ദീർഘായുസ്സും തരുന്നു. ജ്ഞാനത്തെ ഒരു വ്യക്തിയായിട്ട് വിശേഷിപ്പിച്ചിരിക്കുന്നു (1:12). എങ്ങനെയാണ് ജ്ഞാനം സ്വന്തമാക്കുക? അതിന്റെ പോംവഴികൾ നിർദ്ദേശിക്കുന്നു. "ജ്ഞാനം കാംക്ഷിക്കുന്നെങ്കിൽ കല്പനകൾ പാലിക്കുക. കർത്താവ് അത് നൽകിക്കൊള്ളും" (1:26).

വിവിധതരം ഉത്തരവാദിത്വങ്ങളെ വിവരിക്കുന്നു. അതിൽ പ്രധാന സ്ഥാനം ദൈവത്തോടുള്ള ബന്ധത്തിലും ആശ്രയത്തിലും ആണ്. "മകനേ, നീ കർത്താവിനെ സേവിക്കാൻ ഒരുക്കമെങ്കിൽ പ്രലോഭനങ്ങളെ നേരിടാൻ തയ്യാറെടുത്തുകൊള്ളുക" (2:1). "അവനിൽ ആശ്രയിക്കുക, അവൻ നിന്നെ സഹായിക്കും. നിന്റെ വഴികൾ നേരെയാക്കുക, അവനിൽ ശരണപ്പെടുക" (2:6). "നമുക്ക് മനുഷ്യകരങ്ങളിൽ പതിക്കാതെ കർത്താവിന്റെ കരങ്ങളിൽ പതിക്കാം" (2:18). ജ്ഞാന സാഹിത്യകാരന്റെ ശൈലിയിൽ മക്കളേ എന്നു സംബോധന ചെയ്ത്. ഉപദേശങ്ങൾ നൽകി. പിതാവിനെയും മാതാവിനെയും ബഹുമാനിക്കേണ്ടതിന്റെ പ്രാധാന്യം ചൂണ്ടിക്കാണിച്ചു (3:5). തന്മൂലം ദീർഘായുസ്സും അനുഗ്രഹവും, സന്തോഷവും ലഭിക്കുന്നു. പിതാവിനെ ആദരിക്കുന്നവനെയും, അപമാനിക്കുന്നവനെയും അവർക്കു ലഭിക്കുന്ന അനന്തരഫലങ്ങളെയും താരതമ്യം ചെയ്യുന്നു (3:11). കൂടാതെ, പിതാവിന് കാട്ടുന്ന കരുണ പാപപരിഹാരമായി പരിഗണിക്കപ്പെടും (3:11). "അതുപോലെ ദാനധർമ്മം പാപങ്ങൾക്ക് പരിഹാരമായി തീരുന്നു" (3:30). ദരിദ്രനെയും, പാവപ്പെട്ടവനെയും കുറിച്ച് കരുതണമെന്നും, സഹായം നൽകണമെന്നും ഉദ്ബോധിപ്പിക്കുന്നു. "മകനേ, ദരിദ്രന്റെ ഉപജീവനം മുടക്കരുത്. പാവപ്പെട്ടവൻ കാത്തിരുന്ന് വിഷമിക്കാൻ ഇടയാക്കരുത്" (4:1). ജ്ഞാനം നേടേണ്ടതിന്റെ പ്രാധാന്യം ആവർത്തിച്ചാവർത്തിച്ചു പറയുമ്പോൾ ജ്ഞാനത്തെ ഒരു സ്ത്രീയായിട്ട് വിശേഷിപ്പിക്കുന്നു. "അവളെ സ്നേഹിക്കുന്നവരെ കർത്താവ് സ്നേഹിക്കുന്നു (4:14). അഹങ്കാരത്തിന്റെയും ഔദ്ധത്യത്തിന്റെയും അപകടത്തെ എടുത്തുപറയുന്നു. "സമ്പത്തിൽ ഹൃദയം അർപ്പിക്കരുത്" (5:1). "ഞാൻ പാപം ചെയ്തു, എന്നിട്ടും എനിക്കെന്തു സംഭവിച്ചു എന്നു ചോദിക്കരുത്. കർത്താവ് ദീർഘക്ഷമയുള്ളവനാണ് (5:4).

സ്നേഹിതനെ തെരഞ്ഞെടുക്കുന്ന രീതി (6:6-7) നല്ല സ്നേഹിതന്റെയും ശത്രുവാകുന്ന മിത്രത്തിന്റെയും പെരുമാറ്റരീതികൾ വിവരിച്ച് താക്കീത് നൽകുന്നു. "വിശ്വസ്ത മിത്രം ഭദ്രമായ ആശ്രയമാണ്" (6:14). മറ്റുള്ളവരോട് പ്രത്യേകിച്ച് രാജാവിനോടുള്ള പെരുമാറ്റം സൂക്ഷിച്ചു

വേണം. "രാജാവിന്റെ മുമ്പിൽ നിന്റെ ജ്ഞാനം പ്രദർശിപ്പിക്കയുമരുത്" (7:5). പ്രാർത്ഥനയുടെ പ്രാധാന്യം, ദാനധർമ്മത്തിന് ജീവിതത്തിൽ മുൻഗണന, സഹോദരനോട് സത്യസന്ധമായുള്ള പെരുമാറ്റം, കാർഷികവൃത്തിയോടുള്ള പ്രതിപത്തി എന്നിവയും പ്രത്യേകം ശ്രദ്ധേയമാണ് (7:10, 16). പുരോഹിതന്മാരോട് ഭക്തിയും, ആദരവും കാണിച്ച് അവരുടെ ഭോഗങ്ങൾ കൃത്യമായി നൽകണം. "നിന്റെ സ്രഷ്ടാവിനെ സർവ്വശക്തിയോടും കൂടെ സ്നേഹിക്കുക, അവന്റെ ശുശ്രൂഷകരെ തള്ളിക്കളയരുത്." "കർത്താവിനെ ഭയപ്പെടുക, പുരോഹിതനെ ബഹുമാനിക്കുക, കൽപനപ്രകാരം അയാൾക്കുള്ള ഓഹരിയായ ആദ്യഫലങ്ങൾ, അപരാധബലി, കുറകു, വഴിപാട്, വിശുദ്ധീകരണ ബലി, വിശുദ്ധ വസ്തുക്കളുടെ ആദ്യഫലങ്ങൾ എന്നിവ നൽകുക (7:31). "വിലപിക്കുന്നവരുടെ കൂടെ വിലപിക്കുക. രോഗിയെ സന്ദർശിക്കാൻ മടിക്കരുത്" (7:34).

മറ്റുള്ളവരോടുള്ള പെരുമാറ്റത്തിൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ പ്രത്യേകം ശ്രദ്ധേയമാണ്. "സമ്പന്നനോട് കലഹിക്കരുത് (8:2). "വൃദ്ധനായതുകൊണ്ട് ഒരാളെ നിന്ദിക്കരുത്" (8:6). "ആരുടെയും മരണത്തിൽ സന്തോഷിക്കരുത്, എല്ലാവരും മരിക്കുമെന്നു ഓർക്കുക" (8:7). സ്ത്രീകളോടുള്ള ഇടപെടലിൽ ഓർത്തിരിക്കേണ്ട കാര്യങ്ങൾ. "നിന്റെ പ്രിയപ്പെട്ട ഭാര്യയെ സംശയിക്കരുത്" (9:1). തോന്ന്യാസക്കാരി, കന്യക, വേശ്യ, മറ്റൊരുവന്റെ ഭാര്യ എന്നിവരോട് എങ്ങനെ പെരുമാറണമെന്ന് നിഷ്കർഷിക്കുന്നു (9:3, 5, 9). മിതത്വം പാലിക്കേണ്ട ആവശ്യം (10:6). സ്നേഹിതരെ തെരഞ്ഞെടുക്കുന്നതിൽ ഓർമ്മിക്കേണ്ട സംഗതികൾ, പെരുമാറ്റച്ചട്ടങ്ങൾ: "അന്വേഷിച്ചറിയാതെ കുറ്റം ചുമത്തരുത് (10:7). "കേൾക്കും മുമ്പ് ഉത്തരം പറയരുത്. ഇടക്കു കയറി പറയരുത്. നിന്നെ സ്പർശിക്കാത്ത വിവാദത്തിൽ ഇടപെടരുത് (11:9). പ്രായോഗിക ജീവിതത്തിൽ ഏറ്റവും ആവശ്യമായ ചില കാര്യങ്ങളെക്കുറിച്ച് ഉപദേശം നൽകുന്നു. "മകനേ, നിന്റെ കഴിവിന് അനുസൃതമായി നിനക്കുവേണ്ടി ചിലവിടുക. കർത്താവിന് ഉചിതമായ വഴിപാടുകൾ അർപ്പിക്കുക (14:11). ജ്ഞാനത്തെ അന്വേഷിക്കേണ്ടതിന്റെ പ്രാധാന്യം വീണ്ടും പറയുന്നു. ജ്ഞാനത്തിൽ മനസ്സുവെച്ച് ബുദ്ധിപൂർവ്വം ചിന്തിക്കുന്ന മനുഷ്യൻ അനുഗൃഹീതൻ" (14:20). സൃഷ്ടിയുടെ മഹത്വവും ജ്ഞാനത്തിന്റെ നിക്ഷേപവും, ജീവന്റെ നിയമവും, ഉടമ്പടിയും വിശദമായി വിവരിക്കുന്നു. ഉൽപത്തി പുസ്തകത്തിൽ കാണുന്ന സൃഷ്ടിയുടെ പ്രത്യേകതകളാണ് ഒന്നിനു പുറകെ ഒന്നായി പരാമർശിക്കുന്നത്.

"കർത്താവ് മനുഷ്യനെ മണ്ണിൽ നിന്നു സൃഷ്ടിച്ചു. അതിലേക്ക് തന്നെ അയാളെ തിരിച്ചയയ്ക്കുകയും ചെയ്തു" (17:1).

"അവരെ സ്വന്തം ഛായയിൽ ഉരുവാക്കുകയും ചെയ്തു" (17:3).

“ഓരോ ജനതയ്ക്കും അവൻ ഓരോ ഭരണാധിപനെ നിയോഗിച്ചു. എന്നാൽ ഇസ്രായേൽ കർത്താവിന്റെ സ്വന്തം ഓഹരിയാണ്” (17:17).

സൽപ്രവൃത്തികൾ ചെയ്യുമ്പോൾ ഉള്ള സമീപനത്തെക്കുറിച്ച് പറയുന്നു: “മകനേ, സൽപ്രവൃത്തികളിൽ പരുഷവാക്കുകൾ കലർത്തരുത്. ദാനം നൽകുമ്പോൾ വാക്കുകൾ കൊണ്ട് വേദനിപ്പിക്കരുത്” (18:15).

മടിയനെയും, ബുദ്ധിമാനെയും താരതമ്യപ്പെടുത്തുന്നു: “അലസനെ ചാണകക്കൂനയിലെ മാലിന്യത്തോട് ഉപമിക്കാം” (22:2).

“മകളുടെ ജനനം നഷ്ടമാണ്. ബുദ്ധിമതിയായ മകൾ ഭർത്താവിനെ നേടുന്നു” (22:3).

“അവിവേകിയായ മകൾ പിതാവിനും ഭർത്താവിനും അപമാനം ഉണ്ടാക്കുന്നു” (22:5).

സംഭാഷണത്തെ ആസ്പദമാക്കിയ ഉപദേശങ്ങൾ ശ്രദ്ധേയമാണ്: “നിന്റെ നാവ് ആണയിട്ട് ശീലിക്കരുത്. പരിശുദ്ധനായവന്റെ നാമം വെറുതെ ഉരുവിടരുത്” (23:9).

“മരിച്ചവനെച്ചൊല്ലി അത്രയധികം കരയേണ്ട, അയാൾക്കു വിശ്രമം ലഭിച്ചിരിക്കുന്നല്ലോ” (22:11).

ജ്ഞാനത്തിന്റെ സവിശേഷതകൾ വീണ്ടും വിവരിക്കുന്നു. അത് അനന്തമാണ്. ആദിയിൽ ദൈവം ജ്ഞാനം സൃഷ്ടിച്ചു.

“ഇസ്രായേലിൽ നിന്റെ അവകാശം സ്വീകരിക്കുക. അനന്തതയിൽ, ആദിയിൽ അവൻ എന്നെ സൃഷ്ടിച്ചു. എന്നെന്നും ഞാൻ ഉണ്ടായിരിക്കുകയും ചെയ്യും” (24:9).

സന്തോഷിക്കുന്ന മൂന്നു കാര്യങ്ങൾ, വെറുക്കുന്ന മൂന്നു കാര്യങ്ങൾ എന്നിവ, സദൃശവാക്യങ്ങളിൽ കാണുന്നതുപോലെ വിവരിക്കുന്നു: “എന്റെ ഹൃദയം മൂന്നു കാര്യങ്ങളിൽ ആമോദിക്കുന്നു. ഇവ കർത്താവിന്റെയും മനുഷ്യരുടെയും ദൃഷ്ടിയിൽ മനോഹരങ്ങളാണ്. സഹോദരർ തമ്മിലുള്ള പൊരുത്തം, അയൽക്കാർ തമ്മിലുള്ള സൗഹൃദം, ഐക്യത്തിൽ കഴിയുന്ന ഭാര്യാഭർത്താക്കന്മാർ” (25:1).

“എന്റെ ഹൃദയം മൂന്നുതരം മനുഷ്യരെ വെറുക്കുന്നു. അവരുടെ ജീവിതം എന്നെ അമർഷം കൊള്ളിക്കുന്നു. അഹങ്കാരിയായ യാചകൻ, നുണയനായ ധനികൻ, വിവേകമില്ലാത്ത വ്യഭിചാരിയായ വൃദ്ധൻ” (25:2).

ഉത്തമയായ ഭാര്യയെക്കുറിച്ചു വർണ്ണിക്കുന്നു. സദൃശവാക്യങ്ങളിൽ ഇതിന് സമാനമായ വിവരണങ്ങൾ കാണാം: “ഉത്തമ ഭാര്യയുള്ളവൻ

സൗഭാഗ്യവാൻ. അയാളുടെ ആയുസ്സ് ഇരട്ടിക്കും. വിശ്വസ്ഥ ഭാര്യ ഭർത്താവിനെ ആനന്ദിപ്പിക്കുന്നു. അയാൾ തന്റെ സംവത്സരങ്ങൾ സമാധാനത്തിൽ തികയ്ക്കും. ഉത്തമ ഭാര്യ വലിയ അനുഗ്രഹമത്രേ. കർത്താവിനെ ഭയപ്പെടുവാനുള്ള അനുഗ്രഹങ്ങളിൽ ഒന്നായി അവൾ നൽകപ്പെടുന്നു (26:1–3).

അയൽക്കാരന് കടം കൊടുക്കുന്നതിനെക്കുറിച്ച് ചില കാര്യങ്ങൾ നൽകുന്നു. "അയൽക്കാരന് ആവശ്യസമയത്ത് കടം കൊടുക്കുക. കൊടുക്കാനുള്ളത് കൃത്യമായി കൊടുത്തു വീട്ടുക (29:2).

മക്കൾക്ക് നൽകേണ്ട ശിക്ഷയെക്കുറിച്ച് ഉദ്ബോധനം നൽകുന്നു: "പുത്രന് അച്ചടക്കം നൽകുന്നവന് പുത്രനെക്കൊണ്ടു നേട്ടമുണ്ടാകും. പരിചിതർക്കിടയിൽ പുത്രനെച്ചൊല്ലി അയാൾ അഭിമാനിക്കുകയും ചെയ്യും" (30:2).

സമ്പത്തിനോട് ഉള്ള സമീപനം: "സമ്പത്തിലുള്ള അതിശ്രദ്ധ മനുഷ്യന്റെ ആരോഗ്യം ക്ഷയിപ്പിക്കുന്നു. അതെക്കുറിച്ചുള്ള ഉൽക്കണ്ഠ ഉറക്കമില്ലാതാക്കുന്നു (31:1).

വിരുന്നിൽ അനുവർത്തിക്കേണ്ട നിയമങ്ങൾ: "വിഭവസമൃദ്ധമായ ഭക്ഷണമേശയ്ക്കരികെ ഇരിക്കുമ്പോൾ അത്യാർത്തി കാട്ടി ഇതിൽ എന്തെന്ത് വിഭവങ്ങൾ എന്നു പറയരുത്. കാണുന്നതിനെല്ലാം കൈ നീട്ടരുത്. ഭക്ഷണവേളയിൽ അയൽക്കാരനെ തള്ളി മാറ്ററുത്" (31:14).

ജ്ഞാനി ശ്രദ്ധിക്കേണ്ട കാര്യങ്ങൾ: "ഒരുങ്ങിയേ സംസാരിക്കാവൂ. അപ്പോൾ നീ ശ്രദ്ധിക്കപ്പെടും. പഠിച്ച കാര്യങ്ങൾ പരിഗണിച്ചിട്ട് മറുപടി പറയുക" (33:4).

യാത്രയിൽ ലഭിച്ച ജ്ഞാനത്തെ കുറിച്ച് പ്രതിപാദിക്കുന്നു: "സഞ്ചാരികൾ ഏറെ സാമർത്ഥ്യം നേടുന്നു. സഞ്ചാരവേളയിൽ ഞാൻ അനേകം കാര്യങ്ങൾ കണ്ടിട്ടുണ്ട്" (34:12).

"കർത്താവിനെ ഭയപ്പെടുന്നവർ ജീവിക്കും. കാരണം അവരുടെ രക്ഷകനിലാണ് അവരുടെ പ്രത്യാശ" (34:14–15).

ന്യായപ്രമാണത്തിന്റെ ആചരണം ബലികളോട് തുല്യമാണ്. "നിയമം അനുസരിക്കുകയെന്നത് അനേകം ബലികൾ അർപ്പിക്കുന്നതിന് തുല്യമാണ്." "കല്പനകൾ പാലിക്കുകയെന്നത് സമാധാന യാഗാർപ്പണമാണ്" (35:1).

ശ്രദ്ധേയമായ ഒരു പ്രാർത്ഥന ഇസ്രായേലിനെക്കുറിച്ചുണ്ട്: "കർത്താവേ, നിന്റെ നാമത്തിൽ വിളിക്കപ്പെട്ടവരുടെമേൽ, ആദ്യജാതനെ

പ്പോലെ നീ സ്നേഹിക്കുന്ന ഇസ്രായേലിന്റെ മേൽ, കാരുണ്യം ഉണ്ടാക ണമേ, നിന്റെ വിശ്രമസങ്കേതമായ യെറുശലേമിന്റെമേൽ ദയ ഉണ്ടാക ണമേ" (36:17).

ചുറ്റുപാടും കാണുന്നതും അനുദിന ജീവിതത്തിൽ അനുഭവപ്പെടു ന്നതുമായ കാര്യങ്ങളുടെ വെളിച്ചത്തിൽ ജ്ഞാനത്തിന്റെ അഗാധതല ത്തിലേക്ക് ചുഴിഞ്ഞിറങ്ങുന്നു: "ഉദരം ഏതു ഭക്ഷണവും സ്വീകരിക്കും. എന്നാൽ ചില ഭക്ഷണങ്ങൾ മറ്റുള്ളവയെക്കാൾ ഉത്തമമാകുന്നു. നാവ് പലതരം ഇറച്ചി രുചിച്ചറിയും. അതുപോലെ സൂക്ഷ്മതയുള്ള മനസ്സ് വ്യാജവചനങ്ങൾ തിരിച്ചറിയുന്നു" (36:23-24).

യഥാർത്ഥ സ്നേഹിതൻ ആരാണെന്ന് ചൂണ്ടിക്കാണിച്ചു നിർവ്വചനം നൽകുന്നു: "എല്ലാ സ്നേഹിതരും പറയും, ഞാനും ഒരു സ്നേഹിത നാണ്. എന്നാൽ ചില സ്നേഹിതർ നാമമാത്ര സ്നേഹിതരത്രേ" (37:1).

"ചില സ്നേഹിതർ സന്തോഷത്തിൽ മിത്രത്തോടൊപ്പം പങ്കുചേ രുന്നു. ആപത്തുനേരത്ത് അവർ അയാൾക്ക് എതിരായിരിക്കുകയും ചെയ്യും" (37:4).

നാവിന്റെ ഗുണവും, തിന്മയും ചൂണ്ടിക്കാണിക്കുന്നു: "മനുഷ്യർക്കു നാലു തരം ഭാഗധേയങ്ങൾ നൽകപ്പെട്ടിരിക്കുന്നു. നന്മയും, തിന്മയും, ജീവനും, മരണവും. ഇവയിൽ ഏതു ലഭിക്കുമെന്ന് എല്ലായ്പ്പോഴും തീരു മാനിക്കുന്നത് നാവാണ്" (37:18).

വൈദ്യനെയും, ചികിത്സാരീതികളെയും, ദൈവത്തിന്റെ സൗഖ്യം നൽ കുന്ന മുഖാന്തിരമായും, പരിഗണിക്കേണ്ടതിന്റെ പ്രാധാന്യവും എടുത്തു പറയുന്നു: "വൈദ്യനെ, അയാളുടെ സേവനം പരിഗണിച്ച്, സമുചിത മായി ബഹുമാനിക്കുക. കർത്താവാണ് അയാളെ സൃഷ്ടിച്ചത്. അത്യു ന്നതനിൽ നിന്ന് ലഭിച്ചതത്രേ അയാളുടെ വൈദഗ്ദ്ധ്യം" (38:2). "തന്റെ അത്ഭുതങ്ങളെ ഉപയോഗപ്പെടുത്തി മനുഷ്യർ തന്നെ മഹത്വീകരിക്കേ ണ്ടതിനായി അവൻ മനുഷ്യർക്കു ജ്ഞാനം നൽകി. അവ ഉപയോഗിച്ച് വൈദ്യൻ രോഗം ശമിപ്പിക്കുന്നു, വേദന അകറ്റുന്നു. ഔഷധനിർമ്മാതാവ് അവ ചേർത്ത് കൂട്ടുമരുന്നുണ്ടാക്കുന്നു. കർത്താവിന്റെ പ്രവൃത്തികൾ ഒരുനാളും അവസാനിക്കയില്ല. അവനിൽ നിന്നാണ് ഭൂതലത്തിൽ ആരോഗ്യം ഉണ്ടായിരിക്കുന്നത്. മകനേ, നീ രോഗിയായിരിക്കുമ്പോൾ അലസത കൂടാതെ കർത്താവിനോട് പ്രാർത്ഥിക്കുക. അവൻ നിന്നെ സുഖപ്പെടുത്തും" (38:9, 6-9).

ജീവിതത്തിന്റെ അന്ത്യമായ മരണത്തെക്കുറിച്ച് എപ്പോഴും ബോധ വാനായിരിക്കണം: "എന്റെ അന്ത്യം ഓർമ്മിക്കുക, നിന്റെ അന്ത്യവും. ഇന്നലെ ഞാൻ, ഇതുപോലെതന്നെ ഇന്നു നീ" (38:22).

വിജ്ഞാനിയുടെ പാരമ്യം ചൂണ്ടിക്കാണിക്കുവാൻ വിവിധ ജോലിക്കാരുമായി താരതമ്യം നടത്തുന്നു. കാളപൂട്ടുന്നവൻ (38:26-27), ശിൽപി (38:29), എന്നിവർ ജ്ഞാനികളുടെ സമുന്നതമായ സ്ഥാനം ആർജ്ജിക്കുന്നില്ല. എന്നാൽ, ജ്ഞാനി അനുപമമായി പല കാര്യങ്ങളും ചെയ്യുന്നു.

"അത്യുന്നതന്റെ നിയമം പഠിക്കുന്നതിൽ ശ്രദ്ധവെയ്ക്കുന്നവൻ എല്ലാം പൂർവ്വികരുടെയും വിജ്ഞാനം ആരാഞ്ഞറിയുകയും പ്രവചനങ്ങളിൽ തല്പരനാകുകയും ചെയ്യും" (39:1).

"അയാൾ സുഭാഷിതങ്ങളുടെ ഗൂഢാർത്ഥങ്ങൾ കണ്ടെത്തുകയും ഉപമകളുടെ ദുർഗ്രഹതയുമായി ബന്ധപ്പെടുകയും ചെയ്യും" (39:2).

ജ്ഞാനി പ്രാർത്ഥിക്കുമ്പോഴാണ് വിജ്ഞാനം കൊണ്ട് നിറയുന്നത്: "വലിയവനായ കർത്താവ് തിരുമനസ്സായാൽ അയാളിൽ ജ്ഞാന ചൈതന്യം നിറയും. അയാൾ വിജ്ഞാന വചനങ്ങൾ വർഷിച്ച് പ്രാർത്ഥനയിൽ കർത്താവിന് കൃതജ്ഞതാ സ്തോത്രം അർപ്പിക്കും"

ദാർശനിക സ്വഭാവമുള്ള ചില സൂക്തങ്ങളും കാണാം (39:16-17): "ഇത് എന്താണ്? എന്തുകൊണ്ടാണ് എന്ന് ആർക്കും പറയാനാവില്ല. എല്ലാ വസ്തുക്കളും കർത്താവിന്റെ സൃഷ്ടികളാണ്. അവ അത്യുത്തമങ്ങളാണ്. അവൻ കല്പിക്കുന്നവയൊക്കെ യഥാസമയം സംഭവിക്കുകയും ചെയ്യും."

ഇത് എന്തുകൊണ്ട് എന്നു ചോദ്യം ചോദിക്കാൻ മനുഷ്യന് കഴിയുകയില്ല. കാരണം കൂടി പറയുന്നു. കാരണം സൃഷ്ടികൾക്കെല്ലാം നിശ്ചിത ലക്ഷ്യങ്ങളുണ്ട്" (39:21). കൂടാതെ, ഇത് അതിനെക്കാൾ മോശം എന്ന് ആർക്കും പറയാനാവില്ല. യഥാകാലം ഓരോന്നും ഉത്തമം എന്ന് അറിയും. അതിനാൽ, ഇപ്പോൾ നിന്റെ പൂർണ്ണഹൃദയത്തോടെ ഉറക്കെ കീർത്തനം പാടി കർത്താവിന്റെ തിരുനാമത്തെ വാഴ്ത്തുക (34-35). പണ്ഡിതനും, പാമരനും, രാജാവും, ദരിദ്രനും കഠിനാദ്ധ്വാനം ചെയ്യണം. നീതികെട്ടവന്റെ സമ്പത്ത് നശിക്കും (40:13). ദാനധർമ്മം എന്നാളും നിലനിൽക്കുന്നു (40:17).

"ഹൃദയത്തെ സന്തോഷിപ്പിക്കുന്ന വസ്തുവകകൾ ഉണ്ട്. എന്നാൽ ജ്ഞാനം അതിനേക്കാൾ ശ്രേഷ്ഠമാണ് (40:20). കർത്താവിനോടുള്ള ഭയം എല്ലാത്തിലും ഉത്തമം" (40:26).

മറ്റുള്ളവരോടുള്ള ഇടപാടിൽ സൂക്ഷിക്കേണ്ട കാര്യങ്ങൾ: "അനേകം ആളുകൾ പെരുമാറുന്നിടത്ത് സാധനങ്ങൾ പൂട്ടി സൂക്ഷിക്കുക. കൊടുക്കുന്നതിനൊക്കെ അളവും തൂക്കവും വേണം. കൊടുക്കൽ വാങ്ങലുകൾക്കെല്ലാം കണക്കു സൂക്ഷിക്കുക" (42:7).

പുത്രിയെക്കുറിച്ചുള്ള ചില പ്രത്യേക പരാമർശങ്ങൾ കാണാം: "പുത്രി,

അറിയാതെ തന്നെ, പിതാവിന്റെ ഉറക്കം അപഹരിക്കുന്നു. അവൾ കന്യകയായിരിക്കുമ്പോൾ, അവളുടെ വിവാഹം നടക്കാതിരിക്കുമോ എന്നും വിവാഹിതയെങ്കിൽ അവൾ ഭർത്താവിന്റെ അപ്രീതിക്കു പാത്രമാകുമോ എന്നും കന്യകയായിരിക്കെ അവൾ അശുദ്ധയാകയോ പിതൃഗൃഹത്തിൽ വച്ചു ഗർഭിണിയാകുകയോ ചെയ്യുമോ എന്നും. ഭർത്താവുള്ളവളായിരിക്കെ അവൾ അവിശ്വസ്തതയാകുമോ എന്നും വിവാഹിതയായിട്ടും അവൾ വന്ധ്യയായിരിക്കുമോ എന്നും അയാൾ ആശങ്കപ്പെടുന്നു (42:9–10).

യഹൂദന്മാരുടെയും, റബ്ബിമാരുടെയും ചിന്തകൾക്കനുസരണമായി സ്ത്രീകളോട് അധമ മനോഭാവം പുലർത്തുന്ന പരാമർശങ്ങളുമുണ്ട്: “വസ്ത്രത്തിൽ നിന്ന് കീടങ്ങൾ പുറത്തു വരുന്നതുപോലെ സ്ത്രീയിൽ നിന്ന് സ്ത്രീയുടെ ദുഷ്ടത പുറത്തു വരുന്നു. സ്ത്രീയുടെ നന്മയേക്കാൾ ഭേദമാണ് പുരുഷന്റെ ദുഷ്ടത. സ്ത്രീയാണ് ലജ്ജയും, അപമാനവും വരുത്തിവയ്ക്കുന്നത്” (42:13–14).

കൂടാതെ സൃഷ്ടിയുടെ മഹത്വം വിശദമായി വിവരിക്കുന്നു. സൂര്യന്റെ പ്രാധാന്യം ഇപ്രകാരം വിവരിക്കുന്നു: “ആകാശം എത്ര മഹത്വമേറിയ ദൃശ്യം. ഉദിച്ചുയരുന്ന സൂര്യൻ താൻ അത്യുന്നതന്റെ അത്ഭുതസൃഷ്ടിയാണെന്നു പ്രഖ്യാപിക്കുന്നു (43:2).

അതിനുശേഷം ചന്ദ്രനെക്കുറിച്ച് പരാമർശിക്കുന്നു: “ചന്ദ്രനെ ആശ്രയിച്ചാണ് മാസത്തിന് ആ പേരുണ്ടായത്.” ചന്ദ്രനുശേഷം, നക്ഷത്രങ്ങളുടെ മനോഹാരിതയും, മഞ്ഞും മഴയും, മിന്നലുകളും, കാർമേഘങ്ങളും, കാറ്റും വിശദമായി വിവരിക്കുന്നു. അവസാന ഭാഗത്ത് “നാം എത്ര സംസാരിച്ചാലും പൂർത്തിയാകുകയില്ല. നമ്മുടെ വാക്കുകളുടെ ആകത്തുക ഇതാണ് എല്ലാം അവൻ തന്നെ” (43:7).

ഇസ്രായേൽക്കാരുടെ വിഖ്യാതരായ പൂർവ്വികരെക്കുറിച്ച് പ്രകീർത്തിക്കുന്നു. ആദ്യമായി പ്രവാചകന്മാരാണ് മുൻപന്തിയിൽ. അവർ ഉപദേശം, പ്രവചനം, നിയമം, പഠനം, വിജ്ഞാനം എന്നിവയ്ക്ക് നേതൃത്വം നൽകി. ഹാനോക്ക് കർത്താവിനെ പ്രസാദിപ്പിച്ചു. അവൻ അനുതാപത്തിന്റെ മാതൃകയാണ് (44:16). നോഹ തികഞ്ഞ നീതിമാനാണ് (44:17). അബ്രഹാം അനുസരണമുള്ളവനും വിശ്വസ്തനും ആയിരുന്നു (44:19). ഇസഹാക്ക്, യാക്കോബ് എന്നിവർ ഉടമ്പടിബന്ധം കാത്തുസൂക്ഷിച്ചു (44:22, 23). അനുഗൃഹീതനായ മോശ, കല്പനകൾ പ്രാപിച്ചു. തേജസ്സിന്റെ അംശവും സ്വീകരിച്ചു (45:3). അഹറോൻ പൗരോഹിത്യം കൈക്കൊണ്ടു (45:6). “കർത്താവിന് യാഗം അർപ്പിക്കുന്നതിനുവേണ്ടി എല്ലാ ജീവികളിൽനിന്ന് അവനെ അവൻ ജനത്തിന് പാപപരിഹാരം നൽകാനും തെരഞ്ഞെടുത്തു” (45:16). അബിറാമും കോരഹും അനുചരന്മാരും

മോശയ്ക്ക് എതിരാളികളായി പ്രവർത്തിച്ചു. അവർ ദൈവത്തിന്റെ കോപാഗ്നിയിൽ നശിച്ചു. മഹത്വത്തിൽ മൂന്നാമൻ, ഫിനെഹാസ് ആണ്. ജനം കലാപം ഉയർത്തിയപ്പോൾ, അചഞ്ചലനായി നിന്നു. അവർക്കു ശേഷം, യോശുവ, കാലേബ് (45:24), ന്യായാധിപന്മാർ എന്നിവർ അവർക്കു നേതൃത്വം നൽകി (46:1, 7, 11, 13). ന്യായാധിപഗണത്തിൽ ശമുവേലും ഉൾപ്പെടുന്നു. ദാവീദിന്റെ കാലത്ത് നാഥാനും പ്രവചനം നൽകി (47:1). ഗോലിയാത്തിനെ നേരിട്ട് വിജയം വരിച്ച ദാവീദിന്റെ വീര പരാക്രമങ്ങളെ വിവരിക്കുന്നു (47:4).

"ഇസ്രായേലിൽ മഹത്വത്തിന്റെ സിംഹാസനവും അവൻ അയാൾക്കു നൽകി" (47:11).

ശലോമോന്റെ സമാധാന യുഗത്തെക്കുറിച്ച് വിവരിക്കുന്നു: "ശലോമോന്റെ ഭരണകാലം സമാധാനപൂർണ്ണമായിരുന്നു. തന്റെ നാമത്തിൽ ഒരു ആലയം പണിയുന്നതിനും നിത്യം നിലനിൽക്കേണ്ട ഒരു വിശുദ്ധസ്ഥലം സജ്ജമാക്കുന്നതിനും ദൈവം അയാൾക്കു നാനാപ്രകാരേണയും സ്വസ്ഥത നൽകി. യൗവനത്തിൽ നീ എത്രയോ വിജ്ഞാനിയായി. അറിവുകൊണ്ട് നീ ഒരു നദിപോലെ കവിഞ്ഞൊഴുകി" (47:13–14).

ശലോമോന്റെ പാപം മൂലം സാമ്രാജ്യം പിൻതലമുറയിൽ വിഭജിക്കപ്പെട്ടു. "ഭോഷത്വത്തിൽ ഒന്നാമനും വിവേകശൂന്യനുമായ രെഹബയാം, തന്റെ നയങ്ങൾകൊണ്ടു ജനത്തെ കലാപത്തിലേക്കു നയിച്ചു" (47:23).

യെറോബയാമും ഇസ്രായേലിനെ പാപത്തിലേക്ക് നയിച്ചു (47:23). പ്രവാചകനായ ഏലിയാ അഗ്നിപോലെ പ്രത്യക്ഷപ്പെട്ടു (48:1). മൂന്നു തവണ അഗ്നിയിറക്കി (48:3). "ഏലിയാ ചുഴലിക്കാറ്റിൽ അപ്രത്യക്ഷനായപ്പോൾ അയാളുടെ ചൈതന്യം ഏലീശായിൽ നിറഞ്ഞു (48:12). "ആയുഷ്കാലത്ത് ഒരിക്കലും ഒരു ഭരണാധികാരിയുടെ മുമ്പിൽ അയാൾ ഭയപ്പെട്ടിട്ടില്ല. ആരും അയാളെ കീഴ്പ്പെടുത്തിയില്ല" (48:12). രാജാക്കന്മാരിൽ ഹിസ്ക്കീയാ മുക്തകണ്ഠമായ പ്രശംസ അർഹിക്കുന്നു. "ഹിസ്ക്കീയാ തന്റെ നഗരത്തെ കോട്ടകെട്ടി സുരക്ഷിതമാക്കി. നഗരത്തിലേക്കു വെള്ളം കൊണ്ടുവന്നു. അയാൾ ഇരുമ്പുകൊണ്ടു കൊടുംപാറകൾ തുരന്നു. വെള്ളം കിട്ടാൻ കുളങ്ങൾ നിർമ്മിച്ചു" (48:17). ഹിസ്ക്കീയായുടെ കാലത്ത് സെന്നക്കറീബ് ആക്രമിച്ചതിനെയും റബ്ശാകേയെ ലാകീശിൽ നിന്നു, യെരുശലേമിലേക്ക് അയച്ചതിനെയും, ജനങ്ങളുടെ ഭയവിഹ്വലതയെക്കുറിച്ചും പ്രതിപാദിക്കുന്നു (48:18). ഇസ്രായേൽ ദൈവത്തോട് പ്രാർത്ഥിച്ചു. മോചനം നേടി (48:20). യെശയ്യായുടെ വിശിഷ്ടമായ നേതൃത്വവും ദൈവവചന പ്രഖ്യാപനവും എടുത്തു പറയുന്നു (48:22). യോശീയാ രാജാവും പ്രകീർത്തിക്കപ്പെടുന്നു. "ദാവീദും,

ഹിസ്ക്കീയായും, യോശീയായും, ഒഴികെയുള്ളവരൊക്കെ പാപത്തിൽ മുഴുകി" (49:4). യിരെമ്യായുടെ പ്രവചനംപോലെ നഗരം തീക്കിരയായി (49:6). യെഹെസ്കിയേലിനാണ് ദൈവമഹത്വ ദർശനം ലഭിച്ചത് (49:8). ഇസ്രായേൽക്കാരെ വിവിധ രംഗങ്ങളിൽ സമാശ്വസിപ്പിച്ച 12 പ്രവാചക ന്മാരും ആദരണീയരാണ്: "പന്ത്രണ്ടു പ്രവാചകരുടെയും അസ്ഥികൾ അവ കിടക്കുന്നിടങ്ങളിൽ നിന്ന് ഉയിർക്കട്ടെ" (49:10).

പ്രവാസത്തിന് ശേഷം നേതൃത്വം നൽകിയ സെറൂബാബേലും, യോശുവായും പ്രകീർത്തിക്കപ്പെടുന്നു. "നിത്യമഹത്വത്തിനായി കർത്താവിനു വിശുദ്ധമായ ആലയം അവർ ഉയർത്തി" (49:12).

യെരുശലേമിന്റെ മതിലുകൾ കേടുപോക്കിയും, വീടുകൾ നിർമ്മിച്ചും പുനരുദ്ധരിച്ച നെഹമ്യയും ബഹുമാനം അർഹിക്കുന്നു (49:13). യോസേഫും, ശേമും, ശേതും ബഹുമാനിക്കപ്പെടുന്നു (49:14-16). ഒനിയാസിന്റെ പുത്രനായ മഹാപുരോഹിതനായ ശിമയോൻ ജനത്തിന്റെ അഭിമാനഭാജനമായി പ്രശംസിക്കപ്പെടുന്നു (50:1).

ദേവാലയത്തിന്റെ കേടുപോക്കി, സർവ്വശക്തനായ ദൈവത്തിന് വഴിപാടുകൾ അർപ്പിച്ചു. ജനങ്ങൾക്ക് അനുഗ്രഹം നൽകി (50:20). ദൈവത്തിന്റെ രക്ഷാകരമായ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ടുള്ള ഒരു കൃതജ്ഞതാ ഗീതംകൊണ്ട് പുസ്തകം അവസാനിക്കുന്നു (51:1-12). അന്ത്യത്തിൽ ജ്ഞാനം നേടുന്നതിന്റെ പ്രാധാന്യം എടുത്തു പറയുന്നു (51:13-20).

## പാഠം 6

# അപ്പോക്രിഫാ ഗ്രന്ഥങ്ങൾ - 3 (തുടർച്ച)

### 1. മക്കാബി

പരീശന്മാരും, കുംറാൻ സമൂഹവും മക്കാബി പുസ്തകങ്ങൾക്ക് തീരെ പരിഗണന നൽകിയില്ല. കുംറാൻ പുസ്തകശേഖരത്തിൽ മക്കാബി കാണുന്നില്ല. അലക്സന്ത്രിയയിലെ ക്ലെമന്റാണ് ആദ്യമായിട്ട് അത് ഉദ്ധരിക്കുന്നത്. മക്കാബി ഒന്നാം പുസ്തകത്തിന്റെ ഗ്രന്ഥകർത്താവ് ദേശീയവാദിയായ ഒരു യഹൂദനായിരുന്നു. അദ്ദേഹം ഹാസ്മോണിയൻ താവഴിക്കാരെ പിന്തുണയ്ക്കുന്ന ആൾ ആയിരുന്നു. യെരുശലേമിലെ സ്ഥിതിഗതിയും, പോരാട്ടവും, വിമോചന സമരവും നിശ്ചയമുള്ളവനായിരുന്നു ചരിത്രകാരൻ. ബി.സി. ഒന്നാം നൂറ്റാണ്ടിൽ എബ്രായ ഭാഷയിൽ എഴുതപ്പെട്ടതാണെന്ന് കരുതുന്നു. ഏതാണ്ട് 70 കൊല്ലത്തെ ചരിത്രം അതിൽ

കാണുന്നു (ബി.സി. 175-104). മഹാനായ അലക്സാണ്ടറിന്റെ മുന്നേറ്റവും, തന്മൂലമുണ്ടായ വിവിധ വെല്ലുവിളികളും സത്യവിശ്വാസം സംരക്ഷിക്കാനുള്ള തീവ്രപരീക്ഷണവുമാണ് ആദ്യഭാഗത്ത് കാണുന്നത്. അലക്സാണ്ടറിനുശേഷം യഹൂദ, സെലൂക്യരുടെ അധികാരത്തിൻകീഴിൽ വന്നു. യവനായ സംസ്കാരം പ്രചരിപ്പിക്കാൻ ബി.സി. 175 മുതൽ ഭരണം കൈയിലെടുത്ത അന്തിയോക്കസ് എപ്പിഫാനസ് ബദ്ധശ്രദ്ധനായിരുന്നു. അവനോട് മമതയും, പ്രതിപത്തിയും കാട്ടിയ പുരോഗമന ചിന്താഗതിയുള്ള സമൂഹം രൂപംപ്രാപിച്ചു. വിശ്വാസം സംരക്ഷിക്കാൻ, ജീവൻ പോലും ബലികഴിക്കാൻ സന്നദ്ധരായ ഭക്തരുടെ ഗണവും രംഗത്തു വന്നു. 'വിനാശകരമായ മ്ലേച്ഛത' എന്ന പേരിൽ അറിയപ്പെട്ട സീയൂസ് ദേവനുള്ള യാഗവും, ന്യായപ്രമാണത്തിന്റെ കൈയെഴുത്തുപ്രതികൾ ചുട്ടെരിച്ച സംഭവവും, ചേലാകർമ്മ നിരോധനവും സ്ഫോടനാത്മകമായ സാഹചര്യം സൃഷ്ടിച്ചു. പരിപാവനമായി കാത്തുസൂക്ഷിച്ചിരുന്ന ഉടമ്പടിയെ ലംഘിക്കണോ, ജീവൻ ബലികഴിക്കണോ എന്ന അഗ്നിപരീക്ഷണം നേരിട്ടു. ദേവാലയത്തിൽ അന്തിയോക്കസ് നിയോഗിച്ച ഉദ്യോഗസ്ഥരും, ബലികഴിക്കാൻ മുമ്പോട്ടുവന്ന ഒരു യഹൂദനും മോദിനിലെ പുരോഹിതനായ മറ്റാത്തിയാസിന്റെ രോഷത്തിന് വശംവദരായി. അവരെ രണ്ടു പേരെയും മറ്റാത്തിയാസ് വധിച്ചു. മറ്റാത്തിയാസും മക്കളും വനാന്തരത്തിലേക്ക് വലിഞ്ഞു. ഒളിപ്പോർപ്പട സംഘടിപ്പിച്ചു. ശബ്ബത്തിൽ യുദ്ധം ചെയ്യുന്നതിന് പകരം മരണം വരിക്കാൻ സന്നദ്ധരായി. ശത്രുക്കൾ ശക്തിമാന്മാരാണെങ്കിലും ദൈവം രക്ഷിക്കുമെന്ന ദൃഢമായ പ്രതീക്ഷയുണ്ടായിരുന്നു. യൂദാ പറഞ്ഞു. "ഒരു വലിയ ഗണത്തെ ഉപരോധിക്കാൻ ചെറിയ ഗണത്തിന് കഴിയും. കാരണം, ഏറെപ്പേരെക്കൊണ്ടോ, കുറച്ചു പേരെക്കൊണ്ടോ രക്ഷിക്കുന്ന നമ്മിൽ സ്വർഗ്ഗത്തിന്റെ ദൃഷ്ടിയിൽ വ്യത്യാസമൊന്നുമില്ല. സൈന്യത്തിന്റെ വലിപ്പത്തെ ആശ്രയിച്ചല്ല യുദ്ധവിജയം. ബലം സ്വർഗ്ഗത്തിൽ നിന്നാണ് വരുന്നത്" (1 മക്കാ. 3:18). കൂടാതെ ശത്രുക്കളുടെ അഹങ്കാരത്തോടെയുള്ള വരവിനെക്കുറിച്ച് പറയുന്നു: "നാം നമ്മുടെ ജീവനുവേണ്ടിയും നമ്മുടെ നിയമങ്ങൾക്കുവേണ്ടിയുമാണ് യുദ്ധം ചെയ്യുന്നത്. നമ്മുടെ മുമ്പാകെ അവൻ അവരെ തകർക്കും. നിങ്ങളോ അവരെ ഭയപ്പെടേണ്ടതില്ല" (1 മക്കാ. 3:22). യൂദാ, അപ്പോളോനിയസിനെയും, നിക്കാനോറിനെയും നേരിട്ട് വിജയം വരിച്ചു. ലിസിയാസിനെ യെരുശലേമിൽനിന്ന് ഏകദേശം 20 മൈൽ തെക്കുള്ള ബെത്ത് സൂറിൽ വച്ച് നേരിട്ടു. യൂദാ, ദൈവത്തോട് സഹായം തേടി പ്രാർത്ഥിച്ചു. ദാവീദും യോനാഥാനും ദൈവശക്തിയിൽ ശക്തരായ ഫെലിസ്ത്യരെ നേരിട്ട് തോല്പിച്ചതിനെ ഓർത്തു പ്രാർത്ഥിച്ചു. ലിസിയാസ് പിൻവാങ്ങി. യൂദാ, ദേവാലയം ശുദ്ധീകരിച്ച് പ്രതിഷ്ഠിച്ചു (1 മക്കാ. 4:59). ശുദ്ധീകരണ പെരുന്നാളിന് (2 മക്കാ. 2:16) പ്രതിഷ്ഠാ പെരുന്നാൾ (1 മക്കാ.

4:59) കിസ്ലേവിലെ കൂടാരപെരുന്നാൾ (2 മക്കാ. 1:9, 18), ഹനൂക്കാ പെരുന്നാൾ, പ്രകാശത്തിന്റെ പെരുന്നാൾ എന്ന പേരുകളും ഉണ്ട്. എട്ടു ദിവസത്തെ പെരുന്നാളാണ് അവർ ആചരിച്ചത്. ദേവാലയത്തിന് ചുറ്റും കോട്ട കെട്ടി. ഏദോമിൽ നിന്നുള്ള ഗമനം തടയാൻ ബെത്ത്ഷൂറിലെ കോട്ടയും ഉറപ്പിച്ചു ഭദ്രമാക്കി. ഇദൂമിയ, അമ്മോൻ, ഗിലെയാദ് എന്നീ ചുറ്റുപാടുമുള്ള രാജ്യക്കാരുമായി യൂദാ യുദ്ധം ചെയ്തു. ഗലീലയിലെ യൂദന്മാരുടെ സഹായിയായും പ്രവർത്തിച്ചു. അന്തിയോക്കസ് നാലാമൻ മരിച്ചു. മകനെ ലിസിയാസ്, യൂഫ്ളാത്തോർ എന്ന പേരു നൽകി രാജാവാക്കി (1 മക്കാ. 6:16). അവൻ യുദ്ധത്തിനായി സന്നാഹങ്ങൾ കൂട്ടി. ഒരു ലക്ഷം കാലാൾപ്പടയും, ഇരുപത്തിനാലായിരം കുതിരപ്പടയാളികളും, യുദ്ധപരിശീലനം നേടിയ മുപ്പത്തിരണ്ടു ആനകളും അടങ്ങിയതായിരുന്നു അവന്റെ സൈന്യം (1 മക്കാ. 6:30). ആനകളുടെ വിവരണത്തിൽ ഇന്ത്യക്കാരനായ പാപ്പാനെക്കുറിച്ചും പരാമർശിക്കുന്നു (1 മക്കാ. 6:37). യൂദായുടെ മരണത്തിനുശേഷം യോനാഥാൻ പിന്തുടർന്നു (1 മക്കാ. 9:28). ബക്കിദേസ് യോനാഥാനെ ആക്രമിച്ചു. യോനാഥാൻ തന്റെ സഹചരന്മാരോട്, എഴുന്നേൽപിൻ, നമ്മുടെ ജീവനുവേണ്ടി നമുക്കു പോരാടാം എന്നു പറഞ്ഞു.” യോനാഥാൻ അനുയായികളോടു പറഞ്ഞു: നമുക്കു ജീവനുവേണ്ടി സധൈര്യം പൊരുതാം. കാര്യങ്ങളിപ്പോൾ മുമ്പത്തെപ്പോലെയല്ല. ഇതാ ശത്രു നമ്മെ വളഞ്ഞിരിക്കുന്നു. ഒരു വശത്തു യോർദ്ദാൻ നദി. മറുവശത്തു ചതുപ്പുനിലവും കുറ്റിക്കാടുകളും. എങ്ങോട്ടും തിരിയുക സാധ്യമല്ല. ശത്രുകരങ്ങളിൽ നിന്നു രക്ഷിക്കേണമേ എന്നു ദൈവത്തോട് നമുക്കു കേണപേക്ഷിക്കാം” (1 മക്കാ. 9:44-46).

യോനാഥാൻ ബക്കിദേസിന്റെ പദ്ധതികളെയെല്ലാം തോല്പിച്ചു വിജയം വരിച്ചു. ബക്കിദേസ് തിരിച്ചുപോയി. യോനാഥാൻ മിക്ക്മാഷിൽ 5 വർഷം ശല്യം കൂടാതെ കഴിഞ്ഞു. അൽക്കിമൂസ് വിശുദ്ധ സ്ഥലത്തിന്റെ അകമുറ്റത്തെ ഭിത്തികൾ ഇടിച്ചുനിരത്താൻ കല്പന കൊടുത്തു (1 മക്കാ. 9:54). അൽക്കിമൂസ് തളർവാതരോഗിയായി, ദുസ്സഹമായ വേദന സഹിച്ച് മരണമടഞ്ഞു.

അധർമ്മികൾ, ബക്കിദേസിനെ കൊണ്ടുവന്നു, യോനാഥാനെ ആക്രമിക്കാൻ ശ്രമിച്ചെങ്കിലും പദ്ധതി, വെളിപ്പെട്ടുപോയതുകൊണ്ട് വിജയിച്ചില്ല. അലക്സാണ്ടർ ബാലാസിനെ യോനാഥാൻ പിന്താങ്ങി. യോനാഥാനെ പ്രധാനാചാര്യനാക്കി. രാജമിത്രം എന്ന പേരു കൊടുത്തു. അവന് ഒരു മേലങ്കിയും, സ്വർണ്ണക്കിരീടവും അയച്ചുകൊടുത്തു (1 മക്കാ. 10:20).

ദെമിത്രയോസ് യോനാഥാന്റെയും യെരുശലേമിലെ യഹൂദരുടെയും മനംകവരുവാൻ കത്തയച്ചു (1 മക്കാ. 10:25). കൂടാതെ, “ഇന്നു മുതൽ

ഞാൻ നിങ്ങളെ സ്വതന്ത്രരാക്കുകയും, സർവ്വ യഹൂദരെയും, കപ്പത്തിലും ഉപ്പുനികുതിയിലും, കിരീട നികുതിയിലും നിന്ന് ഒഴിവാക്കുകയും ചെയ്തിരിക്കുന്നു (1 മക്കാ. 10:29). യോനാഥാനും, ജനങ്ങളും അത് സ്വീകരിച്ചില്ല (1 മക്കാ. 10:46).

യോനാഥാൻ അലക്സാണ്ടറിനെ പിന്താങ്ങി. അധർമ്മികൾ യോനാഥാന് എതിരായി ആരോപണം ഉന്നയിച്ചെങ്കിലും രാജാവ് അത് സ്വീകരിച്ചില്ല. രാജാവ്, യോനാഥാനെ മുഖ്യ മിത്രങ്ങളുടെ ഗണത്തിൽ ഉൾപ്പെടുത്തി ആദരിച്ചു (1 മക്കാ. 10:65). യോനാഥാൻ ദെമിത്രയോസിന്റെ സേനാധിപതിയായ അപ്പോളിനിയോസിനെ തോല്പിച്ചു (1 മക്കാ. 10:67–89).

യോനാഥാൻ ദെമിത്രയോസുമായി സഖ്യം നടത്തി (1 മക്കാ. 11:20–37). ട്രിഫോയുമായും സഖ്യം ഉണ്ടാക്കി റോമാക്കാരും, സ്പാർത്തക്കാരുമായും ഉടമ്പടി ഉണ്ടാക്കി (1 മക്കാ. 12:1). യോനാഥാൻ മരിച്ചപ്പോൾ, ശീമോൻ നേതാവായി പിന്തുടർന്നു (1 മക്കാ. 13:9). ശീമോൻ കുടുംബത്തിന്റെ ഒരു കല്ലറ പണിതു (1 മക്കാ. 13:25–30). ശീമോന്റെ കാലത്ത് സമാധാനവും, ശാന്തിയും ഉണ്ടായി (1 മക്കാ. 14:4). അന്തിയോക്കസ് രാജാവും ട്രിഫോയെ അനുധാവനം ചെയ്തു പിടിച്ചു (1 മക്കാ. 15:40). അബൂബസിന്റെ പുത്രനായ പ്ടോളമി, തന്ത്രത്തിൽ ശീമോനെയും മക്കളെയും കൊന്നു (1 മക്കാ. 16:16). അനന്തരം യോഹന്നാന്റെ മറ്റു പ്രവർത്തനങ്ങളും അവന്റെ യുദ്ധങ്ങളുമെല്ലാം, പ്രധാന പൗരോഹിത്യത്തിന്റെ ദിനവൃത്താന്തത്തിൽ രേഖപ്പെടുത്തിയിട്ടുണ്ടെന്ന് പറഞ്ഞ് അവസാനിപ്പിക്കുന്നു (1 മക്കാ. 16:24).

**2. മക്കാബി**

1. മക്കാബിപോലെ ചരിത്ര പുസ്തകമാണ് 2 മക്കാബി. ചരിത്രവീക്ഷണത്തിൽ ചില വ്യത്യാസങ്ങൾ കാണാം. ഒന്നാം മക്കാബിയിൽ യൂദയുടെയും സഹോദരന്മാരുടെയും വീരപരാക്രമങ്ങൾക്കാണ് മുൻതൂക്കം. എന്നാൽ രണ്ടാം മക്കാബിയിൽ ദൈവത്തിന്റെ അത്ഭുതകരമായ രക്ഷാകരപ്രവർത്തനമാണ് മുൻപന്തിയിൽ. മാനുഷിക നേട്ടങ്ങൾക്ക് രണ്ടാം സ്ഥാനം മാത്രമേയുള്ളു.

യെരുശലേമിലുള്ള യൂഹൂദന്മാർ ഈജിപ്തിലുള്ളവർക്കു കത്തയയ്ക്കുന്നു (1:1–9). കിസ്ലേവ് മാസത്തിൽ കൂടാരപെരുന്നാൾ ആഘോഷിച്ചതിനെക്കുറിച്ചാണ് അതിലെ പരാമർശം. രണ്ടാമത്തെ കത്ത് പ്ടോളമി രാജാവിന്റെ ഗുരുവായ അരിസ്റ്റോബുലസിനും ഈജിപ്തിലെ യഹൂദന്മാർക്കുമാണ്. ബി.സി. 164–ൽ എഴുതിയതാണ്. ദേവാലയ ശുദ്ധീകരണപെരുന്നാൾ ആഘോഷിക്കാനാണ് രണ്ടാം കത്തിലെ ആഹ്വാനം. യെര

മ്യയുടെ കാലത്ത് പൊട്ടക്കിണറ്റിൽ ഭക്തരായ പുരോഹിതന്മാർ അഗ്നി ഒളിച്ചു സൂക്ഷിച്ചതിനെ പരാമർശിക്കുന്നു (2 മക്കാ. 1:19). അവിടെ അഗ്നിക്കു പകരം ഒരു കൊഴുത്ത ദ്രാവകമാണ് അവർ കണ്ടത്. അത് കൊണ്ടുവന്നു ബലിവസ്തുക്കളിൽ തളിച്ചപ്പോൾ വലിയ തീ ആളിക്കത്തി. "ബലിവസ്തു ദഹിക്കുമ്പോൾ പുരോഹിതന്മാരും, ജനങ്ങളും പ്രാർത്ഥിച്ചുകൊണ്ടിരുന്നു" (2 മക്കാ. 1:23). 2:19–32 വരെ ഗ്രന്ഥകാരന്റെ മുഖവുര കാണുന്നു. യൂദായുടെയും സഹോദരന്മാരുടെയും പ്രവർത്തനങ്ങൾ, ദേവാലയ ശുദ്ധീകരണം, ബലിപീഠപ്രതിഷ്ഠ, അന്തിയോക്കസിനും പുത്രൻ യുവ്വാത്തോറിനും എതിരേ നടന്ന യുദ്ധങ്ങൾ, ദേവാലയ ശുദ്ധീകരണം എന്നിവയെക്കുറിച്ച് യാസോന്റെ അതിബൃഹത്തായ അഞ്ചു വാല്യങ്ങളെക്കുറിച്ച് പരാമർശിക്കുന്നു (2 മക്കാ. 2:19–23). ദീർഘമായ വിവരണങ്ങൾ സംക്ഷേപിക്കുവാനാണ് ഗ്രന്ഥകർത്താവ് ശ്രമിക്കുന്നത്. പ്രധാന പുരോഹിതനായ ഒനിയാസിന്റെ ഭരണവും, സെലൂക്കസ് രാജാവിന്റെ ദേവാലയത്തോടുള്ള സമീപനവും പുകഴ്ത്തുന്നു. ബഞ്ചമിൻ ഗോത്രക്കാരനായ ശിമയോൻ, ദേവാലയത്തിന്റെ മേൽനോട്ടം വഹിക്കാൻ നിയമിക്കപ്പെട്ടപ്പോൾ പ്രധാന പുരോഹിതനായ ഒനിയാസുമായി ഇടഞ്ഞു (2 മക്കാ. 3:14). ശിമയോൻ അപ്പോളോണിയൂസിനെ സമീപിച്ചു. യെരുശലേമിലെ ഭണ്ഡാരത്തിൽ ഉള്ള പണത്തെക്കുറിച്ചും അത്, രാജാവിന്റെ നിയന്ത്രണത്തിൽ കൊണ്ടുവരാൻ സാധിക്കുമെന്നും അറിയിച്ചു (2 മക്കാ. 3:6). കാര്യസ്ഥനായ ഹെലിയോദോറസിനെ പണം എടുത്ത് മാറ്റുവാൻ രാജാവ് അധികാരപ്പെടുത്തി. ദക്ഷിണ സിറിയയിലെയും, ഫൊനീഷ്യയിലെയും നഗരങ്ങൾ പരിശോധിക്കാനെന്ന ഭാവത്തിൽ ഹെലിയോദോറസ് എത്തി. ഹെലിയോദോറസിനെ രണ്ട് യുവാക്കൾ അടിക്കുന്നതായി കണ്ടു. അവൻ പെട്ടെന്ന് നിലംപതിച്ചു (2 മക്കാ. 3:26) "അന്ത്യശ്വാസം വലിക്കുകയായിരുന്ന ഹെലിയോദോറസിന്റെ ജീവനുവേണ്ടി അത്യുന്നതനോട് പ്രാർത്ഥിക്കാൻ അവന്റെ മിത്രങ്ങളിൽ ചിലർ ഒനിയാസിനോട് അഭ്യർത്ഥിച്ചു" (2 മക്കാ. 3:31). ഹെലിയോദോറസ് സുഖം പ്രാപിച്ചു ദൈവത്തിന് ബലിയർപ്പിച്ചു (2 മക്കാ. 3:35). ശിമയോൻ ഒനിയാസിനെതിരായി ആരോപണങ്ങൾ ഉന്നയിക്കുകയും, തന്ത്രങ്ങൾ മെനഞ്ഞെടുക്കുകയും ചെയ്തു (2 മക്കാ. 4:1–6). അന്തിയോക്കസ് എപ്പിഫാനസ് രാജാവായപ്പോൾ യാസോൻ കോഴ കൊടുത്ത് പ്രധാന പുരോഹിതസ്ഥാനം കൈക്കലാക്കി (2 മക്കാ. 4:7). ഗ്രീക്ക് സമ്പ്രദായങ്ങൾ പ്രചരിപ്പിക്കാൻ യാസോൻ മുൻകൈ എടുത്തു (2 മക്കാ. 4:12–13). ശിമയോന്റെ സഹോദരൻ മെനലാവൂസ് യാസോനെ മാറ്റി പ്രധാനാചാര്യ സ്ഥാനം സ്വന്തമാക്കാൻ ശ്രമിച്ചു (2 മക്കാ. 4:24). മെനലാവൂസ് പുരോഹിതസ്ഥാനം കൈയേറ്റെങ്കിലും വാഗ്ദാനം ചെയ്ത തുക കൃത്യമായി രാജാവിന് കൊടുത്തില്ല (2 മക്കാ. 4:27). അതിനിടയിൽ അന്തിയോക്കസ്

മരിച്ചുവെന്ന വാർത്ത പരന്നു (2 മക്കാ. 5:5). പ്രധാനാചാര്യ സ്ഥാനം കൈക്കലാക്കാൻ യാസോൻ വീണ്ടും ശ്രമിച്ചു. ഒടുവിൽ ഗത്യന്തരമില്ലാതെ, പലായനം ചെയ്ത് ഗ്രാമവാസിയായി താമസിക്കേണ്ടി വന്നു. വിലപിക്കാൻ ആരുമില്ലാതെ ദയനീയമായി അന്ത്യം വരിച്ചു. "പല മൃതർക്കും സംസ്കാരം നിഷേധിച്ച അവൻ വിലപിക്കാനാരുമില്ലാതെ മരിച്ചു. സംസ്കാരമോ, പിതാക്കന്മാരുടെ ശവകുടീരത്തിൽ ഇടമോ അവനു ലഭിച്ചില്ല" (2 മക്കാ. 5:10).

അന്തിയോക്കസ് യൂദന്മാരെ പീഡിപ്പിക്കുകയും ദേവാലയം കൊള്ളയടിക്കുകയും ചെയ്തു. മൂന്നു ദിവസംകൊണ്ട് 80,000 പേരെ അവൻ നാമാവശേഷമാക്കി (2 മക്കാ. 5:14). മെനലാവൂസിന്റെ സഹായത്തോടെയാണ് ദേവാലയം കൊള്ളയടിച്ചത് (2 മക്കാ. 5:15).

അഹങ്കാരിയായ അന്തിയോക്കസിനെപ്പറ്റി ഇപ്രകാരം കാണുന്നു: "അഹങ്കാരോന്മത്തനായ അന്തിയോക്കസ് കരയിൽ നീന്താനും കടലിൽ ഓടാനും കഴിയുമെന്നു കരുതി. ദേവാലയത്തിൽ നിന്നു 1800 താലന്ത് കൈക്കലാക്കി. അന്ത്യോക്യയിലേക്ക് തിടുക്കത്തിൽ പോയി" (2 മക്കാ. 5:21). യൂദായും, കൂട്ടരും മലിനരാകാതിരിപ്പാൻ കാട്ടിൽ അഭയം തേടി, കാട്ടു സസ്യങ്ങൾ ഭക്ഷിച്ച് വന്യമൃഗങ്ങളെപ്പോലെ മലകളിൽ താമസിച്ചു (2 മക്കാ. 5:27). അന്തിയോക്കസ് ദേവാലയത്തെ അശുദ്ധമാക്കി. അതിനെ ഒളിമ്പസിലെ ദേവൂസിന്റെ ക്ഷേത്രമെന്ന് വിളിക്കാൻ ആജ്ഞാപിച്ചു (2 മക്കാ. 6:2). "ദീയാനീസസിന്റെ ഉത്സവത്തിൽ ആ ദേവനെ ബഹുമാനിക്കാൻവേണ്ടി ദലചക്രമണിഞ്ഞ് പ്രദക്ഷിണത്തിൽ പങ്കെടുക്കാനും അവർ നിർബന്ധിതരായി" (2 മക്കാ. 6:7). നീചവും, ക്രൂരവുമായ മാർഗ്ഗങ്ങളാണ് അന്തിയോക്കസ് ഉപയോഗിച്ചത്. തങ്ങളുടെ കുട്ടികളെ പരിച്ഛേദന ചെയ്ത രണ്ടു സ്ത്രീകൾ പിടിക്കപ്പെട്ടു. ശിശുക്കളെ കഴുത്തിൽ കെട്ടിത്തൂക്കി അവരെ പരസ്യമായി നഗരത്തിലൂടെ നടത്തി, അവസാനം മതിലിൽ തിന്നു തല കുത്തനെ താഴോട്ടെറിഞ്ഞു (2 മക്കാ. 6:10).

ഏലിയാസർ എന്ന ഭക്തനായ വന്ദ്യവയോധികനെ യഹൂദന്മാർക്കു നിഷിദ്ധമായ പന്നിമാംസം ഭക്ഷിക്കുവാൻ നിർബന്ധിച്ചു. ഏലിയാസറിന്റെ സ്നേഹിതരായ ഭാരവാഹികൾ, പന്നിമാംസം എന്ന ഭാവേന, നല്ല മാംസം ഭക്ഷിച്ച് രക്ഷപെടാനുള്ള ക്രമീകരണം രഹസ്യമായി ചെയ്തുകൊടുത്തു (2 മക്കാ. 6:21). മറ്റുള്ളവരെ കബളിപ്പിച്ച് പീഡനത്തിൽ നിന്ന് മോചനം നേടാൻ അദ്ദേഹം സന്നദ്ധനായില്ല. അവൻ പറഞ്ഞു. "നമ്മുടെ ഈ പ്രയത്നത്തിന് അഭിനയം ചേർന്നതല്ല. ഏലെയാസ്സർ തൊണ്ണൂറാം വയസ്സിൽ മതംമാറിയെന്ന് ചെറുപ്പക്കാർ വിചാരിക്കും" (6:24). വേറൊരു സംഭവം അമ്മയും ഏഴു മക്കളും നിഷിദ്ധമായ പന്നിമാംസം ഭക്ഷിക്കാൻ

നിർബന്ധിച്ചതിൽ കാണാം. മക്കളെല്ലാം അമ്മയുടെ മുമ്പിൽ വെച്ച് നിർദ്ദയം പീഡിപ്പിക്കപ്പെട്ടു. അവസാനത്തെ മകൻ തന്റെ പ്രത്യാശ മുഴുവൻ കർത്താവിൽ അർപ്പിച്ചുകൊണ്ട് മാലിന്യമേൽക്കാതെ മരിച്ചു. പുത്രന്മാർക്കു ശേഷം അമ്മയും മരിച്ചു (7:40).

യൂദാ, സൈന്യത്തെ സംഘടിപ്പിച്ചു, ദൈവകരുണയ്ക്കായി അപേക്ഷിച്ചു (8:2). നിക്കാനോറിൽ നിന്ന് രക്ഷകിട്ടണമെന്ന് പ്രാർത്ഥിച്ചു. യൂദാ, നിക്കാനോറിനെയും (8:29–34) ജോർജ്ജിയാസിനെയും തോല്പിച്ചു. അന്തിയോക്കസിന്റെ ദാരുണമായ അവസാനത്തെക്കുറിച്ച് വിവരിക്കുന്നു. അതിവേഗം പാഞ്ഞ രഥത്തിൽ നിന്ന് അവൻ തെറിച്ചു വീണു. "ആ അധർമ്മിയുടെ ദേഹമാസകലം പുഴുക്കൾ നിറഞ്ഞു കഠിനവേദനകൊണ്ട് പുളയുന്ന അവന്റെ മാംസം അവൻ ജീവിച്ചിരിക്കെത്തന്നെ അഴുകിത്തുടങ്ങി. ദുർഗന്ധത്താൽ അറപ്പോടെ സൈന്യം അവനിൽ നിന്ന് അകന്നു. (9:4). അവന്റെ അന്ത്യം അന്യനാട്ടിൽ വച്ചു സംഭവിച്ചു (9:28). യൂദാ ദേവാലയം ശുദ്ധീകരിച്ചു. കിസ്ലേവ് മാസം 25-നു ദേവാലയ ശുദ്ധീകരണം നടന്നു (10:5). അന്തിയോക്കസിന് ശേഷം അന്തിയോക്കസ് യുവ്വാന്നോർ അവനെ പിന്തുടർന്നു. മാക്രോൺ എന്നു വിളിക്കപ്പെടുന്ന പ്ടോളമി, യഹൂദന്മാരോട് സ്നേഹമായി പെരുമാറി. രാജാവിന്റെ സ്നേഹിതന്മാർ അവനെ കുറ്റപ്പെടുത്തി രാജ്യദ്രോഹിയെന്നു വിളിച്ചു. അതിൽ കുണ്ഠിതനായി അവൻ ജീവിതം അവസാനിപ്പിച്ചു (10:13). യൂദാ യുദ്ധം ചെയ്ത് തിമോത്തിയെയും (10:24–36) ലിസിയാസിനെയും തോല്പിച്ചു (11:1–15). ചുറ്റുപാടുമുള്ളവരുമായി യുദ്ധം നടത്തി (12:2–45). അൽക്കിമസുമായി വൈരാഗ്യത്തിൽ വന്നു (14:3). യൂദായും, നിക്കാനോറും തമ്മിൽ മിത്രങ്ങളായി (14:12–36). യഹൂദന്മാരോടുള്ള വെറുപ്പും, വിദ്വേഷവും വ്യക്തമാക്കാൻ ഭക്തനായ റാസീസിനെ ബന്ധനസ്ഥനാക്കി (14:40). അവരിൽ നിന്ന് മരിക്കാൻ ഇടയാകാതെ, സ്വന്തം വാളിന്മേൽ റാസിസ് വീണു. മതിലിൽ ചാടിക്കയറി പടയാളികളുടെ മദ്ധ്യത്തിലേക്ക് ചാടി. ഭടന്മാർ മാറിയതുകൊണ്ട് അവൻ മരിച്ചില്ല (14:44). "സൈന്യത്തിനിടയിലൂടെ അവൻ പാഞ്ഞുചെന്ന് കുത്തനെയുള്ള ഒരു പാറയിൽ കയറി രക്തം മുഴുവൻ വാർന്നു കഴിഞ്ഞു. ഇരുകൈകൾകൊണ്ടും തന്റെ കുടലുകൾ പറിച്ചെടുത്ത് അവ തനിക്കു തിരിച്ചു തരണമെന്ന് ജീവന്റെയും ചേതനയുടെയും കർത്താവിനോടു പ്രാർത്ഥിച്ചുകൊണ്ട് അവൻ ആ പടയാളികളുടെ മദ്ധ്യത്തിലേക്കു വലിച്ചെറിഞ്ഞു" (14:46).

യൂദാ തന്റെ അനുചരന്മാരെ ആശ്വസിപ്പിച്ചു. നിക്കാനോറിന്റെ അഹങ്കാരത്തോടെയുള്ള വെല്ലുവിളി തുടർന്നു (15:5). ഒനിയാസിന്റെ ദർശനം വിവരിച്ച് യഹൂദ ജനതയ്ക്ക് ശക്തി പകർന്നു. യൂദായ്ക്ക് യെരമ്യ ഒരു വാൾ നീട്ടിക്കൊടുത്തു. നിക്കാനോറും കൂട്ടരും മുന്നേറി വന്നപ്പോൾ അതു

കൊണ്ടു പോരാടി യൂദായും കൂട്ടരും ദൈവത്തെ വിളിച്ചു പ്രാർത്ഥിച്ചു (15:27). ആ യുദ്ധത്തിൽ നിക്കാനോർ വധിക്കപ്പെട്ടു (15:28).

ദൈവത്തിൽ ശരണപ്പെട്ട് അഭയം തേടുന്നവർക്ക് പ്രതിസന്ധിഘട്ടത്തിൽ ദൈവം തുണക്കെത്തുമെന്ന് വിവിധ ചരിത്രസംഭവങ്ങൾ മൂലം എഴുത്തുകാരൻ സ്ഥാപിക്കുന്നു.

## യൂണിറ്റ് 4

# യഹൂദ വിശ്വാസാചാരങ്ങൾ

## പാഠം 1

## ആരാധനയും യാഗങ്ങളും സിന്നഗോഗ് ആരാധന

സാധാരണ ആരാധന നടന്നിരുന്നത് സിന്നഗോഗിലാണ്. സിന്നഗോഗ് എന്ന വാക്കിന്റെ അർത്ഥം കൂടിവരവ് എന്നാണ്. യഹൂദന്മാരുടെ മതപരമായ സംഗമം 'സിന്നഗോഗ്' എന്ന പേരിൽ അറിയപ്പെടാൻ തുടങ്ങി. പട്ടണങ്ങളിലും ഗ്രാമങ്ങളിലും വസിച്ചിരുന്ന യഹൂദന്മാർ, വി. ഗ്രന്ഥം വായിക്കുന്നതിനും അത് വ്യാഖ്യാനിച്ച് പഠിക്കുന്നതിനും പ്രാർത്ഥനയ്ക്കുമായി സമ്മേളിച്ചു. ആദ്യകാലങ്ങളിൽ ന്യായപ്രമാണത്തിന്റെ ബോധനത്തിനായിരുന്നു മുൻഗണന. കാലക്രമത്തിൽ ന്യായപ്രമാണവ്യാഖ്യാനങ്ങൾ പ്രാധാന്യം പ്രാപിച്ചു. ദേവാലയവും സിന്നഗോഗും തമ്മിലുള്ള അന്തരമെന്താണ്? ശലോമോന്റെയും സെറൂബാബേലിന്റെയും, ഹേരോദിന്റെയും ദേവാലയങ്ങളിൽ വിശ്വാസികളായ യഹൂദന്മാർക്കു പ്രവേശിക്കുവാനും പ്രാർത്ഥിക്കുവാനും പ്രത്യേകം സ്ഥലങ്ങളുണ്ടായിരുന്നു. ദേവാലയത്തിന്റെ പ്രധാന ഭാഗങ്ങളിൽ ഉള്ള പ്രവേശനം പുരോഹിതന്മാർക്കു മാത്രമായിരുന്നു നിജപ്പെടുത്തിയിരുന്നത്. യാഗാർപ്പണം ദേവാലയത്തിൽ മാത്രമേ നടത്തിയിരുന്നുള്ളൂ. സംഘാലയങ്ങളിൽ തിരുവചന വായന, വ്യാഖ്യാനം എന്നിവയും.

എന്നാണ് സിന്നഗോഗുകളുടെ ഉത്ഭവം? ബാബിലോൺ പ്രവാസകാലത്ത് യെരുശലേം ദേവാലയത്തിൽ നിന്ന് വിദൂരമായ സ്ഥലത്ത് അവർ താമസിച്ചപ്പോൾ പരസ്പരം ആശ്വസിപ്പിക്കുന്നതിനും, ധൈര്യപ്പെടുത്തുന്നതിനും ഉള്ള മതപരവും, സംസ്കാരപരവുമായ കേന്ദ്രമായി അവ രൂപംപ്രാപിച്ചു. യഹൂദമതത്തിന്റെ കെട്ടുറപ്പിനും ക്രിസ്തീയ സഭയുടെ ഉത്ഭവത്തിനും അത് നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്. ആദ്യകാലങ്ങളിൽ ശാബ്ബതുകളിലാണ് അവർ സമ്മേളിച്ചിരുന്നത്. യെരുശലേമിൽ താമസിച്ചിരുന്ന ഇസ്രായേൽക്കാർ, ബാബിലോൺ പ്രവാസികളായി താമസിച്ചിരുന്നവരെ പരിഹാസഭാഷയിൽ പരാമർശിച്ചിരുന്നവരെ യെഹസ്ക്കിയേൽ നിശിതമായി നേരിട്ടു: "യഹോവയായ കർത്താവ് ഇപ്രകാരം അരുളിച്ചെയ്യുന്നു. ഞാൻ അവരെ ദൂരത്തു ജാതികളുടെ ഇടയിലേക്കു നീക്കി രാജ്യങ്ങളിൽ ചിതറിച്ചുകളഞ്ഞുവെങ്കിലും, അവർ പോയിരിക്കുന്ന രാജ്യങ്ങളിൽ ഞാൻ അവർക്കു കുറെ കാലത്തേക്കു ഒരു

വിശുദ്ധ മന്ദിരമായിരിക്കും" (യെഹ. 11:16). മൂപ്പന്മാരുടെ കൂട്ടത്തെക്കുറിച്ച് പ്രതിപാദനങ്ങൾ കാണാം (യെഹ. 14:1, 20:1).

ബാബിലോൺ പ്രവാസത്തിൽ സിന്നഗോഗുകൾ ഉദയം പ്രാപിച്ചെങ്കിലും, എസ്രായുടെ നേതൃത്വമാണ് അതിന് കെട്ടുറപ്പും ശക്തിയും പകർന്നുകൊടുത്തത് (എസ്രാ 8:15, നെഹ. 8:2). മക്കാബിമാരുടെ കാലത്ത്, വിശ്വാസം പരിരക്ഷിക്കാൻ ആത്മീയശക്തി പ്രദാനം ചെയ്തത്, സിന്നഗോഗുകൾ ആണ്. വ്യക്തമായ പരാമർശങ്ങൾ മക്കാബിയിൽ ഇല്ലായെങ്കിലും, അവർ ഒരുമിച്ചു കൂടി, പ്രാർത്ഥിക്കുകയും ന്യായപ്രമാണം പഠിക്കുകയും ചെയ്തിരുന്നതായി ഊഹിക്കാം (1 മക്കാ. 3:46–56). അവർ ന്യായപ്രമാണഗ്രന്ഥം കൈവശം വയ്ക്കുകയും വായിക്കുകയും ചെയ്തിരുന്നു. അന്തിയോക്കസിന്റെ കാലത്ത് അതിന്റെ വിലക്ക് അവർ ശക്തിയുക്തം എതിർത്തു (1 മക്കാ. 1:57). ദൈവത്തെ പാടി സ്തുതിച്ചു മഹത്വപ്പെടുത്തി (1 മക്കാ. 4:22).

സിന്നഗോഗുകളുടെ പ്രവർത്തനത്തെക്കുറിച്ച് അറിയുവാൻ സഹായിക്കുന്ന പുരാവസ്തുക്കൾ കണ്ടെടുത്തിട്ടുണ്ട്. അതിലൊന്നാണ് 20–ാം നൂറ്റാണ്ടിൽ കണ്ടെത്തിയ എലിഫൻ റ്റൈയിൻ പാപ്പിറൈ. ക്രിസ്തുവിനു മുമ്പ് അഞ്ചാം നൂറ്റാണ്ടിൽ ഈജിപ്തിൽ യഹോവയെ ആരാധിക്കുന്ന ഒരു ക്ഷേത്രമുണ്ടായിരുന്നു. യെരുശലേമിലെ ദേവാലയം നശിപ്പിക്കപ്പെട്ടതിന് ശേഷം വിവിധ ഭാഗങ്ങളിൽ കുടിയേറിപ്പാർത്ത യഹൂദന്മാർ, ആരാധനാലയങ്ങൾ സ്ഥാപിച്ചു. അത് സിന്നഗോഗിന്റെ ഉത്ഭവത്തിലേക്ക് വെളിച്ചം വീശുന്നു. കൂടാതെ, പുതിയനിയമവും, ഫിലോ, ജോസിഫസ് എന്നിവരുടെ എഴുത്തുകളും, റബ്ബിമാരുടെ പരാമർശങ്ങളും, സിന്നഗോഗുകളെക്കുറിച്ച് മനസ്സിലാക്കാൻ സഹായകമാണ്.

കർത്താവ് സംഘാലയത്തിൽ (സിന്നഗോഗ്) പ്രവേശിച്ച് അവരോട് സംസാരിക്കുകയും, ചോദ്യങ്ങൾ ചോദിക്കുകയും ചെയ്തതായി കാണുന്നു (ലൂക്കോ. 2:46). യെരുശലേമിന് പുറത്തും സിന്നഗോഗുകൾ ഉണ്ടായിരുന്നു (അപ്പോ. 6:9, 24:12). തിയോഡോട്ടസ് ഇൻസ്ക്രിപ്ഷൻ യെരുശലേമിലുള്ള സിന്നഗോഗിനെക്കുറിച്ച് പരാമർശിക്കുന്നു. തെക്കുപടിഞ്ഞാറെ യെരുശലേമിൽ ഓഫേൽ കുന്നിൽ നിന്നാണ് അത് കണ്ടെടുത്തത്. "വെറ്റീനസിന്റെ പുത്രനായ തേയോഡോട്ടസ് പുരോഹിതനും, സംഘപ്രമാണിയും, സംഘപ്രമാണിയുടെ പൗത്രനുമായി ന്യായപ്രമാണം വായിക്കുന്നതിനും, കല്പനകൾ പഠിപ്പിക്കുന്നതിനും, അതിഥിമന്ദിരം, മുറികൾ, ജലസജ്ജീകരണങ്ങൾ ഉള്ളതുമായ സിന്നഗോഗ് അകലെനിന്ന് വരുന്ന ആവശ്യക്കാർക്കുവേണ്ടി പണികഴിപ്പിച്ചു. തോയോഡോട്ടസ്, റോമയിലും, പലസ്തീനിലും ആദരണീയനായ ഒരു യഹൂദൻ

ആയിരുന്നു. റബ്ബിമാരുടെ പാരമ്പര്യപ്രകാരം യെരുശലേം ദേവാലയം നശിപ്പിക്കപ്പെട്ടപ്പോൾ 480 സിന്നഗോഗുകൾ ഉണ്ടായിരുന്നു.

ആദ്യനൂറ്റാണ്ടിൽ, പ്രധാന പട്ടണങ്ങളിലും, പ്രധാന ഗ്രാമങ്ങളിലും സിന്നഗോഗുകൾ ഉണ്ടായിരുന്നു (മത്താ. 4:23, 9:35). ഗലീലയിലെ രണ്ടു സംഘാലയങ്ങൾ കർത്താവ് സന്ദർശിച്ചതായി കാണുന്നു. (1) നസറേത്തിലും (ലൂക്കോസ് 4:16), 2) കഫർന്നഹൂമിലും (ലൂക്കോസ് 4:31). പലസ്തീനിൽ 50 സംഘാലയങ്ങൾ ഉണ്ടായിരുന്നതായി, പുരാവസ്തു ഗവേഷണം മൂലം കണ്ടെടുത്തിട്ടുണ്ട്.

സംഘാലയങ്ങളിലെ കൂടിവരവ് രണ്ടു പ്രധാന കാര്യങ്ങൾക്കായിരുന്നു. 1) ആരാധനയ്ക്കും (2) ബോധനത്തിനും. സിന്നഗോഗ് ആരാധനയിൽ താഴെ പ്രസ്താവിക്കുന്ന കാഴ്ചകൾ കാണാം. (1) പ്രാർത്ഥനയ്ക്കുള്ള ആഹ്വാനം. (2) പ്രാർത്ഥന. (3) പഞ്ചഗ്രന്ഥത്തിൽ നിന്നുള്ള വായന. (4) പ്രവചനത്തിൽ നിന്നുള്ള വായന. (5) ഈ വായനയ്ക്കുശേഷം തർജ്ജമ. (6) പ്രസംഗിക്കുവാൻ കഴിവുള്ളയാൾ സന്നിഹിതനാണെങ്കിൽ പ്രസംഗം. (7) പുരോഹിത വാഴ്വ്. അതിന് പ്രതിവാദ്യമായി സന്നിഹിതരായ വിശ്വാസികൾ ആമീൻ ചൊല്ലും.

പ്രാർത്ഥനയ്ക്കുള്ള ആഹ്വാനത്തിൽ ഇപ്രകാരം കാണാം. "വാഴ്ത്തപ്പെടേണ്ട ദൈവം വാഴ്ത്തപ്പെടട്ടെ." അതിന് പ്രതിവാക്യമായി "വാഴ്ത്തപ്പെടേണ്ട ദൈവം എന്നേക്കും വാഴ്ത്തപ്പെടട്ടേ"യെന്ന് ചൊല്ലുന്നു. അതിനുശേഷം വിശ്വാസപ്രഖ്യാപനമായി "ഷേമാ" ചൊല്ലുന്നു. അതിനോടു ചേർത്ത് ആവ. 6:4-9, 11:13-21, സംഖ്യ 15:37-41 ചൊല്ലുന്നു. അതിന് മുമ്പ് രണ്ട് വാഴ്വുകളും, ശേഷം ഒരു വാഴ്വും ചൊല്ലുന്നു. പ്രാർത്ഥന അതിന്റെ പിന്നാലെയായിരുന്നു. പ്രാർത്ഥന, 'തെഫീലാ' എന്ന പേരിൽ അറിയപ്പെട്ടു. നിന്നുകൊണ്ടാണ് പ്രാർത്ഥന. 18 വാഴ്വുകളും ചൊല്ലിയിരുന്നു.

പ്രധാനപ്പെട്ട പെരുന്നാളുകളിൽ അനുയോജ്യമായ വേദഭാഗം വായിച്ചു വ്യാഖ്യാനം നൽകി. കാലക്രമത്തിൽ പഞ്ചഗ്രന്ഥത്തിലെ വായനകൾ, ശാബതു തോറും മൂന്ന് വർഷംകൊണ്ട് വായിക്കുന്ന പതിവ് ഉണ്ടായി. പിന്നീട് പ്രവചനങ്ങളും വായിച്ചു തുടങ്ങി. പ്രവചനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ കുറച്ചൊക്കെ സ്വാതന്ത്ര്യം അനുവദിച്ചിരുന്നു (ലൂക്കോ. 4:17, അപ്പൊ. 13:15, ഏശാ. 61:1).

തർജ്ജമ ചെയ്യുന്ന ആൾ വി. ഗ്രന്ഥം വായിക്കുന്ന ആളുടെ അടുത്താണ് നിന്നത്. തർജ്ജമയ്ക്കു പകരം ചിലപ്പോൾ പരാവർത്തനം തന്നെ നടത്തി. ചിലപ്പോൾ പദാനുപദ തർജ്ജമയും മറ്റു ചില അവസരത്തിൽ, കുറച്ചൊക്കെ സ്വാതന്ത്ര്യം ഉപയോഗിച്ച് അർത്ഥം വ്യക്തമാക്കാൻ

അനുയോജ്യമായ വാക്കുകളും പദപ്രയോഗങ്ങളും തെരഞ്ഞെടുത്തു. പുത്തൻ തലമുറയ്ക്ക് എബ്രായഭാഷ വശമില്ലാതിരുന്ന സാഹചര്യത്തിലാണ് തർജ്ജമയുടെ ആവശ്യം നേരിട്ടത്. പഞ്ചഗ്രന്ഥത്തിലെ വാക്യങ്ങൾ ഓരോന്നോരോന്നായി വായിച്ച് തർജ്ജമ ചെയ്തിരുന്നുവെന്നു, മിഷ്ണ രൂപം പ്രാപിച്ച കാലത്ത് കാണാം. പ്രവാചക പുസ്തകങ്ങളിലെ മൂന്നു വാക്യങ്ങൾ വായിച്ച് ഒരുമിച്ച് തർജ്ജമ ചെയ്യാം.

പ്രവാചക പുസ്തകങ്ങളുടെ വായനയ്ക്ക് ഉടനെ തന്നെയായിരുന്നു പ്രസംഗവും. നമ്മുടെ കർത്താവ്, സംഘാലയത്തിൽ പ്രവേശിച്ച് ആധികാരികമായി പ്രസംഗിച്ചത് കാണാം. പൗലൂസ് അപ്പോസ്തലനും, സംഘാലയത്തിൽ ലഭിച്ച സന്ദർഭം ശരിയായി വിനിയോഗിച്ചു. ഉയർന്ന പീഠത്തിൽ ഇരുന്നുകൊണ്ടാണ് പ്രസംഗം നടത്തിയത്.

സിന്നഗോഗുകൾ യഹൂദന്മാരുടെ മതപരവും, സാമൂഹ്യപരവുമായ സമ്മേളനങ്ങളുടെ കേന്ദ്രമായി. ആരാധനയോടൊപ്പം, കുട്ടികളെ വിശ്വാസം, പ്രാർത്ഥന എന്നിവ പഠിപ്പിക്കുന്ന വിദ്യാലയങ്ങളും അതിനോടൊപ്പം സ്ഥാപിച്ചു. സിന്നഗോഗിലെ ആരാധനാരീതിയും, ഘടനയും, ഭരണ സംവിധാനവും പിൽക്കാലത്ത് ക്രിസ്തീയാരാധനയെയും, മുസ്ലീം ആരാധനയെയും രൂപപ്പെടുത്താൻ നിർണ്ണായകമായ പങ്കു വഹിച്ചിട്ടുണ്ട്.

## ഇസ്രായേൽക്കാരുടെ യാഗങ്ങൾ

## സെബഹ് – കൂട്ടായ്മയാഗം

ഇസ്രായേൽക്കാരുടെ യാഗങ്ങളുടെ അർത്ഥവും, പ്രാധാന്യവും മനസ്സിലാക്കാൻ, യാഗങ്ങൾക്ക് ഉപയോഗിച്ച പദങ്ങൾ ഏതൊക്കെയെന്ന് മനസിലാക്കണം. സെബഹ് തനിച്ചോ സെബഹ് ഷെലാമിം (സമാധാനം) എന്നോ, ഷെലാമിം തന്നെയോ കൂട്ടായ്മയാഗത്തെ വിശേഷിപ്പിക്കുന്ന പദങ്ങളാണ്. സെബാഹീം, 'യാഗങ്ങൾ' എന്ന ബഹുവചനത്തിലാണ് മിക്കവാറും ഭാഗങ്ങളിൽ അവ കാണുന്നത്. ഉഗാറിത്തിലും സെബഹ് എന്ന യാഗം കാണുന്നുണ്ട്. ഏറ്റവും പുരാതന രിതീയിലുള്ള യാഗമായിരുന്നു 'സെബഹ്.' ഈ യാഗത്തിൽ രക്തവും, മേദസ്സും ദൈവത്തിന് അർപ്പിക്കുന്നു. ഭക്തന്മാർ കാഴ്ചയായി അർപ്പിക്കുന്ന മൃഗത്തിന്റെ മാംസം ഒരുമിച്ച് വിരുന്നു നടത്തുന്നു. ഈ പ്രക്രിയയിൽ ആരാധകനും, ദൈവവുമായിട്ട് ഒരു കൂട്ടായ്മബന്ധം സ്ഥാപിക്കുന്നു. കൂടാതെ ആരാധകർ തമ്മിലും ബന്ധം അരക്കിട്ട് ഉറപ്പിക്കാൻ യാഗം സഹായിക്കുന്നു. ആദ്യകാലങ്ങളിലുള്ള വിവരണങ്ങളിൽ 'സെബഹ്' ഭോജനയാഗത്തിൽ നിന്നും ഹനനയാഗത്തിൽ നിന്നും വേർതിരിച്ചും, പിന്നീടുള്ള പ്രതിപാദനങ്ങളിൽ പാപപരിഹാരയാഗത്തിൽ നിന്നും ഭിന്നമായും കാണാം. ആദ്യകാലങ്ങളിൽ യാഗത്തിന്റെ വിവരണത്തിൽ സെബഹിനായിരുന്നു മുൻതൂക്കം.

കാലക്രമേണ ഹനനയാഗം മുൻപന്തിയിൽ വന്നു. 162 പ്രാവശ്യം സെബഹ് എന്ന പദം പഴയനിയമത്തിൽ വിവിധ ഭാഗങ്ങളിലായിട്ട് കാണാം.

എല്ലാ രക്താർപ്പിതയാഗങ്ങൾക്കും പൊതുവായി 'സെബഹ്' എന്ന പദം ഉപയോഗിച്ചിരുന്നു. ഇസ്രായേൽക്കാർ ബെർശേബായിൽ എത്തി പിതാവായ ഇസഹാക്കിന്റെ ദൈവത്തിന് യാഗം അർപ്പിച്ചു (ഉല്പ. 46:1). മരുഭൂമിയിൽ പോയി യാഗം അർപ്പിക്കാൻ മോശ, ഫറവോനോട് അനുവാദം ചോദിച്ചു (പുറ. 10:25). മോശയുടെ അമ്മായിഅപ്പനായ യിത്രോ ദൈവത്തിന് ഹനനയാഗവും യാഗങ്ങളും അർപ്പിച്ചു (പുറ. 18:12).

അമോര്യർ, കനാന്യർ, ഹിത്യർ, പെരിസ്യർ, മോവാബ്യർ എന്നിവർ അവരുടെ ദേവന്മാർക്കു നിവേദ്യം അർപ്പിച്ചതിനെ യാഗം എന്ന് പരാമർശിക്കുന്നു (പുറ. 34:15, സംഖ്യ 25:2).

വിവിധതരം കൂട്ടായ്മയാഗങ്ങൾ കാലക്രമത്തിൽ നിലവിൽ വന്നു.

**ഉടമ്പടിയാഗം**

(1) യാക്കോബും, ലാബാനും തമ്മിൽ ഉള്ള ഉടമ്പടിബന്ധം യാഗം നടത്തി സ്ഥിരീകരിച്ചു (ഉല്പ. 31:54). പരസ്പരമുള്ള ബന്ധവും, അനുവർത്തിക്കേണ്ട വ്യവസ്ഥകളും യാഗത്തോടനുബന്ധിച്ചുള്ള ഭക്ഷണം മൂലം ഉറപ്പിച്ചു.

(2) പെസഹാ ഭക്ഷണത്തിൽ ഇസ്രയേൽക്കാരും ദൈവവും തമ്മിലുള്ള കൂട്ടായ്മ പുതുക്കി (പുറ. 12:27).

(3) ഇസ്രയേൽക്കാർ, അവരുടെ ചുറ്റുപാടും വസിക്കുന്നവരുമായിട്ട് ഉടമ്പടി ഉണ്ടാക്കുവാനോ, അവരുടെ യാഗത്തോട് അനുബന്ധിച്ചുള്ള ഭക്ഷണത്തിൽ പങ്കെടുക്കാനോ പാടില്ല. യാഗത്തോടനുബന്ധിച്ചുള്ള ഭക്ഷണം, ദേവന്മാരുമായുള്ള കൂട്ടായ്മയും ബന്ധവും ഉറപ്പിക്കുന്നതാണ്.

ആദ്യകാല വിവരങ്ങളിൽ 'സെബഹ്' തന്നെ, വിശേഷണങ്ങൾ കൂടാതെ കാണുന്നു. പിന്നീടുള്ള പുരോഹിത രേഖപോലെയുള്ള രേഖകളിൽ 'സെബഹ്', 'സെബഹ് ഷെലാമീം' സമാധാനയാഗം എന്ന് കാണുന്നു. കൂട്ടായ്മയുടെ ഈ യാഗത്തിൽ യഹോവ വിശിഷ്ട അതിഥിയായി, അദൃശ്യമായി സംബന്ധിക്കുന്നുവെന്ന് ആരാധകർ വിശ്വസിച്ചു. ഈ രണ്ടു പദങ്ങളിൽ ആദ്യത്തെ 'സെബഹ്' പദം 'ആരാധനയുടെ വിധവും' രണ്ടാമത്തേത് 'ഷെലാമീം' അതിന്റെ ഉദ്ദേശ്യവും കുറിക്കുന്നു.

### തോഡ (സ്തോത്രയാഗം)

ആമോസിന്റെ പ്രവചനത്തിൽ തോഡ എന്ന (സ്തോത്രയാഗം) യാഗത്തോടൊപ്പം 'സെബഹ്' കാണാം (ആമോസ് 4:4).

### നെദാബാ (സ്വമേധായാഗം)

ഇത് സ്വമേധയാ ഒരു വ്യക്തി അർപ്പിക്കുന്ന യാഗമാണ്. ഹനന യാഗമോ യാഗമോ ആകാം. മൃഗങ്ങളെ തെരഞ്ഞെടുക്കുന്നതിൽ കുറച്ചൊക്കെ വിട്ടുവീഴ്ചകൾ അനുവദിച്ചിട്ടുണ്ട്. ഒരു കാൽ മുടന്തുള്ള മൃഗത്തെയും ഉപയോഗിക്കാം (ലേവ്യ 7:16-17, 22:23).

### നെദെർ (നേർച്ച-നിവൃത്തിക്കുള്ള യാഗം)

ഉദ്ദിഷ്ടകാര്യനിവർത്തിക്കുള്ള യാഗത്തിന്റെ കാര്യത്തിൽ ഊനമില്ലാത്ത മൃഗമായിരിക്കണം എന്നു നിബന്ധനയുണ്ടായിരുന്നു. പ്രാർത്ഥന കേട്ടു കഴിഞ്ഞതിന് ശേഷമാണ് യാഗാർപ്പണം നടത്തിയിരുന്നത്. ദൈവം പ്രാർത്ഥനയ്ക്ക് ഉത്തരമരുളി, ഒരു പുത്രനെ കൊടുത്താൽ അവനെ യഹോവയ്ക്ക് സമർപ്പിക്കണമെന്ന് ഹന്നാ പ്രതിജ്ഞ ചെയ്തു (1 ശമു. 1:11). അതു ഹനനയാഗമോ, യാഗമോ ആകാം (സംഖ്യ 15:8).

ദൈവം, പുരോഹിതൻ, അർപ്പിതാവ് എന്നീ മൂന്നുപേർക്കും അതിൽ ഓഹരിയുണ്ട്. യാഗവസ്തു ആണോ, പെണ്ണോ ആകാം. മൃഗത്തിന് സ്വൽപമൊക്കെ കുറവുകളുണ്ടെങ്കിലും അവയെ ഉപയോഗിക്കാം. രക്തം കൊണ്ടുള്ള ആചാരങ്ങൾ ഹനനയാഗം പോലെ തന്നെയാണ്. മേദസ്സ്, വൃക്ക, കരൾ, വാലിലെ മേദസ്സ് എന്നിവ യഹോവയ്ക്ക് യാഗമായി അർപ്പിക്കുന്നു. അവയെല്ലാം തന്നെ ജീവന്റെ പ്രതീകമായ ഭാഗങ്ങളാണ്. നെഞ്ച്, വലത്തെ കൈക്കുറകു എന്നിവ പുരോഹിതർക്കുള്ള ഓഹരിയാണ് (ലേവ്യ 7.28-34, 10:4-15). ബാക്കിയുള്ളത് അർപ്പിതാവും, സ്നേഹിതരും, അതിഥികളും ഒരുമിച്ച് ഭക്ഷിച്ച് കൂട്ടായ്മ ആചരിക്കുന്നു. സ്തോത്രയാഗം അന്നുതന്നെ ഭക്ഷിക്കണം. നേർച്ചയാഗവും സമാധാനയാഗവും മൂന്നാം ദിവസം ഭക്ഷിച്ചാലും മതി.

### മിൻഹാ

സമ്മാനം, ഭോജനയാഗം എന്നീ തർജ്ജമകൾ നൽകുന്നു. യാക്കോബ്, ഏശാവിന് സമ്മാനം കൊടുത്ത് അവനെ പ്രീതിപ്പെടുത്താൻ ശ്രമിച്ചു (ഉല്പ. 32:13). ധാന്യങ്ങളോ, മൃഗങ്ങളോ ആയ കാഴ്ചയ്ക്ക് മിൻഹാ എന്ന് പരാമർശിക്കുന്നു (ഉല്പ. 4:3). പുരോഹിതരേഖയിൽ 'മിൻഹാ', എപ്പോഴും മാവുകൊണ്ടുള്ള യാഗത്തിനാണ് ഉപയോഗിക്കുന്നത്. ദൈവത്തോടുള്ള പ്രതിബദ്ധത കാണിക്കുന്നതിനും (ഉല്പ. 4:3), നന്ദിയോ

ആദരവോ പ്രകടിപ്പിക്കുന്നതിനും (ന്യായാ. 3:15) അത് അർപ്പിച്ചിരുന്നു. യഹോവയ്ക്ക് അർപ്പിച്ചിരുന്ന സമ്മാനങ്ങൾ, കാഴ്ചകൾ എന്നിവ ഓരോരുത്തരുടെയും സ്വന്ത ഇഷ്ടമനുസരിച്ചായിരുന്നു. അത് ദൈവത്തിന് പൂർണ്ണമായി നിവേദിച്ചിരുന്നു.

പ്രവാസത്തിനുശേഷം പ്രചാരത്തിൽവന്ന ഒരു ഗണം യാഗമാണ് 'കൊർബ്ബാൻ' (കാഴ്ച). 80 പ്രാവശ്യം പഴയനിയമത്തിലെ വിവിധ ഭാഗങ്ങളിൽ കാണുന്നു. രണ്ടു പ്രാവശ്യം യെഹസ്ക്കിയേലിലും, 38 പ്രാവശ്യം സംഖ്യാപുസ്തകത്തിലും കാണുന്നു. മറ്റുള്ള പുസ്തകങ്ങളിൽ അത് കാണുന്നില്ല. അത് ഒരു മൃഗമാകാം (ലേവ്യ 1:1), മാവുകൊണ്ടുള്ള കാഴ്ചയാകാം (ലേവ്യ 2:1), സ്വർണ്ണമാകാം (സംഖ്യ 31:50).

**പാപപരിഹാരയാഗങ്ങൾ**

**ആഷാം**

അകൃത്യയാഗം ഭിന്നമായ അർത്ഥത്തോടെ അകൃത്യയാഗങ്ങൾ കാണാം.

i) കുറ്റം, തെറ്റ് എന്ന അർത്ഥത്തിൽ ഉപയോഗിക്കുന്നു. ആരെങ്കിലും റിബേക്കയോടൊപ്പം ശയിച്ചാൽ ഉണ്ടാകുന്ന കുറ്റത്തെക്കുറിച്ച് അകൃത്യമെന്ന് അബിമേലെക്ക് ഇസഹാക്കിനോട് പറയുന്നു (ഉല്പ. 26:10).

ii) പ്രായശ്ചിത്തമായിട്ട് യഹോവയ്ക്ക് ഫെലിസ്ത്യർ അർപ്പിച്ച യാഗത്തെപ്പറ്റി 1 ശമു. 6:3-ൽ കാണാം.

iii) പുരോഹിതന്മാരുടെ ആവശ്യത്തിനുവേണ്ടി കൊടുക്കുന്ന പണത്തെക്കുറിച്ച് 'ആഷാം' എന്നു പറയുന്നു (2 രാജാ. 12:16).

iv) യെഹസ്ക്കിയേലിന്റെ പുസ്തകത്തിൽ പാപപരിഹാരയാഗമായിട്ട് അർപ്പിക്കുന്ന യാഗത്തെ പരാമർശിച്ച് (40:39) ആഷാം കാണുന്നു.

ദൈവത്തിനും, മനുഷ്യനും എതിരായി ചെയ്ത കുറ്റങ്ങൾക്ക് പരിഹാരമായിട്ട് അവതരിപ്പിച്ചിരുന്നു. മുട്ടാടിനെ അതിനുവേണ്ടി ഉപയോഗിച്ചിരുന്നു. യാഗപീഠത്തിന്റെ കൊമ്പുകളിൽ, രക്തം പുരട്ടിയിരുന്നില്ല. കുഷ്ഠരോഗിയുടെ ശുദ്ധീകരണത്തിനുവേണ്ടി അർപ്പിച്ചിരുന്നു (ലേവ്യ 14:12) വേറൊരാൾക്ക് വിവാഹം നിശ്ചയിച്ചിരുന്ന ഒരു അടിമയുടെ മകളോടുകൂടി ശയിച്ച മനുഷ്യനുവേണ്ടി ആട്ടുകൊറ്റനെ അകൃത്യയാഗമായി അർപ്പിക്കണം (ലേവ്യ 19:21). ശവം തൊട്ടു അശുദ്ധനായ നാസീർ മോചനത്തിനായി ആഷാം അർപ്പിച്ചു (സംഖ്യ 6:12).

കഷ്ടപ്പെടുന്ന ദാസൻ തന്നെത്തന്നെ യാഗമായി അകൃത്യയാഗം അർപ്പിച്ചു (ഏശാ. 53:10).

എല്ലാ രീതിയിലുള്ള കുറ്റങ്ങൾക്കും അകൃത്യയാഗം പരിഹാരം നൽകി യിരുന്നില്ല. ആചാരങ്ങളിൽ വന്ന പാകപ്പിഴകളിൽ നിന്ന് മോചനം നേടി, ദൈവവുമായുള്ള ബന്ധം വീണ്ടെടുക്കുന്നതിനു വേണ്ടി അകൃത്യയാഗം അർപ്പിച്ചിരുന്നു. പാപത്തെക്കുറിച്ചുള്ള ബോധവും, ഏറ്റുപറച്ചിലും അതിന്റെ പ്രധാന വ്യവസ്ഥയായിരുന്നു.

ഹനനയാഗം എന്നോ സർവ്വാംഗ ഹോമയാഗമെന്നോ തർജ്ജമ ചെയ്യാ വുന്ന 'ഓലാ' എന്ന യാഗം പൂർണ്ണമായി ദൈവത്തിന് ഹോമിക്കപ്പെടുന്ന ഗണത്തിൽപ്പെടുന്നു. അതിന്റെ പര്യായമായി വേറൊരു യാഗം കൂടി യുണ്ട്; "കാലിൽ" (ആവ. 33:10). ഈ യാഗം യാഗങ്ങളുടെ ഗണത്തിൽ കൂടുതലായിട്ട് കാണുന്നില്ല.

അബ്രഹാമിനോട് മോറിയ മലയിൽ പോയി ഇസഹാക്കിനെ ഹനന യാഗമായി അർപ്പിക്കാൻ ദൈവം ആജ്ഞാപിച്ചു (ഉല്പ. 32:2). യഹോവ യുടെ അംഗീകാരം നേടിയെടുക്കാൻ ഗിദയോൻ ഹനനയാഗം, ദൈവ ത്തിന് അർപ്പിച്ചു (ന്യായാ. 6:26). നന്ദിപ്രകടനമായിട്ട് മനോഹ ദൈവ ത്തിന് ഹനനയാഗം അർപ്പിച്ചു (ന്യായാ. 13:16). പൗരോഹിത്യ രേഖ പ്രകാരം, ദിവസവും ഹനനയാഗം അർപ്പിച്ചിരുന്നു. ലേവ്യരുടെ വിശു ദ്ധീകരണത്തിന്റെ അവസരത്തിൽ (സംഖ്യ 8:12), ശബ്ബത്തിൽ (സംഖ്യ 28:10), പെസഹാ പെരുന്നാളിൽ (സംഖ്യ 28:14), വാരോത്സവപെരുന്നാ ളിൽ (സംഖ്യ 28:27). പ്രവാസത്തിന് ശേഷമുള്ള കാലങ്ങളിൽ, ഹനന യാഗത്തിന്റെ പ്രാധാന്യം വളരെ വർദ്ധിച്ചു. പാപപരിഹാരം കൂടി അതി നോടു ബന്ധപ്പെടുത്തി (ലേവ്യ 1:4, 16:24).

ദൈവത്തിന് പരിപൂർണ്ണമായി നിവേദിക്കുന്ന സർവ്വാംഗ ഹോമയാഗ ത്തിന്റെ ഉദ്ദേശ്യം, വിധേയത്വം (ഉല്പ. 22:2), നന്ദിപ്രകടനം (1 ശമു. 6:14), അപേക്ഷ (സംഖ്യ 28:11–15), പാപമോചനം (ലേവ്യ 1:3) എന്നിവയാണ്. കൂട്ടായ്മ എന്ന ആശയം അതിൽ കാണുന്നില്ല.

### ഹത്താത്ത് – പാപപരിഹാരയാഗം

പാപമെന്നോ, പാപപരിഹാരയാഗമെന്നോ പരിഭാഷ നൽകാം. പ്രധാന ഉദ്ദേശ്യം, തെറ്റുകുറ്റങ്ങൾ മൂലമുണ്ടായ അശുദ്ധി മാറ്റി, പുനരുജ്ജീവി പ്പിക്കൽ ആയിരുന്നു. പുരോഹിതന്മാർക്ക് നൽകേണ്ട ദ്രവ്യമെന്നു പരാ മർശിച്ചു 2 രാജാ. 12:16–ൽ കാണുന്നു.

ഹത്താത്ത് എന്ന പദം i) പാപം, ii) പാപം മൂലമുണ്ടാകുന്ന കുറ്റം, iii) പാപത്തിനുള്ള ശിക്ഷ, iv) പാപപരിഹാരത്തിനുള്ള യാഗം എന്നീ വിവിധ ആശയങ്ങളെ വ്യക്തമാക്കുവാൻ ഉപയോഗിച്ചിരുന്നു.

യെഹസ്ക്കിയേലിന്റെ പുസ്തകത്തിൽ വിവിധ യാഗങ്ങൾ ഒരുമിച്ച്

അർപ്പിച്ചിരുന്നതായിട്ട് കാണാം (എസ. 40:39). പാപപരിഹാരയാഗം, ഹന നയാഗത്തോടും അകൃത്യയാഗത്തോടും കൂടെ നിവേദിച്ചിരുന്നു.

പൗരോഹിത്യ രേഖയിൽ, സമൂഹത്തിൽ വിവിധ നിലയിൽപ്പെട്ടവർക്കു ഓരോരുത്തരുടെയും സാമ്പത്തിക നിലയനുസരിച്ച് പരിഗണനകൾ അനു വദിച്ചിരുന്നു. സമൂഹത്തിലെ പ്രമാണി പാപപരിഹാരമായി ഊനമില്ലാത്ത ആൺ കോലാട്ടിനെ യാഗമായി അർപ്പിക്കണം. അർപ്പിക്കാൻ ഒരാൾക്ക് വകയില്ലെങ്കിൽ രണ്ടു കുറുപ്രാവിനെയോ, രണ്ടു പ്രാവിൻകുഞ്ഞിനെയോ കൊണ്ടുവരണം (ലേവ്യ 5:7). അതിനും വകയില്ലെങ്കിൽ പാപയാഗത്തിന് ഒരിടങ്ങഴി നേരിയ മാവ് വഴിപാടായി കൊണ്ടുവരാൻ അനുവദിച്ചിരുന്നു (ലേവ്യ 5:11). പുരോഹിതരേഖയിൽ, യാഗങ്ങളുടെ ഗണത്തിലെ അവി ഭാജ്യഭാഗമായിരുന്നു പാപപരിഹാരയാഗം. ചെയ്യരുത് എന്ന് യഹോവ കല്പിച്ചിട്ടുള്ള വല്ല കാര്യങ്ങളിലും അബദ്ധവശാൽ ചെയ്ത പാപ ങ്ങൾക്കാണ് പാപപരിഹാരമാർഗ്ഗങ്ങൾ ഉണ്ടായിരുന്നത് (ലേവ്യ 4:27). യാഗമൃഗത്തെ യാഗപീഠത്തിന്റെ മുമ്പിൽ കൊണ്ടുവന്നു അർപ്പിക്കുന്ന ആൾ അതിന്റെ തലയിൽ കൈ വയ്ക്കണം (ലേവ്യ 4:29). യാഗവസ്തു വുമായിട്ടുള്ള താദാത്മ്യമാണ് ആ പ്രക്രിയകൊണ്ട് സാധിക്കുന്നത്. അല്ലെ ങ്കിൽ, അത് പ്രതിനിധിയായിട്ട് ഉപകരിക്കുന്നു. യാഗം കഴിക്കുന്നയാൾ, അവന്റെ പാപത്തെ, യാഗമൃഗത്തിലേക്ക് ആവാഹിക്കുന്നു. പുരോഹി തൻ രക്തം കുറെ എടുത്ത്, യാഗപീഠത്തിന്റെ ചുവട്ടിൽ ഒഴിച്ചുകളയും. മേദസ്സ് എടുത്തു പുരോഹിതൻ യാഗപീഠത്തിൽ യഹോവയ്ക്കു സൗര ഭ്യവാസനയായിട്ടു അർപ്പിക്കും. അവർ ചെയ്ത പാപത്തിന് പുരോഹി തൻ പ്രായശ്ചിത്തം കഴിക്കണം. അവന്റെ കുറ്റം അവനോട് ക്ഷമിക്കും (ലേവ്യ 4:35).

പാപപരിഹാരയാഗവും, അകൃത്യയാഗവും തമ്മിലുള്ള വ്യത്യാസം വ്യക്തമല്ല. അവ പര്യായമായി ഉപയോഗിക്കുന്ന ഉദാഹരണങ്ങളുമുണ്ട് (ലേവ്യ 5:6–7). ശുദ്ധീകരണ പ്രക്രിയയിൽ, ഹത്താത്ത് (പാപപരിഹാര യാഗം), ആഷാം (അകൃത്യയാഗം), ഓലാ (ഹനനയാഗം) എന്നിവ അർപ്പി ക്കുന്ന രീതിയുമുണ്ടായിരുന്നു. അകൃത്യയാഗത്തിന്റെ ഗണത്തിൽ, കുറ്റം ചെയ്തതിന്റെ പ്രായശ്ചിത്തമായി യാഗങ്ങൾ അർപ്പിച്ച്, പാപപരിഹാരം നേടുവാനുള്ള സംവിധാനമുണ്ടായിരുന്നു. പാപപരിഹാര ഗണത്തിൽ, മുൻതൂക്കം ആചാരങ്ങളിൽ ഉണ്ടായിട്ടുള്ള പാകപ്പിഴകളായിരുന്നു.

യാഗങ്ങളുടെ കൂട്ടത്തിൽ രക്തത്തിന് പ്രത്യേക സ്ഥാനമുണ്ടായിരുന്നു. പാപപരിഹാര പ്രക്രിയയ്ക്കാണ് രക്തം ഉപകരിച്ചിരുന്നത്. ‘മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നത്: യാഗപീഠത്തിന്മേൽ നിങ്ങൾ ക്കുവേണ്ടി പ്രായശ്ചിത്തം കഴിപ്പാൻ ഞാൻ അത് നിങ്ങൾക്കുവേണ്ടി

തന്നിരിക്കുന്നു: രക്തമല്ലോ ജീവൻ മൂലമായി പ്രായശ്ചിത്തം ആകുന്നത്' (ലേവ്യ 17:11). രക്തത്തിന് മാത്രം നേടിയെടുക്കാവുന്ന ഒരു സംഗതിയല്ല പാപമോചനം. ജീവൻ അതിൽ അടങ്ങിയിരിക്കുന്നതുകൊണ്ടാണ് അതു സാധ്യമാകുന്നത്. ദൈവത്തിന്റെ കരുണാപ്രവർത്തനമാണ് പാപ മോചനം. മോചനം നൽകുവാൻ ദൈവത്തിന് മാത്രമേ കഴിയുകയുള്ളു. കൂടാതെ, പാപപരിഹാരം രക്ഷാകരമായ ഒരു പ്രവർത്തനമാണ്.

## മൂന്നു കാര്യങ്ങൾ രക്തത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് കാണാം

1) ദൈവമാണ് പാപപരിഹാരത്തിനുള്ള ഈ മാർഗ്ഗം തുറന്നു തന്നിരിക്കുന്നത്. വിവിധ കർമ്മങ്ങൾ രക്ഷാകരമായ പ്രവർത്തനത്തിന്റെ ബാഹ്യമായ രൂപങ്ങളാണ്.

2) ജീവൻ രക്തത്തിലാണ്. യാഗം എന്നു പറഞ്ഞാൽ ജീവനെ പുറത്തുവിടുന്ന പ്രക്രിയയാണ്. ജീവൻ, ജീവന്റെ ഉറവയും, ഉടമയുമായ ദൈവത്തിന്റേതാണ് (ഉല്പ. 9:4).

3) പാപപരിഹാരം നൽകുവാൻ ആദ്യമായി അപകടകരമായ സ്വാധീനങ്ങളെയും ദൈവവുമായുള്ള ബന്ധത്തെ ഹനിക്കുന്ന ഘടകങ്ങളെയും മാറ്റണം. അതിനുശേഷം മനുഷ്യനും ദൈവവും തമ്മിലുള്ള കൂട്ടായ്മ ബന്ധത്തെ പുതുക്കി വീണ്ടെടുക്കണം.

പാപമോചന പ്രക്രിയയോടു ബന്ധമുള്ള ഒരു പദമാണ് 'കിപ്ലെർ' (പ്രായശ്ചിത്തം). എഡ്മണ്ട് ജേക്കബ് എന്ന ഫ്രഞ്ച് പഴയനിയമ പണ്ഡിതൻ അതിനെ, മായിക്കുക, തൂത്തുകളയുക, ഉറയ്ക്കുക എന്ന ധാതുക്കളോട് ബന്ധപ്പെടുത്തി അർത്ഥം കണ്ടുപിടിക്കാൻ ശ്രമിക്കുന്നു. പാപമെന്നാൽ ഒരുതരം കറയാണ്, പകർച്ചവ്യാധിയാണ്. അതിന്റെ അപകടകരമായ സ്വാധീനം ഉണ്ടാകാതിരിക്കാൻ അതിനെ വെറുക്കേണ്ടിയിരിക്കുന്നു. ഉഭയസമ്മതത്തിലും, സ്നേഹത്തിലും കേന്ദ്രീകരിച്ചു രൂപം പ്രാപിച്ച സമൂഹത്തിന്റെ സുസ്ഥിരതയെ അതു തകർക്കും. പാപവും അതിന്റെ അപകടകരമായ അനന്തരഫലവും തമ്മിലുള്ള ബന്ധത്തെ ദൈവം തകർക്കുന്ന ഒരു രക്ഷാകരപ്രവൃത്തിയാണ് (ലേവ്യ 1:4, 4:2, 5:16). പാപപരിഹാര പ്രക്രിയയിൽ ദൈവത്തിന്റെ പ്രതിപുരുഷനായിട്ട് പുരോഹിതൻ പ്രവർത്തിക്കുന്നു. മനുഷ്യനും, മനുഷ്യനും തമ്മിലുള്ള ബന്ധത്തിന് ശ്രമിക്കുന്നു. ദൈവവും, മനുഷ്യനും തമ്മിലുള്ള ബന്ധത്തിനു തകരാർ സംഭവിക്കുമ്പോൾ ദൈവം തന്നെ മുൻകൈ എടുത്തു ദിവ്യകാരുണ്യം കൊണ്ട് പാപം മൂലമുണ്ടാകുന്ന കറയെ മറയ്ക്കും. ഈ പ്രക്രിയയിൽ നീതിയുടെ ഒരു ന്യായാധിപൻ എന്നതിനേക്കാൾ ഉപരി

യായി സ്നേഹനിധിയായ ഒരു പിതാവിന്റെ സ്നേഹം നിറഞ്ഞ പ്രവർത്തനമാണ് കാണുന്നത്.

പുരോഹിതരേഖകളിൽ 'പ്രായശ്ചിത്തം' എന്ന പദം അവനോട് ക്ഷമിക്കും എന്ന പദപ്രയോഗത്തോട് ബന്ധപ്പെടുത്തി ഉപയോഗിക്കുന്നതായിട്ട് കാണാം (ലേവ്യ 4:31, 4:35, 5:10, 5:16). ആരാധനയുടെ അവസരത്തിൽ ദൈവത്തിന്റെ പ്രതിപുരുഷനായി നിന്ന് പ്രവർത്തിക്കുന്നത് പുരോഹിതനാണ്. അവനോട് ക്ഷമിക്കും എന്ന പ്രഖ്യാപനം പുരോഹിതനാണ് നടത്തിയത്. കാലക്രമത്തിൽ ആരാധനയുടെ ആന്തരികമായ ശക്തി നഷ്ടപ്പെട്ട്, യാഗങ്ങൾ വെറും ചടങ്ങുകളായി അധഃപതിച്ചപ്പോൾ, പ്രവാചകന്മാർ രംഗത്തുവന്ന് ശക്തിയായി പ്രതിഷേധം ഉയർത്തി. യാഗങ്ങൾ നടത്തിയതുകൊണ്ടു മാത്രം ദൈവത്തിന്റെ പ്രീതി നേടിയെടുക്കുക സാധ്യമല്ല. സത്യഅനുതാപത്തോടും, ആത്മതപനത്തോടും കൂടി വേണം അത് അർപ്പിക്കാൻ!

### പാഠം 2

## യാഗങ്ങളും പ്രവാചകന്മാരും

പ്രവാചകന്മാരും പുരോഹിതന്മാരും തമ്മിൽ രണ്ടു ഭിന്ന തട്ടുകളിൽ നിന്ന് പോരാട്ടം നടത്തിയെന്ന് പഴയനിയമ പണ്ഡിതന്മാർ ആദ്യകാലങ്ങളിൽ ചിന്തിച്ചിരുന്നു. ഫോൻറാഡ് എന്ന ജർമ്മൻ പഴയനിയമ പണ്ഡിതൻ ഇസ്രായേൽക്കാരുടെ വിശ്വാസത്തെ പരാമർശിച്ചു, പ്രവാചകന്മാർ മുൻതൂക്കം കൊടുത്തു പ്രഖ്യാപിക്കുന്ന ആത്മിക മതമെന്നും യാഗങ്ങൾക്ക് പ്രാധാന്യം കൊടുക്കുന്ന പുരോഹിത മതമെന്നും പരസ്പര ബന്ധമില്ലാത്ത രണ്ടു തട്ടുകളായി തിരിക്കുന്നതിന്റെ അനൗചിത്യം ചൂണ്ടിക്കാണിച്ചു. യാഗങ്ങളും ആരാധനയുമെല്ലാം തന്നെ മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തെ നിലനിർത്തുവാൻ സഹായിക്കുന്ന മുഖാന്തിരങ്ങളായി ദൈവം തന്നെ നൽകിയതാണ്. യാഗങ്ങൾക്കോ പുരോഹിതന്മാർക്കോ എതിരായ ഒരു യുദ്ധം നടത്തുകയല്ല പ്രവാചകന്മാർ ചെയ്തത്. രാമാ, ഗിൽഗാൽ, ബഥേൽ എന്നീ പുണ്യസ്ഥലങ്ങളോടു ചേർന്ന് പ്രവാചകന്മാരുണ്ടായിരുന്നു. പ്രവാചകന്മാരും പുരോഹിതന്മാരും കൈകോർത്തു നിന്ന് പ്രവർത്തിച്ചിരുന്നതിന്റെ ഉദാഹരണങ്ങളും കാണാം. ദൈവത്തിന്റെ പ്രതിനിധികളായി ദൈവഹിതം വെളിപ്പെടുത്തി വിശ്വാസികളെ പ്രബോധിപ്പിക്കാൻ രണ്ടു കൂട്ടരും പ്രവർത്തിച്ചു. കാലക്രമത്തിൽ പ്രവാചകന്മാരുടെ ശുശ്രൂഷയ്ക്ക് അന്ത്യം സംഭവിച്ചു. അവർ ദേവാലയത്തിലെ ഗായകസംഘത്തിന്റെ അംഗങ്ങളായി (ദിന. 22:27).

ദേവാലയത്തിനും യാഗത്തിനും എതിരായ നിലപാട് പ്രവാചകർ സ്വീകരിച്ചിരുന്നുവെന്ന് ധാരണകളുണ്ടാക്കുന്ന ചില വാക്യങ്ങൾ, സാഹചര്യത്തിൽ നിന്നും ഒറ്റപ്പെടുത്തി, പ്രവാചകന്മാർ ആരാധനയ്ക്കെതിരായ നിലപാടും യാഗങ്ങളില്ലാത്ത ആന്തരികങ്ങളായ ആത്മീയതയും ഉയർത്തികാട്ടിയെന്ന നിഗമനത്തിൽ എത്തുന്നത് ശരിയല്ല. യാഗത്തിന്റെയും അതിന്റെ നടത്തിപ്പിന്റെയും ദുർവ്വിനിയോഗമാണ് പ്രവാചകന്മാർ ചൂണ്ടിക്കാട്ടിയത്.

പുരോഹിതർ പ്രവാചകരോടൊപ്പം ദേവാലയങ്ങളിൽ കഴിഞ്ഞു. യെരുശലേം ദേവാലയത്തിലും പുരോഹിതന്മാരോടു കൂടെ താമസിച്ച് അരുളപ്പാട് നൽകുകയും യാഗങ്ങളോടൊപ്പം ജനങ്ങൾക്കുവേണ്ടി മദ്ധ്യസ്ഥ പ്രാർത്ഥന അർപ്പിക്കുകയും ചെയ്തുപോന്നു.

## എട്ടാം നൂറ്റാണ്ടിലെ പ്രാവചകന്മാർ

ആമോസ് പ്രവാചകൻ അന്ന് നിലവിലിരുന്ന ആരാധനാരീതികളെ നിശിതമായി വിമർശിച്ചു. പൂജാഗിരികളിലെ പ്രവാചകസാന്നിധ്യം തന്നെ അവയോട് പ്രവാചകൻ എതിരല്ലായിരുന്നുവെന്നതിന് തെളിവാണ് (ആമോസ് 4:4–5).

'ബഥേലിൽ ചെന്ന് അതിക്രമം ചെയ്യുവിൻ. ഗിൽഗാലിൽ ചെന്നു അതിക്രമം വർദ്ധിപ്പിപ്പിൻ. രാവിലെതോറും നിങ്ങളുടെ ഹനനയാഗങ്ങളെയും മൂന്നാംനാൾതോറും നിങ്ങളുടെ ദശാംശങ്ങളെയും കൊണ്ടുചെല്ലുവിൻ.' എച്ച്. റിൻ ഗ്രെൻ അതേക്കുറിച്ച് പറയുന്നത് ബഥേലിലും ഗിൽഗാലിലും അർപ്പിച്ചിരുന്ന യാഗങ്ങൾ പുറജാതിക്കാരുടെ ആചാരരീതിയുള്ള യാഗങ്ങളുമായി ബന്ധപ്പെട്ടു അശുദ്ധമായിരുന്നതുകൊണ്ടാണ് ആമോസ് അങ്ങനെ പ്രസ്താവിച്ചത് എന്നാണ്. രണ്ടു കാര്യങ്ങളാണ് ആമോസിന്റെ വിമർശനത്തിന് പാത്രീഭൂതമായത് 1) പൂജാഗിരികളിലെ യാഗങ്ങൾ പുറജാതിക്കാരുടെ ആചാരമായ വ്യഭിചാരത്തോട് ബന്ധപ്പെട്ടവയായിരുന്നു. (2) അവയുടെ അർപ്പണരീതിയും ഉദ്ദേശ്യവും ഭിന്നമായിരുന്നു. ധാർമ്മിക ജീവിതത്തിന് മുൻഗണന കൊടുക്കാത്തതും നീതി നിഷേധിക്കുന്നതും വളരെയധികം സാമ്പത്തിക ബാധ്യതയുള്ളവയുമായിരുന്നു അവ.

യാഗങ്ങൾ അർപ്പിച്ചാൽ മാത്രം പോരാ അവ നിവേദിക്കുന്ന വ്യക്തികളിലും രൂപാന്തരം ഉണ്ടാകണം. യാഗവും നീതിനിഷ്ഠമായ ജീവിതവും തമ്മിൽ പൊരുത്തപ്പെടണം. യാഗങ്ങളെ മുഴുവൻ അപ്പാടെ നീക്കിക്കളയുവാനുള്ള വ്യഗ്രതയല്ല, ആരാധനയെ ശുദ്ധീകരിക്കാനുള്ള ശ്രമമാണ് ആമോസ് നടത്തുന്നത്. യാഗങ്ങളെക്കുറിച്ചുള്ള ആമോസിന്റെ പ്രഖ്യാപനം യാഗങ്ങളുടെ നിഷേധമല്ല, യാഗങ്ങളോട് ബന്ധമുള്ള അസന്മാർഗ്ഗിക കാര്യങ്ങളുടെ വർജ്ജനമാണ് (ആമോസ് 5:21–24).

ഹോശയ പ്രവാചകനും, ആമോസിന്റെ രീതി തന്നെ സ്വീകരിക്കുന്നു. ഒന്നുകിൽ യാഗം അല്ലെങ്കിൽ നീതിനിഷ്ഠമായ ജീവിതം എന്നല്ല, രണ്ടും ആവശ്യമാണ് എന്ന നിലപാട് സ്വീകരിക്കുന്നു. ആത്മാർത്ഥതയോടെയുള്ള യാഗവും, വിശ്വസ്തതയോടുള്ള ദൈവികബന്ധവും ഒരുമിച്ചു കൊണ്ടുപോകണമെന്നാണ് ഉറപ്പിച്ചു പറയുന്നത് (ഹോശ. 6:6). മീഖായും പറയുന്നത്, അനേകമനേകം യാഗങ്ങളല്ല ദൈവം ഇസ്രായേൽക്കാരിൽ നിന്ന് പ്രതീക്ഷിക്കുന്നത്; നീതിയും സ്നേഹവും വിനയവുമാണ് എന്നാണ്. നീതിയും ന്യായവും ആമോസിന്റെ പ്രവചനങ്ങളുടെ പ്രത്യേകതയാണ്. ഹോശേയ, യഥാർത്ഥ സ്നേഹത്തിന്റെയും, ദൈവജ്ഞാനത്തിന്റെയും പ്രാധാന്യം ചൂണ്ടിക്കാണിക്കുന്നു. മീഖാ അതിനോട് വിനയപൂർവ്വം നടക്കുന്നതിനെ കൂട്ടിച്ചേർത്തു. ഏശായാവും നീതിനിഷ്ഠമായ ജീവിതമില്ലാത്ത യാഗങ്ങളുടെ നിഷ്പ്രയോജനം എടുത്തു പറയുന്നു (ഏശാ. 1:11). രക്തപങ്കിലമായ കൈകൊണ്ട് യാഗം അർപ്പിക്കരുത് (ഏശാ. 1:15). 'നന്മ ചെയ്യാൻ പഠിപ്പിൻ. ന്യായം അന്വേഷിപ്പിൻ, പീഡിപ്പിക്കുന്നവനെ നേർവഴി കാണിക്കുവിൻ, അനാഥനു ന്യായം നടത്തിക്കൊടുപ്പിൻ, വിധവയ്ക്കുവേണ്ടി വ്യവഹരിപ്പിൻ' (ഏശാ. 1:17). മോൻസിഞ്ഞോർ കിസ്സേന്റെ അഭിപ്രായത്തിൽ 'യാഗം എന്നത്, ദൈവത്തോടുള്ള കടപ്പാടിന്റെ ബാഹ്യമായ പ്രതിഫലനമാണ്. അനുയോജ്യമായ ആന്തരിക പ്രതികരണമില്ലെങ്കിൽ, അത് വൃഥാവായ പ്രതീകമായിത്തീരും.' ജനം അവരുടെ ജീവിതരീതിക്ക് സമൂലം മാറ്റം വരുത്തിയാൽ അവരുടെ യാഗങ്ങൾ ദൈവത്തിന് പ്രസാദകരമാകും.

### യിരെമ്യാവ്

യിരെമ്യാവ് പുരോഹിത കുടുംബത്തിൽപെട്ടയാളായിരുന്നു. ഇസ്രായേൽക്കാരുടെ തെറ്റായ വിശ്വാസങ്ങളെയാണ് യിരെമ്യാവ് ചോദ്യം ചെയ്തത്. ജനങ്ങൾ അവരുടെ തെറ്റായ വഴികളെ വിട്ടുതിരിഞ്ഞാൽ അവർക്ക് നിലനിൽക്കാൻ സാധിക്കും. ദേവാലയത്തെ മാത്രം ആശ്രയിച്ചാൽ അവർക്ക് സമാധാനവും ഐശ്വര്യവും ലഭിക്കുകയില്ല. ദൈവത്തിന്റെ കല്പനകളെ അനുസരിക്കുകയും ധാർമ്മിക കാര്യങ്ങൾക്ക് മുൻതൂക്കം കൊടുക്കുകയും ചെയ്യണം. ഇസ്രായേൽ അനുതപിച്ച് അവരുടെ തെറ്റായ വഴിയെ മാറ്റി ശരിയായ രീതിയിൽ കൂടെ വന്നാൽ ദൈവത്തിന് പ്രസാദകരമായ വിധം കാഴ്ചകളും ഹനനയാഗങ്ങളും അർപ്പിക്കാൻ അവർക്ക് സാധിക്കും (യിരെമ്യാവ് 17:26). യാഗങ്ങളെ മുഴുവൻ എതിർക്കുകയല്ല, യാഗത്തോട് ഒരുമിച്ചുപോകേണ്ട മനംതിരിവിനെ യിരെമ്യാവ് ശക്തിയായ ഭാഷയിൽ ചൂണ്ടിക്കാണിക്കുകയാണ്.

## യെഹസ്കിയേൽ

വിവിധ യാഗങ്ങളെക്കുറിച്ച് വിവരിച്ച് അവയ്ക്ക് ഒരു അടുക്കും ചിട്ടയും നൽകുന്നു. യാഗങ്ങളും നേർച്ചകളും അർപ്പിക്കേണ്ടത് പുരോഹിതന്മാരുടെ കടമയായി യെഹസ്ക്കിയേൽ കാണുന്നു. ബലിപീഠം, പുരോഹിതനുള്ള നിയമങ്ങൾ, അവയ്ക്കുള്ള വിഹിതങ്ങൾ എന്നിവയെ വിവരിക്കുന്നു (യെഹ. 43:13, 44:17). കാലക്രമത്തിൽ പ്രായോഗികതലത്തിൽ ആരാധനയുടെ ഉദ്ദേശ്യം നഷ്ടപ്പെട്ടു ബാഹ്യമായ ആചാരങ്ങളിൽ മാത്രം ഇസ്രയേൽ ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി.

പ്രവാസത്തിൽ നിന്ന് തിരിച്ചെത്തിയ ഹഗ്ഗായി, സെഖറിയ എന്നീ പ്രവാചകന്മാർ ദേവാലയം പുതുക്കിപ്പണിത് യാഗം അർപ്പിക്കാൻ പ്രേരണ നൽകി (ഹഗ്ഗായി 1:4). അതിന്റെ വെളിച്ചത്തിൽ ഇസ്രയേൽ ഉണർന്നു. ദേവാലയം പുതുക്കിപ്പണിത്, യാഗങ്ങൾ അർപ്പിച്ചു. ശരിയായ നിർമ്മല യാഗങ്ങൾ അർപ്പിക്കാൻ മലാഖിയും ആവശ്യപ്പെടുന്നു (മലാ. 1:11).

## യാഗങ്ങളെക്കുറിച്ചുള്ള ഒരവലോകനം

ചുറ്റുപാടുമുള്ള വാസികളെപ്പോലെ ഇസ്രയേൽക്കാരും യാഗം അർപ്പിക്കുന്നു. മറ്റുള്ളവരെപ്പോലെ യാഗത്തോട് ബന്ധമുള്ള ആചാരങ്ങളും ഇസ്രയേൽക്കാർക്കുണ്ടായിരുന്നു. ഇസ്രയേൽ ദൈവത്തിനും, അയൽവാസികൾ അവരുടെ ദേവന്മാർക്കും കാഴ്ച നേർച്ചകൾ നൽകിയെന്നു മാത്രം. കാലക്രമത്തിൽ യാഗാർപ്പണങ്ങൾ യഹോവയായ ദൈവത്തിന്റെ സ്വഭാവത്തിന് നിരക്കുന്നത് അനുസരിച്ചായിരിക്കണം എന്ന നിബന്ധനകളും വന്നു. കനാന്യരുടെ പല ആചാരങ്ങളും ഇസ്രയേൽക്കാർ അനുകരിച്ചപ്പോൾ അവയെല്ലാം തന്നെ അതേപടിയിൽ എടുക്കുകയല്ല. അവയ്ക്ക് പുതിയ അർത്ഥവും വ്യാഖ്യാനവും നൽകി സ്വന്തമാക്കുകയാണ് ചെയ്തത്.

യാഗാർപ്പണങ്ങളുടെ ഉദ്ദേശ്യത്തിൽ ചില വ്യതിയാനങ്ങൾ കാണാം. ഈജിപ്ത്, സുമേർ, ബാബിലോൺ, അസ്സീറിയ എന്നീ ദേശങ്ങൾ യാഗമെന്നാൽ ദൈവത്തിന് നൽകുന്ന ഭക്ഷണം എന്ന ചിന്തയാണു പുലർത്തിയിരുന്നത്. യാഗം ദൈവത്തിനുള്ള ഭക്ഷണം എന്ന ചിന്തയെ ധ്വനിപ്പിക്കുന്ന ചില വേദഭാഗങ്ങൾ ഉണ്ട് (സംഖ്യ 28:2). അവയ്ക്ക് പഴയനിയമത്തിൽ വലിയ പ്രസക്തിയില്ല. ആ ചിന്തയെ ശക്തിയുക്തം എതിർക്കുന്ന ഭാഗങ്ങൾ സങ്കീർത്തനത്തിൽ കാണാം (സങ്കീ. 50:12).

യാഗത്തിന്റെ ഉദ്ദേശ്യം ചില പ്രത്യേക കാര്യസാധ്യം എന്നുള്ള ചിന്തയ്ക്കും മുൻതൂക്കം നൽകിയിട്ടില്ല. പുരോഹിത രേഖയിൽ കാണുന്ന പ്രധാന സംഗതി: ആരാധനയുടെ കേന്ദ്രമാണ് യാഗങ്ങൾ. ദൈവകല്പന

അനുസരിച്ചാണ് അവ അർപ്പിക്കുന്നത് (ലേവ്യ 1:1–2). ദൈവത്തിന്റെ രക്ഷാകര പ്രവർത്തനത്തിന്റെ വെളിച്ചത്തിലുള്ള മാനുഷിക പ്രതികരണമായിരുന്നു അത്. ദൈവമാണ് ഇസ്രായേലിനെ വിളിച്ച് ഒരു ജാതിയാക്കിയത്. വിശ്വാസത്തിന്റെ അടിസ്ഥാനം മിസ്രേനിൽ നിന്നുള്ള മോചനവും, സീനായ് ഉടമ്പടിയും ദൈവത്തിന്റെ തുടർന്നുള്ള നടത്തിപ്പുമാണ്.

വിശ്വാസത്തിലും അനുസരണത്തിലും ഉള്ള ജീവിതം മുഖേന യഹോവ തെരഞ്ഞെടുക്കുന്ന ജനങ്ങളിൽ നിന്നു നന്ദിയുടെയും കടപ്പാടിന്റെയും വ്യക്തമായ പ്രതികരണമായി കാഴ്ചകളും നേർച്ചകളും അർപ്പിക്കുവാൻ ദൈവം ആവശ്യപ്പെടുന്നു.

ഓരോ യാഗത്തിന്റെയും വ്യക്തമായ ഉദ്ദേശ്യം മനസ്സിലാക്കുവാൻ എളുപ്പമല്ല. പുരോഹിത രേഖയിൽ കാണുന്ന യാഗങ്ങളുടെ പട്ടികയിൽ വിവിധ യാഗങ്ങളുടെ സമൂഹം തന്നെ കാണാം. അവയ്ക്കെല്ലാം പിന്നിലുള്ള ചരിത്രപരമായ പശ്ചാത്തലത്തെക്കുറിച്ച് യാഗത്തോടനുബന്ധിച്ചുള്ള പരാമർശങ്ങളിൽ കാണാം. ജോഹാന്നാസ് പെഡേർസൺ എന്ന സ്കാൻഡിനേവിയൻ പഴയനിയമ പണ്ഡിതൻ യാഗങ്ങളുടെ ഉദ്ദേശ്യത്തെക്കുറിച്ച് ഇപ്രകാരം പ്രസ്താവിച്ചിട്ടുണ്ട്. 'യാഗത്തിന് വിവിധ ഉദ്ദേശ്യങ്ങൾ ഉണ്ട്. കാലക്രമത്തിൽ ചിലതിനെല്ലാം പ്രാമുഖ്യം ലഭിച്ചു. മറ്റു ചിലത് പിൻനിരയിലേക്ക് തള്ളപ്പെട്ടു.' യാഗങ്ങളുടെ ഗണത്തിൽ ഭിന്നമായ ഉദ്ദേശ്യങ്ങളുടെ സംഗമം ദർശിക്കാം. ചില യാഗങ്ങൾ, ദൈവത്തിന് പ്രീതികരമായ ഭക്ഷണമായും (സംഖ്യ 28:12) നന്ദിപ്രകടനമായും (സംഖ്യ 7) ദൈവവുമായുള്ള കൂട്ടായ്മയുടെ മുഖാന്തിരമായും (1 ശമു. 6:15), പാപപരിഹാരം പ്രാപിക്കുന്നതിനുള്ള പ്രക്രിയയായും കാണാം (ലേവ്യ 5:5, 4:26).

പ്രവാസാനന്തരമുള്ള കാലഘട്ടത്തിന്റെ പ്രത്യേകതയാണ് പാപപരിഹാരയാഗത്തിന് കാലക്രമത്തിൽ ലഭിച്ച അസാധാരണമായ പ്രാധാന്യം. എല്ലാ യാഗങ്ങളും പാപപരിഹാരത്തിന് മുഖാന്തിരമാണെന്ന് ഇസ്രായേൽ ധരിച്ചു. കാലക്രമത്തിൽ യാഗങ്ങളുടെ ആന്തരിക പ്രാധാന്യത്തിന് കോട്ടം ഭവിച്ചു. കർമ്മങ്ങൾക്കും വിവിധ രീതിയിലുള്ള സൂക്ഷ്മമായ പ്രക്രിയകൾക്കും അമിതമായ ഊന്നൽ കൊടുക്കുന്നതിനിടയായി. യാഗങ്ങൾ നടത്തുന്ന ആചാര്യന്മാരുടെ സ്ഥാനത്തിനും ആക്കം വർദ്ധിച്ചു. യാഗത്തിന്റെ ചെറിയ കാര്യങ്ങൾപോലും വളരെ സൂക്ഷ്മതയോടെ നിർവ്വഹിച്ചാൽ പ്രയോജനം ലഭിക്കുമെന്ന ചിന്ത സാധാരണക്കാരുടെ മനസ്സിൽ കടന്നുകൂടി. യാഗത്തിന്റെ ആന്തരിക പ്രാധാന്യത്തിനും അവഗണന സംഭവിച്ചപ്പോൾ ഭക്തരായ ഇസ്രായേൽക്കാർ അതെക്കുറിച്ച് വ്യാകുലരായി.

യാഗങ്ങളെക്കുറിച്ച് പുതിയ രീതിയിലുള്ള കാഴ്ചപ്പാടും ചിന്തയും രൂപംപ്രാപിച്ചു. ആന്തരീക അനുഭൂതിയുടെയും വ്യക്തിപരമായ

ബന്ധത്തിന്റെയും പ്രതീകാത്മ പ്രക്രിയയാണ് യാഗങ്ങളെന്ന ബോധ ത്തിന് പ്രചാരം ലഭിച്ചു. ഭക്തരായ സമൂഹം പ്രാർത്ഥനയ്ക്കും സ്തോത്ര കീർത്തനങ്ങൾക്കും വി. ഗ്രന്ഥപഠനത്തിനും യാഗത്തെപ്പോലെ പ്രാധാ ന്യമുണ്ടെന്നും യാഗത്തേക്കാൾ ഒരുപടി കൂടി ഉയർന്നു ദൈവത്തിന് പ്രസാദകരമാണെന്നും ചിന്തിക്കുവാൻ തുടങ്ങി. ചാവുകടൽ തീരത്തുള്ള ഗുഹകളിൽ താമസിച്ചിരുന്ന സന്യാസി സമൂഹം ന്യായപ്രമാണത്തിന് അനുസരണമായ ജീവിതം ഹനനയാഗങ്ങളേക്കാൾ പാപപരിഹാരം പ്രാപിക്കാൻ മേൽത്തരമാണെന്ന് വിശ്വസിച്ചു.

കൃത്യമായ രീതിയിൽ യാഗങ്ങൾ അർപ്പിച്ചാൽ എല്ലാമായിയെന്ന ധാരണ സാധാരണക്കാരന്റെ മനസ്സിൽ സ്ഥാനം പിടിച്ചപ്പോൾ യാഗ ത്തിന്റെ അംഗീകരണത്തിന് ആത്മതപനവും ഏറ്റുപറച്ചിലും അത്യാവ ശ്യമാണെന്ന് ന്യായപ്രമാണം പഠിപ്പിച്ചു. പാപമോചനവും ശുദ്ധീകര ണവും കൂട്ടായ്മയും യാഥാർത്ഥ്യമാക്കാൻ ദൈവവുമായുള്ള യഥാർത്ഥ ബന്ധത്തിന്റെ ആത്മാവിൽ ആയിരിക്കണം യാഗാർപ്പണമെന്ന് എച്ച്. എച്ച്. റോളിയെന്ന പഴയനിയമ പണ്ഡിതൻ അടിവരയിട്ട് പ്രഖ്യാപിച്ചു. വേറൊരു രീതിയിൽ പറഞ്ഞാൽ യാഗങ്ങൾകൊണ്ടു മാത്രം പാപ മോചനം നേടിയെടുക്കുക സാധ്യമല്ല. പാപമോചനം ദൈവത്തിന്റെ കൃപയും കരുണയും കൊണ്ടാണ് അനുഭവേദ്യമായത്. പാപം മൂലം താറു മാറായ കൂട്ടായ്മയെ വീണ്ടെടുക്കുവാൻ യാഗാർപ്പണം മുഖാന്തിരമായി ഭവിച്ചു.

യാഗങ്ങളുടെ നേട്ടങ്ങൾ ഇങ്ങനെ സംഗ്രഹിക്കാം: 1) ചില ആചാര പ്രക്രിയകൾ തെറ്റിച്ചാൽ പരിഹാരത്തിന് യാഗാർപ്പണം സഹായകമാ യിരുന്നു. 2) ശാരീരികമായ അശുദ്ധി നീക്കുവാനും 3) അറിവില്ലായ്മ കൊണ്ട് ചെയ്തുപോയ കുറവുകളുടെ നിവാരണത്തിനും 4) മറ്റു ചെറിയ തെറ്റുകുറ്റങ്ങൾക്കും അതു പ്രതിവിധി നൽകി. എന്നാൽ കൊലപാതകം, വ്യഭിചാരം മുതലായ അധർമ്മങ്ങൾക്ക് പരിഹാരം അവ നൽകിയിരു ന്നില്ല.

എല്ലാ രീതിയിലുള്ള വ്യാകുലതയിൽ നിന്നും, നിസ്സഹായവസ്ഥയിൽ നിന്നും വീണ്ടെടുക്കുന്ന ഒരു പാപപരിഹാരമാർഗ്ഗത്തിന് ഈ സാഹചര്യം വഴിതുറന്നു. യാഗങ്ങൾക്ക് നേടിയെടുക്കാൻ സാധിക്കുന്ന മാർഗ്ഗത്തിനു പരി എല്ലാവിധ മോചനവും നൽകുന്ന വഴി ദൈവം തന്നെ മനുഷ്യനായി വന്ന് അർപ്പിക്കുന്ന പരമയാഗത്തിനുണ്ട് എന്ന ബോധത്തിലേയ്ക്ക് ഈ യാഗ സംവിധാനം സൂചന നൽകുന്നു.

## പാഠം 3

# യഹൂദന്മാരുടെ പെരുന്നാളുകൾ

യഹൂദന്മാരുടെ പ്രധാന പെരുന്നാളുകൾ: 1) പെസഹാ പെരുന്നാൾ, 2) ആഴ്ചവട്ടത്തിന്റെ പെരുന്നാൾ (പെന്തിക്കോസ്തി), 3) കൂടാരപെരുന്നാൾ എന്നിവയാണ്. ഇസ്രായേലിന്റെ രക്ഷാചരിത്രത്തോട് ബന്ധപ്പെട്ടവയാണ് അവ. പെസഹാ പെരുന്നാൾ ഈജിപ്തിൽ നിന്നുള്ള വിമോചനത്തെ അനുസ്മരിപ്പിക്കുന്നു. വാരോത്സവ പെരുന്നാൾ അഥവാ ആദ്യഫലപെരുന്നാൾ അവരുടെ കർഷക ജീവിതവുമായി ബന്ധപ്പെട്ടവയാണ്. കൂടാരപെരുന്നാൾ മരുഭൂമിയിലെ അവരുടെ പ്രയാണത്തിൽ കൂടാരങ്ങൾ നിർമ്മിച്ച് വസിച്ചതിനെ ഓർക്കുവാൻ ഉപകരിക്കുന്നു. ചരിത്രസംഭവങ്ങളുടെ രക്ഷാകരമായ അനുഭവത്തിലേക്കും ദിവ്യാനുഭൂതിയിലേക്കും ഇന്നത്തെ തലമുറയെയും പങ്കെടുപ്പിക്കുവാൻ ഇവ സഹായിക്കുന്നു (പുറ. 23:14-17).

പെരുന്നാളുകൾ എല്ലാംതന്നെ ദൈവസന്നിധിയിൽ ഒരുമിച്ചു കൂടുന്നതിനും ദൈവസാന്നിധ്യബോധത്തിൽ ദൈവത്തിന്റെ കൃപയെയും കരുണയെയും ഓർത്ത് ദൈവത്തെ മഹത്വപ്പെടുത്തുന്നതിനും സന്തോഷിപ്പിക്കുന്നതിനുമുള്ള അവസരമായിരുന്നു. 'ഹജ്' എന്ന പദം ഈ മൂന്നു പെരുന്നാളുകൾക്കാണ് ഉപയോഗിക്കുന്നത്. ഉപവാസത്തോടും പ്രാർത്ഥനയോടും ആത്മതപനത്തോടും കൂടെ യെരുശലേം ദേവാലയത്തിലേക്ക് തീർത്ഥയാത്രയായി പോയി പെരുന്നാളുകൾ ആഘോഷിച്ചിരുന്നു.

### പെസഹാ പെരുന്നാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും

പുറപ്പാട് പുസ്തകം 12-ാം അദ്ധ്യായത്തിൽ പെസഹാ പെരുന്നാളിന്റെ ആചാരത്തെക്കുറിച്ച് വിശദമായ വിവരങ്ങൾ കാണാം. കൂടാതെ ലേവ്യ 23:5, പുറ. 34:18, ആവ. 16:1-8 എന്നീ ഭാഗങ്ങളിലും പരാമർശനമുണ്ട്. എലിഫന്റൈൻ പാപ്പിറസും പെസഹാചാരത്തെക്കുറിച്ച് വിവരിക്കുന്നു. പൂർണ്ണചന്ദ്രനെ കാണുന്ന അവസരത്തിൽ ആബീബ് മാസത്തിൽ ആയിരുന്നു പെരുന്നാൾ ആചരണം. ഒന്നാം മാസം 10-ാം തീയതി ഊനമില്ലാത്ത ഒരാടിനെ ഓരോ കുടുംബവും തിരഞ്ഞെടുക്കും. 14-ാം തീയതി വരെ അതിനെ നിരീക്ഷിച്ച് സൂക്ഷിച്ചതിനുശേഷം വെളുക്കുമ്പോൾ കൊന്ന് രക്തം എടുത്ത് കട്ടിളക്കാലിലും കുറുമ്പടികളിലും പുരട്ടും. അന്നു തന്നെ വറുത്തു ഭക്ഷിക്കും. അസ്ഥികൾ ഒന്നുപോലും ഒടിക്കാൻ പാടില്ല. കൂടാതെ പുളിപ്പില്ലാത്ത അപ്പവും കൈപ്പ് ചീരയും അതോടൊപ്പം ഭക്ഷിക്കും. കാലിൽ ചെരുപ്പിട്ടും അരകെട്ടിയും തിടുക്കത്തിലും ആയിരി

ക്കണം ആചരണം. കുറഞ്ഞത് 10 പേരെങ്കിലും വേണം പെസഹാ ആചരണത്തിന്. കുടുംബാംഗങ്ങൾ കുറവാണെങ്കിൽ അടുത്തുള്ളവരെ ക്ഷണിക്കണം. അടിമകളെയും വിദേശികളെയും പങ്കെടുപ്പിക്കണം. അവർ പരിഛേദന കഴിഞ്ഞവർ ആയിരിക്കണം. പെസഹാ എന്ന പദത്തിന്റെ ഉത്ഭവത്തെക്കുറിച്ച് പണ്ഡിതന്മാരുടെ ഇടയിൽ അഭിപ്രായ ഐക്യമില്ല. 'കാൽവയ്ക്കുക' എന്നയർത്ഥത്തിൽ ചില ഭാഗത്ത് അതിന്റെ പ്രയോഗം കാണാം (1 രാജാ. 18:21). ഒഴിഞ്ഞു കടന്നുപോകും എന്നയർത്ഥത്തിൽ പുറ. 21:13-ൽ കാണുന്നു. അക്കേദിയൻ പദമായ 'പഷഹു' (പ്രീണിപ്പിക്കുക) പാപപരിഹാര പ്രാധാന്യമുള്ള പദമാണ്. ഈജിപ്ഷ്യൻ പദത്തിൽ 'ഊതുക' അടിക്കുക എന്ന അർത്ഥമുണ്ട്. യഹോവ ഈജിപ്തിലെ ആദ്യജാതന്മാരെ നശിപ്പിച്ചതിനെ പരാമർശിച്ചു ഉപയോഗിച്ചിരുന്നു. ഇസ്രായേൽക്കാർ ആ പദം എടുത്ത് യഹോവയുടെ രക്ഷാകരമായ പ്രവർത്തനത്തെ ആസ്പദമാക്കി ഉപയോഗിച്ചു.

ആദ്യകാലത്ത് മരുഭൂമിയിൽ താമസിച്ചിരുന്ന ആട്ടിടയൻമാരുടെ പെരുന്നാൾ ആയിരുന്നു പെസഹാ. ദുരാത്മാക്കളിൽ നിന്നുള്ള മോചനത്തിനും ആടിന്റെ വംശവർദ്ധനയ്ക്കും പെസഹാ ആചരണം സഹായകമാകുമെന്ന് അവർ വിശ്വസിച്ചു.

പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ കൃഷിക്കാരുടെ പെരുന്നാൾ ആയിരുന്നു. ഒന്നാം മാസം 15-ാം തീയതി ആയിരുന്നു പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാൾ (ലേവ്യ 23:6, പുറ. 34:18, ആവ. 16:3). 7 ദിവസം അവർ പുളിപ്പില്ലാത്ത അപ്പമാണ് ഭക്ഷിച്ചിരുന്നത്. ഒന്നാം ദിവസവും ഏഴാം ദിവസവും വിശുദ്ധ സഭായോഗം കൂടി. സാമാന്യ ജോലിയൊന്നും ആ ദിവസങ്ങളിൽ ചെയ്തിരുന്നില്ല. മിസ്രയീം ദേശത്തുനിന്ന് പുറപ്പെട്ട ദിവസത്തെയും അനുഭവിച്ച യാതനയെയും വേദനയെയും സ്മരിക്കുന്നതിനും ആയുഷ്കാലമൊക്കെയും അത് ഓർക്കുവാനും ആചരണം സഹായകമായിരുന്നു. "നീ മിസ്രയീം ദേശത്തു നിന്ന് പുറപ്പെട്ട ദിവസത്തെ നിന്റെ ആയുഷ്ക്കാലം ഒക്കെയും ഓർക്കേണ്ടതിന് അതിനോടുകൂടെ പുളിച്ച അപ്പം തിന്നരുത്. നീ കഷ്ടതയുടെ ആഹാരമായ പുളിപ്പില്ലാത്ത അപ്പം ഏഴു ദിവസവും തിന്നേണം, തത്രപ്പാടോടു കൂടിയല്ലോ നീ മിസ്രയീം ദേശത്തു നിന്നും പുറപ്പെട്ടത്" (ആവ. 16:3).

മിസ്രയീമിൽ നിന്നുള്ള വിമോചനത്തോട് ബന്ധപ്പെടുത്തി പഴയ പെരുന്നാളിന് പുതിയ അർത്ഥവും പ്രാധാന്യവും നൽകി. പെസഹാ പെരുന്നാളും പുളിപ്പില്ലാത്ത അപ്പത്തിന്റെ പെരുന്നാളും സംയോജിച്ച് അടിമത്തത്തിൽ നിന്നുള്ള വിമോചനത്തിന്റെയും മിസ്രയിമിൽ അനുഭവിച്ച വേദനയുടെയും ചൊരിഞ്ഞ വിയർപ്പിന്റെയും സ്മരണ കുറിക്കുന്നതായി

വ്യാഖ്യാനിച്ച് ആചരിച്ചുപോന്നു. "ഈ കർമ്മം എന്തെന്നു നിങ്ങളുടെ മക്കൾ നിങ്ങളോടു ചോദിക്കുമ്പോൾ മിസ്രയിമ്യരെ ദണ്ഡിപ്പിക്കയിൽ മിസ്രയിമിലിരുന്നു നമ്മുടെ വീടുകളെ രക്ഷിച്ച യഹോവയുടെ പെസഹാ യാഗം ആകുന്നു ഇത് എന്നു നിങ്ങൾ പറയേണം" (പുറ. 12:27).

## ഷവുഓത്ത് - വാരോത്സവ പെരുന്നാൾ (പെന്തിക്കോസ്തി)

അത് ഗോതമ്പു കൊയ്ത്തിന്റെ പെരുന്നാൾ ആയിരുന്നു. പെസഹാ പെരുന്നാളിനു ശേഷം 7 ആഴ്ച കഴിഞ്ഞാണ് സന്തോഷത്തിന്റെ മറ്റൊരു പെരുന്നാളായ ഷവുഓത്ത് ആഘോഷം. വയലിൽ വിതച്ച കൃഷിയുടെ ആദ്യഫലമെടുക്കുന്ന അവസരത്തിലായിരുന്നു കൊയ്ത്തു പെരുന്നാൾ (പുറ. 23:16). ന്യായപ്രമാണപ്രകാരം സംവത്സരത്തിൽ മൂന്നു പ്രാവശ്യം ആണുങ്ങൾ എല്ലാം കർത്താവായ യഹോവയുടെ മുമ്പാകെ വരേണം (പുറ. 23:17). ആഴ്ചവട്ടത്തിന്റെ പെരുന്നാൾ എന്നും വാരോത്സവ പെരുന്നാൾ എന്നും അത് അറിയപ്പെട്ടിരുന്നു (പുറ. 34:22). ദൈവമായ യഹോവ അനുഗ്രഹിച്ചതിന് തക്കവണ്ണം സ്വമേധാദാനങ്ങൾ അവന് അർപ്പിക്കണം. നീയും നിന്റെ പുത്രനും പുത്രിയും ദാസനും ദാസിയും ലേവ്യനും പരദേശിയും അനാഥനും വിധവയും യഹോവയുടെ സന്നിധിയിൽ സന്തോഷിക്കണം. മിസ്രയിമിൽ അടിമയായിരുന്നുവെന്നും ദൈവത്തിന്റെ കൃപ കൊണ്ടാണ് അനുഗ്രഹങ്ങൾ പ്രാപിച്ചതെന്നും ഓർത്തു ദൈവിക ചട്ടങ്ങൾ പ്രമാണിച്ചു നടക്കണം (ആവ. 16:12). ഏഴാമത്തെ ശബ്ബത്തിന്റെ പിറ്റെന്നാൾ വരെ 50 ദിവസം എണ്ണി പുതിയ ധാന്യം കൊണ്ടാണ് ഭോജനയാഗം അർപ്പിച്ചിരുന്നത് (ലേവ്യ 23:16). രണ്ടിടങ്ങഴി മാവുകൊണ്ടുള്ള രണ്ടപ്പം അതിനു വേണം. നേരിയ മാവുകൊണ്ടുള്ളതും പുളിപ്പിച്ചു ചുട്ടതുമായിരിക്കണം. അത് യഹോവയ്ക്ക് ആദ്യവിളവ്. കാലക്രമത്തിൽ ഈ പെരുന്നാളിന് സീനായിൽ വച്ച് ലഭിച്ച 10 കല്പനകളുമായി ബന്ധപ്പെടുത്തി. കുംറാൻ സമൂഹവും ഈ പെരുന്നാൾ ആഘോഷിച്ചിരുന്നതായി പാരമ്പര്യമുണ്ട്.

## സുക്കോത്ത് - കൂടാരപ്പെരുന്നാൾ

കായ്കനികൾ പഴുക്കുന്ന സമയത്താണ് കൂടാരപ്പെരുന്നാൾ ആഘോഷിച്ചിരുന്നത്. മരുഭൂമിയിലെ വാസകാലത്ത് കൂടാരങ്ങളിൽ തങ്ങിയിരുന്നതിനെ അനുസ്മരിക്കുന്ന പെരുന്നാളായിരുന്നു അത്. ഈ ആഘോഷത്തിലും മകനും മകളും ദാസനും ദാസിയും ലേവ്യനും അനാഥനും പരദേശിയും വിധവയും പങ്കെടുത്തു സന്തോഷിച്ചിരുന്നു (ആവ. 16:15). പെരുന്നാൾ 7 ദിവസം നീണ്ടുനിന്നു. എല്ലാ പുരുഷന്മാരും ദൈവസന്നിധിയിൽ വരണം. വെറുംകൈയായി വരരുത്. നിന്റെ ദൈവമായ യഹോവ നിനക്കു തന്നിട്ടുള്ള അനുഗ്രഹത്തിന് തക്കവണ്ണം ഓരോരുത്തൻ

താന്താന്റെ പ്രാപ്തിപോലെ കൊണ്ടുവരണം (ആവ. 16:17). 7–ാം മാസം 15 മുതൽ 7 ദിവസമായിരുന്നു കൂടാരപെരുന്നാൾ. ഒന്നാം ദിവസവും എട്ടാം ദിവസവും വിശുദ്ധ സഭായോഗം കൂടിയിരുന്നു (ലേവ്യ 23:35–36). എട്ടാം ദിവസം യഹോവയ്ക്ക് ഹനനയാഗം അർപ്പിക്കണം. സാമാന്യ വേലയൊന്നും തന്നെ ചെയ്‌വാൻ അനുവാദമുണ്ടായിരുന്നില്ല. നൃത്തവും അതോടനുബന്ധിച്ചുണ്ടായിരുന്നു (ന്യായാ. 21:21). കൂടാതെ ഇസ്രായേൽ മിസ്രയിമിൽ നിന്ന് പുറപ്പെട്ട് മരുഭൂമിയിൽ യാത്രചെയ്യുന്ന കാലത്ത് കൂടാരങ്ങളിൽ വസിച്ചിരുന്നതിനെ ഓർത്ത് ഏഴുദിവസം കൂടാരമുണ്ടാക്കി അതിൽ താമസിച്ചിരുന്നു. സ്വദേശികൾക്കു മാത്രമേ കുടിലുകളിൽ താമസിക്കുന്നതിനുള്ള അനുവാദമുണ്ടായിരുന്നുള്ളു.

ഈ പ്രധാന പെരുനാളുകൾ കൂടാതെ, ചരിത്രത്തിന്റെ ഗതിയിൽ യിസ്രായേലിന്റെ പെരുന്നാളുകളായി വന്ന ചിലതിനെക്കുറിച്ചാണ് ഇനി പറയുന്നത്.

**ഹനൂക്കാ**

ഹനൂക്കാ പെരുന്നാളിനെക്കുറിച്ച് മക്കാബികളുടെ പുസ്തകത്തിലാണ് വിശദമായ വിവരങ്ങൾ കാണുന്നത്. മഹാനായ അലക്സാണ്ടറിനുശേഷം പാലസ്തീൻ, ഗ്രീക്ക് ഭരണത്തിൽ വന്നു. പ്ടോളമിമാരും, സെലൂക്യരും ആധിപത്യത്തിനുവേണ്ടി പോരാടി. യഹൂദന്മാരുടെ മതപരമായ കാര്യങ്ങളിൽ കൈകടത്താതെ അവർക്ക് ആവശ്യമായ സ്വാതന്ത്ര്യം അനുവദിച്ചു കൊടുത്തിരുന്നു. പ്രധാനപ്പെട്ട പെരുന്നാളുകളിൽ യഹൂദർ യെരുശലേം ദേവാലയത്തിലെ ആരാധനയ്ക്കായി ഒരുമിച്ചുകൂടി. അന്തിയോക്കസ് എപ്പിഫാനസിന്റെ കാലത്ത് ഈ സ്ഥിതിഗതിക്ക് പൊടുന്നനെ ഒരു മാറ്റം വന്നു. ഗ്രീക്ക് ദേവന്മാരിൽ പ്രധാനിയായ സീയൂസ് ദേവനെ ആരാധിക്കുവാൻ ഒരു യാഗപീഠം പണിതു. യാഗം കഴിക്കാൻ ഭക്തരായ യഹൂദന്മാരെ ഭീഷണിപ്പെടുത്തി നിർബ്ബന്ധിച്ചു. യഹൂദന്മാർക്കു വെറുപ്പുള്ള പന്നിയെ യെരുശലേം ദേവാലയത്തിൽ ബലികഴിച്ച് ആരാധനാലയവും യാഗപീഠവും മലിനമാക്കി. കോപിഷ്ടരായ ഭക്തസമൂഹം ഒളിപ്പോർപ്പട സംഘടിപ്പിച്ചു പോരാട്ടം തുടങ്ങി. മോദിൻ എന്ന സ്ഥലത്തെ ആചാര്യനായ മറ്റാത്തിയോസ്, അന്തിയോക്കസ് എപ്പിഫാനസ് സീയൂസ് ദേവനുവേണ്ടി പണികഴിപ്പിച്ച ബലിപീഠത്തിൽ ഒരു യഹൂദൻ യാഗം അർപ്പിക്കുന്നതു കണ്ട് രോഷാകുലനായി. ആ യഹൂദനേയും രാജാവിന്റെ പ്രതിനിധിയെയും കൊന്നുകളഞ്ഞു.

അടുത്തദിവസം അന്തിയോക്കസിന്റെ സൈന്യം യെരുശലേമിലേക്കു വന്നു. ദേവാലയം കൊള്ളയടിക്കയും വിശുദ്ധ ഗ്രന്ഥം നശിപ്പിക്കുകയും അനേകം ഭക്തരായ യഹൂദന്മാരെ കൊന്നൊടുക്കുകയും ചെയ്തു.

ദേവാലയത്തിലെ സ്വർണ്ണംകൊണ്ടുള്ള പല ഉരുപ്പടികളും കൊള്ള ചെയ്തു. വിളക്കുകളിലെ എണ്ണ ചോർത്തികളഞ്ഞു.

വിശുദ്ധ ഗ്രന്ഥം കൈവശം വെക്കുന്നവരെ ശിക്ഷിച്ചു. ന്യായപ്രമാണ പ്രകാരം കുട്ടികളെ ചേലാകർമ്മം ചെയ്ത രണ്ടു സ്ത്രീകളെയും കുട്ടി കളെയും വധിച്ചു. അന്തിയോക്കസ് കൈക്കൂലി കൊടുത്ത് മറ്റാത്തിയോ സിനെ മതംമാറ്റുവാൻ ശ്രമിച്ചു. ഒരു സഞ്ചി നിറയെ സ്വർണ്ണവുമായി ഒരു ഭടനെ അന്തിയോക്കസ് മറ്റാത്തിയോസിന്റെ അടുക്കലേക്കയച്ചു. മറ്റാ ത്തിയോസ് ആ ഭടനെ പിടിച്ച് അവന്റെ വാൾ കൈവശപ്പെടുത്തി അവനെ വെട്ടി കൊന്നതിനുശേഷം വനാന്തരത്തിലേക്കു വലിഞ്ഞു ഒളിപ്പോർ സംഘടിപ്പിച്ചു. കുറെ കഴിഞ്ഞു വന്നു യുദ്ധം ചെയ്തു. ദേവാലയം ശുദ്ധീ കരിച്ചു. ആ പ്രതിഷ്ഠാപെരുന്നാളാണ് ഹനൂക്കാ.

7 ദിവസത്തെ ആഘോഷമാണ് ഹനൂക്കാ പെരുന്നാളിനുണ്ടായിരു ന്നത്. 8 ശിഖരങ്ങളുള്ള മെനോറാ എന്ന വിളക്കിലെ നടുവിലത്തെ തിരി ആദ്യം കത്തിച്ചു. ആദ്യരാത്രിയിൽ 3 അനുഗ്രഹ പ്രാർത്ഥനകൾ ചൊല്ലും. മറ്റു ദിവസങ്ങളിൽ രണ്ടു വാഴ്വുകളും.

ഈ പെരുന്നാൾ എല്ലാ കൊല്ലവും ആചരിക്കണമെന്ന നിബന്ധനയും വെച്ചു. പനയുടെ കമ്പുകൾ പിടിച്ച് വിളക്കുകൾ കത്തിച്ചു ആഘോഷ ത്തിൽ പങ്കുചേരും. വിളക്കുകൾ തെളിയിക്കുമ്പോൾ ദൈവത്തിന്റെ അനു ഗ്രഹം കൊണ്ടും ശക്തികൊണ്ടുമാണ് ശക്തനായ ഏകഛത്രാധിപതി യായ അന്തിയോക്കസിന്റെ ഭീഷണിയിൽ നിന്നും ആധിപത്യത്തിൽ നിന്നും മോചനം പ്രാപിച്ചത് എന്നോർത്ത് ദൈവത്തെ നന്ദി നിറഞ്ഞ ഹൃദയത്തോടെ സ്തുതിക്കും.

മ്ലേച്ഛമാക്കിയ യാഗപീഠത്തിന്റെ സ്ഥാനത്ത് യൂദാ മറ്റൊരു യാഗപീഠം പണിത് പ്രതിഷ്ഠിച്ച് യാഗം അർപ്പിച്ചു. മറ്റാത്തിയോസിന് ശേഷം ചുറ്റിക എന്ന വിശേഷണം ഉള്ള മക്കാബി യൂദായിതു പിൻതുടർന്നു. യൂദയ്ക്കു ശേഷം യോഹന്നാനും ശീമോനും യുദ്ധം തുടർന്നു. യെരുശലേം പട്ട ണത്തെ മോചിപ്പിച്ചു സ്വതന്ത്രമാക്കിയ സാഹചര്യത്തിൽ ജീവിച്ച് ദൈവത്തെ ആരാധിച്ചു. ഹനൂക്കാ പ്രകാശങ്ങളുടെ പെരുന്നാൾ എന്ന പേരിൽ യഹൂദന്മാർ ആഘോഷിച്ചു വരുന്നു.

### പൂരീം

പഞ്ചഗ്രന്ഥങ്ങളിലോ പഴയനിയമത്തിലെ മറ്റു പുസ്തകങ്ങളിലോ പൂരീം എന്ന പെരുന്നാളിനെക്കുറിച്ച് പരാമർശം ഒന്നും കാണുന്നില്ല. സെപ്റ്റുവജന്റിൽ എസ്ഥേർ 10:13 പൂരീം പെരുന്നാളിനെക്കുറിച്ചാണെന്ന സൂചനയുണ്ട്. ഭക്തനായ മോർദക്കായിയേയും പതിവ്രതയായ

എസ്ഥേറിനേയും നിഗ്രഹിക്കാനുള്ള ഹാമാന്റെ തന്ത്രം വിഫലമായി യെന്നും അവൻ വെച്ച കെണിയിൽ അവൻതന്നെ ചാടിയെന്നും എസ്ഥേ റിന്റെ പുസ്തകത്തിൽ കാണാം. പൂരീം ഒരു എബ്രായപദമല്ല. പൂർ എന്നത് അക്കേദിയൻ പദമാണ്. അതിൽ നിന്നാണ് പൂരീം എന്ന വാക്കിന്റെ ഉത്ഭവം. യഹോവയുടെ നാമം എസ്ഥേറിന്റെ പുസ്തകത്തിൽ ഒരു പ്രാവശ്യം പോലും കാണുന്നില്ല.

## യോംകിപ്പൂർ
## പാപപരിഹാരപെരുന്നാൾ

ഏഴാം മാസം 10-നു ആയിരുന്നു പാപപരിഹാരപെരുന്നാൾ. വർഷ ത്തിലൊരിക്കൽ പ്രധാനാചാര്യൻ മഹാശുദ്ധസ്ഥലത്ത് പ്രവേശിച്ച് സ്വന്ത പാപപരിഹാരത്തിന് വേണ്ടിയും ജനത്തിന്റെ പാപങ്ങൾക്കുവേണ്ടിയും പാപപരിഹാരബലി അർപ്പിക്കുന്ന ദിവസം. തിരശ്ശീലയ്ക്കകത്തു പെട്ട കത്തിന്മേലുള്ള കൃപാസനത്തിനു മുമ്പിൽ എല്ലാ സമയത്തും വരരുത് എന്ന് അവനോടു പറയേണം (ലേവ്യ 16:2). അവൻ ദേഹം ശുചിയാക്കി പഞ്ഞിനൂൽ വസ്ത്രം ധരിച്ചു പ്രവേശിക്കണം. വേഷസംവിധാനത്തിൽ പഞ്ഞിനൂൽകൊണ്ടുള്ള അങ്കി, കാൽചട്ട, നടുക്കെട്ട്, മുടി എന്നിവ ഉൾപ്പെ ടുന്നു (ലേവ്യ 16:3). പാപയാഗത്തിന് രണ്ടു കോലാട്ടുകൊറ്റനെയും ഹോമ യാഗത്തിന് ഒരു ആട്ടുകൊറ്റനെയും വാങ്ങണം. തന്റെ പാപയാഗത്തി നായി കാളയെ അർപ്പിച്ചു തന്റെ, കുടുംബത്തിനുവേണ്ടി പ്രായശ്ചിത്തം കഴിക്കണം. കോലാട്ടു കൊറ്റന്മാരിൽ ചീട്ടിട്ട് യഹോവയ്ക്കും അസസേ ലിനുമായി വേർതിരിക്കണം. യഹോവയ്ക്ക് കിട്ടിയ ആട്ടുകൊറ്റനെ കൊണ്ടുവന്നു പാപയാഗമായി അർപ്പിക്കേണം.

കൂടാതെ ധൂപവർഗ്ഗം ചൂർണ്ണം കൈനിറയെ എടുത്തു തിരശ്ശീലയ്ക്ക കത്തു കൊണ്ടുവരണം. കാളയുടെ രക്തം കുറെ എടുത്തു വിരൽകൊണ്ട് കിഴക്ക് കൃപാസനത്തിന്മേൽ തളിക്കേണം. കുറെ രക്തം കൃപാസന ത്തിന്റെ മുമ്പിലും ഏഴു പ്രാവശ്യം തളിക്കേണം. കോലാട്ടുകൊറ്റന്റെ രക്തവും അതുപോലെതന്നെ തളിക്കേണം. മറ്റെ കോലാട്ടുകൊറ്റന്റെ തലയിൽ അഹരോൻ കൈ രണ്ടും വച്ചു, ഇസ്രായേൽക്കാരുടെ എല്ലാ കുറ്റങ്ങളും സകല പാപങ്ങളും, ലംഘനങ്ങളൊക്കെയും ഏറ്റുപറഞ്ഞു കോലാട്ടുകൊറ്റന്റെ തലയിൽ ചുമത്തി, അതിനെ മരുഭൂമിയിൽ അയ ക്കണം (ലേവ്യ 16:21). അതിനുശേഷം അഹരോൻ പുറത്തു വന്നു ദേഹം കഴുകിയതിനു ശേഷം ഹോമയാഗം തനിക്കും ജനത്തിനും വേണ്ടി അർപ്പിക്കണം.

## പാഠം 4

# ന്യായപ്രമാണം

ന്യായപ്രമാണം അല്ലെങ്കിൽ 'തോറാ' എന്ന വാക്കിന്റെ അർത്ഥം ബോധനം എന്നാണ്. എബ്രായ പഴയനിയമത്തിലെ തോറാ, നെബീം, കെത്തുബീം എന്നീ മൂന്നു വിഭാഗങ്ങളിൽ ആദ്യത്തെ വിഭാഗമാണ് മോശയുടെ ന്യായപ്രമാണം അല്ലെങ്കിൽ പഞ്ചഗ്രന്ഥം. അവയ്ക്ക് പ്രവാചകന്മാർ, എഴുത്തുകൾ എന്നീ വിഭാഗങ്ങളെക്കാൾ കൂടുതലായ വിശുദ്ധിയും, ആധികാരികതയും ഉണ്ടെന്ന് യഹൂദന്മാർ വിശ്വസിച്ചിരുന്നു. ആധുനിക യുഗത്തിലെ നിയമങ്ങളിൽ നിന്ന് ഭിന്നമാണ് അതിന്റെ ഉത്ഭവവും, ഉള്ളടക്കവും. ദൈവികമായ വെളിപ്പാടു മൂലമാണ് നിയമങ്ങൾ ഇസ്രായേൽക്കാർക്ക് ലഭിച്ചത്. സെപ്റ്റുവജിന്റിൽ തോറായ്ക്ക്, നോമോസ് എന്ന വിവർത്തനം നൽകിയിരിക്കുന്നു. നിയമങ്ങൾ രൂപംപ്രാപിക്കുന്നത് പ്രത്യേക സാഹചര്യത്തിലാണ്. നൂതന പ്രശ്നങ്ങൾ നൂതനമായ പരിഹാരങ്ങൾക്ക് സാഹചര്യം സൃഷ്ടിക്കുന്നു. സമൂഹത്തിന്റെ ഘടനയിലേക്കും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തിലേക്കും വെളിച്ചം നൽകുന്ന കാര്യങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. ഇസ്രയേലിന്റെ രക്ഷാചരിത്രത്തെ അടിസ്ഥാനമാക്കിയ നിയമങ്ങളും, അനുശാസനകളും അതിൽ ഉൾപ്പെടുത്തിയിരിക്കുന്നു. നീതിമാനും, വിശുദ്ധനും, സ്നേഹവാനും, കർമ്മനിരതനും ആയ ദൈവത്തിന്റെ സൃഷ്ടി, രക്ഷാകരമായ വഴിനടത്തൽ എന്നിവയിലേക്ക് വെളിച്ചം വീശുന്നവയാണ് അവ. ദൈവികവും, മാനുഷികവുമായ കൂട്ടായ്മയും മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധവും ഊട്ടിഉറപ്പിക്കുന്ന നിയമാവലികൾ അതിൽ ഉണ്ട്.

സീനായ് പർവ്വതത്തിൽ വച്ച് മോശയ്ക്ക് ദൈവം പത്തു കല്പനകൾ കൊടുത്തു. അതിന് മുമ്പ് ഗോത്രങ്ങൾക്ക് ചില നിയമസംവിധാനങ്ങൾ ഉണ്ടായിരുന്നതായിട്ട് സമാന്തര സമൂഹങ്ങളുടെ ചരിത്രം തെളിയിക്കുന്നു. മാരി, നുസി എന്നീ ഫലകങ്ങളിൽ ചില നിയമങ്ങൾ കാണാം. ഭാര്യയിൽ മക്കളില്ലെങ്കിൽ ദാസിയെ പരിഗ്രഹിക്കേണ്ട സാഹചര്യം. അവകാശികളായി മക്കളില്ലെങ്കിൽ ദാസനെ മകനായി അംഗീകരിക്കേണ്ട രീതി, മച്ചിയായ ഭാര്യയ്ക്ക് പകരം മറ്റൊരു സ്ത്രീയെ പരിഗ്രഹിക്കാനുള്ള അനുവാദം (ഉല്പ. 16:1-6). കുലദൈവങ്ങളുടെ ഗൃഹവിഗ്രഹങ്ങൾ കൈവശമാക്കുന്നത് പിതൃത്വത്തിന്റെ അവകാശം കരസ്ഥമാകുന്നതിന്റെ അച്ചാരം (ഉല്പ. 31:19). മരണക്കിടക്കയിൽ വച്ച് നൽകുന്ന വാഗ്ദത്തത്തിന്റെ നിയമം പ്രാബല്യം (ഉല്പ. 24:1-9).

രക്തപ്രതികാരം, പുരാതനവംശങ്ങളിൽ നിലനിന്നിരുന്നു. സമൂഹത്തിലെ ഒരംഗത്തിന് നാശം വരുമ്പോൾ, വന്നുകൂടുന്ന വിനയ്ക്ക് പരി

ഹാരമാർഗ്ഗമായി അതിനെ കരുതി കുടുംബത്തിന്റെ കർത്തവ്യമായിരുന്നു രക്തപ്രതികാരം (ന്യായാ. 8:18–21). ഇസ്രായേൽക്കാർക്കു മാത്രമല്ല, ചുറ്റു പാടുമുള്ള സമൂഹത്തിനും, വിവാഹം, രക്തപ്രതികാരം, അവകാശിക ളുടെ ദത്തെടുക്കൽ എന്നിവയെ പരാമർശിക്കുന്ന നിയമസംവിധാനങ്ങൾ ഉണ്ടായിരുന്നു. വിവിധ വംശങ്ങൾ തമ്മിലുള്ള ഉടമ്പടികളെ കേന്ദ്രീകരി ച്ചുള്ള നിയമങ്ങളും നിലവിലുണ്ടായിരുന്നു (ഉല്പ. 31:43–54). ഉടമ്പടി കൾ പരസ്പരസമ്മതത്തോടെയുള്ള പ്രതിജ്ഞയോടെയാണ് പൂർത്തീ കരിച്ചിരുന്നത്. ദൈവത്തിന്റെ ശിക്ഷ വാഗ്ദത്തം ഹനിക്കുന്ന ഘടക കക്ഷി യുടെമേൽ ഉണ്ടാകുവാൻ ശപഥമെടുത്തിരുന്നു. ഊർ പട്ടണത്തിലെ, സുമേരിയൻ രാജാവായ ഊർ–നമ്മു അമോര്യ രാജാവായ എഫ്നുനാ പട്ടണത്തിലെ ബിലാലാമാ, ഇസിൻ പട്ടണത്തിലെ ഭരണകർത്താവായ സുമേരിയൻ–അക്കേദിയൻ താവഴിയിലെ ലിപ്റ്റ്–ഇഫ്ത്താർ, ബാബിലോ ണിലെ ഹജമ്മുറാബി എന്നിവരുടെ നിയമസംവിധാനങ്ങൾ ($18^{th}$ century) ഹിത്യരുടെ നിയമങ്ങൾ എന്നിവ, ഇസ്രായേൽക്കാരുടെ നിയമങ്ങ ളിലേക്ക് വെളിച്ചം നൽകുന്നവയാണ്. ചുറ്റുപാടുമുള്ള സമൂഹത്തിന്റെ നിയമാവലികൾ, ഇസ്രായേൽക്കാരെ ഏതു രീതിയിലാണ് സ്വാധീനിച്ചി രിക്കുന്നത്, അവരുടെ ബന്ധം എങ്ങനെയാണ് എന്നത് നിർവ്വചിക്കാൻ സാധ്യമല്ല. വേദപണ്ഡിതന്മാർക്കിടയിൽ അഭിപ്രായ ഐക്യമില്ലാത്ത വിഷയമാണത്. മദ്ധ്യപൗരസ്ത്യദേശത്ത് നിലവിലിരുന്ന നിയമങ്ങളുടെ ഘടനയുമായിട്ട് സാമ്യം കാണാം. മുഖവുരയിലും, നിയമങ്ങളുടെ ഉള്ള ടക്കത്തിലും, ഉപസംഹാരത്തിലും സമാനതകൾ കാണാം. നിയമങ്ങൾ ദൈവത്തിൽ നിന്നാണെന്നും, അവ നടപ്പിൽ വരുത്തേണ്ട ചുമതല രാജാ വിനാണെന്നും കാണാം. കല്പന ലംഘിക്കുന്നവർക്ക് ശിക്ഷയും നിയമ ങ്ങളുടെ അന്ത്യഭാഗത്ത് പരാമർശിക്കുന്നു. ദൈവംപോലും നിയമങ്ങൾക്ക് വിധേയനാണെന്ന് ചുറ്റുപാടുമുള്ള ജനത വിശ്വസിച്ചിരുന്നു.

ന്യായപ്രമാണവും, മോശയും തമ്മിൽ അഭേദ്യമായ ബന്ധമുണ്ട്. മോശയുടെ ന്യായപ്രമാണമെന്ന പ്രതിപാദനം ഈ പ്രാധാന്യം എടുത്തു കാണിക്കുന്നു (നെഹ. 8:1).

അടിമകളായി മിസ്രയേമിൽ കഴിഞ്ഞിരുന്നവരെ മോശയുടെ നേതൃ ത്വത്തിൽ ദൈവം മോചിപ്പിച്ച് ഒരു സമൂഹമാക്കി. അബ്രഹാമിനോട് ചെയ്ത ഉടമ്പടിയുടെ പിന്തുടർച്ചക്കാരുടെ അവകാശഭൂമിയുടെ വാഗ്ദത്തം നിറവേറുവാൻ നയിച്ചു. അതിനെ അനുസ്മരിച്ചുകൊണ്ടു ള്ളതാണ് സീനായ് പർവ്വതത്തിൽ വച്ച് മോശ മൂലം നൽകിയ കല്പന കൾ.

പത്തു കല്പനകളുടെ വിവരണം പുറപ്പാട് 20:2–17–ലും ആവ.

5:6–21-ലും കാണാം. പത്തു കല്പനകളുടെ മുഖവുരയിൽ രക്ഷാചരിത്രത്തിന്റെ ഹ്രസ്വമായ വിവരണം ഉണ്ട്. 'അടിമവീടായ' മിസ്രയീം ദേശത്തുനിന്ന് നിന്നെ കൊണ്ടുവന്ന യഹോവയായ ഞാൻ നിന്റെ ദൈവം ആകുന്നു (പുറ. 20:1). പത്തു കല്പനകളിൽ എട്ട് എണ്ണം നിരോധനാജ്ഞകളാണ്. എബ്രായ ഭാഷയിലെ നിരോധനത്തിന്റെ പദമായ ലൊ എന്ന വാക്ക് ക്രിയയ്ക്ക് തൊട്ടു മുമ്പു കാണാം. 2 എണ്ണം ചെയ്യുവാനുള്ള കല്പനകളാണ്. ശബ്ബത് ആചരിക്കാനും, മാതാപിതാക്കന്മാരെ ബഹുമാനിക്കാനും ഉള്ളവ (പുറ. 20:8–11, പുറ. 20:12). ശബ്ബത്താചരണം സൃഷ്ടിയുമായിട്ട് ബന്ധപ്പെടുത്തിയിരിക്കുന്നു. ശബ്ബത്താചരണം ഇസ്രായേൽക്കാർക്ക് മാത്രമല്ല, ദാസനും, ദാസിക്കും, കന്നുകാലികൾക്കും, പരദേശിക്കും ബാധകമാണ്. ദൈവസ്വഭാവത്തിനു നിരക്കാത്ത കാര്യങ്ങളും പ്രവർത്തനങ്ങളും നിരോധിച്ചുകൊണ്ടുള്ള നിയമസംവിധാനങ്ങളാണവ. സമൂഹത്തിന്റെ കെട്ടുറപ്പിനും ഭദ്രതയ്ക്കും അതു ശക്തിയായ അടിസ്ഥാനമായി നിലകൊണ്ടു. പുറപ്പാട് പുസ്തകത്തിൽ ഉടമ്പടി നിയമങ്ങൾ എന്ന ശീർഷകത്തിൽ (20:22–33) ഒരു ഗണം നിയമാവലികൾ ഉണ്ട്. പുറ. 20:1-ൽ കാണുന്നതുപോലെ ഒരു മുഖവുര അതിലുണ്ട് (പുറ. 20:22). 1902-ലാണ് ഹമ്മുറാബിയുടെ നിയമങ്ങൾ കണ്ടെടുത്ത് പ്രസിദ്ധീകരിച്ചത്. മെസപ്പൊത്തോമിയയിൽ നിലവിലിരുന്ന നിയമങ്ങളോട് സമാനമായ നിയമങ്ങൾ ആണ് ഉടമ്പടി നിയമഗണത്തിൽ കാണുന്നത്. മെസപ്പൊത്തോമിയയിലെ ഏഷ്ഠന്നയിലെ ലിഖിതത്തിൽ (ബി.സി. 20-ാം നൂറ്റാണ്ട്) പുറപ്പാട് പുസ്തകം 21:35-ൽ കാണുന്ന ഒരു നിയമത്തോട് സാമ്യമുള്ള ഒരു നിയമമുണ്ട്. 'ഒരുത്തന്റെ കാള മറ്റൊരുത്തന്റെ കാളയെ കുത്തീട്ട് അതു ചത്തുപോയാൽ അവർ ജീവനോടിരിക്കുന്ന കാളയെ വിറ്റ് അതിന്റെ വില പകുത്തെടുക്കേണം, ചത്തുപോയതിനെയും പകുത്തെടുക്കേണം.'

യഥാർത്ഥ സത്യദൈവം യഹോവയാണ് (പുറ. 20:23–26). വിഗ്രഹാരാധനയെ നിശിതമായി വിമർശിക്കുകയും, യഹോവയുമായി ഉടമ്പടി ബന്ധത്തിൽ വന്ന തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ സമൂഹത്തിന് അതുമായി യാതൊരു ബന്ധവും പാടില്ലയെന്ന് നിഷ്ക്കർഷിച്ചിരുന്നു (പുറ. 20:23). അടിമത്തം നിലവിലിരുന്ന സാഹചര്യത്തെ പ്രതിഫലിപ്പിക്കുന്ന നിയമങ്ങൾ കാണാം (പുറ. 21:1–11). ആദ്യകാലങ്ങളിൽ ആറു സംവത്സരം ജോലി ചെയ്തതിന് ശേഷം ഏഴാം വർഷം ആൺ അടിമകളെ മോചിപ്പിക്കുന്ന രീതിയുണ്ടായിരുന്നു. ഭാര്യയും, മക്കളും, യജമാനന് വച്ചിട്ടുപോകണം (പുറ. 21:7). അതിനുശേഷം ഉണ്ടായ നിയമത്തിൽ സ്ത്രീപുരുഷ വിവേചനം കൂടാതെ സ്വതന്ത്രരാക്കുന്നതും കാണാം (പുറ. 21:3).

## മനുഷ്യരുടെ കുറ്റങ്ങൾക്കുള്ള ചില ശിക്ഷകൾ

'ഒരു മനുഷ്യനെ അടിച്ചു കൊല്ലുന്നവൻ മരണശിക്ഷ അനുഭവിക്കണം' (പുറ. 21:12). അപ്പനെയും, അമ്മയെയും അടിച്ചു കൊല്ലുന്നവനും, മരണശിക്ഷയാണ് (പുറ. 21:15).

യാദൃശ്ചികമായി ഒരാൾ അടിപിടിയിൽ മുറിവേറ്റ് മരിക്കാതെ ഇരുന്നാൽ അവന്റെ ചികിത്സയ്ക്ക് വേണ്ടതു ചെയ്യണം (പുറ. 21:19). വിവിധ രീതിയിലുള്ള അപകടങ്ങൾക്ക് കാരണക്കാർ ആവുന്നവർക്ക് ശിക്ഷ കല്പിക്കുന്ന നിയമങ്ങൾ ഉണ്ട് (പുറ. 21:21). ഗർഭിണിയെ അടിച്ചിട്ട്, അവളുടെ ഗർഭം അലസിയാൽ ന്യായാധിപന്മാർ വിധിക്കുന്ന ശിക്ഷ കൊടുക്കേണം (പുറ. 21:22). നാശം വരുത്തുന്നവർക്കു, നാശത്തിന് തുല്യശിക്ഷയാണ് കല്പിച്ചിരുന്നത്, അതിനപ്പുറം ശിക്ഷ പാടില്ല (പുറ. 22:24-25).

മൃഗം മൂലം ജീവഹാനി ഉണ്ടായാൽ അതിന് കാരണമാക്കിയ മൃഗത്തെ നിഹനിക്കണം (പുറ. 21:28). ഒരു കാള, കുത്തുന്നത് ആണെന്ന് അറിഞ്ഞിരിക്കേ അതിനെ സൂക്ഷിക്കാതെ, അത് ആരെയെങ്കിലും ഉപദ്രവിച്ച് ജീവഹാനിക്ക് ഇടയാക്കിയാൽ ഉടമസ്ഥന് മരണശിക്ഷയാണ് വിധിച്ചിരുന്നത് (പുറ. 21:29). അശ്രദ്ധമായ പെരുമാറ്റംകൊണ്ട് മറ്റുള്ളവർക്ക് ഉപദ്രവം ഉണ്ടാക്കിയാൽ അതിന്റെ പരിഹാരം ചെയ്യണം. 'ഒരുത്തൻ ഒരു കുഴി തുറന്നുവെയ്ക്കുകയോ കുഴി കുഴിച്ചു അതിനെ മൂടാതിരിക്കുകയോ ചെയ്തിട്ട്, അതിൽ ഒരു കാളയോ, കഴുതയോ വീണാൽ, കുഴിയുടെ ഉടമസ്ഥൻ വില കൊടുത്ത് അതിന്റെ യജമാനന് തൃപ്തിവരുത്തേണം. എന്നാൽ ചത്തുപോയത് അവനുള്ളതായിരിക്കേണം' (പുറ. 21:33-34). (1) കർഷക പശ്ചാത്തലം പ്രതിഫലിപ്പിക്കുന്ന നിയമങ്ങളാണത്. (2) സമസൃഷ്ടികളോട് കരുണയും, ആർദ്രതയും കാണിക്കുന്ന നിയമങ്ങളാണ്. (3) ദൈവസ്വരൂപത്തിൽ സൃഷ്ടിക്കപ്പെട്ട മനുഷ്യനോട് പ്രത്യേക പരിഗണന ഉണ്ടായിരുന്നു. വസ്തുവകകൾ മോഷ്ടിച്ചാൽ അതിന് പരിഹാരമായി ചെയ്യേണ്ട നിയമങ്ങളും, പോംവഴികളുമുണ്ട്. ഒരുത്തൻ ഒരു കാളയെയോ ഒരു ആടിനെയോ, മോഷ്ടിച്ചു അറുക്കുകയാകട്ടെ വിൽക്കുകയാകട്ടെ ചെയ്താൽ അവൻ ഒരു കാളയ്ക്ക് അഞ്ചു കാളയേയും ഒരു ആടിനു നാല് ആടിനെയും പകരം കൊടുക്കേണം (പുറ. 22:1).

'കള്ളൻ വീടു മുറിക്കുമ്പോൾ പിടിക്കപ്പെട്ടു അടികൊണ്ടു മരിച്ചു പോയാൽ അവനെ സംബന്ധിച്ചു കൊലപാതകമല്ല. എന്നാൽ അതു നേരം വെളുത്തിട്ടാണെങ്കിൽ രക്തപാതം ഉണ്ട്' (പുറ. 22:2-3).

ഒരുത്തൻ മറ്റൊരുവന്റെ വയലോ മുന്തിരിത്തോട്ടമോ തീറ്റിക്കുകയാകട്ടെ, തന്റെ കന്നുകാലിയെ അഴിച്ചുവിട്ടു അതു മറ്റൊരുത്തന്റെ വയലിൽ മേയുകയാകട്ടെ ചെയ്താൽ, അവൻ തന്റെ വയലിലുള്ളതിൽ ഉത്തമമാ

യത് പകരം കൊടുക്കേണം (22:5). തീ കത്തിച്ചു നാശം വരുത്തിയാൽ ഉള്ള ശിക്ഷയും, പരിഹാരവും പുറ. 22:6-ൽ കാണാം. വസ്തുവക സൂക്ഷിക്കാൻ ഏല്പിച്ച് അത് കള്ളൻ കൊണ്ടുപോയാൽ, കള്ളനെ പിടികിട്ടിയാൽ അവൻ ഇരട്ടി പകരം കൊടുക്കേണം (പുറ. 22:9). ഇത് വ്യക്തമാക്കുന്നത്, സകല നിയമങ്ങളും കാത്തുസൂക്ഷിക്കുന്നത് ദൈവമാണ് എന്നാണ് (പുറ. 22:9). സമൂഹത്തിൽ, അവഗണിക്കപ്പെട്ടവർക്കും തുണയില്ലാത്തവർക്കും പ്രത്യേക പരിഗണന നൽകണം. പരദേശിയെ പീഡിപ്പിക്കരുത്, ഉപദ്രവിക്കുകയുമരുത്. നിങ്ങൾ മിസ്രയീം ദേശത്ത് പരദേശികൾ ആയിരുന്നുവല്ലോ (പുറ. 22:21). 'വിധവയെയും, അനാഥനെയും നിങ്ങൾ ക്ലേശിപ്പിക്കരുത്. അവരെ വല്ലപ്രകാരത്തിലും ക്ലേശിപ്പിക്കയും അവർ എന്നോട് നിലവിളിക്കുകയും ചെയ്താൽ ഞാൻ അവരുടെ നിലവിളി കേൾക്കും, എന്റെ കോപവും ജ്വലിക്കും. ഞാൻ വാൾകൊണ്ട് നിങ്ങളെ കൊല്ലും. നിങ്ങളുടെ സ്ത്രീകൾ വിധവമാരും നിങ്ങളുടെ പൈതങ്ങൾ അനാഥരുമായിത്തീരും' (പുറ. 22:21-24). ദരിദ്രന് പണം കൊടുക്കുമ്പോൾ പലിശ വാങ്ങരുത്. വസ്ത്രം പണയം വാങ്ങിയാൽ സൂര്യൻ അസ്തമിക്കും മുമ്പെ മടക്കിക്കൊടുക്കണം (പുറ. 22:26).

കൂടാതെ, കെട്ടിടത്തിന്റെ മട്ടുപ്പാവിൽ അഴികൾ കെട്ടുക. പുതുതായി വിവാഹം കഴിച്ചവർക്ക് സൈനിക സേവനത്തിൽ നിന്ന് മോചനം നൽകുക, യുദ്ധത്തിന്റെ ക്രൂരമായ ശിക്ഷയിൽനിന്ന് മോചനം നൽകുക എന്നിവയും നിയമങ്ങളാണ്.

'ഒരു പുരുഷൻ പുതുതായി ഒരു സ്ത്രീയെ പരിഗ്രഹിച്ചിരിക്കുമ്പോൾ അവൻ യുദ്ധത്തിന് പോകരുത്. അവൻ ഒരു സംവത്സരത്തേക്കു സ്വതന്ത്രനായി താൻ പരിഗ്രഹിച്ച ഭാര്യയെ സന്തോഷിപ്പിക്കേണം'. നിന്റെ സഞ്ചിയിൽ തൂക്കം ഏറിയതും കുറഞ്ഞതുമായ രണ്ടുതരം പടി ഉണ്ടാകരുത് (ആവ. 24:5). നീതിനിഷ്ഠമായ പെരുമാറ്റത്തിന്റെ ഉത്തമ മാതൃകകൾ, കൊടുക്കൽ വാങ്ങലിൽ കാണാം. 'നിന്റെ വീട്ടിൽ മുറുക്കവും, ഇളപ്പവുമായ രണ്ടുതരം പറയും ഉണ്ടാകരുത്' (ആവ. 25:13-14). 6-ാം നൂറ്റാണ്ടിൽ ഉണ്ടായ ചരിത്രസംഭവങ്ങൾ അവരുടെ ചിന്താഗതിയിലും, വീക്ഷണത്തിലും ചില വ്യതിയാനങ്ങൾ ഉണ്ടാക്കി. അസ്സീരിയൻ ആക്രമണം മൂലം ശമരിയ തകർന്നു. ഇസ്രയേലിന് നാശം ഭവിച്ചു. തെക്കെ രാജ്യമായ യഹൂദ്യ, ബാബിലോൺ ആക്രമണത്തിന് വിധേയമായി. മേലേക്കിടയിലുള്ളവർ പ്രവാസികളായി ബാബിലോണിലേക്ക് നാടുകടത്തപ്പെട്ടു. യഹോവയുമായുള്ള ഉടമ്പടിക്ക് കോട്ടം ഭവിച്ചോയെന്ന ചോദ്യം അവരുടെ മനസ്സിൽ ഉയർന്നു. ഇസ്രയേൽക്കാരുടെ പാപവും കല്പന ലംഘനവും മൂലം ഉടമ്പടി പുതുക്കേണ്ട സാഹചര്യം ഉണ്ടായി. പുതിയ ഉടമ്പടി ദൈവം തന്നെ മുൻകൈയെടുത്തു സ്ഥാപിച്ചു (യെശയ്യ 61:1-11).

പ്രവാസവും തിരിച്ചുവരവും അവരുടെ ചിന്താഗതിയിൽ ചില മാറ്റങ്ങൾ സൃഷ്ടിച്ചു. ബാബിലോണിലെ താമസവും, വ്യാപാരവും തന്മൂലമുണ്ടായ സാമ്പത്തിക നേട്ടവും ധനവാന്മാരും, ഇടത്തരക്കാരുമായ സമൂഹത്തിന്റെ വിടവ് വർദ്ധിപ്പിച്ചു. അത് പുതിയ രീതിയിലുള്ള ജീവിത വീക്ഷണത്തിനും, മൂല്യനിർണ്ണയത്തിനും വ്യക്തിയും, സമൂഹവും തമ്മിലുള്ള ബന്ധത്തിനും പുതിയ നിർവ്വചനങ്ങൾ കൊടുക്കേണ്ട സാഹചര്യം സൃഷ്ടിച്ചു. ഇസ്രായേലിനെ വീണ്ടെടുത്ത ദൈവം മാത്രമാണ് ദൈവമെന്നും, മറ്റു ദേവന്മാർക്കു അസ്തിത്വമില്ലെന്നുമുള്ള നിഗമനത്തിൽ എത്തി. ദൈവം സൃഷ്ടിച്ചതിന് ശേഷം നടത്തുന്നുവെന്നും ധാർമിക പ്രമാണങ്ങൾക്ക് ദൈവം വളരെ പ്രാധാന്യം കൊടുക്കുന്നുവെന്നുമുള്ള ചിന്ത ഇതര മതങ്ങളിൽ നിന്നുള്ള വ്യത്യാസ ചിന്താഗതിക്കു മാറ്റുകൂട്ടി.

പിന്നീട് യഹൂദ ചിന്താഗതിയിൽ ചില പുതിയ മാനങ്ങൾക്കു പ്രാധാന്യം കണ്ടെത്തി: (1) സമ്പത്തും, സമ്പത്ത് ആർജ്ജിക്കാനുള്ള ആർത്തിയും സമൂഹത്തിൽ കൂടുതലായി. ധനവാൻ-ദുഷ്ടൻ, ദരിദ്രൻ-നല്ലവൻ എന്നീ പദങ്ങൾ പര്യായ പദങ്ങളായി ഉപയോഗിക്കുവാൻ തുടങ്ങി. ദൈവസ്വഭാവത്തോട് നിരക്കുന്ന ധാർമിക നിലവാരത്തിന് സമൂഹത്തിൽ അതുല്യമായ സ്ഥാനം ഉണ്ടായി.

(2) ഇസ്രായേൽ സമൂഹത്തിന്റെ കലർപ്പില്ലാത്ത വംശപാരമ്പര്യം നിലനിർത്തുന്നതും, അഭംഗുരം കാത്തുസൂക്ഷിക്കുന്നതുമായ സമൂഹഘടനയ്ക്ക് പ്രാധാന്യം ലഭിച്ചു. ചിതറിപ്പാർത്ത യഹൂദന്മാരുമായി സമ്പർക്കത്തിൽ വന്ന ഇതര മതാനുയായികൾ യഹൂദന്മാരുടെ ഉന്നതമായ ധാർമിക നിലവാരവും, മൂല്യനിർണ്ണയവും കണ്ട് ആകർഷിക്കപ്പെട്ടു.

(3) ദേവാലയത്തിലെ യാഗങ്ങൾ നിന്നുപോയപ്പോൾ ന്യായപ്രമാണവും, അതോടനുബന്ധിച്ചുള്ള ആത്മീയ മൂല്യങ്ങളും പുതിയ മാനവും, പ്രാധാന്യവും കൈവരിച്ചു. പ്രാർത്ഥനയും, ദിവ്യകാരുണ്യ പ്രവർത്തനങ്ങളും ന്യായപ്രമാണം ആചരിക്കുന്നതുപോലെ പ്രാധാന്യം ഉള്ളതാണെന്നും കണ്ടെത്തി.

(4) ആദിമഘട്ടങ്ങളിൽ സമൂഹത്തിനായിരുന്നു പ്രാധാന്യം. കാലക്രമത്തിൽ വ്യക്തിയുടെ അസ്തിത്വവും സ്വാതന്ത്ര്യവും, വർദ്ധിച്ചു. വ്യക്തികൾ ജീവൽപ്രധാനമായി പരിലാളിച്ചു വളർത്തിയ സാമൂഹ്യബോധം അവരുടെ സമൂഹത്തിന്റെ കെട്ടുറപ്പിന് അനുയോജ്യമായ കോട്ടയായി.

ഇസ്രയേൽക്കാർ വിവിധ പ്രശ്നങ്ങൾ അഭിമുഖീകരിച്ചപ്പോൾ അവയെക്കുറിച്ച് തീരുമാനമെടുക്കേണ്ട സാഹചര്യങ്ങൾ ഉണ്ടായി. രണ്ടാം വിവാഹവും, കുടുംബജീവിതവും പല പ്രശ്നങ്ങളെ സൃഷ്ടിച്ചു.

പിതാവിന് പ്രാമാണ്യം കൊടുക്കുന്ന സാമൂഹ്യ വ്യവസ്ഥിതിയാണ് ഇസ്രാ യേൽക്കാർക്കുണ്ടായിരുന്നത്. പിതാവിന് കുടുംബത്തിൽ വലിയ അധി കാരമുണ്ടായിരുന്നു. സ്ത്രീയുടെ അധികാരം, വസ്തുവകകളുടെ ഉടമ സ്ഥതയിലും അവകാശത്തിലും ഒതുങ്ങിയിരുന്നു (സംഖ്യ 27:1–11). കൂടാതെ സ്ത്രീയുടെ അവകാശം, ശപഥം എന്നിവ പുരുഷന്റെ മേധാ വിത്വത്തിൽ സംരക്ഷിക്കപ്പെട്ടിരുന്നു. ആദ്യം പിതാവിന്റെയും പിന്നെ ഭർത്താവിന്റെയും സംരക്ഷണയിൽ അവൾ കഴിഞ്ഞു. വിവാഹം വേർ പെടുത്തുവാൻ ഭർത്താവിനു മാത്രമേ അവകാശം ഉണ്ടായിരുന്നുള്ളു. പ്രതിസന്ധി ഘട്ടങ്ങളിൽ സ്ത്രീക്ക് നിയമം സംരക്ഷണം നൽകി (ആവ. 22:13–21). കുറ്റം ചെയ്ത സ്ത്രീ ശിക്ഷയായിട്ട് കല്ലെറിഞ്ഞു കൊല്ലപ്പെട്ടു.

മാതാപിതാക്കന്മാരെ അനുസരിക്കുകയെന്നത് മക്കളുടെ കർത്തവ്യ മായിരുന്നു. അനുസരണക്കേട് കാട്ടിയാൽ നിർദ്ദയം ശിക്ഷിക്കുന്ന നിയ മങ്ങളും ഉണ്ടായിരുന്നു. മകൻ അനുസരിക്കാതിരുന്നാൽ 'ഞങ്ങളുടെ ഈ മകൻ ശഠനും മത്സരിയും ഞങ്ങളുടെ വാക്കു കേൾക്കാത്തവനും തിന്നിയും കുടിയനും ആകുന്നു എന്നു പട്ടണത്തിലെ മൂപ്പന്മാരോട് പറ യേണം. പിന്നെ അവന്റെ പട്ടണക്കാർ എല്ലാവരും അവനെ കല്ലെറിഞ്ഞു കൊല്ലണം' (ആവ. 21:20–21).

### ലൈംഗിക കാര്യങ്ങളിലുള്ള പെരുമാറ്റചട്ടം

പുരുഷമേധാവിത്വമാണ് ഇസ്രായേൽക്കാരുടെ സമൂഹജീവിതത്തിൽ നിലനിന്നിരുന്നത്. കുടുംബതലവന്മാർ അവകാശങ്ങൾ സംരക്ഷിക്കുന്ന തിന്റെ നേതൃത്വവും ഉത്തരവാദിത്വവും ഏറ്റെടുത്തിരുന്നു. ബഹുഭാര്യാ ത്വവും, ദാസികളെ ഭാര്യമാരായി സ്വീകരിക്കുന്ന രീതിയും നിലനിന്നി രുന്നു. വ്യഭിചാരം കർശനമായി വിലക്കിയിരുന്നു (ഉല്പ. 38:12–26). ലൈംഗികമായ പരിശുദ്ധിയും, പരിപാവനതയും, കാത്തുസൂക്ഷിക്കാത്ത വരെ കഠിനമായി ശിക്ഷിച്ചിരുന്നു (ആവ. 22:20–27).

മൃഗങ്ങളുമായുള്ള ലൈംഗികബന്ധം മതപരമായ പ്രാധാന്യവും പരി വേഷവും നൽകി ഈജിപ്തുകാരിൽ നിലവിലിരുന്നു. ഇസ്രായേൽക്കാർ അതിനെ ശക്തിയായി വിമർശിക്കുന്ന നിയമങ്ങളും കാണാം.

### ധാർമ്മിക പ്രമാണങ്ങളും രാജാക്കന്മാരും

ദൈവത്തിന്റെ പ്രതിനിധികളായി, ഉത്തരവാദിത്വബോധത്തോടെ ഭരണം നടത്താൻ വിളിച്ച്, വേർതിരിച്ച് അഭിഷേകം ചെയ്യപ്പെട്ട രാജാക്ക ന്മാർക്കു ദൈവത്തോടും ഇസ്രായേൽ ജാതിയോടും കടപ്പാടുണ്ടായി രുന്നു. ധാർമ്മികപ്രമാണങ്ങൾ അനുസരിച്ച് ജീവിക്കാൻ രാജാക്കന്മാർ ബാധ്യസ്ഥരായിരുന്നു. ഊറിയയുടെ ഭാര്യയെ വിളിച്ചുവരുത്തി ഗർഭവ തിയാക്കിയ ദാവീദ് രാജാവിനെ നാഥാൻ പ്രവാചകൻ നിശിതമായി

വിമർശിച്ചു. പാപം മറച്ചുവെയ്ക്കാൻ ഊറിയായെ കൊന്നതിനെയും ചൂണ്ടിക്കാണിച്ച് അനുതാപത്തിലേക്ക് ആനയിച്ചു. നാബോത്തിന്റെ മുന്തിരിത്തോട്ടം കൈവശമാക്കിയ ആഹാബും, ഇസബേലും ഏലിയാ പ്രവാചകന്റെ ധാർമ്മികരോഷത്തിന് വിധേയരായി. രാജാവ്, ധാർമികപ്രമാണങ്ങൾക്ക് അതീതനല്ല, വിധേയനാണ്. ഇസ്രായേൽക്കാർ ദൈവസ്വരൂപത്തിനും, ദൈവത്തിന്റെ ഹിതത്തിനും അനുയോജ്യമായ, ഉന്നതമായ ധാർമികനില കാത്തുസൂക്ഷിക്കുവാൻ നേതൃത്വം നൽകുന്ന രാജാവും ധാർമിക പ്രമാണങ്ങൾ അനുസരിച്ച് മാതൃകാപരമായ ജീവിതം നയിക്കണമെന്ന് ഉറപ്പിച്ച് സ്ഥാപിക്കുന്ന പ്രമാണങ്ങൾ കാണാം.

### ഉന്നതമായ ധാർമിക നിലവാരം

ഉന്നതമായ ധാർമിക പ്രമാണവും, ഓരോ പ്രത്യേക സാഹചര്യത്തിലാണ് രൂപംപ്രാപിക്കുന്നത്. പ്രമാണങ്ങൾ എല്ലാംതന്നെ സമൂഹത്തിലെ വിവിധ പ്രശ്നങ്ങളെ പ്രതിഫലിപ്പിക്കുന്നു. അവയ്ക്കു പരിഹാരം കാണാൻ ചിന്തിക്കുന്നവർ കണ്ടുപിടിച്ച പരിഹാരമാർഗ്ഗങ്ങളും കാണാം. അവയിൽ മോഹത്തിന്റെയും മോഹഭംഗത്തിന്റെയും ഉദാഹരണങ്ങൾ ദർശിക്കാം. ഉന്നത ധാർമിക നിലവാരം കാത്തുസൂക്ഷിക്കാൻ സഹായകമായ പ്രേരകശക്തിയും, അതിന്റെ ഉറവിടവും ആശ്രയിച്ചാണ് ഔന്നത്യം നിലനിന്നു പോന്നത്. ദൈവസ്വഭാവത്തിന് അനുയോജ്യമായ ഉന്നതമായ ധാർമിക മാനദണ്ഡം ഇസ്രായേൽക്കാരെ സമീപവാസികളിൽ നിന്ന് വേർതിരിച്ച് ഉന്നതനിലവാരം പുലർത്തുവാൻ സഹായിച്ചു.

## പാഠം 5

# ധാർമിക പ്രമാണങ്ങൾ

വി. വേദപുസ്തകത്തിലെ ധർമ്മശാസ്ത്രത്തിന്റെ അടിസ്ഥാന പ്രമാണം, ദൈവത്തെ സ്നേഹിക്കുക, മനുഷ്യനെ സ്നേഹിക്കുക എന്നതാണ്. ഒരു തലക്കെട്ടിൻകീഴിൽ ഒതുക്കി നിർത്താവുന്ന ഏകീകൃത ധർമ്മശാസ്ത്രം പഴയനിയമ പുസ്തകങ്ങളിൽ കാണുന്നില്ല. കർഷക ജീവിതത്തിലെ പ്രശ്നങ്ങളെ മുമ്പിൽ കണ്ടുകൊണ്ട് അവർക്കു പരിഹാരം നിർദ്ദേശിക്കുന്ന നിയമാവലികളും, പെരുമാറ്റച്ചട്ടങ്ങളുമാണ് പഴയനിയമത്തിൽ ഉടനീളം കാണുന്നത്. തെറ്റ്, ശരി എന്നീ വേർതിരിവുകൾ ഭിന്നമായ സാഹചര്യങ്ങളെയും അവയിൽ നിന്ന് ഉദ്ഭൂതമായ പ്രശ്നങ്ങളെയും ആശ്രയിച്ചാണിരിക്കുന്നത്. അങ്ങിങ്ങായി പരസ്പരവിരുദ്ധമായ നിയമങ്ങളും കാണാം. കുറ്റം ചെയ്യുന്നവന്റെ ഉത്തരവാദിത്വത്തെക്കുറിച്ച് തലമുറതലമുറയായി അതിന്റെ ബാധ്യത നിലനിൽക്കുമെന്നു പരാമർശി

ക്കുന്ന പ്രസ്താവനകൾ ചില ഭാഗങ്ങളിൽ ഉണ്ട് (പുറ. 20:5). അതല്ല, കുറ്റം ചെയ്യുന്നവൻ തന്നെ അതിന്റെ അനന്തരഫലം അനുഭവിക്കുമെന്ന് യെഹസ്ക്കിയേലും യിരെമ്യാവും ഉറപ്പിച്ചു പറയുന്നു (യെഹ. 18:2, യിരെ. 31:29–30). സാഹചര്യത്തിനനുസരിച്ച് ഇസ്രായേൽ ചരിത്രകാരന്മാരും, പ്രവാചകന്മാരും, സങ്കീർത്തനക്കാരും മുൻതൂക്കം നൽകി പ്രസ്താവി ക്കുന്ന കാര്യങ്ങളുമുണ്ട്.

എല്ലാവരും യോജിക്കുന്ന ഒരു പ്രധാന സംഗതിയുണ്ട്. അവരുടെ പ്രതി പാദനത്തിന്റെ മുഖ്യമായ കേന്ദ്രം മനുഷ്യനല്ല ദൈവമാണ്. ദൈവത്തിന്റെ ഹിതം, കല്പനകൾ, താൽപര്യം എന്നിവയ്ക്കാണ് മുൻതൂക്കം. മനു ഷ്യന്റെ ജയപരാജയങ്ങൾ ദൈവത്തെ അനുസരിക്കുകയോ അനുസരി ക്കാതിരിക്കുകയോ ചെയ്യുന്നതിനെ ആശ്രയിച്ചാണിരിക്കുന്നത്. “നിങ്ങ ളുടെ ദൈവമായ യഹോവ എന്ന ഞാൻ വിശുദ്ധനാകയാൽ നിങ്ങളും വിശുദ്ധരായിരിപ്പിൻ” (ലേവ്യ 19:2).

പഴയനിയമ പുസ്തകങ്ങളിൽ കാണുന്ന നിയമാവലികൾ കെട്ടുറപ്പു കളും, സംഘർഷമില്ലാത്തതുമായ സമൂഹം കെട്ടിപ്പടുക്കുന്നതിനുവേണ്ടി രൂപംപ്രാപിച്ച പ്രമാണങ്ങൾ എന്നതിനേക്കാൾ കൂടുതലായി ദൈവം നൽ കിയ മാർഗ്ഗരേഖയായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത്. പത്തു കല്പ നകൾ ആരംഭിക്കുന്നതുതന്നെ ദൈവം, ഈ വാക്കുകൾ അരുളിച്ചെയ്തു വെന്ന് പറഞ്ഞുകൊണ്ടാണ് (പുറ. 20:1). നിയമാവലികൾ മനുഷ്യനും മനുഷ്യനും തമ്മിലുള്ള ബന്ധത്തേക്കാൾ കൂടുതലായി മനുഷ്യനും ദൈവവും തമ്മിലുള്ള ബന്ധത്തിനാണ് മുൻതൂക്കം നൽകുന്നത്. ചരി ത്രപരവും, ധാർമ്മികവും, മതപരവുമായ പ്രവർത്തനരംഗങ്ങളിൽ ഈ പ്രധാനമായ വ്യത്യാസം വ്യക്തമായി കാണാം. ഈ അതുല്യ സംഗതി യാണ് ഇസ്രായേൽക്കാരെ സമീപവാസികളായ മറ്റുള്ളവരിൽ നിന്ന് വേർ തിരിച്ച് നിർത്തുന്നത്. മിസ്രയേമിൽ നിന്ന് മോചിപ്പിച്ച് പ്രത്യേക സമൂഹ മാക്കി, വഴിനടത്തി വാഗ്ദത്തദേശം കൊടുത്ത് നന്മയുടെ മുഖാന്തിരമാ ക്കിയത് അനുസരണയുള്ള ജീവിതം നയിച്ച് ദൈവസ്വഭാവത്തിന് അനു യോജ്യമായ ധാർമ്മികജീവിതം നയിക്കുവാനാണ്. സ്രഷ്ടാവായ ദൈവം അവരുമായിട്ട് ഒരു ഉടമ്പടി ഉണ്ടാക്കി. തെരഞ്ഞെടുക്കപ്പെട്ട ഇസ്രായേൽ സമൂഹത്തിന് ശത്രുക്കളിൽനിന്ന് സംരക്ഷണം വാഗ്ദാനം ചെയ്തു. കല്പനകൾക്കനുസരണമായി ജീവിക്കാമെന്ന് ഇസ്രായേൽ സമ്മതിക്കു കയും ചെയ്തു. എന്നാൽ പ്രവാചകന്മാർക്കു മുമ്പ് രൂപംപ്രാപിച്ച സാഹിത്യകൃതികളിൽ ഉടമ്പടിയെക്കുറിച്ച് അധികം പരാമർശം കാണു ന്നില്ല. ഉടമ്പടിയുടെ പുസ്തകത്തിൽ (പുറ. 21:1, 23:19) കാർഷിക സമൂഹം, അടിമകൾ, യജമാനനെ സ്നേഹിക്കുന്ന സാമൂഹ്യ വ്യവസ്ഥിതി, ദാരിദ്ര്യവും പട്ടിണിയും നിലനിൽക്കുന്ന സാഹചര്യം, അതാതു

ദിവസത്തെ സന്ധാരണത്തിനും ഉപജീവനത്തിനും അനുപേക്ഷണീയ മായ ഘടകങ്ങൾ എന്നിവ പ്രതിഫലിക്കുന്നു.

ലൗകികം, ആത്മികം എന്നീ പരിപൂർണ്ണമായ വേർതിരിവ് ഇസ്രാ യേൽക്കാർക്കുണ്ടായിരുന്നില്ല. ഒരു നാണയത്തിന്റെ രണ്ടുവശം പോലെ രണ്ടു തലങ്ങളിലായിരുന്നു അവ. എല്ലാം ദൈവത്തിന്റെ നിയന്ത്രണ ത്തിലും മേൽനോട്ടത്തിലും!

ഏറ്റവും വലിയ പാപം ദൈവത്തിന് എതിരായിട്ടുള്ളതായിരുന്നു. മറ്റുള്ള ദേവന്മാരെ ആരാധിക്കുന്നത് വലിയ കുറ്റമായി കരുതി. ദൈവ ത്തോടൊപ്പം മറ്റു ദേവന്മാരെ ആരാധിക്കുന്നതിനെ നിശിതമായി വിമർശി ക്കുന്ന നിയമങ്ങൾ കാണാം (പുറ. 22:20). യഹോവയ്ക്കു മാത്രമല്ലാതെ വേറെ ദൈവങ്ങൾക്കു യാഗം കഴിക്കുന്നവനെ നിർമ്മൂലമാക്കണം. ദൈവാ രാധനയായിട്ട് മറ്റു ദേവന്മാരെ ആരാധിക്കുന്നവനെ ശക്തിയുക്തം വില ക്കിയിരുന്നു (ആവ. 13:1–18).

### സാമൂഹ്യപ്രതിബദ്ധത

കർഷക സമൂഹത്തിലെ പ്രശ്നങ്ങൾ മുമ്പിൽ കണ്ടുകൊണ്ടാണ് ചില നിയമങ്ങൾ നൽകിയിരിക്കുന്നത്. കൃഷിക്കാരായ അംഗങ്ങൾ മറ്റുള്ളവ രോട് നീതിയും ന്യായവും കാട്ടണം. കുറ്റം ചെയ്യുന്നവർക്കു ശിക്ഷയും പരിഹാര പ്രക്രിയകളും കല്പിക്കുന്നുണ്ട്. വിധവകൾക്കും, അനാഥർക്കും പ്രത്യേക പരിഗണന നൽകി സംരക്ഷിക്കണം. ക്രൂരമായ രീതിയിലുള്ള അടിച്ചമർത്തലും പീഡനവുമാണ് ഏറ്റവും വലിയ പാപം.

ക്രിസ്തുവിന് മുമ്പ് 8-ാം നൂറ്റാണ്ട് ആയപ്പോഴേക്കും ഇസ്രായേൽ സമൂഹത്തിൽ ഒരു വിപ്ലവം തന്നെ ഉണ്ടായി. സുഭിക്ഷതയും, സമ്പത്തും സമൂഹത്തിൽ വർദ്ധിച്ചപ്പോൾ ധനവാന്മാരും, ദരിദ്രരും തമ്മിലുള്ള വിടവും വർദ്ധിച്ചു. ധനവാന്മാർ ദരിദ്രരെ പീഡിപ്പിക്കുവാനും അവരുടെ സാമ്പത്തിക പരാധീനത ചൂഷണം ചെയ്തു ധനം വർദ്ധിപ്പിക്കുവാനും തുടങ്ങി. കള്ളത്തുലാസ് ഉപയോഗിച്ച് സാധാരണക്കാരനെ ഞെക്കിഞെരു ക്കുന്ന വ്യാപാരികളും രംഗത്തുവന്നു. യഹോവയോടുള്ള വിശ്വസ്ത തയ്ക്കും വിധേയത്വത്തിനും കളങ്കം വരുത്തുന്ന രീതിയിൽ അനീതിയും അക്രമവും ഉള്ള പ്രവർത്തനങ്ങളിൽ മുഴുകുവാനും തുടങ്ങി (ആമോ. 3:10, 4:1, 5:11, ഏശാ. 1:15, 5:8).

വിവിധ രീതിയിൽ സാമ്പത്തിക ബാദ്ധ്യതയുള്ള യാഗങ്ങൾ നടത്തി യാൽ എല്ലാം ആയിയെന്നും യഹോവയെ പ്രീതിപ്പെടുത്തുവാൻ സാധി ക്കുമെന്നുമുള്ള അബദ്ധധാരണയിൽ സാധാരണക്കാരായ ഇസ്രായേൽ ക്കാർ എത്തിച്ചേർന്നു. എന്നാൽ എന്താണ് ദൈവം തെരഞ്ഞെടുത്ത

ജനങ്ങളിൽ നിന്ന് പ്രതീക്ഷിക്കുന്നത്. അതിന് മീഖാ പ്രവാചകൻ ഉത്തരം നൽകുന്നു.

“മനുഷ്യാ നല്ലത് എന്തെന്നു അവൻ നിനക്കു കാണിച്ചു തന്നിരിക്കുന്നു. ന്യായം പ്രവർത്തിപ്പാനും, ദയാതൽപ്പരനായിരിപ്പാനും, നിന്റെ ദൈവത്തിന്റെ സന്നിധിയിൽ, താഴ്മയോടെ നടപ്പാനും അല്ലാതെ എന്താകുന്നു യഹോവ നിന്നോട് ചോദിക്കുന്നത്?” (മീഖാ. 6:8). നീതിയെന്നാൽ സത്യസന്ധതയാണ്. അത് ദൈവവുമായുള്ള ബന്ധത്തിലും വിശ്വസ്തതയിലും, പരസ്പരസ്നേഹത്തിലും പ്രതിഫലിക്കണം. ന്യായമെന്നാൽ, നിയമങ്ങൾ പാലിക്കുകയെന്നതിലുപരിയായി ദൈവഹിതം വെളിപ്പെടുത്തപ്പെട്ടിട്ടുള്ള കല്പനകൾക്ക് അനുസരണമായി ജീവിച്ച് ദൈവിക ബന്ധം നിലനിർത്തുക എന്നാണ്. ദൈവവുമായുള്ള വ്യക്തിപരമായ ബന്ധത്തെ ഹനിക്കുന്നതാണ് പാപം.

ആവർത്തനപുസ്തകത്തിൽ ചില നിയമസംഹിതകൾ കാണാം. ഉടമ്പടിയുടെ പുസ്തകത്തിൽ കാണുന്നതിനെക്കാൾ ഉപരിയായി ആവർത്തനപുസ്തകം പുണ്യകേന്ദ്രങ്ങളിലുള്ള ആചാരങ്ങൾക്കും, പ്രക്രിയകൾക്കും പ്രാധാന്യം നൽകുന്നു. കൂടാതെ, സത്യസന്ധത, നീതി, ന്യായം, അധഃകൃതരോടും സമൂഹത്തിൽ വ്യഥ അനുഭവിക്കുന്നവരോടും പ്രത്യേകം പരിഗണന കാണിക്കേണ്ടതിന്റെ പ്രാധാന്യം എന്നിവ ചൂണ്ടിക്കാണിക്കുന്നു. ദയാമസൃണമായ പെരുമാറ്റം മനുഷ്യരോട് മാത്രമല്ല, മൃഗങ്ങളോടും, പക്ഷികളോടും വേണമെന്ന് ഊന്നിപ്പറയുന്നു. വിധവകളോടും, അനാഥരോടും, വിദേശികളോടും, വസ്തുവകകളില്ലാത്ത പുരോഹിതർ, ലേവ്യർ എന്നിവരോടും പരിഗണന കാണിക്കണം (ആവ. 14:29). “നീ ചെയ്യുന്ന സകല പ്രവൃത്തിയിലും നിന്റെ ദൈവമായ യഹോവ നിന്നെ അനുഗ്രഹിക്കേണ്ടതിന് നിന്നോടു കൂടെ ഓഹരിയും അവകാശവും ഇല്ലാത്ത ലേവ്യനും നിന്റെ പട്ടണങ്ങളിലുള്ള പരദേശിയും അനാഥനും വിധവയും വന്നു തിന്നു തൃപ്തരാകേണം.” ദരിദ്രരെക്കുറിച്ച് ഇപ്രകാരം കാണുന്നു. “നിന്റെ ദൈവമായ യഹോവ നിനക്കു തരുന്ന ദേശത്തു ഏതു പട്ടണത്തിലെങ്കിലും ദരിദ്രനായ സഹോദരന്റെ നേരെ നിന്റെ ഹൃദയം കഠിനമാക്കാതെയും, കൈ അടക്കാതെയും, നിന്റെ കൈ അവനുവേണ്ടി തുറന്നു അവനു വന്ന ബുദ്ധിമുട്ടിനു ആവശ്യമായതു വാങ്ങിച്ചു കൊടുക്കണം (ആവ. 15:7).

“പരദേശിയുടെയും അനാഥന്റെയും ന്യായം മറിച്ചു കളയരുത്: വിധവയുടെ വസ്ത്രം പണയം വാങ്ങുകയുമരുത്. നീ മിസ്രയീമിൽ അടിമയായിരുന്നു എന്നും നിന്റെ ദൈവമായ യഹോവ നിന്നെ അവിടെ നിന്നു വീണ്ടെടുത്തു എന്നും ഓർക്കേണം. അതുകൊണ്ടാകുന്നു ഇക്കാര്യം ഞാൻ നിന്നോടു കല്പിക്കുന്നത്” (ആവ. 24:17-18).

നീതിയോടെ പെരുമാറുകയും, ദുഷ്ടന്റെ ന്യായം മറച്ചുകളയാതിരിക്കുകയും ചെയ്യണം (പുറ. 23:6). കൂടാതെ, സമ്മാനം വാങ്ങരുത് എന്ന നിഷ്കർഷയും കാണാം. "സമ്മാനം കാഴ്ചയുള്ളവരെ കുരുടാക്കുകയും, നീതിമാന്മാരുടെ വാക്കുകളെ മറിച്ചു കളയുകയും ചെയ്യുന്നതുകൊണ്ട് നീ സമ്മാനം വാങ്ങരുത്" (പുറ. 23:8).

ന്യായാധിപന്മാർ രണ്ടു വിഭാഗമുണ്ടായിരുന്നു. പുരോഹിത ന്യായാധിപന്മാർ മതപരമായ കാര്യങ്ങൾക്ക് തീർപ്പു കല്പിച്ചു. കുടുംബത്തിലെ മൂപ്പന്മാർ ഇതരകാര്യങ്ങൾക്കും തീരുമാനം ഉണ്ടാക്കി. അവർ കുടുംബതലവന്മാരിൽ നിന്നാണ് തെരഞ്ഞെടുക്കപ്പെട്ടിരുന്നത് (പുറ. 13:26). ഏറ്റവും വലിയ ന്യായാധിപതി ദൈവം തന്നെയാണ് (പുറ. 22:21–24).

ദൈവസ്വഭാവത്തിന് അനുയോജ്യമായ ധാർമ്മിക നിലവാരം കാത്തുസൂക്ഷിക്കുന്നതിനാണ് വിവിധ നിയമങ്ങൾ നൽകപ്പെട്ടത്. തെറ്റിലേക്കും, അധർമ്മത്തിലേക്കും വഴുതിവീഴാതിരിക്കാൻ ആവശ്യമായ സംരക്ഷണ വേലിയായി അവ നിലകൊണ്ടു. ഇസ്രായേലിനെ വിളിച്ചു വേർതിരിച്ചു വഴിനടത്തുന്ന ദൈവത്തിന്റെ രക്ഷാചരിത്രത്തിന്റെ അടിസ്ഥാനത്തിലാണ് വിവിധ പ്രശ്നങ്ങൾക്ക് പരിഹാരമായ നിയമങ്ങൾ രൂപം പ്രാപിച്ചത്. അവയുടെ നിർവ്വഹണം ഒരു ഭാരം എന്നതിനേക്കാൾ, ഉത്തരവാദിത്വ നിർവ്വഹണമായി ഇസ്രായേൽ സന്തോഷത്തോടെ സ്വീകരിച്ച്, അനുസരിച്ചുപോന്നു. ന്യായപ്രമാണ നിയമങ്ങളുടെ അടിസ്ഥാനത്തിൽ കാലത്തിനും, സമയത്തിനും യോജിച്ച രീതിയിൽ വ്യാഖ്യാനങ്ങൾ നൽകി അവയെ സംഗതമാക്കുവാൻ, ശാസ്ത്രികളും പരീശന്മാരും സഹായിച്ചു.

**പാഠം 6**

## വേദശാസ്ത്ര ചിന്തകൾ

ഓരോ സാഹചര്യവും ഓരോ രീതിയിലുള്ള പ്രശ്നങ്ങളെ സൃഷ്ടിക്കുന്നു. ചിന്തിക്കുന്ന മനുഷ്യൻ ദൈവത്തിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് ധ്യാനിക്കുകയും ചോദ്യങ്ങൾ ഉന്നയിച്ച് അവയ്ക്ക് പരിഹാരം കണ്ടെത്താൻ ശ്രമിക്കുകയും ചെയ്യുന്നു. ദൈവിക കല്പനകൾ പ്രമാണിച്ച് ദൈവഹിതത്തിന് അനുയോജ്യമായ ജീവിതം നയിച്ച മനുഷ്യൻ നന്മയ്ക്കു പകരം തിന്മ പ്രതിഫലമായി അനുഭവിക്കുന്നതെന്ത്? ദുഷ്ടനെ ശിക്ഷിക്കുകയും നീതിമാനെ രക്ഷിക്കുകയും ചെയ്യുന്ന ദൈവത്തിന്റെ നീതി നിർവ്വഹണം എപ്പോഴും വിലപ്പോകാത്തതെന്ത്? ഈ പ്രശ്നത്തിന്റെ തീവ്രത വർദ്ധിക്കുന്നത് നീതിമാന്മാരായ ഇസ്രായേൽക്കാർ വിവിധ രീതിയിലുള്ള യാതനയും പീഡനവും അനുഭവിച്ചപ്പോഴാണ്.

പഴയനിയമത്തിലെ ചില പുസ്തകങ്ങളിൽ ഈ ലോകത്തിൽ വെച്ചു തന്നെ ഓരോരുത്തന്റെ പ്രവർത്തിക്കനുസരണമായി പ്രതിഫലം പ്രാപിക്കുമെന്ന ചിന്താഗതി പുലർത്തുന്ന ഭാഗങ്ങൾ കാണാം. ചില സന്ദർഭങ്ങളിൽ അകാരണമായി പീഡിപ്പിക്കപ്പെടുമ്പോൾ ഈ തത്വം പലപ്പോഴും നീതിക്ക് നിരക്കാത്തതായി ഭക്തന്മാർ കണ്ടു. പീഡനം അനുഭവിച്ച് സത്യത്തിനും, നീതിക്കുംവേണ്ടി നിന്ന് സഹനസമരം നടത്തുന്നവർക്കു പുനരുത്ഥാനം ഉണ്ടെന്ന ആശ്വാസകരമായ സന്ദേശം ദാനിയേലിന്റെ പുസ്തകത്തിൽ കാണാം (ദാനി. 12:2). മരണശേഷം മനുഷ്യന്റെ ആത്മാവ് ഷിയോളിൽ ചെന്ന് നിഴൽപോലെയുള്ള ഒരു അവസ്ഥയിൽ കഴിഞ്ഞുകൂടുമെന്ന് ചില ഭാഗങ്ങളിൽ കാണുന്നു (ഉല്പ. 37:35, സങ്കീ. 9:17, ഏശാ. 38:10, ഏശായാ 14:9–11). ആകാശവും, ഭൂമിയും, പാതാളവുമെല്ലാം ദൈവത്തിന്റെ അധീനത്തിലാണെന്നും, ദൈവസാന്നിധ്യം എല്ലായിടത്തുമുണ്ടെന്നും ചില സങ്കീർത്തനങ്ങൾ സാക്ഷിക്കുന്നു (സങ്കീ. 139:8).

പഴയനിയമ, പുതിയനിയമ കാലങ്ങൾക്കിടയിൽ രൂപംപ്രാപിച്ച പുസ്തകഗണത്തിൽ ആത്മാവും, ശരീരവും, മരണത്തിൽ വേർപിരിഞ്ഞതിന് ശേഷം പുനരുത്ഥാനത്തിൽ യോജിക്കുന്ന അവസ്ഥാവിശേഷം സംജാതമാകുമെന്നുള്ള പ്രതീക്ഷയ്ക്ക് ആക്കം വർദ്ധിച്ചു (മർക്കോ. 7:23). ഷിയോളിൽ മരണത്തിനുശേഷം ആത്മാക്കൾ നിത്യമായി കഴിഞ്ഞുകൂടുന്ന സ്ഥിതിവിശേഷമല്ല; മരണത്തിനും, പുനരുത്ഥാനത്തിനും മദ്ധ്യേയുള്ള ഇടക്കാലാവസ്ഥയാണ് അത്.

പ്രവാചകന്മാരുടെ പ്രതീക്ഷയനുസരിച്ച് പുനരുത്ഥാനത്തിന്റെ സന്തോഷം ഈ ലോകത്തിൽ വച്ചുതന്നെ ഭക്തന്മാർ അനുഭവിക്കും. യഹോവയെ സത്യദൈവമായി അംഗീകരിക്കുന്ന പുറജാതിക്കാരും ആ സന്തോഷത്തിൽ പങ്കാളികളാകും. ഭക്തരായ ഇസ്രായേൽക്കാർ ആ വിശ്വാസം കൊണ്ടു തൃപ്തരായില്ല. ഈ ലോകത്തിൽ ദൈവവുമായി സ്ഥാപിച്ച കൂട്ടായ്മ മരണം കൊണ്ട് അവസാനിക്കുന്നില്ലെന്നും പാതാളത്തിൽപോലും മനുഷ്യന് ദൈവത്തെ സ്തുതിക്കാൻ കഴിയുമെന്നും പ്രവാചകന്മാർ ചിന്തിക്കുവാൻ തുടങ്ങി. മനുഷ്യന്റെ വ്യക്തിത്വത്തിന് ഊന്നൽ കൊടുക്കുന്ന യെരമ്യായും, യെഹസ്ക്കിയേലും ഓരോ വ്യക്തിയും ചെയ്ത പാപത്തിന്റെ അനന്തരഫലം അവനവൻ തന്നെ അനുഭവിക്കുമെന്നും, ഈ ലോകത്തിൽ വച്ചു തന്നെ അതു സാധിക്കുമെന്നും ഉറപ്പിച്ചു പറഞ്ഞു. ഈ വിശ്വാസത്തിന് കടകവിരുദ്ധമായ അനുഭവങ്ങൾ ഇയ്യോബിന്റെ പുസ്തകത്തിലും കാണാം (ഇയ്യോ. 19:25). കടുത്ത യാഥാർത്ഥ്യങ്ങളുമായി ഏറ്റുമുട്ടിയപ്പോൾ അഭിമുഖീകരിച്ച നീറുന്ന പ്രശ്നങ്ങൾക്കുള്ള ഉത്തരം വിപ്ലവാത്മകമായ ചിന്തയ്ക്ക് യഹൂദമതത്തിലും, ക്രിസ്തീയ വിശ്വാസത്തിലും കളമൊരുക്കി. മിശിഹായുടെ രാജ്യം വരുമ്പോൾ അതിൽ പങ്കാളികളാകുന്നത് വിശ്വസ്തതയോടെ

പ്രവർത്തിക്കുന്ന സമൂഹം മാത്രമല്ല. വിശ്വസ്ത ജീവിതം നയിക്കുന്ന വ്യക്തികളും അതിൽ ഭാഗഭാക്കുകളായി ഓരോരുത്തരും പ്രതിഫലം പ്രാപിക്കും.

വ്യക്തിഗതവും, സമൂഹത്തിന് മുൻഗണനന നൽകുന്നതുമായ പ്രതീക്ഷകളും വെളിപ്പാടു പുസ്തകങ്ങളുമാണ് സംയോജിക്കപ്പെടുന്നത്. ഈ സംയോജനത്തിന് കളമൊരുക്കിയ ചരിത്രപരമായ സാഹചര്യമെന്താണ്? ശത്രു രാജാക്കന്മാരുടെ ക്രൂരമായ പീഡനമേറ്റ് വീരചരമം പ്രാപിച്ച രക്തസാക്ഷികളുടെ സമൂഹമാണ് വേദശാസ്ത്രപരമായ വീണ്ടുവിചാരത്തിന് പ്രേരണ നൽകിയത്. രക്തം ചൊരിഞ്ഞ് വിശ്വാസം സംരക്ഷിച്ച യഹോവ ഭക്തന്മാരും, ദൈവത്തിന്റെ അന്തിമവിശ്വാസത്തിൽ കൂട്ടാളികളാകും. നീതിമാന്മാരെക്കുറിച്ച് ഇങ്ങനെ കാണുന്നു: "നിന്റെ ഭൃത്യന്മാർ ജീവിക്കും. എന്റെ ശവങ്ങൾ എഴുന്നേൽക്കും. പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ. നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു. ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ" (ഏശാ. 26:19).

ദുഷ്ടന്മാരെക്കുറിച്ച് ഇതിന് വിപരീതമായിട്ട് കാണുന്നു: "മരിച്ചവർ ജീവിക്കുന്നില്ല. മൃതന്മാർ എഴുന്നേൽക്കുന്നില്ല, അതിന്നായിട്ടല്ലോ നീ അവരെ സന്ദർശിച്ച് സംഹരിക്കുകയും അവരുടെ ഓർമ്മയെ അശേഷം ഇല്ലാതാക്കുകയും ചെയ്തത്" (ഏശാ. 26:14). ദാനിയേലിന്റെ പുസ്തകത്തിൽ രണ്ടുകൂട്ടർക്കുമുള്ള സ്ഥിതിവിശേഷത്തെക്കുറിച്ച് കാണാം: "നിലത്തിലെ പൊടിയിൽ നിദ്രകൊള്ളുന്നവരിൽ പലരും ചിലർ നിത്യജീവനായും, ചിലർ ലജ്ജയ്ക്കും നിത്യനിന്ദയ്ക്കുമായി ഉണരും" (ദാനി. 12:2). അന്തിയോക്കസ് നാലാമന്റെ കാലത്ത് മക്കാബിയരുടെ വിപ്ലവത്തിന് മുമ്പ് നൽകപ്പെട്ടതാണ് പ്രസ്തുത ആശ്വാസവചനം. യെഹസ്ക്കിയേലിന്റെ പുസ്തകത്തിൽ ശരീരത്തിന്റെ പുനരുത്ഥാനത്തെക്കുറിച്ച് പരാമർശമുണ്ട്. അർത്ഥഹ്ശഷ്ടാ രാജാവിന്റെ കാലത്ത്, ഭക്തരായ ഇസ്രായേൽക്കാർ പീഡനമേറ്റ് മരണം വരിച്ചപ്പോൾ അവരെ ആശ്വസിപ്പിക്കാൻ നൽകിയ വചനങ്ങളാണ് പുനരുത്ഥാനത്തെക്കുറിച്ചുള്ള വാക്കുകൾ! "അവൻ എന്നോട് മനുഷ്യപുത്രാ ഈ അസ്ഥികൾ ജീവിക്കുമോ എന്നു ചോദിച്ചു. അതിനു ഞാൻ യഹോവയായ കർത്താവേ, നീ അറിയുന്നു എന്ന് ഉത്തരം പറഞ്ഞു" (യെഹ. 37:3). "യഹോവയായ കർത്താവ് ഈ അസ്ഥികളോട് ഇപ്രകാരം അരുളിച്ചെയ്യുന്നു. നിങ്ങൾ ജീവിക്കേണ്ടതിന് ഞാൻ നിങ്ങളിൽ ശ്വാസം വരുത്തും" (യെഹ. 37:5). മക്കാബിയരുടെ പുസ്തകം യഹൂദ വിശ്വാസത്തിനുവേണ്ടി പീഡനമനുഭവിച്ചവരുടെ സ്ഥിതി പ്രതിഫലിപ്പിക്കുന്നു. യഹോവയായ ദൈവത്തിനു വേണ്ടി ജീവൻ ത്യജിച്ചവരെ മരണംകൊണ്ടു നിർമ്മൂലമാക്കുവാൻ സാധ്യമല്ല. അമ്മയും ഏഴു മക്കളും അനുഭവിച്ച പീഡകളിൽ രണ്ടാമത്തെ മകന്റെ ഉദാഹരണം

പറയുമ്പോൾ പീഡിപ്പിച്ചവരെ പരാമർശിച്ച് അവൻ ഇപ്രകാരം പറഞ്ഞു: "ശപിക്കപ്പെട്ട നീചാ, നീ ഞങ്ങളെ ഈ ജീവിതത്തിൽ നിന്നു പുറന്തള്ളുന്നു: എന്നാൽ പ്രപഞ്ചത്തിന്റെ രാജാവ് ഞങ്ങളെ നിത്യജീവിതത്തിലേക്ക് ഉയിർപ്പിക്കും" (2 മക്കാ. 7:9). നാലാമത്തവനെ പീഡിപ്പിച്ചപ്പോൾ അവൻ പറഞ്ഞു: "മരണാസന്നനായപ്പോൾ അയാൾ പറഞ്ഞു: ദൈവം തന്നെ പുനർജീവിപ്പിക്കുമെന്നു പ്രത്യാശയുള്ളവനു മനുഷ്യകരങ്ങളാൽ മരിക്കുന്നതിലെന്ത്? നിങ്ങൾക്കാകട്ടെ, ജീവനിലേക്കുള്ള പുനരുത്ഥാനം ഇല്ല" (2 മക്കാ. 7:14). നീതിമാന് നിത്യജീവനും ദുഷ്ടന് പുനരുത്ഥാനം ഇല്ലായെന്നും കാണുന്നു. കൂടാതെ, അവൻ ശിക്ഷയനുഭവിക്കുക കൂടെ ചെയ്യും. "കാരണം, ഞങ്ങളുടെ സഹോദരന്മാർ ഹ്രസ്വമായ സഹനത്തിനുശേഷം, ദൈവത്തിന്റെ ഉടമ്പടിപ്രകാരം നിത്യം നിറഞ്ഞൊഴുകുന്ന ജീവൻ പാനം ചെയ്തിരിക്കുന്നു. എന്നാൽ നീ കർത്താവിന്റെ ന്യായവിധിയിൽ, നിന്റെ അഹങ്കാരത്തിന് തക്ക ശിക്ഷ സ്വീകരിക്കും" (2 മക്കാ. 7:36).

മറ്റു ചില പുസ്തകങ്ങളിൽ കാണുന്ന ചിന്താഗതികൾ അല്പസ്വല്പം ഭിന്നങ്ങളാണ്. ഹാനോക്കിന്റെ രണ്ടാം പുസ്തകത്തിൽ ദുഷ്ടന്മാരുടെ വാസം ഷിയോളിൽ ആണ്. ഈ ലോകജീവിതത്തിൽ അർഹിക്കുന്ന ശിക്ഷ അനുഭവിക്കാത്തവർ, ഷിയോളിൽ കിടക്കുന്നു. അവിടെ നിന്ന് ഗെഹനയിലേക്കു ആനയിക്കപ്പെടും, അവർ അവിടെ നിത്യവേദന അനുഭവിക്കും.

പിതാക്കന്മാരുടെ ടെസ്റ്റ്മെന്റ് എന്ന പുസ്തകത്തിൽ ഇപ്രകാരം കാണാം. "മുന്നമെ, പിതാക്കന്മാർ പുനരുത്ഥാനം ചെയ്യും" (10:6). "അതിന് ശേഷം ഗോത്രതലവന്മാരും അതിന്ശേഷം മറ്റുള്ളവരും: ചിലർ മഹത്വത്തിനും, മറ്റു ചിലർ ലജ്ജയ്ക്കായും" (16:8).

## നീതിമാന്മാരും ദുഷ്ടന്മാരും തമ്മിലുള്ള അന്തരം

നീതിമാന്മാരും, ദുഷ്ടരും രക്ഷയോ, ശിക്ഷയോ അനുഭവിക്കുന്നു. വേർതിരിവ് സംഭവിക്കുന്നത് പുനരുത്ഥാന സമയത്തേക്കല്ല. മരണത്തിന് ശേഷമുള്ളതും പുനരുത്ഥാനത്തിന് മുമ്പുള്ളതുമായ മദ്ധ്യ അവസ്ഥയിലാണ് പൂർണ്ണമായ ന്യായവിധി ഉണ്ടാകുന്നത്. അവസാനത്തെ സമയത്താണെങ്കിലും ഷിയോളിൽ വെച്ചുതന്നെ പ്രാഥമികമായ ഒരു വേർതിരിവ് ഉണ്ടാകുന്നു. കാലക്രമത്തിൽ ആണ് പറുദീസാ, സ്വർഗ്ഗം, നരകം എന്നീ അവസ്ഥാവിശേഷങ്ങൾ ഉണ്ടായത്. ഓരോരുത്തരുടെയും ആദ്ധ്യാത്മിക ജീവിതത്തിന്റെ അടിസ്ഥാനത്തിൽ, വിവിധ മുറികൾ ലഭിക്കുന്നതായി ഹാനോക്കിന്റെ പുസ്തകത്തിൽ കാണാം. ഹാനോക്ക് സാദൂക്യരുടെ പുനരുത്ഥാനം ഇല്ലായെന്ന അവകാശവാദത്തെ നിശിതമായി വിമർശി

ക്കുന്നു. മരണാനന്തരം, ദുഷ്ടന്മാരുടെയോ, നീതിമാന്മാരുടെയോ അവസ്ഥയ്ക്ക് വലിയ മാറ്റമൊന്നുമില്ലെന്ന് സാദൂക്യർ വാദിച്ചിരുന്നു. അതല്ല, ദുഷ്ടന്മാർ വലിയ കഷ്ടതയിൽ അന്ധകാരത്തിലും, ബന്ധനത്തിലും, എരിയുന്ന തീയിലും ആയിരിക്കും. നീതിമാന്മാർ സന്തോഷത്തിലും ആശ്വാസത്തിലും കഴിയും. അബ്രഹാമിന്റെ ടെസ്റ്റ്മെന്റിൽ നീതിമാന്മാരും, ദുഷ്ടന്മാരും സ്ഥിതിചെയ്യുന്ന സ്ഥലത്ത് രണ്ടു കവാടങ്ങൾ ഉണ്ട്. നീതിമാന്മാർ കടന്നുപോകുന്ന വാതിൽ ഇടുങ്ങിയതും ഞെരുങ്ങിയതുമാണ്. അതിൽകൂടെ പ്രവേശിക്കുന്നവർ പറുദീസയിലേക്ക് പ്രവേശിക്കും. വിസ്താരമുള്ള പ്രവേശനവാതിൽ പാപികൾക്കുള്ളതാണ്. അതു നാശത്തിലേക്കും നിത്യദണ്ഡനത്തിലേക്കും നയിക്കുന്നു. ഓരോരുത്തരുടേയും ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ് വേർതിരിവും ന്യായവിധിയും. രണ്ടാം ഹാനോക്കിൽ കാണുന്ന വേറൊരു പ്രധാന സംഗതി, പ്രവർത്തികൾ തുലാസിൽ വെച്ച് തൂക്കപ്പെടുമെന്നുള്ളതാണ് (2 ഹാനോക്ക് 44:5). അതനുസരിച്ച് ഓരോരുത്തരും പ്രതിഫലം വാങ്ങും.

## മരണത്തിന് ശേഷമുള്ള വ്യതിയാനം

മോശയുടെ വെളിപാടിൽ മാലാഖമാർ ആദാമിന്റെ മനസുതിരിവിനുവേണ്ടി അഭയയാചന നടത്തുന്നതായിട്ട് കാണാം (36:2). സൂര്യനും, ചന്ദ്രനും മാദ്ധ്യസ്ഥം വഹിക്കുന്നു (36:1). ആദാമിന്റെ ആത്മാവിനെ ശുദ്ധീകരിക്കുന്ന നീതിയെക്കുറിച്ചും പരാമർശിച്ചിരിക്കുന്നു. ആറു ചിറകുള്ള സാറാഫ് മാലാഖ വന്ന് ആദാമിനെ തൂക്കിയെടുത്ത്, അക്കെറുസീയ തടാകത്തിലേക്ക് ആനയിച്ച്, ദൈവതിരുസന്നിധിയിൽ വെച്ച് മൂന്നു പ്രാവശ്യം കഴുകി ശുദ്ധീകരിക്കും. അബ്രഹാമിന്റെ ടെസ്റ്റ്മെന്റിൽ പരേതരുടെ ആത്മാക്കൾ രണ്ടുരീതിയിലുള്ള പരിശോധനയ്ക്ക് വിധേയരാകുന്നു. 1. തീയിന്റെ ന്യായവിധിയും, 2. തുലാസിൽ വച്ചുള്ള നന്മയുടെ തൂക്കിനോക്കലും കഴിഞ്ഞ്, നന്മ, തിന്മകൾ അളന്നു നോക്കി വിധി കല്പിക്കുന്നു. അങ്ങനെയുള്ള അവസരങ്ങളിൽ നീതിമാന്മാരുടെ പ്രാർത്ഥന രക്ഷയ്ക്കായി ഭവിക്കുന്നു.

ഈ ലോകത്തിൽ വെച്ച് ഓരോരുത്തരും നയിച്ചിട്ടുള്ള ജീവിതത്തിന്റെ അടിസ്ഥാനത്തിലാണ് ഷിയോളിൽ വെച്ചും അവസാന ന്യായവിധിയിലും തീർപ്പു കല്പിക്കുന്നത്.

## അവസാനത്തെ ന്യായവിധി

ദൈവത്തിന്റെ ന്യായവിധി ചുറ്റുപാടുമുള്ള സമീപവാസികളിലും ഉണ്ടാകും. പ്രകൃതിയിൽ വലിയ മാറ്റങ്ങളും, സമൂലമായ വ്യതിയാനങ്ങളും അതോടൊപ്പം സംഭവിക്കും. ഒന്നു പ്രാഥമികമായ ന്യായവിധിയും,

മറ്റൊന്ന് അവസാനത്തെ ന്യായവിധിയുമായിരിക്കും. മിശിഹായുടെ യുഗം ആഗതമാകുന്നതിന് മുമ്പായിരിക്കും ന്യായവിധി. ചില വെളിപ്പാടു പുസ്തകങ്ങളിൽ മിശിഹായുടെ ഭരണം ആദ്യമുണ്ടാകുമെന്നും അവസാനത്തെ ന്യായവിധി അതിനുശേഷം സംജാതമാകുമെന്നും കാണാം. ന്യായവിധി സമൂഹത്തിന് മാത്രമാണോ, വ്യക്തികൾക്കും ഉണ്ടോയെന്ന ചോദ്യം ഉയർന്നു വന്നു. വ്യക്തികളുടെ ന്യായവിധിയെക്കുറിച്ച് 2 എസ്ദ്രാസിൽ കാണുന്നു (7:104–105). ആ സമയത്ത് അഭയയാചനകൊണ്ട് പ്രയോജനമില്ല. താന്താൻ ചെയ്ത കർമ്മങ്ങൾക്ക് താന്താൻ തന്നെ അനുഭവിക്കേണ്ടി വരും. ദൈവതിരുമുമ്പാകെ അവർ ചെയ്ത കുറ്റങ്ങൾക്ക് സമാധാനം ബോധിപ്പിക്കേണ്ടി വരും.

## ശരീരത്തിന്റെ ഉത്ഥാനവും വ്യക്തിത്വത്തിന്റെ നിലനില്പും

വെളിപ്പാടു സാഹിത്യകാരന്റെ അഭിപ്രായപ്രകാരം മനുഷ്യാത്മാവ് ശരീരം കൂടാതെ ഷിയോളിൽ ബോധത്തോടെയുള്ള ജീവിതം നയിക്കും. ശാരീരികമായ പുനരുത്ഥാനം പ്രതീക്ഷിച്ച് ഷിയോളിൽ ആത്മാക്കൾ കഴിഞ്ഞുകൂടുന്നു. വ്യക്തിത്വത്തിന്റെ നിലനില്പിനെക്കുറിച്ച് ഗ്രീക്ക് ചിന്താഗതി സ്വാധീനം ചെലുത്തി. ഗ്രീക്കു ചിന്തപ്രകാരം, ശരീരമാകുന്ന തടവിൽനിന്ന് മരണംമൂലം നിത്യഅവസ്ഥയുള്ള ആത്മാവ് മോചനം പ്രാപിക്കുന്നു. എബ്രായ ചിന്തപ്രകാരം മരണത്തിനുശേഷം പുനരുത്ഥാനത്തിൽ ശരീരവും, ആത്മാവും ഒരുമിച്ചു ചേരുന്നു. അങ്ങനെ മാത്രമേ വ്യക്തിത്വത്തിന്റെ യഥാർത്ഥ അസ്തിത്വം യാഥാർത്ഥ്യമാകാൻ പറ്റുകയുള്ളൂ. ദുഷ്ടന്മാർക്കു പുനരുത്ഥാനം ഇല്ലായെന്നു ചില വെളിപ്പാടു ചിന്തകന്മാർ വാദിച്ചു. മരണാനന്തരം അവർക്കു മിശിഹായുടെ രാജ്യത്തിലോ, ദൈവിക കൂട്ടായ്മയിലോ പങ്കില്ല. ശരീരമില്ലാതെ, ബന്ധം കൈമാറാൻ കഴിയാതെ അവർ കഴിഞ്ഞുകൂടി. ദൈവവുമായുള്ള ബന്ധമോ കൂട്ടായ്മയോ, ആത്മീയാനുഭവമോ അവർക്കില്ലാതെ പോയി.

പുനരുത്ഥാനം ചെയ്ത ശരീരത്തിന്റെ രൂപമെന്ത്? വിവിധ വേദഭാഗങ്ങളിൽ അത് വ്യക്തമല്ല. മുമ്പ് ഏതു രീതിയിൽ സ്ഥിതി ചെയ്തുവോ ഏതാണ്ട് അതേ രൂപത്തിൽ തന്നെ ആകും (യെശ. 26:19). "നിന്റെ മൃതന്മാർ ജീവിക്കും, എന്റെ ശവങ്ങൾ എഴുന്നേൽക്കും. പൊടിയിൽ കിടക്കുന്നവരേ, ഉണർന്നു ഘോഷിപ്പിൻ. നിന്റെ മഞ്ഞു പ്രഭാതത്തിലെ മഞ്ഞുപോലെ ഇരിക്കുന്നു. ഭൂമി പ്രേതന്മാരെ പ്രസവിക്കുമല്ലോ." യെരുശലേമിലെ മൂപ്പന്മാരിൽ ഒരാളായ റാഡീസിനെ നിക്കാനോർ എങ്ങനെ പീഡിപ്പിച്ചുവെന്ന് മക്കാബിയരുടെ പുസ്തകത്തിൽ കാണാം. ശത്രുക്കളാൽ വലയം ചെയ്തപ്പോൾ റാഡീസ് സ്വന്തം വാളിന്മേൽ വീണു. "ആളൊഴിഞ്ഞ ഒരു സ്ഥലത്ത് അയാൾ വീണു. എന്നിട്ടും മരിക്കാതെ ഉജ്ജ്വല

കോപത്തോടെ അയാൾ എഴുന്നേറ്റു രക്തം വാർന്നൊഴുകിയിട്ടും മുറിവുകൾ ഗുരുതരമായിരുന്നിട്ടും അയാൾ ജനക്കൂട്ടത്തിലൂടെ പാഞ്ഞ് കിഴുക്കാംതൂക്കായ ഒരു പാറയിൽ ചെന്നു നിന്നു. അയാളുടെ രക്തം മുഴുവൻ വാർന്നുപോയിരുന്നു. അയാൾ തന്റെ കുടൽമാല പറിച്ചെടുത്ത് ഇരുകൈകൊണ്ടും പിടിച്ച് ജനക്കൂട്ടത്തിലേക്ക് ചുഴറ്റിയെറിഞ്ഞു. ഇവ തനിക്കു തിരിച്ചുതരണം എന്നു ജീവന്റെയും ചൈതന്യത്തിന്റെയും കർത്താവിനെ വിളിച്ച് അയാൾ പ്രാർത്ഥിച്ചു" (2 മക്കാ. 14:44–46).

മരണാനന്തരാവസ്ഥയിൽ ശരീരത്തിന്റെ രൂപം എങ്ങനെയിരിക്കും? അത് ആത്മീയ ശരീരമായിരിക്കും. നീതിമാനും തെരഞ്ഞെടുക്കപ്പെട്ടവനും മഹത്വം ധരിക്കും. ആത്മാവിന്റെ നാഥനിൽ നിന്ന് അവൻ ജീവന്റെ ഉടയാടകൾ അണിയും (ഹാനോക്ക് 39:4–5). മ്ശിഹായുടെ രാജ്യത്തിന്റെ അന്ത്യത്തിൽ അവർ സ്വർഗ്ഗത്തിൽ ഉത്ഥാനം ചെയ്യും. അവർ പൂഴിയിൽ നിന്ന് എഴുന്നേൽക്കും (42:8). ന്യായവിധിക്കുശേഷം ക്രമേണ രൂപാന്തരം ഉണ്ടാകും, ശരീരം ആത്മീയശരീരമാകും (ഹാനോക്ക് 22:8–9).

ആത്മീയശരീരത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ പുനരുത്ഥാനം ചെയ്ത ശരീരത്തെക്കുറിച്ച് 'പ്രകാശത്തിന്റെ വസ്ത്രം' 'മഹത്വവസ്ത്രം' എന്നീ വിശേഷണങ്ങൾ കാണാം (2 ഹാനോക്ക് 22:8). മീഖായേലിനോട് പറയുന്നു. "നീ പോയി ഹാനോക്കിനെ അവന്റെ ഭൗമിക വസ്ത്രങ്ങൾ തേജസിന്റെ വസ്ത്രങ്ങൾ അണിയിക്കുക. ഹാനോക്കിന്റെ ഭൗമികമായ ശരീരം സ്വർഗ്ഗീയ ശരീരമായി രൂപാന്തരപ്പെടുത്തണം" (ഹാനോക്ക് 22:9). മോശയുടെ വെളിപ്പാടിൽ ഇപ്രകാരം കാണുന്നു. മൂന്നാം സ്വർഗ്ഗത്തിലെ പറുദീസയിലേക്ക് പോയി ലിനൻ വസ്ത്രങ്ങൾകൊണ്ട് ആദാമിന്റെ ശരീരം മൂടി സൗരഭ്യ എണ്ണ കൊണ്ടുവന്ന് അവനിൽ ഒഴിക്കണം. അങ്ങനെ അവനെ സംസ്കാരത്തിന് ഒരുക്കണം. ഭൂമിയിൽ സംസ്കരിക്കപ്പെട്ട ശരീരം പുനരുത്ഥാനദിവസം മഹത്വീകരിക്കപ്പെട്ടതായി ഉയർത്തപ്പെടും (ഹാനോക്ക് 108:11).

ആ ശരീരത്തിന് ഭക്ഷണമോ ഭൗതികാവശ്യത്തിനനുസരണമായ കാര്യങ്ങളോ വേണ്ട (2 ഹാനോക്ക് 56:2). മൃതർ മാലാഖമാരെപ്പോലെയാണ്. മരണത്തിന് 30 ദിവസത്തിന് ശേഷം അവൻ (മൃതൻ) ഭൂമിയിലേക്ക് വരുമ്പോൾ സ്വർഗ്ഗീയ ശരീരത്തിൽ അവന്റെ സ്നേഹിതർ അവനെ തിരിച്ചറിയും. അവനെ സമീപിക്കാനും ചുംബിക്കുവാനും അനുവദിക്കും. സ്വർഗ്ഗീയ ശരീരം ഭൗമിക ശരീരത്തിന്റെ രൂപാന്തരപ്പെട്ട അവസ്ഥയാണ്. ഭൂമിയിൽ വച്ചുതന്നെ ഭൗമികശരീരത്തോടൊപ്പം ആത്മീയ ശരീരം രൂപംപ്രാപിച്ചു വളരുന്നു. അവന്റെ മനോഗുണ പ്രവർത്തികൾ അവയ്ക്ക് രൂപം നൽകുന്നതിന് സഹായിക്കുന്നു. രൂപാന്തരപ്പെട്ട ശരീരം, ദൈവകൃപയുടെയും മനുഷ്യന്റെ വിശ്വസ്ഥതയുടെയും സമഞ്ജസമായ

ചേരുവയാണ്. ദൃശ്യവും അദൃശ്യവുമായ പ്രകൃതിയിൽ നിന്നാണല്ലോ മനുഷ്യൻ സൃഷ്ടിക്കപ്പെടുന്നത്. രണ്ടും ദൈവത്തിന്റെ സൃഷ്ടിയാണ് (2 ഹാനോക്ക് 30:10).

## മിശിഹായും മനുഷ്യപുത്രനും

പഴയനിയമ പുസ്തകങ്ങളിലും, പഴയനിയമ പുതിയനിയമങ്ങൾക്കിടയിൽ രൂപംപ്രാപിച്ച രചനകളിലും മിശിഹായുടെ കാലമെന്ന സുവർണ്ണ യുഗത്തെക്കുറിച്ച് പരാമർശമുണ്ട്. ആ യുഗത്തിൽ ഭക്തരും, വിശ്വസ്തരുമായ ഇസ്രായേലിന് നന്മ ലഭിക്കും. ചുറ്റുപാടുള്ള ജാതികൾ ന്യായവിധിയിൽ അകപ്പെടും. നീതിയും ന്യായവും സംജാതമാകുന്ന സാഹചര്യം ഉണ്ടാകും. പ്രവാചക പുസ്തകങ്ങളിലും വെളിപാടു പുസ്തകങ്ങളിലും സങ്കീർത്തനങ്ങളിലും കാണുന്ന പരാമർശങ്ങളിൽ അഭിഷേകം ചെയ്യപ്പെട്ട ഒരു ചരിത്ര പുരുഷനാണ് വിവക്ഷ. പ്രത്യേക ഉദ്ദേശ്യത്തിനായി വേർതിരിക്കപ്പെട്ട വ്യക്തിയായിരുന്നു അത് (1 രാജാ. 19:16). സങ്കീ. 105:15-ൽ അഭിഷിക്തൻ, പ്രവാചകൻ എന്നീ പദങ്ങൾ താരതമ്യമായിട്ട് ഉപയോഗിച്ചിരിക്കുന്നു. "എന്റെ അഭിഷിക്തന്മാരെ തൊടരുത്, എന്റെ പ്രവാചകന്മാർക്ക് ഒരു ദോഷവും ചെയ്യരുത്." രാജാക്കന്മാരുടെ ആരോഹണ സമയത്ത് കിരീടധാരണവും, അഭിഷേകവും നടത്തിയിരുന്നു. അതിന്റെ അടിസ്ഥാനത്തിലാണ് അഭിഷേകം ചെയ്യപ്പെട്ടവൻ, 'മിശിഹാ' അഭിഷേകം ചെയ്യപ്പെട്ടവൻ എന്ന പരാമർശം രണ്ടു പ്രാവശ്യം കാണാം (ദാനി. 9:25-26). ആ പരാമർശം പ്രധാനാചാര്യന്മാരായ യോശുവ, ഓനിയാസ് മൂന്നാമൻ എന്നിവരെക്കുറിച്ചാകാം. മക്കാബി, തോബിത്, ശലോമോന്റെ സ്നാനം, യൂദിത്ത്, ബാറാസീറാ, ജൂബിലി, ഹാനോക്ക് എന്നീ പുസ്തകങ്ങളിൽ മിശിഹായെക്കുറിച്ച് പരാമർശം കാണുന്നില്ല. പേർഷ്യൻ ഭരണകാലത്ത് ദാവീദ്കുലത്തിലെ മിശിഹാ എന്ന ചിന്തയ്ക്ക് അന്ത്യം വന്നു. ഭാവിയിൽ ഉണ്ടാവാനിരിക്കുന്ന രാജ്യത്തിൽ ദൈവത്തിന്റെ നേരിട്ടുള്ള ഭരണത്തിനായിരുന്നു മുൻതൂക്കം. കൂടാതെ, വിശുദ്ധ ന്യായപ്രമാണം ആചരിക്കുന്നതിലും.

മക്കാബിയരുടെയും ഹാസ്മോനിയൻ ഭരണകർത്താക്കളുടെയും ഭരണകാലത്ത് ലേവിഗോത്രത്തിൽപെട്ട താവഴിക്കാരനിൽ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾ യാഥാർത്ഥ്യമാകുമെന്ന പ്രതീക്ഷ രൂപം പ്രാപിച്ചു. ബി.സി. 141-ൽ ശിമോനിലായിരുന്നു പ്രതീക്ഷ. മക്കാബി 14:8 മുതൽ ഭാഗങ്ങളിൽ അവനെ മിശിഹായെന്ന് വിശേഷിപ്പിക്കുന്നില്ല. ജോൺ ഹിർക്കാനസിന്റെ കാലത്തും ചില പ്രതീക്ഷകൾ ഉണ്ടായി. പിതാക്കന്മാരുടെ ടെസ്റ്റ്മെന്റിൽ മിശിഹായെക്കുറിച്ചുള്ള ചില പ്രതീക്ഷകൾ കാണാം.

ലേവിയുടെ താവഴിയിൽപെട്ട ഒരു ചരിത്രപുരുഷനിൽ മിശിഹായെ

ക്കുറിച്ചുള്ള പ്രതീക്ഷകൾ നിറവേറിയില്ല. എല്ലാ തിന്മകളും നിർമാർജ്ജനം ചെയ്ത് പുതിയ ഒരു യുഗം സൃഷ്ടിക്കുന്ന മിശിഹായെക്കുറിച്ച് പ്രതീക്ഷ ഉണ്ടായിരുന്നെങ്കിലും, പ്രധാനാചാര്യന്മാർ ലോകമയർ ആയപ്പോൾ ലേവിയുടെ ഗോത്രത്തിൽപെട്ട മിശിഹാ എന്ന പ്രതീക്ഷയ്ക്ക് അന്ത്യം വന്നു. പിന്നെ, ദാവീദിന്റെ പാരമ്പര്യത്തിലുള്ള മിശിഹായിലേക്ക് ശ്രദ്ധ തിരിഞ്ഞു. ശലോമോന്റെ സങ്കീർത്തനത്തിൽ, ദാവീദ് ഗോത്രത്തിൽ പെട്ട മിശിഹായെക്കുറിച്ച് പരാമർശം കാണാം. അവൻ ധാർമികമായി ഉന്നതസ്ഥാനം വഹിക്കുന്നു. അവൻ പാപത്തിൽ നിന്നും സ്വതന്ത്രനായിരിക്കും. അവന്റെ ആശ്രയം അഭൗമികവും തലസ്ഥാനം യെരുശലേമുമാണ്. അവന്റെ പ്രധാന കർത്തവ്യം ദൈവത്തിന്റെ ശത്രുക്കളുടെ നിഗ്രഹമാണ്. മിശിഹായുടെ രാജ്യത്തെക്കുറിച്ചുള്ള പ്രതീക്ഷകൾ പലതും സാധാരണക്കാരുടെ ചിന്താമണ്ഡലത്തിൽ സ്ഥാനം പിടിച്ചു. രാഷ്ട്രീയവും ദേശീയവുമായ മിശിഹായെക്കുറിച്ചുള്ള പ്രതീക്ഷകൾ രൂപം പ്രാപിച്ചു. പീഡനത്തിന്റെയും ദേശീയ അസ്വസ്ഥതകളുടെയും കാലത്ത് വിദേശീയരായ റോമാക്കാരിൽ നിന്ന് മോചനം നേടിയെടുക്കാമെന്നുള്ള പ്രതീക്ഷയും ഉണ്ടായി. എരിവുകാരുടെ രീതിയിലുള്ള സൈനികനേതാവ് രംഗപ്രവേശം ചെയ്തു ശത്രുക്കളെ തുരത്തുമെന്നും വിമോചനം യാഥാർത്ഥ്യമാക്കുമെന്നും ഭക്തരായ ഇസ്രായേൽക്കാർ വിശ്വസിച്ചു കഴിഞ്ഞുകൂടി. വ്യാജ മിശിഹാമാർ പലരും രംഗപ്രവേശം ചെയ്തു. ഗലീലക്കാരൻ യൂദാ, പ്രവാചകനായ ത്യൂഡാസ് (അപ്പോ. 5:36) ഫെലിക്സ് നിഗ്രഹിച്ച മിസ്രയീമ്യനായ യഹൂദൻ (അപ്പോ. 21:38) ബർകൊച്ച്ബായുടെ മകൻ എന്നിവർ ആ ഗണത്തിൽപെടുന്നു.

### മിശിഹായും ചാവുകടൽ ചുരുളുകളും

പിതാക്കന്മാരുടെ ടെസ്റ്റ്മെന്റിൽ രണ്ടു മിശിഹാമാരെക്കുറിച്ച് പരാമർശമുണ്ട്. 1) പുരോഹിത മിശിഹായും 2) രാജകീയ മിശിഹായും. അവർ ആഗതരാകുമ്പോൾ ഒരു പുതിയ യുഗം മുന്നോടിയായിട്ട് വരും. പ്രകാശത്തിന്റെ മക്കളും, അന്ധകാരത്തിന്റെ മക്കളും തമ്മിൽ 40 കൊല്ലം നീണ്ടുനിൽക്കുന്ന പോരാട്ടമുണ്ടാകും. അതിനുശേഷം മിശിഹായുടെ നീതിയുള്ള യുഗം സംജാതമാകും.

### മനുഷ്യപുത്രൻ

മനുഷ്യപുത്രൻ എന്ന പദം പഴയനിയമത്തിൽ 100 പ്രാവശ്യം കാണുന്നു. സൃഷ്ടിയുടെ ബലഹീനതയും സമുന്നതപദവിയും അതു സൂചിപ്പിക്കുന്നു (സങ്കീ. 8:4, 5). ദാനിയേലിന്റെ വിവരണത്തിൽ, മനുഷ്യപുത്രന്റെ പുരാതനത്വം എടുത്തുപറയുന്നു.

ഹാനോക്കിന്റെ പുസ്തകത്തിൽ മനുഷ്യപുത്രന്റെ സ്വർഗ്ഗീയതയെക്കുറിച്ച് വിവരണം കാണാം. അവൻ നേരത്തെ സ്ഥിതിചെയ്തിരുന്നവനും ലോകസൃഷ്ടിക്കു മുമ്പെയുള്ളവനുമാണ്. അവന്റെ മുഖം മുഴുവൻ മാലാഖമാരെപ്പോലെയാണ് (ഹാനോക്ക് 46:11). അവനിൽ ദൈവം തേജസ്സ് നൽകി തെരഞ്ഞെടുക്കപ്പെട്ടവരുടെ നേതാവാക്കി. അവൻ സ്വർഗീയ രാജ്യത്ത് വസിക്കുന്നു. അവന്റെ സ്വഭാവം, ജ്ഞാനം, നീതി, അറിവ് എന്നിവ ശ്രേഷ്ഠമാണ്. ഏറ്റവും വലിയ പ്രത്യേകത, അവൻ മറയ്ക്കപ്പെട്ടവനാണ്, അവൻ നീതിമാന്മാരുടെ കൺമുമ്പിൽ പ്രത്യക്ഷപ്പെടും (ഹാനോക്ക് 61:8). അവൻ ദൈവത്തിന്റെ മുമ്പിൽ ഭൂമിയുടെയും സ്വർഗ്ഗത്തിന്റെയും ന്യായാധിപനായി വാഴും. ദാനിയേലിൽ പരാമർശിക്കപ്പെടുന്ന ദൈവപുത്രനെക്കുറിച്ച് ഭിന്നമായ വ്യാഖ്യാനങ്ങൾ ഉണ്ട്. അവൻ, നീതിമാൻ, തെരഞ്ഞെടുക്കപ്പെട്ടവൻ, അഭിഷേകം ചെയ്യപ്പെട്ടവൻ. സമൂഹത്തിന്റെ മുഴുവൻ വക്താവാണോ, അതോ ഒരു വ്യക്തിയാണോ എന്നതിൽ പണ്ഡിതരുടെ ഇടയിൽ അഭിപ്രായ ഐക്യം ഇല്ല. അവൻ മഹത്വത്തിൽ പ്രത്യക്ഷപ്പെടും.

മനുഷ്യപുത്രനും മിശിഹായ്ക്ക് ഭിന്നമായ ഉത്ഭവങ്ങൾ ഉണ്ടായിരുന്നു. വരുവാനുള്ള നീതിയുടെ രാജ്യത്തെക്കുറിച്ച് ഭിന്നമായ ധാരണകളും രൂപം പ്രാപിച്ചു. കാലക്രമത്തിൽ നിത്യനും, അഭൗമികനുമായ മിശിഹായും, ചരിത്രപരവും മാനുഷികവുമായ ആശയങ്ങൾ ഉൾക്കൊള്ളുന്ന മിശിഹായും ഒരുമിച്ചു ചേർന്നു. ചരിത്രപരവും, ചരിത്രാതീതവുമായ ചിന്തകൾ സമന്വയിച്ചു. ദാനിയേലിന്റെ പുസ്തകത്തിൽ വിമോചകനായ മിശിഹായെക്കുറിച്ചുള്ള പരാമർശങ്ങളോ, മനുഷ്യപുത്രൻ ആ ചുമതല നിർവ്വഹിക്കുന്നതോ കാണുന്നില്ല.

2. എസ്രായിൽ വരുവാനിരിക്കുന്ന യുഗത്തിലെ വിമോചകനായ മനുഷ്യപുത്രന്റെ അഭൗമികങ്ങളായ സ്വഭാവ വിശേഷത കാണാം. എന്റെ മിശിഹാ, എന്റെ പുത്രൻ മിശിഹാ എന്നീ പരാമർശങ്ങളും കാണാം.

വിമോചകനായ മിശിഹായുടെ ദൗത്യവും, ദൈവികമായ മഹത്വവും, നസറായനായ യേശുക്രിസ്തുവിലാണ് പൂർത്തീകരണം പ്രാപിക്കുന്നത്. കൂടാതെ കഷ്ടപ്പെടുന്ന ദാസന്റെ ശുശ്രൂഷകരുടെ മാഹാത്മ്യം മഹത്വീകരണത്തിലും, തേജസ്ക്കരണത്തിലും മിശിഹായിൽ യാഥാർത്ഥ്യമാകുന്നതായും കാണാം.

### മാലാഖമാർ

ദൈവത്തിൽ നിന്ന് ഭിന്നമായി നിൽക്കുന്നവരായി ചില വേദഭാഗത്തിൽ കാണാം. 'മനോഹ യഹോവയോട് പ്രാർത്ഥിച്ചു. കർത്താവേ, നീ അയച്ച ദൈവപുരുഷൻ വീണ്ടും ഞങ്ങളുടെ അടുക്കൽ വന്നു. ജനിക്കാനിരി

ക്കുന്ന ബാലന്റെ കാലത്തിൽ ഞങ്ങൾക്കു ഉപദേശിച്ചു തരുമാറാകണമേ' (ന്യായാ. 13:8).

യഹോവയോടു ഒത്തുചേർന്നു നിൽക്കുന്നവനായി മറ്റ് ചില ഭാഗങ്ങളിൽ ഉണ്ട്. 'യഹോവയുടെ ദൂതൻ മുൾപ്പടർപ്പിൽ ഉണ്ട്' (പുറ. 3:2).

ദൈവത്തിന്റെ മഹത്വപ്രത്യക്ഷതയോടൊപ്പം മാലാഖമാരെയും കാണുന്നു. 'സാറാഫുകൾ അവനു ചുറ്റും നിന്നുകൊണ്ട് അവർ മുഖം മൂടി, രണ്ടു കൊണ്ട് കാൽ മൂടി രണ്ടു കൊണ്ട് പറന്നു' (ഏശാ. 6:2).

കാലക്രമത്തിന്റെ പ്രവർത്തനം വിവരിക്കാനും മാലാഖമാർ മുഖാന്തിരമായി പ്രവർത്തിച്ചതിനെക്കുറിച്ച് വിവിധ വേദഭാഗങ്ങളിൽ ദർശിക്കണം. യെഹസ്ക്കിയേലിന്റെ പുസ്തകത്തിൽ വിവിധ ഉദാഹരണങ്ങൾ ഉണ്ട്. 'അപ്പോൾ ആത്മാവ് എന്നെ എടുത്തു യഹോവയുടെ മഹത്വം സ്വസ്ഥലത്തു നിന്നു അനുഗ്രഹിക്കപ്പെടുമാറാകട്ടെ എന്നു ഞാൻ വലിയ മുഴക്കത്തോടെ ഒരു ശബ്ദം എന്റെ പിറകിൽ കേട്ടു' (എസ. 3:12). യെഹസ്ക്കിയേലിൽ ദൈവത്തിന്റെ നേരിട്ടുള്ള പ്രവർത്തനം വിട്ട് മാലാഖ മുഖാന്തിരം ഹിതം വെളിപ്പെടുത്തുന്നത് കാണാം (എസ. 40:34). മനുഷ്യൻ എന്നു വിശേഷിപ്പിക്കുന്നുണ്ടെങ്കിലും അവൻ അമാനുഷികനാണ്.

പ്രവാസത്തിന് ശേഷം മനുഷ്യനുമായിട്ട് ദൈവത്തിന്റെ നേരിട്ടുള്ള സമ്പർക്കം കാണുന്നില്ല. മാലാഖയാണ് സന്ദേശം നൽകുന്നത് (1–8).

'നിന്റെ എല്ലാ വഴികളിലും നിന്നെ കാക്കേണ്ടതിന് അവൻ നിന്നെക്കുറിച്ച് തന്റെ ദൂതന്മാരോട് കൽപിക്കും' (സങ്കീ. 91:11).

യവനായ കാലഘട്ടത്തിലാണ് മാലാഖമാരുടെ പ്രവർത്തനത്തെക്കുറിച്ച് കൂടുതൽ കാണുന്നത്. ദൈവത്തിന്റെ അതീന്ദ്രിയത മനുഷ്യന് അഗോചരമാണെന്ന ചിന്ത, അതിന് മുഖ്യ കാരണമാകുന്നു. അക്കാലത്ത് ദൈവത്തിന്റെ പ്രവർത്തനത്തെക്കുറിച്ച് വിവരിക്കാൻ യഹൂദർ ഭയപ്പെട്ടിരുന്നു. ദൈവം അത്യുന്നതങ്ങളിലേക്ക് വലിയുന്നതായി കരുതി. ദൈവഹിതം മാലാഖമാരിൽക്കൂടി വെളിപ്പെടുത്തുന്നതായി കണ്ടു. കാലക്രമത്തിൽ മാലാഖമാരെക്കുറിച്ചുള്ള ഒരു ദൈവശാസ്ത്രം തന്നെ രൂപം പ്രാപിച്ചു. മാലാഖയെ ആരാധിക്കാൻ പോലും ചിലർ മുതിർന്നു. ഏശായായുടെ ആരോഹണം എന്ന പുസ്തകത്തിൽ ഇപ്രകാരം കാണുന്നു: 'ഞാൻ അവനെ ആരാധിക്കാൻ എന്റെ മുഖം പൊത്തി വീണു. എന്നാൽ എന്നെ നയിച്ച മാലാഖ എന്നെ അതിന് അനുവദിച്ചില്ല. അവൻ എന്നോട് സിംഹാസനമോ, മാലാഖയെയോ വന്ദിക്കരുത് എന്നു പറഞ്ഞു.'

### മാലാഖമാരുടെ ഉത്ഭവം

അവർ ലോകസൃഷ്ടിക്കു മുമ്പെ സ്ഥിതി ചെയ്തിരുന്നു. ദൂതന്മാരും സൈന്യങ്ങളും, സൂര്യചന്ദ്രന്മാരും ദൈവത്തെ സ്തുതിക്കുന്നു (സങ്കീ. 148:2–3). ദൈവം മാലാഖമാരെ ആദ്യദിവസം തന്നെ സൃഷ്ടിച്ചതായി ഹാനോക്കിന്റെ പുസ്തകത്തിൽ കാണുന്നു (2 ഹാനോക്ക് 29:1, 3). മാലാഖമാർ അമർത്യരാണ്. അവർ വിവാഹം കഴിക്കുന്നില്ല (1 ഹാനോക്ക് 15:4–7). അവർക്കു പ്രത്യേകം പേരുകൾ ഉണ്ടായിരുന്നു. തൂബിദിന്റെ പുസ്തകത്തിൽ റാഫേൽ മാലാഖയുടെ പങ്കു കാണാം (3:17). പുതിയ നിയമത്തിൽ ഗബ്രിയേൽ (ലൂക്കോ. 1:19, 26), മീഖായേൽ (യൂദാ 9, വെളി. 12:7) എന്നീ മാലാഖമാരെക്കുറിച്ച് പരാമർശമുണ്ട്. മാലാഖമാർ ഏഴു പേർ ഉണ്ട്. 'വിശുദ്ധരുടെ പ്രാർത്ഥനകൾ സമർപ്പിക്കുകയും പരിശുദ്ധനായവന്റെ മഹത്വത്തിന്റെ സന്നിധിയിൽ പ്രവേശിക്കുകയും ചെയ്യുന്ന ഏഴു വിശുദ്ധന്മാരിൽ ഒരുവൻ' (തോബി. 12:21, 12:1). മീഖായേൽ കഴിഞ്ഞാൽ ഗബ്രിയേലിനാണ് സ്ഥാനം.

### മാലാഖമാരുടെ ബാഹ്യരൂപം

സാറാഫ് മാലാഖയ്ക്ക് ആറു ചിറകുകൾ ഉണ്ട്. 'സാറാഫുകൾ അവനു ചുറ്റും നിന്നു. ഓരോരുത്തനു ആറാറു ചിറകുണ്ടായിരുന്നു. രണ്ടു കൊണ്ട് അവർ മുഖം മൂടി. രണ്ടു കൊണ്ട് കാൽ മൂടി. രണ്ടു കൊണ്ട് പറന്നു' (ഏശാ. 6:2). ദാനിയേലിൽ കൂടുതൽ വിവരങ്ങൾ കാണുന്നു. 'തല പൊക്കി' നോക്കിയപ്പോൾ, ശണവസ്ത്രം ധരിച്ചും അരെക്കു ഊഫാസ് തങ്കം കൊണ്ടുള്ള കച്ചകെട്ടിയും ഇരിക്കുന്ന ഒരു പുരുഷനെ കണ്ടു. അവന്റെ ദേഹം ഗോമേദകം പോലെയും മുഖം മിന്നൽപ്രകാശം പോലെയും കണ്ണ് തീപ്പന്തം പോലെയും അവന്റെ വാക്കുകളുടെ ശബ്ദം ഒരു പുരുഷാരത്തിന്റെ ആരവം പോലെയും ആയിരുന്നു (ദാനി. 10:5–6).

### മാലാഖമാരുടെ ദൗത്യം

1. ദൈവത്തെ സ്തുതിക്കുകയെന്നത് അവരുടെ പ്രധാന കർത്തവ്യം (1 ഹാനോക്ക് 39:12–13).
2. നീതിമാന്മാരുടെ പ്രാർത്ഥന ദൈവ സിംഹാസനത്തിന് മുമ്പാകെ കൊണ്ടുവരുന്നു (തോബി. 12:12).

ദൈവത്തിന്റെ സന്ദേശം അവർ മനുഷ്യരെ അറിയിക്കുന്നു (സെക്ക. 1:8).

# ഗ്രന്ഥസൂചി


1. P. R. Ackroyd, Israel under Babylon and Persia, London.
2. P. R. Ackroyd, The People of the Old Testament, London.
3. B. W. Anderson, Understanding the Old Testament, New Jersy.
4. G. W. Anderson, Studies in Theology: A critical introduction to the Old Testament, London.
5. G. W. Anderson, 'Hebrew Religion',The Old Testament and Modern Study, London.
6. G. W. Anderson, Tradition and Interpretation, Oxford.
7. A. B. Davidson, The Theology of the Old Testament, Edinburgh.
8. Alfred Edersheim, Sketches of Jewish Social Life, Oxford.
9. George Forher, An introduction to the Old Testament, London.
10. Donald E. Gowan, Eschatology in the Old Testament, Philadelphia.
11. Edmond Jacob, Theology of the Old Testament, London.
12. Gerhard von Rad, Old Testament Theology Vol.1 & II, London.
13. D. S. Russel, Between the Testaments, London.
14. Wener H. Schmidt, Old Testament Introduction, Bombay.
15. J. Soggins, A History of Ancient Israel, Philadelphia.
16. C. S. Thoburn, Old Testament Introduction, Madras.
17. D. W. Thomas (ed), Documents from Old Testament Times, New York.
18. Walter Zimmerly, Old Testament Theology in outline, Edinburgh.
19. New Jerome Biblical Commentary.
20. Interpreter's Dictionary of the Bible.
21. Harper's Bible Dictionary.
22. വേദപുസ്തകഭാഷ്യം.
23. സെബാസ്റ്റ്യൻ കുറ്റിയാനിക്കൽ, *ജൂഡെയിസം: ചരിത്രവും ജീവിതവും*, കൊച്ചി, 2017.